
SGOU
Higher
Education
for All

# കേരളചരിത്രം: ആധുനികം

## Course Code: SGB24HS212MI

Minor Course
Malayalam Language and Literature (Honours)
Self Learning Material


SGOU

വിദ്യകൊണ്ട് സ്വതന്ത്രരാവുക
SREENARAYANAGURU
OPEN UNIVERSITY

**SREENARAYANAGURU OPEN UNIVERSITY**

The State University for Education, Training and Research in Blended Format, Kerala

## Vision

To increase access of potential learners of all categories to higher education, research and training, and ensure equity through delivery of high quality processes and outcomes fostering inclusive educational empowerment for social advancement.

## Mission

To be benchmarked as a model for conservation and dissemination of knowledge and skill on blended and virtual mode in education, training and research for normal, continuing, and adult learners.

## Pathway

Access and Quality define Equity.

SGOU

# കേരളചരിത്രം: ആധുനികം

Course Code: SGB24HS212MI

Semester - V

## Four Year Undergraduate Programme
## Malayalam Language and Literature (Honours)
## Minor Course
## Self Learning Material

SGOU

SREENARAYANAGURU
OPEN UNIVERSITY

**SREENARAYANAGURU OPEN UNIVERSITY**

The State University for Education, Training and Research in Blended Format, Kerala

SREENARAYANAGURU
OPEN UNIVERSITY

# കേരളചരിത്രം: ആധുനികം

Course Code: SGB24HS212MI
Semester- V
Minor Course
BA Malayalam Language and Literature (Honours)


### Academic Committee

Prof. (Dr.) Thomas Thamarassery
Dr. Indusree S. R.
Dr. Lekshmi V. S.
Dr. Vidhya D. R.
Dr. Athman A. V.
Chayam Dharmarajan
Dr. S. Nazeeb
Dr. Aju K. Narayanan
Dr. Baburajan K.
Dr. Suja S.
Dr. S. Sudarsana Babu
Dr. S. Ajayakumar
Dr. Vijaya V.A.
Dr. Sudha Mary Thomas



### Development of the Content

Dr. Leja V.R.,
Prof. Reghunathan Pillai,
Prof. (Dr.) Thomas Thamarassery

### Review and Edit

Prof. (Dr.) Thomas Thamarassery

### Linguistics

Prof. (Dr.) Thomas Thamarassery

### Scrutiny

Dr. Deepam S.
Dr. Muraleedharan K.V.
Dr. Lathika A.C.
Dr. Thara S.S.
Dr. Aswani A.P.
Dr. Deepthi V.S.

### Cover Design

Jobin J.

### Co-ordination

**Director (IC), MDDC :**
Dr. Sajeevkumar G.
**Coordinator, Development:**
Dr. Anfal M.


SGOU

Scan this QR Code for reading the SLM on a digital device.

**Second Edition**
June 2026

**Copyright**
© Sreenarayanaguru Open University

ISBN 978-81-687084-5-7

9 788168 708457

All rights reserved. No part of this work may be reproduced in any form, by mimeograph or any other means, without permission in writing from Sreenarayanaguru Open University. Printed and published on behalf of Sreenarayanaguru Open University
by Registrar, SGOU, Kollam.
www.sgou.ac.in

YouTube

Visit and Subscribe our Social Media Platforms

# MESSAGE FROM VICE CHANCELLOR

Dear Learner,

It is with great pleasure that I welcome you to the Four Year UG Malayalam Language and Literature Programme offered by Sreenarayanaguru Open University.

Established in September 2020, our university aims to provide high-quality higher education through open and distance learning. Our guiding principle, 'access and quality define equity', shapes our approach to education. We are committed to maintaining the highest standards in our academic offerings.

Our university proudly bears the name of Sreenarayanaguru, a prominent Renaissance thinker of modern India. His philosophy of social reform and educational empowerment serves as a constant reminder of our dedication to excellence in all our academic pursuits.

The Four Year UG Malayalam Language and Literature Programme covers all relevant areas aligned with Malayalam language and literary studies. We have incorporated the latest trends in Malayalam studies to ensure a comprehensive and up-to-date curriculum. Moreover, the programme encompasses flexible options for learners to choose from a range of Ability Enhancement Courses, Multi-disciplinary Courses, Value Added Courses, and Skill Enhancement Courses, complemented by discipline-oriented Advanced and Additional Advanced Courses.

Our teaching methodology combines three key elements: Self Learning Material, Classroom Counselling, and Virtual modes. This blended approach aims to provide a rich and engaging learning experience, overcoming the limitations often associated with distance education. We are confident that this programme will enhance your understanding of Malayalam language and literature, preparing you for various career paths and further academic pursuits.

Our learner support services are always available to address any concerns you may have during your time with us. We encourage you to reach out with any questions or feedback regarding the programme.
We wish you success in your academic journey with Sreenarayanaguru Open University.

Best regards,

Dr. Jagathy Raj V.P.
Vice Chancellor

01-06-2026

SGOU

## Contents


| | | |
|---|---|---|
| **Block - 01** | **രണ്ടാംചേരസാമ്രാജ്യത്തിന്റെ പതനം** | **1** |
| | രണ്ടാം ചേരസാമ്രാജ്യത്തിന്റെ പതനം | 2 |
| **Block - 02** | **വൈദേശികാധിനിവേശം** | **35** |
| | വൈദേശികാധിനിവേശം | 36 |
| **Block - 03** | **വൈദേശികാധിപത്യത്തിനെതിരെ** | **60** |
| | വൈദേശികാധിപത്യത്തിനെതിരെ | 61 |
| **Block - 04** | **പാശ്ചാത്യ സാംസ്കാരിക നവോത്ഥാനം കേരളത്തിൽ** | **77** |
| | മിഷണറിമാർ, നവോത്ഥാനനായകർ | 78 |
| **Block - 05** | **സാമൂഹികപരിഷ്കർത്താക്കൾ, പ്രസ്ഥാനങ്ങൾ, സമരങ്ങൾ** | **93** |
| | പരിഷ്കരണപ്രസ്ഥാനങ്ങൾ, സമരങ്ങൾ | 94 |
| **Block - 06** | **ആധുനിക കേരളത്തിന്റെ സൃഷ്ടി** | **114** |
| | ആധുനിക കേരളത്തിന്റെ സൃഷ്ടി | 115 |
| Model Question Paper Sets | | 150 |


SGOU

BLOCK - 01

# രണ്ടാം ചേരസാമ്രാജ്യത്തിന്റെ പതനം

SGOU

# രണ്ടാം ചേരസാമ്രാജ്യത്തിന്റെ പതനം

## Learning Outcomes

- കുലശേഖരരാജാക്കന്മാരുടെ തകർച്ചക്കുശേഷമുണ്ടായ കേരളത്തിന്റെ ചരിത്രം വിശകലനം ചെയ്യുന്നു
- സ്വരൂപങ്ങളുടെ ആവിർഭാവവും വളർച്ചയും പഠനവിധേയമാക്കുന്നു
- കേരളത്തിലെ ആദ്യകാല വിദേശബന്ധങ്ങളെപ്പറ്റി മനസ്സിലാക്കുന്നു
- കേരളത്തിൽ നിലനിന്നിരുന്ന ജാതിവ്യവസ്ഥയെക്കുറിച്ചും ജന്മിസമ്പ്രദായത്തെക്കുറിച്ചും അറിവ് നേടുന്നു

## Prerequisite

രണ്ടാം ചേരസാമ്രാജ്യത്തിന്റെ അധഃപതനത്തിനുശേഷമാണ് കേരളത്തിൽ സ്വരൂപങ്ങൾ വളർന്നുവന്നത്. ചേരരാജ്യത്തിനുകീഴിൽ നാടുകളും നാടുവാഴികളും ഉണ്ടായിരുന്നു. വേണാട്, പുറകിഴാനാട്, കുറുമ്പ്രനാട് മുതലായ ചില നാടുവാഴികൾക്ക് പിന്തുടർച്ചാവകാശക്രമം ഉണ്ടായിരുന്നതായി ചരിത്രരേഖകളിൽനിന്നും മനസ്സിലാക്കാം. മധ്യകാല നാടുവാഴി സ്വരൂപങ്ങൾ വളർന്നുവരുന്നത് 13-ാംനൂറ്റാണ്ടുമുതലാണ്. കുലശേഖര കാലഘട്ടത്തിൽ ഉണ്ടായിരുന്ന പല നാടുകളും നാടുവാഴികളും (നെടുംപുറൈനാട്, മുഞ്ഞുനാട്, കാൽക്കരനാട്, നന്റുഴനാട് തുടങ്ങിയവ) പിന്നീട് അപ്രത്യക്ഷമായി. രാജവാഴ്ചയുടെയും ഭരണകൂടത്തിന്റെയും രൂപങ്ങളായി സ്വരൂപങ്ങൾ മാറുന്ന കാഴ്ചയും ധാരാളമുണ്ടായി. വേണാട്, പെരുമ്പടപ്പ് സ്വരൂപം തുടങ്ങിയവയ്ക്ക് അത്തരത്തിലുള്ള ചില സവിശേഷതകൾ ഉണ്ട്. മുറപ്രകാരമുള്ള മൂപ്പുവാഴ്ചയായിരുന്നു സ്വരൂപങ്ങളുടെ അധികാരം നിർണ്ണയിക്കാനുള്ള മുഖ്യഘടകം. മൂപ്പുവാഴുന്നത് താവഴിയിലേ ഏറ്റവും മുതിർന്ന പുരുഷനാണ്. ഇതൊരിക്കലും തെറ്റിച്ചിരുന്നില്ലെന്ന് കോഴിക്കോടിന്റെയും വേണാടിന്റെയും രേഖകൾ പരിശോധിച്ചാലറിയാം. മൂപ്പു വാഴുന്ന ആൾ ക്ഷത്രിയനാകും. രാജാധികാരത്തിനുള്ള അവകാശം അയാൾക്ക് ലഭിയ്ക്കുന്നു.

ബ്രാഹ്മണാംഗീകാരത്തോടെ മുറക്രമങ്ങളെ ആധാരമാക്കിയുള്ള ഭരണസംവിധാനമാണ് സ്വരൂപങ്ങളിലൂടെ വളർന്നുവന്നത്. ഇങ്ങനെയുള്ള ഭരണക്രമം പല നാടുവാഴികളും ആഗ്രഹിച്ചതിനെത്തുടർന്ന് മധ്യകാലത്ത് കേരളത്തിൽ നിരവധി സ്വരൂപങ്ങൾ ഉയർന്നുവന്നു. ഇടസ്വരൂപം, നിലമ്പൂർ സ്വരൂപം, തരൂർ സ്വരൂപം, കൊല്ലങ്കോട്ട സ്വരൂപം എന്നിവ അവയിൽ ചിലതാണ്. കവളപ്പാറ പോലെയുള്ള ചില കുടുംബങ്ങളും സ്വരൂപങ്ങളായി മാറാനുള്ള ശ്രമം നടത്തിയിരുന്നു. ഇത് കാണിക്കുന്നത് ഇവയെല്ലാം സാധാരണ താവഴിക്രമങ്ങളിൽനിന്ന് സ്ഥാനമാനങ്ങളുടെ അടിസ്ഥാനത്തിലുള്ള പുതിയ അധികാരരൂപങ്ങളിലേയ്ക്ക് മാറുന്നതായാണ്.

മഹോദയപുരം തലസ്ഥാനമാക്കി ഭരണം നടത്തിയിരുന്ന പെരുമാക്കന്മാരുടെ കേന്ദ്രീ

SGOU

കൃതമായ ഭരണസമ്പ്രദായം പന്ത്രണ്ടാംനൂറ്റാണ്ടിന്റെ ആരംഭത്തോടെ തകരുകയും, വികേന്ദ്രീകൃതമായ അധികാരഘടനകളായ സ്വരൂപങ്ങളുടെയും നാടുവാഴികളുടെയും വളർച്ചയ്ക്ക് തുടക്കം കുറിക്കുകയും ചെയ്തു. നാടുകളും നാടുവാഴികളും പെരുമാൾ കാലഘട്ടത്തിൽ നിലനിന്നിരുന്നുവെങ്കിലും അവ സ്വയംഭരണ പ്രദേശങ്ങളായിത്തീർന്നത് പെരുമാൾ കാലഘട്ടത്തിന് ശേഷം മാത്രമാണ്. സ്വരൂപങ്ങളുടെയും നാടുവാഴികളുടെയും ആധിപത്യം കേരളത്തിൽ ദീർഘകാലം നിലനിൽക്കുകയും, അവ കേരളത്തിന്റെ സാമൂഹിക സാമ്പത്തിക സാംസ്കാരിക മണ്ഡലങ്ങളിൽ മൗലികമായ മാറ്റങ്ങൾക്ക് വഴിയൊരുക്കുകയും ചെയ്തു.

ആദ്യകാലങ്ങളിൽ, ഓരോ നാടുവാഴിയും അറിയപ്പെട്ടത് അവരുൾക്കൊള്ളുന്ന കൂട്ടുകുടുംബം നിലനിന്ന പ്രദേശത്തിന്റെ പേരിലായിരുന്നു. സ്വരൂപം എന്ന പേരിലാണ് ആ പ്രദേശങ്ങൾ വിളിക്കപ്പെട്ടിരുന്നത്. ഓരോ പ്രദേശത്തിന്റെയും അധികാരം അവിടങ്ങളിലെ സ്വരൂപങ്ങൾക്കായിരുന്നു. മധ്യകാലകേരളത്തിൽ ഇത്തരം നിരവധി സ്വരൂപങ്ങൾ ഉയർന്നുവന്നിരുന്നു. ചില സ്വരൂപങ്ങൾ പിന്നീട് നാടുവാഴികളായി മാറി. വേണാട്, നെടിയിരുപ്പ്(കോഴിക്കോട്), പെരുമ്പടപ്പ് (കൊച്ചി), കോലത്തിരി(ചിറയ്ക്കൽ), പോർളാതിരി(കടത്തനാട്), തരൂർ (പാലക്കാട്), ആരങ്ങാട്, തൃപ്പാപ്പൂർ, പുറനാട്ടുകര തുടങ്ങിയവയും മധ്യകാല കേരളത്തിലെ പ്രധാനപ്പെട്ട സ്വരൂപങ്ങളായിരുന്നു. എല്ലാ സ്വരൂപങ്ങളും കൂട്ടുകുടുംബങ്ങൾ ആയിരുന്നു. മരുമക്കത്തായ സമ്പ്രദായമാണ് അവർ പിന്തുടർന്നിരുന്നത്. സ്വരൂപങ്ങളിൽ നിലനിന്നിരുന്നത് 'കുറുവാഴ്ച' വ്യവസ്ഥയായിരുന്നു. ആ വ്യവസ്ഥപ്രകാരം, കൂട്ടുകുടുംബത്തിലെ ഏറ്റവും പ്രായം ചെന്ന വ്യക്തി അഥവാ 'മൂത്തകൂർ' സ്വരൂപത്തിന്റെ ഭരണാധികാരിയായി. മറ്റുള്ളവർ 'ഇളംകൂർ' എന്നറിയപ്പെട്ടു. നിലവിലുള്ള ഭരണാധികാരി അന്തരിച്ചാൽ ഇളംകൂറുകാരിലെ മൂത്തയാൾ ഭരണാധികാരിയാകും. ഇളംകൂറുകാർക്കിടയിൽ പദവികളുടെ ഏറ്റക്കുറച്ചിലുകളുടെ അടിസ്ഥാനത്തിൽ പ്രത്യേക അവകാശങ്ങളും അധികാരങ്ങളും ഉണ്ടായിരിക്കും. പദവികളുടെ ഏറ്റക്കുറച്ചിലുകളുടെ അടിസ്ഥാനത്തിലാണ് ഭരണകുടുംബങ്ങൾ 'കോവിലകങ്ങൾ' ആയി വിഭജിക്കപ്പെടുന്നത്. ഈ അടിസ്ഥാനത്തിലാണ് സാമൂതിരികുടുംബം 'കിഴക്കേ കോവിലകം', 'പടിഞ്ഞാറേ കോവിലകം' എന്നിങ്ങനെ വിഭജിച്ചിരുന്നത്. മധ്യകാല കേരളത്തിലെ ചില സ്വരൂപങ്ങൾ കാലക്രമേണ കൂടുതൽ ശക്തമായി തീരുകയും, അവിടത്തെ ഭരണാധികാരികൾ നാടുവാഴികളായി മാറുകയും ചെയ്തു.

എ. ഡി. 1102 - ൽ കുലശേഖരസാമ്രാജ്യത്തിന്റെ പതനത്തോടെ കേരളത്തിൽ കേന്ദ്രീകൃതമായ ഭരണസംവിധാനം തകരുകയും രാഷ്ട്രീയ ഐക്യം നഷ്ടപ്പെടുകയും ചെയ്തു. തിരുവിതാംകോട് സ്വരൂപം, വേണാട് സ്വരൂപം, തൃപ്പാപ്പൂർ സ്വരൂപം, ചിറവാ സ്വരൂപം, ദേശിങ്ങനാട് സ്വരൂപം എന്നിങ്ങനെ വ്യത്യസ്ത പേരുകളിൽ അറിയപ്പെട്ടതാണ് വേണാട്ടു രാജവംശം. 1253 മുതൽ 1299 വരെയുള്ള വേണാടിന്റെ ചരിത്രം വ്യക്തമല്ല. ഈ കാലത്തിനു ശേഷം പാണ്ഡ്യർ വേണാടിനെ ആക്രമിച്ചതായും കൊല്ലം പിടിച്ചെടുത്തതായും ചില രേഖകളിലുണ്ട്. കുലശേഖര സാമ്രാജ്യത്തിന്റെ പതനത്തെ തുടർന്ന് സ്വതന്ത്രപദവിയിൽ എത്തിയ രാജവംശമാണ് കൊച്ചി രാജവംശം അഥവാ പെരുമ്പടപ്പു സ്വരൂപം. പോർച്ചുഗീസുകാരുടെ ആഗമനത്തിനു മുൻപുള്ള കൊച്ചിയുടെ ചരിത്രം വ്യക്തമല്ല. ചില സാഹിത്യകൃതികളും ശാസനങ്ങളും മാത്രമാണ് ചരിത്രത്തിന് ആധാരം. കോഴിക്കോട്വാണ സാമൂതിരിമാർ ഭരണനൈപുണ്യത്തിലും സാംസ്കാരികപാരമ്പര്യത്തിലും അനുഗ്രഹീതരായിരുന്നു. കോഴിക്കോട് പതിനാലാം ശതകം മുതൽ കേരളത്തിലെ മികച്ച തുറമുഖമായും മാറി. കുരുമുളക്, ഏലം, തുണിത്തരങ്ങൾ എന്നിവ ഇവിടെ നിന്നും കയറ്റുമതി ചെയ്തു പോന്നു.

SGOU

കേരളത്തിലെ ഏക മുസ്ലീം രാജവംശമാണ് അറയ്ക്കൽ സ്വരൂപം. അറയ്ക്കലിന്റെ ആദ്യ ആസ്ഥാനം 'ധർമ്മടം' എന്ന ധർമ്മപട്ടണത്തിലായിരുന്നു. പിന്നീടാണത് കണ്ണൂരിലേക്കു മാറ്റുന്നത് അറയ്ക്കൽ രാജവംശത്തിൽ ഭരണാധികാരിയാകുന്ന വ്യക്തി ആണാണെങ്കിൽ 'അലിരാജ' എന്നും സ്ത്രീയാണെങ്കിൽ അറയ്ക്കൽ ബീവി എന്നുമാണറിയപ്പെടുക. ഇവർ മരുമക്കത്തായികളായിരുന്നു. കൊച്ചിരാജ്യത്തെ പ്രധാനമന്ത്രിമാരായിരുന്നു പാലിയത്തച്ഛന്മാർ. ഡച്ചുകാരുടെ ആധിപത്യം ശക്തമായ കാലത്ത് പാലിയത്തച്ചനുണ്ടായിരുന്ന സ്വാധീനവും പ്രമാണ്യവും വളരെ വലുതായിരുന്നു. കേണൽ മെക്കാളെയുടെ ബംഗ്ലാവ് ആക്രമണവുമായി ബന്ധപ്പെട്ട് പാലിയത്തച്ഛനെ നാടുകടത്തിയതോടെ അവരുടെ മന്ത്രിപദവും അവസാനിച്ചു. 1949-ൽ രാമവർമ്മ പരീക്ഷിത്തു തമ്പുരാൻ തിരുവിതാംകൂറുമായുള്ള സംയോജനത്തെ അനുകൂലിച്ചതിന്റെ ഫലമായി തിരുകൊച്ചി സംസ്ഥാനം നിലവിൽ വന്നു.

റോമൻ സഞ്ചാരികൾ, അറബി സഞ്ചാരികൾ, ചൈനീസ് സഞ്ചാരികൾ, യൂറോപ്യൻ സഞ്ചാരികൾ, പുരോഹിതന്മാർ, സ്ഥാനപതികൾ എന്നിവർ എഴുതിയിട്ടുള്ള വിവരണങ്ങളിൽ നിന്ന് കേരളത്തിന്റെ അക്കാലത്തെ കച്ചവടബന്ധങ്ങളെപ്പറ്റി അറിവു ലഭിക്കുന്നു. എ. ഡി 1-ാം നൂറ്റാണ്ടുമുതലുള്ള കേരളചരിത്രത്തിന്റെ ചില ഏടുകൾ സ്രാബോ, പ്ലിനി, ടോളമി എന്നിവരുടെ ഗ്രന്ഥങ്ങളിൽ നിന്നും ലഭിക്കുന്നതാണ്. സ്ട്രോബോയുടെ 'ജ്യോഗ്രഫി' (എ. ഡി. 21) യിൽ റോമാസാമ്രാജ്യത്തിന്റെ പൗരസ്ത്യവ്യാപാരത്തെ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. അക്കാലത്തെ പൗരസ്ത്യവ്യാപാരത്തിന്റെ പ്രധാന ആസ്ഥാനം കേരളക്കരയായിരുന്നു. എ. ഡി. 77-ൽ എഴുതിയ പ്ലിനിയുടെ 'നാചറൽ ഹിസ്റ്ററി' യിൽ കേരളക്കരയിലെ മുസിരിസ്സ് തുറമുഖം പൗരസ്ത്യവ്യാപാരത്തിന്റെ സിരാകേന്ദ്രമായിരുന്നുവെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പ്ലിനി പരാമർശിച്ചിട്ടുള്ള മറ്റൊരു തുറമുഖം പുറക്കാടാണ്. കേരളത്തിന്റെ പ്രധാന കയറ്റുമതി ഇനം കുരുമുളകായിരുന്നു. ഒന്നാം നൂറ്റാണ്ടിലെ കേരളത്തിലെ ഇറക്കുമതി കയറ്റുമതിയെപ്പറ്റി കുറച്ചുകൂടി വിപുലമായ വിവരണം എ. ഡി 30-ലെ 'പെരിപ്ലസ് ഓഫ് ദി ഏരിത്രിയൻ സി' എന്ന ഗ്രന്ഥത്തിലുണ്ട്. കൂടാതെ കേരളതീരത്തുള്ള പ്രധാന തുറമുഖങ്ങളുടെ വിവരണങ്ങളും ഈ ഗ്രന്ഥത്തിൽ അടങ്ങിയിരിക്കുന്നു. കേരളരാജാവിനെ 'കേരബത്രോസ്' എന്നും രാജ്യത്തെ 'ലിമുരികേ' എന്നുമാണ് പെരിപ്ലസ്സുകാരൻ വിളിക്കുന്നത്. കേരളത്തിലെ വ്യാപാരകേന്ദ്രങ്ങളുടെ വിസ്തരിച്ചുള്ള പട്ടികയാണ് ടോളമി ജ്യോഗ്രഫി (എ. ഡി. 125)യിൽ നല്കിയിരിക്കുന്നത്. വലിയ പട്ടണം, മാൻഗോറ, തിണ്ടിസ്, മുസിരിസ്സ്, കൊട്ടിയാറ്, കൊമരിയ എന്നീ തുറമുഖങ്ങൾ പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. കോസ്മോസ് ഇന്റിക്കോ പ്ലീത്തുസ് എന്ന സഞ്ചാരി എ.ഡി. 525- ൽ കേരളക്കരയിൽ സഞ്ചരിച്ചതായി രേഖകളുണ്ട്. പർത്തി, മംഗാരുത്ത, ഡാലോ പട്ടണം, പുതുപ്പട്ടണം എന്നീ കേന്ദ്രങ്ങളിൽ നിന്നും കുരുമുളക് കയറ്റി അയച്ചതായി അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നു.

മധ്യകാല കേരളത്തിലെ സവിശേഷമായ ഒരു സാമൂഹികഘടനയായിരുന്നു ജന്മിത്തം. ജന്മം മുഴുവൻ ആ അവകാശം വച്ചുപുലർത്തുന്ന ഒരു ഘട്ടമുണ്ടായിരുന്നു. ആ ജന്മാവകാശത്തിൽ നിന്നാണു ജന്മിയുടെ ഉത്ഭവം. ബ്രാഹ്മണർക്ക് ഭൂമി ദാനം ചെയ്യാനാരംഭിച്ച ഏർപ്പാടിൽ നിന്നാണ് ജന്മഭൂമികളുടെ തുടക്കം. ഭൂമിദാനം ചെയ്യപ്പെട്ടവനുപുറമേ അയാളുടെ സന്തതി പരമ്പരകൾക്കും ഭൂമിയുടെ അധികാരം ലഭിച്ചിരുന്നു. ജന്മിസമ്പ്രദായത്തിന്റെ കാരണമായി ഇളംകുളം സൂചിപ്പിക്കുന്നത് ഒരു നൂറ്റാണ്ടോളം ഇവിടെത്തുടർന്നതും, നൂറ്റാണ്ടുയുദ്ധമെന്ന പേരിലറിയപ്പെട്ടതുമായ ചേരചോളാക്രമണങ്ങളെയാണ്. കൊല്ലവർഷം ആദിശതകങ്ങളിലെ പ്രബലശക്തിയായ കുലശേഖരന്മാരും ചോളരാജാക്കന്മാരും തമ്മിലുണ്ടായ ആക്രമണ പ്രത്യാക്രമണങ്ങളിൽ അബ്രാഹ്മണരായ ജനങ്ങൾ യുദ്ധത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. അവർക്ക് ക്ഷേ

SGOU

ത്രഭരണങ്ങളിൽ താല്പര്യവും കുറഞ്ഞു. ഇതോടെ ക്ഷേത്രങ്ങളുടെ ഊരാളന്മാരായ നമ്പൂതിരിമാർ ക്ഷേത്രസ്വത്തുക്കളും ക്ഷേത്രസംഭാവനകളും ആദായങ്ങളുമെല്ലാം കയ്യടക്കി.

ബ്രാഹ്മണഗ്രാമങ്ങളുടെ വളർച്ചയ്ക്കുശേഷമാണ് ജന്മിസമ്പ്രദായം ഉത്ഭവിച്ചത് എന്നൊരു വാദവുമുണ്ട്. പുതിയ ക്ഷേത്രങ്ങൾ പണിയുമ്പോൾ അവിടുത്തെ ഊരാളന്മാരായി നിയോഗിച്ചിരുന്നത് പ്രാചീന ബ്രാഹ്മണഗ്രാമങ്ങളിലെ ബ്രാഹ്മണരെയാണ്. അങ്ങനെ ഭൂമിയുടെ സിംഹഭാഗവും ക്ഷേത്രങ്ങൾ, നാടുവാഴികൾ, ബ്രാഹ്മണർ എന്നിവരുടെ കയ്യിലായി. ക്ഷേത്രച്ചെലവുകൾക്കുള്ളത് സ്വന്തം ഉപഭോഗത്തിനായി ഇവർ ഉപയോഗിച്ചുതുടങ്ങി. കാരാളന്മാരെ ചൂഷണം ചെയ്യുകയും അതിനു വിധേയരാകാത്തവരെ ഒഴിപ്പിക്കുകയും ചെയ്യുന്ന നടപടിയെ നിയന്ത്രിക്കാനായിരിക്കണം 'മൂഴിക്കുളം കച്ചം' ഏർപ്പെടുത്തിയത്. എല്ലാ ക്ഷേത്രങ്ങളുടെയും പ്രതിനിധികൾ കോവിലധികാരികളുടെ നേതൃത്വത്തിൽ എറണാകുളം പറവൂരിനടുത്തുള്ള മൂഴിക്കുളത്ത് യോഗം ചേർന്ന് അംഗീകരിച്ച നിയമാവലിയാണ് മൂഴിക്കുളം കച്ചം. ക്ഷേത്രനടത്തിപ്പ് സംബന്ധമായി ചെയ്തിട്ടുള്ള വ്യവസ്ഥകൾ കർശനമായി പാലിക്കണം, കാരാളന്മാരെ ഒഴിപ്പിച്ച് കൂടുതൽ പാട്ടം ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കരുത് എന്നിവയാണ് ഇതിലെ പ്രധാന വ്യവസ്ഥകൾ. നാടുവാഴിക്ക് പലവിധ വരുമാനങ്ങൾ കിട്ടിയിരുന്നതായി മലബാർ മാന്വലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കയറ്റുമതിയ്ക്കും ഇറക്കുമതിയ്ക്കുമുള്ള തീരുവ, ഗതാഗത നികുതി, സ്വത്തിന്റെ അവകാശി മരിക്കുമ്പോൾ അനന്താരാവകാശി ചുമതല ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് നൽകുന്ന പുരുഷാന്തരം എന്ന നികുതി, അനന്തരാവകാശികളില്ലെങ്കിൽ സ്വത്തുവകകൾ നാടുവാഴിയിൽ നിക്ഷിപ്തമാകുന്നത് (അറ്റാലടക്കം) എന്നിവ കൂടാതെ വിവാഹം, മരണം. പ്രസവം, ഗൃഹപ്രവേശം എന്നിവയ്ക്കെല്ലാം 'കാഴ്ചകച്ചം' ഉണ്ടായിരുന്നു.

ജന്മിത്തത്തെ നിയന്ത്രിക്കാനുള്ള സർക്കാരിന്റെ ആദ്യത്തെ ശ്രമം 1896– ലെ ജന്മി കുടിയാൻ റഗുലേഷനായിരുന്നു. എന്നാലിത് അസംഘടിതരായ ജന്മിമാരുടെ അവകാശങ്ങളെ അംഗീകരിക്കുകയായിരുന്നു. 1933-ലെ ജന്മികുടിയാൻ റഗുലേഷൻ 12-ാം ഭേദഗതിയനുസരിച്ച് ജന്മിക്കരം കൊടുക്കണമെന്ന വ്യവസ്ഥയോടെ കുടിയാന്മാർക്ക് അവരുടെ കൈവശമുള്ള ഭൂമിയുടെ ഉടമ സ്ഥാവകാശം സ്ഥാപിച്ചുകിട്ടി. 1963– ലെ ഭൂപരിധി നിർണ്ണയത്തോടെ മിച്ചഭൂമി സർക്കാർ ഏറ്റെടുത്തുവീതിച്ചുകൊടുക്കുക എന്ന ആശയം നടപ്പിലാകുകയും ജന്മിസമ്പ്രദായം ചരിത്രത്തിലെ അടഞ്ഞ അധ്യായമായി മാറുകയും ചെയ്തു.

SGOU

## Key Themes

സ്വരൂപങ്ങൾ - വേണാട് - പെരുമ്പടപ്പ് - നെടിയിരിപ്പ് - കോലത്തുനാട് - വൈദേശിക സഞ്ചാരികൾ - ജന്മിസമ്പ്രദായം - മരുമക്കത്തായം - മാമാങ്കം - ചാവേർ - രേവതി പട്ടത്താനം - കടവല്ലൂർ അന്യോന്യം - ശുചീന്ദ്രം കൈമുക്ക് - ഫണികുംഭപരീക്ഷ - തൃപ്പടിദാനം

## Discussion

### 1.1.1 പ്രബലകോയ്മകളുടെ ആവിർഭാവം

കുറേ ഊരുകൾ അഥവാ അധിവാസകേന്ദ്രങ്ങളായ ഗ്രാമങ്ങൾ ചേർന്നതാണ് നാട്. കുറേ നാടുകൾ കൂടിച്ചേരുമ്പോൾ രാജ്യം രൂപം കൊള്ളുന്നു. ഊരുകളുടെ രക്ഷയും ശിക്ഷയും നടത്താൻ അധികാരം നേടിയെടുക്കുന്ന നാട്ടുടയവരാണ് നാടുവാഴികൾ. വിഭവശേഷിയും സൈനികബലവും കുലമഹിമയും പാരമ്പര്യഅവകാശവും ഒത്തുചേരുമ്പോഴാണ് നാടുവാഴികൾ അധികാരം സ്വന്തമാക്കുന്നത്. നൂറ്റുവർ സംഘങ്ങളുടെ (സൈന്യത്തിന്റെ)സഹായത്തോടെ നാടുവാഴികൾ ഊരുകളിൽ ശിക്ഷയുടെയും രക്ഷയു

ടെയും നടപടികൾ നടത്തുന്നു. കേരളത്തിൽ നാടുവാഴികളുടെ ഉത്ഭവം എങ്ങനെ, എന്നു നടന്നു എന്ന് കൃത്യമായി പറയാൻ കഴിയില്ല. വിഭവസമാഹരണശേഷിയുടെയും അംഗബലത്തിന്റെയും പശ്ചാത്തലത്തിൽ ഉയർന്നുവന്നവരായിരിക്കണം നാടുവാഴികൾ. കേരളത്തിലെ നാടുവാഴികളെക്കുറിച്ചുള്ള ആദ്യത്തെ ലിഖിതപരാമർശം തരിസാപ്പള്ളി ചെപ്പേടിലാണ് ഉള്ളത്. ഈ ചെപ്പേടിൽ വേണാട് ഭരിച്ചിരുന്ന തിരുവടികളായ അയ്യനടികളെക്കുറിച്ച് പരാമർശിക്കുന്നു. എന്നാൽ ഇതിനുമുമ്പും കേരളത്തിൽ നാടുവാഴികൾ ഉണ്ടായിരുന്നു എന്നതിന്റെ തെളിവാണ് ചരിത്രഗ്രന്ഥമായ മൂഷകവംശം കാവ്യം. കേരളത്തിലെ കാർഷികവൃത്തിയുടെ വ്യാപനവുമായി ബന്ധപ്പെട്ടുകൊണ്ടാണ് നാടുകൾ വളർന്നുവന്നത്. പെരുമാൾ കാലഘട്ടത്തിൽ തന്നെ കോലത്തുനാട്, പുറകിഴാനാട്, കുറുമ്പ്രനാട്, രാമവളനാട്, ഏറനാട്, വള്ളുവനാട്, നെടുമ്പുറയൂർനാട്, വെമ്പൊലിനാട്, കീഴ്മലനാട്, നന്റുഴനാട്, വേണാട് എന്നിങ്ങനെയുള്ള പതിനൊന്ന് നാടുകൾ കേരളത്തിൽ ഉണ്ടായിരുന്നു.

പെരുമാൾ വാഴ്ചക്കാലത്ത് രാജാവിന് നൽകേണ്ടിയിരുന്ന വാർഷികനികുതിയായിരുന്ന 'ആടൈക്കോൾ' പിരിച്ചെടുത്തിരുന്നത് അന്നത്തെ നാട്ടുടയവർ ആയിരുന്ന നാടുവാഴികൾ ആണ്. ചേരഭരണത്തിന്റെ തകർച്ചയെത്തുടർന്ന് നാടുവാഴികൾ വിഭവസമാഹരണം സ്വന്തമായി നടത്തുകയും കൂടുതൽ ശക്തിപ്രാപിക്കുകയും ചെയ്തു. അതോടൊപ്പം തന്നെ കാർഷികവ്യവസ്ഥയുടെ വ്യാപനവുമായി ബന്ധപ്പെട്ട് പുതിയ നാടുകൾ ഉയർന്നുവരികയുമുണ്ടായി. കാലക്രമേണ നാടുകളുടെ പരമാധികാരം സ്വരൂപങ്ങളിൽ നിക്ഷിപ്തമായി. വേണാട്, പെരുമ്പടപ്പ്, പോർളാതിരി തുടങ്ങിയ സ്വരൂപങ്ങൾ തമ്മിൽതമ്മിൽ വ്യവസ്ഥ നിലനിർത്താൻ ശ്രമിച്ചു. കോലത്തുനാട്, പെരുമ്പടപ്പ്, ഏറനാട്, വേണാട് എന്നീ സ്വരൂപങ്ങൾ പില്കാലത്ത് പ്രാധാന്യം നേടി. ഇവ പിന്നീട് കോലത്തുനാട്, കൊച്ചി, കോഴിക്കോട്, വേണാട് എന്നീ നാടുകളായി ഉയർന്നു വന്നു.

പെരുമാക്കന്മാരുടെ ചേരരാജ്യത്തിന്റെ അവശിഷ്ടങ്ങളിൽ നിന്നുമാണ് നാടുകൾ വികാസം പ്രാപിച്ചത്. ഓരോ നാടുവാഴിയും സ്വന്തം അധികാരത്തിന്റെ പാരമ്പര്യം അവകാശപ്പെട്ടിരുന്നത് അവസാനത്തെ പെരുമാളിന്റെ കേരള വിഭജനവുമായിട്ടാണ്. ചേരമാൻപെരുമാളിന്റെ ബന്ധത്തിൽപ്പെട്ടവരാണ് തങ്ങളെന്ന് കൊച്ചിയിലെ ഭരണാധികാരികൾ അവകാശപ്പെടുന്നു. വേണാട്ടിലെ ഭരണാധികാരികളാകട്ടെ അവരുടെ വംശസ്ഥാപകനായി ചേരരാജാവായിരുന്ന രാമവർമ്മ കുലശേഖരന്റെ പുത്രനെയാണ് പ്രകീർത്തിക്കുന്നത്. 'ചത്തും കൊന്നും കീഴടക്കുക'എന്ന ഉപദേശത്തോടെ തന്റെ ഉടഞ്ഞ ശംഖും ഒടിഞ്ഞ വാളും നൽകിക്കൊണ്ടാണ് ചേരമാൻ പെരുമാൾ തങ്ങളെ അനുഗ്രഹിച്ചതെന്ന് സാമൂതിരിമാർ അവകാശപ്പെട്ടപ്പോൾ, കോലത്തിരി ചേരന്മാരുടെ ഭരണസമ്പ്രദായങ്ങളെ പവിത്രമായി കരുതി സ്വീകരിക്കുകയാണുണ്ടായത്. പ്രധാനപ്പെട്ട നാടുകൾക്ക് പുറമെ ചെറിയ നാടുകളും കേരളത്തിൽ ഉണ്ടായിരുന്നു. നാടുവാഴി കാലഘട്ടത്തിൽ നാടുവാഴികളുടെയും ബ്രാഹ്മണരുടെയും രാഷ്ട്രീയാധികാരവും സാമ്പത്തിക ശേഷിയും സാമൂഹ്യമേധാവിത്വവും ശക്തിപ്രാപിച്ചു. നാടുവാഴികൾ അധികാരത്തിലെത്തിയത് ബ്രാഹ്മണരുടെ ഉറച്ച പിൻബലത്തിലായിരുന്നു. നാടുകളെത്തമ്മിൽ വേർതിരിയ്ക്കുന്ന ശക്തമായ അതിർത്തിരേഖകൾ ആ കാലത്ത് നിലവിലുണ്ടായിരുന്നില്ല. നാടുവാഴികൾ തമ്മിൽ നടന്നിരുന്ന നിരന്തര സംഘർഷങ്ങൾ അതിർത്തികളെ മാറ്റിമറിച്ചുകൊണ്ടിരുന്നു.

## 1.1.2 സ്വരൂപങ്ങൾ

### 1.1.2.1 വേണാട്

ആധുനികകാലത്ത് തിരുവിതാംകൂർ എന്ന പേരിൽ പ്രസിദ്ധമായിത്തീർന്ന നാട്ടുരാജ്യം മധ്യകാലഘട്ടത്തിൽ വേണാട് എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. മധ്യകാലകേരളത്തിലെ ചില നാടുകളിൽ വിഭവശേഷികൊണ്ടും വിഭവസമാഹരണംകൊണ്ടും മികച്ചുനിന്നത് വേണാട് സ്വരൂപമായിരുന്നു. വികസിതമായ കാർഷികവൃത്തിയും ആഭ്യന്തര വിദേശവാണിജ്യ പ്രവർത്തനങ്ങളും വേണാട് സ്വരൂപത്തെ ഒരു സമ്പന്നപ്രദേശമാക്കി മാറ്റിയെടുത്തു. വേണാട് സ്വരൂപത്തിന്റെ ആദ്യകാല ആസ്ഥാനം കിളിമാനൂരിനടുത്തുള്ള കീഴ്പേരൂർ ആയിരുന്നു. തിരു

SGOU

വനന്തപുരം നഗരത്തിന്റെ വളർച്ചയെത്തുടർന്ന്, ആസ്ഥാനം കീഴ്പേരൂരിൽനിന്നും തിരുവനന്തപുരത്തിനടുത്തുള്ള തൃപ്പാപ്പൂരിലേയ്ക്ക് മാറ്റുകയാണുണ്ടായത്. തുടർന്ന് ചിറവ, ദേശിങ്ങനാട് തുടങ്ങിയ സ്ഥലങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് വേണാട് സ്വരൂപം വികസിച്ചുവന്നതായി മതിലകം ഗ്രന്ഥവരികൾ പ്രസ്താവിക്കുന്നു.

ഒൻപതാം നൂറ്റാണ്ടിന്റെ ആരംഭംവരെ തിരുവനന്തപുരവും അതിനു തെക്കുള്ള പ്രദേശങ്ങളും ആയ്‌രാജ്യത്തിൽ ഉൾപ്പെട്ടിരുന്നു. ആ നൂറ്റാണ്ടിൽ കൊല്ലം ആസ്ഥാനമാക്കി കൊല്ലത്തിനും തിരുവനന്തപുരത്തിനും ഇടയിൽ സ്ഥിതിചെയ്തിരുന്ന ഒരു ചെറുരാജ്യമായിരുന്നു വേണാട്. 12-ാം ശതകത്തിന്റെ ആരംഭത്തിൽ മാത്രമേ വേണാടിന് സ്വതന്ത്ര പദവി കൈവരുന്നുള്ളൂ. അന്ന് വേണാട് രാജവംശം കീഴ്പേരൂരിന്റെ ഒരു ശാഖയായിരുന്നു. ആ നൂറ്റാണ്ടിന്റെ ഉത്തരാർധത്തിൽ തൃപ്പാപ്പൂർ താമസമാക്കിയിരുന്ന ആയ് രാജവംശത്തിന്റെ ഒരു ശാഖയും ആതൻതുരുത്തി ആസ്ഥാനമാക്കിയിരുന്ന മറ്റൊരു ശാഖയും (ചിറവാ) വേണാട് രാജവംശത്തിൽ ലയിച്ചു. ഈ ലയനത്തിനുശേഷം വേണാട്ടിലെ പ്രധാന രാജാവ് 'ചിറവാമൂപ്പൻ'എന്നും യുവരാജാവ് 'തൃപ്പാപ്പൂർ മൂപ്പൻ'എന്നും വിളിക്കപ്പെട്ടു.

വേണാട് സ്വരൂപത്തിലെ ആദ്യകാല ഭരണാധികാരികളെക്കുറിച്ചറിയാൻ വേണ്ട വ്യക്തമായ തെളിവുകളൊന്നും ലഭ്യമല്ല. എന്നാൽ ലഭ്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ അയ്യനടികൾ തിരുവടികളാണ് ആദ്യത്തെ ഭരണാധികാരി എന്ന് കരുതുന്നതാണ്. എ.ഡി. 849-ൽ കൊല്ലത്തെ തരിസാപ്പള്ളിക്ക് എഴുതിക്കൊടുത്ത ചെപ്പേടിൽ മരുവാൻ സപീർ ഈശോയ്ക്ക് കുരക്കേണി കൊല്ലത്ത് ഒരു പള്ളിയും വാണിജ്യസങ്കേതവും നിർമ്മിക്കാൻ തൊഴിലാളികൾ ഉൾപ്പെടെ ഒരു പ്രദേശവും ഒട്ടേറെ അധികാര അവകാശങ്ങളും നൽകിയതായി കാണാൻ കഴിയും. രാജ്യത്തെ ഉദ്യോഗസ്ഥരുടെയും അഞ്ചുവണ്ണം, മണിഗ്രാമം എന്നീ സംഘടനകളുടെ പ്രതിനിധികളുടെയും സാന്നിധ്യത്തിലാണ് അയ്യനടികൾ ഈ ശാസനം എഴുതിയത്.

വേണാടിന്റെ അടുത്ത ഭരണാധികാരിയായി അറിയപ്പെടുന്നത് ശ്രീവല്ലഭൻ കോതയാണ്. എ.ഡി. 974-ലെ മാമ്പള്ളിശാസനവുമായി ബന്ധപ്പെട്ടാണ് ഇദ്ദേഹം അറിയപ്പെടുന്നത്. ഒരു സ്വകാര്യ വ്യക്തി ധാരാളം മാന്യന്മാരുടെ സാന്നിധ്യത്തിൽ ചെങ്ങന്നൂർ ക്ഷേത്രത്തിലേയ്ക്ക് കുറെ ഭൂമി ദാനം ചെയ്യുന്നതാണ് പട്ടയത്തിലെ ഉള്ളടക്കം. ദാനം നൽകുന്ന സമയത്ത് ശ്രീവല്ലഭൻ കോതയും അവിടെ സന്നിഹിതനായിരുന്നു. കൂടാതെ ചില ശിലാരേഖകളിലും ഇദ്ദേഹത്തെക്കുറിച്ചുള്ള പരാമർശം കാണാം.

ശ്രീവല്ലഭൻകോതയ്ക്ക് ശേഷം ഭരണമേറ്റത് ഗോവർദ്ധന മാർത്താണ്ഡനായിരുന്നു. തൃക്കൊടിത്താനം ക്ഷേത്രത്തിലെ ഒരു ശാസനത്തിൽ, ആ ക്ഷേത്രത്തിൽ ചിത്തിരോത്സവം നടത്തുന്നതിന് ശ്രീവല്ലഭൻകോത കുറെ സ്ഥലം ദാനം ചെയ്തതായും ഗോവർദ്ധന മാർത്താണ്ഡൻ അതിന്റെ നടത്തിപ്പിന് വേണ്ട ഏർപ്പാടുകൾ ചെയ്തതായും പറയുന്നു. അയൽനാടായ നന്റുഴനാട്ടിലും ഇദ്ദേഹത്തിന് ഭരണപരമായ നിയന്ത്രണാധികാരങ്ങൾ ഉണ്ടായിരുന്നു. ഭാസ്കരരവിവർമ്മയുടെ ജൂതശാസനത്തിൽ സാക്ഷി നിൽക്കുന്ന വേണാട്ടുരാജാവ് ഇദ്ദേഹമാണ്.

പിന്നീട് പന്ത്രണ്ടാം നൂറ്റാണ്ടിൽ ഭരണം നടത്തിയിരുന്ന വീരകേരളവർമ്മയുടെ കാലത്താണ് വേണാട് കൂടുതൽ ശക്തമായിത്തീർന്നത്. അദ്ദേഹം തിരുവനന്തപുരം പത്മനാഭസ്വാമി ക്ഷേത്രത്തിന്റെ പുനർനിർമ്മാണം നിർവഹിച്ചു. വീരകേരളവർമ്മ ശുചീന്ദ്രം ക്ഷേത്രത്തിന് ഭൂമി ദാനം ചെയ്യുകയും ശുചീന്ദ്രത്തിന് 'വീരകേരള ചതുർവേദിമംഗലം'എന്ന് പേരിടുകയും ചെയ്തു. അദ്ദേഹം ശുചീന്ദ്രം ക്ഷേത്രത്തിന് നൽകിയ ഭൂമി കർക്കാട്, തെൻവളനല്ലൂർ, തെക്കൻപുത്തൂർ എന്നിങ്ങനെ നാഞ്ചിനാട്ടിലെ പല ഗ്രാമങ്ങളിലായിരുന്നു. അദ്ദേഹത്തിന്റെ കാലത്ത് പഴയ തെക്കൻ തിരുവിതാംകൂർ പ്രദേശങ്ങളിൽ വേണാട് ആധിപത്യം സ്ഥാപിച്ചിരുന്നു എന്നതിന് തെളിവാണിത്. വീരകേരളൻ എന്ന പേരുള്ള 31 വെള്ളിക്കാശുകൾ തിരുനെൽവേലി ജില്ലയിലെ വൈകൈകുളത്തുനിന്ന് കണ്ടു കിട്ടിയിട്ടുള്ളത് ഈ രാജാവിന്റേതാണെന്ന് കരുതാം.

1175 മുതൽ 1195 വരെ വേണാട് ഭരിച്ചിരുന്ന ഉദയമാർത്താണ്ഡവർമ്മ നല്ലൊരു ഭരണാധികാരി എന്ന നിലയിൽ പ്രശസ്തി നേടി. ക്ഷേത്ര

SGOU

ങ്ങളുടെ ഭരണത്തിന് അദ്ദേഹം ഏർപ്പെടുത്തിയ വ്യവസ്ഥകളെപ്പറ്റിയും ക്ഷേത്രോദ്യോഗസ്ഥന്മാർക്ക് നിശ്ചയിച്ചുകൊടുത്ത പ്രവർത്തന അധികാരത്തെപ്പറ്റിയും കൊല്ലൂർമഠം ശാസനത്തിൽനിന്നും മനസ്സിലാക്കാം. ഇദ്ദേഹത്തിന്റെ ഭരണകാലത്ത് വേണാടും പാണ്ഡ്യരാജ്യവും തമ്മിൽ അടുത്ത ബന്ധം പുലർത്തിയിരുന്നു. ഇദ്ദേഹത്തിന്റെ പുത്രി ത്രിഭുവനദേവിയെ പാണ്ഡ്യരാജാവായ ശ്രീവല്ലഭനാണ് വിവാഹം കഴിച്ചത്. ഉദയമാർത്താണ്ഡവർമ്മയുടെ കാലത്താണ് പന്തളം - പൂഞ്ഞാർ രാജവംശങ്ങൾ പാണ്ഡ്യരാജ്യത്തുനിന്ന് കേരളത്തിൽ വന്ന് നാടുവാഴികളായതെന്ന് വിശ്വസിക്കപ്പെടുന്നു.

1253 മുതൽ 1299 വരെയുള്ള വേണാടിന്റെ ചരിത്രം അവ്യക്തമാണ്. 1251-ൽ പാണ്ഡ്യരാജാവായി അധികാരമേറ്റ ജാതവർമ്മ സുന്ദരപാണ്ഡ്യൻ വേണാടിന്മേൽ ആധിപത്യം സ്ഥാപിച്ചിരുന്നതായി, തിരുനെൽവേലി ജില്ലയിൽനിന്നും ലഭിച്ച ചില ശാസനങ്ങൾ സൂചിപ്പിക്കുന്നു. ജാതവർമ്മന്റെ പിൻഗാമിയായ മാരവർമ്മന്റെ കാലത്തും പാണ്ഡ്യന്മാരുടെ ആധിപത്യം വേണാടിന്മേൽ തുടർന്നു വരികയാണുണ്ടായത്. തിരുനെൽവേലിയിലെ ശാസനങ്ങൾ മാരവർമ്മനെ 'ചേരനെ വെന്പൻ' എന്ന് വിശേഷിപ്പിക്കുന്നുണ്ട്. ഇക്കാലത്ത് വേണാട് ഭരിച്ചിരുന്നത് ജയസിംഹനായിരുന്നു. ജയസിംഹന്റെ കാലത്ത് സഞ്ചാരിയായ മാർക്കോപോളോ വേണാട് സന്ദർശിച്ചിരിക്കാമെന്ന് കരുതപ്പെടുന്നു. ജയസിംഹന്റെ മരണത്തിനുശേഷം അദ്ദേഹത്തിന്റെ പുത്രന്മാരും ഭാഗിനേയന്മാരും തമ്മിൽ നടന്ന അധികാരസമരത്തിൽ വിജയം വരിച്ചത് പുത്രനായ രവിവർമ്മയായിരുന്നു. മക്കത്തായ സമ്പ്രദായമനുസരിച്ച് വേണാട്ടിൽ ഭരണാധികാരമേറ്റ ഒടുവിലത്തെ രാജാവ് രവിവർമ്മയാണെന്ന അഭിപ്രായമുണ്ട്.

1299 മുതൽ 1314 വരെ ഭരണം നടത്തിയിരുന്ന സംഗ്രാമധീര രവിവർമ്മ കുലശേഖരൻ ആണ് മധ്യകാല ഭരണാധികാരികളിൽ ഏറ്റവും പ്രമുഖൻ. തിരുവനന്തപുരം ലിഖിതപ്രകാരം 1310-ൽ പാണ്ഡ്യരാജാവായ മാരവർമ്മൻ മരിക്കുന്നതുവരെ രവിവർമ്മ അദ്ദേഹത്തിന്റെ സാമന്തനായിരുന്നു. മാരവർമ്മന്റെ മരണത്തിനുശേഷം സ്വതന്ത്രനായിത്തീർന്ന രവിവർമ്മ വേണാടിന്റെ വികസനത്തിന് മുൻകൈ എടുത്തു. 1311-ൽ ഉത്തരേന്ത്യയിൽനിന്നും വന്ന മാലിക് കഫൂർ പാണ്ഡ്യതലസ്ഥാനമായ മധുര ആക്രമിച്ച് കൊള്ളയടിച്ചതിനെത്തുടർന്ന് പാണ്ഡ്യനാട്ടിൽ അരാജകത്വം നടമാടി. കൊള്ളമുതലുമായി മാലിക് കഫൂർ ദൽഹിയിലേയ്ക്ക് തിരിച്ചുപോയപ്പോൾ രവിവർമ്മ പാണ്ഡ്യരാജ്യത്തെ ആക്രമിച്ച് കീഴടക്കി. മധുര, തിരുപ്പതി തുടങ്ങിയ പ്രദേശങ്ങൾ കീഴടക്കിയ രവിവർമ്മ 1313-ൽ വൈഗാനദിയുടെ തീരത്തുവെച്ച് 'ദക്ഷിണേന്ത്യൻ രാജാവായി' കിരീടധാരണം നിർവഹിച്ചു. പിന്നീട് 1314-ൽ കാഞ്ചീപുരം കീഴടക്കി.

ദക്ഷിണേന്ത്യൻ ജേതാവെന്ന നിലയിൽ പ്രസിദ്ധനായിത്തീർന്ന രവിവർമ്മ 'സംഗ്രാമധീരൻ' എന്ന ബഹുമതി സ്വയം സ്വീകരിക്കുകയാണുണ്ടായത്. സംഗീതത്തിലും കലയിലും പാണ്ഡിത്യവും താല്പര്യവുമുണ്ടായിരുന്ന രവിവർമ്മ അറുപത്തിനാലു കലകളിലും പ്രഗല്ഭനായിരുന്നുവെന്ന് തിരുവനന്തപുരം ശാസനം വ്യക്തമാക്കുന്നു. അദ്ദേഹത്തിന്റെ കാലത്ത് വേണാട് സാമ്പത്തികാഭിവൃദ്ധി നേടി. കൊല്ലം തുറമുഖം വിദേശരാജ്യങ്ങളുമായുള്ള വ്യാപാരത്തിന്റെ പ്രധാനപ്പെട്ട കേന്ദ്രമായിത്തീർന്നു. സാമ്പത്തികനില മെച്ചപ്പെടുത്താനും വ്യാപാര വാണിജ്യങ്ങളെ പ്രോത്സാഹിപ്പിക്കാനുമായി വ്യാപാരികൾക്ക് സൗജന്യങ്ങൾ നൽകിയിരുന്നു.

### 1.1.2.2 പെരുമ്പടപ്പ്

പെരുമാൾ ഭരണത്തിന്റെ തകർച്ചയെത്തുടർന്ന് കേരളത്തിൽ ഉയർന്നുവന്ന നാടുവാഴി പ്രദേശങ്ങളിലൊന്നാണ് കൊച്ചി. പെരുമ്പടപ്പ് സ്വരൂപം എന്ന പേരിലാണ് ആദ്യകാലത്ത് കൊച്ചി അറിയപ്പെട്ടിരുന്നത്. പെരുമ്പടപ്പുകാർ അമ്മവഴിയിൽ മഹോദയപുരത്തെ കുലശേഖരന്മാരുടെ പിന്തുടർച്ചക്കാരാണ് എന്ന് വിശ്വസിക്കുന്നു. പെരുമ്പടപ്പിലെ ഒരു നമ്പൂതിരി, അവസാനത്തെ മഹോദയപുരചക്രവർത്തിയായ രാമവർമ്മ കുലശേഖരന്റെ ഒരു സഹോദരിയെ വിവാഹം കഴിച്ചിരുന്നതായി പറയപ്പെടുന്നു. കുലസേഖര സാമ്രാജ്യം ശിഥിലമായതോടെ രാമവർമ്മ കുല

SGOU

ശേഖരന്റെ പുത്രൻ കുലശേഖരന്മാരുടെ രാഷ്ട്രീയാധികാരത്തിന്റെയും ഭാഗിനേയൻ അവരുടെ മതപരമായ അധികാരത്തിന്റെയും അവകാശികളായി. ആദ്യത്തെ വഴിയിൽ വേണാട്ടു രാജവംശവും രണ്ടാമത്തെ വഴിക്കു കൊച്ചിരാജവംശവും രൂപംകൊണ്ടു. കുലശേഖരപ്പെരുമാൾ എന്ന ബിരുദം വേണാട്ടുരാജാക്കന്മാരും കോവിലധികാരികൾ എന്ന സ്ഥാനം കൊച്ചീരാജാക്കന്മാരും സ്വീകരിച്ചു.

13-ാംനൂറ്റാണ്ടിന്റെ അവസാനംവരെ പെരുമ്പടപ്പു സ്വരൂപത്തിന്റെ ആസ്ഥാനം വന്നേരിയിൽ പെരുമ്പടപ്പു ഗ്രാമത്തിലെ 'ചിത്രകൂടം' ആയിരുന്നു. എന്നാൽ, പെരുമ്പടപ്പിലെ പ്രധാനിക്ക് മഹോദയപുരത്തും സ്വന്തമായി ഒരു കൊട്ടാരമുണ്ടായിരുന്നു. 13-ാം ശതകത്തിന്റെ ഉത്താരാർധത്തിൽ സാമൂതിരി വള്ളുവനാട് ആക്രമിച്ചപ്പോൾ പെരുമ്പടപ്പുസ്വരൂപം വന്നേരിയിലെ കൊട്ടാരം ഉപേക്ഷിച്ച് മഹോദയപുരത്ത് സ്ഥിരതാമസമാക്കി. 1405-ൽ കൊച്ചിയിലേക്ക് മാറ്റുന്നതുവരെ മഹോദയപുരമായിരുന്നു അവരുടെ ആസ്ഥാനം. 14-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ സാമൂതിരി തൃക്കണാമതിലകം പിടിക്കുകയും തിരുവഞ്ചിക്കുളം ആക്രമിക്കുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തു. സാമൂതിരിയുടെ ആക്രമണപരമായ ഈ മുന്നേറ്റം മഹോദയപുരത്തുനിന്നും കൊച്ചിയിലേക്ക് ആസ്ഥാനം മാറ്റുന്നതിന് രാജാവിനെ പ്രേരിപ്പിച്ചു. കൂടാതെ 1341-ൽ പെരിയാർ നദിയിലുണ്ടായ വെള്ളപ്പൊക്കത്തിന്റെ ഫലമായി കൊടുങ്ങല്ലൂരിന് അതിന്റെ വാണിജ്യ പ്രാധാന്യം നഷ്ടപ്പെടുകയും കൊച്ചി ഒരു തുറമുഖമെന്ന നിലയിൽ ഉയർന്നുവരികയും ചെയ്തു.

പോർച്ചുഗീസ് കാലഘട്ടത്തിനു മുമ്പ് കൊച്ചിയിൽ ഭരണം നടത്തിയിരുന്ന രാജാക്കന്മാരെക്കുറിച്ച് വ്യക്തവും പൂർണ്ണവുമായ വിവരങ്ങൾ ലഭ്യമല്ല. പതിനാലാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട 'ശുകസന്ദേശം', 'ഉണ്ണിയാടീചരിതം', 'ശിവവിലാസം' എന്നീ സാഹിത്യകൃതികളിൽ കൊച്ചിയിലെ ചില രാജാക്കന്മാരെക്കുറിച്ചുള്ള പരാമർശങ്ങൾ കാണാം. കേരളത്തിലെ നാടുവാഴികൾക്കിടയിൽ പെരുമ്പടപ്പു രാജാവിനുണ്ടായിരുന്ന ഉയർന്ന സ്ഥാനത്തെക്കുറിച്ചും ഈ കൃതികളിൽനിന്നും മനസ്സിലാക്കാം. ബ്രാഹ്മണയാഥാസ്ഥിതികത്വവും നായർപ്രഭുത്വവും ശക്തിപ്രാപിച്ച പ്രദേശമായിരുന്നു കൊച്ചി. പെരുമ്പടപ്പു സ്വരൂപക്കാർ ഉയർന്ന ക്ഷത്രിയരും അമ്മവഴിക്ക് മഹോദയപുരത്തെ കുലശേഖരന്മാരുടെ പിൻമുറക്കാരുമാണ് എന്നത് അവർക്ക് കേരളത്തിലെ നാടുവാഴികൾക്കിടയിൽ ഉയർന്ന പദവി നേടിക്കൊടുത്തു. ജാതിവ്യത്യാസവും മരുമക്കത്തായവും ഇക്കാലത്ത് കേരളത്തിൽ സ്ഥാപിക്കപ്പെട്ടു കഴിഞ്ഞിരുന്നു. പെരുമ്പടപ്പു രാജാവിന് കോവിലധികാരികൾ എന്ന നിലയ്ക്ക് കേരളത്തിലെ ഒട്ടേറെ ക്ഷേത്രങ്ങളുടെമേൽ അധികാരമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ രാഷ്ട്രീയാധികാര പരിമിതിയെ ഈ ഉപചാരപദവിയും ക്ഷേത്രാധിപത്യവും നികത്തിക്കൊടുത്തു. ഒരു ചെറിയ രാജ്യമായിരുന്ന കൊച്ചിക്ക് പേരിനുമാത്രമാണ് രാജപദവി ഉണ്ടായിരുന്നത്. കൊച്ചിയിലും സമീപപ്രദേശങ്ങളിലും തിരുവഞ്ചിക്കുളത്തും ഒതുങ്ങി നിൽക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ അധികാരം.

പോർച്ചുഗീസുകാരുടെ വരവിന് മുമ്പ് കൊച്ചിയിൽ ഭരണം നടത്തിയ നാടുവാഴികളിൽ പ്രമുഖനായിരുന്നു വീരരാഘവൻ. കോട്ടയം ദേവലോകം അരമനയിൽ സൂക്ഷിച്ചിരിക്കുന്ന 'വീരരാഘവപട്ടയം' പുറപ്പെടുവിച്ചത് വീരരാഘവൻ ആണ്. ശാസനകാലത്തെക്കുറിച്ച് വ്യത്യസ്ത അഭിപ്രായങ്ങൾ ഉണ്ടെങ്കിലും ശാസനത്തിലെ ജ്യോതിഷസൂചനയുടെ ചരിത്രവസ്തുതകളുടെ പിൻബലത്തിലും ശാസനകാലം എ.ഡി. 1225 ആണെന്ന ഇളംകുളം കുഞ്ഞൻപിള്ളയുടെ നിഗമനത്തിനാണ് അംഗീകാരം കൂടുതലുള്ളത്.

കേരളത്തിലെ മാകോതൈയർ പട്ടണത്തിലെ (മഹോദയപുരം) പെരുംകോവിലകത്തുവെച്ച് ക്രൈസ്തവനേതാവായിരുന്ന ഇരവികോർത്തന് ചില സ്ഥാനമാനങ്ങൾ അനുവദിച്ചുകൊടുക്കുന്നതാണ് വീരരാഘവപ്പട്ടയം. വീരരാഘവചക്രവർത്തി ഈ പട്ടയപ്രകാരം മഹോദയപുരത്തെ ക്രിസ്ത്യൻ വ്യാപാരിയായ ഇരവികോർത്തന് മണിഗ്രാമപ്പട്ടവും ചേരമാൻ ലോകപ്പെരുഞ്ചെട്ടി എന്ന ബിരുദവും നൽകി. ഇവയ്ക്കു പുറമെ ആന, പട്ടുകുട, സ്വർണ്ണാഭരണം, അടിമകൾ, പല്ലക്ക്, ചുങ്കം, പരവതാനി എന്നിവ കൈവശം വെക്കാനുള്ള എഴുപത്തിരണ്ടോളം പ്രത്യേക അവകാശങ്ങളും ഇരവികോർത്തന് നൽകി. പെ

SGOU

രുമാക്കന്മാർക്ക് ശേഷം പെരുമാൾ താവഴിയിൽ മഹോദയപുരത്തിന്റെ ഭരണം നടത്തിയിരുന്നത് പെരുമ്പടപ്പു സ്വരൂപത്തിലെ ഭരണാധികാരികൾ ആയിരുന്നുവെന്നും ഈ ശാസനം തെളിയിക്കുന്നു.

15-ാംനൂറ്റാണ്ടിൽ മധ്യകേരളത്തിന്റെ രാഷ്ട്രീയാധിപത്യത്തിനുവേണ്ടിയുള്ള ഒരു നീണ്ട സമരം സാമൂതിരിയും കൊച്ചിരാജാവും തമ്മിലുണ്ടായി. പെരുമ്പടപ്പു സ്വരൂപത്തിന്റെ ആഭ്യന്തരശൈഥില്യം സാമൂതിരിയുടെ ആക്രമണ പദ്ധതികൾക്ക് സഹായകമായി. ഇക്കാലത്ത് പെരുമ്പടപ്പ് രാജവംശം മൂത്തതാവഴി, എളയതാവഴി, പള്ളുരുത്തി താവഴി, മുരിങ്ങൂർ താവഴി, ചാഴൂർ താവഴി എന്നിങ്ങനെ അഞ്ചു താവഴികളിലായി പിരിഞ്ഞു. ഓരോ താവഴിക്കും പ്രത്യേകം കുടുംബസ്ഥാനവും സ്വന്തം വസ്തുവകകളും സൈന്യവും ഉണ്ടായിരുന്നു. അഞ്ചു താവഴികളിലുംവെച്ച് പ്രായം കൂടിയ ആൾ രാജാവാകും. എന്നാൽ അയാൾ വൃദ്ധനാകുമ്പോൾ അടുത്ത ആളിനുവേണ്ടി സ്ഥാനമൊഴിഞ്ഞ് കൊടുത്ത് ഹിന്ദുമതാധ്യക്ഷനെന്ന നിലയിൽ മതകാര്യങ്ങളും മറ്റും നോക്കണമെന്ന ഒരാചാരം നിലവിലുണ്ടായിരുന്നു. ഇത് പലപ്പോഴും ആഭ്യന്തര കലഹങ്ങൾക്ക് വഴിവെച്ചു. പോർച്ചുഗീസുകാർ കേരളത്തിൽ വരുന്ന കാലത്ത്, ഇത്തരത്തിൽ പെരുമ്പടപ്പുസ്വരൂപം തമ്മിൽതമ്മിൽ വിഘടിച്ചു നിൽക്കുന്ന സ്ഥിതിയാണുണ്ടായിരുന്നത്.

### 1.1.2.3 നെടിയിരിപ്പ്

മധ്യകേരളത്തിലും ഉത്തരകേരളത്തിലും മധ്യകാലത്ത് സുപ്രധാനമായ ഒരു ശക്തിയായിരുന്നു കോഴിക്കോട്. കോഴിക്കോടിന്റെ ഭരണാധികാരികളായ സാമൂതിരിമാർ സംസ്കാരസമ്പത്തിലും മറ്റു കാര്യങ്ങളിലും കേരളീയ രാജാക്കന്മാരിൽ മുൻപന്തിയിൽ നിൽക്കുന്നവരാണ്. ജൂതന്മാരുടെയും ക്രിസ്ത്യാനികളുടെയും ചെപ്പേടുകളിലെ സാക്ഷിയായ ഏറനാട് ഉടൈയവരുടെ പിന്മുറക്കാരാണ് ഇവർ.

കുലശേഖരസാമ്രാജ്യത്തിന്റെ തകർച്ചക്കുശേഷം സ്വതന്ത്രമായി വളർന്നുവന്ന ഒരു നാടാണ് കോഴിക്കോട്. 'നെടിയിരുപ്പ് സ്വരൂപം' എന്ന പേരിലാണ് ആദ്യകാലങ്ങളിൽ സാമൂതിരിമാർ അറിയപ്പെട്ടിരുന്നത്. സാമൂതിരിയുടെ ഉത്ഭവത്തെക്കുറിച്ച് കേരളോല്പത്തിയിലൂടെ പ്രചരിക്കപ്പെട്ട ഒരു കഥയുണ്ട്. ചേരമാൻ പെരുമാളിന്റെ രാജ്യം വിദേശീയരുടെ ആക്രമണത്തിന് വിധേയമായപ്പോൾ, തീർഥയാത്ര നടത്തുകയായിരുന്ന മാണിക്കൻ, വിക്കീരൻ എന്നീ പേരുകളിലുള്ള രണ്ട് ഏറാടിസഹോദരന്മാർ പെരുമാൾ സന്നിധിയിലെത്തുകയും വിദേശികളെ യുദ്ധം ചെയ്ത് പരാജയപ്പെടുത്തുവാനുള്ള അനുവാദം രാജാവിൽനിന്ന് വാങ്ങുകയും ചെയ്തു. തുടർന്ന് രാജാവിന്റെ സൈന്യനേതൃത്വം ഏറ്റെടുത്ത് അവർ വിദേശികളെ പരാജയപ്പെടുത്തി.

വിദേശികളെ തുരത്തി ഓടിച്ചതിൽ സംതൃപ്തനായ രാജാവ് ഏറാടിസഹോദരന്മാർക്ക് കാലിൽ അണിയുന്ന വീരശൃംഖല അഥവാ വീരഴിക്കൽ സമ്മാനമായി നൽകി ആദരിച്ചു. വീരശൃംഖല ലഭിച്ച ഏറാടി സഹോദരന്മാർ തീർഥയാത്ര തുടർന്നു. ഏറെക്കാലം കഴിയുന്നതിനുമുമ്പ് ഏറാടിമാർ രാജസന്നിധിയിൽ തിരിച്ചെത്തിയെങ്കിലും അപ്പോഴേക്കും പെരുമാൾ തന്റെ രാജ്യം സ്വന്തക്കാർക്കും ബന്ധുക്കൾക്കും വീതിച്ചു നൽകിയിരുന്നു. അവശേഷിച്ച 'കോഴി കൂകിയാൽ കേൾക്കുന്നത്ര പ്രദേശവും''ഉടഞ്ഞ ശംഖും ഒടിഞ്ഞ വാളും' ഏറാടിമാർക്ക് നൽകിയ രാജാവ് ബാക്കിയെല്ലാം ചത്തും കൊന്നും അടക്കിക്കൊള്ളാൻ അവരെ ഉപദേശിക്കുകയും ചെയ്തു. ഏറാടികളായ ഈ സഹോദരന്മാർ മാനവിക്രമൻ എന്ന പേരിൽ സാമൂതിരിവംശം സ്ഥാപിച്ചു എന്നുമാണ് കേരളോല്പത്തിയിലെ കഥ. മറ്റു പല കഥകളെയുംപോലെ ഈ കഥയ്ക്കും ചരിത്രപരമായി വലിയ പ്രാധാന്യമൊന്നുമില്ല.

പതിനൊന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഏറാൾനാട്, നെടിയിരുപ്പ് സ്വരൂപമായി മാറുകയും മഹോദയപുരത്തിന്റെ മേധാവിത്വം അംഗീകരിക്കുന്ന ഒരു നാട്ടുപ്രദേശമായി നിലനിൽക്കുകയും ചെയ്തു. പെരുമാക്കന്മാരുടെ തകർച്ചയെത്തുടർന്ന് നെടിയിരിപ്പ് സ്വരൂപം സാമ്പത്തികഭദ്രതയ്ക്കും വളർച്ചയ്ക്കും കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് അധികാരസീമകൾ വ്യാപിപ്പിക്കേണ്ടത് ആവശ്യമാണെന്ന് മനസ്സിലാക്കി. സമുദ്രവ്യാപാരത്തിലൂടെ സമ്പത്ത് വർധിപ്പിക്കാൻ കഴിയുമെന്ന് മനസ്സിലാക്കിയ

SGOU

നെടിയിരിപ്പുകാർ കോഴിക്കോട് തുറമുഖം പിടിച്ചെടുക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചു. തുടക്കത്തിൽ, കല്ലായിപ്പുഴയുടെ തീരത്തെ കോഴിക്കോട് ആസ്ഥാനമാക്കിയിരുന്ന പോർളാതിരിയെ ആക്രമിച്ച് പോളനാട് സ്വന്തമാക്കി.

പോളനാടിന്റെ ഭരണാധികാരികളായതോടെ നെടിയിരിപ്പുകാർ കോഴിക്കോട് തളി ക്ഷേത്രത്തിന്റെ ട്രസ്റ്റിയായിത്തീർന്നു. ഇതോടെ നെടിയിരിപ്പുകാർ അവരുടെ ആസ്ഥാനം കോഴിക്കോട്ടേക്കു മാറ്റി. കോഴിക്കോട് തുറമുഖത്തിന്റെ സൗകര്യങ്ങളും സവിശേഷതകളും ധാരാളം വിദേശവ്യാപാരികളെ അവിടേക്ക് ആകർഷിച്ചു. ഈ വ്യാപാരികളുടെ സഹായത്തോടെ കോഴിക്കോട് നഗരം വളർന്നുവന്നതോടൊപ്പം തന്നെ സാമൂതിരിയുടെ സാമ്പത്തികസ്ഥിതിയും മെച്ചപ്പെടുകയാണുണ്ടായത്. ഭരണസാമർഥ്യം പ്രകടമാക്കിയ കോഴിക്കോട്ടെ ഭരണാധികാരികൾ, വിദേശങ്ങളിൽനിന്നും വന്ന വ്യാപാരികൾക്ക് കച്ചവടസൗകര്യങ്ങളും മതസംരക്ഷണവും നൽകിയിരുന്നു. രാജകീയ പണ്ടകശാലകൾ നിർമ്മിക്കുകയും അവയ്ക്ക് കാവൽ ഏർപ്പെടുത്തുകയും ചെയ്തു. ജാതി-മത-ദേശ-വർഗ്ഗ വ്യത്യാസങ്ങൾക്കതീതമായി ആർക്കും സ്വതന്ത്രമായി വ്യാപാരം നടത്താൻ സൗകര്യം നൽകപ്പെട്ടതുകൊണ്ടാണ് കോഴിക്കോട് ഒരു പ്രധാന വാണിജ്യകേന്ദ്രമായി ഉയർന്നുവന്നത്.

സാമൂതിരിയുടെ ഉയർച്ചയും കോഴിക്കോടിന്റെ വളർച്ചയും പരസ്പരം സ്വാധീനം ചെലുത്തിയ ഘടകങ്ങളായിരുന്നു. സാമൂതിരിമാരുടെ ഭരണത്തിൻകീഴിൽ കോഴിക്കോട് വളരെ പെട്ടെന്നുതന്നെ കേരളതീരത്തിലെ ഒരു മികച്ച തുറമുഖമായി മാറി. കുരുമുളകും ഏലവും തുണിത്തരങ്ങളും ഇവിടെനിന്ന് ധാരാളമായി വിദേശങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്തു. സാമൂതിരി കോഴിക്കോടു തുറമുഖത്തെ ഒരു സ്വതന്ത്രതുറമുഖമായി പ്രഖ്യാപിച്ചതുകൊണ്ട്, കോഴിക്കോടുമായി വാണിജ്യബന്ധമില്ലാത്ത വിദേശക്കപ്പലുകളും അവിടെവന്ന് വെള്ളവും മറ്റു ഭക്ഷണവസ്തുക്കളും സംഭരിയ്ക്കാൻ തുടങ്ങി. ഇതിന്റെ ഫലമായി സാമൂതിരി വിശാലമനസ്കനും നീതിമാനുമാണെന്ന കീർത്തി ലോകമെമ്പാടും പരക്കുകയും ധാരാളം വിദേശവ്യാപാരികൾ അവിടേക്കെത്തുകയും ചെയ്തു. കോഴിക്കോടുമായി വാണിജ്യം നടത്തിയിരുന്ന വിദേശീയരിൽ അറബികളും ചീനക്കാരുമാണ് മുന്നിട്ട് നിന്നിരുന്നത്. അവരിൽ അറബികളോടായിരുന്നു സാമൂതിരിക്ക് കൂടുതൽ അടുപ്പമുണ്ടായിരുന്നത്. അദ്ദേഹം അവർക്ക് വിശേഷാനുകൂല്യങ്ങൾ നൽകി. തൽഫലമായി കോഴിക്കോട്ടെ കയറ്റുമതിയുടെയും ഇറക്കുമതിയുടെയും കുത്തക അറബികൾക്കായിത്തീർന്നു. കോഴിക്കോട് നിരന്തരം നടന്ന വാണിജ്യമായിരുന്നു സാമൂതിരിയുടെ ഭണ്ഡാരം നിറച്ചതും അയൽരാജ്യങ്ങളാക്രമിച്ച് രാജ്യം വികസിപ്പിക്കാനുള്ള രാഷ്ട്രീയാഭിലാഷം അദ്ദേഹത്തിൽ ആളിപ്പടർത്തിയതും. അറബികളാകട്ടെ സ്വന്തം താൽപര്യം പരിഗണിച്ച് കപ്പലുകൾക്കു പുറമെ കുതിരകളെയും പടയാളികളെയും നൽകി യുദ്ധങ്ങളിൽ സാമൂതിരിയെ സഹായിച്ചു.

ഭാരതപ്പുഴയുടെ തീരത്തെ മാമാങ്കോത്സവത്തിന്റെ രക്ഷാപുരുഷസ്ഥാനം ലഭിച്ചതോടെ സാമൂതിരിയുടെ യശസ്സും ശക്തിയും വർധിച്ചു. സാമൂതിരിമാരുടെ കീഴിൽ കോഴിക്കോട് ഒരു പ്രബലപ്രദേശമായിത്തീർന്നു. അയൽനാടുകളായ ബേപ്പൂരിലെയും പരപ്പനാടിലെയും നാടുവാഴികൾ സാമൂതിരിയുടെ മേൽക്കോയ്മ അംഗീകരിച്ചു. കോലത്തുനാടും പിന്നീട് സാമൂതിരിയുടെ മേധാവിത്വം അംഗീകരിക്കുകയാണുണ്ടായത്. തളിപ്പറമ്പ് ക്ഷേത്രത്തിന്റെ മേൽക്കോയ്മ അധികാരവും സാമൂതിരിക്ക് ലഭിച്ചു. നിലമ്പൂർ, മലപ്പുറം, മഞ്ചേരി, കോട്ടയ്ക്കൽ, തലപ്പള്ളി തുടങ്ങിയ പ്രദേശങ്ങളിലെ നാടുവാഴികളും സാമൂതിരിയുടെ അധികാരത്തിന്റെ കീഴിലാണ് കഴിഞ്ഞുകൂടിയത്. തിരുനാവായയും കീഴടക്കപ്പെട്ടതോടെ സാമൂതിരിയുടെ ശ്രദ്ധ കൊച്ചിയുടെ നേർക്ക് തിരിഞ്ഞു. പോർച്ചുഗീസുകാർ കേരളത്തിലെത്തുമ്പോഴേക്കും സാമൂതിരിയും കൊച്ചി നാടുവാഴിയും തമ്മിൽ സംഘർഷം വളർന്നു കഴിഞ്ഞിരുന്നു.

## 1.1.3 അത്യുത്തര കേരളം

### 1.1.3.1 കോലത്തുനാട്

കേരളത്തിന്റെ വടക്ക് കാസർകോഡ് വരെ വ്യാപിച്ചുകിടന്ന ഒരു നാടായിരുന്നു കോലത്തു

നാട്. കോലത്തുനാടിന്റെ ഉത്ഭവം അജ്ഞാതമാണ്. സംഘകാലത്ത്, ഏഴിമല ആസ്ഥാനമാക്കി ഭരിച്ചിരുന്ന ഒരു രാജവംശത്തിന്റെ കീഴിലായിരുന്നു ആ പ്രദേശം. രണ്ടാം ചേരസാമ്രാജ്യത്തിന്റെ കാലത്ത് വടക്കേ മലബാറിലെ വയനാട്-തലശ്ശേരി പ്രദേശങ്ങൾ കുലശേഖരന്മാരുടെ ആധിപത്യത്തിലായിരുന്നു. ഭാസ്കരരവിവർമ്മയുടെ തിരുനെല്ലിശാസനങ്ങളിൽ ഇവ പരാമർശിക്കപ്പെടുന്നുണ്ട്. ഏഴിമലയ്ക്കടുത്ത് ആസ്ഥാനമുറപ്പിച്ചിരുന്ന മൂഷകവംശമെന്ന രാജവംശത്തിന്റെ ഭരണത്തിലായിരുന്നു ചിറയ്ക്കൽ-കാസർകോഡ് ഭാഗങ്ങൾ. ഏഴിമല നന്നന്റെ പിന്തുടർച്ചക്കാരായിരിയ്ക്കണം മൂഷകവംശ രാജാക്കന്മാർ എന്ന് അനുമാനിക്കപ്പെടുന്നു.

12-ാംനൂറ്റാണ്ടിന്റെ ആരംഭം വരെയുള്ള മൂഷകരാജ്യത്തിന്റെ ചരിത്രം ഇതിവൃത്തമാക്കി രചിച്ചിട്ടുള്ള സംസ്കൃതമഹാകാവ്യമാണ് മൂഷകവംശം. മൂഷകവംശത്തിന്റെ ഉത്ഭവത്തെയും ആദ്യകാലരാജാക്കന്മാരുടെ വിജയങ്ങളെയും വർണ്ണിക്കുന്ന ആദ്യ സർഗങ്ങൾ പ്രധാനമായും ഐതിഹ്യങ്ങളെയാണ് ആശ്രയിക്കുന്നത്. അവസാന സർഗങ്ങളിലാണ് മൂഷകവംശത്തിന്റെ യഥാർഥചരിത്രമുള്ളത്. ഈ രാജാക്കന്മാർ 11-ാം ശതകംവരെ മക്കത്തായമാണ് പിന്തുടർന്നിരുന്നതെന്നും അതിനുശേഷമാണ് അവർ മരുമക്കത്തായം സ്വീകരിച്ചതെന്നും ഈ കാവ്യത്തിൽ പറയുന്നു.

കാവ്യത്തിന്റെ ഒടുവിലത്തെ സർഗങ്ങളിൽ പരാമർശിക്കപ്പെടുന്ന ചരിത്രപുരുഷന്മാരിൽ വിക്രമരാമൻ, ജയമാനി, വലഭൻ രണ്ടാമൻ, ശ്രീകണ്ഠൻ എന്നിവർ ഏറെ പ്രാധാന്യത്തോടെ പരിഗണിക്കപ്പെടേണ്ടവരാണ്. വിക്രമരാമൻ ശ്രീമൂലവാസം ക്ഷേത്രത്തെ കടൽക്ഷോഭത്തിൽ നിന്നും രക്ഷിച്ചതായി പറയപ്പെടുന്നു. വലഭൻ രണ്ടാമൻ യുവരാജാവായിരിക്കുമ്പോൾ തൃച്ചംബരത്തെ വിഷ്ണുക്ഷേത്രം പുതുക്കിപ്പണിയിച്ചു. അദ്ദേഹം കില്ലാനദീമുഖത്തിനു സമീപം മാരാഹി എന്ന നഗരം സ്ഥാപിച്ചു. അത് സമുദ്രവാണിജ്യത്തെ പ്രോത്സാഹിപ്പിച്ചു. വലഭപ്പട്ടണം നിർമ്മിച്ചതും വലഭനായിരുന്നു. വലഭനുശേഷം അദ്ദേഹത്തിന്റെ ഇളയസഹോദരനായ ശ്രീകണ്ഠൻ രാജാവായി. ശ്രീകണ്ഠന് രാജധർമ്മൻ എന്നും പേരുണ്ടായിരുന്നു. ഇദ്ദേഹത്തിന്റെ ആസ്ഥാനകവിയായിരുന്നു അതുലൻ.

പഴയ മൂഷകരാജ്യം 14-ാംനൂറ്റാണ്ടിൽ കോലത്തുനാട് എന്നറിയപ്പെടുകയും കോലത്തിരിമാർ എന്ന രാജാക്കന്മാർ അവിടെ ഭരണം നടത്തുകയും ചെയ്തു. 13-ാം നൂറ്റാണ്ടിനൊടുവിൽ കേരളം സന്ദർശിച്ച മാർക്കോപോളോ എഴുതിയ സഞ്ചാരവിവരണങ്ങളിലാണ് കോലത്തിരിമാരുടെ രാജ്യത്തെക്കുറിച്ചുള്ള ആദ്യത്തെ സത്യസന്ധമായ പരാമർശം കാണുന്നത്. വിഗ്രഹാരാധനക്കാരാണ് കോലത്തുനാട്ടിൽ ഉള്ളതെന്ന് മാർക്കോപോളോ രേഖപ്പെടുത്തുന്നു. "അവർ അന്യരാജാക്കന്മാർക്ക് വിധേയരല്ല; വിശേഷപ്പെട്ട ഭാഷയാണ് അവരുടേത്. ശരിയായ തുറമുഖമൊന്നും ആ രാജ്യത്തിനില്ല. എന്നാൽ ആഴമേറിയ വിശാലമായ നദീമുഖങ്ങളുണ്ട്. കുരുമുളകും ഇഞ്ചിയും മറ്റ് സുഗന്ധദ്രവ്യങ്ങളും ഇവിടെ സമൃദ്ധമായി വളരുന്നു. രാജാവ് സമ്പന്നനാണെങ്കിലും സൈനികമായി ശക്തനല്ല." മാർക്കോപോളോയുടെ വിവരണങ്ങൾ ഇത്തരത്തിൽ തുടരുന്നു.

കോലത്തുനാട്, വടക്ക് നേത്രാവതി നദി മുതൽ തെക്ക് കോരപ്പുഴ വരെയും കിഴക്ക് കുടക് മല തൊട്ട് പടിഞ്ഞാറ് അറബിക്കടൽ വരെയും വ്യാപിച്ചിരുന്നു. കുമ്പള, നീലേശ്വരം, കോട്ടയം, കടത്തനാട് എന്നിവ കോലത്തുനാട്ടിൽപ്പെട്ടിരുന്ന നാടുകളാണ്. രാജകുടുംബത്തിലെ ഏറ്റവും പ്രായമുള്ള പുരുഷനാണ് 'കോലത്തിരി' എന്ന സ്ഥാനപ്പേരോടുകൂടി രാജ്യം ഭരിച്ചിരുന്നത്. തൊട്ടടുത്ത ഇളംമുറക്കാർ തെക്കെളംകൂർ, വടക്കെളംകൂർ, നാലാംകൂർ, അഞ്ചാംകൂർ എന്നീ പേരുകളിലാണ് അറിയപ്പെട്ടിരുന്നത്. തെക്കെളംകുറായിരുന്നു അടുത്ത രാജ്യാവകാശി.

രാജാക്കന്മാരുടെ കാലക്രമമനുസരിച്ചുള്ള കോലത്തുനാടിന്റെ ചരിത്രം ലഭ്യമല്ല. മികച്ച പണ്ഡിതമാരെന്ന നിലയിലോ, വിദ്വജ്ജനപുരസ്കർത്താക്കളെന്ന നിലയിലോ പ്രശസ്തരായ ചുരുക്കം ചില രാജാക്കന്മാരുടെ പേരുകൾ സാഹിത്യകൃതികളിലൂടെ അറിയാൻ കഴിഞ്ഞിട്ടുണ്ട്. 14-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ കോലത്തുനാട് വാണ പ്രസിദ്ധരാജാവാണ് രാഘവൻ. അദ്ദേഹത്തിന്റെ സദസ്യനായിരുന്നു രാഘവാനന്ദൻ.

SGOU

‘അമോഘരാഘവം’ ചമ്പുവിന്റെ കർത്താവായ ദിവാകരനും രാഘവന്റെ ആസ്ഥാനകവിയായിരുന്നു. 1423 മുതൽ 1446 വരെ രാജ്യം ഭരിച്ചിരുന്ന കേരളവർമ്മ സാഹിത്യത്തെയും ശാസ്ത്രത്തെയും പ്രോത്സാഹിപ്പിച്ചു. കീർത്തികേട്ട പല പണ്ഡിതന്മാരും കവികളും അദ്ദേഹത്തിന്റെ സദസ്സിനെ അലങ്കരിച്ചിരുന്നു. ‘യുധിഷ്ഠിരവിജയ’ത്തിന് ‘പദാർത്ഥചിന്തന’മെന്ന വ്യാഖ്യാനം രചിച്ച രാഘവവാരിയരും ‘ശ്രീകൃഷ്ണവിജയ’മെന്ന സംസ്കൃതകാവ്യത്തിന്റെ കർത്താവായ ശങ്കരവാരിയരും ഇക്കൂട്ടത്തിൽ പ്രമുഖരാണ്. 1443-ൽ അന്തരിച്ച ഇളമുറ രാജാവായ രാമവർമ്മയാണ് ‘ഭാരതസംഗ്രഹം’ എന്ന മഹാകാവ്യത്തിന്റെയും ‘ചന്ദ്രികകുലാപീഠം’ എന്ന നാടകത്തിന്റെയും കർത്താവ്. 1446 മുതൽ 1475 വരെ രാജ്യം ഭരിച്ചിരുന്ന ഉദയവർമ്മൻ കോലത്തിരിയുടെ സദസ്യനായിരുന്നു കൃഷ്ണഗാഥാകാരനായ ചെറുശ്ശേരി. ഉദയവർമ്മൻ കോലത്തിരിയുടെ ജീവചരിത്രത്തെ ആസ്പദമാക്കി ‘ഉദയവർമ്മചരിതം’ എഴുതിയ രവിവർമ്മ 16-ാംശതകത്തിലെ ഒരു കോലത്തുനാട്ടുരാജാവായിരുന്നു. പോർച്ചുഗീസുകാർ കേരളത്തിൽ വരുമ്പോൾ കോലത്തിരി കോഴിക്കോട്ടെ സാമൂതിരിയുടെ മേൽക്കോയ്മ അംഗീകരിച്ചിരുന്നു.

### 1.1.3.2 ആലിരാജവംശം (അറയ്ക്കൽ രാജവംശം)

കേരളത്തിലെ ഒരേയൊരു മുസ്ലീംരാജവംശമാണ് അറയ്ക്കൽ രാജവംശം. കണ്ണൂർ നഗരം അറയ്ക്കൽ രാജവംശത്തിന്റെ നിയന്ത്രണത്തിലായിരുന്നു. ഈ രാജവംശം മരുമക്കത്തായമാണ് പിന്തുടർന്നുപോരുന്നത്. കുടുംബത്തിലെ ഏറ്റവും പ്രായമായ അംഗം സ്ത്രീയായാലും പുരുഷനായാലും ഭരണമേൽക്കുന്നു എന്നത് അറയ്ക്കൽ രാജവംശത്തിന്റെ പ്രത്യേകതയാണ്. ഭരണാധികാരി പുരുഷനാണെങ്കിൽ ആലിരാജാവെന്നും സ്ത്രീയാണെങ്കിൽ അറയ്ക്കൽ ബീവി എന്നുമാണ് സ്ഥാനപ്പേര്.

കണ്ണൂർ നഗരത്തിന്റെ അധിപനായിത്തീർന്ന ആലിരാജാവിന് വടക്കേ മലബാറിലെ കുരുമുളകിന്റെയും ഏലത്തിന്റെയും മറ്റും ശേഖരണവും വില്പനയും കുത്തകാവകാശമായി കിട്ടി. അങ്ങനെ അദ്ദേഹം ഗണ്യമായ സാമ്പത്തികാഭിവൃദ്ധിയും രാഷ്ട്രീയ സ്വാധീനശക്തിയും നേടി. സ്വന്തമായ ഒരു നല്ല കപ്പൽവ്യൂഹവും അദ്ദേഹത്തിനുണ്ടായിരുന്നു. ഇതിനെ അടിസ്ഥാനമാക്കി, ‘ആഴിരാജാവ്’ എന്നതിന്റെ രൂപാന്തരമാണ് ആലി രാജാവ് എന്ന പേരെന്ന് ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്. കോലത്തിരിയാകട്ടെ ആലിരാജാവിന് ലക്ഷദ്വീപ് വിട്ടുകൊടുക്കുകയും ചെയ്തു. വ്യാപാരത്തിൽ ആലിരാജാവിനുണ്ടായിരുന്ന പ്രാമാണ്യം പരിഗണിച്ച് പോർച്ചുഗീസുകാരും ഡച്ചുകാരും ഇംഗ്ലീഷുകാരും അദ്ദേഹവുമായി സൗഹൃദത്തിലാണ് കഴിഞ്ഞിരുന്നത്. ആലിരാജാവിന്റെ അഭ്യർഥനയനുസരിച്ച് 1766-ൽ ഹൈദരലി ഉത്തരകേരളം ആക്രമിച്ചു. അവിടെ മൈസൂരിന്റെ ആധിപത്യം നിലവിലിരുന്ന കാലത്ത് അറയ്ക്കൽ രാജാവിന്റെ പ്രതാപം കൂടുതലായിരുന്നു. മൈസൂർ രാജാക്കന്മാർ വടക്കേ മലബാറിൽ സ്വാധീനപ്പെടുത്തിയ രാജ്യങ്ങളുടെ ഔദ്യോഗിക ഭരണാധികാരം കുറച്ചുകാലം ആലിരാജാവിനെയാണ് ഏൽപ്പിച്ചിരുന്നത്. ഇതിനിടയിൽ 1772-ൽ ഡച്ചുകാരിൽനിന്നും കണ്ണൂർക്കോട്ട ആലിരാജാവ് പിടിച്ചെടുക്കുകയുണ്ടായി. എന്നാൽ 1790-ൽ ജനറൽ ആബർക്രോംബി കണ്ണൂർക്കോട്ട തകർത്തതിനെത്തുടർന്ന് അന്നത്തെ അറയ്ക്കൽ ഭരണാധികാരിയായിരുന്ന ബീവി ബ്രിട്ടീഷുകാർക്ക് കീഴടങ്ങി. അറയ്ക്കൽബീവിയുമായി ബ്രിട്ടീഷുകാർ ഉണ്ടാക്കിയ കരാറനുസരിച്ചാണ് ലക്ഷദ്വീപ്, മിനിക്കോയ്, അമ്മേനി എന്നിവ ബ്രിട്ടീഷുകാരുടെ ഭരണത്തിൻ കീഴിലായത്.

## 1.1.4 വിദേശ സഞ്ചാരികൾ

എ.ഡി. 9-ാം നൂറ്റാണ്ടുമുതൽ 15-ാം നൂറ്റാണ്ടുവരെ നിരവധി അറബി സഞ്ചാരികൾ കേരളം സന്ദർശിച്ചിട്ടുണ്ട്. സുലൈമാൻ (എ. ഡി. 851), ഇബൻ തുർദാദുബെ (എ. ഡി. 848), അബുസൈദ് (915), മസൂദി (955), അൽബുനി (1048), അബ്ദുൽറസാക്ക് (1442), എന്നിവരാണ് കേരളത്തെപ്പറ്റി വിവരങ്ങൾ തയ്യാറാക്കിയിട്ടുള്ള പ്രമുഖ അറബി സഞ്ചാരികൾ. പേർഷ്യയിൽ നിന്നും മടങ്ങുന്ന കപ്പലുകൾ കൊല്ലത്തു മാത്രമേ അടുത്തിരുന്നുള്ളുവെന്നും വലിയപട്ടണത്തുനിന്നും സിലോണിലേക്ക് അരി കയറ്റിയയച്ചിരുന്നുവെന്നും ഇവ

SGOU

രുടെ വിവരണങ്ങളിൽ പറഞ്ഞിട്ടുണ്ട്. കേരളം ഏറ്റവും കൂടുതൽ സന്ദർശിച്ച സഞ്ചാരി ഇബ്നു ബത്തൂത്തയാണ്. കോഴിക്കോട് വിട്ടാൽ ചൈനീസ് കപ്പലുകൾ ഉൾനാടൻ ജലാശയങ്ങൾ വഴി കൊല്ലത്തെത്തുകയും അവിടെ നിന്നും ചൈനയിലേക്ക് യാത്രതിരിച്ചതായും പറയുന്നു. 14-ാം നൂറ്റാണ്ടിലെ കൊല്ലത്തിന്റെ സ്ഥിതി മനസ്സിലാക്കി കേരളത്തിലെ ഏറ്റവും നല്ല നഗരമായി അദ്ദേഹം കൊല്ലത്തെ വാഴ്ത്തിയിട്ടുണ്ട്. 15-ാം നൂറ്റാണ്ടിൽ മാഹ്വാൻ എന്ന സഞ്ചാരി കേരളം സന്ദർശിച്ചിരുന്നു. ഇദ്ദേഹത്തിന്റെ വിവരണങ്ങളിൽ നിന്നും കൊച്ചിയുടെയും കോഴിക്കോടിന്റെയും കച്ചവടസ്ഥിതി മനസ്സിലാക്കാവുന്നതാണ്. സ്പെയിനിലെ റാബി ബഞ്ചമിൻ എ.ഡി 1199നും 1173നും ഇടയിൽ പൗരസ്ത്യരാജ്യങ്ങൾ സന്ദർശിച്ച് തയ്യാറാക്കിയ ഗ്രന്ഥത്തിൽ കേരളത്തെപ്പറ്റി പരാമർശിച്ചിട്ടുണ്ട്. വെനീസിലെ മാർക്കോപോളോ 13-ാം ശതകത്തിന്റെ ഉത്തരാർധത്തിൽ കേരളം സന്ദർശിക്കുകയുണ്ടായി.

പന്ത്രണ്ടാം നൂറ്റാണ്ടുമുതൽ പോർച്ചുഗീസ് ആഗമനകാലം വരെ കേരളത്തിന്റെ സമുദ്രം വഴിയുള്ള വിദേശവ്യാപാരത്തിന്റെ നിയന്ത്രണം അറബികളും ചൈനക്കാരുമായ കച്ചവടക്കാരിലായിരുന്നു. സമുദ്രവാണിജ്യവുമായി ബന്ധപ്പെട്ട് കേരളത്തിന്റെ സമുദ്രതീരങ്ങളിലെത്തിച്ചേർന്ന ചില ചൈനക്കാരും അറബികളും എഴുതിവെച്ച സഞ്ചാരവിവരണങ്ങളിൽനിന്ന് അക്കാലത്തെ കേരളീയ വിദേശവ്യാപാരത്തെക്കുറിച്ച് ഒരേകദേശ ചിത്രം രൂപീകരിക്കാൻ കഴിയും. കേരളകരയെ ഈ യാത്രാവിവരണക്കുറിപ്പുകൾ വിശേഷിപ്പിക്കുന്നത് മനിബാർ, മലിബാർ എന്നീ പേരുകളിലാണ്. കുരുമുളകിന്റെ നാടായാണ് മലബാർ അന്ന് ഏറെ അറിയപ്പെട്ടിരുന്നത്. ഏഴിമല, വളപട്ടണം, പന്തലായിനി കൊല്ലം, കാപ്പാട്, കോഴിക്കോട്, ചാലിയം, കൊടുങ്ങല്ലൂർ, കൊച്ചി, കൊല്ലം എന്നിവയായിരുന്നു കേരളത്തിലെ അന്നത്തെ പ്രധാന തുറമുഖങ്ങൾ.

### 1.1.4.1 അറബികളും ചൈനക്കാരുമായ കച്ചവടക്കാർ

കുരുമുളക്, ഏലം, ഇഞ്ചി, കറുവാപ്പട്ട, അകിൽ, ചന്ദനം തുടങ്ങിയ സാധനങ്ങളാണ് കേരളത്തിൽനിന്നു കയറ്റുമതി ചെയ്തിരുന്നത്. ഏലവും കുരുമുളുകുമായിരുന്നു അറബികൾക്ക് ഏറ്റവും കൂടുതൽ ആവശ്യമുള്ള സാധനങ്ങൾ. മൊറോക്കോ, ട്രിപ്പോളി, ടുണീഷ്യ എന്നീ പ്രദേശങ്ങളിൽനിന്നു വന്ന അറബികളാണ് കേരളത്തിൽനിന്നും പടിഞ്ഞാറൻ നാടുകളിലേക്കാവശ്യമായ സാധനങ്ങൾ വാങ്ങി അയച്ചിരുന്നത്. ചീനക്കളിമൺപാത്രങ്ങൾ പോലും മലബാർ തീരത്തുനിന്നുമാണ് അറബികൾ യൂറോപ്പിലേക്ക് കൊണ്ടുപോയിരുന്നത്. പതിനാലാം നൂറ്റാണ്ടിൽ കേരളം സന്ദർശിച്ച ആഫ്രിക്കക്കാരനായ ഇബ്നുബത്തൂത്ത കേരളത്തിലെ അന്നത്തെ വിദേശവ്യാപാരത്തെക്കുറിച്ച് വിവരങ്ങൾ നൽകുന്നുണ്ട്. ഏഴിമലമുതൽ തെക്ക് കൊല്ലംവരെ സഞ്ചരിച്ച ബത്തൂത്ത കണ്ണൂരും, പന്തലായിനി കൊല്ലത്തും കോഴിക്കോട്ടും മറ്റുംകണ്ട അറബിമുസ്ലീങ്ങളെക്കുറിച്ചും, പള്ളികളെക്കുറിച്ചും, പള്ളികളോട് ചേർന്ന് സ്ഥാപിക്കപ്പെട്ട മതപഠനകേന്ദ്രങ്ങളെക്കുറിച്ചും വിശദവിവരങ്ങൾ നല്കുന്നു. വിദേശീയരായ നിരവധി മുസ്ലീങ്ങൾ തീരദേശങ്ങളിൽ അധിവാസമുറപ്പിച്ചിരുന്നതായും അദ്ദേഹം രേഖപ്പെടുത്തുന്നു. വ്യാപാരാവശ്യങ്ങൾക്കായി കേരളത്തിലെത്തിച്ചേരുന്ന അറബികൾക്ക് സൗകര്യങ്ങൾ ചെയ്തുകൊടുത്തത് തീരപ്രദേശങ്ങളിൽ താമസിച്ചിരുന്ന മുസ്ലീങ്ങളായിരുന്നിരിക്കണം. പോർച്ചുഗീസുകാരുടെ വരവു വരെ അറബികൾ മലബാർതീരത്ത് തിരക്കുപിടിച്ച വ്യാപാരം നടത്തിയിരുന്നു.

ഈ കാലഘട്ടത്തിൽ ചൈനയും കേരളവും തമ്മിൽ വിപുലമായ കച്ചവടം നടന്നു. കുരുമുളക്, ഏലം, തേങ്ങ, അടക്ക തുടങ്ങിയ സാധനങ്ങൾ ഇവിടെനിന്നും ചൈനയിലേക്ക് കയറ്റി അയച്ചപ്പോൾ ചീനപ്പട്ട്, ചീനക്കളിമൺപാത്രങ്ങൾ, ചെമ്പ്, രസം, ഈയം തുടങ്ങിയ സാധനങ്ങൾ ചൈനയിൽനിന്ന് കേരളത്തിലേക്ക് ഇറക്കുമതി ചെയ്തു. കേരളക്കരയിലെത്തിച്ചേർന്ന ചൈനീസ് സാധനങ്ങൾ അറബികൾ ഇവിടെ നിന്ന് വാങ്ങുകയും, യൂറോപ്പിൽ കൊണ്ടുപോയി വിൽക്കുകയും ചെയ്തു. ചൈനീസ് കപ്പൽ യാത്രക്കാരെ സംബന്ധിച്ചിടത്തോളം അവരുടെ അടുത്ത സ്ഥലമായിരുന്നു കേരളം. തേങ്ങ, അടക്ക തുടങ്ങിയ സാധനങ്ങൾ ചൈനക്കാർക്ക്

SGOU

കൂടുതൽ ആവശ്യമായി വന്നതിന്റെ ഫലമായി കേരളത്തിൽ ഇവ വാണിജ്യാടിസ്ഥാനത്തിൽ വ്യാപകമായി കൃഷിചെയ്തു തുടങ്ങി.

കൊല്ലം, കോഴിക്കോട്, പന്തലായനികൊല്ലം എന്നിവയായിരുന്നു ചൈനക്കാരെ ആകർഷിച്ച കേരളത്തിലെ അന്നത്തെ പ്രധാനകച്ചവടകേന്ദ്രങ്ങൾ. കൊല്ലത്ത് ചൈനക്കാർ സ്വയംഭരണം നടത്തിയിരുന്ന ഒരു ചീനത്താവളം ഉണ്ടായിരുന്നുവെന്ന് വിശ്വസിക്കപ്പെടുന്നു. പന്തലായനി കൊല്ലത്തെത്തുന്ന മുസ്ലീങ്ങളായ ചൈനീസ് വ്യാപാരികൾക്ക് മതപരമായ ചടങ്ങുകളാചരിക്കാനുള്ള സൗകര്യങ്ങൾ അവിടെ ഉണ്ടായിരുന്നു. പലപ്പോഴും ചീനക്കപ്പലുകൾ ഉത്തരകേരളത്തിലെ മാടായിയിലേക്കും ഏഴിമലയിലേക്കും യാത്ര ചെയ്യാറുണ്ടായിരുന്നു. ചൈനയും കേരളവും തമ്മിൽ നടന്നിരുന്ന വ്യാപാരത്തെക്കുറിച്ച് മാർക്കോപ്പോളോ രേഖപ്പെടുത്തുന്നുണ്ട്.

ചെറുതും ഇടത്തരവും വലുതുമായ ചീനക്കപ്പലുകൾ കേരളത്തിന്റെ തീരദേശതുറമുഖങ്ങളിൽ എത്തിച്ചേർന്നതായി ഇബ്നുബത്തൂത്ത പറയുന്നു. ഈ കപ്പലുകളിൽ വ്യാപാരികൾ, കപ്പൽ ജോലിക്കാർ, അവരുടെ കുടുംബാംഗങ്ങൾ എന്നിവർക്ക് പുറമേ, കടൽക്കൊള്ളക്കാരെയും മറ്റും നേരിടാനായി സൈനികരും ഉണ്ടായിരുന്നു. ചിലപ്പോൾ മൂന്നും അതിലധികവും കപ്പലുകൾ ഒന്നിച്ച് യാത്ര ചെയ്യാറുണ്ടായിരുന്നു. ചെങ്-ഹോ എന്ന ചൈനീസ് നാവികൻ കേരളക്കരയിൽ പതിനഞ്ചാം നൂറ്റാണ്ടിൽ എത്തിച്ചേർന്നത് കപ്പൽവ്യൂഹവുമായിട്ടായിരുന്നുവെന്ന് ചരിത്രരേഖകൾ വ്യക്തമാക്കുന്നു.

പതിനഞ്ചാം നൂറ്റാണ്ടിന്റെ ആദ്യശതകത്തിൽ കോഴിക്കോട്, കൊച്ചി, കൊല്ലം എന്നീ നഗരങ്ങൾ സന്ദർശിച്ച മാഹ്വാൻ എന്ന ചൈനീസ് വർത്തക സഞ്ചാരി കേരളക്കരയിലെ ചൈനീസ് വ്യാപാരത്തെക്കുറിച്ച് വിവരങ്ങൾ നൽകുന്നു. കൊച്ചി രാജ്യത്തെക്കുറിച്ച് ആദ്യമായി പരാമർശിച്ചത് മാഹ്വാൻ ആണെന്ന് കെ.പി. പദ്മനാഭമേനോൻ രേഖപ്പെടുത്തുന്നു. കൃഷിക്കാരിൽ നിന്നും, സമ്പന്നരായ ചെട്ടികൾ കുരുമുളക് സമാഹരിച്ച് പണ്ടകശാലകളിൽ സൂക്ഷിച്ച് ചൈനീസ് വ്യാപാരികൾക്ക് കൈമാറ്റം ചെയ്യുകയാണ് പതിവെന്ന് കൊല്ലത്തെ വ്യാപാരത്തെ ഉദാഹരിച്ചുകൊണ്ട് മാഹ്വാൻ പ്രസ്താവിക്കുന്നു. കോഴിക്കോട്ടെ കച്ചവടം ഉറപ്പിക്കുന്നതിൽ രാജകീയപ്രതിനിധികളുടെ സാന്നിധ്യം ഉണ്ടായിരുന്നുവെന്നും അദ്ദേഹം രേഖപ്പെടുത്തുന്നു.

പന്ത്രണ്ട്, പതിനാറ് നൂറ്റാണ്ടുകൾക്കിടയിലുള്ള കാലഘട്ടത്തിൽ കേരളക്കരയിലെ പ്രധാന വിദേശവ്യാപാരികളായ അറബികളും ചൈനക്കാരും പരസ്പരം സഹവർത്തിത്വത്തോടെയാണ് കഴിഞ്ഞുകൂടിയത്. എന്നാൽ പതിനഞ്ചാം നൂറ്റാണ്ടിന്റെ അവസാനത്തിൽ പോർച്ചുഗീസുകാർ വന്നെത്തിയതോടെ നിലവിലുണ്ടായിരുന്ന സൗഹൃദാന്തരീക്ഷം തകരുകയും കേരളത്തിന്റെ തീരപ്രദേശം സംഘർഷകലുഷിതമായിത്തീരുകയും ചെയ്തു. പോർച്ചുഗീസുകാരുടെ അതിക്രമങ്ങളെ നേരിടാൻ കഴിയാതെ ചൈനീസ്വ്യാപാരികൾ കേരളത്തീരത്തുനിന്നും അധികം താമസിയാതെ പിൻവാങ്ങി. അറബികൾ കുറച്ചുകാലം കൂടി പിടിച്ചുനിന്നെങ്കിലും പോർച്ചുഗീസുകാരുടെ മെച്ചപ്പെട്ട ആയുധങ്ങൾക്ക് മുൻപിൽ അവരും പരാജയം സമ്മതിക്കുകയാണുണ്ടായത്. പോർച്ചുഗീസ് ആധിപത്യം യാഥാർഥ്യമായിത്തീർന്നതോടെ നൂറ്റാണ്ടുകളോളം നിലനിന്നിരുന്ന അറബ് ചൈനീസ് വ്യാപാരം കേരളത്തിന് നഷ്ടപ്പെട്ടു. ചൈനക്കാരുമായുള്ള വ്യാപാരം കേരളത്തിന്റെ സാമ്പത്തികരംഗത്ത് മാത്രമല്ല, സാമൂഹിക സാംസ്കാരിക രംഗത്തും വമ്പിച്ച ചലനങ്ങൾ ഉണ്ടാക്കിയിരുന്നു.

### 1.1.4.2 പുതിയ അങ്ങാടികളുടെ വളർച്ച

കേരളത്തിൽ നിലവിലുണ്ടായിരുന്ന ചില നഗരങ്ങളുടെ വികസനത്തിനും പുതിയ കച്ചവടകേന്ദ്രങ്ങൾ അഥവാ അങ്ങാടികളുടെ വളർച്ചക്കും തുടർന്ന് ഉൾനാടുകളിൽ സംഭവിച്ചുകൊണ്ടിരുന്ന വികസനത്തിനും ഈ കാലഘട്ടം സാക്ഷിയായി. ഈ വികസനപ്രക്രിയയെക്കുറിച്ചുള്ള വിവരങ്ങൾ വിദേശസഞ്ചാരികളുടെ വിവരണങ്ങളിൽനിന്നും പ്രസ്തുതകാലഘട്ടത്തിൽ രചിക്കപ്പെട്ട മണിപ്രവാളകൃതികളിൽനിന്നും ലഭിക്കുന്നു. തുറമുഖനഗരങ്ങളിലെ വ്യാപാരം കൂടുതൽ ശക്തിപ്പെട്ടതോടെ, വിദേശങ്ങളിലേക്ക് കയറ്റിഅയക്കാനായി ഉൾനാടുക

ളിലെ കൃഷി വികസിപ്പിക്കേണ്ടത് അനിവാര്യമായിത്തീർന്നു. ഇതോടെ ഉൾനാടുകളിൽ കൃഷി വികസിക്കുകയും ഒരു പുതിയ സാമ്പത്തികക്രമം ഉയർന്നുവരികയും ചെയ്തു.

പ്രകൃതിദത്ത സൗകര്യങ്ങളാൽ അനുഗ്രഹിക്കപ്പെട്ട കൊല്ലം നഗരം വേണാട് സ്വരൂപത്തിന്റെ കീഴിൽ വളർന്നുവന്നു. ചൈനീസ് കപ്പലുകൾക്ക് കേരളക്കരയിൽ ആദ്യമായി എത്തിച്ചേരാവുന്ന തുറമുഖമായിരുന്നു കൊല്ലം. നഗരത്തിൽ വിറ്റഴിക്കപ്പെട്ട കുരുമുളിന്റെയും മറ്റ് വസ്തുക്കളുടെയും ഉല്പാദനം നടത്തിയിരുന്ന ഉൾനാടുകളെ കൊല്ലവുമായി യോജിപ്പിച്ചിരുന്നത് വിശാലമായ അഷ്ടമുടിക്കായലായിരുന്നു. കടൽവഴിയും കരവഴിയും ഉൾനാടുകളിൽനിന്നും സാധനങ്ങൾ കൊല്ലത്തെത്തിക്കുക എളുപ്പമായിരുന്നു. പതിമൂന്ന് പതിനഞ്ച് നൂറ്റാണ്ടുകളിൽ കൊല്ലത്തെത്തിച്ചേർന്ന വ്യാപാരികൾക്ക് കുരുമുളകിന്റെ ആവശ്യം വർധിച്ചതോടെ ഉൾനാടുകളിൽ കുരുമുളകിന്റെ ഉല്പാദനം വർധിപ്പിച്ചു. ഇത് ഉൾനാടുകളുടെ വികസനത്തിന് കാരണമായിത്തീർന്നു. കൊല്ലം നഗരത്തിനുപുറത്തുള്ള സ്ഥലങ്ങളിലെ വിളഞ്ഞുനിൽക്കുന്ന കുരുമുളകിനെക്കുറിച്ച് വിദേശസഞ്ചാരികൾ വിവരണങ്ങൾ നൽകിയിട്ടുമുണ്ട്. പൂത്തിടം, മുച്ചന്തി തുടങ്ങിയ ചെറിയ അങ്ങാടികളെക്കുറിച്ചുള്ള വർണ്ണനകൾ ഉണ്ണുനീലിസന്ദേശത്തിൽ കാണാം.

പെരുമാൾകാലഘട്ടത്തിനുശേഷം ഉയർന്നുവരികയും, വളർച്ചപ്രാപിക്കുകയും ചെയ്ത നഗരമാണ് കോഴിക്കോട്. ഇബ്നുബത്തൂത്തയും മാഹ്വാനും കോഴിക്കോട് തുറമുഖത്തുണ്ടായിരുന്ന സമ്പന്നമായ വ്യാപാരത്തെക്കുറിച്ച് പറയുന്നുണ്ട്. കോഴിക്കോട്ടെ മലഞ്ചരക്കുകളുടെ വ്യാപാരം കൂടുതൽ വികസിതമായതോടെ വയനാട്ടിൽ നിന്നും കോഴിക്കോട്ടേക്കു വരുന്ന മാർഗങ്ങളിൽ ചെറിയ കച്ചവടകേന്ദ്രങ്ങൾ ഉയർന്നുവന്നിരുന്നു. കോഴിക്കോടിന്റെ ഉൾനാടൻ പ്രദേശങ്ങളിൽ കുരുമുളകിന്റെയും നാളികേരത്തിന്റെയും ഉത്പാദനം വർധിച്ചതും ഈ കാലഘട്ടത്തിലായിരുന്നു. ഇബ്നുബത്തൂത്തയുടെ വിവരണങ്ങളിൽനിന്നും പന്തലായനികൊല്ലം, പുതുപട്ടണം, വളപട്ടണം തുടങ്ങിയവയെക്കുറിച്ചുള്ള പരാമർശങ്ങൾ ലഭിക്കുന്നു. പഴയ നഗരമായിരുന്ന കൊടുങ്ങല്ലൂരിനെക്കുറിച്ച് മണിപ്രവാളകാവ്യങ്ങളിൽ പരാമർശിക്കുന്നുണ്ട്. പെരുമ്പടപ്പ് സ്വരൂപത്തിന്റെ ആസ്ഥാനമായും കൊടുങ്ങല്ലൂർ വിശേഷിപ്പിക്കപ്പെടുന്നുണ്ട്. ക്ലാസിക്കൽ കാലഘട്ടംമുതൽ (മുസ്സിരിസ്) മധ്യകാലഘട്ടംവരെ പ്രതാപം നഷ്ടപ്പെടാതെനിന്ന കേരളത്തിലെ ഒരേഒരു നഗരം കൊടുങ്ങല്ലൂരായിരുന്നു. മണിപ്രവാളകാവ്യങ്ങളിൽ അതീവപ്രാധാന്യത്തോടെ വിവരിക്കപ്പെടുന്ന ഒരു നഗരമാണ് തൃക്കണാമതിലകമെങ്കിലും, പുരാവസ്തുഖനനത്തിൽ ഇത്തരമൊരു നഗരത്തിന്റെ അവശിഷ്ടങ്ങളൊന്നും അവിടെനിന്നും കണ്ടെടുക്കാൻ കഴിഞ്ഞിട്ടില്ല

മണിപ്രവാളകാവ്യങ്ങളിൽ വർണ്ണിക്കപ്പെടുന്ന ഒരു അങ്ങാടിയാണ് ആനയാർചിറ. വള്ളുവനാട്ടിലെ ഈ നഗരത്തിൽ വില്പനക്കുവച്ചിരിക്കുന്ന സാധനങ്ങളെക്കുറിച്ചുള്ള വർണ്ണനകളും കാവ്യങ്ങളിൽ കാണാം. ചൈനക്കാരും, അറബികളുമായ സഞ്ചാരികളുടെ വിവരണങ്ങളിൽ കൊച്ചിനഗരത്തിന്റെ വാണിജ്യപ്രാധാന്യത്തെക്കുറിച്ച് ഒരേകദേശരൂപം ലഭിക്കുന്നു. കൊച്ചിയിലെത്തുന്ന ചൈനീസ് കപ്പലുകളെക്കുറിച്ചും, കൊച്ചി തുറമുഖത്തിലെ സൗകര്യങ്ങളെക്കുറിച്ചും മാഹ്വാൻ വിവരിക്കുന്നുണ്ട്. തെക്കൻ കേരളത്തിലെ മറ്റം, ശ്രീപർവതം തുടങ്ങിയ നഗരങ്ങളെക്കുറിച്ചുള്ള വർണ്ണനകളും മണിപ്രവാളകാവ്യങ്ങളിൽ കാണപ്പെടുന്നു.

പതിനാലാം ശതകത്തിൽ രചിക്കപ്പെട്ട മണിപ്രവാളകൃതിയായ അനന്തപുരവർണ്ണനം, പേരു സൂചിപ്പിക്കുന്നപോലെ അനന്തപുരം അങ്ങാടിയെക്കുറിച്ചുള്ള വർണ്ണനയാണ്. പ്രത്യേക വസ്തുക്കൾക്ക് പ്രത്യേകം തെരുവുകളുണ്ടായിരുന്ന അനന്തപുരംഅങ്ങാടി തിരുവനന്തപുരത്തെ പത്മനാഭസ്വാമിക്ഷേത്രത്തിന് കിഴക്കുവശത്തായിട്ടായിരുന്നു സ്ഥിതിചെയ്തിരുന്നത്. കലിംഗർ, ചോനകർ, ചോഴിയർ, കുടയാരിയർ, തുലിംഗർ തുടങ്ങിയ കച്ചവടക്കാരായ വിവിധവിഭാഗങ്ങളെക്കുറിച്ചും, സാധനങ്ങളെക്കുറിച്ചും കൈമാറുന്ന നാണയങ്ങളെക്കുറിച്ചും ഈ കൃതി വിശദമായ വിവരങ്ങൾ നൽകുന്നു. വെറ്റില, അടക്ക, നെല്ല്, മറ്റ് ധാന്യങ്ങൾ, തേങ്ങ, മത്സ്യം, ആഭരണങ്ങൾ

SGOU



SREENARAYANAGURU OPEN UNIVERSITY

എന്നിങ്ങനെ നിരവധിവസ്തുക്കൾ അങ്ങാടിയിൽ കാണാൻ കഴിയുന്നതായി അജ്ഞാതനായ ഗ്രന്ഥകർത്താവ് വിവരിക്കുന്നുണ്ട്.

നഗരങ്ങളിലെ വാണിജ്യവളർച്ചയുടെ ഭാഗമായിട്ടാണ് ഉൾനാടുകളിൽ വികസനപ്രക്രിയ നടന്നത്. ഉൾനാടുകളിൽ ഉത്പാദിപ്പിക്കപ്പെടുന്ന സാധനങ്ങൾ ചെറുകിട അങ്ങാടികളിൽ അവ സമാഹരിക്കപ്പെടുകയും തുറമുഖനഗരങ്ങളിൽ എത്തിക്കുകയും ചെയ്യുന്നു. തുറമുഖ നഗരങ്ങളിൽനിന്നും അവവാങ്ങി വിദേശവ്യാപാരികൾ കച്ചവടം ചെയ്യുന്നു. ഉൾനാടുകളിൽനിന്നും സാധനങ്ങൾ തുറമുഖനഗരങ്ങളിലേക്ക് എളുപ്പത്തിൽ എത്തിക്കാൻ പറ്റിയ പ്രകൃതിദത്തമായ പരിസ്ഥിതിപരമായ സാഹചര്യങ്ങൾ അന്ന് കേരളത്തിനുണ്ടായിരുന്നതാണ് ഇതിനുകാരണം. നെടുകേയും കുറുകേയും ഒഴുകുന്ന അനവധി നദികളും, വിശാലമായ കായലുകളും, സാധനങ്ങളുടെ സഞ്ചാരം സുഗമമാക്കിത്തീർത്തു. അറബി, ചൈനീസ് വാണിജ്യപ്രവർത്തനങ്ങൾ കൂടുതൽ വിപുലമായതിനെത്തുടർന്ന് ഉൾനാടൻ പ്രദേശങ്ങളിലെ ഉത്പാദനം വർധിപ്പിക്കേണ്ടത് ആവശ്യമായിത്തീർന്നു. സ്വന്തം ആവശ്യങ്ങൾക്കുവേണ്ടിമാത്രം ഉല്പാദിപ്പിക്കുക എന്ന അവസ്ഥയിൽനിന്നും ഉൾനാടൻ കർഷകൻ വാണിജ്യത്തിനുവേണ്ടിയും ഉത്പാദിപ്പിക്കാൻ തുടങ്ങി. ഇതോടെ ധാന്യങ്ങളേക്കാൾ കൂടുതൽ പ്രാധാന്യം നാണ്യവിളകളുടെ ഉത്പാദനത്തിന് നൽകപ്പെട്ടു. കൂടുതൽ ഭൂമി കൃഷിക്ക് ഉപയുക്തമാക്കപ്പെടുകയും, കൂടുതൽ അധിവാസ കേന്ദ്രങ്ങൾ സ്ഥാപിക്കപ്പെടുകയും ചെയ്തതോടെ പുതിയ സാമ്പത്തികക്രമത്തിൽ കേരളം എത്തിച്ചേർന്നു. ലോകകമ്പോളവുമായി അത് നിരന്തരം ബന്ധപ്പെടാൻ തുടങ്ങി.

## 1.1.5 കോഴിക്കോട് - കൊച്ചി യുദ്ധങ്ങൾ

ഉൾനാടുകളിലെ കാർഷികവികസനവും വിദേശവാണിജ്യങ്ങളും ചില നാടുവാഴികളെ സമ്പന്നരാക്കിത്തീർത്തു. തുടർന്ന് അധികാരകേന്ദ്രീകരണം ശക്തിപ്പെടുത്തിയ നാടുവാഴികൾ അയൽപ്രദേശങ്ങളെ ആക്രമിച്ച് കീഴടക്കിക്കൊണ്ട് അധികാരവിപുലീകരണ ശ്രമങ്ങൾ ആരംഭിച്ചു. വള്ളുവനാട്ടിനെ ആക്രമിച്ച് കീഴടക്കുകയും മാമാങ്കമഹോത്സവത്തിന്റെ രക്ഷാപുരുഷസ്ഥാനം നേടിയെടുക്കുകയും ചെയ്തതോടെ കേരളക്കരയിലെ ഏറ്റവും പ്രധാനപ്പെട്ട രാജാവ് എന്ന ബഹുമതി സ്വയം സ്വീകരിച്ച് കോഴിക്കോട് സാമൂതിരി, കൊച്ചിയിലെ ഭരണാധികാരിയെ സ്വന്തം അധീനതയിൽ കൊണ്ടുവരാൻ ശ്രമങ്ങൾ ആരംഭിച്ചു. ഇത് കോഴിക്കോടും കൊച്ചിയും തമ്മിലുള്ള യുദ്ധങ്ങൾക്ക് വഴിയൊരുക്കുകയും പിൽക്കാലത്ത് കേരളത്തിലെത്തിച്ചേർന്ന യൂറോപ്യൻശക്തികൾക്ക് മേധാവിത്വം സ്ഥാപിക്കാൻ സഹായകമായിത്തീരുകയും ചെയ്തു. ലോകത്തെവിടെയുമുള്ള ഫ്യൂഡൽ സമൂഹങ്ങളിൽ സംഭവിച്ചതുപോലെ കേരളത്തിലും ഈ പ്രാദേശിക ഭരണാധികാരികൾ ഭ്രാതൃഹത്യാപരമായ സംഘട്ടനങ്ങളിൽ ഏർപ്പെടുകയാണുണ്ടായത്.

കോഴിക്കോടും, കൊച്ചിയും തമ്മിൽ നടന്ന യുദ്ധങ്ങളിൽ സാമൂതിരിക്കായിരുന്നു മുൻതൂക്കം. ഇതിന് പ്രധാനകാരണം അറബികൾ സാമൂതിരിക്ക് നൽകിയ ആയുധ,സാമ്പത്തിക സഹായങ്ങൾ ആയിരുന്നു. കൊച്ചിഭരണവംശത്തിൽ നിലനിന്നിരുന്ന അധികാര അവകാശ മത്സരങ്ങളും സാമൂതിരിക്ക് സഹായകമായിത്തീരുകയാണുണ്ടായത്. കൊച്ചിയും, കോഴിക്കോടും തമ്മിൽ നടന്ന യുദ്ധങ്ങളിൽ ഭരണാധികാരികൾക്ക് പുറമെ ജനങ്ങളും ഇരുവിഭാഗങ്ങളിലായി വിഭജിച്ചു നിൽക്കുകയാണുണ്ടായത്. രാഷ്ട്രീയ സാമ്പത്തിക സാമൂഹ്യമണ്ഡലങ്ങളിൽ ശക്തമായ മേധാവിത്വം നിലനിർത്തിയിരുന്ന ബ്രാഹ്മണസമൂഹം രണ്ടുവിഭാഗങ്ങളായി വേർതിരിയുകയും കൊച്ചിയുടെയും, കോഴിക്കോടിന്റെയും ഭാഗങ്ങളിൽ നിലയുറപ്പിക്കുകയും ചെയ്തു.

മധ്യകാല കേരളത്തിൽ നമ്പൂതിരി ബ്രാഹ്മണന്മാർ ചേരിതിരിഞ്ഞ് കലഹം നടത്തിയിരുന്നത് ചൊവ്വരം പന്നിയൂർ സംഘർഷം എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. പെരുമാൾ വാഴ്ചയുടെ കാലത്ത് കേരളത്തിൽ ഉയർന്നുവന്ന രണ്ടു പ്രധാന വിഭാഗങ്ങൾ ആയിരുന്നു ചൊവ്വരവും പന്നിയൂരും. പന്നിയൂർ ഗ്രാമത്തിലെയും ചൊവ്വരം (ചോകിരം, ശുകപുരം) ഗ്രാമത്തിലെയും

SGOU

നമ്പൂതിരിമാർ തമ്മിൽ ആരംഭിച്ച 'കൂറുമത്സരം' രണ്ട് ഗ്രാമക്കാർ തമ്മിലുള്ള അഭിപ്രായവ്യത്യാസമായാണ് ആരംഭിച്ചതെങ്കിലും ക്രമേണ അത് കേരളത്തിലെ എല്ലാ ബ്രഹ്മണന്മാരും പങ്കെടുത്ത മത്സരമായിത്തീരുകയാണുണ്ടായത്. വേദശാസ്ത്രങ്ങളിൽ പ്രഥമസ്ഥാനം കരസ്ഥമാക്കാൻ പട്ടാമ്പിയിലെ പന്നിയൂർ ഗ്രാമക്കാരും പൊന്നാനിയിലെ ചൊവ്വരം ഗ്രാമക്കാരും പരസ്പരം മത്സരത്തിലായിരുന്നു. ക്രി. 1225-ലെ വീരരാഘവപട്ടയത്തിൽ സാക്ഷികളായി ഒപ്പുവെച്ചവരെന്ന നിലയിൽ ഈ രണ്ടു വിഭാഗക്കാരും കേരളീയ ബ്രാഹ്മണരുടെ മേധാവിത്വത്തിന് വേണ്ടിയുള്ള മത്സരം തുടർന്നു.

പതിമൂന്നാം നൂറ്റാണ്ടിൽ പന്നിയൂർ ഗ്രാമക്കാർ ഒരു ക്ഷേത്രം നിർമ്മിച്ച് അതിൽ ശിവനെ പ്രതിഷ്ഠിക്കാൻ വേണ്ടി ഒരുക്കങ്ങൾ നടത്തിക്കൊണ്ടിരിക്കെ, ചൊവ്വരം വിഭാഗക്കാർ ക്ഷേത്രം തീവച്ച് നശിപ്പിക്കുകയും ശിവലിംഗം കട്ടെടുത്ത് കൊണ്ടുപോവുകയും ചെയ്തു. പന്നിയൂർ വിഭാഗക്കാർ സാമൂതിരിയോട് സഹായാഭ്യർഥന നടത്തി. വള്ളുവനാടിനെ ആക്രമിക്കാൻ അവസരം പാർത്ത് കഴിയുകയായിരുന്ന സാമൂതിരി പന്നിയൂർ വിഭാഗക്കാരുടെ സഹായാഭ്യർഥനസ്വീകരിക്കുകയുംവള്ളുവനാട് ആക്രമിച്ച് കീഴടക്കുകയും ചെയ്തു. ഇതോടെ ഒരു ഗ്രാമീണ കലഹമായി ഉയർന്നുവന്ന ചൊവ്വരം പന്നിയൂർ സംഘർഷം കേരളത്തിലെ പ്രധാനമായ ഒരു രാഷ്ട്രീയമത്സരത്തിന് വഴിയൊരുക്കി.

തലപ്പള്ളി കീഴടക്കിമുന്നേറിയ കോഴിക്കോടൻ സൈന്യം കൊച്ചിയുടെ ഭാഗങ്ങളായിരുന്ന പെരുമ്പടപ്പ്, പൂക്കൈത, ചിത്രകൂടം എന്നീ സ്ഥലങ്ങളും ആക്രമിച്ചു കീഴടക്കി. തുടർന്ന് 1365-ൽ കൊടുവായൂരിലെത്തിച്ചേർന്ന കോഴിക്കോട് സൈന്യം, കൊടുവായൂർ കേന്ദ്രമാക്കിക്കൊണ്ട് പാലക്കാട് ആക്രമിച്ച് കീഴടക്കി. കൊച്ചിയുടെ ആസ്ഥാനമായ കൊച്ചിനഗരം കീഴടക്കുകയായിരുന്നു കോഴിക്കോടിന്റെ അടുത്തലക്ഷ്യം. ഇടപ്പള്ളി നാടുവാഴിയുടെ സഹായത്തോടെ സാമൂതിരി കൊച്ചിരാജ്യം ആക്രമിച്ച് കീഴടക്കി. ഇതോടെ കൊച്ചിയിലെ ഭരണാധികാരി സാമൂതിരിയുടെ മേൽക്കോയ്മ അംഗീകരിക്കാൻ നിർബന്ധിതനായിത്തീർന്നു.

വർഷംതോറും സാമൂതിരിക്ക് ഒരു നിശ്ചിത തുക കപ്പംകൊടുക്കാമെന്ന് കൊച്ചിരാജാവ് സമ്മതിച്ചു. കൂടാതെ സാമൂതിരി ആവശ്യപ്പെടുമ്പോൾ സൈന്യത്തെ അയച്ചുകൊടുക്കാമെന്നും കൊച്ചിയിൽനിന്നും കയറ്റുമതി ചെയ്യുന്ന കുരുമുളക് തുടങ്ങിയ സാധനങ്ങൾ കോഴിക്കോട് തുറമുഖത്തോടുകൂടി മാത്രമെ വ്യാപാരം നടത്തുകയുള്ളുവെന്നും കൊച്ചിരാജാവ് സമ്മതിച്ചു. കൊച്ചിയിലെ ഭരണാധികാരി കീഴടങ്ങിയതോടെ അദ്ദേഹത്തിന്റെ സാമന്തന്മാരായ ചെറുകിട നാടുവാഴികളും സാമൂതിരിയുടെ മേൽക്കോയ്മ അംഗീകരിച്ചു. പതിനഞ്ചാം നൂറ്റാണ്ടായപ്പോഴേക്കും കേരളത്തിലെ അന്നത്തെ ഏറ്റവും വലിയ പ്രദേശത്തിന്റെ ഭരണാധികാരിയായിത്തീരാൻ സാമൂതിരിക്ക് കഴിഞ്ഞു. കേരളത്തിലെ ഒട്ടുമുക്കാൽ പ്രദേശങ്ങളും അധീനതയിലാക്കിയ സാമൂതിരിയുടെ പ്രതാപകാലഘട്ടത്തിലാണ് പോർച്ചുഗീസുകാർ കേരളത്തിലെത്തിച്ചേരുന്നത്.

## 1.1.6 ജന്മിസമ്പ്രദായം

മധ്യകാല കേരളീയസമൂഹത്തിന്റെ ഒരു പ്രധാന സവിശേഷതയായിരുന്നു ജന്മിസമ്പ്രദായം. 'ജന്മി' എന്ന വാക്കിന്റെ അർഥം 'ഭൂപ്രഭു' എന്നാണ്. നമ്പൂതിരി ബ്രാഹ്മണന്മാർ മേധാവികളായ ജന്മിസമ്പ്രദായത്തിൽ അധിഷ്ഠിതമായിരുന്നു മധ്യകാല കേരളീയസമൂഹം എന്ന് പ്രൊ. ഇളംകുളം രേഖപ്പെടുത്തുന്നുണ്ട്. അദ്ദേഹത്തിന്റെ വീക്ഷണത്തിൽ പതിനൊന്നാം നൂറ്റാണ്ടിലെ, ചേരചോള യുദ്ധത്തിന്റെ ഫലമായാണ് കേരളത്തിൽ ജാതിസമ്പ്രദായം രൂപപ്പെട്ടത്. രാജ്യത്തിന്റെ സകലവിഭവങ്ങളും യുദ്ധത്തിനുവേണ്ടി വിനിയോഗിക്കപ്പെട്ടു. സമൂഹത്തിലെ ഭൂരിഭാഗം ജനങ്ങളും പ്രത്യക്ഷമായോ പരോക്ഷമായോ യുദ്ധവുമായി ബന്ധപ്പെട്ടു. ഈയവസരം വിജയകരമായി ചൂഷണംചെയ്ത നമ്പൂതിരിമാർ ഭൂസ്വത്ത് വിശേഷിച്ചും ദേവസ്വംഭൂമി സ്വന്തം നിയന്ത്രണത്തിലും, മേധാവിത്വത്തിലും കൊണ്ടുവന്നു. യുദ്ധത്തിനു പോകേണ്ടിവന്ന ചെറുകിടഭൂവുടമകളും, കുടിയാന്മാരും അവരുടെ ഭൂമി, ഒന്നുകിൽ നമ്പൂതിരിമാർക്കോ, അല്ലെങ്കിൽ ക്ഷേത്രങ്ങൾക്കോ ഏൽപ്പിച്ചുകൊടുത്തു. ദേവസ്വം, ബ്രഹ്മസ്വം ഭൂമി ആക്രമിക്കാനോ, നശിപ്പി

SGOU

ക്കാനോ ശത്രുസൈന്യങ്ങൾക്ക് കഴിയില്ലെന്ന തായിരുന്നു പൊതുവെ നിലവിലുണ്ടായിരുന്ന വിശ്വാസം. കൂടാതെ ബ്രഹ്മസ്വം, ദേവസ്വംഭൂമി നികുതിനൽകുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടി രുന്നു. ഈ പശ്ചാത്തലത്തിലാണ് മധ്യകാല കേ രളത്തിൽ ജന്മിസമ്പ്രദായം രൂപം കൊണ്ടത്.

ചില ആധുനിക ചരിത്രകാരന്മാർ, ജന്മി സമ്പ്രദായത്തെ 'ഊരാളർ സമ്പ്രദായം' അഥ വാ 'കാരാളർ സമ്പ്രദായം' എന്ന പേരിലാണ് വിശേഷിപ്പിക്കുന്നത്. ദേവസ്വം ബ്രഹ്മസ്വംഭൂ മിയുടെ ഉടമസ്ഥന്മാരായിരുന്നു ഊരാളന്മാർ. കാർഷികസമ്പ്രദായത്തിലെ മധ്യവർത്തികളാ യിരുന്നു കാരാളന്മാർ. ഇന്ത്യയിലുടനീളം ഫ്യൂ ഡൽ സമ്പ്രദായത്തിന്റെ വളർച്ച, ഭരണാധികാ രികൾ ബ്രാഹ്മണന്മാർക്കും സമൂഹത്തിലെ മറ്റ് ഉന്നതസ്ഥാനീയർക്കും നൽകിയ ഭൂദാനവുമാ യി ബന്ധപ്പെട്ടതാണ്. എന്നാൽ, കേരളത്തിലെ ഭൂപ്രഭുത്വത്തിന്റെ വളർച്ച ഇതിൽനിന്നും വ്യത്യ സ്ഥമാണ്. കേരളത്തിൽ ഭൂമി കൃഷിക്കുപയു ക്തമാക്കിയതും, കാർഷികവികസനം നടത്തിയ തും ബ്രാഹ്മണരുടെ അധിവാസവ്യാപനത്തിന്റെ ഫലമായാണ്. സ്വാഭാവികമായും കൂടുതൽ ഭൂമി കൃഷിക്ക് ഉപയുക്തമാക്കിയ ബ്രാഹ്മണന്മാർ അതിന്റെ അധിപന്മാരുമായി. സമൂഹത്തിൽ സാമൂഹികവും, പ്രത്യയശാസ്ത്രപരവുമായ മേധാവിത്വം നേടിയെടുക്കാനായി നമ്പൂതിരി മാർ ക്ഷേത്രങ്ങളെ സാമൂഹികജീവിതത്തിന്റെ കേന്ദ്രങ്ങളാക്കി മാറ്റി. അവർ സ്വന്തം ഉടമസ്ഥത യിലുള്ള ഭൂമിയുടെ ഒരു ഭാഗം ക്ഷേത്രങ്ങൾക്ക് നല്കി. ക്ഷേത്രഭൂമി ദേവസ്വം ഭൂമി എന്നപേരി ലും അറിയപ്പെട്ടു. കാലക്രമേണ ക്ഷേത്രങ്ങൾ കേരളത്തിലെ ഏറ്റവും വലിയ ഭൂവുടമകളായി മാറി.

ദേവസ്വംഭൂമിയുടെ ഉടമസ്ഥതയും നമ്പൂതിരി മാരുടെ കൈകളിലായി. ഇതോടെ പ്രായോഗിക തലത്തിൽ ദേവസ്വംഭൂമിയും, ബ്രഹ്മസ്വംഭൂമി യും നമ്പൂതിരിമാരുടെ ഉടമസ്ഥതയിലായിത്തീർ ന്നു. ഈ ഉടമസ്ഥരാണ് ഊരാളന്മാർ എന്ന റിയപ്പെട്ടത്. ഊരാളന്മാരിൽനിന്നും, കൃഷി ചെയ്യാൻവേണ്ടി ഭൂമി പാട്ടത്തിന് എടുത്തവർ കാരാളന്മാരായി. എന്നാൽ, കാരളന്മാർ നേരിട്ട് കൃഷിപ്പണിയിൽ ഏർപ്പെട്ടിരുന്നില്ല. അവർ മറ്റു ള്ളവരെക്കൊണ്ട് കൃഷി ചെയ്യിച്ചു. മധ്യകാല കേരളത്തിലെ ഫ്യൂഡൽവ്യവസ്ഥയുടെ പ്രധാന ഘടകങ്ങളായത് ഊരാളന്മാരും കാരാളന്മാരു മാണ്. ചേരരാജ്യത്തിന്റെ വിഘടനത്തെത്തു ടർന്ന് സംജാതമായ അരാജകകാലഘട്ടത്തിൽ പ്രസ്തുത ഊരാളർ കാരാളർ ബന്ധം സുദൃഢ മാവുകയും, സമൂഹത്തിൽ ഈ കൂട്ടുകെട്ടിന്റെ മേധാവിത്വം ശക്തമാവുകയും ചെയ്തു. ഊ രാളരും, കാരാളരും, കർഷകനും, കൈത്തൊഴിൽ വിദഗ്ദ്ധനും ചേർന്ന ശ്രേണീബദ്ധമായ ഫ്യൂഡൽ സമൂഹരൂപീകരണം മധ്യകാലകേരള ത്തിൽ പ്രകടമായി. ഭൗതികപദവികൾ ആചാരാ നുഷ്ഠാനത്തിലധിഷ്ഠിതമായ സാമൂഹികപദവി കളുമായി ഒത്തു ചേർന്നപ്പോൾ കേരളത്തിലെ ഫ്യൂഡൽബന്ധങ്ങൾ പുതിയമാനങ്ങളിലേക്കു യർന്നു.

മധ്യകാലകേരളത്തിലെ കാർഷികഘടന യിൽ സംഭവിച്ച ശ്രദ്ധേയമായൊരു സംഭവവി കാസമാണ് മധ്യവർത്തിവിഭാഗത്തിന്റെ അത്ഭു തപൂർവമായ വളർച്ച. ഗണമേധാവികൾ എന്ന നിലയിൽ ദേവസ്വംഭൂമിയുടെയും അവകാശിക ളായ ബ്രാഹ്മണർ അഥവാ ഊരാളർ അവരുടെ കീഴിലുണ്ടായിരുന്ന ഭൂമി, കാരാളർക്ക് പാട്ടത്തി ന് നൽകുകയാണുണ്ടായത്. കാരാളർ പണിയാ ളരുടെയും, ഉടമകളുടെയും ഉത്പാദനബന്ധ ങ്ങൾക്കിടയിൽ ഒരു മധ്യവർത്തിവിഭാഗമായി ശക്തിപ്രാപിച്ചു. തൊഴിൽകൂട്ടായ്മകളുമായും പണിയാളരുമായും നേരിട്ട് ബന്ധപ്പെട്ട് കാരാളർ വിഭാഗം അധ്വാനിക്കുന്ന വിഭാഗത്തിൽനിന്നും വിഭവങ്ങൾ സമാഹരിക്കുകയും, അതിന്റെ ഒരു നിശ്ചിതശതമാനം ഊരാളർക്കുനൽകി ശേഷിച്ച ഭൂരിഭാഗം വിഭവങ്ങളും സ്വന്തമാക്കി വയ്ക്കുക യും ചെയ്തു. ഇതോടെ മധ്യവർത്തിവിഭാഗങ്ങൾ സാമ്പത്തിക്കമായി ഉന്നമനം നേടുകയും ബ്രാഹ്മ ണരോടടുത്ത് നിൽക്കുകയും ചെയ്തു. കാരാളർ ഉടമകൾക്ക് കൊടുത്തിരുന്ന വിഭവഭാഗം അറിയ പ്പെട്ടിരുന്നത് മേൽവാരം, പാട്ടം എന്നീ പേരുകളി ലായിരുന്നു.

ബ്രാഹ്മണന്മാർ ഒരുക്കിയെടുത്ത കൃഷിഭൂ മികളിൽ താമസിച്ച് കൃഷിചെയ്തിരുന്ന ഒരു വിഭാഗം ആദിവാസിജനത, കാലക്രമേണ പട്ടാളച്ചിട്ടയും കളരിഅഭ്യാസവും പഠിച്ച് ഭൂമി



SGOU

യുടെയും ബ്രാഹ്മണരുടെയും സംരക്ഷണവിഭാഗമായി ഉയരുകയും ചെയ്തു. പിൽക്കാലത്ത് ബ്രാഹ്മണർക്കുവേണ്ടി പണിയാളരെക്കൊണ്ട് ജോലി ചെയ്യിക്കുന്ന ഒരു മധ്യവർത്തി വിഭാഗമായിത്തീർന്ന നായന്മാരായിരുന്നു കാരാളർ. സമൂഹത്തിലെ ഭൂരിഭാഗം വരുന്ന അധ്വാനിക്കുന്ന ജനവിഭാഗത്തെ ബ്രാഹ്മണഊരാളരിൽനിന്നും അകറ്റിനിർത്തുകയും അതേസമയം ഉടമയെയും അടിയാളരെയും തമ്മിൽ ബന്ധിപ്പിക്കുന്ന കണ്ണിയായി മാറാനും കാരാളരായ നായന്മാർക്ക് കഴിഞ്ഞു. ഉത്പാദനമിച്ചം അനുഭവിച്ചുകൊണ്ട് ബ്രാഹ്മണന്മാർ അലസജീവിതം നയിക്കാൻ തുടങ്ങിയതോടെ നമ്പൂതിരിമാരുടെ മേൽക്കോയ്മ അംഗീകരിച്ചുകൊണ്ടുതന്നെ നായന്മാരായ കാരാളന്മാർ സമൂഹത്തിന്റെയും ഭൂമിയുടെയും സംരക്ഷണ ചുമതല സ്വയം ഏറ്റെടുക്കുകയാണുണ്ടായത്.

ആദിവാസിവർഗങ്ങൾക്കിടയിൽ നിലവിലുണ്ടായിരുന്ന സവിശേഷാചാരമായ മരുമക്കത്തായസമ്പ്രദായം പാലിച്ചുവന്നിരുന്ന നായന്മാർ അവരുടെ സ്ത്രീകളും നമ്പൂതിരിയുമായുള്ള സംബന്ധത്തിന് അനുമതിനൽകുകയും അതുവഴി നമ്പൂതിരിയുമായി കൂടുതൽ അടുപ്പം സ്ഥാപിക്കുകയും ചെയ്തു. ഇതോടെ കാരാളരായ നായന്മാരുടെ സാമൂഹ്യപദവി ഉയർന്നുവന്നു. കാരാളന്മാർ സമൂഹത്തിലെ സാമ്പത്തികസാമൂഹിക മേൽക്കോയ്മ നേടിയെടുത്തതോടെ മധ്യകാലകേരളത്തിൽ നായർ നമ്പൂതിരി കൂട്ടുമേധാവിത്വം രാഷ്ട്രീയ സാമൂഹികമേഖലകളിൽ ഒരു യാഥാർഥ്യമായി തീരുകയും ചെയ്തു. സംബന്ധബന്ധത്തിലേർപ്പെട്ട നായർസ്ത്രീകളെ സന്തോഷിപ്പിക്കാനായി ബ്രാഹ്മണന്മാർ പലതരത്തിലുള്ള ആനുകൂല്യങ്ങളും നൽകി. ഈ ജന്മിമാർ നൽകിയ ആനുകൂല്യങ്ങൾ മുതലെടുത്ത നായർ മധ്യവർത്തികൾ ഭൂമിയിൽ അവർക്കുണ്ടായിരുന്ന പ്രത്യേക അവകാശങ്ങളെ ശക്തിപ്പെടുത്തുകയാണുണ്ടായത്. ചെറുകിട കുടിയാന്മാരിൽനിന്നും പണിയാളരിൽനിന്നും വിഭവസമാഹരണം നടത്തിയ കാരാളന്മാരായ നായന്മാർ, ബ്രാഹ്മണന്മാരുടെ അധികാരങ്ങൾ സ്വായത്തമാക്കിത്തുടങ്ങി. പതിനാല്, പതിനഞ്ച് നൂറ്റാണ്ടുകളിൽ കാർഷികവ്യവസ്ഥയിലെ മധ്യവർത്തികളായ നായന്മാർ, ബ്രാഹ്മണന്മാരുടെ മേൽവിലാസത്തിൽ അധികാരം സാവധാനത്തിൽ സ്വന്തം കൈകളിൽ ഒതുക്കിനിർത്തി.

ഊരാളന്റെ ഉടമാവകാശത്തിന് കോട്ടം തട്ടിക്കാതെത്തന്നെ കൃഷിഭൂമിയുടെ താൽക്കാലിക നിയന്ത്രണം നേടിയെടുത്ത മധ്യവർത്തികൾക്ക് ഉത്പാദനം വർധിപ്പിക്കാനും, കൂടുതൽ വിഭവസമാഹരണം നേടിയെടുക്കാനും കഴിഞ്ഞു. ഭൂമിക്കുമേൽ സ്ഥിരാവകാശം ഉറപ്പിക്കാൻ കഴിഞ്ഞില്ലെങ്കിലും, ഭൂമിയിൽ നിന്നും ലഭിക്കുന്ന ഉത്പാദനത്തിന്റെ ഭൂരിഭാഗവും സ്വന്തമാക്കിയ മധ്യവർത്തികൾ പരസ്പരാശ്രയത്തിന്റെ സമ്പ്രദായം നിലനിർത്തി. മധ്യവർത്തികളുടെ എണ്ണവും അധികാരവും വർധിച്ചതോടെ ഭക്ഷ്യോത്പാദനവുമായി നേരിട്ട് ബന്ധപ്പെട്ട അടിയാളരുടെയും, പണിയാളരുടെയും അധ്വാനഭാരം വർധിപ്പിക്കുകയും, സാമൂഹികമായി അവരുടെ നില വളരെ താണുപോവുകയും ചെയ്തു. അധികാരവും ശക്തിയും വിഭവവും ഒരുമിച്ച് കൈവന്ന മധ്യവർത്തികൾ നമ്പൂതിരിമാരോടൊപ്പം സമൂഹത്തിന്റെ മുൻനിരയിലേക്ക് ഉയർന്നു.

## 1.1.7 ജാതികളുടെയും ഉപജാതികളുടെയും ഉത്ഭവം

ബ്രാഹ്മണർ, അബ്രാഹ്മണർ, പണിയാളർ എന്നിങ്ങനെ മൂന്ന് സാമൂഹിക വിഭാഗങ്ങളാണ് കേരളത്തിലുണ്ടായിരുന്നത്. ഉത്തരേന്ത്യയിൽ സംഭവിച്ചതുപോലെ ചാതുർവർണ്ണ്യത്തിന്റെ അടിസ്ഥാനത്തിലല്ല കേരളത്തിൽ ജാതിസമ്പ്രദായം രൂപപ്പെട്ടത്. ബ്രാഹ്മണാധിപത്യത്തിന് മുൻപ് കേരളത്തിൽ രൂപം കൊണ്ടിരുന്ന പാണൻ, പറയൻ, തുടിയൻ, കിടമ്പൻ തുടങ്ങിയ വിഭാഗീകരണങ്ങൾ ജാതിയുടെ അടിസ്ഥാനത്തിലായിരുന്നില്ല, മറിച്ച് അധിവാസകൂട്ടായ്മകളെന്ന നിലയിലാണ് പരാമർശിക്കപ്പെട്ടത്. ബ്രാഹ്മണാധിപത്യത്തെത്തുടർന്ന് കാർഷികവൃത്തി വ്യാപിക്കുകയും ചിതറിക്കിടക്കുന്ന ഗ്രാമങ്ങൾ രൂപം കൊള്ളുകയും ചെയ്തു. ഒരു ഗ്രാമസമൂഹത്തിലെ ജീവിതരീതിയ്ക്ക് വിവിധ തൊഴിലുകൾ ചെയ്യുന്ന വിഭാഗങ്ങളെ ഓരോ ഗ്രാമങ്ങൾക്കും ആവശ്യമായി വന്നു. വിവിധതൊഴിലുകളിലേർ

SGOU



SREENARAYANAGURU OPEN UNIVERSITY

പ്പെട്ടിരുന്നവർ, പരമ്പരാഗതസമ്പ്രദായം സ്വീകരിക്കുകയും കാലക്രമേണ ഒരു പ്രത്യേക ജാതിയായി രൂപാന്തരപ്പെടുകയും ചെയ്തു.

ബ്രാഹ്മണരുടെ നേതൃത്വത്തിൽ ആവശ്യമായ എല്ലാ തൊഴിൽക്കൂട്ടായ്മയും ഉൾപ്പെടുത്തിക്കൊണ്ടാണ് ഓരോ അധിവാസപ്രദേശവും (ഗ്രാമം, തറ) വികസിതരൂപത്തിലെത്തിച്ചേർന്നത്. ഊരാളന്മാരായ നമ്പൂതിരിബ്രാഹ്മണന്മാരും, കാരാളന്മാരായ നായന്മാരും, പണിയാളരായ പുലയന്മാരും ചേർന്ന് കേരളീയസമൂഹത്തിൽ വിവിധ തൊഴിൽകൂട്ടായ്മകൾ ഉടലെടുത്തു. കാലക്രമത്തിൽ അവ വ്യത്യസ്തജാതികളും ഉപജാതികളുമായി പരിണമിക്കുകയാണുണ്ടായത്. അധിവാസപ്രദേശങ്ങളുടെ ബഹുമുഖമായ വികസനത്തോടനുബന്ധിച്ച് ഓരോ പ്രത്യേക തൊഴിലിലും വൈദഗ്ധ്യം നേടുന്നവർ അവരുടെ തൊഴിൽ പരമ്പരാഗതമാക്കുകയും, അതിന്റെ അടിസ്ഥാനത്തിൽ പുതിയ ജാതികൾ ഉയർന്നുവരികയും ചെയ്തു. ചുരുക്കത്തിൽ തൊഴിൽ വിഭജനവുമായി ബന്ധപ്പെട്ട് രൂപംകൊണ്ട് തൊഴിൽക്കൂട്ടായ്മകളിൽനിന്നുമാണ് ഓരോ ജാതിയും ഉപജാതിയും രൂപംകൊണ്ടത്.

ഒമ്പതാം നൂറ്റാണ്ടിലെ തരിസാപ്പള്ളിശാസനത്തിൽ തൊഴിൽകൂട്ടായ്മകളായ തച്ചന്മാർ, വണ്ണാന്മാർ, ഈഴവന്മാർ എന്നിവരെക്കൂടി മാർ സപീർഈശോവിന് നൽകുന്നുണ്ട്. പതിമൂന്നാം നൂറ്റാണ്ടിലെ വീരരാഘവപട്ടയത്തിൽ കൊടുക്കുന്നത് ആശാരി, മൂശാരി, തട്ടാൻ, പെരിങ്കൊല്ലൻ, തോൽക്കൊല്ലൻ എന്നിവരടങ്ങിയ ഐങ്കുടിക്കമ്മാളരേയാണ്. ഈ കാലഘട്ടമായപ്പോഴേക്കും കമ്മാളരിൽത്തന്നെ അഞ്ച് ഉപവിഭാഗങ്ങൾ ഉയർന്നു വന്നുകഴിഞ്ഞിരുന്നു ഇവ പിൽക്കാലത്ത് ഉപജാതികളായി മാറുകയാണുണ്ടായത്. തച്ചൻ. വണ്ണാൻ, ഈഴവൻ, തിയ്യൻ, വെളുത്തേടൻ, വേലൻ, ചക്കാലൻ, വാണിയൻ, കണക്കൻ, പറയൻ, പുലയൻ തുടങ്ങി നിരവധി ഉപജാതികളെക്കുറിച്ചുള്ള ലിഖിതപരാമർശങ്ങൾ മധ്യകാലകേരളത്തിൽനിന്നും ലഭിക്കുന്നു.

നമ്പൂതിരിമാരിൽത്തന്നെ ആഢ്യരും, ആസ്യരും രൂപംകൊണ്ടു. ചിലരിൽ അനുഷ്ഠാനപദവി കൂടുമ്പോൾ ഭൗതികപദവി കുറഞ്ഞുനിൽക്കുകയാണുണ്ടായത്. ക്ഷേത്രവുമായി ബന്ധപ്പെട്ട തൊഴിലിൽ ഏർപ്പെട്ടിരുന്ന പൊതുവാളിന് പ്രതിഫലമായി നൽകിയിരുന്നത് 'വിരുത്തി' ഭൂമിയായിരുന്നു. വിരുത്തിഭൂമി നഷ്ടപ്പെടാതിരിക്കാനായി അനന്തരതലമുറയും പൊതുവാൾ തന്നെ ആയി. പൊതുവാൾപ്രവൃത്തി പരമ്പരാഗതമായിത്തീർന്നതോടെ അതൊരു പുതിയ ഉപജാതിയായിത്തീർന്നു. ഉണിത്തിരി, കർത്താവ്. പണിക്കർ തുടങ്ങിയവരൊക്കെയും തൊഴിലുമായി ബന്ധപ്പെട്ട് പ്രത്യേകം ഉപജാതികളായി തീർന്നവരാണ്. ഇതേപോലെ വിവിധ ആസ്ഥാന തൊഴിൽക്കൂട്ടായ്മകളിൽനിന്നും വ്യത്യസ്തങ്ങളായ ഉപജാതികൾ ഉയർന്നുവന്നു.

ഏറ്റവും വലിയ തൊഴിൽക്കൂട്ടായ്മ ആയിരുന്ന കൃഷിപ്പണിയിൽ ഏർപ്പെട്ടവർ കണക്കൻ, പുലയൻ, പറയൻ എന്നിവരായിരുന്നു. ഐങ്കുടിക്കമ്മാളരിൽപ്പെട്ടവർ ആശാരിയും, കൊല്ലനും, കൂടുതൽ പ്രാധാന്യമുള്ള വിഭാഗങ്ങളായിരുന്നു. വേലൻ, മണ്ണാൻ, പെരുമണ്ണാൻ തുടങ്ങിയ ഉപജാതികൾ ഔഷധപ്രയോഗം നടത്തുന്ന നാടൻവൈദ്യന്മാരും മന്ത്രവാദികളും ആയിരുന്നു. ഉയർന്നവിഭാഗക്കാരുടെ അലക്കുകാരനായ വെളുത്തേടനും താണവിഭാഗത്തിൽനിന്നും ഉരുത്തിരിഞ്ഞുവന്ന ഉപജാതികൾ ആണ്. ഭാവിപ്രവചനവും മുഹൂർത്തമറിയിക്കലും തൊഴിലായി സ്വീകരിച്ച കണിയാൻ, കണിശൻ, കണിയാരപ്പണിക്കർ എന്നീ നാടൻജ്യോത്സ്യന്മാർ പ്രത്യേക ഉപജാതികളായിത്തീർന്നു.

ഓട് ഉരുക്കി പാത്രങ്ങളുണ്ടാക്കുന്ന മൂശാരി, നെയ്ത്തുകാരായ ചാലിയർ, തെങ്ങുകയറ്റവും കള്ളുചെത്തും തൊഴിലാക്കിയ തീയ്യർ, സ്വർണ്ണപ്പണിക്കാരായ തട്ടാന്മാർ, പാണന്മാർ, വേലന്മാർ, നായർ വിഭാഗത്തിൽപ്പെട്ട കുറുപ്പ്, നമ്പ്യാർ, പണിക്കർ, അടിയോടിമാർ തുടങ്ങി നിരവധി ജാതികളും ഉപജാതികളും കൂടിച്ചേർന്ന ഒരു ശ്രേണീബന്ധമായിരുന്നു മധ്യകാലകേരളത്തിൽ അന്ന് ഉണ്ടായിരുന്നത്.

## 1.1.8 മരുമക്കത്തായം

കേരളത്തിൽ നിലനിന്നിരുന്ന മരുമക്കത്തായ സമ്പ്രദായത്തെക്കുറിച്ചുള്ള ലിഖിത പരാമർശങ്ങൾ ലഭിക്കുന്നത് എ.ഡി. ഒമ്പതാം നൂറ്റാണ്ടുമുതൽക്കാണ്. പ്രാചീന കേരളത്തിലെ

SGOU

ഗോത്രവർഗ സമൂഹങ്ങൾക്കിടയിൽ നിലനിന്നിരുന്നത് മരുമക്കത്തായ സമ്പ്രദായമായിരുന്നുവെന്ന് നരവംശശാസ്ത്രപഠനങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തിൽ, ലോകമെമ്പാടുമുള്ള കുടുംബബന്ധങ്ങളുടെ ഉത്ഭവത്തെക്കുറിച്ച് വിശദവും ശാസ്ത്രീയവുമായ പഠനം നടത്തിയ മോർഗൻ, ഏംഗൽസ് എന്നിവരുടെ നിഗമനത്തിൽ മാനവസമുദായം മാതൃദായക്രമത്തിൽനിന്നും പിതൃദായക്രമത്തിലേക്കാണ് വികാസം പ്രാപിച്ചത്. ഈ സാമാന്യനിയമത്തിന്റെയും നരവംശശാസ്ത്രപഠനത്തിന്റെയും വെളിച്ചത്തിൽ കേരളത്തിലെ പ്രാചീന ഗോത്രസമൂഹങ്ങളിൽ നിലനിന്നിരുന്ന മരുമക്കത്തായ സമ്പ്രദായം ഒമ്പതാം നൂറ്റാണ്ടോടുകൂടി വീണ്ടും ശക്തിപ്രാപിക്കുകയാണുണ്ടായതെന്ന് അനുമാനിക്കാം.

സഹോദരീപുത്രനിലൂടെയുള്ള ദായക്രമം ആണ് മരുമക്കത്തായം. മരുമക്കത്തായത്തിൽ സ്ത്രീവഴിക്കുള്ള സ്വത്തവകാശമാണ് നിലനിൽക്കുന്നത്. കേരളത്തിൽ മരുമക്കത്തായസമ്പ്രദായത്തിന്റെ ഉത്ഭവത്തെക്കുറിച്ച് ചരിത്രകാരന്മാർ ഒരേ അഭിപ്രായക്കാരല്ല. ചേര ചോള യുദ്ധത്തെത്തുടർന്നാണ് കേരളത്തിൽ മരുമക്കത്തായം ആവിർഭവിച്ചതെന്ന് ഇളംകുളം അഭിപ്രായപ്പെടുന്നു. മക്കത്തായത്തെ തുടർന്നാണ് മരുമക്കത്തായം രൂപംകൊണ്ടതെന്ന് പത്മനാഭമേനോനും പ്രസ്താവിക്കുന്നു. പ്രാചീനകേരളീയ ഗോത്രസമൂഹങ്ങളിൽ നിലനിന്നിരിക്കാനിടയുള്ള മരുമക്കാത്തയലക്ഷണം ക്ലാസിക്കൽ കാലഘട്ടത്തിൽ നിലനിന്നിരുന്നതിന് തെളിവുകൾ ഒന്നുമില്ലെങ്കിലും, ഒമ്പതാം നൂറ്റാണ്ടുമുതൽ ശക്തിപ്പെട്ടുവെന്നാണ് ആധുനിക ചരിത്രകാരന്മാരുടെ പൊതുവെയുള്ള നിഗമനം.

മധ്യകാലഘട്ടത്തിന്റെ ആരംഭത്തിൽ വിശാലമായ ബ്രഹ്മസ്വങ്ങളുടെ ഉടമകളായിത്തീർന്ന നമ്പൂതിരി ബ്രാഹ്മണന്മാർ, സ്വത്ത് ഛിന്നഭിന്നമായിപ്പോകാതിരിക്കാൻ, മൂത്തമകനെക്കൊണ്ട് മാത്രം സ്വസമുദായത്തിൽനിന്നും വിവാഹം കഴിപ്പിക്കുകയാണുണ്ടായത്. കനിഷ്ഠപുത്രന്മാർ നായർസ്ത്രീകളുമായി നടത്തിയിരുന്ന 'സംബന്ധ' ത്തിൽ ജനിക്കുന്ന സങ്കരവർഗക്കാരായ കുട്ടികൾക്ക് പിതാവിന്റെ സ്വത്തിന് അവകാശമുണ്ടായിരുന്നില്ല. കാലക്രമേണ സംബന്ധസമ്പ്രദായം ബ്രാഹ്മണരുമായിഅടുത്ത ബന്ധം പുലർത്തിയിരുന്ന നായന്മാരിലും എത്തിച്ചേർന്നു. ഇതോടെ സംബന്ധത്തിന് വിധേയയാവുന്ന നായർസ്ത്രീകളും അവരുടെ കുട്ടികളും സ്വന്തം വീട്ടിൽ തന്നെ താമസിച്ചു. ഒരിക്കലും ഭർതൃഗൃഹത്തിൽപോയി താമസിക്കാൻ അവർക്ക് കഴിഞ്ഞിരുന്നില്ല. ഒരു കുടുംബത്തിന്റെ സ്വത്ത് സഹോദരന്മാർക്കും, സഹോദരിമാർക്കും, സഹോദരിയുടെ മക്കൾക്കുമാണ് ലഭിച്ചിരുന്നത്. ഈ കുടുംബസ്വത്ത് തറവാട് എന്ന പേരിൽ അറിയപ്പെട്ടു.

തറവാട്ടിൽ തന്നെ കഴിയുന്ന സഹോദരിമാർക്കും, അവരുടെ മക്കൾക്കും നിലനിൽക്കാൻ സ്വത്ത് ആവശ്യമാണെന്ന് മനസ്സിലാവുകയും അതുമായി ബന്ധപ്പെട്ട് ഒരു അവകാശബോധം അവരിൽ വളർന്നുവരികയും ചെയ്തു. ഇങ്ങനെ പ്രത്യേകരീതിയിലുള്ള സാമൂഹ്യ കുടുംബബന്ധങ്ങളുടെ ഫലമായി മരുമക്കൾ സ്വത്തിന് അവകാശികൾ ആയിത്തീരുകയും ഇത് തറവാട് സ്വത്തിനും, മരുമക്കത്തായസമ്പ്രദായത്തിനും പൂർണ്ണത പകരുകയും ചെയ്തു. മധ്യകാലഘട്ടത്തിൽ കേരളത്തിൽ മരുമക്കത്തായ സമ്പ്രദായം പൂർണ്ണമായും അനുവർത്തിച്ചിരുന്നത് ബ്രാഹ്മണരുമായി ഏറെ അടുപ്പമുണ്ടായിരുന്ന സാമന്തന്മാർ, അമ്പലവാസികൾ, നായന്മാർ എന്നിവരായിരുന്നു. പ്രസ്തുതകാലഘട്ടത്തിൽ കേരളം സന്ദർശിച്ച നിരവധി വിദേശസഞ്ചാരികൾ മരുമക്കത്തായ സമ്പ്രദായത്തെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. മൂഷകവംശത്തിന്റെ വംശാവലി ചരിത്രമെഴുതിയ അതുലൻ, പതിനൊന്നാം നൂറ്റാണ്ടായപ്പോഴേക്കും മൂഷകവംശഭരണാധികാരികൾ മരുമക്കത്തായം സ്വീകരിച്ചതായി സൂചിപ്പിക്കുന്നു.

മരുമക്കത്തായ സമ്പ്രദായം സ്വീകരിച്ചിരുന്ന വിവിധ ഗണങ്ങളും, ഗോത്രങ്ങളും നായർ സമുദായത്തിൽ ലയിച്ചുചേർന്നപ്പോൾ സംബന്ധവിവാഹം സ്വീകരിക്കുകയും മരുമക്കത്തായം സർവസാധാരണമായി തീരുകയും ചെയ്തു. മരുമക്കത്തായ സമ്പ്രദായത്തിന്റെ കേന്ദ്രസ്ഥാനങ്ങളായി തറവാടുകൾ നിലനിന്നു. മരുമക്കത്തായ സമ്പ്രദായത്തിൽ സ്ത്രീകൾ


SGOU

ക്ക് പ്രാധാന്യം ലഭിച്ചതോടെ തറവാടുകളുടെ നേതൃത്വം സ്ത്രീകളിൽ നിക്ഷിപ്തമായി. തറവാട്ടിലെ ഏറ്റവും പ്രായം കൂടിയ സ്ത്രീ 'തറവാട്ടമ്മ' എന്ന പേരിലാണ് അറിയപ്പെട്ടത്. കീഴ്വഴക്കങ്ങളെയും ആചാരങ്ങളെയും അനുസരിച്ചിരുന്നവർ തറവാടിന്റെ ആശയപരവും ഭൗതികപരവും ആയി നിലനിന്നിരുന്ന മേധാവിത്വം അംഗീകരിക്കുകയാണുണ്ടായത്. തറവാട്ടിലെ ഏറ്റവും പ്രായം കൂടിയ പുരുഷൻ തറവാട്ടിലെ ഭരണകാര്യങ്ങൾ നോക്കിനടത്തുകയും തറവാട്ട് കാരണവർ എന്നറിയപ്പെടുകയും ചെയ്തു. നായർസമുദായത്തിന്റെ പുരോഗമനപരമായ വളർച്ചയെ തടഞ്ഞുനിർത്തുന്നതിലാണ് തറവാടും മരുമക്കത്തായവും വിജയിച്ചിരുന്നത്.

## 1.1.9 മാമാങ്കം

പ്രയാഗയിലെ കുംഭമേളപോലെ കേരളത്തിൽ നടത്തപ്പെട്ടിരുന്ന ഒരു പ്രാചീന നദീതീര ഉത്സവം ആയിരുന്നു മാമാങ്കം. ഭാരതപ്പുഴയുടെ തീരത്ത് തിരുനാവായയിൽ വെച്ച് പന്ത്രണ്ട് വർഷത്തിൽ ഒരിക്കലാണ് മാമാങ്കോത്സവം കൊണ്ടാടിയിരുന്നത്. മകരമാസത്തിലെ കറുത്തവാവിനും, കുംഭമാസത്തിലെ കറുത്തവാവിനും ഇടയിലുള്ള മകം നാളിലാണ് ഈ ഉത്സവം അരങ്ങേറിയിരുന്നത്. ആ ദിവസങ്ങളിൽ തിരുനാവായയിലെ ഭാരതപ്പുഴയിൽ ഗംഗയിലെ വിശുദ്ധജലം വന്നെത്തുമെന്ന വിശ്വാസവും ജനങ്ങൾക്കിടയിൽ നിലനിന്നിരുന്നു. മാമാങ്കം മഹാമാഘമെന്നപേരിലും അറിയപ്പെട്ടു.

കേരളത്തിൽ നമ്പൂതിരി ബ്രാഹ്മണരുടെ ആധിപത്യം വളർന്നുവന്ന കാലഘട്ടത്തിൽ ഒരു വ്യവസ്ഥാപനസമ്പ്രദായത്തിന്റെ ഭാഗമെന്ന നിലയിൽ നമ്പൂതിരി പ്രമുഖന്മാർ പന്ത്രണ്ടുവർഷത്തിലൊരിക്കൽ യോഗം ചേർന്ന് പൊതുവായ തീരുമാനങ്ങൾ എടുക്കാറുണ്ടായിരുന്നു. മതപരവും സാമൂഹികപരവുമായ തീരുമാനങ്ങൾക്കുവേണ്ടി സമ്മേളിച്ചിരുന്ന 'പന്തീരാണ്ട് സഭ' കാലക്രമേണ രാഷ്ട്രീയ തീരുമാനങ്ങളെ സ്വാധീനിക്കാൻ തുടങ്ങി. പെരുമാൾ കാലഘട്ടത്തിൽ പന്തീരാണ്ട്സഭ കേന്ദ്രഅധികാരഘടനയുടെ ഭാഗമെന്നനിലയിൽ വികസിപ്പിച്ചു. ഇതിന്റെ ഫലമായി പന്തീരാണ്ട്സഭയിൽ ബ്രാഹ്മണമുഖ്യന്മാർക്ക് പുറമെ, നാടുവാഴികളും വാണിജ്യപ്രതിനിധികളും പങ്കെടുക്കുകയും രാജാവിനോട് കൂറ് പ്രഖ്യാപിക്കുകയും ചെയ്തു. പിൽക്കാലത്ത് ഭരണാധികാരിയുടെ നേതൃത്വത്തിൽ ഈ സഭായോഗം ഒരാഘോഷമായി പരിണമിക്കുകയും ഭരണാധികാരിയുടെ മേധാവിത്വത്തിന്റെ പ്രകടനമായി മാറുകയും ചെയ്തതായിരിക്കാം.

പെരുമാൾ ഭരണകാലത്ത് മാമാങ്ക ആഘോഷത്തിന്റെ രക്ഷാപുരുഷസ്ഥാനം വഹിച്ചിരുന്നത് മഹോദയപുരത്തെ രാജാവ് ആയിരുന്നു. പെരുമാൾഭരണത്തിന്റെ തകർച്ചയ്ക്ക് ശേഷം മാമാങ്കത്തിന്റെ രക്ഷാപുരുഷസ്ഥാനം അലങ്കരിച്ചിരുന്നത് വള്ളുവനാട്ടെ നാടുവാഴിയായ വള്ളുവക്കോനാതിരിയും. അന്നത്തെ കാലത്ത് മാമാങ്കത്തിന്റെ രക്ഷാപുരുഷസ്ഥാനം ഒരു വലിയ അംഗീകാരവും ബഹുമതിയുമായിട്ടാണ് കേരളത്തിലെ നാടുവാഴികൾ കണ്ടത്. വിദേശവ്യാപാരത്തിലൂടെ സമ്പന്നനായ കോഴിക്കോട് സാമൂതിരി, അധികാരമേധാവിത്വം അയൽപ്രദേശങ്ങളിലേയ്ക്ക് കൂടി വ്യാപിപ്പിച്ചുകൊണ്ടിരുന്ന കാലമായിരുന്നു അത്. മാമാങ്കമഹോത്സവത്തിന്റെ രക്ഷാപുരുഷസ്ഥാനം തന്റെ യജമാനന് ലഭിക്കണമെന്ന് ആഗ്രഹത്തോടെ വള്ളുവക്കോനാതിരിയിൽനിന്നും തിരുനാവായ പിടിച്ചെടുക്കണമെന്ന് കോഴിക്കോട്കോയ സാമൂതിരിയെ ഉപദേശിച്ചു. ഈ ഉപദേശം സാമൂതിരി സ്വീകരിച്ചതോടെ മാമാങ്ക മഹോത്സവം അധികാര മഹോത്സവത്തിന്റെ വേദിയായി മാറി. 1766-ലാണ് അവസാനത്തെ മാമാങ്കം നടന്നത് എന്ന് വിശ്വസിക്കുന്നു.

### 1.1.9.1 ചാവേർ

പതിനാലാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തോടുകൂടി പൊന്നാനി നദിയിലൂടെ മുന്നേറിയ കോയയുടെ നേതൃത്വത്തിലുള്ള സാമൂതിരിയുടെ പടയാളികൾ തിരുനാവായ ആക്രമിച്ചു കീഴടക്കി. ഇതോടെ മാമാങ്കത്തിന്റെ രക്ഷാപുരുഷനായി നിൽക്കാനുള്ള അവകാശം സാമൂതിരിയുടെ കൈപ്പിടിയിലൊതുങ്ങി. കേരളത്തിലെ പ്രബലനായ ഭരണാധികാരിയെന്ന ബഹുമതിയും സാമൂതിരിക്ക് ലഭിച്ചു. എന്നാൽ വള്ളുവനാട് നാടുവാഴിയും അദ്ദേഹ

SGOU

ത്തിന്റെ പടയാളികളും സാമൂതിരിയുടെ അതിക്രമത്തെ അംഗീകരിച്ചു കൊടുക്കാൻ തയ്യാറായിരുന്നില്ല. ഇതോടെ മാമാങ്കമഹോത്സവം ഭീദിതമായ രക്തച്ചൊരിച്ചിലിന്റെ വേദിയായി മാറി.

സാമൂതിരിയുടെ നേതൃത്വത്തിൽ നടന്ന മാമാങ്ക മഹോത്സവങ്ങളിൽ, ശക്തമായ ഒരു സൈന്യത്തിന്റെ അകമ്പടിയോടുകൂടി, തിരുനാവായ നാവാമുകുന്ദക്ഷേത്രത്തിന് പടിഞ്ഞാറ്, വാകയൂരിലെ ആൽത്തറയിൽ, കേരളചക്രവർത്തിയായി പ്രഖ്യാപിക്കപ്പെട്ടുകൊണ്ട് സാമൂതിരി നിൽക്കുമ്പോൾ, അദ്ദേഹത്തെ അംഗീകരിക്കാത്ത വള്ളുവക്കോനാതിരിയുടെ ഒരുകൂട്ടം പടയാളികൾ സർവശക്തിയോടുംകൂടി യുദ്ധം ചെയ്ത് വീരചരമം പ്രാപിക്കുന്നു. സാമൂതിരിയെ നിലപാട് തറയിൽനിന്നും പുറത്താക്കാനായി ആത്മഹത്യാപരമായി യുദ്ധം ചെയ്യുന്ന ഈ വിഭാഗം 'ചാവേർ സംഘം'എന്ന പേരിലറിയപ്പെട്ടു. മരണം സുനിശ്ചിതമാണെന്നറിഞ്ഞിട്ടും ഒരനുഷ്ഠാനം എന്നോണം പോരാടിയിരുന്ന ചാവേർ പടയാളികൾ മാമാങ്കമഹോത്സവത്തിന് ഒരു പുതിയമാനം പകർന്നു നൽകി. പിൽക്കാലത്തെ മാമാങ്കമഹോത്സവങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട ഭാഗം ചാവേർ പടയാളികളുടെ ആത്മഹത്യാപരമായ യുദ്ധങ്ങൾ ആയിരുന്നു. മാമാങ്കത്തോടനുബന്ധിച്ച് ആയുധാഭ്യാസ പ്രകടനങ്ങളും വ്യാപാരങ്ങളും നടന്നതായി തെളിവുകൾ ഉണ്ട്. മൈസൂർ ആക്രമണങ്ങളോടെ മാമാങ്ക ആഘോഷങ്ങൾ അവസാനിക്കുകയാണുണ്ടായത്.

മധ്യകാല കേരളത്തിൽ പതിനൊന്നാം നൂറ്റാണ്ടോടെ നിലവിൽ വന്ന ഒരു സമ്പ്രദായമാണ് ചാവേർ. രാജാവിനെ അഥവാ നാടുവാഴിയെ യുദ്ധത്തിൽ സഹായിക്കുന്ന ഒരു പ്രത്യേക സൈനികവിഭാഗമാണ് 'ചാവേറ്റുപട' എന്ന പേരിൽ അറിയപ്പെടുന്നത്. ചാവേർപ്പടയുടെ പ്രത്യേകത, അവർ യുദ്ധക്കളത്തിലിറങ്ങിയാൽ ഒന്നുകിൽ വിജയികളായി തിരിച്ചുവരും, അല്ലെങ്കിൽ പടക്കളത്തിൽ മരിച്ചുവീഴും എന്നുള്ളതാണ്. പരാജയം അവരുടെ നിഘണ്ടുവിൽ ഉണ്ടായിരുന്നില്ല. ഓരോ നാടുവാഴിയും മധ്യകാലകേരളത്തിൽ ചാവേർപടയെ നിലനിർത്തിയിരുന്നു. യുദ്ധക്കളത്തിൽ മരിച്ചുവീഴുന്ന ചാവേർപടയാളികളുടെ കുടുംബത്തിന് ഭരണാധികാരി നൽകുന്ന ഭൂമി 'ചാവേറ്റുവിരുത്തി' എന്ന പേരിലാണറിയപ്പെട്ടിരുന്നത്.

കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ചാവേർപ്പട മാമാങ്കത്തിൽ പൊരുതിമരിക്കുന്ന വള്ളുവക്കോനാതിരിയുടെ ചാവേർസംഘമായിരുന്നു. കുടുംബങ്ങൾ തമ്മിലുള്ള 'കുടിപ്പക'യിൽനിന്നുമാണ് ചാവേർ സമ്പ്രദായം ആവിർഭവിച്ചതെന്ന് വിശ്വസിക്കപ്പെടുന്നു. ഒരു ഏറ്റുമുട്ടലിൽ ഒരാൾ മരിച്ചാൽ, മരിച്ചയാളിന്റെ ബന്ധുക്കൾ കൊലചെയ്തവനോടും അവന്റെ കുടുംബാംഗങ്ങളോടും തലമുറകളോളം പുലർത്തുന്ന പകയാണ് കുടിപ്പക. ഇങ്ങനെ കുടിപ്പക നിലനിർത്തിയിരുന്ന കുടുംബങ്ങളിൽ നിന്നുമായിരിക്കണം ആദ്യത്തെ ചാവേർപ്പടയാളികൾ രൂപംകൊണ്ടത്. പതിനെട്ടാം ശതകത്തിൽ മാർത്താണ്ഡവർമ്മയുടെ കാലത്ത് തിരുവിതാംകൂറിൽ ചാവേർപ്പട ഉണ്ടായിരുന്നു. മാർത്താണ്ഡവർമ്മ കായംകുളത്തെ ചാവേർമാരെ ഒന്നിച്ചുവധിച്ചു എന്ന് പറയപ്പെടുന്നു. മരണത്തെ പുച്ഛത്തോടെ നോക്കിക്കണ്ട മധ്യകാലകേരളത്തിലെ ചാവേർപടയാളികൾ സമൂഹത്തിലെ ധീരോദാത്തതയുടെ പ്രതീകങ്ങളായി മാറുകയാണുണ്ടായത്.

### 1.1.9.2 രേവതി പട്ടത്താനം

സാമൂതിരിയുടെ രക്ഷാകർതൃത്വത്തിൽ പരമ്പരാഗത വിജ്ഞാനത്തിന്റെ വിവിധശാഖകളിൽ കോഴിക്കോട് തളിക്ഷേത്രത്തിൽ വർഷംതോറും മത്സരബുദ്ധ്യാ നടത്തപ്പെട്ടിരുന്ന വിദ്വൽസദസ്സാണ് രേവതിപട്ടത്താനം അഥവാ ഭട്ടസ്ഥാനം. ചൊവ്വരം പന്നിയൂർ കുറുമത്സരവുമായി ബന്ധപ്പെട്ടുകൊണ്ടാണ് പട്ടത്താനം സദസ്സ് രൂപംകൊണ്ടത്. കുറുമത്സരത്തിൽ പന്നിയൂർ വിഭാഗത്തിന്റെ കൂടെയായിരുന്നു സാമൂതിരി. പരമ്പരാഗത വിജ്ഞാനശാഖകളിൽ പണ്ഡിതന്മാർക്കിടയിൽ ഒരു വിപുലമായ മത്സരം ഏർപ്പെടുത്തണമെന്ന പന്നിയൂർ ബ്രാഹ്മണരുടെ നിർദ്ദേശം അംഗീകരിച്ചുകൊണ്ടാണ് സാമൂതിരി പട്ടത്താനം ആരംഭിച്ചത്. മഹാകവി ഉള്ളൂരും, കെ.വി. കൃഷ്ണയ്യരും മറ്റും പട്ടത്താനത്തിന്റെ ഉത്ഭവത്തെക്കുറിച്ച് പല കഥകളും എഴുതിവ

SGOU

ച്ചിട്ടുണ്ട്. എന്നാൽ അവയ്ക്കൊന്നും ചരിത്ര പരമായ സാധൂകരണം ഇല്ല. യാഥാർഥത്തിൽ ചൊവ്വരം പന്നിയൂർ മത്സരത്തെത്തുടർന്നാണ് പട്ടത്താനം ആരംഭിച്ചത്.

മീമാംസ, വേദാന്തം, തർക്കം, വ്യാകരണം എന്നീ വിഷയങ്ങളിൽ പ്രാഗത്ഭ്യം പ്രകടിപ്പിക്കുന്ന വ്യക്തികൾക്ക് 'ഭട്ടസ്ഥാനം' നൽകുന്ന പതിവ് കേരളത്തിൽ നേരത്തെത്തന്നെ ഉണ്ടായിരുന്നു. സാമൂതിരിയുടെ വിദ്വൽസദസ്സിലും ഏറ്റവും പ്രമുഖനായ പണ്ഡിതന് ഭട്ടസ്ഥാനം നൽകാറുണ്ടായിരുന്നു. ഭട്ടസ്ഥാനമാണ് പട്ടത്താനമായത്. വിദ്വൽസദസ്സ് ആദ്യമായി ആരംഭിച്ച സാമൂതിരിയുടെ ജന്മനക്ഷത്രമായിരുന്നു രേവതി. അതുകൊണ്ട് സാമൂതിരിയുടെ വിദ്വൽസദസ്സ് രേവതിപട്ടത്താനമെന്ന പേരിലറിയപ്പെട്ടു. തളിക്ഷേത്രത്തിൽവെച്ച് നടത്തപ്പെട്ടിരുന്നതുകൊണ്ട് തളിയിൽതാനമെന്നും ഇതിനു പേരുണ്ട്. എല്ലാ വർഷവും തുലാമാസം രേവതി മുതൽ തിരുവാതിര വരെയായിരുന്നു മത്സരം.

കേരളത്തിലെ എല്ലാ സഭാമഠങ്ങളിലെയും പുറത്തുനിന്നും പ്രതിനിധികൾക്ക് പുറമെ, പണ്ഡിതന്മാർ എത്തിച്ചേർന്നിരുന്നു. ഭട്ടമീമാംസ, പ്രഭാകരമീമാംസ, വ്യാകരണം, വേദാന്തം എന്നീ വിഷയങ്ങളിൽ സാമൂതിരിയുടെ അധ്യക്ഷതയിൽ ചേരുന്ന സദസ്സിൽ പണ്ഡിതന്മാർ നിശിതമായ ചർച്ചകൾ നടത്തും. ഏറ്റവും പ്രമുഖനായ പണ്ഡിതനെ തിരഞ്ഞെടുത്തിരുന്നത് പയ്യന്നൂർ ഭട്ടതിരിയായിരുന്നു. മങ്ങാട്ടച്ചനാണ് വിജയിച്ച വ്യക്തിയുടെ പേര് പ്രഖ്യാപിക്കുക. ആ വ്യക്തിക്ക് അല്ലെങ്കിൽ വ്യക്തികൾക്ക് ഭട്ടർസ്ഥാനം നൽകപ്പെടും. പട്ടത്താനത്തിൽ പങ്കെടുക്കുന്നവർക്കും സമ്മാനങ്ങൾ നൽകപ്പെട്ടിരുന്നു. ആദ്യകാലങ്ങളിൽ പട്ടത്താനം തികച്ചും മത്സരാധിഷ്ഠിതമായിരുന്നു. അന്ന് പ്രഭാകരമീമാംസയിൽ പന്ത്രണ്ടും, ഭട്ടമീമാംസയിൽ പന്ത്രണ്ടും വേദാന്തത്തിൽ പതിമൂന്നും വ്യാകരണത്തിൽ ഒമ്പതും സമ്മാനങ്ങൾ നൽകപ്പെട്ടിരുന്നു. നൂറ്റിഒന്ന് പണവും മറ്റ് സാധനങ്ങളുമായിരുന്നു സമ്മാനം. പ്രമുഖകവിയായിരുന്ന മേൽപ്പത്തൂർ നാരായണഭട്ടതിരിക്കുപോലും ഭട്ടസ്ഥാനം നേടിയെടുക്കുവാൻ അഞ്ചാറുതവണ പട്ടത്താനസദസ്സിൽ മത്സരിക്കേണ്ടി വന്നുവത്രെ. മധ്യകാലകേരളത്തിലെ പ്രഗല്ഭരായ പണ്ഡിതന്മാരുടെ ഒരു അക്കാദമി ആയിത്തീരാൻ കോഴിക്കോട്ടെ രേവതി പട്ടത്താനത്തിനു കഴിഞ്ഞിരുന്നു.

പതിനഞ്ചാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തിൽ കോഴിക്കോട് സാമൂതിരിയായിരുന്ന മാനവിക്രമന്റെ രാജസദസ്സിൽ ഉണ്ടായിരുന്ന 'പതിനെട്ടരകവികൾ' പട്ടത്താനവുമായി ബന്ധപ്പെട്ടവരായിരുന്നു. പതിനെട്ട് സംസ്കൃതപണ്ഡിതന്മാരും മലയാളത്തിൽ മാത്രം കവിതയെഴുതിയിരുന്നതുകൊണ്ട് പൂർണ്ണപദവിക്ക് അർഹനല്ലാതിരുന്ന പുനം നമ്പൂതിരിയും ചേർന്നതാണത്രെ പതിനെട്ടരകവികൾ. പതിനെട്ട് അരമന(രാജകീയ) കവികൾ ചേർന്നതുകൊണ്ടാണ് പതിനെട്ടരകവികൾ എന്ന് പറഞ്ഞിരുന്നതെന്നും മറ്റൊരു വ്യാഖ്യാനമുണ്ട്.

പ്രഗൽഭ മീമാംസപണ്ഡിതന്മാരായ പയ്യന്നൂർ ഭട്ടതിരിമാരും കോകിലസന്ദേശത്തിന്റെ കർത്താവായ ഉദ്ദണ്ഡശാസ്ത്രികളും വസുമതിമാനവിക്രമം എഴുതിയ കാക്കശ്ശേരി ദാമോദരഭട്ടതിരിയും തന്ത്രസമുച്ചയത്തിന്റെ കർത്താവായ ചേന്നാസ് നാരായണഭട്ടതിരിയും രാമായണം ചമ്പുവിന്റെ കർത്താവായ പുനംനമ്പൂതിരിയും തിരുവേഗപ്പുറ, മുല്ലപ്പള്ളി ഭട്ടതിരിമാരും പതിനെട്ടരകവികളിലുണ്ടായിരുന്നു. വേദപഠനപാരമ്പര്യത്തിനും നമ്പൂതിരിമാരുടെ സാംസ്കാരിക മേധാവിത്വത്തിനും രേവതി പട്ടത്താനവും പതിനെട്ടരകവികളും ആശയപരമായ അടിത്തറ നൽകി.

### 1.1.9.3 കടവല്ലൂർ അന്യോന്യം

ഋഗ്വേദികൾക്കിടയിൽ നടന്നിരുന്ന വേദപാണ്ഡിത്യ പരീക്ഷയാണ്. കടവല്ലൂർ അന്യോന്യം. കുന്നംകുളത്തിനും, കുറ്റനാടിനും ഇടയിലുള്ള കടവല്ലൂർ ശ്രീരാമസ്വാമി ക്ഷേത്രത്തിൽ വച്ചാണ് ഈ പരീക്ഷ നടന്നിരുന്നത്. വാരം ഇരിക്കൽ, ജട, രഥ, കടന്നിരിക്കൽ, വലിയ കടന്നിരിക്കൽ എന്നിങ്ങനെ പരീക്ഷയ്ക്ക് പലഘട്ടങ്ങൾ ഉണ്ട്. പരീക്ഷയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വ്യക്തി അതതു ദേശങ്ങളിലെ അമ്പലങ്ങളിൽ നടക്കുന്ന 'വാര'ങ്ങളിൽ വേദം ചൊല്ലണം. ഇതിനു 'സമക്ഷത്തുചൊല്ലൽ ' എന്നു പറയും, തുടർന്ന് തൃശൂർ ബ്രഹ്മസ്വം മഠത്തിൽവച്ച് 'കിഴക്കു പടിഞ്ഞാറ് ' എന്ന പരീക്ഷ. തുലാമാസത്തിൽ

SGOU

നടത്തുന്ന ഈ പരീക്ഷ, കടവല്ലൂർ അന്യോന്യത്തിലേക്കുള്ള തെരഞ്ഞെടുപ്പാണ്. ഈ പരീക്ഷയിൽ രണ്ടുതവണ ജയിച്ചവർക്കേ അന്യോന്യത്തിൽ പ്രവേശനം ഉള്ളൂ. വേദം ചൊല്ലുമ്പോൾ രണ്ടുതവണ വരെ തെറ്റാം; തിരുത്തിച്ചൊല്ലാം. മൂന്നാമതും തെറ്റിയാൽ തോറ്റു.'കലമ്പി ' എന്നു പറയും. പരീക്ഷയ്ക്കു ചേരുവാൻ അനുവദിക്കുന്നതിന് ക്ഷണിക്കുക എന്നാണ് സംജ്ഞ.

വാരമിരിക്കൽ, ജട, രഥ എന്നിവ രാത്രിയിലാണ്. വാരമിരിക്കൽ, ജട, രഥ എന്നിവ നടക്കുമ്പോൾ, ചൊല്ലുന്നവർ ഒഴിച്ചു ബാക്കി ഉള്ളവർ ഭക്ഷണം കഴിക്കുകയാവും. സദ്യ തീർന്നാലും പരീക്ഷ തീർന്നിട്ടുണ്ടാവില്ല; അതു തീരുംവരെ ഊണുകഴിഞ്ഞവർ ഇലയുടെ മുന്നിൽ തന്നെ ഇരിക്കും. കിഴക്കുപടിഞ്ഞാറ് പരീക്ഷ തുലാമാസം 25-ന് തീരും. ഒന്നാംതീയതി ജട, മൂന്നിന് രഥ. പരീക്ഷാർഥികൾ തുലാം 28-ന് കടവല്ലൂർക്ക് പുറപ്പെടും. വടക്കുംനാഥനെ തൊഴുതശേഷമാണ് യാത്ര തുടങ്ങുക. അന്ന് ഉച്ചയ്ക്ക് അഞ്ചുനാഴിക പടിഞ്ഞാറുള്ള പേരാമംഗലത്തു മുണ്ടല്ലൂർ ക്ഷേത്രത്തിൽ അവർക്ക് സദ്യയുണ്ടാകും. വൈകീട്ട് ചെമ്മന്തട്ട ക്ഷേത്രത്തിലും. 29-ന് പട്ടിമുറി ക്ഷേത്രത്തിൽ എത്തും. 30-ാം തീയതി രാവിലെ, ആറുനാഴിക അകലെ ഉള്ള ചൊവ്വരം ക്ഷേത്രത്തിൽ തൊഴുത് ആലങ്ങോട്ടേക്കു മടങ്ങും. തിരുനാവായ യോഗക്കാർ 16-ാം തീയതി മുതൽ 12 ദിവസം ചമ്രവട്ടത്ത് സേവകഴിച്ച് പുലക്കാക്കര നമ്പൂതിരിപ്പാടിന്റെ ഇല്ലത്ത് എത്തും. അവിടെയും, പിറ്റേന്ന് ഉദയന്നൂർ മനയ്ക്കലും വാരം കഴിച്ച് 30-ാം തീയതി വൈകുന്നേരം ചൊവ്വരത്ത് എത്തും. എന്നാൽ തൃശൂർ യോഗക്കാർ ദക്ഷിണാമൂർത്തി സേവകഴിഞ്ഞ് ഭക്ഷണത്തിന് കാക്കാതെ ആലങ്ങോട്ടേക്ക് തിരിക്കും. 30-ാം തീയതി വൈകുന്നേരം ഇരുകൂട്ടരും കടവല്ലൂർ എത്തണം. കൊച്ചി വകയാണ് കടവല്ലൂർ ക്ഷേത്രം. ഇവിടെ പരീക്ഷ 16 ദിവസമോ, 24 ദിവസമോ നടക്കും. തൃശൂർയോഗം കൊച്ചിയുടെ രക്ഷയിലും തിരുനാവായയോഗം സാമൂതിരിയുടെ രക്ഷയിലും ആയിരുന്നു.

ശ്രീരാമക്ഷേത്രത്തിലെ കഴകക്കാർ, അച്ചുത്തത്ത്, പക്ഷി എന്ന രണ്ടു മൂത്തതു കുടുംബങ്ങൾ ആണ്. മത്സരാർഥികളുടെ ആതിഥേയർ ആ കുടുംബക്കാർ ആണ്. അച്ചുത്തത്ത് തൃശൂർ പക്ഷത്തിന്റേയും പക്ഷി തിരുനാവായ പക്ഷത്തിന്റേയും ആതിഥേയർ. ഭക്ഷണത്തിനും വിശ്രമത്തിനും ഓരോരുത്തർക്കും ഉണ്ട് നിശ്ചിതസ്ഥാനങ്ങൾ. 'അന്യോന്യ'ക്കാലത്ത്, ഓത്തന്മാർ 'രാമഹരെ' എന്ന് ഉറക്കെ ജപിച്ചുകൊണ്ട് പ്രദക്ഷിണം വയ്ക്കും. വേദം ചൊല്ലുന്നത് അന്യജാതിക്കാർ കേൾക്കാതിരിക്കാനുള്ള വഴിയാണത്രേ ഇത്! ആദ്യദിവസത്തെ പരീക്ഷയുടെ പേര് ഒന്നാന്തി മുമ്പിരിക്കലും ഒന്നാന്തി രണ്ടാം വാരവും. ഒരു വർഷം ഒരു യോഗക്കാർ ആദ്യം ഒന്നാന്തി മുമ്പിരുന്നാൽ, അടുത്തവർഷം ആ അവസരം മറ്റെ യോഗക്കാർക്കാണ്. ഒരു യോഗം ഒന്നാന്തി മുമ്പിരുന്നാൽ മറ്റെ യോഗം രണ്ടാന്തി വാരമിരിക്കും. വാരംചൊല്ലൽ ഇന്ന ഭാഗം എന്നു നിശ്ചയിക്കുന്നതിന് പടുകക്കുക എന്നുപറയും. പിന്നീട് അതിലെ ആദ്യത്തെ ഋക്ക് കൈകാണിക്കുന്നു. തുടർന്ന് പത്തു ഋക്കും ചൊല്ലും പിന്നീടാണ് ജട, രഥ എന്നീ പരീക്ഷകൾ. കൂത്തമ്പലത്തിന്റെ ഒരു മൂലയിൽ വച്ചു നടക്കുന്നതിനാൽ ഇതിന് മൂക്കിലെ ജട, മൂക്കിലെ രഥ എന്നും പറയും ഈ പരീക്ഷയിൽ രണ്ടു സഹായികളെ കൂട്ടാം അവരെ ഓതിപ്പാൻ എന്നു പറയും. തുടർന്ന് കടന്നിരിക്കുക എന്ന വലിയ പരീക്ഷ ഏറ്റവും വലിയ പരീക്ഷയാണ് 'വലിയ കടന്നിരിക്കൽ'.

മറ്റൊരു വേദപരീക്ഷയാണ് പാദംവയ്ക്കൽ. വേദത്തിലെ ഏതെങ്കിലും ഒരു ഭാഗത്തിന്റെ ഒരു വരി പരല്പേരു രീതി അനുസരിച്ച് അക്കങ്ങളാക്കി, ആ സംഖ്യ കവിടികൊണ്ട് കുറിക്കുന്നു. അതുനോക്കി, സൂചിതഭാഗം ചൊല്ലണം. ഈ പരീക്ഷതന്നെ കൂടുതൽ സങ്കീർണ്ണമാക്കുന്നതാണ് വട്ടപ്പാദം വയ്ക്കൽ. സംഖ്യ വൃത്തരൂപത്തിലാണ് കവിടിയാൽ ആലേഖനം ചെയ്യുക. അപ്പോൾ എവിടെ, ഏത് അക്ഷരത്തിൽ ആണ് വേദഭാഗം തുടങ്ങുന്നത് എന്നുപോലും പറയാൻ പ്രയാസമാവും. വരിയുടെ ആദ്യാക്ഷരവും, അന്ത്യാക്ഷരവും ഒന്നുതന്നെ എങ്കിൽ രണ്ടിനുംകൂടി ഒരു സംഖ്യതന്നെയാവും കാണിക്കുക. ഇങ്ങനെ ഉള്ള ഉയർന്ന വേദപാഠങ്ങൾ വേദവികൃതികൾ എന്ന പേരിൽ ആണ് അറിയപ്പെടുന്നത്. 1920-ൽ നമ്പൂതിരിമാർക്കിടയിൽ ഉണ്ടായ ചില തർക്കങ്ങളെത്തുടർന്ന് അന്യോന്യം കുറച്ചുകാ

ലം മുടങ്ങി. പിന്നീട് ഇത് ആരംഭിച്ചു. ഈയിടെ അന്യോന്യത്തിന് ചില പരിഷ്കാരങ്ങൾ വന്നു. ഇന്ന് അത് കേവലം വേദം ചൊല്ലൽ മാത്രമല്ല. ഒരു പണ്ഡിതപരീക്ഷയുടെ അരങ്ങുകൂടി ആയി.

## 1.1.10 മധ്യകേരളത്തിലെ നീതിനിർവഹണം

മധ്യകാല കേരളത്തിൽ പൊതുവെ നീതിനിർവഹണം നടത്തപ്പെട്ടിരുന്നത് സത്യപരീക്ഷകൾ എന്ന പേരിലറിയപ്പെടുന്ന ചില പരീക്ഷകളിലൂടെ ആയിരുന്നു. നാലുതരത്തിലുള്ള പരീക്ഷകൾ നിലനിന്നിരുന്നു. ജലപരീക്ഷ, അഗ്നിപരീക്ഷ, വിഷപരീക്ഷ, തൂക്കുപരീക്ഷ എന്നിവയായിരുന്നു. കുറ്റംചുമത്തപ്പെട്ട വ്യക്തി തിളച്ച എണ്ണയിലോ, നെയ്യിലോ കൈവിരലുകൾ മുക്കി എടുത്തതിനുശേഷം പൊള്ളിയിട്ടുണ്ടെങ്കിൽ കുറ്റം ചെയ്തുവെന്ന് തീരുമാനിക്കും. തുടർന്ന് ശിക്ഷാവിധികൾ നൽകും. പട്ടിണികിടത്തിയ വിഷപ്പാമ്പിനെ അടച്ചുവച്ച കുടത്തിൽ കയ്യിട്ടിട്ടും കടിയേൽക്കാതെ രക്ഷപ്പെട്ടാൽ നിരപരാധിയാണെന്ന് തെളിയിക്കപ്പെടും. മുതലയുള്ള വെള്ളത്തിൽക്കൂടി നീന്തിക്കുന്നതാണ് ജലപരീക്ഷ. മുതല പിടിക്കാതെ രക്ഷപ്പെട്ടാൽ നിരപരാധിയാണെന്ന് തെളിയും. ബ്രാഹ്മണർക്ക് നൽകിയിരുന്നത് തൂക്കുപരീക്ഷ മാത്രമായിരുന്നു. കുറ്റം ആരോപിക്കപ്പെട്ട വ്യക്തിയെ ആദ്യം തൂക്കി ഭാരം കണക്കാക്കുന്നു. തുടർന്ന് അയാളുടെ പേരിലുള്ള കുറ്റത്തിന്റെ വിശദവിവരങ്ങൾ ഓലയിലെഴുതിക്കെട്ടി രണ്ടാമതും അയാളെ തൂക്കിനോക്കും. തൂക്കം കൂടിയിട്ടില്ലെങ്കിൽ നിരപരാധിയായി സ്ഥിരീകരിക്കും. ബ്രാഹ്മണരല്ലാത്തവർക്ക് മാത്രമായി നടപ്പാക്കിയതായിരുന്നു ആദ്യത്തെ മൂന്നു പരീക്ഷകളും

ശിക്ഷകൾ ക്രൂരമായിരുന്നു. ജാതിഭ്രഷ്ട്, പിഴ, അടിമയാക്കൽ, കൈകാലുകൾ ഛേദിക്കൽ, വധം എന്നിവയായിരുന്നു പൊതുവെ നൽകപ്പെട്ടിരുന്ന ശിക്ഷകൾ. ബ്രാഹ്മണർക്ക് ജാതിഭ്രഷ്ട്, പിഴ എന്നീ ശിക്ഷകൾ നൽകിയപ്പോൾ മറ്റുള്ളവർക്ക് നിസ്സാരകുറ്റങ്ങൾക്കുപോലും വധശിക്ഷ നൽകിയിരുന്നു. താഴ്ന്നജാതിക്കാർക്ക് മാത്രമായി നൽകിയിരുന്ന ശിക്ഷാവിധിയാണ് ചിത്രവധം. ശരീരത്തിലൂടെ ഇരുമ്പുപാര അടിച്ചുകയറ്റി ദിവസങ്ങളോളം മരത്തിൽ കെട്ടിയിട്ട് കൊല്ലുന്നതാണ് ചിത്രവധം. കണ്ണ് ചൂഴ്ന്നെടുക്കുക, ആനയെക്കൊണ്ട് ചവുട്ടികൊല്ലിക്കുക, ചാട്ടവാർകൊണ്ടടിച്ച് മുറിവുണ്ടാക്കി മുറിവിൽ കാന്താരിമുളക് പുരട്ടി വെയിലത്തുനിറുത്തുക തുടങ്ങിയ ശിക്ഷകളും ഉണ്ടായിരുന്നു.

### 1.1.10.1 ശുചീന്ദ്രം കൈമുക്ക്

ബ്രാഹ്മണർക്ക് മാത്രമായി സത്യപരീക്ഷ നടത്തപ്പെട്ട ഒരു സ്ഥലമാണ് ശുചീന്ദ്രം. വേണാട് തെക്കൻതിരുവിതാംകൂറിൽ ആധിപത്യമുറപ്പിച്ചപ്പോൾ ശുചീന്ദ്രത്ത് കുടിയേറിപ്പാർത്ത ബ്രാഹ്മണരാണ് ശുചീന്ദ്രം ക്ഷേത്രത്തിൽ കൈമുക്ക് ഏർപ്പെടുത്തിയത് (തിളയ്ക്കുന്ന നെയ്യിൽ കൈമുക്കുക). ശുചീന്ദ്രത്തെ കൈമുക്ക് നമ്പൂതിരിസമുദായത്തിന്റെ സത്യപരീക്ഷ ആയിരുന്നു. നമ്പൂതിരി സമുദായത്തിലെ സ്ത്രീകളുടെ സദാചാരലംഘനത്തോടനുബന്ധിച്ചായിരുന്നു സത്യപരീക്ഷകളെല്ലാം നടന്നിരുന്നത്. സ്മാർത്തവിചാരവേളയിൽ ഭ്രഷ്ട് കല്പിക്കപ്പെട്ട പുരുഷന് കുറ്റവിമുക്തനാകുവാൻ ലഭിയ്ക്കുന്ന അവസരമാണ് ശുചീന്ദ്രംകൈമുക്ക്. സ്മാർത്തവിചാരം നടത്തിയവരുടെ അനുവാദത്തോടെയാണ് തിരുവിതാംകൂർ രാജാവ് കൈമുക്കിന് അനുവാദം നൽകുന്നത്

കൈമുക്കിന് തയ്യാറായി പ്രതി എത്തിയാൽ നേരത്തേ എണ്ണയിൽ ആറാടിച്ച ഗണപതി വിഗ്രഹം കൊണ്ടുവന്ന് പൂജിയ്ക്കും. തുടർന്ന് സ്വർണ്ണംകൊണ്ടുണ്ടാക്കിയ വൃഷഭവിഗ്രഹം എഴുന്നള്ളിച്ച് കൊണ്ടുവരും. ഈ വിഗ്രഹം എണ്ണയും നെയ്യും കൃത്യമായ അളവിൽ ചേർത്ത് തയ്യാറാക്കിയതിൽ ഇട്ട് തിളപ്പിക്കും. തിളയ്ക്കുന്ന നെയ്യിൽ ഇലഞ്ഞിപ്പട്ട ഇടും. അത് പൊങ്ങിവരുമ്പോൾ ചൂട് കൃത്യമായി. ഈ നെയ്യിൽനിന്ന്, കുറ്റം ആരോപിക്കപ്പെട്ടയാൾ വൃഷഭവിഗ്രഹം വെറുംകൈകൊണ്ട് എടുത്ത് അടുത്തുള്ള തൂശനിലയിൽ ഇടും അയാളുടെ കൈ ചാണകംകൊണ്ട് പൊതിഞ്ഞ് തുണികൊണ്ട് മൂടിക്കെട്ടും. മൂന്നാംനാൾ കൈയിലെ കെട്ടഴിച്ചുനോക്കും. കൈ പൊള്ളിയിട്ടുണ്ടെങ്കിൽ അയാൾ കുറ്റം ചെയ്തവനാണ് എന്ന് തീരുമാനിയ്ക്കും.

SGOU

അയാളെ തെക്കെവാതിലിലൂടെ ശ്രീബലിപുരത്ത് കൊണ്ടുപോയി കിഴക്കെത്തെരുവിലൂടെ പിള്ളയാർകോവിൽവരെ കൊണ്ടുവിടുന്നു. അയാൾ രാജ്യഭ്രഷ്ടനായി മുദ്രകുത്തപ്പെടും. കൈപൊള്ളിയിട്ടില്ലെങ്കിൽ അയാൾ ശുദ്ധനെന്ന് പ്രഖ്യാപിക്കപ്പെടും. പരശുരാമനാണ് ഈ സത്യപരീക്ഷ ഏർപ്പെടുത്തിയതെന്ന് വിശ്വസിക്കപ്പെടുന്നു. സ്വാതിതിരുനാളാണ് ഈ പരീക്ഷണം അവസാനിപ്പിച്ചത്.

### 1.1.10.2 ഫണികുംഭപരീക്ഷ

എട്ടാംനൂറ്റാണ്ടിന്റെ ഉത്തരാർധത്തിൽ ജീവിച്ചിരുന്ന പള്ളിബാണപ്പെരുമാൾ കേരളത്തിലുണ്ടായിരുന്ന ബുദ്ധരോട് സഹിഷ്ണുതയുള്ള രാജാവായിരുന്നു. ബുദ്ധസന്യാസിമാർക്കുവേണ്ടി അദ്ദേഹം കേരളത്തിൽ ബുദ്ധവിഹാരം സ്ഥാപിച്ചിരുന്നു. എന്നാൽ അതേസമയം ഇവിടെയുണ്ടായിരുന്ന ബ്രാഹ്മണർ ബുദ്ധന്മാരെ കേരളത്തിൽ നിന്നും ഓടിക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചു.പള്ളിബാണപെരുമാളിന്റെകാലത്ത്ബുദ്ധസന്യാസികളെ കേരളത്തിൽനിന്നും ഓടിക്കാൻ വേണ്ടി രാജസന്നിധിയിൽ ബുദ്ധന്മാരും ബ്രാഹ്മണരും തമ്മിലുള്ള വാദപ്രതിവാദം നടത്തിയിരുന്നു. ഒരിയ്ക്കൽ ഇവർ തമ്മിൽ നടന്ന വാദപ്രതിവാദത്തിൽ ആർക്കും വിജയിയ്ക്കാൻ കഴിഞ്ഞില്ല. ഒടുവിൽ ഫണികുംഭപരീക്ഷ നടത്തി വിജയിയെ നിശ്ചയിക്കാൻ രാജാവ് തീരുമാനിച്ചു. ബൗദ്ധൻ കുടത്തിനുള്ളിൽ പാമ്പാണെന്ന് പറഞ്ഞപ്പോൾ ബ്രാഹ്മണൻ താമരയാണെന്ന് പറഞ്ഞു. കുടം തല്ലിപ്പൊളിച്ചപ്പോൾ താമരയാണ് കണ്ടത്. ഇതിനെത്തുടർന്ന് ബ്രാഹ്മണർ വിജയാഹ്ലാദം മുഴക്കിയെങ്കിലും രാജാവ് അത് അംഗീകരിച്ചില്ല. തുടർന്നും ബുദ്ധരോട് സഹിഷ്ണുത പ്രകടിപ്പിച്ച പള്ളിബാണപ്പെരുമാളെ ബ്രാഹ്മണരെല്ലാവരും കൂടി സ്ഥാനഭ്രഷ്ടനാക്കുകയാണ് ചെയ്തത്.

വളരെ കഠിനമായിരുന്നു കുറ്റവാളികൾക്ക് നൽകിയിരുന്ന ശിക്ഷകൾ. മരണശിക്ഷയ്ക്ക് വിധിക്കപ്പെട്ടവന്റെ ശരീരം രണ്ടായി വെട്ടിമുറിച്ച് കഴുവിലേറ്റിയിരുന്നു. കൊല്ലാൻ വിധിച്ച മുസ്ലീങ്ങളുടെ ശവശരീരം മതാചാരപ്രകാരം സംസ്കരിക്കാൻ ബന്ധുക്കൾക്ക് വിട്ടുകൊടുക്കുമായിരുന്നുവെന്നും മുസ്ലീങ്ങളല്ലാത്തവരുടെ ശവങ്ങൾ നായ്ക്കും നരിക്കും ഇരയാവുകയായിരുന്നു പതിവെന്നും ശൈഖ് സൈനുദ്ദീൻ പറയുന്നു. കടം വാങ്ങിയാൽ തിരിച്ചുകൊടുക്കാത്തവർക്ക് ഒരു പ്രത്യേകതരം ശിക്ഷ നൽകിയിരുന്നു. കടം വീട്ടാത്തവന്റെ ചുറ്റും പച്ചച്ചില്ലകൊണ്ട് ഒരു വൃത്തം വരച്ചിട്ട്, ബാധ്യത തീർക്കാതെ ആ വര കടന്നുപോകാൻ പാടില്ലെന്ന് പറയും. ഇഷ്ടദേവതയുടെ പേരുച്ചരിച്ചുകൊണ്ടായിരിയ്ക്കും ഇങ്ങനെ ചെയ്യുന്നത്. ഈ ആചാരത്തിന് 'വളയ്ക്കൽ' എന്നാണ് പറഞ്ഞിരുന്നത്.

## 1.1.11 തൃപ്പടിദാനം

മാർത്താണ്ഡവർമ്മ, മറ്റു നാടുകളെല്ലാം വെട്ടിപ്പിടിച്ച് വിസ്തൃതമാക്കിയ തിരുവിതാംകൂർ രാജ്യം 1750 ജനുവരി 3-ാം തീയതി ശ്രീപത്മനാഭന് സർവസ്വദാനമായി സമർപ്പിച്ചതിനെയാണ് തൃപ്പടിദാനം എന്ന് പറയുന്നത്. അന്നുമുതൽ അദ്ദേഹവും അനന്തരഗാമികളും പത്മനാഭദാസന്മാരായി രാജ്യഭരണം നടത്തുമെന്നതായിരുന്നു തൃപ്പടിദാനത്തിന്റെ അർഥം. തൃപ്പടിദാനം നിർവഹിക്കുന്നതിനു മുമ്പുതന്നെ ശ്രീപത്മനാഭസ്വാമിക്ഷേത്രം പുതുക്കിപ്പണിയുന്നതിനും ക്ഷേത്രഭരണം നല്ല നിലയിലാക്കുന്നതിനും അദ്ദേഹം നടപടികൾ സ്വീകരിച്ചിരുന്നു. ഒറ്റക്കല്ലുകൊണ്ടുള്ളതും 'ഒറ്റക്കൽ മണ്ഡപം' എന്ന് പ്രസിദ്ധവുമായ മുഖമണ്ഡപത്തിന്റെ നിർമ്മാണം നടന്നതും ഇക്കാലത്താണ്. ക്ഷേത്രോത്സവം വർഷത്തിൽ രണ്ടു പ്രാവശ്യം നടത്താനുള്ള ഏർപ്പാടുകളും അദ്ദേഹം ചെയ്തു. ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ ഭദ്രദീപവും മുറജപവും തുടങ്ങിയത് മാർത്താണ്ഡവർമ്മയാണ്.

## Recap

- നാടുവാഴികൾ പ്രദേശത്തിന്റെ പേരിൽ അറിയപ്പെട്ടു
- നാടുവാഴികളുടെ ആ പ്രദേശങ്ങളാണ് സ്വരൂപങ്ങൾ
- സ്വരൂപങ്ങളിൽ കൂട്ടുകുടുംബവ്യവസ്ഥയാണ് നിലനിന്നിരുന്നത്
- സ്വരൂപങ്ങൾ മരുമക്കത്തായികളായിരുന്നു
- കൂറുവാഴ്ച വ്യവസ്ഥ
- സ്വരൂപത്തിന്റെ ഭരണാധികാരിയാണ് 'മൂത്തകൂർ'
- ഭരണാധികാരികൾക്കുണ്ടായിരുന്ന പദവികളുടെ അടിസ്ഥാനനത്തിൽ കുടുംബ വിഭജനം
- കേരളത്തിലെ നാടുവാഴികളെക്കുറിച്ചുള്ള ആദ്യ ലിഖിതപരാമർശം തരിസാപ്പിള്ളി ചെപ്പേടിൽ
- പെരുമാൾ കാലഘട്ടത്തിൽ 11 നാടുകൾ കേരളത്തിൽ ഉണ്ടായിരുന്നു
- ആട്ടൈക്കോൾ പെരുമാൾ കാലത്ത് രാജാവിന് നൽകിയിരുന്ന വാർഷിക നികുതി
- വേണാട് സ്വരൂപത്തിന്റെ ആദ്യകാല ആസ്ഥാനം കീഴ്പ്പേരൂർ
- വേണാടിന്റെ കുലദേവതാക്ഷേത്രം കീഴ്പ്പേരൂരിലുള്ള തൃപ്പാക്കടൽ ആണ്
- അയ്യനടികൾ തിരുവടികൾ, ശ്രീവല്ലഭൻകോത, ഗോവർധന മാർത്താണ്ഡൻ എന്നിവരാണ് ശാസനങ്ങളിൽ പ്രതിപാദിക്കപ്പെടുന്ന വേണാട്ട് രാജാക്കന്മാർ
- ചിറവാമൂപ്പൻ വേണാട്ടിലെ പ്രധാന രാജാവ്
- വേണാട്ടിലെ യുവരാജാവിനെ തൃപ്പാപ്പൂർ മൂപ്പനെന്ന് വിളിക്കുന്നു
- 12-ാംനൂറ്റാണ്ടിന്റെ ആരംഭത്തിൽ വേണാടിന് സ്വതന്ത്രപദവി
- വേണാടിന്റെ ആദ്യഭരണാധികാരി അയ്യനടികൾ തിരുവടികൾ
- തരിസാപ്പള്ളിശാസനകർത്താവ് അയ്യനടികൾ തിരുവടികൾ
- ഭാസ്കരരവിവർമ്മയുടേതാണ് ജൂതശാസനം
- വേണാട്ടുരാജാവായ ജയസിംഹനിൽനിന്നാണ് ജയസിംഹനാട് അഥവാ ദേശിങ്ങനാട് എന്ന പേര് തിരുവിതാംകൂറിന് ലഭിച്ചത്
- പെരുമ്പടപ്പ് സ്വരൂപം എന്നാണ് ആദ്യകാലത്ത് കൊച്ചി അറിയപ്പെട്ടിരുന്നത്
- കോവിലധികാരികൾ എന്ന സ്ഥാനപ്പേരുള്ളത് കൊച്ചിരാജാക്കന്മാർക്കാണ്
- 14-ാം നൂറ്റാണ്ടുവരെ പെരുമ്പടപ്പുസ്വരൂപത്തിന്റെ ആസ്ഥാനം വന്നേരിയിലെ ചിത്രകൂടം
- വീരരാഘവപ്പട്ടയം പുറപ്പെടുവിച്ചത് വീരരാഘവൻ
- ഇരവികോർത്തൻ ചെപ്പേട് അഥവാ സിറിയൻ ക്രിസ്ത്യൻശാസനം എന്നും വീരരാഘവപ്പട്ടയം അറിയപ്പെടുന്നു
- ക്രൈസ്തവ നേതാവായ ഇരവികോർത്തന് മഹോദയപുരത്ത് ചില സ്ഥാനമാനങ്ങൾ അനുവദിച്ചുനൽകുന്നതാണ് വീരരാഘവപ്പട്ടയം
- ഏറനാട് ഉടൈയവരുടെ പിന്മുറക്കാരാണ് സാമൂതിരിമാർ
- നെടിയിരിപ്പ് സ്വരൂപം എന്നാണ് ആദ്യകാലങ്ങളിൽ സാമൂതിരിമാർ അറിയപ്പെട്ടിരുന്നത്
- 11-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ എറാൾനാട്, നെടിയിരിപ്പ് സ്വരൂപമായി മാറി
- ഇബ്നുബത്തൂത്തയുടെ യാത്രാവിവരണങ്ങളിലാണ് സാമൂതിരിയെക്കുറിച്ച് ആദ്യമായി പരാമർശിക്കുന്നത്
- മലയ്ക്കും കടലിനും ഇടയിലുള്ള രാജ്യത്തിന്റെ അധിപൻ എന്നർഥമുള്ള കുന്നലകോനാതിരി, ശൈലാബ്ധീശ്വരൻ എന്നീ ബിരുദങ്ങൾ സാമൂതിരി സ്വീകരിച്ചു
- സംഘകാലത്ത് ഏഴിമല ആസ്ഥാനമാക്കി ഭരിച്ചിരുന്ന ഒരു രാജവംശത്തിന്റെ കീഴിലായിരുന്നു കോലത്തുനാട്
- മൂഷകവംശമെന്ന രാജവംശമായിരുന്നു കോലത്തുനാട് ഭരിച്ചിരുന്നത്
- ഏഴിമല നന്നന്റെ പിന്തുടർച്ചക്കാരാണ് മൂഷകവംശരാജാക്കന്മാർ

- മുഷകരാജ്യത്തിന്റെ ചരിത്രം ഇതിവൃത്തമാക്കി രചിച്ച സംസ്കൃത മഹാകാവ്യമാണ് മൂഷകവംശം
- മൂഷകവംശം കാവ്യത്തിന്റെ കർത്താവാണ് അതുലൻ
- കോലത്തുനാട് ഭരിച്ചിരുന്ന ശ്രീകണ്ഠൻ എന്ന രാജാവിന്റെ ആസ്ഥാനകവിയായിരുന്നു അതുലൻ
- മൂഷകവംശക്കാർ മക്കത്തായികളാണ്
- വിക്രമരാമൻ എന്ന രാജാവ് ശ്രീമൂലവാസം ക്ഷേത്രത്തെ കടൽക്ഷോഭത്തിൽനിന്നും രക്ഷിച്ചതായി പറയപ്പെടുന്നു
- തൃച്ചംബരം വിഷ്ണുക്ഷേത്രം പുതുക്കിപ്പണിയിച്ച രാജാവാണ് വല്ലഭൻ രണ്ടാമൻ
- മാടായി എന്ന നഗരം സ്ഥാപിച്ചത് വല്ലഭൻ രണ്ടാമൻ
- വല്ലഭൻപ്പട്ടണം നിർമ്മിച്ചത് വല്ലഭൻ രണ്ടാമനാണ്. വല്ലഭപ്പട്ടണമാണ് വളർപ്പട്ടണമായത്
- മൂഷകരാജ്യം 14-ാംനൂറ്റാണ്ടിൽ കോലത്തുനാട് എന്നറിയപ്പെട്ടു
- കോലത്തുനാട് ഭരിച്ചവർ കോലത്തിരിമാരായി
- കോലത്തിരിമാരെക്കുറിച്ചുള്ള ആദ്യവിവരണമുള്ളത് മാർക്കോപോളോയുടെ സഞ്ചാര വിവരണങ്ങളിലാണ്
- മാർക്കോപോളോ കോലത്തുനാടിനെ ഏലിരാജ്യം എന്നാണ് വിളിച്ചത്
- കോലത്തുനാടിനെ ഹിലി എന്ന് അൽബറൂനി വിശേഷിപ്പിച്ചു
- ഭാഗവതത്തിന് കൃഷ്ണപദിയെന്ന വ്യാഖ്യാനമെഴുതിയത് രാഘവാനന്ദൻ
- കേരളത്തിലെ ഏക മുസ്ലീംരാജവംശമാണ് അറയ്ക്കൽ രാജവംശം
- അറയ്ക്കൽ രാജവംശം മരുമക്കത്തായമാണ് പിന്തുടരുന്നത്
- ഭരണാധികാരി പുരുഷനാണെങ്കിൽ ആലി രാജാവെന്നും സ്ത്രീ ആണെങ്കിൽ അറയ്ക്കൽ ബീവി എന്നും അറിയപ്പെടുന്നു
- സ്വന്തമായ ഒരു കപ്പൽവ്യൂഹം ഉണ്ടായിരുന്നതിനാൽ ആഴിരാജാവ് എന്ന് ആലി രാജാവ് അറിയപ്പെടുന്നു
- കേരളത്തിലെ വിദേശവ്യാപാരത്തെക്കുറിച്ച് അറിയാൻ കഴിയുന്നത് കേരളത്തിലെത്തിയ സഞ്ചാരികളുടെ കുറിപ്പിൽനിന്നാണ്
- ഏഴിമല, വളപ്പട്ടണം, പന്തലായിനി കൊല്ലം, കാപ്പാട്, കോഴിക്കോട്, ചാലിയം, കൊടുങ്ങല്ലൂർ, കൊച്ചി, കൊല്ലം  കേരളത്തിലെ പ്രധാന തുറമുഖങ്ങൾ
- സാമൂതിരിയെ നിലപാട് തറയിൽനിന്നും പുറത്താക്കാനായി ആത്മഹത്യാപരമായി യുദ്ധം ചെയ്യുന്നവരെ ചാവേർ എന്ന് പറയുന്നു
- കേരളത്തിലെ പ്രധാന ചാവേർപ്പട, മാമാങ്കത്തിൽ പൊരുതി മരിക്കുന്ന വള്ളുവക്കോനാതിരിയുടെ ചാവേർസംഘമാണ്
- ഒരു പ്രാചീന നദീതീരഉത്സവമാണ് മാമാങ്കം
- ഭാരതപ്പുഴയുടെ തീരത്ത് തിരുനാവായയിൽ വെച്ച് 12 വർഷത്തിലൊരിയ്ക്കൽ ആണ് മാമാങ്കം നടത്തിയിരുന്നത്
- കുംഭമാസത്തിലെ മകം നാളിലാണ് മാമാങ്കം
- മഹാമഘം ആണ് മാമാങ്കമായത്
- പെരുമാൾ ഭരണകാലത്ത് മാമാങ്കത്തിന്റെ രക്ഷാപുരുഷസ്ഥാനം മഹോദയപുരത്തെ രാജാവിനായിരുന്നു
- പെരുമാൾ ഭരണത്തിനുശേഷം മാമാങ്കത്തിന്റെ രക്ഷാപുരുഷസ്ഥാനം വള്ളുവക്കോ

SGOU

നാതിരിക്കായിരുന്നു

- 14-ാം നൂറ്റാണ്ടിനൊടുവിൽ മാമാങ്കം സാമൂതിരിയുടെ രക്ഷാസ്ഥാനത്തിലായി
- കോഴിക്കോട് തളിക്ഷേത്രത്തിൽ വർഷംതോറും നടത്തപ്പെട്ടിരുന്ന വിദ്വൽസദസ്സാണ് രേവതി പട്ടത്താനം
- ചൊവ്വരം പന്നിയൂർ മത്സരത്തെത്തുടർന്നാണ് പട്ടത്താനം ആരംഭിച്ചത്
- തളിയിൽ താനമെന്നും പട്ടത്താനം അറിയപ്പെടുന്നു
- ഋഗ്വേദികൾക്കിടയിൽ നടന്നിരുന്ന വേദപാണ്ഡിത്യ പരീക്ഷയാണ് കടവല്ലൂർ അന്യോന്യം
- കടവല്ലൂർ ശ്രീരാമസ്വാമി ക്ഷേത്രത്തിൽവെച്ചാണ് കടവല്ലൂർ അന്യോന്യം നടക്കുന്നത്
- മധ്യകാലകേരളത്തിൽ നടത്തിയിരുന്ന നീതിനിർവഹണം സത്യപരീക്ഷകൾ എന്നറിയപ്പെട്ടു
- നാലുതരം സത്യപരീക്ഷകൾ ജലപരീക്ഷ, അഗ്നിപരീക്ഷ, വിഷപരീക്ഷ, തൂക്കു പരീക്ഷ
- ബ്രാഹ്മണർക്ക് മാത്രമായി സത്യപരീക്ഷ നടത്തപ്പെട്ട ഒരു സ്ഥലമാണ് ശുചീന്ദ്രം
- തിളയ്ക്കുന്ന നെയ്യിൽ കൈമുക്കുന്നതിനെയാണ് കൈമുക്ക് ശിക്ഷ എന്ന് പറയുന്നത്
- പള്ളിബാണപ്പെരുമാളുടെ കാലത്ത് ബൗദ്ധരും ബ്രാഹ്മണരും തമ്മിൽ നടന്നിരുന്ന വാദം, പ്രതിവാദത്തിൽ വിജയിയെ കണ്ടെത്താൻ നടത്തിയ ഒരേർപ്പാടായിരുന്നു ഫണികുംഭപരീക്ഷ
- 1950 ജനുവരി 3-ാം തീയതി മാർത്താണ്ഡവർമ്മ തിരുവിതാംകൂർ രാജ്യം ശ്രീപത്മനാഭസ്വാമിക്ക് അടിയറവ് വെച്ചതാണ് തൃപ്പടിദാനം

## Objective Type Questions

1. നാടുവാഴികൾ അറിയപ്പെട്ടിരുന്നതെങ്ങനെ?
2. സ്വരൂപങ്ങളിൽ എത്തരത്തിലുള്ള കുടുംബവ്യവസ്ഥയാണ് നിലനിന്നിരുന്നത്?
3. കേരളത്തിലെ നാടുവാഴികളെക്കുറിച്ച് ആദ്യ പരാമർശമുള്ള ശാസനമേത്?
4. പെരുമാൾ കാലഘട്ടത്തിൽ കേരളത്തിൽ എന്ന നാടുകളുണ്ടായിരുന്നു എന്നാണ്?
5. പെരുമാൾക്കാലത്ത് രാജാവിനു നൽകിയിരുന്ന വാർഷികനികുതിയെ അറിയപ്പെട്ടിരുന്നതെങ്ങനെ?
6. സ്വരൂപത്തിന്റെ ഭരണാധികാരിയെ ഏതു പേരിലാണ് അറിയപ്പെട്ടിരുന്നത്?
7. വേണാട് സ്വരൂപത്തിന്റെ ആദ്യകാല ആസ്ഥാനം ഏതായിരുന്നു?
8. വേണാട്ടിലെ പ്രധാന രാജാവ് ഏതു പേരിലാണ് അറിയപ്പെട്ടിരുന്നത്?
9. വേണാട്ടിലെ യുവരാജാവ് ഏതു പേരിലാണ് അറിയപ്പെട്ടിരുന്നത്?
10. വേണാട്ടിന്റെ കുലദേവതാക്ഷേത്രം ഏതായിരുന്നു?
11. വേണാട്ടിലെ ആദ്യ ഭരണാധികാരി ആര്?
12. തരിസാപ്പള്ളി ശാസനത്തിന്റെ കർത്താവാര്?
13. ആരുടേതാണ് ജൂതശാസനം?
14. വേണാടിന് ദേശിംഗനാട് എന്ന പേരു വരാൻ കാരണമെന്ത്?

15. സംഗ്രാമധീരൻ എന്ന ബഹുമതി സ്വയം സ്വീകരിച്ച രാജാവ് ആര്?
16. തരിസാപ്പള്ളി ശാസനം ആർക്കാണ് നൽകിയത്?
17. പ്രദ്യുമ്നാഭ്യുദയം എന്ന കൃതിയുടെ കർത്താവ് ആര്?
18. കൊച്ചി നാടുവാഴിയുടെ സ്ഥാനപ്പേരെന്ത്?
19. വേണാട്ടു രാജാക്കന്മാരുടെ സ്ഥാനപ്പേരെന്ത്?
20. പെരുമ്പടപ്പു സ്വരൂപത്തിന്റെ ആദ്യകാല ആസ്ഥാനം?
21. ശിവവിലാസം എന്ന കൃതിയിൽ പെരുമ്പടപ്പ് രാജാവിനെ വിളിക്കുന്നത് ഏത് പേരിലാണ്?
22. ഇരവി കോർത്തൻ ചെപ്പേട് എന്നറിയപ്പെടുന്ന ശാസനം?
23. സിറിയൻ ക്രിസ്ത്യൻശാസനം എന്നറിയപ്പെടുന്ന ശാസനം?
24. ആദ്യകാലങ്ങളിൽ സാമൂതിരിമാർ അറിയപ്പെട്ടിരുന്നത് ഏത് പേരിലാണ്?
25. മൂഷകവംശം കാവ്യത്തിന്റെ കർത്താവ് ആര്?
26. ഏഴിമല നന്നന്റെ പിന്തുടർച്ചക്കാർ എന്ന് കരുതപ്പെടുന്ന രാജവംശം ഏത്?
27. വളർപ്പട്ടണം നിർമ്മിച്ച രാജാവ് ആര്
28. മാർക്കോ പോളോ കോലത്ത് നാടിനെ വിശേഷിപ്പിച്ചത് ഏത് പേരിലാണ്?
29. കോലത്തുനാടിനെ ഹിലി എന്ന് വിശേഷിപ്പിച്ച സഞ്ചാരി ആര്
30. ഭാരതസംഗ്രഹം എന്ന മഹാകാവ്യത്തിന്റെ കർത്താവ് ആര്?
31. ചന്ദ്രികകൂലാപീഠം എന്ന നാടകം രചിച്ചത് ആര്?
32. കേരളത്തിലെ ഏക മുസ്ലീം രാജവംശം ഏതാണ്?
33. അറയ്ക്കൽ രാജകുടുംബത്തിലെ സ്ത്രീ ഭരണാധികാരിയെ വിളിപ്പിക്കുന്ന പേര്?
34. മധ്യകേരളത്തിൽ നടത്തപ്പെട്ടിരുന്ന നീതിനിർവഹണം ഏത് പേരിലാണ് അറിയപ്പെട്ടിരുന്നത്.
35. തൃപ്പടിദാനം നടന്നത് ഏത് വർഷം?
36. ശുചീന്ദ്രം കൈമുക്ക് നിർത്തലാക്കിയ ഭരണാധികാരി?
37. ഹണികുംഭപരീക്ഷ നടത്തിയ രാജാവ്?
38. ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ ഭദ്രദീപവും മുറജപവും ആരംഭിച്ച രാജാവ്?
39. തിരുവിതാംകൂറിലെ സത്യപരീക്ഷകൾ എത്ര വിധമായിരുന്നു?
40. ഋഗ്വേദികൾക്കിടയിൽ നടന്നിരുന്ന വേദപാണ്ഡിത്യ പരീക്ഷ ഏതായിരുന്നു?
41. കടവല്ലൂർ അന്യോന്യം ഏതു ക്ഷേത്രത്തിൽ വെച്ചാണ് നടന്നിരുന്നത്?
42. ബ്രാഹ്മണർക്ക് മാത്രമായി സത്യപരീക്ഷ നടത്തപ്പെട്ട സ്ഥലമേത്?
43. കോഴിക്കോട് തളിക്ഷേത്രത്തിൽ വർഷംതോറും നടത്തപ്പെട്ടിരുന്ന വിദ്വൽസദസ്സ് ഏതായിരുന്നു?
44. പെരുമാൾ ഭരണത്തിനു ശേഷം മാമാങ്കത്തിന്റെ രക്ഷാപുരുഷസ്ഥാനം ആർക്കായിരുന്നു?
45. എത്ര വർഷം കൂടുമ്പോൾ എവിടെ വെച്ചാണ് മാമാങ്കം നടത്തുന്നത്?

SGOU

## Answers

1. അവരുൾപ്പെട്ട സ്വരൂപത്തിന്റെ പേരിൽ
2. കൂട്ടുകുടുംബ വ്യവസ്ഥ
3. തരിസാപ്പള്ളി ശാസനം
4. 11 നാടുകൾ
5. ആട്ടൈക്കോൾ
6. മൂത്തകൂർ
7. കീഴ്പ്പേരൂർ
8. ചിറവാമൂപ്പൻ
9. തൃപ്പാപ്പൂർ മൂപ്പൻ
10. കീഴ്പ്പേരൂരിലെ തൃപ്പാക്കടൽ
11. അയ്യനടികൾ തിരുവടികൾ
12. അയ്യനടികൾ തിരുവടികൾ
13. ഭാസ്ക്കര രവിവർമ്മ
14. രാജാവായ ജയസിംഹനിൽ നിന്ന്
15. രവിവർമ്മ കുലശേഖരൻ
16. മരുവാൻ സപീർ ഈശോയിക്ക്
17. രവിവർമ്മ
18. കേരള തൃക്കോവിൽ അധികാരി.
19. കുലശേഖരപ്പെരുമാൾ
20. പെരുമ്പടപ്പ് ഗ്രാമത്തിലെ ചിത്രകൂടം
21. കേരളചക്രവർത്തി
22. വീരരാഘവപ്പട്ടയം
23. വീരരാഘവപ്പട്ടയം
24. നെടിയിരിപ്പ് സ്വരൂപം
25. അതുലൻ
26. മൂഷകവംശം
27. വലഭൻ രണ്ടാമൻ
28. ഏലി
29. അൽബറൂനി
30. രാമവർമ്മ
31. രാമവർമ്മ
32. അറയ്ക്കൽ രാജവംശം (ആലി രാജവംശം)
33. അറയ്ക്കൽ ബീവി
34. സത്യപരീക്ഷകൾ
35. 1750 ജനുവരി 3
36. സ്വാതിതിരുനാൾ
37. പള്ളിബാണപ്പെരുമാൾ
38. മാർത്താണ്ഡവർമ്മ
39. നാലുവിധം
40. കടവല്ലൂർ അന്യോന്യം
41. കടവല്ലൂർ ശ്രീരാമസ്വാമി ക്ഷേത്രത്തിൽ
42. ശുചീന്ദ്രം
43. രേവതി പട്ടത്താനം
44. വള്ളുവക്കോനാതിരിക്ക്
45. വർഷത്തിലൊരിയ്ക്കൽ, ഭാരതപ്പുഴയുടെ തീരത്ത് തിരുനാവായയിൽ വെച്ച്

SGOU

## Assignments

1. രണ്ടാം ചേരസാമ്രാജ്യ (കുലശേഖര ) പതനത്തിനു ശേഷമുള്ള കേരള ചരിത്രം വിശകലനം ചെയ്യുക.
2. നാടുവാഴി സ്വരൂപങ്ങളുടെ ആവിർഭാവവും വളർച്ചയും ചർച്ച ചെയ്യുക.
3. സ്വരൂപങ്ങൾ തങ്ങളുടെ ഭരണാധികാരം ചേരരാജാക്കന്മാരുമായി ബന്ധപ്പെടുത്തുന്നത് എങ്ങനെ? വിശകലനം ചെയ്യുക.
4. നാടുവാഴികൾക്ക് വിദേശികളുമായുണ്ടായിരുന്ന വ്യാപാരബന്ധത്തെക്കുറിച്ച് ഉപന്യസിക്കുക.
5. കേരളത്തിൽ ജന്മിസമ്പ്രദായത്തിന്റെ ആവിർഭാവവും പരിണിതഫലങ്ങളും അപഗ്രഥിക്കുക.
6. കേരളത്തിൽ ജാതികളും ഉപജാതികളും ആവിർഭവിച്ചതിന്റെ കാര്യകാരണങ്ങൾ ചർച്ച ചെയ്യുക.
7. കേരളത്തിലെ ആദ്യകാല വിദേശ കച്ചവടബന്ധത്തെക്കുറിച്ച് അപഗ്രഥിക്കുക.

## Reference


1. എ. ശ്രീധരമേനോൻ, കേരള സംസ്കാരം, ഡി.സി. ബുക്സ്, കോട്ടയം
2. പ്രൊഫ. എസ്. അച്യുതവാര്യർ, കേരള സംസ്കാരം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
3. ഡോ. എം.ജി.എസ്. നാരായണൻ, കേരളചരിത്രത്തിന്റെ അടിസ്ഥാനശിലകൾ, ഗ്രീൻ ബുക്സ്, കോഴിക്കോട്
4. ഇളംകുളം കുഞ്ഞൻപിള്ള, അന്നത്തെ കേരളം, എൻ. ബി. എസ്, കോട്ടയം
5. ഉള്ളൂർ എസ്. പരമേശ്വരയ്യർ, കേരളസാഹിത്യ ചരിത്രം :ഒന്നാം വാല്യം, കേരള സർവകലാശാല, തിരുവനന്തപുരം
6. എം.ആർ. രാഘവവാര്യർ, മധ്യകാല കേരളം സ്വരൂപനീതിയുടെ ചരിത്രപാഠങ്ങൾ, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം.
7. പി.കെ. ഗോപാലകൃഷ്ണൻ. കേരളത്തിന്റെ സാംസ്കാരിക ചരിത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. തിരുവനന്തപുരം.


SGOU

## Suggested Reading


1. കെ.എൻ. ഗണേഷ്, കേരളത്തിന്റെ ഇന്നലെകൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. തിരുവനന്തപുരം.
2. ടി.കെ. ഗംഗാധരൻ, കേരളചരിത്രം, കോപ്പറേറ്റീവ് സൊസൈറ്റി, കോഴിക്കോട് സർവകലാശാല, കോഴിക്കോട്.
3. എൻ.എം. നമ്പൂതിരി, കേരളസംസ്കാരം: അകവും പുറവും, കാലിക്കറ്റ് യൂണിവേഴ്സിറ്റി കോപ്പറേറ്റീവ് സൊസൈറ്റി, കോഴിക്കോട്.
4. ഡോ. എൻ.എം. നമ്പൂതിരി, മലബാർ പഠനങ്ങൾ സാമൂതിരി നാട്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. തിരുവനന്തപുരം.
5. എ. ശ്രീധരമേനോൻ, കേരളചരിത്രം, ഡി.സി. ബുക്സ്, കോട്ടയം.
6. എസ്.കെ. വസന്തൻ, നമ്മൾ നടന്ന വഴികൾ, മലയാള പഠന ഗവേഷണകേന്ദ്രം.

BLOCK - 02

# വൈദേശികാധിനിവേശം

SGOU

# വൈദേശികാധിനിവേശം

## Learning Outcomes

- പോർച്ചുഗീസുകാരുടെ അധിനിവേശവും പരിണിതഫലങ്ങളും ചർച്ച ചെയ്യുന്നു
- കുഞ്ഞാലി മരയ്ക്കാരുടെ പ്രതിരോധങ്ങളെക്കുറിച്ച് വിവരിക്കുന്നു
- ഡച്ചുകാരുടെ കടന്നുവരവും സ്വാധീനവും തകർച്ചയും വിലയിരുത്തുന്നു
- മിഷണറിമാരുടെ സംഭാവനകൾ വിശകലനം ചെയ്യുന്നു
- വൈദേശികാധിപത്യത്തിന്റെ പൊതുവായ സാംസ്കാരിക ഫലങ്ങളെപ്പറ്റി അപഗ്രഥിക്കുന്നു

## Prerequisite

1495 - ൽ ഇമ്മാനുവൽ ഒന്നാമനെന്ന പോർച്ചുഗീസ് രാജാവ് ഇന്ത്യയെ ലക്ഷ്യമാക്കിയുള്ള സമുദ്രയാത്രക്കായി ഒരു സംഘത്തെ നിയോഗിച്ചു. 1498 മെയ് 18ന് ഗാമയുടെ കപ്പൽ കോഴിക്കോട് കാപ്പാട് തുറമുഖത്ത് നങ്കൂരമിട്ടു. കച്ചവടത്തിന് ചട്ടപ്രകാരം ചുങ്കം കൊടുക്കണമെന്നായിരുന്നു സാമൂതിരിയുടെ നിലപാട്. ഗാമയാകട്ടെ ഇതിന് വഴങ്ങാൻ തയ്യാറായതുമില്ല. ഗാമ തിരിച്ചുപോകുന്നവഴി സാമൂതിരിയുമായി ശത്രുതയിലായിരുന്ന കോലത്തിരി രാജാവിനെ കണ്ടു. കോലത്തിരി എല്ലാ കച്ചവടസഹായവും ചെയ്യാമെന്ന് ഗാമയ്ക്ക് വാഗ്ദാനം നല്കി. കേരളത്തിൽ കച്ചവട ഇടങ്ങൾ പിടിച്ചെടുക്കാനുള്ള പോർച്ചുഗീസുകാരുടെ ശ്രമങ്ങൾ വിജയിക്കാൻ തുടങ്ങി. അവർ നാട്ടുരാജാക്കന്മാരുമായി സഖ്യമുണ്ടാക്കുകയും സാമൂതിരിക്കെതിരെ തിരിയാൻ ശത്രുക്കളെ അണിനിരത്തുകയും ചെയ്തു. ഒന്നര നൂറ്റാണ്ട് കാലം ഇന്ത്യൻ വാണിജ്യത്തിന്റെ കുത്തക കയ്യാളിയ വിദേശശക്തിയായിരുന്നു പോർച്ചുഗീസുകാർ. സാമൂതിരിയുമായുള്ള ദീർഘകാല യുദ്ധങ്ങൾ കൊണ്ടും മാറിമറിഞ്ഞു വന്ന നയതന്ത്രബന്ധങ്ങൾ കൊണ്ടും കണ്ണൂരിനും കൊടുങ്ങല്ലൂരിനുമിടയിൽ ഏതാണ്ട് വാണിജ്യപരമായ ആധിപത്യം സ്ഥാപിക്കാൻ ഇവർക്ക് കഴിഞ്ഞില്ല. എന്നാൽ കൊച്ചിയിലും കൊല്ലത്തും അവർ രാഷ്ട്രീയ ആധിപത്യം സ്ഥാപിക്കുകയും ചെയ്തു. അവർ പ്രാദേശിക ഭരണാധികാരികൾക്കുമേൽ ആധിപത്യം സ്ഥാപിച്ച് കോട്ടകൾ പണിയുകയും, ആധിപത്യമുറപ്പിക്കുകയും ചെയ്തു. പോർച്ചുഗീസുകാരുടെ മതകോളനീകരണത്തിന്റെ ഭാഗമായി തന്നെയാണ് ജർമ്മൻകാരുടെ പ്രവർത്തനങ്ങളെ വിലയിരുത്തേണ്ടത്. പോർച്ചുഗീസ് കപ്പലിലെ നാവികരും, കപ്പൽ പണിക്കാരും, പീരങ്കി പണിക്കാരും എന്ന നിലയ്ക്ക് കേരളത്തിൽ എത്തിയവരാണ് ജർമ്മൻകാർ. അവർ മതപരിവർത്തനത്തിന് വേണ്ട പ്രവർത്തനങ്ങൾ ആരംഭിച്ചു. കേരളത്തിലെ ക്രൈസ്തവസമുദായത്തെ റോമൻ സഭയുടെ ആധിപത്യത്തിൽ കൊണ്ടു വരാനുള്ള ലക്ഷ്യമാണ് ഉദയംപേരൂർ സുനഹദോസിനുണ്ടായിരുന്നത്. കേരളത്തിലെ സെന്റ് തോമസ് ക്രിസ്ത്യാനികളും (സുറിയാനി ക്രിസ്ത്യാനികൾ) പോർച്ചുഗീസുകാരും തമ്മിൽ അഭിപ്രായ വ്യത്യാസമുണ്ടായി. പ്രതിഷേധ സമരമായി കൂനൻ കുരിശുകലാപമുണ്ടായി.

SGOU



SREENARAYANAGURU OPEN UNIVERSITY

ലന്തക്കാർ, ഉലന്തകങ്ങൾ എന്നീ പേരുകളിലാണ് കേരളത്തിൽ ഡച്ചുകാർ അറിയപ്പെട്ടത്. ലന്തക്കാർ ആദ്യമായി കേരളത്തിന്റെ പടിഞ്ഞാറ് തീരത്ത് എത്തുന്നത് 1604 - ൽ ആണ്. ഇതര യൂറോപ്യൻ ശക്തികളെപ്പോലെ കേരളത്തിലെ നാടുവാഴി സ്വരൂപങ്ങൾക്കിടയിലുണ്ടായിരുന്ന അന്തഃച്ഛിദ്രങ്ങളിൽ ഇടപെടുകയും അത് തങ്ങളുടെ വാണിജ്യ താല്പര്യങ്ങൾക്കനുസൃതമായി മാറ്റുകയും ചെയ്യുന്ന സ്വഭാവം ഡച്ചുകാർക്കുമുണ്ടായിരുന്നു. അങ്ങനെയാണ് മലബാറിൽ നിന്ന് ഉത്തരകേരളത്തിലേക്കും മധ്യകേരളത്തിലേക്കും ഡച്ചുകാരുടെ ശ്രദ്ധ പതിയുന്നത്. കേരളത്തിലെ കാർഷിക സമ്പദ്ഘടന മെച്ചപ്പെടാൻ ഉതകുന്ന പുതിയതരം ഉത്പന്നങ്ങളും പുതിയ കൃഷിരീതികളും ഡച്ചുകാർ ഇവിടെ നടപ്പാക്കി. ഡച്ചുമാതൃകയിലുള്ള തെങ്ങ് കൃഷി ഇവിടെ വ്യാപിപ്പിച്ചു. ഉപ്പു നിർമ്മാണം, ചായംമുക്കൽ തുടങ്ങിയ വ്യവസായങ്ങൾ ഇവിടെ നടപ്പാക്കി. എന്നാൽ വിദ്യാഭ്യാസ സാംസ്കാരിക രംഗങ്ങളിൽ ഡച്ചുകാരുടെ സംഭാവന തുലോം കുറവായിരുന്നു. ഹോർത്തൂസ് മലബാറിക്കസ് എന്ന അമൂല്യഗ്രന്ഥത്തിന്റെ നിർമ്മാണമാണ് എടുത്തു പറയാവുന്ന ഒരു സാംസ്കാരിക സംഭാവന.

1666-ൽ മുഗൾ ചക്രവർത്തിയുടെ അനുമതിയോടെ സൂറത്തിൽ ഒരു പണ്ടകശാല സ്ഥാപിച്ചുകൊണ്ടാണ് ഫ്രഞ്ച് ഈസ്റ്റ് ഇന്ത്യാകമ്പനി ഇന്ത്യയിൽ പ്രവർത്തനമാരംഭിക്കുന്നത്. 1721 -ൽ ഫ്രഞ്ച് ഈസ്റ്റ് ഇന്ത്യാകമ്പനിയുടെ കേന്ദ്രം മാഹിയിൽ സ്ഥാപിതമായി. 1761 - ൽ ഇംഗ്ലീഷുകാർ മാഹി ആക്രമിച്ചു കീഴടക്കി. അത് ചിറക്കൽ തമ്പുരാനെ ഏല്പിച്ചു. മാഹി നഷ്ടപ്പെടുമെന്ന് കണ്ട് ഫ്രഞ്ചുകാർ മൈസൂർ സുൽത്താനായ ഹൈദരാലിഖാന്റെ സഹായം തേടി. ഇംഗ്ലീഷു ദുർബലപ്പെടുത്താൻ തക്കം പാർത്തിരുന്ന ഹൈദരാലി ഫ്രഞ്ചുകാരെ സഹായിച്ചു.

SGOU

## Key Themes

പോർച്ചുഗീസുകാരുടെ ആഗമനചരിത്രം - ഗാമയുടെ വരവ് - കച്ചവടവും അധികാരസ്ഥാപനവും - മതം - കോളനീകരണം - ഡച്ചുകാർ - ഫ്രഞ്ചുകാർ - ഉദയംപേരൂർ സുനഹദോസ് - കൂനൻ കുരിശ് സത്യം - മിഷണറിമാരുടെ സംഭാവന - മതം - വിദ്യാഭ്യാസം - ആനുകാലികങ്ങൾ

## Discussion

### 2.1 പോർച്ചുഗീസുകാരുടെ ആഗമനചരിത്രം

ഇന്ത്യയുടെ പടിഞ്ഞാറൻതീരത്തേക്ക് ആദ്യമെത്തിയ വിദേശവാണിജ്യശക്തികൾ പോർച്ചുഗീസുകാരായിരുന്നു. ഇത്തരം കച്ചവടാധിനിവേശത്തിന് വ്യക്തമായ ചരിത്രപശ്ചാത്തലമുണ്ടായിരുന്നു. യൂറോപ്പിൽ നവോത്ഥാനത്തിനുശേഷം അവിടുത്തെ ഫ്യൂഡൽ സാമൂഹികക്രമങ്ങൾക്ക് തകർച്ച നേരിട്ടു. കാർഷികമേഖലയിൽ വലിയ സാങ്കേതികവളർച്ചയുണ്ടാവുകയും നഗരവല്കരണവും യന്ത്രവല്ക്കരണവും ത്വരിതഗതിയിൽ നടപ്പാവുകയും ചെയ്തു. അതോടെ തദ്ദേശ കമ്പോളങ്ങളുടെ പരിമിതി ബോധ്യപ്പെടുകയും മത്സരാധിഷ്ഠിതമായ കച്ചവടവിപണികൾ അനിവാര്യമായിത്തീരുകയും ചെയ്തു. അതുകൊണ്ടുതന്നെ തങ്ങളുടെ കമ്പോളങ്ങളുടെ വ്യാപ്തി രാജ്യാതിർത്തി കടന്നുപോകേണ്ടതിന്റെ ആവശ്യകതയും, കച്ചവടാധികാരങ്ങൾക്കായി അന്യരാജ്യങ്ങളെ ആശ്രയിക്കേണ്ട സാഹചര്യവുമുണ്ടായി. ഇത് യൂറോപ്യൻജനതയെ അന്യദേശാധിനിവേശത്തിന് പ്രേരിപ്പിച്ചു. ഇതിന്റെ ഭാഗമായിട്ടാണ് അവർ സാഹസികമായ സമുദ്രയാത്രകൾ ചെയ്ത് അന്യദേശങ്ങളിലെത്തുകയും അവിടെ സ്ഥിരതാമസമുറപ്പിക്കുകയും ചെയ്തത്. അവർ കടന്നുചെന്ന പ്രദേശങ്ങളി

ലെല്ലാം തദ്ദേശീയജനതയെ ആട്ടിപ്പുറത്താക്കുകയോ, ഇല്ലാതാക്കുകയോ ചെയ്തുകൊണ്ടാണ് യൂറോപ്യൻ അധിനിവേശം സാധ്യമായത്. അവശ്യവിഭവങ്ങളും അധിവാസസ്ഥാനങ്ങളും തേടിയുള്ള യൂറോപ്യന്മാരുടെ ഈ സാഹസിക യാത്രയാണ് പുതിയ ഭൂപ്രദേശങ്ങളുടെ കണ്ടുപിടുത്തമായി ചരിത്രം രേഖപ്പെടുത്തുന്നത്. പാശ്ചാത്യരാജ്യത്തുനിന്ന് ഇന്ത്യയിലേക്ക് കടൽ കടന്നുവരാനുള്ള ഒരു പാത കണ്ടെത്തിയത് ഈ അന്വേഷണത്തിന്റെ ഭാഗമാണ്.

പോർച്ചുഗീസുകാർക്കു മുൻപുതന്നെ നിരവധി വിദേശികൾ കേരളത്തിലേക്കുവന്നിട്ടുണ്ട്. എ. ഡി. 45 ഹിപ്പാലസ് എന്ന ഗ്രീക്കു നാവികൻ കാലവർഷക്കാറ്റുകളുടെ ഗതി കണ്ടുപിടിച്ചതോടെയാണ് ഇത് സാധ്യമായത്. കാറ്റിന്റെ കാലത്തിനും ഗതിക്കുമനുസരിച്ച് തങ്ങളുടെ പത്തേമാരികൾ (വാണിജ്യകപ്പലുകൾ) നിയന്ത്രിക്കാൻ ഇതോടെ കഴിഞ്ഞു. ഹിപ്പാലസ് കണ്ടുപിടിച്ച മൺസൂൺകാറ്റ് മാത്രമല്ല പശ്ചിമഘട്ടങ്ങളിൽ പെയ്തിറങ്ങുന്ന മൺസൂൺ മഴയും കേരളത്തെ സുഗന്ധവ്യഞ്ജനങ്ങളുടെ കലവറയാക്കി മാറ്റി. പാശ്ചാത്യരുടെ മുഖ്യ ആകർഷണവും ഈ സുഗന്ധവ്യഞ്ജനങ്ങളായിരുന്നു. മാംസം കേടുകൂടാതെ സൂക്ഷിക്കുന്നതിനും ഭക്ഷ്യവസ്തുക്കളിൽ സുഗന്ധം കലർത്തുന്നതിനും മരുന്നുകളുടെ നിർമ്മാണത്തിനും അവർക്ക് സുഗന്ധവ്യഞ്ജനങ്ങൾ അനിവാര്യമായിരുന്നു. അതിൽത്തന്നെ കുരുമുളകായിരുന്നു ഏറെ പ്രിയം. യൂറോപ്യൻരാജ്യങ്ങളിൽ പ്രത്യേകിച്ച് ജർമ്മനിയിലും മറ്റും അവരുടെ നിത്യജീവിതത്തിൽ മാത്രമല്ല മതജീവിതത്തിലും വാണിജ്യകേന്ദ്രങ്ങളിലും കേരളീയസുഗന്ധവ്യഞ്ജനങ്ങൾ മുഖ്യവസ്തുക്കളായിരുന്നുവെന്ന് കേരളചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. ഉഷ്ണമേഖലാപ്രദേശങ്ങൾ പൊതുവേ പാശ്ചാത്യരെ ആകർഷിച്ചിരുന്നില്ല. എങ്കിലും അത്തരം പ്രദേശങ്ങളിലെ വിഭവസമൃദ്ധി, കാലാവസ്ഥയോട് മല്ലടിച്ച് സാഹസികമായിത്തന്നെ പിടിച്ചുനിൽക്കാൻ അവരെ പ്രേരിപ്പിച്ചു. പോർച്ചുഗീസുകാർ മുതൽ ഇംഗ്ലീഷുകാർ വരെയുള്ളവരുടെ അധിനിവേശത്തിനും ആധിപത്യത്തിനും പിന്നിൽ ഈ വിഭവമോഹമുണ്ടെന്നതാണ് സത്യം.

### 2.1.1 ഗാമയുടെ ഒന്നാംവരവ്

ഇന്ത്യയുടെ പടിഞ്ഞാറൻതീരത്തേക്ക് യാത്രയായ പോർച്ചുഗീസുകാർക്ക് അതിനുള്ള എല്ലാ ഒത്താശയും ചെയ്തുകൊടുത്തത് അവരുടെ ഭരണകൂടം തന്നെയായിരുന്നു. 1495-ൽ ഇമ്മാനുവൽ ഒന്നാമനെന്ന പോർച്ചുഗീസ് രാജാവ് ഇന്ത്യയെ ലക്ഷ്യമാക്കിയുള്ള സമുദ്രയാത്രക്കായി ഒരു സംഘത്തെ നിയോഗിച്ചു. ബർത്തലോമിയസ് ഡയസ് എന്ന നാവികനായിരുന്നു സംഘത്തലവൻ. ഡയസിന്റെ പദ്ധതിക്കനുസരിച്ച് ഒരു വർഷത്തിലേറെ സമയമെടുത്തു കപ്പലുകളുടെ പണിപൂർത്തിയാക്കാൻ. മാത്രമല്ല നീണ്ട കാലത്തെ ആഫ്രിക്കൻ തീരക്കടലുകളിലൂടെയുള്ള യാത്രാനുഭവവും ഡയസിനുണ്ടായിരുന്നു. ഇന്ത്യൻകടലിൽ അറബികൾക്കുള്ള മേൽക്കോയ്മയും കച്ചവടാധിപത്യവും അവസാനിപ്പിക്കുക, ധാരാളം ക്രിസ്ത്യാനികളുള്ള ഇന്ത്യയിൽ അവരുമായി നല്ല ബന്ധം സ്ഥാപിക്കുക എന്നീ രണ്ട് ലക്ഷ്യങ്ങളാണ് ഇമ്മാനുവൽ രാജാവിനുണ്ടായിരുന്നത്.

ഡയസിന്റെ പദ്ധതിപ്രകാരമുള്ള ഒരുക്കങ്ങൾ പൂർത്തിയായപ്പോൾ ഇന്ത്യൻതീരയാത്രക്കായി നിയോഗിച്ചതാവട്ടെ രാജകൊട്ടാരത്തിൽ ഔദ്യോഗികപദവിയിലായിരുന്ന ഗാമ എന്ന ചെറുപ്പക്കാരനെയായിരുന്നു. കഠിനഹൃദയനും തടവുകാരെ പീഢിപ്പിക്കുന്ന മനോഗതിക്കാരനും ക്രൂരനുമായിരുന്നു ഗാമ എന്നാണ് ചരിത്രം. ഗാമ തന്റെ സഹയാത്രികരായി തെമ്മാടികളെയും കുറ്റവാളികളെയും വധശിക്ഷക്ക് വിധിക്കപ്പെട്ടവരെയും തെരഞ്ഞെടുത്തതിൽ ഈ സ്വഭാവം വ്യക്തമാകുന്നുമുണ്ട്. സർവസന്നാഹങ്ങളോടെയുള്ള കപ്പൽ യാത്രയ്ക്ക് പുരോഹിതന്മാർ ആശംസാനുഗ്രഹങ്ങൾ നല്കി. 1497 ജൂലൈ 8 -ന് കപ്പൽ ജീവനക്കാരെല്ലാം ആചാരപ്രകാരം കുർബാന കൈക്കൊണ്ട് ലിസ്ബണിലെ ബെലീമിൽ നിന്ന് ഇന്ത്യയിലേക്ക് യാത്ര പുറപ്പെട്ടു. സാൻ റാഫേ, സാൻ ഗബ്രിയേൽ എന്നീ രണ്ട് കപ്പലുകളിലായി ഏകദേശം 170 പേരുണ്ടായിരുന്നു. കാറ്റും പേമാരിയുംകൊണ്ട് ദുരിതംനിറഞ്ഞ ആ യാത്രക്കിടെ പലരും മരണമടഞ്ഞു. കെനിയയിലെ മൊംബസ തുറമുഖം കടന്ന് മെലിൻസയിലെത്തിയ പോർ

SGOU

ച്ചുഗീസ് ക്യാപ്റ്റനെ മെലിൻസയിലെ രാജാവ് സമ്മാനങ്ങൾ നല്കി ആദരിച്ചു. മാത്രമല്ല രാജാവ് ഒരു ഗുജറാത്തി നാവികനെയും സഹായിയായി അയച്ചു. അയാളാണ് ഇന്ത്യൻ തീരം കാണിച്ചുകൊടുക്കുന്നതും. അങ്ങനെ 1498 മെയ് 18-ന് ഗാമയുടെ കപ്പൽ കോഴിക്കോട് കാപ്പാട് തുറമുഖത്ത് നങ്കൂരമിട്ടു.

ഗാമയ്ക്ക് രാജോചിതമായ സ്വീകരണമാണ് കോഴിക്കോട് സാമൂതിരി നല്കിയതെന്നും അങ്ങനെയല്ലെന്നും രണ്ട് പക്ഷങ്ങളുണ്ട്. രാജാവ് അവരെ സ്വീകരിച്ചെങ്കിലും ഗാമയുടെ വരവിനെ തികഞ്ഞ ആശങ്കയോടെയും കരുതലോടെയുമാണ് സാമൂതിരി കണ്ടത് എന്നതിൽ തർക്കമില്ല. ഗാമ കൊണ്ടുവന്ന കച്ചവടസാധനങ്ങൾ പലതും രാജ്യത്തിന് ആവശ്യമില്ലാത്തതുകൊണ്ട് തിരിച്ചുകൊണ്ടുപോകാൻ സാമൂതിരി നിർദ്ദേശിച്ചു. വിറ്റഴിക്കാൻ കഴിയാതിരുന്ന സാധനങ്ങൾ കോഴിക്കോട്ട് ഉപേക്ഷിച്ചുപോകാൻ അനുവദിക്കണമെന്ന് ഗാമ ആവശ്യപ്പെട്ടെങ്കിലും അതിന് തുറമുഖ ചട്ടപ്രകാരം ചുങ്കം കൊടുക്കണമെന്നായിരുന്നു സാമൂതിരിയുടെ നിലപാട്. ഗാമയാകട്ടെ ഇതിന് വഴങ്ങാൻ തയ്യാറായതുമില്ല. ഗാമയും സംഘവും തിരികെപോകുന്നതിനു മുൻപ് തടവുപുള്ളികളെപ്പോലെ കോഴിക്കോട്ട് പാർക്കേണ്ടിവന്നു എന്നാണ് പോർച്ചുഗീസ് രേഖകളിലുള്ളത്. ഗാമ തിരിച്ചുപോകുന്നവഴി സാമൂതിരിയുമായി ശത്രുതയിലായിരുന്ന കോലത്തിരി രാജാവിനെ കണ്ടു. കോലത്തിരി എല്ലാ കച്ചവടസഹായവും ചെയ്യാമെന്ന് ഗാമയ്ക്ക് വാഗ്ദാനം നല്കി. തിരികെ പോർച്ചുഗലിൽ എത്തിയ ഗാമയേയും സംഘത്തേയും ഇമ്മാനുവൽ രാജാവ് ആദരവോടെ എതിരേറ്റു. ഗാമയുടെ കപ്പൽയാത്രക്ക് ചെലവായ തുകയുടെ അറുപതിരട്ടിയോളം ചരക്കുകളായിരുന്നു ഗാമയുടെ കപ്പലിലുണ്ടായിരുന്നതത്രേ. കപ്പൽ നിറയെ ചരക്കുകളുമായി ഗാമ 1499 - ൽ പോർച്ചുഗൽ തലസ്ഥാനമായ ലിസ്ബണിൽ എത്തിച്ചേർന്നു.

പോർച്ചുഗീസുകാരുടെ രണ്ടാംവരവ് പെഡ്രോ അൽവാരിസ് കബ്രാളിൻ എന്ന നാവികന്റെ നേതൃത്വത്തിലായിരുന്നു. കബ്രാൾ സാമൂതിരിയെ കണ്ടെങ്കിലും അദ്ദേഹം ചർച്ചയ്ക്ക് തയ്യാറായില്ല. ഒരു ഒത്തുതീർപ്പെന്ന നിലയിൽ കോഴിക്കോട്ട് ഒരു പണ്ടകശാല തുടങ്ങുവാനുള്ള അവകാശം സാമൂതിരി അവർക്ക് നല്കി. കബ്രാളും സംഘവും കടൽ വാണിജ്യമടക്കമുള്ള കൂടുതൽ അവകാശങ്ങൾക്കുവേണ്ടി സാമൂതിരിയോട് വിലപേശിക്കൊണ്ടേയിരുന്നു. മാത്രമല്ല അറബികൾക്ക് ആധിപത്യമുള്ള സമുദ്രവാണിജ്യത്തിൽ അവർ മര്യാദ ലംഘിച്ചുകൊണ്ടുള്ള ഇടപെടലുകൾ നടത്തിക്കൊണ്ടേയിരുന്നു. അറബികളിൽ നിന്ന് സാധനങ്ങൾ വിലകൊടുത്തു വാങ്ങാനല്ല മറിച്ച് അതിക്രമിച്ചു സ്വന്തമാക്കാനായിരുന്നു അവർ ശ്രമിച്ചത്. ഇത്തരം അതിക്രമങ്ങളിൽ ഭീതിപൂണ്ട ജനങ്ങൾ പോർച്ചുഗീസുകാർക്കെതിരെ പോരാടുകയും അവരുടെ പണ്ടകശാല തീ വെച്ച് നശിപ്പിക്കുകയും ചെയ്തു. ഇതിനുപകരമായി കബ്രാളും കൂട്ടരും തുറമുഖത്ത് കിടന്ന കപ്പലുകൾ പിടിച്ചടക്കി. ഇതോടെ സാമൂതിരിക്കും ജനങ്ങൾക്കും പോർച്ചുഗീസുകാരുടെ വഞ്ചനയും ക്രൂരതയും ബോധ്യപ്പെട്ടു. ഇങ്ങനെ കോഴിക്കോട്ട് ഒറ്റപ്പെട്ടുപോയ കബ്രാളും സംഘവും കൊച്ചിരാജാവിനെ സമീപിച്ചു. പരിഭ്രാന്തനായ കബ്രാൾ കൊച്ചിയിലേയ്ക്ക് കപ്പലുമായി രക്ഷപ്പെട്ടു. ഇതോടൊപ്പം കണ്ണൂരിൽ നിന്നും കൊല്ലത്തുനിന്നും പോർച്ചുഗീസുകാരെ സ്വാഗതം ചെയ്തുകൊണ്ടുള്ള ക്ഷണമുണ്ടായി. കബ്രാളിന്റെ വരവുകൊണ്ട് പോർച്ചുഗീസുകാർക്കുണ്ടായ പ്രധാന നേട്ടം അവരുടെ വെടിക്കോപ്പുകൾ ആകർഷകമായി തീർന്നുവെന്നതാണ്. 1570 - ൽ കൊച്ചിയിലെത്തിയ കബ്രാളിന് കൊച്ചിരാജാവ് എല്ലാ സൗകര്യങ്ങളും ചെയ്തു കൊടുത്തു. കൊച്ചിയിൽ ഒരു വ്യാപാരശാല നിർമ്മിക്കാനുള്ള അനുവാദവും ലഭിച്ചു. കബ്രാളിനെ തുടർന്നുവന്ന ജാവഡേനോവ എന്ന നാവികനും കൊച്ചിയിൽ നിന്നും കണ്ണൂരിൽ നിന്നും ധാരാളം ചരക്കുകൾ കിട്ടി.

### 2.1.2 ഗാമയുടെ രണ്ടാംവരവ്

AD 1502-ൽ വാസ്കോഡഗാമ വീണ്ടും കപ്പൽപ്പടയുമായി എത്തി. അറബികളുമായിട്ടുള്ള ഏറ്റുമുട്ടലുകളിലായിരുന്നു ഗാമയുടെ തുടർന്നുള്ള ശ്രദ്ധ. സമുദ്രത്തിൽ കണ്ട അറബിക്കപ്പലുകൾ പിടിച്ചെടുക്കാൻ തുടങ്ങി. കോഴിക്കോട് എത്തിയ ഗാമ രാജാവിനോട് അവിടെയുള്ള അറബികളെയെല്ലാം പറഞ്ഞയക്കണമെന്ന് ആവശ്യപ്പെട്ടു

ആവശ്യം നിരസിച്ചപ്പോൾ പോർച്ചുഗീസുകാർ കോഴിക്കോട് നഗരം ആക്രമിച്ചു. ഇതിനിടയ്ക്ക് വാസ്കോഡഗാമ കൊച്ചിരാജാവുമായി ഉടമ്പടിയിലേർപ്പെട്ടു. ഈ വ്യവസ്ഥയനുസരിച്ച് പോർച്ചുഗീസുകാർ പറയുന്ന വിലയ്ക്ക് കുരുമുളകും മറ്റു സാധനങ്ങളും നാട്ടുകാർ കൊടുത്തു കൊള്ളണമെന്നും, ഗാമയ്ക്കിഷ്ടമുള്ളിടത്തൊക്കെ വ്യാപാരശാലകളും, സൈനികത്താവളങ്ങളും സ്ഥാപിക്കാനുള്ള അനുവാദം നൽകണമെന്നും വ്യവസ്ഥയുണ്ടായി. ഒടുവിൽ സാമൂതിരിയുടെ ആക്രമണം ഭയന്ന് ഗാമ നാടുവിട്ടു.

1503-ൽ കോഴിക്കോട് സൈന്യം കൊച്ചിയെ ആക്രമിച്ചു. ആദ്യമൊക്കെ വിജയം കോഴിക്കോടിനായിരുന്നു. ഒടുവിൽ പോർച്ചുഗീസുകാർ നാവികസേനയുടെ സഹായത്തോടെ കൊച്ചി പ്രതിരോധിച്ചു. തല്ഫലമായാണ് പോർച്ചുഗീസുകാർ അവരുടെ രാജാവിന്റെ പേരിൽ കൊച്ചിയിൽ ഫോർട്ട് മാനുവൽകോട്ട നിർമ്മിച്ചത്. ഇന്ത്യ ഉൾപ്പെടെയുള്ള രാജ്യങ്ങളിലെ താല്പര്യം സംരക്ഷിക്കാനായി പോർച്ചുഗൽ രാജാവിന്റെ പ്രതിനിധിയായി 1505-ൽ ഫ്രാൻസിസ്കോ ഡി അൽമേഡ കേരളത്തിലെത്തി. കണ്ണൂർ, മലാക്ക, കൊച്ചി എന്നിവിടങ്ങളിലെ കോട്ടകൾ പോർച്ചുഗീസുകാർ ബലപ്പെടുത്തി. ഈ സമയത്ത് കോഴിക്കോട് സാമൂതിരി തുർക്കികളുടെയും അറബികളുടെയും സഹായത്താൽ പോർച്ചുഗീസുകാർക്കെതിരെ നാവികാക്രമണം നടത്തി. കോലത്തിരി സാമൂതിരിയെ സഹായിക്കാൻ സൈന്യത്തെ നൽകി, കണ്ണൂർകോട്ട ഉപരോധിച്ചു. ഇതിനിടയ്ക്ക് കോഴിക്കോട്ടെ മുസ്ലിം കച്ചവടക്കാരുടെ അഭ്യർഥന അനുസരിച്ചെത്തിയ ഈജിപ്ഷ്യൻ കപ്പൽപ്പട പോർച്ചുഗീസുകാരെ തോൽപ്പിച്ചു. എന്നാൽ പിന്നീട് 1509-ൽ പോർച്ചുഗീസ് സൈന്യം ഈജിപ്തുകാരെ തോൽപ്പിച്ചോടിച്ചു.

അൽമേഡയ്ക്ക് ശേഷം 1509-ൽ രാജപ്രതിനിധിയായി അൽഫോൺസോ ഡി അൽബുക്കർക്ക് വന്നു. ഇന്ത്യയിൽ പോർച്ചുഗീസ് സാമ്രാജ്യം എന്ന ലക്ഷ്യമായിരുന്നു ഇദ്ദേഹത്തിനുണ്ടായിരുന്നത്. 1513-ൽ ആൽബുക്കർക്ക് കോഴിക്കോട് സാമൂതിരിയുമായി സന്ധി ചെയ്തു. കോഴിക്കോട് കോട്ടകെട്ടുവാനും കച്ചവടശാല നിർമ്മിക്കാനുമുള്ള അനുവാദം ഇതിലൂടെ അവർ നേടിയെടുത്തു. ഇതുവരെയുള്ളവരിൽ നിന്ന് തികച്ചും വ്യത്യസ്തമായ നയങ്ങളായിരുന്നു അൽബുക്കർക്കിന്റേത്. ഇന്ത്യക്കാരെ സ്വന്തം സൈന്യത്തിൽ ചേർത്ത് അവർക്ക് യൂറോപ്യൻമാതൃകയിൽ പരിശീലനം നൽകി. പുതിയ നാണയസമ്പ്രദായങ്ങൾ ഏർപ്പെടുത്തി. നീതിന്യായവ്യവസ്ഥ കർക്കശമാക്കി. അഴിമതിക്കാരായ പോർച്ചുഗീസ് ഉദ്യോഗസ്ഥരെ ശിക്ഷിച്ചു. തദ്ദേശീയരെ വിവാഹം കഴിക്കാൻ പോർച്ചുഗീസുകാരെ പ്രേരിപ്പിച്ചു തുടങ്ങി. എന്നാൽ ഇത്തരം പ്രവർത്തങ്ങൾ തുടരാൻ അദ്ദേഹത്തിന്റെ പിൻഗാമികൾക്കായില്ല. സാമൂതിരിയും പോർച്ചുഗീസുകാരുമായി അകന്നു തുടങ്ങി. പോർച്ചുഗീസുകാരും സാമൂതിരിയുടെ മുസ്ലിംകച്ചവടക്കാരുമായി നിരന്തരം ഏറ്റുമുട്ടലുകളുണ്ടായി.

AD 1524-ൽ വാസ്കോഡഗാമ വീണ്ടും കേരളത്തിലെത്തി കുട്ടിആലിയുടെ നേതൃത്വത്തിലുള്ള കപ്പൽപ്പടയെ തോൽപ്പിച്ചു. കുട്ടിആലിയുടെ പിൻഗാമികളായി അറിയപ്പെടുന്ന കുഞ്ഞാലിമാർ പോട്ടുഗീസുകാർക്കെതിരെ നിരന്തരം ആക്രമണമഴിച്ചുവിട്ടുതുടങ്ങി. ഇത് പോർച്ചുഗീസുകാരുടെ വാണിജ്യബന്ധത്തെ തടസ്സപ്പെടുത്തി. 1540-ൽ സാമൂതിരി പോർച്ചുഗീസുകാരുമായി സന്ധിചെയ്തു. അതിൻപ്രകാരം കടലിലെ കച്ചവടത്തിന് അറബികൾ പോർച്ചുഗീസുകാർക്ക് ചുങ്കം കൊടുക്കണമെന്നും, പകരം സാമൂതിരി മറ്റു രാജ്യങ്ങളുമായി യുദ്ധം ചെയ്യുമ്പോൾ പോർച്ചുഗീസുകാർ നിക്ഷ്പക്ഷത പാലിക്കണമെന്നുമായിരുന്നു. എന്നാൽ വളരെ താമസിയാതെ പോർച്ചുഗീസുകാർ സന്ധി ലംഘിച്ചു തുടങ്ങി. സാമൂതിരി കൊച്ചിയെ ആക്രമിച്ചപ്പോൾ പോർച്ചുഗീസുകാർ സാമൂതിരിയുടെ രാജ്യത്തിലെ തീരപ്രദേശങ്ങൾ ആക്രമിച്ചു. 1564-ൽ സാമൂതിരി കോലത്തിരിയുമായി ചേർന്ന് പോർച്ചുഗീസുകാരുടെ കണ്ണൂർ കോട്ട ആക്രമിക്കുകയും പോർച്ചുഗീസ് കപ്പലുകൾ തീവയ്ക്കുകയും ചെയ്തു. 1571-ൽ സാമൂതിരി സൈന്യം പോർച്ചുഗീസുകാരുടെ ചാലിയം കോട്ട നിശ്ശേഷം നശിപ്പിച്ചു.

SGOU

ഇതിനിടയ്ക്ക് കുഞ്ഞാലിമരയ്ക്കാരുമായി സാമൂതിരി ശത്രുതയിലായിത്തുടങ്ങി. ഈ അവസരം പോർച്ചുഗീസുകാർ മുതലെടുത്തു. കുഞ്ഞാലിമാരുടെ മരയ്ക്കാർക്കോട്ട 1598-ൽ ഇരുകൂട്ടരും ചേർന്ന് ആക്രമിച്ചു. എന്നാൽ പരാജയപ്പെടുകയാണുണ്ടായത്. 1600-ൽ വീണ്ടും സാമൂതിരി, പോർച്ചുഗീസ് സഹായത്തോടു കൂടി മരയ്ക്കാർകോട്ട ആക്രമിച്ചു. സാമൂതിരി മാപ്പുനല്കുമെന്ന വാഗ്ദാനത്തിൽ കുഞ്ഞാലി നാലാമൻ കീഴടങ്ങി. പക്ഷെ പോർച്ചുഗീസുകാർ കുഞ്ഞാലിമരയ്ക്കാരെയും മറ്റും ഗോവയിൽ കൊണ്ടുപോയി വധിച്ചു. പിന്നീടുള്ള കാലങ്ങളിൽ കേരളത്തിൽ ഡച്ചുകാരുടെ വാണിജ്യശക്തി ലോകത്തുടനീളം വർധിച്ചുവന്ന സാഹചര്യത്തിൽ പോർച്ചുഗൽരാജാവിന് ഇന്ത്യാരാജ്യത്തോടുള്ള താല്പര്യം വർധിച്ചു കണ്ടില്ല. പ്രതിനിധികളായി വന്നവർ മുൻഗാമികളെപ്പോലെ കഴിവുള്ളവരായിരുന്നില്ല. അങ്ങനെ കേരളത്തിലെ പോർച്ചുഗീസ് പ്രഭാവം അസ്തമിച്ചു തുടങ്ങി.

## 2.2 പോർച്ചുഗീസ് ബന്ധത്തിന്റെ പരിണിതഫലങ്ങൾ

പോർച്ചുഗീസ് ബന്ധം കേരളത്തിന്റെ രാഷ്ട്രീയ- സാമൂഹിക- സാംസ്കാരികരംഗങ്ങളിൽ പ്രതിഫലിച്ചുകാണുന്നുണ്ട്. അവരുടെ വരവിനു മുമ്പു തന്നെ ഇവിടെയുണ്ടായായിരുന്ന രാഷ്ട്രീയഅസ്ഥിരതയും അരാജകത്വവും കൂടുതൽ രൂക്ഷമായി എന്നുള്ളതാണ് ആദ്യമായി പറയാനുള്ളത്. മറ്റൊന്ന് കേരളത്തിലെ നാട്ടുരാജ്യങ്ങളുടെ മേൽ പ്രാമാണികത ആവശ്യപ്പെട്ടുകൊണ്ട്, കേരളത്തിന്റെ സ്വതന്ത്രസംരക്ഷകനെന്ന നിലയിൽ രംഗപ്രവേശം ചെയ്ത സാമൂതിരിക്കുണ്ടായ ശക്തിക്ഷയമാണ്. കേരളീയോല്പന്നങ്ങളുടെ വ്യാപാരക്കുത്തക പോർച്ചുഗീസുകാരുടെ കൈപ്പിടിയിലായത് കേരളത്തിന്റെ സാമ്പത്തികമാന്ദ്യത്തിന് കാരണമായി. കേരളത്തിലെ കാർഷികോല്പന്നങ്ങൾ പുറംനാടുകളിൽ പ്രചരിപ്പിക്കുകയും യൂറോപ്യൻകമ്പോളങ്ങളിൽ അവയ്ക്ക് പുതിയ വിപണി കണ്ടെത്തുകയും ചെയ്തു. തങ്ങൾക്ക് താല്പര്യമുള്ള കുരുമുളക്, ഇഞ്ചി, ഏലം, നാളികേരം ഇവ കൂടുതൽ ആദായകരമാംവിധം ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിൽ അവർ മാർഗദർശികളായിരുന്നു. കപ്പൽനിർമ്മാണത്തിന് കയറുപയോഗിക്കാമെന്നു കണ്ടതോടെ കയർ നിർമ്മാണവും അതിന്റെ കയറ്റുമതിയും ആരംഭിച്ചു. പിന്നീട് കയറും കയറുൽപ്പന്നങ്ങളും കേരളത്തിന്റെ ഒരു പ്രധാന കയറ്റുമതിച്ചരക്കാക്കി. പല പുതിയ കാർഷികവിഭവങ്ങളും പോർച്ചുഗീസുകാർ കേരളത്തിൽ കൊണ്ടുവന്നു പ്രചരിപ്പിച്ചു. കശുവണ്ടി (Cashewnut) കേരളത്തിൽ കൊണ്ടുവന്നതിവരാണ്. ഇന്നു കേരളത്തിനു വിദേശനാണ്യം നേടിത്തരുന്ന നാണ്യവിളകളിൽ പ്രമുഖസ്ഥാനം അതിനുണ്ട്. അതുവരെ ലാറ്റിനമേരിക്കയിൽ മാത്രമുണ്ടായിരുന്ന മുളക് (chili) പോർച്ചുഗീസുകാരാണ് ഇവിടെ എത്തിച്ചത്. പുകയില, പപ്പായ, പേരയ്ക്ക ഇവയും കേരളത്തിൽ കൊണ്ടുവന്ന് പ്രചരിപ്പിച്ചത് പോർച്ചുഗീസുകാരാണ്. 'ഗാഷാഡാ ദർത്ത' എന്ന സസ്യശാസ്ത്രഗ്രന്ഥം പോർച്ചുഗീസ് സ്വാധീനമായിട്ടുണ്ടായതാണ്.

പഴയ തുറമുഖങ്ങളായ കൊല്ലവും കൊടുങ്ങല്ലൂരും നിശ്ചലമായപ്പോൾ കൊച്ചിയും കോഴിക്കോടും പ്രാധാന്യം നേടി. അതുവരെ ഒരു മത്സ്യബന്ധനകേന്ദ്രത്തിന്റെ പദവി മാത്രമായിരുന്ന കൊച്ചി ഒരു തുറമുഖനഗരമെന്ന നിലയിലേക്കു വളർന്നു. പോർച്ചുഗീസ് കൊച്ചി യൂറോപ്പിലെ മികച്ച തുറമുഖ നഗരങ്ങളോടു കിടപിടിക്കുന്നതായിരുന്നത്രെ. പാശ്ചത്യയുദ്ധമുറകളും ആധുനിക യുദ്ധസാമഗ്രികളും ആദ്യമായി കേരളത്തിൽ കൊണ്ടു വന്നതും പോർച്ചുഗീസുകാരാണ്. പാശ്ചാത്യവാസ്തുശില്പശൈലി ഈ കാലഘട്ടത്തിലാണ് ഇവിടെ പ്രചരിച്ചത്. പള്ളികളുടെയും സെമിനാരികളുടെയും നിർമ്മാണത്തിൽ അതു പ്രതിഫലിച്ച് കാണാം. ആലയനിർമ്മാണത്തിലും പോർച്ചുഗീസ് സ്വാധീനം കാണുന്നുണ്ട്. പ്രധാന കെട്ടിടത്തിൽ നിന്നു വേർപെട്ടുള്ള കുശിനികൾ (അടുക്കള), പുതിയ രീതിയിലുള്ള പോർട്ടിക്കോയും, വരാന്തയും, ഗവാക്ഷങ്ങളുടെ സ്ഥാനത്തു വിജാഗിരി പിടിപ്പിച്ച വാതിലുകളും ജനലുകളും ഇവയെല്ലാം പോർച്ചുഗീസ് മാതൃകയാണ്. അവരിവിടെ ധാരാളം കോട്ടകളും പണ്ടകശാലകളും നിർമ്മി

SGOU

ച്ചു. അവയുടെ നിർമ്മാണത്തിനു മേൽനോട്ടം വഹിച്ചിരുന്ന നാട്ടുകാരെ അവർ മേസ്തിരിമാർ എന്നുവിളിച്ചു. ആ വാക്ക് ഇന്നു കേരളത്തിൽ സർവസാധാരണമാണ്. കൂടാതെ ഇസ്തിരി, റാന്ത, റേന്ത, പാതിരി, വികാരി, കൊന്ത, വെന്തിങ്ങ, ചിന്തേര് തുടങ്ങി അനേകം പദങ്ങൾ പോർച്ചുഗീസ് ബന്ധത്തെ അനുസ്മരിപ്പിക്കുന്നവയായി ഭാഷയിലുണ്ട്.

കേരളത്തിന്റെ വിദ്യാഭ്യാസ സാംസ്കാരിക പുരോഗതിയിലും പോർച്ചുഗീസ്ബന്ധം ചില അനുകൂലഫലങ്ങളുളവാക്കി. ക്രിസ്ത്യൻ പുരോഹിതന്മാർക്കു പരിശീലനം നൽകാനായി കൊച്ചി, കൊടുങ്ങല്ലൂർ, അങ്കമാലി എന്നിവിടങ്ങളിൽ സെമിനാരികൾ സ്ഥാപിച്ചു. ഇതിന്റെ ഫലമായാണ് കേരളത്തിൽ അച്ചടി തുടങ്ങുന്നത്. പത്രങ്ങളും ആനുകാലികങ്ങളും ഗ്രന്ഥങ്ങളും മലയാളത്തിൽ അച്ചടിക്കാൻ തുടങ്ങി. ഇത് കേരളീയ നവോത്ഥാനത്തിന് തന്നെ കാരണമായിത്തീർന്നു എന്നുപറയാം. കേരളത്തിൽ കുറേപ്പേർക്ക് ലത്തീൻഭാഷ പഠിക്കുന്നതിനുള്ള അവസരം അതുകൊണ്ടുണ്ടായി. പാശ്ചാത്യഭാഷയുടെയും സാഹിത്യത്തിന്റെയും കവാടമാണ് അതിലൂടെ തുറന്നു കിട്ടിയത്. രാഷ്ട്രീയകാര്യങ്ങൾക്കും വാണിജ്യാവശ്യങ്ങൾക്കുമായി പോർച്ചുഗീസുകാർ നാട്ടുഭാഷയും പഠിച്ചുതുടങ്ങി. കൊച്ചി, കൊടുങ്ങല്ലൂർ ഭാഗങ്ങളിൽ ഇന്നും അവശേഷിച്ചിട്ടുള്ള 'ചവിട്ടുനാടകം' എന്ന ദൃശ്യകലാരൂപവും പോർച്ചുഗീസ് ബന്ധത്തിന്റെ സത്ഫലങ്ങളുടെ കൂട്ടത്തിലുൾപ്പെടുന്നു.

ക്രിസ്തുമത പ്രചാരണം പോർച്ചുഗീസുകാരുടെ ഒരു പ്രധാനദൗത്യമായിരുന്നു. നിർബന്ധിത മതപരിവർത്തനമായിരുന്നു പോർച്ചുഗീസുകാരുടെ നയം. ക്രിസ്തുവിന്റെ ശ്രേഷ്ഠസന്ദേശങ്ങളിലാകൃഷ്ടരായി വരുന്നവരെ അതിലേക്ക് സ്വാഗതം ചെയ്യുക എന്ന ഉദാരനയമല്ല അവർ കൈക്കൊണ്ടത്. ബലമുപയോഗിച്ചും നിർബന്ധിച്ചും ജനങ്ങളെ ക്രിസ്തുമതത്തിലേക്ക് കൊണ്ടുവരാൻ ശ്രമിച്ചു. 'The Portuguese came to India with a cross in one hand and sword in the other' (ഒരു കൈയ്യിൽ കുരിശും മറുകൈയ്യിൽ വാളുമായാണ് പോർച്ചുഗീസുകാർ എത്തിയത്) എന്നിങ്ങനെ സർദാർ കെ.എം. പണിക്കർ ഇക്കാര്യം സൂചിപ്പിച്ചിട്ടുണ്ട്. അതിനവർ സ്വീകരിച്ച മാർഗം പലപ്പോഴും ക്രൂരവും പൈശാചികവുമായിരുന്നു. എന്നാൽ പറങ്കികളുടെ മനുഷ്യത്വമില്ലായ്മ കൂടുതലനുഭവിക്കേണ്ടി വന്നത് അവിശ്വാസികളേക്കാൾ നാട്ടുകാരായ സെന്റ് തോമസ് ക്രിസ്ത്യാനികൾക്കായിരുന്നു. പോർച്ചുഗീസുകാർ അവരെ ശരിയായ ക്രിസ്ത്യാനികളായി അംഗീകരിച്ചില്ല. ഇന്ത്യയിലെ ക്രിസ്ത്യാനികളെ തിരുസഭയുടെ അധികാരത്തിൻകീഴിൽ കൊണ്ടുവരാനായി പോപ്പ് ക്ലമെന്റ് എട്ടാമൻ, അലക്സിസ്- ഡി- മെനസിസിനെ ഗോവയിലെ ആർച്ചുബിഷപ്പായി നിയോഗിച്ചു. അവിശ്വാസികളെ വിശ്വാസികളാക്കുന്നതിനേക്കാൾ മാർഗഭ്രംശം വന്ന ക്രിസ്ത്യാനികളെ നേർവഴിക്ക് കൊണ്ടു വരുന്നതിനാണ് അവർ മുൻഗണന കൊടുത്തത്. അതിനുവേണ്ടിയുള്ളതായിരുന്നു 1599 - ലെ ഉദയംപേരൂർ സുനഹദോസ്. സാമൂതിരിയുടെ ചെറുത്തുനിൽപ്പും ഡച്ചുകാരുടെ രംഗപ്രവേശവും മാത്രമല്ല. മാറിമാറി വന്ന ഗവർണർമാരുടെ നയവൈകല്യവും പ്രത്യേകിച്ചു മതപ്രചാരണത്തിൽ പോർച്ചുഗീസുകാരുടെ പരാജയകാരണങ്ങളായി.

## 2.3 പോർച്ചുഗീസുകാരുടെ മതനയം മതകോളനീകരണം

ഏതാണ്ട് ഒന്നരനൂറ്റാണ്ട് കാലം ഇന്ത്യൻ വാണിജ്യത്തിന്റെ കുത്തക കയ്യാളിയ വിദേശശക്തിയായിരുന്നു പോർച്ചുഗീസുകാർ. സാമൂതിരിയുമായുള്ള ദീർഘകാല യുദ്ധങ്ങൾക്കൊണ്ടും മാറിമറിഞ്ഞു വന്ന നയതന്ത്രബന്ധങ്ങൾ കൊണ്ടും കണ്ണൂരിനും കൊടുങ്ങല്ലൂരിനുമിടയിൽ വാണിജ്യപരമായ ആധിപത്യം സ്ഥാപിക്കാൻ ഇവർക്ക് കഴിഞ്ഞില്ല. എന്നാൽ കൊച്ചിയിലും കൊല്ലത്തും അവർ രാഷ്ട്രീയ ആധിപത്യം സ്ഥാപിക്കുകയും കൊച്ചിയിലെ കോട്ടകളുടെ അധികാരം നിലനിർത്തുകയും ചെയ്തു. എന്നു മാത്രമല്ല അവിടങ്ങളിലുള്ള പ്രാദേശിക ഭരണാധികാരികൾക്കുമേൽ ആധിപത്യം സ്ഥാപിച്ച് കോട്ടകൾ പണിയുകയും ചെയ്തു. ഇത്തരം കോട്ടകൾ പോർച്ചുഗീസുകാർക്കും ലാറ്റിൻ വിഭാഗത്തിൽപ്പെട്ട ക്രിസ്ത്യാനികൾക്കും മാത്രം താമസിക്കാനുള്ള ഇടങ്ങളായിരുന്നു. സൈ

SGOU

നികരെ വിവാഹം ചെയ്യുന്ന നാട്ടുകാരായ സ്ത്രീകൾ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്താൽ മാത്രമേ കോട്ടയിൽ കഴിയാൻ അനുവാദമുണ്ടായിരുന്നുള്ളൂ. 1600-ലെ കണക്കനുസരിച്ച് കൊടുങ്ങല്ലൂരിൽ നൂറോളം ദമ്പതികൾ ഉണ്ടായിരുന്നതിൽ പകുതിയോളം പോർച്ചുഗീസുകാരും ബാക്കി ക്രിസ്ത്യാനികളായി മതം മാറിയവരുമായിരുന്നു. നാട്ടിലെ നായന്മാർക്കോ വിദേശമുസ്ലീങ്ങളായ മൂറുകൾക്കോ ഉള്ള പരാതികൾ പ്രാദേശിക ഭരണാധികാരികൾ വിസ്തരിച്ച് പരിഹാരം കാണുമ്പോൾ; പോർച്ചുഗീസുകാരെയും ക്രിസ്ത്യാനികളായ നാട്ടുകാരെയും പോർച്ചുഗീസ് ക്യാപ്റ്റൻ വിസ്താരം ചെയ്യുന്ന രീതിയാണ് ഇവർ അനുവർത്തിച്ചത്. മാത്രമല്ല ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യുന്നവർക്ക് പ്രത്യേക അവകാശാധികാരങ്ങളും ഇവർ നൽകി. മിശ്രവിവാഹങ്ങളെ പ്രോത്സാഹിപ്പിച്ചുകൊണ്ട് മിശ്രവിവാഹിതരെ ചുങ്കങ്ങളിൽ നിന്ന് ഒഴിവാക്കുകയും അവർക്ക് സ്ഥലവും വീടും നൽകുക തുടങ്ങിയ ആനുകൂല്യങ്ങളും അനുവദിച്ചു.

പോർച്ചുഗീസുകാരുടെ മതകോളനീകരണത്തിന്റെ ഭാഗമായി തന്നെയാണ് ജർമ്മൻകാരുടെ പ്രവർത്തനങ്ങളെ വിലയിരുത്തേണ്ടത്. പോർച്ചുഗീസ് കപ്പലിലെ നാവികരും, കപ്പൽ പണിക്കാരും, പീരങ്കി പണിക്കാരും എന്ന നിലയ്ക്ക് കേരളത്തിൽ എത്തിയവരാണ് ജർമ്മൻകാർ. ക്രമേണ കേരളത്തിൽ പോർച്ചുഗീസുകാരുടെ വാണിജ്യ പ്രവർത്തനങ്ങൾ വിപുലമാക്കുന്നതിനോടൊപ്പം ജർമ്മൻകാരുടെ എണ്ണവും വർധിച്ചുവന്നു. ഇതിനനുബന്ധമായിട്ടാണ് 1514-ൽ കൊച്ചിയിൽ ബർത്തലോമിയയുടെ പേരിൽ ഒരു പള്ളി സ്ഥാപിച്ചത്. പോർച്ചുഗീസ് ആധിപത്യം കുറയുന്നതോടെ ജർമ്മൻകാരുടെ ജീവിതവും പരിതാപകരമായി തീർന്നു. എന്നാൽ പോർച്ചുഗീസ് ഭാഷയിലും പാശ്ചാത്യഭരണസമ്പ്രദായങ്ങളിലും സാങ്കേതികവിദ്യയിലും അറിവും പരിചയവുമുണ്ടായിരുന്ന ഇവർക്ക് ഇവിടുത്തെ നാട്ടുരാജാക്കന്മാർക്കൊപ്പം ഭരണനിർവഹണ കാര്യങ്ങളിൽ സഹായിയായി നിൽക്കുന്നതിന് കഴിഞ്ഞു. കേരളക്കരയിൽ മതബോധനത്തിനും മതപ്രവർത്തനങ്ങൾക്കുമുള്ള ഗൗരവമുള്ള ശ്രമങ്ങൾ ഉണ്ടാകുന്നത് ഇവരിൽ നിന്നാണ്. ഇവർ കേരളക്കരയിലെ ആചാരവിശ്വാസങ്ങളും ഭാഷയും സ്വായത്തമാക്കി. അപ്പോഴും അവർ സ്വന്തം മതവിശ്വാസങ്ങൾക്ക് പുറത്തു പോയില്ല എന്നു മാത്രമല്ല മറ്റുള്ളവരിൽ നിന്ന് അകന്ന് ഏതാണ്ടൊരു ആഢ്യഭാവത്തോടെ നിലകൊണ്ടു. ജർമ്മൻകുലീനതയും ആഢ്യബോധവും അവർ സ്ഥാപിച്ച ബാസൽമിഷൻ മിഷണറിമാരുടെ പ്രവർത്തനങ്ങളിൽ പോലും ഉണ്ടായിരുന്നു. മലയാളഭാഷയ്ക്ക് ഗണ്യമായ സംഭാവനകൾ നൽകിയ ഡോക്ടർ ഹെർമൻ ഗുണ്ടർട്ട് പോലും ഇവിടത്തെ ജാത്യാചാരങ്ങളെയും ജാതിവ്യവസ്ഥയെയും പരിഹസിച്ചത് ഈ പശ്ചാത്തലത്തിൽ വിലയിരുത്തുന്ന ചരിത്രകാരന്മാരുണ്ട്. പോർച്ചുഗീസ് അധിനിവേശത്തിന് ശേഷം വന്ന ഡച്ചുകാരുമായും ജർമ്മൻ മിഷണറിമാർ സഹകരിച്ചിട്ടുണ്ട്. കേരളത്തിൽ വ്യാപകമായ മതപരിവർത്തനത്തിന് നേതൃത്വം കൊടുത്തത് ജർമ്മൻകാരാണ്. ബ്രിട്ടീഷുകാരുടെ കാലത്തും മതപരിവർത്തന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നത് പോർച്ചുഗീസുകാരോടൊപ്പം വന്ന ജർമ്മൻ മിഷണറിമാരുടെ പിന്തുടർച്ചക്കാരായിരുന്നു.

മതപരിവർത്തനമായിരുന്നു മുഖ്യലക്ഷ്യമെങ്കിലും അത് കേരളത്തിന്റെ വിദ്യാഭ്യാസ മണ്ഡലത്തിൽ വലിയ പുരോഗതി ഉണ്ടാക്കി. കൊച്ചി, കൊടുങ്ങല്ലൂർ, വൈപ്പിൻകോട്ട എന്നിവിടങ്ങളിൽ മതപുരോഹിതന്മാർക്ക് പരിശീലനം കൊടുക്കുന്ന സെമിനാരികൾ പോർച്ചുഗീസുകാർ സ്ഥാപിച്ചിരുന്നു. ഇത് പോർച്ചുഗീസ് ലത്തീൻ ഭാഷകൾ നാട്ടുകാർക്ക് പരിചിതമാകുന്നതിനിടയായി. പോർച്ചുഗീസുകാർക്കും തദ്ദേശീയരായ ക്രിസ്ത്യാനികൾക്കുമായി ഒരു ജെസ്യൂട്ട് കോളേജ് ഉണ്ടായിരുന്നതായും പറയപ്പെടുന്നു. കേരളത്തിൽ അച്ചടിശാലകൾ സ്ഥാപിച്ചതും പോർച്ചുഗീസുകാരായിരുന്നു. കൊച്ചിയിലും വൈപ്പിൻകോട്ടയിലും തുടർന്ന് കൊടുങ്ങല്ലൂരിലും അമ്പഴക്കാട്ടും അവർ അച്ചടിശാലകൾ സ്ഥാപിച്ചു. ക്രിസ്തീയമതതത്വം, ക്രിസ്തീയ വണക്കം തുടങ്ങിയവയാണ് ആദ്യമായി അച്ചടിക്കപ്പെട്ട കൃതികൾ. പതിനാറാം നൂറ്റാണ്ടിൽ തന്നെ സെന്റ് ഫ്രാൻസിസ് സേവിയർ വേദപാഠ



SGOU

പുസ്തകം മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയതായും ചരിത്രം രേഖപ്പെടുത്തുന്നു.

## 2.4 കുഞ്ഞാലിമാർ

തീരക്കടലിലെ കച്ചവടക്കുത്തകക്കാരായിരുന്ന മാപ്പിളയോദ്ധാക്കളും കുഞ്ഞാലി മരയ്ക്കാരുടെ നേതൃത്വത്തിലുള്ള മീൻപിടുത്തക്കാരായ മാപ്പിളമാരും ചേർന്നുള്ളതായിരുന്നു സാമൂതിരിയുടെ നാവികപ്പട. കുഞ്ഞാലി എന്നത് ഒരു സ്ഥാനപ്പേരായിരുന്നു. ഇതിനു കാരണക്കാരനായ സാഹസികനായ ഒരു കുഞ്ഞാലിയുണ്ടായിരുന്നു. ആ സ്ഥാനപ്പേരുള്ള ഒരു വംശപരമ്പരയും. പോർച്ചുഗീസുകാർ പൊന്നാനി ആക്രമിച്ചതോടെയാണ് അവർ കോട്ടയ്ക്കൽ കുഞ്ഞാലി മരയ്ക്കാന്മാരാകുന്നത്. പോർച്ചുഗീസുകാർക്ക് 16-ാം നൂറ്റാണ്ടിന്റെ അവസാനംവരെ മലയാളക്കരയിൽ കാലുറപ്പിക്കാൻ കഴിയാതിരുന്നതിന്റെ പിന്നിൽ സാമൂതിരിയുടെ നാവികപ്പടയാണെന്ന കാര്യത്തിൽ തർക്കമില്ല. പോർച്ചുഗീസുകാർ ചാലിയത്ത് കോട്ടകെട്ടാൻ ശ്രമിച്ചപ്പോൾ സാമൂതിരിയ്ക്ക് നിർണ്ണായകമായ സഹായം നൽകിയത് കുഞ്ഞാലിമാരായിരുന്നു. ചാലിയം തിരിച്ചുപിടിച്ചതോടെ കുഞ്ഞാലിമൂന്നാമന് സാമൂതിരി തന്റെ 'നാട്ടുമുഖ്യൻ' എന്ന പദവി നല്കി. മാത്രമല്ല സാമൂതിരിയുടെ അനുവാദത്തോടെ ഇരിങ്ങൽ കോട്ടപ്പുഴയുടെ അഴിമുഖത്ത് ഒരു കോട്ട കെട്ടുകയും ചെയ്തു. പിന്നീട് 1578-ൽ ഒത്തുതീർപ്പിന്റെ ഭാഗമായി പോർച്ചുഗീസ് അംബാസിഡർമാരെ ഉപയോഗിച്ച് കോട്ട കെട്ടാനുള്ള അനുമതി തേടിയെങ്കിലും സാമൂതിരി അനുവദിച്ചില്ല. എന്നാൽ സമ്മർദ്ദത്തെ തുടർന്ന് പൊന്നാനിയിൽ കോട്ട കെട്ടാൻ സാമൂതിരി പോർച്ചുഗീസുകാർക്ക് അനുമതി നല്കി. ഇത് മരയ്ക്കാന്മാരെ ചൊടിപ്പിക്കുകയുണ്ടായി. 1586-ൽ ഉണ്ടായ യുദ്ധത്തിൽ കുഞ്ഞാലി പോർച്ചുഗീസുകാരെ തോല്പിച്ചു. പോർച്ചുഗീസുകാർക്ക് വലിയ നാശനഷ്ടങ്ങളുണ്ടായ പശ്ചാത്തലത്തിൽ അവർ വീണ്ടും സമാധാന ഉടമ്പടിയ്ക്ക് മുതിർന്നു.

കുഞ്ഞാലി മൂന്നാമനായ പട്ടുമരയ്ക്കാർക്കുശേഷംവന്ന കുഞ്ഞാലി നാലാമൻ അദ്ദേഹത്തിന്റെ മകനായ മുഹമ്മദ് മരയ്ക്കാരായിരുന്നു. തന്റെ മുൻഗാമികളിൽ നിന്നും വ്യത്യസ്തനായ ഇദ്ദേഹം അത്യാഗ്രഹിയും അഹങ്കാരിയുമായിരുന്നു. പുതിയ കുഞ്ഞാലിയുടെ അഹന്ത അവസാനിപ്പിക്കുന്നതിനായി സാമൂതിരി പോർച്ചുഗീസുകാരുമായി താല്കാലികസഖ്യത്തിന് തയ്യാറായി. ഇതിന്റെ ഭാഗമായി 1598-ൽ പോർച്ചുഗീസുകാരുടെയും സാമൂതിരിയുടെയും സംയുക്തസൈന്യം മരയ്ക്കാരുടെ കോട്ട ആക്രമിച്ചുവെങ്കിലും കുഞ്ഞാലി ഈ സഖ്യത്തെ പരാജയപ്പെടുത്തുകയാണുണ്ടായത്. പിന്നീട് അധികാരമേറ്റ സാമൂതിരി കുഞ്ഞാലിമാരുടെ ശക്തിയും അഹന്തയും തകർക്കുന്നതിന്റെ ഭാഗമായി 1599-ൽ പോർച്ചുഗീസുകാരുമായി പുതിയൊരു സഖ്യത്തിൽ ഒപ്പുവച്ചു. ഇതനുസരിച്ച് 1600 മാർച്ച് 7- ന് പോർച്ചുഗീസ് സാമൂതിരി സംയുക്തസൈന്യം മരയ്ക്കാർകോട്ട വളഞ്ഞു. പരാജയം മണത്ത കുഞ്ഞാലിയുടെ കരമാർഗമുള്ള സാമൂതിരിയുടെയും കടൽമാർഗമുള്ള പോർച്ചുഗീസുകാരുടെയും ആക്രമണത്തിൽ സാമൂതിരിക്കുമുന്നിൽ കീഴടങ്ങാൻ തയ്യാറായി. സാമൂതിരിയാവട്ടെ കൗശലപൂർവം മരയ്ക്കാരെ വിളിച്ചുവരുത്തി പോർച്ചുഗീസുകാർക്ക് കൈമാറി. കുഞ്ഞാലിയേയും അനുയായികളേയും ഗോവയിലേക്കുകൊണ്ടുപോയി തടവിലാക്കി. വിചാരണക്കുശേഷം വധിക്കുകയും ചെയ്തു. അതുകൊണ്ടും പകതീരാതെ മൃതദേഹം വികൃതമാക്കി അങ്ങാടിയിൽ പ്രദർശിപ്പിച്ചുവെന്നതാണ് ചരിത്രം. അതോടെ കുഞ്ഞാലിമരയ്ക്കാർ എന്ന വലിയ പാരമ്പര്യത്തിന്റെ പ്രതാപം അസ്തമിച്ചു. പോർച്ചുഗീസ് ചരിത്രകാരന്മാരെ സംബന്ധിച്ച് കുഞ്ഞാലിമാർ കടൽകൊള്ളക്കാർ (പൈറേറ്റുകൾ) ആണ്. സാമൂതിരിമാരെ സംബന്ധിച്ച് അവരുടെ നാവികസേനയുടെ അഡ്മിറൽമാരും ഒരു നൂറ്റാണ്ടുകാലം പോർച്ചുഗീസുകാർക്കെതിരെ പോരാടിയ ദേശീയശക്തി തന്നെയായിരുന്നു യഥാർഥത്തിൽ കുഞ്ഞാലികൾ.

കുഞ്ഞാലിമാരും സാമൂതിരിമാരും തമ്മിലുള്ള ബന്ധം രാഷ്ട്രീയവും സാമ്പത്തികവുമായിരുന്നു. സാമൂതിരി സാമ്പത്തിക ലാഭം ലക്ഷ്യമാക്കി പോർച്ചുഗീസുകാരുമായി അടുത്തപ്പോൾ കുഞ്ഞാലി സാമൂതിരിമാരിൽ നിന്നകന്നു. കുഞ്ഞാലി സാമൂതിരിയുടെ അധികാരാവകാശങ്ങൾക്കു മുകളിൽ ഇടപെടലുകൾ നടത്തി

SGOU

യപ്പോൾ സാമൂതിരിയ്ക്ക് അവരെ ഒറ്റുകൊടുക്കേണ്ടതായും വന്നു. എങ്കിലും പോർച്ചുഗീസ് വാണിജ്യാധിപത്യത്തിനെതിരെ അവസാനം വരെ സാമൂതിരിയ്ക്ക് പ്രതിരോധം തീർക്കാനായത് കുഞ്ഞാലിമാരുടെ നാവികപ്പെരുമ കൊണ്ടാണെന്നത് നിഷേധിക്കാനാവുകയില്ല.

## 2.5 ഡച്ചുകാർ

പാശ്ചാത്യ കോളനിവല്കരണത്തിലെ പ്രധാനശക്തികളിലൊന്നായിരുന്നു ഡച്ചുകാർ. ലന്തക്കാർ, ഉലന്തക്കാർ എന്നീപേരുകളിലാണ് കേരളത്തിൽ ഡച്ചുകാർ അറിയപ്പെട്ടിരുന്നത്. ഇന്നത്തെ പോളണ്ട്, നെതെർലാന്റ് എന്നീ പേരിൽ അറിയപ്പെടുന്ന രാജ്യമാണ് പഴയകാല ഡച്ചുകാർ. പൗരസ്ത്യദേശത്തെക്കുള്ള കടന്നുകയറ്റത്തിന്റെ അനുബന്ധമായി 1592-ൽ ഡച്ച് ഈസ്റ്റ് ഇന്ത്യാ കമ്പനി രൂപം കൊണ്ടു. 1604-ലാണ് ഡച്ച്ശക്തി കേരളത്തിൽ ആധിപത്യത്തിന് ശ്രമിക്കുന്നത്. സ്റ്റീവൻ വാൻഡർ ഹാഗൻ എന്നയാളുടെ നേതൃത്വത്തിൽ കോഴിക്കോട്ടുവന്ന ഡച്ചുകാർ സാമൂതിരിയുമായി ഒരു കരാറിലേർപ്പെടുന്നത് 1604 ലാണ്.

മലബാറിൽ എത്തുന്നതിനുമുമ്പ് ശ്രീലങ്കയിലും ജാവയിലും കിഴക്കൻദ്വീപുകളിലും ഡച്ചുകാരുടെ സാന്നിധ്യമുണ്ടായിരുന്നു. പോർച്ചുഗീസുകാർക്കെതിരെ സൈനിക നടപടികൾക്കായിട്ടാണ് സാമൂതിരിയും ലന്തക്കാരുമായി ആദ്യമായി ഒരു കരാറിൽ ഏർപ്പെടുന്നത്. ഒരു ഇന്ത്യൻ ഭരണാധികാരിയുമായി ഡച്ചുകാർ ഒപ്പുവയ്ക്കുന്ന ആദ്യത്തെ കരാറും ഇതാണ്. ഇതോടെ ഡച്ചുകാർക്ക് കേരളക്കരയിലേക്കുള്ള തുറമുഖസന്ദർശനം സുഗമമായി. സാമൂതിരിയാവട്ടെ ഡച്ചുകാർക്ക് പൊന്നാനിയിലും കോഴിക്കോട്ടും കച്ചവടത്തിനുള്ള അനുവാദവും കൊടുത്തു. പ്രതിവർഷം മൂവായിരം കണ്ടി കുരുമുളക് ഡച്ചുകാർക്ക് എത്തിച്ചുകൊടുക്കാമെന്ന് സാമൂതിരി വാഗ്ദാനം ചെയ്തു. ഇങ്ങനെ പതിനേഴാം നൂറ്റാണ്ടിൽ പോർച്ചുഗീസ് വാണിജ്യതാല്പര്യങ്ങൾക്ക് വലിയ ഭീഷണിയായി കേരളക്കരയിൽ ഡച്ചുശക്തി വളർന്നുവന്നു.

ഇതര യൂറോപ്യൻശക്തികളെപ്പോലെ കേരളത്തിലെ നാടുവാഴി സ്വരൂപങ്ങൾക്കിടയിലുണ്ടായിരുന്ന അന്തഃച്ഛിദ്രങ്ങളിൽ ഇടപെടുകയും അത് തങ്ങളുടെ വാണിജ്യ താല്പര്യങ്ങൾക്കനുസൃതമായി മാറ്റുകയും ചെയ്യുന്ന സ്വഭാവം ഡച്ചുകാർക്കുമുണ്ടായിരുന്നു. അങ്ങനെയാണ് മലബാറിൽ നിന്ന് ഉത്തരകേരളത്തിലേക്കും മധ്യകേരളത്തിലേക്കും ഡച്ചുകാരുടെ ശ്രദ്ധ പതിയുന്നത്. 1642 -ൽ ചെമ്പകശ്ശേരി രാജാവുമായി ഇവർ വ്യാപാര ഉടമ്പടിയുണ്ടാക്കി. 1643-ൽ കായംകുളം രാജാവുമായും വ്യാപാരകരാറിലേർപ്പെട്ടു. പുറക്കാട്ട് ഒരു ഫാക്ടറിയും കായംകുളത്ത് ഒരു പണ്ടകശാലയും നിർമ്മിക്കാനുള്ള അനുവാദം ഇവർ ഈ നാട്ടുരാജാക്കന്മാരിൽ നിന്ന് നേടുകയും ചെയ്തു. 1658-ൽ പോർച്ചുഗീസ് അധീനതയിലായിരുന്ന കൊല്ലം കോട്ട പിടിച്ചെടുത്തു. കൊല്ലംറാണിയുമായി ഉടമ്പടിയിലേർപ്പെട്ടു. ഇതനുസരിച്ച് കൊല്ലത്തെ സുഗന്ധവ്യഞ്ജനങ്ങളുടെ കച്ചവടം ഡച്ചുകാർക്ക് ലഭിച്ചു. പോർച്ചുഗീസുകാരാവട്ടെ കൊല്ലം കോട്ട തിരികെ പിടിച്ചെങ്കിലും അഡ്മിറൽ വാൻ ഗൂൺസിന്റെ നേതൃത്വത്തിലുള്ള പ്രത്യാക്രമണത്തിലൂടെ കൊല്ലം കോട്ട വീണ്ടും അവർ അധീനതയിലാക്കുകയായിരുന്നു.

കൊച്ചി രാജവംശത്തിലുണ്ടായ ആഭ്യന്തരകലഹത്തിലും ഡച്ചുകാർ ഇടപെട്ടു. കൊച്ചിയിലെ ഇളയ താവഴിയിലെ രാജാവ് പോർച്ചുഗീസുകാരുടെ സഹായത്തോടെ മൂത്തതാവഴിയിൽ നിന്ന് അധികാരം പിടിച്ചെടുത്തു. ഡച്ചുകാരാവട്ടെ മൂത്തതാവഴിയിലെ രാജാവിന് അനുകൂലമായി നിലകൊണ്ടു. സൈന്യം കൊച്ചി രാജാവിന്റെ മട്ടാഞ്ചേരി കൊട്ടാരം ആക്രമിച്ചു. മൂത്തതാവഴിയെ സഹായിക്കുന്ന സൈന്യത്തെ സാമൂതിരിയുടെ സൈന്യവും പിന്തുണച്ചു. വലിയ ആൾനാശമുണ്ടായ യുദ്ധത്തിൽ റാണി ഗംഗാധരലക്ഷ്മിയെ ഹെൻറിക്ക് വാൻറീസ് എന്ന ഡച്ചുഭടൻ തടവിലാക്കി. അതോടെ മൂത്ത താവഴിയുടെ അധികാരം അംഗീകരിച്ചുകൊള്ളാം എന്ന് റാണി പ്രതിജ്ഞ ചെയ്തു. ഈ വിജയം കൊച്ചിയിൽ പോർച്ചുഗീസുകാർക്കേറ്റ കനത്ത പ്രഹരവും ഡച്ചുകാർക്ക് വൻവിജയവുമായിരുന്നു.

1663-ൽ കൊച്ചി ഡച്ചുകാർക്ക് അധീനമായി. കൊച്ചി രാജാവായി വീരകേരള വർമ്മയെ അവർ

വാഴിക്കുകയും ചെയ്തു. 1673-ൽ കൊച്ചിയിൽ കമാൻഡറായി വന്ന ഹെൻഡ്രിൽ വാൻറീഡ് കൊച്ചിരാജ്യത്തെ സുശക്തമായ നിയന്ത്രണ ത്തിൽ കൊണ്ടുവന്നു. 1663 -ൽ തന്നെ ഡച്ചു കാർ പോർച്ചുഗീസുകാരിൽനിന്ന് കണ്ണൂർകോട്ട പിടിച്ചെടുത്തിരുന്നു. ഇതിനുശേഷം അവർ കോലത്തിരിയുമായി ഉടമ്പടി ഉണ്ടാക്കി കുരുമു ളക് വ്യാപാരത്തിന്റെ കുത്തക നേടിയെടുത്തു. കൊച്ചിയും കോഴിക്കോടും തമ്മിലുള്ള വൈര്യ ത്തിൽ ഡച്ചുകാർ സാമൂതിരിയോടൊപ്പമായിരു ന്നു. ഈ ബന്ധം എല്ലായ്പ്പോഴും സ്ഥിരമായിരു ന്നില്ല. വൈപ്പിൻപ്രദേശം കൈക്കലാക്കുക എന്ന ലക്ഷ്യമായിരുന്നു സാമൂതിരിയ്ക്ക്. ഇത് നടക്കാ തെ വന്നപ്പോൾ ഡച്ചുകാരും സാമൂതിരിയുമാ യുള്ള ബന്ധം തകർന്നു. ഡച്ചുകാർ ഇരുപക്ഷ ത്തും മാറിമാറി നിലകൊണ്ടു.

ഡച്ചുകാരുടെ സ്വപ്നങ്ങൾക്ക് തടയിട്ടത് വടക്ക് ബഡ്നോർ നായിക്കന്മാരുടെ ആക്രമ ണവും, തെക്ക് മാർത്താണ്ഡവർമ്മയുടെ തിരു വിതാംകൂറിന്റെ ശക്തിയുമായിരുന്നു. 1741-ൽ മാർത്താണ്ഡവർമ്മ കുളച്ചൽ യുദ്ധത്തിൽ ഡച്ചു കാരെ നിശ്ശേഷം പരാജയപ്പെടുത്തി. അവരുടെ സേനാനായകനായിരുന്ന ഡിലനോയിയെ തട വുകാരനാക്കുകയും ചെയ്തു. ലോകവാണി ജ്യഭൂപടത്തിൽ നിന്നുള്ള ഡച്ചുപതനത്തിന്റെ അടിസ്ഥാനം തന്നെ ഇതായിരുന്നു. തുടർന്ന് സാമൂതിരിയുടെ ആക്രമണത്തിൽ പറവൂർ, കൊ ടുങ്ങല്ലൂർ, തൃശൂർ, മുള്ളക്കര എന്നീ സ്ഥലങ്ങൾ ഡച്ചുകാർക്ക് നഷ്ടപ്പെട്ടു. 1766-ൽ ഹൈദരാലി യുമായി ചേറ്റുവാ പിടിച്ചടക്കാൻ നടത്തിയ യു ദ്ധവും ഡച്ചുശക്തിയുടെ പരാജയത്തിന് കാര ണമായി. യൂറോപ്പിൽ നെപ്പോളിയനുമായുള്ള യുദ്ധത്തിൽ ഡച്ചുകാർ ഇംഗ്ലണ്ടിനെതിരായിരു ന്നു. ഇത് കേരളത്തിലെ ശത്രുതയ്ക്കും കാര ണമായി. മേജർ പെട്രയിയുടെ നേതൃത്വത്തി ലുള്ള ഇംഗ്ലീഷ് സൈന്യം 1795-ൽ ഡച്ചുകാരുടെ കൊച്ചിക്കോട്ട പിടിച്ചടക്കി. യൂറോപ്പിലെ യുദ്ധം അവസാനിച്ചപ്പോൾ ഡച്ചുകാർ കേരളത്തിലു ണ്ടായിരുന്ന തങ്ങളുടെ എല്ലാ അവകാശങ്ങളും ഇംഗ്ലീഷുകാർക്ക് നൽകി.

## 2.5.1 ഡച്ചുകാരുടെ സ്വാധീനത്തിന്റെ ഫലങ്ങൾ

കേരളത്തിന്റെ സമ്പദ്ഘടനയ്ക്ക് സുപ്ര ധാനമായ സംഭാവനകൾ നൽകിയവരാണ് ഡച്ചുകാർ. കാർഷികമേഖലയിൽ പുതിയതരം ഉല്പന്നങ്ങളും ശാസ്ത്രീയമായ കൃഷിരീതിയും അവർ കൊണ്ടുവന്നു. തെങ്ങുകൃഷി വ്യാപകമാ യി. കയർ, വെളിച്ചെണ്ണ എന്നിവയുടെ വ്യാപാ രം വർധിപ്പിച്ചു. അമരിതൈകൾ സൂറത്തിൽ നിന്ന് കൊണ്ടുവന്ന് കൃഷി ചെയ്തു. ഉപ്പു നിർമ്മാണം, ചായംമുക്കൽ തുടങ്ങിയ പുതിയ തൊഴിലുകൾ ഉണ്ടാക്കി. കൊല്ലം, അഞ്ചുതെങ്ങ്, കുളച്ചൽ, തേങ്ങാപ്പട്ടണം ഇവ വാണിജ്യാഭിവൃദ്ധിയുള്ള തുറമുഖങ്ങളായി. ഡച്ചുകാർ പ്രാരംഭകാല ത്ത് റോമൻ കത്തോലിക്കരുടെ നേരേയും ജെസ്യൂട്ട് ഗ്രന്ഥശാലയുടെ നേരെയും ആക്ര മണങ്ങൾ അഴിച്ചു വിട്ടിരുന്നു. പക്ഷെ പില്കാ ലത്ത് കത്തോലിക്കാ പുരോഹിതരോട് അവർ സഹിഷ്ണുത കാട്ടി. ചാത്തിയാത്ത് എന്ന സ്ഥലത്ത് കാർമലൈറ്റ് പുരോഹിതന്മാർക്ക് ഒരു പള്ളി പണിയാൻ അവർ സമ്മതം നൽകി. വാരാപ്പുഴയിൽ കാർമലൈറ്റുകാർ പിന്നീട് ഒരു സെമിനാരിയും പണിതു. ലത്തീൻ കത്തോലി ക്കരുൾപ്പെടെ കേരളത്തിലെ ക്രിസ്ത്യാനികളു ടെ സംരക്ഷണം അവർ ഏറ്റെടുത്തു. ജൂതന്മാ രോടും, ഗൗഡസാരസ്വത ബ്രാഹ്മണരോടും സംരക്ഷണനയം പുലർത്തി. ഹൈന്ദവവികാര ങ്ങൾ മാനിച്ച് ക്ഷേത്രങ്ങളെയും പശുക്കളെയും ധ്വംസിക്കാതെ വിട്ടു. ഡച്ചുകാർ മതപരിവർത്ത നത്തിൽ കാര്യമായി ശ്രദ്ധിക്കുകയുമായുണ്ടാ യില്ല. ഡച്ചു ഗവർണ്ണരായിരുന്ന വാൻറീഡിന്റെ മേൽനോട്ടത്തിൽ കേരളത്തിലെ ഔഷധസസ്യ ങ്ങൾ ശേഖരിക്കാനും പഠനം നടത്താനുമുള്ള സംരംഭമുണ്ടായി. 1678-നും 1703- നും മിടയ്ക്ക് പന്ത്രണ്ടു വാല്യങ്ങളിലായി ആംസ്റ്റർഡാമിൽ നിന്ന് 'ഹോർത്തൂസ് മലബാറിക്കസ്' എന്ന ഗ്രന്ഥം പ്രസിദ്ധപ്പെടുത്തി.

## 2.5.2 ഹോർത്തൂസ് മലബാറിക്കസ്

ഡച്ചു ഭരണാധികാരിയായിരുന്ന വാൻറീ ഡിന്റെ മേൽനോട്ടത്തിൽ ഇന്ത്യയിൽ വളരുന്ന സസ്യങ്ങളുടെ ഔഷധഗുണങ്ങൾ വിവരിക്കുന്ന

SGOU

ഒരു പുസ്തകം 1678-നും 1703-നും ഇടയ്ക്ക് പ്രസിദ്ധീകൃതമായി. പന്ത്രണ്ടു ഭാഗങ്ങളിലായി 794 ചിത്രങ്ങളുള്ള ഈ ഗ്രന്ഥം ആംസ്റ്റർഡാമി ലാണ് പ്രസിദ്ധീകരിച്ചത്. രംഗഭട്ട്, അച്ചുഭട്ട്, വി നായക ഭട്ട് എന്നിവരും ഇട്ടി അച്യുതൻ എന്ന വൈദ്യനും ഇതിന്റെ രചനയ്ക്ക് സഹായം നൽകി. മാത്യൂസ് എന്ന കാർമലൈറ്റു സന്യാ സിയും ഇതിന്റെ രചനയുമായി ബന്ധപ്പെട്ടതാ യി കാണുന്നു. ഹോർത്തൂസ് മലബാറിക്കസിൽ സസ്യനാമങ്ങൾ ലത്തീൻ, അറബി, സംസ്കൃതം എന്നിവയ്ക്ക് പുറമെ മലയാളലിപിയിൽ തന്നെ അച്ചടിച്ചിട്ടുണ്ട്. ആധുനിക മലയാള അച്ചടി ആദ്യമായി കാണുന്നത് ഈ പുസ്തകത്തിലാ ണ്.

'കരപ്പുറത്തു പിറന്നൊള്ള ഒരു മലയാം വൈ ദ്യന്റെ ചൊൽക്കെട്ട പുസ്തകത്തിൽ ചാർത്തിയ മലയാളത്തിലെ വൃക്ഷങ്ങളും ചെറുവൃക്ഷങ്ങളും കായ്കളും വിത്തുകളും രെസങ്ങളും പേരുകളും ചക്തികളും സദചക്തികളും പറങ്കിപ്പാഴയിലും മലയാൻപ്പാഴയിലും വകതിരിച്ച് ചൊല്ലുകയും ചെയ്തു' എന്ന് മലയാളത്തിൽ ഒരു ഗദ്യഭാഗം പുസ്തകത്തിൽ അച്ചടിച്ചു ചേർത്തിട്ടുണ്ട്.

### 2.5.3 ഉദയംപേരൂർ സുനഹദോസ് (1599)

കേരളത്തിലെ ക്രൈസ്തവസഭയോടും അതി ന്റെ അനുയായികളോടും പോർച്ചുഗീസുകാർക്ക് വലിയ പ്രതിപത്തിയുണ്ടായിരുന്നില്ല. കേരളത്തി ലെ ക്രൈസ്തവസഭയിൽ ബാബിലോണിലെ പാത്രിയാർക്കിനായിരുന്നു ആധിപത്യം. മാത്ര മല്ല കേരളത്തിലെ സെന്റ് തോമസ് ക്രിസ്ത്യാ നികൾ സുറിയാനി ഭാഷയിലെ പ്രാർഥന മാ ത്രമാണ് സ്വീകരിച്ചിരുന്നത്. ഇതിനുപകരം റോമിലെ പോപ്പിന്റെ ആധിപത്യം സ്ഥാപിക്കുക യും ലത്തീൻപ്രാർഥനാക്രമവും റോമൻ കത്തോ ലിക്കാമതത്തിന്റെ നിഷ്ഠകളും പ്രചരിപ്പിക്കാ നാണ് പോർച്ചുഗീസുകാർ ശ്രമിച്ചത്. ഇതിന്റെ ഭാഗമായിട്ടാണ് അവർ സന്യാസ ആശ്രമങ്ങളും പള്ളികളും സെമിനാരികളും സ്ഥാപിച്ചത്. നേ രത്തെ സുറിയാനിസഭയിലായിരുന്നവർക്കും ഹി ന്ദുക്കളിൽ നിന്ന് മതം മാറി വന്നവർക്കും വേണ്ടി സ്ഥാപിതമായതാണ് 1557 ലെ കൊച്ചിരൂപത.

കേരളത്തിലെ ക്രൈസ്തവസമുദായത്തെ റോമൻസഭയുടെ ആധിപത്യത്തിൽ കൊണ്ടു വരാനുള്ള ലക്ഷ്യമാണ് ഉദയംപേരൂർ സുനഹ ദോസിനുണ്ടായിരുന്നത്. 1599-ൽ സമ്മേളിച്ച ഉദയംപേരൂർ സുനഹദോസ് കേരളത്തിലെ ക്രൈസ്തവസഭയുടെ ചരിത്രത്തിലെ പ്രധാന സംഭവങ്ങളിലൊന്നായി കണക്കാക്കപ്പെടുന്നു. ക്ലമന്റ് എട്ടാമൻ പോപ്പ് ഗോവയിലെ ആർച്ച് ബിഷപ്പായി നിയമിച്ച അലക്സിസ് ഡി മെന സിസായിരുന്നു സുനഹദോസിന്റെ അധ്യക്ഷൻ. റോമിന്റെ ആധിപത്യം മലങ്കരസഭയെക്കൊണ്ട് അംഗീകരിക്കാൻ പള്ളികൾ തോറും കയറിയി റങ്ങിയ അദ്ദേഹം ഉദയംപേരൂർ മാർത്താമറിയം പള്ളിയിൽ ഏഴു ദിവസങ്ങളിലായി ഒൻപത് യോ ഗങ്ങൾ നടത്തി. സുനഹദോസിൽ കത്തനാർമാ രും ഡീക്കന്മാരുമടക്കം 813 പ്രതിനിധികൾ പങ്കെ ടുത്തു. സുറിയാനിഗ്രന്ഥങ്ങളിലെ ചില ഭാഗങ്ങൾ എടുത്തു മാറ്റുകയും ദൈവവിരുദ്ധം എന്ന് തോ ന്നിയ ഗ്രന്ഥങ്ങൾ കത്തിക്കുകയും ചെയ്തു. സു നഹദോസിൽ രൂപപ്പെട്ട 'കാനോന'കളിലൂടെ സുറിയാനി കുർബാന ലത്തീൻ കുർബാനക്കനു സരിച്ച് തയ്യാറാക്കപ്പെട്ടു. അങ്ങനെ ബാബിലോ ണിലെ ബന്ധം അവസാനിപ്പിച്ച് റോമാ ആസ്ഥാ നമായുള്ള പോപ്പിന്റെ ആധിപത്യം ഉദയംപേരൂർ സുനഹദോസിലൂടെ സ്ഥാപിക്കപ്പെട്ടു. അതോ ടെ ലത്തീൻമാർഗക്കാർ കൊച്ചിയിലും സുറിയാ നിക്കാർ അങ്കമാലി രൂപതയിലും ചേർക്കപ്പെട്ടു. സുനഹദോസിനുശേഷം ആർച്ച് ബിഷപ്പായ മെ നസിസ് കൊല്ലം വരെയുള്ള പ്രധാന പള്ളികൾ സന്ദർശിച്ച് ഗോവയിലേക്ക് തിരിച്ചുപോയി.

### 2.5.4 കൂനൻകുരിശ് സത്യം (1653)

ഉദയംപേരൂർ സുനഹദോസിന്റെ വിജയം ദീർഘകാലം നീണ്ടുനിന്നില്ല. കേരളത്തിലെ സെന്റ്തോമസ് ക്രിസ്ത്യാനികളും (സുറിയാനി ക്രിസ്ത്യാനികൾ) പോർച്ചുഗീസുകാരും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടായി. പോപ്പ് നല്കിയ അധികാരം ഉപയോഗിച്ച് പോർച്ചുഗൽ രാജാവ് അങ്കമാലി രൂപതയിലേക്ക് ഒരു ലത്തീൻപാതി രിയെ നിയോഗിച്ചു. എന്നാൽ പാത്രിയാർക്കീസ് അയക്കുന്ന മെത്രാനെയല്ലാതെ മറ്റാരെയും അം ഗീകരിക്കില്ലെന്ന നിലപാടാണ് സുറിയാനികൾ ക്കുണ്ടായിരുന്നത്. ഉദയംപേരൂർ സുനഹദോസി

SGOU

ന്റെ സമ്മർദ്ദത്താൽ പോപ്പിന്റെ ആധിപത്യം ആദ്യമൊക്കെ അംഗീകരിച്ചുവെങ്കിലും പിന്നീട് എതിർപ്പ് ശക്തമാവുകയായിരുന്നു. കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ അഭ്യർഥനയനുസരിച്ച് ബാബിലോണിലെ യാക്കോബായ പാത്രിയാർക്ക് 'അഹറ്റല്ല' എന്നു പേരുള്ള ഒരു സുറിയാനിബിഷപ്പിനെ കേരളത്തിലേക്ക് അയച്ചു. എന്നാൽ ഇതറിഞ്ഞ പോർച്ചുഗീസുകാർ 'അഹറ്റല്ല'യെ മൈലാപ്പൂരിൽ തടഞ്ഞുവച്ചു. ഇത് കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളെ ക്ഷുഭിതരാക്കി. ഇതോടൊപ്പം അഹറ്റല്ലയെ പോർച്ചുഗീസുകാർ കടലിൽ കെട്ടിതാഴ്ത്തി എന്ന വാർത്തയും പരന്നു. ഇതറിഞ്ഞ സുറിയാനി ക്രിസ്ത്യാനികൾ കൊച്ചിയിലെ പോർച്ചുഗീസ് കേന്ദ്രങ്ങൾ അടിച്ചു തകർത്തു. കൂടാതെ ആയിരക്കണക്കിന് സുറിയാനി ക്രിസ്ത്യാനികൾ മട്ടാഞ്ചേരിയിൽ സമ്മേളിച്ചു. മട്ടാഞ്ചേരിയിലെ കുരിശിൽ ഒരു നീണ്ട വടംകെട്ടി അതിൽ പിടിച്ചുകൊണ്ട് 'ഇനി ഒരിക്കലും ലത്തീൻ ആർച്ച് ബിഷപ്പുമാരെയും ജെസ്യൂട്ട് പുരോഹിതന്മാരെയും അനുസരിക്കുകയില്ലെന്ന്' ശപഥം ചെയ്തു. ഈ സംഭവമാണ് കൂനൻ കുരിശു കലാപം, കൂനൻ കുരിശ്സത്യം എന്നീ പേരുകളിൽ ചരിത്രം രേഖപ്പെടുത്തുന്നത്. 1653 ജനുവരി 3-ാം തീയതിയാണ് കൂനൻ കുരിശു സത്യം നടന്നത്.

കേരള ക്രൈസ്തവസഭയുടെ ഒരു പരിവർത്തനബിന്ദുവായിട്ടാണ് ഈ സംഭവത്തെ ചരിത്രകാരന്മാർ വിലയിരുത്തുന്നത്. റോമാസുറിയാനികൾ, യാക്കോബായസുറിയാനികൾ എന്നിങ്ങനെ രണ്ട് വിഭാഗങ്ങൾ ക്രിസ്ത്യാനികൾക്കിടയിലുണ്ടായി. ഇവർ പഴയ കൂറ്റുകാർ, പുത്തൻ കൂറ്റുകാർ എന്നിങ്ങനെ സഭാചരിത്രത്തിൽ അറിയപ്പെട്ടു.

## 2.6 ഫ്രഞ്ചുകാർ

1666-ൽ മുഗൾ ചക്രവർത്തിയുടെ അനുമതിയോടെ സൂറത്തിൽ ഒരു പണ്ടകശാല സ്ഥാപിച്ചുകൊണ്ടാണ് ഫ്രഞ്ച് ഈസ്റ്റ് ഇന്ത്യാകമ്പനി ഇന്ത്യയിൽ പ്രവർത്തനമാരംഭിക്കുന്നത്. അനുമതിപത്രവുമായി ഇവർ തെക്കേഇന്ത്യയുടെ കിഴക്കൻ കടൽത്തീരത്തെത്തുന്നു. അങ്ങനെ അവർ പുതുച്ചേരിയിൽ വാണിജ്യകേന്ദ്രങ്ങൾ സ്ഥാപിച്ചു. കേരളത്തിൽ ഫ്രഞ്ചുകാരുടെ കേന്ദ്രമായി തീർന്നത് മയ്യഴി അഥവാ മാഹിയായിരുന്നു. 1721 - ഫ്രഞ്ച് ഈസ്റ്റ് ഇന്ത്യ കമ്പനിയുടെ കേന്ദ്രം മാഹിയിൽ സ്ഥാപിതമായി. 1725-ൽ എം.ഡി. പർദൈലന്റെ നേതൃത്വത്തിൽ ഒരേ ഫ്രഞ്ച് നാവികസൈന്യം കടത്തനാട്ട് രാജാവിൽ നിന്ന് മാഹി പിടിച്ചെടുത്തു. തലശ്ശേരിയിലെ ഇംഗ്ലീഷ് കമ്പനിക്ക് മാഹിയിലെ ഫ്രഞ്ച് സാന്നിധ്യം പലപ്പോഴും ഭീഷണിയായി. ഇവർ തമ്മിൽ പല തവണ ഏറ്റുമുട്ടലുകൾ നടന്നു. 1728-ൽ പരസ്പരം സമാധാനത്തിൽ കഴിയാൻ ധാരണയിലെത്തി. ഇവിടുത്തെ തന്ത്രപ്രധാനമായ സ്ഥാനങ്ങളിൽ ഫ്രഞ്ചുകാർ കോട്ടകൾ കെട്ടി. ഫ്രഞ്ചുകാരുടെ അധികാരവ്യാപനത്തിന് എപ്പോഴും ഭീഷണിയുയർത്തിയത് ഇംഗ്ലീഷുകാരായിരുന്നു. ഇവരുമായുള്ള കരാറിൽ പലപ്പോഴും തങ്ങളുടെ കോട്ടകൾ പൊളിച്ചു മാറ്റേണ്ടതായും വന്നിട്ടുണ്ട്. എങ്കിലും ഇൻഡോ- ഫ്രഞ്ച് ബന്ധത്തിന്റെ സാംസ്കാരിക സങ്കരത്തിന്റെ കേന്ദ്രമായി മാഹി വളർന്നുവന്നു.

മറ്റു വിദേശശക്തികളെപോലെ തന്നെ കേരളത്തിൽ നാട്ടുരാജ്യങ്ങളുടെ തമ്മിലടി മുതലെടുത്ത ഇംഗ്ലീഷ് ശക്തികളോട് പിടിച്ചുനിൽക്കാൻ ഫ്രഞ്ചുകാർക്ക് കഴിഞ്ഞില്ല. 1761- ഇംഗ്ലീഷുകാർ മാഹി ആക്രമിച്ച് കീഴടക്കി ചിറക്കൽ തമ്പുരാനെ ഏൽപ്പിച്ചു. മാഹി നഷ്ടപ്പെടുമെന്ന് കണ്ട ഫ്രഞ്ചുകാർ മൈസൂർ സുൽത്താനായ ഹൈദരാലിഖാന്റെ സഹായം തേടി. ഇംഗ്ലീഷുകാരെ ദുർബലപ്പെടുത്താൻ തക്കം പാർത്തിരുന്ന ഹൈദരാലി ഫ്രഞ്ചുകാരെ സഹായിച്ചു. പള്ളൂരും പന്തക്കലും നാലുതറയും സുൽത്താൻ ഫ്രഞ്ചുകാർക്ക് ദാനമായി നൽകി. ഫ്രഞ്ച് കോളനിക്ക് പുറത്ത് മയ്യഴി വാഴുന്നവരുടെയും ഇരുവൈനാട് നമ്പ്യാൻമാരുടെയും ഭൂമികളാണുണ്ടായിരുന്നത്. ഇവർക്ക് വേണ്ടി സൈനികവൃത്തി ചെയ്തിരുന്നത് നായന്മാരായിരുന്നു. ഈ പടനായകന്മാർക്ക് കരമൊഴിവായി ഭൂമി അനുഭവിക്കാനുള്ള അവകാശമുണ്ടായിരുന്നു. ഇതിലെ ജാതിവിവേചനം മുതലെടുത്തുകൊണ്ട് തീയരെയും മാപ്പിളമാരെയും ഫ്രഞ്ചുകാർ അവരുടെ പട്ടാളത്തിലും പോലീസിലും ചേർത്തു. അവരിൽ ചിലരെ ലെഫ്റ്റനന്റ് പദവിയിൽ വരെ നിയമി

SGOU

ച്ചു. അങ്ങനെ മയ്യഴിയിൽ ഫ്രഞ്ചുഹിന്ദുക്കളുടെ ഒരു പുതിയ തലമുറ ഉദയംചെയ്തു.

ഫ്രഞ്ച് കോളനിയുടെ വാഴ്ചക്കാലത്ത് വൻതോതിൽ വസൂരിബാധയുണ്ടായതായി ചരിത്രം പറയുന്നു. ഫ്രഞ്ച് കമ്പനിക്കാരോടൊപ്പം ക്രൈസ്തവപുരോഹിതന്മാരും രോഗപ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. ഇവർ മയ്യഴിയിൽ ഒരു ആശുപത്രി സ്ഥാപിച്ചു. ഫ്രഞ്ച് മിഷണറിമാരുടെ സേവനപ്രവർത്തനങ്ങൾക്ക് ജനങ്ങളിൽ നിന്ന് വലിയ സ്വീകാര്യതയാണ് ലഭിച്ചത്. ഇതോടെ ജനങ്ങൾ കൂട്ടത്തോടെ മതപരിവർത്തനത്തിന് തയ്യാറായി. ഇത് ഫ്രഞ്ച് കോളനി പ്രദേശത്തിന്റെ സമുദായഘടനയിൽ തന്നെ മാറ്റം വരുത്തി.

ഫ്രഞ്ച് അധീനമായ മാഹിയിലെ പ്രധാന വരുമാനമാർഗം കൃഷിയായിരുന്നു. നെൽകൃഷിക്കും പറമ്പുകൃഷിക്കും അനുയോജ്യമായിരുന്നു മാഹിയിലെ ഭൂമി. ഏലം, ചന്ദനം, കരിമ്പ്, കൈത്തറിത്തുണികൾ, മുള തുടങ്ങി മാഹിക്ക് പുറത്തുള്ള വസ്തുക്കളും ഇവിടെ നിന്ന് കയറ്റുമതി ചെയ്തിരുന്നതായി ഫ്രഞ്ചുരേഖകളിൽ കാണുന്നു. ഇവിടുത്തെ നാടുവാഴിസ്വരൂപങ്ങൾ തമ്മിലുള്ള ഇടച്ചിലുകളിൽ ഇടപെട്ട് ഭരണം പിടിക്കുന്ന തന്ത്രമാണ് ഫ്രഞ്ചുകാരും സ്വീകരിച്ചത്. ദേശവാഴികൾ തമ്മിലുള്ള തർക്കങ്ങളിലും ഇവർ ഏഷണി കൂട്ടുകയും പക്ഷംപിടിച്ചു മുതലാക്കുകയും ചെയ്യുന്നതിന് നിരവധി ഉദാഹരണങ്ങളുണ്ട്.

## 2.7 ഇംഗ്ലീഷുകാർ

1583-ൽ മാസ്റ്റർ റാൽഫ് ഫിച്ച് എന്ന ഇംഗ്ലീഷുകാരൻ മറ്റു കച്ചവടക്കാരൊത്ത് കൊച്ചിയിലെത്തി. 1615-ൽ ക്യാപ്റ്റൻ കീലിംഗിന്റെ നേതൃത്വത്തിൽ മൂന്നു കപ്പലുകളായിലായി വന്ന് ഇംഗ്ലീഷുകാർ സാമൂതിരിയുമായി ഒരുടമ്പടിയുണ്ടാക്കി. ആറ്റിങ്ങൽറാണിയിൽ നിന്ന് അഞ്ചുതെങ്ങിൽ ഒരു ചെറിയ മണൽപ്രദേശം ലഭിച്ചതോടെയാണ് ഇംഗ്ലീഷുകാർക്ക് 1695-ൽ ഒരു കോട്ട പണിയുവാൻ സാധിച്ചത്. സൈനിക സാമഗ്രികൾ ശേഖരിച്ച്വെയ്ക്കാനും വാണിജ്യത്തിനും അവർ അഞ്ചുതെങ്ങ് താവളമാക്കി. ആറ്റിങ്ങൽറാണിയെ സന്തോഷിപ്പിക്കുകയും അഞ്ചുതെങ്ങിലെ ജനങ്ങളെ ദ്രോഹിക്കുകയും ചെയ്യുകയായിരുന്നു ഇംഗ്ലീഷ് കമ്പനിനയം. ആ പ്രദേശങ്ങളിൽ അധികാരം നടത്തിയിരുന്ന പിള്ളമാരുടെ പ്രതിനിധികൾ റാണിയ്ക്ക് സമ്മാനങ്ങളുമായി പുറപ്പെട്ട ഗിഫോർഡിനെ വഴിയിൽ തടഞ്ഞ് സംഘത്തിലെ മുഴുവൻ പേരെയും കൊന്നു. ആക്രമണക്കാർ അഞ്ചുതെങ്ങിലെ കോട്ട 1721-ൽ വളഞ്ഞു. തലശ്ശേരിയിൽ നിന്ന് ഇംഗ്ലീഷ് സേന വന്നപ്പോൾ പ്രതിരോധം അവസാനിപ്പിക്കേണ്ടിവന്നു. ആറ്റിങ്ങൽകലാപം പരാജയപ്പെട്ടതിനെത്തുടർന്ന് ഇംഗ്ലീഷുകാരും, റാണിയും ഒരു കരാറിലേർപ്പെട്ടു. ആക്രമത്തിൽ കമ്പനിക്കുണ്ടായ നഷ്ടത്തിന് പരിഹാരം കിട്ടണമെന്ന് അവർ ആവശ്യപ്പെട്ടു. കുരുമുളക് കച്ചവടത്തിന്റെ കുത്തകയും, ഇഷ്ടമുള്ളതെല്ലാം വ്യവസായശാലകൾ സ്ഥാപിക്കാനുള്ള അവകാശവും കരാറുമൂലം കമ്പനിക്കു ലഭിച്ചു.

1723-ൽ തിരുവിതാംകൂറുമായി ഇംഗ്ലീഷുകാർ കരാറിലേർപ്പെട്ടു. മാർത്താണ്ഡവർമ്മ യുവരാജാവും, അഞ്ചുതെങ്ങിലെ കമാണ്ടർ അലക്സാണ്ടർ ഓമും ചേർന്ന് ഒപ്പിട്ട ഉടമ്പടിയനുസരിച്ച് മഹാരാജാവ് സ്വന്തം ചെലവിൽ കുളച്ചൽ ഒരു കോട്ട നിർമ്മിച്ച് നൽകുമെന്ന് വ്യവസ്ഥയായി. എട്ടുവീട്ടിൽ പിള്ളമാരെയും മാടമ്പിമാരെയും അമർച്ചചെയ്യാൻ എല്ലാ സഹായവും കമ്പനി വാഗ്ദാനം ചെയ്തു. കോലത്തുനാട്ടിലെ ഭരണാധികാരിയുടെ അനുമതി നേടി ഇംഗ്ലീഷുകാർ തലശ്ശേരിയിൽ ഒരു വ്യവസായശാല സ്ഥാപിച്ചു. അവിടെയും അവർക്ക് നാട്ടുകാരുടെ എതിർപ്പ് നേരിടേണ്ടി വന്നു. തുടർന്ന് അവർ തലശ്ശേരിയിൽ ഒരു കോട്ടയും നിർമ്മിച്ചു. കുരുമുളകിന്റെ കുത്തകവ്യാപാരം ഇംഗ്ലീഷുകാർക്ക് ലഭിച്ചു. കോട്ടയം രാജാവിന്റെ സഹായത്തോടെ ആലിരാജാവിനെ സഹായിച്ചും ഇംഗ്ലീഷുകാർ കൂടുതൽ സ്ഥലങ്ങൾ കൈവശപ്പെടുത്തി.

ഹൈദരാലിയുടെ ആക്രമണകാലത്ത് ഇംഗ്ലീഷുകാർ നിക്ഷ്പക്ഷത പാലിച്ചത് മൈസൂരിൽ നിന്നു ദൂതനെ അയച്ച് അപേക്ഷിച്ചതുകൊണ്ടായിരുന്നു. പക്ഷെ 1773-ൽ രണ്ടാമതും കേരളം ആക്രമിച്ച ഹൈദരാലി തലശ്ശേരിയിലെ ഇംഗ്ലീഷുകാരോട് ഏറ്റുമുട്ടി. സാമൂതിരിയെയും, നാടുവാഴികളെയും ഇംഗ്ലീഷുകാർ സജീവമായി യുദ്ധത്തിൽ സഹായിച്ചു. 1782-ൽ കോഴിക്കോട്

SGOU

തിരിച്ചുപിടിക്കാനും ഇംഗ്ലീഷ്സൈന്യത്തിന്റെ സഹായമുണ്ടായി. ടിപ്പുവിന്റെ പടയോട്ടക്കാലത്ത് അനേകം നാടുവാഴികളും, അനുചരന്മാരും തലശ്ശേരിയിലെ ഇംഗ്ലീഷ്കോട്ടയിൽ അഭയം തേടി. ടൈപ്പ് തിരുവിതാംകൂറിലേയ്ക്ക് നീങ്ങിയപ്പോൾ കമ്പനി പട്ടാളം മാർത്താണ്ഡവർമ്മയെ സഹായിച്ചു. അറയ്ക്കൽ ബീവിയുടെ കണ്ണൂർ കോട്ടയും ബ്രിട്ടീഷുകാർ പിടിച്ചെടുത്തു.

1790-ൽ ബ്രിട്ടീഷുകാർ ശ്രീരംഗപട്ടണത്തിലേയ്ക്ക് മുന്നേറുന്നതറിഞ്ഞ് ടിപ്പുവിന്റെ സൈന്യം മടങ്ങി. ശ്രീരംഗപട്ടണം യുദ്ധത്തിൽ പരാജയപ്പെട്ട ടിപ്പു കരാറനുസരിച്ച് വയനാടൊഴിച്ചുള്ള മുഴുവൻ മലബാറും കൊച്ചിയും കുടകും ഇംഗ്ലീഷുകാർക്ക് നൽകി. തെക്കൻ കാനറായും, വയനാടും അവർ അധീനതയിൽ കൊണ്ടുവന്നു. മലബാറും തെക്കൻ കാനറായും ഇംഗ്ലീഷുകാർ നേരിട്ടു ഭരിച്ചു. തിരുവിതാംകൂറിലെയും കൊച്ചിയിലെയും രാജാക്കന്മാർക്ക് സാമന്തപദവി നൽകിക്കൊണ്ട് വെവ്വേറെ ഉടമ്പടിയുണ്ടാക്കി. ടിപ്പുവിന്റെ പടയോട്ടകാലത്തെ തിരുവിതാംകൂറിലേയ്ക്ക് പോയ സാമൂതിരി തിരിച്ചു വന്ന് ബ്രിട്ടീഷുകാരുമായി ധാരണയിലെത്തി. ടിപ്പുവിന്റെ തിരോധാനത്തിന് ശേഷം ഒന്നോ രണ്ടോ ദശാബ്ദങ്ങൾക്കുള്ളിൽ കേരളം ഇംഗ്ലീഷ് ഈസ്റ്റിന്ത്യാക്കമ്പനിയുടെ നിയന്ത്രണത്തിലായി. 1857-ലെ ഒന്നാം സ്വാതന്ത്ര്യസമരത്തിനുശേഷം ഭരണം ബ്രിട്ടൻ ഏറ്റെടുത്തു.

ഒരു കച്ചവടസ്ഥാപനം മാത്രമായിരുന്ന ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാകമ്പനി ഇന്ത്യയിൽ വിശാലമായ സാമ്രാജ്യം സ്ഥാപിച്ചു കഴിഞ്ഞപ്പോൾ ഉചിതമായ ഭരണസമ്പ്രദായങ്ങൾ ആവിഷ്കരിക്കാനും നടപടിയെടുത്തു. കച്ചവടം ലാഭകരമായി നടത്തുക, അധീനതയുള്ള പ്രദേശങ്ങളിൽ ബ്രിട്ടീഷുകാരുടെ സ്വാധീനം ശക്തിപ്പെടുത്തുക. ഇന്ത്യയിലെ വിഭവങ്ങൾ ചൂഷണം ചെയ്യുക ഇവയായിരുന്നു ഭരണത്തിന്റെ അടിസ്ഥാന നയങ്ങൾ. 1773-ൽ ബ്രിട്ടീഷ് പാർലമെന്റ് പാസാക്കിയ ക്രമീകരണ നിയമമനുസരിച്ച് ഈസ്റ്റ് ഇന്ത്യാക്കമ്പനിയുടെ മേൽ ഇംഗ്ലീഷ് ഗവൺമെന്റിനും ചില നിയന്ത്രണാധികാരങ്ങൾ കിട്ടി.

1600-മുതൽ 1757 വരെ ഈസ്റ്റ് ഇന്ത്യാക്കമ്പനി ഇന്ത്യയിലേയ്ക്ക് ആവശ്യമായ ചരക്കുകൾ ഇറക്കുമതി ചെയ്യുകയും, ഇന്ത്യൻചരക്കുകളായ തുണിത്തരങ്ങൾ, സുഗന്ധദ്രവ്യങ്ങൾ മുതലായവ വിദേശങ്ങളിൽ വിൽക്കുകയും ചെയ്തുപോന്നു. 1757-ൽ പ്ലാസിയുദ്ധത്തോടെ കമ്പനിക്ക് കൂടുതൽ രാഷ്ട്രീയാധികാരം കിട്ടി. അസംസ്കൃത പദാർഥങ്ങൾക്ക് വില കൂടുകയും ഉല്പന്നങ്ങൾക്ക് വില കുറയുകയും ചെയ്തു. വളർന്നുവരുന്ന യന്ത്രവല്കൃത വ്യവസായത്തെ സംരക്ഷിക്കുന്നതിനുള്ള ബ്രിട്ടീഷ് ഗവൺമെന്റിന്റെ തീരുമാനത്തെ തുടർന്ന് ഇന്ത്യൻ തുണിത്തരങ്ങൾക്ക് ബ്രിട്ടീഷ് വിപണിയിലെത്താൻ കനത്ത നികുതി കൊടുക്കേണ്ടിവന്നു. വ്യവസായവിപ്ലവത്തോടെ വളർന്നുവന്ന പുതിയ സമ്പന്നവർഗം ഈസ്റ്റ് ഇന്ത്യാകമ്പനിയുടെ കുത്തകയെ എതിർത്തു. ഇന്ത്യയിൽ നിന്നും വ്യവസായങ്ങൾക്കാവശ്യമായ അസംസ്കൃതപദാർഥങ്ങൾ ലഭിക്കാനും, വ്യവസായികോത്പന്നങ്ങൾക്കു ഇന്ത്യയിൽ വിപണി കണ്ടെത്തുവാനും പുതിയ മുതലാളിമാർ ശ്രമിച്ചു തുടങ്ങി. ബ്രിട്ടന്റെ മിൽത്തുണികൾ ഇന്ത്യയിൽ ധാരാളം വിറ്റഴിച്ചു. ഇന്ത്യയിലെ പരമ്പരാഗത നെയ്ത്തുവ്യവസായങ്ങൾ നശിപ്പിച്ചു. ഇന്ത്യൻ കരകൗശല വസ്തുനിർമ്മാണവും നശിച്ചു. ഇന്ത്യയിൽ നിന്ന് സമ്പത്ത് ബ്രിട്ടനിലേക്ക് ഒഴുകിത്തുടങ്ങി.

കമ്പനിയുടെ വ്യാപാരാവശ്യങ്ങൾക്ക് ഗതാഗതസൗകര്യം വർധിപ്പിക്കാൻ പ്രത്യേക ശ്രമങ്ങളുണ്ടായി. ഇന്ത്യയിലെ നദികളിൽ ആവിക്കപ്പലുകളും, റോഡുകളിൽ ഗതാഗതസൗകര്യവും ഏർപ്പെടുത്തിയത് ഇംഗ്ലീഷുകാരാണ്. പ്രധാന നഗരങ്ങളും, തുറമുഖങ്ങളും, വിപണികളും കൂട്ടിയിണക്കി. റെയിൽ ഗതാഗതസൗകര്യം ആദ്യമായി ഏർപ്പെടുത്തിയത് 1853-ലാണ്. കാര്യക്ഷമമായ തപാൽ സംവിധാനവും, ആധുനിക വാർത്താവിനിമയ സൗകര്യങ്ങളും ഉണ്ടായി.

കൊല്ലംതോറും ഭൂനികുതി നിർണ്ണയിക്കുന്നതിനും പകരം സ്ഥിരമായ ഒരു നികുതി വ്യവസ്ഥ കൊണ്ടുവന്നത് ഈസ്റ്റ് ഇന്ത്യാക്കമ്പനിയാണ്. ജമീന്ദാർമാർക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം നൽകുകയും, പിരിച്ചെടുക്കേണ്ട നികുതി നിശ്

SGOU

ചയിക്കുകയും ചെയ്തു. കൃഷിക്കാർ അവരുടെ കുടിയാന്മാരായി മാറി. അങ്ങനെ കമ്പനിയോട് കൂറു പുലർത്തുന്ന ഒരു ജന്മിവർഗത്തെ ഉണ്ടാക്കാൻ കഴിഞ്ഞു.

ഈസ്റ്റ് ഇന്ത്യാക്കമ്പനിയുടെ സൈന്യത്തിന്റെ ഭൂരിഭാഗവും ഇന്ത്യൻ പട്ടാളക്കാരായിരുന്നു. ക്രമസമാധാനപാലനത്തിന് സ്ഥിരം പോലീസ് സേനയും ഉണ്ടായിരുന്നു. പാശ്ചാത്യമാതൃകയിൽ സിവിൽ ക്രിമിനൽ നടപടിക്രമങ്ങളും, കോടതി ക്രമങ്ങളും 1833-ൽ നിലവിൽ വന്നു. നിയമത്തിനു മുൻപിൽ ബ്രാഹ്മണനോ, അബ്രാഹ്മണനോ എന്ന വ്യത്യാസം ഇല്ലാതായി. യൂറോപ്യന്മാർക്ക് പക്ഷെ പ്രത്യേക കോടതികളും, നിയമങ്ങളും ഉണ്ടായിരുന്നു. ആദ്യകാലത്ത് ഇന്ത്യൻ സംസ്കാരത്തെയും, ജീവിതരീതികളെയും ബഹുമാനിച്ചിരുന്ന ഇംഗ്ലീഷുകാർ പില്കാലത്ത് ഇന്ത്യയെ എല്ലാരംഗത്തും താഴ്ത്തിക്കെട്ടാനുള്ള ശ്രമം തുടങ്ങി. ഇന്ത്യയുടെ രാഷ്ട്രീയവും, സാമ്പത്തികവുമായ അടിമത്തത്തെ ന്യായീകരിക്കുകയായിരുന്നു ഉദ്ദേശ്യം.

ഇന്ത്യയിൽ നിലനിന്നിരുന്ന ജാതിവ്യവസ്ഥ, തൊട്ടുകൂടായ്മ, സതി, ശിശുഹത്യ, സ്ത്രീകളോടും വിധവകളോടുമുള്ള അവഗണന ഇവ ഇല്ലാതാക്കാനുള്ള ശ്രമം ആരംഭിച്ചത് ഇംഗ്ലീഷുകാരുടെ കാലത്താണ്. ഭാരതസംസ്കാരത്തെ നവീകരിക്കുന്ന നയത്തെ ക്രിസ്ത്യൻ മിഷണറിമാരും അനുകൂലിച്ചു. ആധുനിക വിദ്യാലയങ്ങളും, കലാശാലകളും, ആശുപത്രികളും മിഷണറിമാർ മുൻകൈയെടുത്തു സ്ഥാപിച്ചു. മെക്കാളെ പ്രഭുവിന്റെ നിർദ്ദേശമനുസരിച്ച് പാശ്ചാത്യമാതൃകയിലുള്ള വിദ്യാഭ്യാസരീതി ജനങ്ങളുടെ സ്വാതന്ത്ര്യബുദ്ധിയും, ജിജ്ഞാസയും വളർത്തി. ജനാധിപത്യം, ദേശീയത, സാമ്രാജ്യവിരോധം, സാമൂഹിക സാമ്പത്തിക സമത്വം എന്നീ ആശയങ്ങൾ ഉൾക്കൊണ്ട ഒരു പുതിയ തലമുറ ഇവിടെ വളർന്നുവന്നു.

## 2.8 വൈദേശികാധിപത്യത്തിന്റെ സാംസ്കാരികഫലങ്ങൾ

1498-ൽ വാസ്കോഡഗാമ എന്ന പോർച്ചുഗീസുകാരൻ കേരളത്തിൽ വരുന്നതിനുമുമ്പ് തന്നെ ചില ക്രിസ്തീയ മിഷണറിമാർ കേരളത്തിലെത്തി മതപരമായ പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. വിദേശശക്തികളുടെ ആഗമനവും സമ്പർക്കവും കേരളത്തിന്റെ സാംസ്കാരികവും മതപരവുമായ വലിയ മാറ്റങ്ങൾക്കാണ് വഴിതെളിച്ചത്. തങ്ങളുടെ പ്രവർത്തനത്തിന് ആവശ്യമായ പ്രാദേശിക ഭാഷാബോധനം അവർക്ക് ആവശ്യമായിരുന്നു. അത് നമ്മുടെ ഭാഷ, സാഹിത്യം, അച്ചടി തുടങ്ങിയ മേഖലയുടെ വിപ്ലവകരമായ വ്യതിയാനങ്ങൾക്ക് വഴി തെളിച്ചു.

പാശ്ചാത്യശക്തികളുടെയും അവരോടൊപ്പം വന്ന മിഷണറിമാരുടെയും പ്രവർത്തന മണ്ഡലങ്ങൾ നമ്മുടെ സാംസ്കാരിക പ്രക്രിയയിൽ വമ്പിച്ച മാറ്റമുണ്ടാക്കി. സാധാരണക്കാർക്ക് വിദ്യാഭ്യാസം നൽകുക, സ്ത്രീവിദ്യാഭ്യാസം സർവത്രികമാക്കുക, വിദ്യാഭ്യാസസ്ഥാപനങ്ങൾ ആരംഭിക്കുക, നൂതനമായ പാഠ്യപദ്ധതികൾ ആവിഷ്കരിക്കുക എന്നിവയൊക്കെ ഇത്തരം പ്രവർത്തങ്ങൾക്ക് അനുബന്ധമായി നടന്നു. കേരളത്തിന്റെ ആധുനീകരണം തുടങ്ങുന്നത് വൈദേശികാധിനിവേശത്തിന്റെ സ്വാധീനത്തിലാണ്. പുതിയ മതങ്ങൾ, വ്യാപാരികൾ വഴിവന്ന പുതിയ ആശയങ്ങൾ, ജീവിത സമ്പ്രദായങ്ങൾ എന്നിവ കേരളീയ ജീവിതത്തിൽ വേർതിരിച്ചറിയാനാകാത്ത വിധത്തിൽ കലർന്നു. സാംസ്കാരികതലത്തിലാകട്ടെ നിലവിലിരുന്ന സാംസ്കാരികധാര അന്യസംസ്കാരത്തിന്റെ കലർപ്പുകൊണ്ട് സമ്പന്നമായിത്തീരുകയാണുണ്ടായത്. പ്രാചീന കാലം മുതൽ താരതമ്യേന ആധുനികമായ പോർച്ചുഗീസ്, ഡച്ച്, ഫ്രഞ്ച്, ഇംഗ്ലീഷ് വ്യാപാര ബന്ധങ്ങളും, കീഴടങ്ങലുമെല്ലാം സാംസ്കാരിക ധാരയ്ക്ക് ദോഷത്തെക്കാളേറെ ഗുണഫലമാണുണ്ടാക്കിയതെന്ന് ആത്യന്തികമായി പറയാം. നമ്മുടെ ഉദാരമായ മതനിരപേക്ഷതയ്ക്കും സഹിഷ്ണുതയ്ക്കുമെല്ലാം കാരണമായിട്ടുള്ള പ്രധാന വസ്തുതകളിലൊന്നാണിത്.

## 2.9 മിഷണറിമാരുടെ സംഭാവനകൾ

പോർച്ചുഗീസ്കാരെപ്പോലെ ഡച്ചുകാരും ഫ്രഞ്ചുകാരും ഇംഗ്ലീഷുകാരുമായ മിഷണറിമാരെല്ലാം ഇവിടെ പ്രവർത്തിച്ചത് മതപരിഷ്കര

SGOU

ണദൗത്യത്തിന്റെ പാശ്ചാത്തലത്തിലായിരുന്നു. ഇത്തരം പരിഷ്കാരങ്ങൾക്ക് അനുകൂലമായ ഒരു സംഘം ഇവിടുത്തെ നസ്രാണികൾക്കിടയിൽത്തന്നെയുണ്ടായിരുന്നു. ഇത് മിഷണറിമാർക്ക് ഏറെ സഹായകരമായി. അങ്ങനെ പ്രേഷിതവൃത്തിയോടൊപ്പം മിഷണറിമാർ ഏർപ്പെട്ട വൈജ്ഞാനികപ്രവർത്തങ്ങൾ കേരളത്തിന്റെ സാംസ്കാരിക വിദ്യാഭ്യാസമേഖലകളിൽ വലിയ ചലനങ്ങളുണ്ടാക്കി. പതിനെട്ടാം നൂറ്റാണ്ടിൽ വാരാപ്പുഴയിൽ വന്ന് പ്രേഷിതവൃത്തിയിലേർപ്പെട്ട പൗളിനോസ് പാതിരി സിദ്ധരൂപത്തിന് പരിഭാഷ തയ്യാറാക്കി തൃപ്പാപ്പൂർ വലിയ രാജാവിന്റെ തൃക്കാൽക്കൽ സമർപ്പിച്ചു. അമ്പഴക്കാട്ടും വാരാപ്പുഴയിലും താമസിച്ചിരുന്ന ക്രിസ്ത്യൻ മിഷണറിമാർ വ്യാകരണങ്ങളും നിഘണ്ടുക്കളും തയ്യാറാക്കിയിരുന്നു. 1699-ജർമ്മൻ മിഷണറിയായ അർണ്ണോസു പാതിരി മലയാളവ്യാകരണവും മലയാള നിഘണ്ടുവും എഴുതി. പതിനെട്ടാം നൂറ്റാണ്ടിൽ ഫാദർ ക്ലമന്റ് വിദേശ മിഷണറിമാർക്കായി ഒരു മലയാള നിഘണ്ടു തയ്യാറാക്കി. 1799 ൽ റോബർട്ട് ഡ്രമ്മണ്ട് ബോംബയിൽ നിന്ന് ഒരു മലയാള വ്യാകരണം പ്രസിദ്ധപ്പെടുത്തി. റവറന്റ് ബഞ്ചമിൻ ബെയ്‌ലി 1846- ൽ ഒരു മലയാളം ഇംഗ്ലീഷ് ഡിക്ഷണറി പ്രസിദ്ധപ്പെടുത്തി. 1821-ൽ ബെയ്‌ലിയാണ് സി. എം. എസ്. പ്രസ് സ്ഥാപിച്ചത്. മലയാളത്തിൽ അച്ചടിക്കുന്ന ആദ്യത്തെ സമ്പൂർണ്ണഗ്രന്ഥമാണ് സംക്ഷേപവേദാർത്ഥം. ഫാദർ ക്ലെമന്റ്ാണ് ഇതിന്റെ കർത്താവ്.

ക്രിസ്ത്യൻ മിഷണറിമാരിൽ എടുത്തുപറയേണ്ട മറ്റൊരു പേര് ഹെർമൻ ഗുണ്ടർട്ടിന്റേതാണ്. ജർമ്മൻകാരനായ ഗുണ്ടർട്ട് ബാസൽ മിഷന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് വടക്കേ മലബാറിൽ താമസിച്ചു. ഗുണ്ടർട്ടിന്റെ പ്രസിദ്ധമായ മലയാളം- ഇംഗ്ലീഷ് നിഘണ്ടു 1872-ൽ പ്രകാശിതമായി. ഇതുകൂടാതെ വ്യാകരണം, ചരിത്രം, വേദശാസ്ത്രം തുടങ്ങി വൈവിധ്യമാർന്ന മേഖലകളിൽ മുഴുകിയ ഗുണ്ടർട്ട് കുട്ടികൾക്കുവേണ്ടി നിരവധി പുസ്തകങ്ങളും പ്രസിദ്ധീകരിച്ചു. രാജ്യസമാചാരം (1847-ജൂൺ). പശ്ചിമോദയം (1847-ഒക്ടോബർ) തുടങ്ങിയ മലയാളത്തിലെ ആദ്യകാല പത്രമാസികകൾ തലശ്ശേരിയിൽ നിന്നും പ്രസിദ്ധീകരിച്ചതും ഹെർമൻ ഗുണ്ടർട്ടാണ്. മിഷണറിമാരുടെ ഇത്തരം വൈജ്ഞാനിക പ്രവർത്തനങ്ങൾ തദ്ദേശീയരായ പണ്ഡിതന്മാർക്ക് വലിയ പ്രോത്സാഹനവും പ്രചോദനവുമായി. അവർ സ്വന്തംനിലയിൽ പുസ്തകങ്ങൾ രചിക്കുന്നതിനു തയ്യാറായി. മലയാളത്തിലെ ആദ്യത്തെ യാത്രാവിവരണഗ്രന്ഥമായ വർത്തമാനപ്പുസ്തകം പാറേമ്മാക്കൽ തോമാകത്തനാർ പ്രസിദ്ധീകരിക്കുന്നത് ഇക്കാലത്താണ്.

ഭാഷാവ്യാകരണരംഗത്തുമാത്രമായി ഒതുങ്ങി നിൽക്കുന്നതായിരുന്നില്ല മിഷണറിമാരുടെ പ്രവർത്തനങ്ങൾ. കേരളത്തിൽ പാശ്ചാത്യ വിദ്യാഭ്യാസത്തിന് തുടക്കം കുറിക്കുന്നതും മിഷണറിമാരാണ്. റിങ്കിൾറ്റാബ് എന്ന പേർഷ്യൻ മിഷണറി തിരുവനന്തപുരം നാഗർകോവിൽ പ്രദേശങ്ങളിൽ സ്കൂളുകൾ സ്ഥാപിച്ചു വിദ്യാഭ്യാസം നൽകി. ലണ്ടൻ മിഷൻ സൊസൈറ്റിയുടെ പ്രവർത്തകനായ ഡോക്ടർ റീഡ് 817-ൽ കേരളത്തിൽ എത്തി. സാധാരണ വിദ്യാലയങ്ങളും തൊഴിൽപരിശീലിനത്തിനുള്ള വിദ്യാലയങ്ങളും സ്ഥാപിച്ചു. 1821-ൽ സി. എം. എസ്. മിഷണറിമാർ കോട്ടയത്ത് ഒരു ഗ്രാമർ സ്കൂൾ സ്ഥാപിച്ചു. അവരുടെ ഭാര്യമാരുടെ നേതൃത്വത്തിൽ കോട്ടയത്തു പെൺകുട്ടികൾക്ക് മാത്രമായി ഒരു പള്ളിക്കൂടവും സ്ഥാപിച്ചു. ബെയ്‌ലി, ബേക്കർ, ഫെൻ തുടങ്ങിയവർ കോട്ടയത്തു താമസിച്ചു പ്രവർത്തിച്ച ആദ്യകാല സി. എം. എസ്. മിഷണറിമാരാണ്.

1818-ൽ റവറന്റ് ജെ. ഡാസൺ എന്ന ഇംഗ്ലീഷ് മിഷണറി മട്ടാഞ്ചേരിയിൽ ഒരു വിദ്യാലയം ആരംഭിച്ചു. ബാസൽ ഇവാഞ്ചലിക്കൽ മിഷന്റെ ആഭിമുഖ്യത്തിൽ 1848- കോഴിക്കോട്ട് കല്ലായിലും, 1856- ൽ തലശ്ശേരിയിലും സ്കൂളുകൾ സ്ഥാപിച്ചതോടെ കേരളത്തിന്റെ പ്രധാന കേന്ദ്രങ്ങളിലെല്ലാം പാശ്ചാത്യരീതിയിലുള്ള വിദ്യാഭ്യാസത്തിന് തുടക്കമായി. ഈ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ കേരളത്തിന്റെ അക്കാലത്തെ ഭരണാധികാരികൾക്കും തികഞ്ഞ പ്രചോദനമായിതീർന്നു. 1817- ൽ റാണി ഗൗരിപാർവതീഭായി അന്നത്തെ ദിവാനായിരുന്ന കേണൽ മൺറോയുടെ സഹായത്തോടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നടപ്പാക്കി. നാട്ടിൽ

SGOU



SREENARAYANAGURU OPEN UNIVERSITY

എല്ലാഭാഗങ്ങളിലും സ്കൂളുകൾ സ്ഥാപിച്ചുകൊണ്ട് അധ്യാപകരെ നിയമിച്ചു. അവർക്കു സർക്കാർ ശമ്പളവും നൽകിയതോടെ വിദ്യാഭ്യാസം സർക്കാരിന്റെ ഉത്തരവാദിത്വമാണെന്ന തത്വം അംഗീകൃതമായി.

## 2.9.1 അച്ചടി – കേരളത്തിൽ

വൈജ്ഞാനികരംഗത്തും ഭാഷാസാഹിത്യരംഗത്തും വേഗത്തിൽ ചലനമുണ്ടാക്കിയ ഒരു സംഭവമാണ് അച്ചടിവിദ്യയുടെ ആവിർഭാവം. പത്രമാസികകളുടെ പ്രസാധനം, ഗദ്യഭാഷയുടെ വികാസം തുടങ്ങിയവ ഇതിന്റെ പരിണിതഫലമാണ്. സാംസ്കാരികരംഗത്ത് ഒരു കുതിച്ചുചാട്ടം തന്നെ അതുകൊണ്ടുണ്ടായി. പോർച്ചുഗീസുകാരുടെ വരവോടെയാണ് അച്ചടി കേരളത്തിൽ തുടങ്ങുന്നത്. വൈദികവിഷയങ്ങൾ നാട്ടുഭാഷയിൽ പഠിപ്പിക്കുവാൻ വേണ്ടിയാണ് ജെസ്യൂട്ട് പുരോഹിതൻമാർ ഭാഷാലിപികളിൽ മുദ്രണം നടപ്പാക്കുന്നതിനു വേണ്ടി ശ്രമിച്ചത്. ജോനാസ് ഗോൺ സാൽവസ് എന്ന സ്പാനിഷ് മിഷണറിയാണ് ആദ്യമായി കേരളത്തിൽ മലയാളി ലിപികൾ അച്ചടി നടത്തിയത് എന്നാണ് വിശ്വസിക്കുന്നത്. പോർച്ചുഗീസുകാർ കൊച്ചിയിലും വൈപ്പിൻകോട്ടയിലും അച്ചടിശാലകൾ സ്ഥാപിച്ചു. ഡച്ചുകാരുടെ കാലത്ത് പ്രസിദ്ധീകരിച്ച കേരളത്തിലെ സസ്യങ്ങളെകുറിച്ചുള്ള 'ഹോർത്തൂസ് മലബാറിക്കസ്' എന്ന പുസ്തകത്തിൽ സസ്യനാമങ്ങൾ ലത്തീൻ, അറബിക്, സംസ്കൃതം എന്നീ ഭാഷകൾക്ക് പുറമെ മലയാള അക്ഷരത്തിലും കൊടുത്തിരുന്നു. ഈ പുസ്തകത്തിലെ ചിലഭാഗങ്ങൾ മലയാള ലിപിയിലാണ് അച്ചടിച്ചിരുന്നത്. ആദ്യമായി മലയാളം അച്ചടിക്കുന്നത് ഈ ഗ്രന്ഥത്തിലാണ്.

മലയാളഭാഷയിൽ വ്യാകരണഗ്രന്ഥങ്ങളും നിഘണ്ടുവും തയ്യറാക്കുന്നതിന് താത്പര്യം കാണിച്ചത് ജെസ്യൂട്ട് മിഷണറിമാരായിരുന്നു. മലയാളത്തിലെ ആദ്യത്തെ വ്യാകരണഗ്രന്ഥം തയാറാക്കിയത് 18- ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ വാരാപ്പുഴ മെത്രാപൊലീത്ത ആയിരുന്ന ഡോ. ആഞ്ചലോസ് ഫ്രാൻസിസ് ആണ്. അർണോസ് പാതിരിയാണ് 18- ാം നൂറ്റാണ്ടിൽ ആദ്യത്തെ നിഘണ്ടു തയ്യാറാക്കിയത്. മലയാളഭാഷയിൽ പൂർണ്ണമായും അച്ചടിച്ച ആദ്യത്തെ സമ്പൂർണ്ണ പുസ്തകം ഫാദർ ക്ലെമെൻറ് പിയാനിസ് രചിച്ച 'സംക്ഷേപവേദാർത്ഥം' ആണ്. ക്രിസ്തുമതതത്വങ്ങൾ പൂർണ്ണമായും വിവരിക്കുന്ന പുസ്തകം റോമിലാണ് (1772) മുദ്രണം ചെയ്തതെന്ന് വിശ്വസിക്കുന്നു. വിദേശമിഷണറിമാരെ പിന്തുടർന്ന് കൊണ്ട് നാട്ടുകാരായ പാതിരിമാരും മലയാളഭാഷയിൽ കൃതികൾ രചിക്കുകയുണ്ടായി. കരിയാറ്റി ഔസേപ്പ് മെത്രാന്റെ വേദതർക്കം, മലയാളത്തിലെ ആദ്യത്തെ യാത്രാവിവരണഗ്രന്ഥമായ പാറേമ്മാക്കൽ തോമാകത്തനാരുടെ 'വർത്തമാനപുസ്തകം' എന്നിവ ഇതിന് ഉദാഹരണമാണ്. 19-ാം നൂറ്റാണ്ടിൽ ബഞ്ചമിൻ ബെയ്‌ലിയും ഹെർമൻ ഗുണ്ടർട്ടും മലയാളം കൃതികളുടെ അച്ചടിയിൽ സജീവമായി ഇടപെട്ടവരാണ്. 1846-ൽ ബെയ്‌ലി ഒരു ഇംഗ്ലീഷ് മലയാളം നിഘണ്ടു പ്രസിദ്ധപ്പെടുത്തി. ജർമ്മൻകാരനും, ബാസൽ മിഷൻ പ്രവർത്തകനുമായ ഹെർമൻ ഗുണ്ടർട്ട് മലയാളം ഇംഗ്ലീഷ് നിഘണ്ടു (1872) പ്രസിദ്ധപ്പെടുത്തി. ഗുണ്ടർട്ട് വ്യാകരണം, ചരിത്രം, വേദശാസ്ത്രം എന്നീ വിഷയങ്ങളിലും ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. അദ്ദേഹം തലശ്ശേരിയിൽ നിന്നാണ് ഇവ പ്രസിദ്ധീകരിച്ചിരുന്നത്. ഇതെല്ലാം അച്ചടിയുടെ സാർവത്രികമായ വ്യാപനത്തിന്റെ വൈദേശിക സ്വാധീനതയുടെ ഫലമാണ്.

## 2.9.2 ആനുകാലികങ്ങൾ

അച്ചടിയുടെ ആവിർഭാവത്തോടു കൂടിയാണ് ലോകത്ത് എവിടെയും ആനുകാലികങ്ങൾക്ക് ഉത്ഭവവും പ്രചാരവും ഉണ്ടായത്. ആനുകാലികങ്ങളുടെ പശ്ചാത്തലം പത്രപ്രവർത്തനത്തിന്റെ ആരംഭമായിരുന്നു. കേരളവും ലോകരംഗത്ത് ഇത്തരം വൈജ്ഞാനിക മേഖലയിൽ നിന്ന് അകന്ന് നിന്നില്ല. വൈദേശികാധിപത്യമോ തത്ഫലമായുണ്ടായ മിഷണറിപ്രവർത്തനമോ ഒക്കെയാണ് മലയാളത്തിൽ പത്രപ്രവർത്തനത്തിന്റെയും ആനുകാലികങ്ങളുടെയും സൃഷ്ടിക്ക് കാരണം. കേരളത്തിന്റെ പത്രപ്രവർത്തന ചരിത്രത്തിനും ഏറ്റവുമധികം കടപ്പാടുള്ളത് വിദേശമിഷണറിമാരോടാണ്. കേരളത്തിൽ അങ്ങിങ്ങ് തമ്മിലടുക്കാതെ കഴിഞ്ഞു പോന്ന ജനങ്ങളെ പരസ്പരം പരിചയപ്പെടുത്തി അവരുടെ ചിന്തയിലും, ഭാഷയിലും, വേഷത്തിലും, ആചാരത്തിലും ഐക്യ

SGOU

രൂപം വരുത്തിയ പത്രമാസികകളാണ്. ഭാഷയുടെ സ്ഥലകാല - സമുദായ - പ്രാദേശിക വ്യത്യാസങ്ങളെ നല്ലതാക്കാൻ ആനുകാലികങ്ങൾക്ക് സാധിച്ചു.

മലയാളത്തിലെ ആദ്യപത്രം രാജ്യസമാചാരമാണ്. 1847-ൽ തുടങ്ങിയ ഈ ആനുകാലികം 1850 വരെ 42 ലക്കം പ്രസിദ്ധീകരിച്ചു. ബാസൽ മിഷൻകാരായിരുന്നു പ്രസാധകർ. മതപരമായ വിഷയങ്ങൾ മാത്രമായിരുന്നു രാജ്യസമാചാരത്തിലെ വിഷയങ്ങൾ. രാജ്യം എന്നത് 'ദൈവരാജ്യം'എന്നാണവർ അർഥമാക്കിയത്. 1847-ൽ ഒക്ടോബറിൽ രണ്ടാമത്തെ ആനുകാലികമായ പശ്ചിമോദയം പ്രസിദ്ധീകരിച്ചു. ഫ്രെഡറിക് മുള്ളർ എന്നയാളായിരുന്നു പത്രാധിപർ. കേരളചരിത്രപരമായ പല വസ്തുതകളും ഈ ആനുകാലികത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 1498-ൽ പോർച്ചുഗീസുകാരുടെ ആഗമനം മുതലുള്ള കേരളചരിത്രമാണ് 'കേരളപ്പഴമ' എന്ന പുസ്തകത്തിലുള്ളത്. ഗുണ്ടർട്ടാണ് ഇതെഴുതിയതെന്ന് കരുതുന്നു. കേരളത്തിലെ മൂന്നാമത്തെ പ്രസിദ്ധീകരണം എന്ന ബഹുമതി കോട്ടയം സി.എം.എസ് (CMS) പ്രസിൽ നിന്ന് പ്രസിദ്ധീകരിച്ച 'ജ്ഞാനനിക്ഷേപം' എന്ന ആനുകാലികത്തിനാണ്. ആർച്ച് ഡീക്കൻസ് കോശിയും തദ്ദേശീയനായ ജോർജ്ജ് മാത്തനും ഇതിന്റെ നടത്തിപ്പുകാരായിരുന്നു. മതപരമായ കാര്യങ്ങൾക്കു പുറമെ ശാസ്ത്രം, ചികിത്സ തുടങ്ങിയ വിവിധ വിഷയങ്ങൾ ഇതിലൂടെ ജനങ്ങളിൽ എത്തി. പാശ്ചാത്യസ്വാധീനത്താൽ പുറത്തിറങ്ങിയ അടുത്ത ആനുകാലികം ഒരു കോളേജ് മാസികആയിരുന്നു. കോട്ടയം സി.എം.എസ് (CMS) കോളേജിന്റെ മുഖപത്രമായ വിദ്യാസംഗ്രഹം 1864 - ജൂലൈ മാസത്തിൽ പ്രസിദ്ധീകരിച്ചു തുടങ്ങി. ഇതിനെത്തുടർന്നാണ് മലയാളത്തിൽ ആനുകാലികങ്ങളും, പത്രങ്ങളും, പ്രസിദ്ധീകരണങ്ങളും സർവപ്രചാരം നേടിത്തുടങ്ങിയത്. അതിൽ നമ്മൾ എക്കാലവും വൈദേശികസാംസ്കാരിക സ്വാധീനത്തോട് കടപ്പെട്ടിരിക്കുക തന്നെ ചെയ്യും.

## 2.10 പാശ്ചാത്യവിദ്യാഭ്യാസത്തിന്റെ ആരംഭം

ആധുനിക വിദ്യാഭ്യാസസമ്പ്രദായം കേരളത്തിൽ എത്തുന്നത് വൈദേശിക സ്വാധീനതയുടെ ഫലമാണ്. കേരളത്തിൽ പാശ്ചാത്യ വിദ്യാഭ്യാസത്തിന് പ്രാധാന്യം വന്നത്. ക്രിസ്ത്യൻ മിഷണറിമാരുടെ പ്രവർത്തനങ്ങളോടു കൂടിയാണ്. ഇക്കാര്യത്തിൽ മുൻകൈ എടുത്തത് പ്രൊട്ടസ്റ്റന്റ് മിഷണറിമാരാണ്. റിങ്കിൾ റ്റാബ് എന്ന സ്പാനിഷ് മിഷണറി 1806 മുതൽ 1816 വരെ തിരുവനന്തപുരം നാഗർകോവിൽ ഭാഗങ്ങളിൽ ഒട്ടേറെ സ്കൂളുകൾ സ്ഥാപിക്കുകയും ജാതിമത ഭേദമില്ലാതെ പാവപ്പെട്ട കുട്ടികളെ സൗജന്യമായി പഠിപ്പിക്കുകയും ചെയ്തു. ഇക്കാര്യത്തിൽ ഏറ്റവും മഹനീയമായ സേവനം ഡോക്ടർ മീഡിന്റേതാണ്. തന്റെ സമയം മുഴുവൻ വിദ്യാപ്രചരണത്തിന് വേണ്ടി അദ്ദേഹം ചെലവിട്ടു. സാധാരണ വിദ്യാലയങ്ങൾക്ക് പുറമേ തൊഴിൽ പരിശീലനത്തിനുള്ള വിദ്യാലയങ്ങളും സ്ഥാപിച്ച അദ്ദേഹം സ്ത്രീവിദ്യാഭ്യാസത്തിനും പ്രോത്സാഹനം നൽകി. 1821-ൽ സിറിയൻ പാതിരിമാർ കോട്ടയത്ത് ഒരു ഗ്രാമർ സ്കൂൾ തുടങ്ങി. അവരുടെ ഭാര്യമാർ ഒരു പെൺപള്ളിക്കൂടവും തുടങ്ങി. സി.എം.എസ് മിഷണറിമാരിൽ ബെയ്‌ലി, ബക്കർ തുടങ്ങിയവർ പ്രസിദ്ധരാണ്. കൊച്ചി ഭാഗത്ത് റവറന്റ് ഡാസൺ എന്ന ഇംഗ്ലീഷ് മിഷണറി ഗവൺമെന്റിന്റെ സഹായത്തോടെ മട്ടാഞ്ചേരിയിൽ വിദ്യാലയം തുടങ്ങി. മലബാറിൽ കോഴിക്കോട് കല്ലായിയിൽ 1848- ലും തലശ്ശേരിയിൽ 1856- ലും ബാസൽ ഇവാൻജലിക്ക മിഷൻ ഒരു വിദ്യാലയം കൂടി സ്ഥാപിച്ചു.

ക്രിസ്ത്യൻ മിഷണറിമാർ തുടങ്ങിവെച്ച വിദ്യാഭ്യാസപ്രവർത്തനങ്ങൾ ആ രംഗത്ത് കടന്നു ചെല്ലാൻ സർക്കാരിനെ പ്രേരിപ്പിച്ചു. 1817-ൽ റാണി ഗൗരി പാർവതിഭായി, ദിവാനായിരുന്ന കേണൽമൺറോയുടെ സഹായത്തോടു കൂടി സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ഏർപ്പെടുത്തുന്നതിനു ശ്രമിച്ചു. നാടിന്റെ എല്ലാ ഭാഗങ്ങളിലും മലയാളം പ്രൈമറി സ്കൂളുകൾ സ്ഥാപിതമായി. 5 വയസിനും 10 വയ

SGOU

സിനും മധ്യേ പ്രായമുള്ള കുട്ടികളെ രക്ഷാകർത്താക്കൾ സ്കൂളിൽ അയക്കേണ്ടതാണ് എന്ന നിയമവും വന്നു. യോഗ്യതയുള്ള അധ്യാപകരെ നിയമിച്ച് സർക്കാരിൽ നിന്നു ശമ്പളം നൽകി. വിദ്യാഭ്യാസം പ്രചരിപ്പിക്കേണ്ട ചുമതല സർക്കാരിന്റേതാണെന്ന തത്വം നിലവിൽ വന്നു. 1834-ൽ സ്വാതിതിരുനാളിന്റെ കാലത്ത് തിരുവനന്തപുരത്ത് ആദ്യത്തെ ഇംഗ്ലീഷ് സ്കൂൾ സ്ഥാപിതമായി. 1866-ൽ ആ സ്കൂൾ കോളേജിന്റെ പദവിയിലേക്കുയർന്നു. 1645-ൽ എറണാകുളത്ത് ആദ്യത്തെ ഇംഗ്ലീഷ് സ്കൂൾ ആരംഭിച്ചു. മിസ്റ്റർ ബ്രണ്ണൻ ദാനം ചെയ്ത 12000 രൂപ മുടക്കി 1862- തലശ്ശേരിയിലെ ബാസൽ മിഷൻ ബ്രണ്ണൻ സ്കൂൾ സ്ഥാപിക്കുകയും തുടർന്ന് അത് ഇന്നത്തെ ബ്രണ്ണൻ കോളേജ് ആയി മാറുകയും ചെയ്തു. നാടൊട്ടുക്ക് കോളേജുകളും സ്കൂളുകളും ഉയർന്നു വന്നു. പൊതുവിദ്യാഭ്യാസത്തെ ലക്ഷ്യമാക്കിയുള്ളതായിരുന്നു ഇത്തരം സ്ഥാപനങ്ങൾ. പൊതുവിദ്യാഭ്യാസരംഗത്തും, ഉന്നതവിദ്യഭ്യാസരംഗത്തുമുള്ള കേരളത്തിന്റെ ഇന്നത്തെ സവിശേഷതകളുടെ മൂലകാരണം വൈദേശിക സ്വാധീനമാണ്.

### 2.10.1 സാംസ്കാരിക പ്രവർത്തനങ്ങൾ

അച്ചടിയുടെ പ്രചാരം പത്രമാസികകളുടെ ആവിർഭാവത്തിനു തുടക്കമിട്ടു. ഇവ രണ്ടും കേരളത്തിന്റെ സാമൂഹിക സാംസ്കാരിക നവോത്ഥാനത്തിൽ നിർണായക പങ്കാണ് വഹിച്ചത്. മലയാളസാഹിത്യത്തിന്റെ പല രീതിയിലുമുള്ള വികാസത്തിനും ഇത് സഹായകമായിട്ടുണ്ട്. ഗദ്യഭാഷയിലാണ് ആ വികാസം പ്രകടമായത്. പാശ്ചാത്യസമ്പ്രദായത്തിലുള്ള ആ പദ്ധതിയിൽ വിവിധ വിഷയങ്ങളെ അധികരിച്ച് പുസ്തകങ്ങളും ഉപന്യാസങ്ങളും രചിച്ച ഒന്നാമത്തെ കേരളീയൻ റവ. ജോർജ്ജ് മാത്തൻ ആണെന്ന് മഹാകവി ഉള്ളൂർ ചൂണ്ടിക്കാണിക്കുന്നു. ഇംഗ്ലീഷ് ഭാഷാസാഹിത്യത്തിൽ പരിജ്ഞാനം നേടിയ കേരളവർമ്മ വലിയകോയിത്തമ്പുരാൻ ഭാഷാ ഗദ്യശാഖയെ പരിപോഷിപ്പിക്കുന്നതിൽ വലിയ പങ്ക് വഹിച്ചു. പാഠപുസ്തക കമ്മിറ്റിയുടെ അധ്യക്ഷൻ എന്ന നിലയിലുള്ള പ്രവർത്തനമാണ് അതിന് വഴിയൊരുക്കിയത്. പത്രമാസികകളിലൂടെ സി. പി. അച്യുതമേനോൻ, മൂർക്കോത്ത് കുമാരൻ, സി. എസ്. സുബ്രഹ്മണ്യൻപോറ്റി തുടങ്ങിയവർ ഗദ്യഭാഷയെ പരിപോഷിപ്പിച്ചു. ഉപന്യാസം, നിരൂപണം, ചെറുകഥ, നോവൽ, ജീവചരിത്രം, ആത്മകഥ, സഞ്ചാരസാഹിത്യം, നാടകം എന്നീ വിവിധ സരണികളിൽ ഗദ്യസാഹിത്യം വളർന്നു വികസിച്ചു. പത്രമാസികകളിലൂടെ അമൂല്യമായ പലകഥകളും, നോവലുകളും വെളിച്ചം കണ്ടു. 'ജ്ഞാനനിക്ഷേപം' എന്ന പത്രമാസികയിലൂടെയാണ് 'പുല്ലേലിക്കുഞ്ചു' എന്ന ആദ്യകാല നോവൽ പ്രസിദ്ധീകരിച്ചത്.

## Recap

- പോർച്ചുഗീസുകാരുടെ ആഗമനം യൂറോപ്യൻ
- അധിനിവേശം ശക്തമാക്കി മാറ്റി
- കേരളം സുഗന്ധവ്യഞ്ജനങ്ങളുടെ കലവറയായിരുന്നു
- വാസ്കോ ഡ ഗാമയുടെ വരവും ആധിപത്യവും
- കോഴിക്കോട് കാപ്പാട് എന്ന സ്ഥലത്ത് വാസ്കോ ഡ ഗാമ കപ്പലിറങ്ങി
- കോഴിക്കോട് സാമൂതിരി വാസ്കോ ഡ ഗാമയ്ക്ക് രാജോചിതമായ സ്വീകരണം നൽകി
- രണ്ടാം വരവിൽ വാസ്കോ ഡ ഗാമ സാമൂതിരിയുമായി ശത്രുതയിലായി
- വാസ്കോ ഡ ഗാമ കൊച്ചീരാജാവുമായി ഉടമ്പടിയിലേർപ്പെട്ടു
- അൽഫോൺ സോ ഡി അൽബുക്കർക്ക് പോർച്ചുഗീസ്സാമ്രാജ്യം എന്ന ലക്ഷ്യത്തിൽ

കേരളത്തിലെത്തിച്ചേർന്നു

- പോർച്ചുഗീസ് ബന്ധത്തിന്റെ പരിണിതഫലങ്ങൾ
- പോർച്ചുഗീസുകാരുടെ നയം നിർബന്ധിത മതപരിവർത്തനമായിരുന്നു
- കേരളത്തിലെ ക്രൈസ്തവ സമുദായത്തെ റോമൻ സഭയുടെ ആധിപത്യത്തിൽ കൊണ്ടുവരാനുള്ള ശ്രമമായിരുന്നു 1599-ലെ ഉദയംപേരൂർ സുനഹദോസ്
- മട്ടാഞ്ചേരിയിലെ വലിയ കുരിശിൽ ഒരു നീണ്ട വടം കെട്ടി സുറിയാനി ക്രിസ്ത്യാനികൾ നടത്തിയ ശപഥമാണ് കൂനൻ കുരിശ് സത്യം (1653)അഥവാ കൂനൻ കുരിശ് കലാപം
- പോർച്ചുഗീസുകാരുടെ പ്രവർത്തനം കേരളത്തിലെ വിദ്യാഭ്യാസരംഗത്ത് വലിയ പുരോഗതിയുണ്ടാക്കി
- കേരളത്തിൽ അച്ചടിശാലകൾ സ്ഥാപിച്ചത് പോർച്ചുഗീസുകാരാണ്
- സാമൂതിരിയുടെ നാവികപ്പടയുടെ സേനാനിയായിരുന്നു കുഞ്ഞാലി മരയ്ക്കാർ
- പോർച്ചുഗീസുകാർക്കെതിരെ പ്രതിരോധം തീർത്തു കുഞ്ഞാലി മരയ്ക്കാർ
- പാശ്ചാത്യ കോളനിവല്കരണത്തിലെ പ്രധാനശക്തികളിലൊന്നായിരുന്നു ഡച്ചുകാർ
- 1592 -ൽ ഡച്ച് ഈസ്റ്റ് ഇന്ത്യാകമ്പനി രൂപംകൊണ്ടു
- 17-ാം നൂറ്റാണ്ടിൽ പോർച്ചുഗീസ് അധിനിവേശത്തിന് വലിയ ഭീഷണിയായി ഡച്ചുശക്തി വളർന്നു
- 1741-ൽ മാർത്താണ്ഡവർമ്മ കുളച്ചൽ യുദ്ധത്തിൽ ഡച്ചുകാരെ നിശ്ശേഷം പരാജയപ്പെടുത്തി
- ഡച്ച് ഭരണാധികാരി വാന്റീഡിന്റെ മേൽനോട്ടത്തിൽ ഹോർത്തൂസ് മലബാറിക്കസ് എന്ന സസ്യശാസ്ത്രഗ്രന്ഥം മലയാളത്തിൽ ആദ്യമായി അച്ചടിച്ചു
- 1666-ൽ ഫ്രഞ്ച് ഈസ്റ്റ് ഇന്ത്യാകമ്പനി ഇന്ത്യയിൽ പ്രവർത്തനമാരംഭിച്ചു
- കേരളത്തിൽ ഫ്രഞ്ചുകാരുടെ കേന്ദ്രമായി തീർന്നത് മയ്യഴി അഥവാ മാഹിയായിരുന്നു
- വിദ്യാഭ്യാസ, സാമൂഹ്യ, സാംസ്കാരിക രംഗങ്ങളിൽ മിഷണറിമാരുടെ സംഭാവനകൾ
- 1699-ൽ ജർമ്മൻ മിഷണറി അർണോസു പാതിരി മലയാളവ്യാകരണവും നിഘണ്ടുവും എഴുതി
- 1846-ൽ റവ. ബഞ്ചമിൻ ബെയ്‌ലി ഒരു മലയാളം ഇംഗ്ലീഷ് ഡിക്ഷ്ണറി പ്രസിദ്ധപ്പെടുത്തി
- മലയാളത്തിൽ അച്ചടിക്കുന്ന ആദ്യത്തെ സമ്പൂർണ്ണഗ്രന്ഥമാണ് സംക്ഷേപവേദാർത്ഥം
- സംക്ഷേപവേദാർത്ഥത്തിന്റെ കർത്താവ് ഫാദർ ക്ലെമന്റാണ്
- ബാസൽ മിഷൻ പ്രവർത്തകനായിരുന്നു ജർമ്മൻകാരനായ ഹെർമൻ ഗുണ്ടർട്ട്
- ഗുണ്ടർട്ടിന്റെ പ്രസിദ്ധമായ മലയാളം - ഇംഗ്ലീഷ് നിഘണ്ടു 1872-ൽ പ്രകാശിതമായി
- വ്യാകരണം, ചരിത്രം, വേദശാസ്ത്രം തുടങ്ങി വിവിധമേഖലകളിൽ ഗുണ്ടർട്ട് പ്രവർത്തനനിരതനായി
- മലയാളത്തിലെ ആദ്യകാല പത്രമാസികകൾ രാജ്യസമാചാരം(1847) പശ്ചിമോദയം (1847) എന്നിവ തലശ്ശേരിയിൽ നിന്ന് ഗുണ്ടർട്ട് പ്രസിദ്ധീകരിച്ചു
- സി. എം. എസ് മിഷണറിമാർ ഇംഗ്ലീഷ് സ്കൂളുകളും കോളേജും സ്ഥാപിച്ചു
- 1817-ൽ റാണി ഗൗരിപാർവതീഭായി കേണൽ മൺറോയുടെ സഹായത്തോടെ തിരുവിതാംകൂറിൽ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നടപ്പാക്കി
- ആറ്റിങ്ങൽ കലാപം പരാജയപ്പെട്ടതിനെത്തുടർന്ന് ഇംഗീഷുകാരും റാണിയും കരാറിലേർപ്പെട്ടു

SGOU

- 1792 മാർച്ച് 18 ന് ടിപ്പു സുൽത്താനും ബ്രിട്ടീഷുകാരുമായി ശ്രീരംഗപട്ടണം ഉടമ്പടിയിലേർപ്പെട്ടു
- മിഷണറി പ്രവർത്തനഫലമായി അച്ചടി, പത്രമാസികകൾ, ആനുകാലികങ്ങൾ എന്നിവയ്ക്ക് പ്രചാരമേറി
- പാശ്ചാത്യ വിദ്യാഭ്യാസരംഗം, പൊതുവിദ്യാഭ്യാസരംഗം, ഉന്നത വിദ്യാഭ്യാസരംഗം, സാഹിത്യസാംസ്കാരിക രംഗം എന്നിവിടങ്ങളിൽ മിഷണറി പ്രവർത്തനഫലമായി വലിയ മുന്നേറ്റം ഉണ്ടായി

## Objective Type Questions

1. മട്ടാഞ്ചേരിയിലെ സുറിയാനി ക്രിസ്ത്യാനികൾ നടത്തിയ ശപഥമേതാണ്?
2. 1599- ലെ ഉദയംപേരൂർ സുനഹദോസിന്റെ ലക്ഷ്യമെന്തായിരുന്നു?
3. വാസ്കോ ഡ ഗാമ കപ്പലിറങ്ങിയത് എവിടെ? എന്ന്?
4. സാമൂതിരിയുടെ നാവികപ്പടയുടെ സേനാനി ആരായിരുന്നു?
5. ഡച്ച് ഈസ്റ്റ് ഇന്ത്യാകമ്പനി രൂപം കൊണ്ടതെന്ന്?
6. മാർത്താണ്ഡവർമ്മ ഡച്ചുകാരെ നിശ്ശേഷം പരാജയപ്പെടുത്തിയത് ഏതു യുദ്ധത്തിൽ?
7. ആധുനിക മലയാളത്തിൽ അച്ചടിച്ച ആദ്യഗ്രന്ഥമേത്?
8. ഹോർത്തൂസ് മലബാറിക്കസ് എന്ന സസ്യശാസ്ത്ര ഗ്രന്ഥരചന നിർവഹിച്ചവർ ആരെല്ലാം?
9. ഫ്രഞ്ച് ഈസ്റ്റ് ഇന്ത്യാകമ്പനി ഇന്ത്യയിൽ പ്രവർത്തനമാരംഭിച്ചതെന്ന്?
10. ഏതു സ്ഥലമാണ് കേരളത്തിൽ ഫ്രഞ്ചുകാരുടെ കേന്ദ്രമായി തീർന്നത്?
11. ആദ്യത്തെ മലയാളം - ഇംഗ്ലീഷ് ഡിക്ഷ്ണറി പ്രസിദ്ധപ്പെടുത്തിയ മിഷണറി ആര്?
12. മലയാളത്തിൽ അച്ചടിക്കുന്ന ആദ്യത്തെ സമ്പൂർണ്ണ ഗ്രന്ഥമേത്?
13. സംക്ഷേപവേദാർത്ഥത്തിന്റെ കർത്താവാര്?
14. ജർമ്മൻകാരനായ ഗുണ്ടർട്ടിന്റെ പ്രസിദ്ധമായ മലയാളം - ഇംഗ്ലീഷ് നിഘണ്ടു പ്രകാശിതമായതെന്ന്?
15. ഏതു മിഷണറി പ്രവർത്തകനായിരുന്നു ഹെർമൻ ഗുണ്ടർട്ട്?
16. കേരളത്തിലെ ആദ്യകാല പത്രങ്ങൾ ഏതാണ്?
17. രാജ്യസമാചാരം, പശ്ചിമോദയം എന്നീ പത്രങ്ങൾ പ്രസിദ്ധീകരിച്ചതാര്? എവിടെ നിന്ന്?
18. തിരുവിതാംകൂറിൽ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നടപ്പാക്കിയതാര്?
19. ടിപ്പു സുൽത്താനും ബ്രിട്ടീഷുകാരുമായി ഏർപ്പെട്ട ഉടമ്പടി ഏത്?
20. പോർച്ചുഗീസുകാരുടെ ആഗമനം മുതലുള്ള കേരള ചരിത്രം വിവരിക്കുന്ന കേരളപഴമ എന്ന ഗ്രന്ഥം രചിച്ചതാര്?
21. കേരളത്തിലെ ആദ്യ കോളേജ് ഏതാണ്?
22. സി.എം.എസ് കോളേജിന്റെ മുഖപത്രം ഏത്?
23. തിരുവിതാംകൂറിലെ ആദ്യത്തെ പാഠപുസ്തകമ്മറ്റി അധ്യക്ഷൻ ആരായിരുന്നു?

SGOU

## Answers

1. കൂനൻ കുരിശ് സത്യം (1653)അഥവാ കൂനൻ കുരിശ് കലാപം
2. കേരളത്തിലെ ക്രൈസ്തവസമുദായത്തെ റോമൻസഭയുടെ ആധിപത്യത്തിൽ കൊണ്ടുവരുക
3. 1498 മെയ് 18-ന് കോഴിക്കോട് കാപ്പാട് എന്ന സ്ഥലത്ത്
4. കുഞ്ഞാലി മരയ്ക്കാർ
5. 1592-ൽ
6. കുളച്ചൽ യുദ്ധത്തിൽ (1741)
7. ഡച്ച് ഭരണാധികാരി വാൻറീഡിന്റെ മേൽനോട്ടത്തിൽ ഹോർത്തൂസ് മലബാറിക്കസ് എന്ന ഗ്രന്ഥം
8. രംഗഭട്ട്, അച്ചുഭട്ട്, വിനായകഭട്ട്, ഇട്ടി അച്യുതൻ, മാത്യൂസ്
9. 1666-ൽ
10. മയ്യഴി അഥവാ മാഹി
11. റവ. ബഞ്ചമിൻ ബെയ്‌ലി (1846)
12. സംക്ഷേപവേദാർത്ഥം
13. ഫാദർ ക്ലെമന്റ്
14. 1872-ൽ
15. ബാസൽ മിഷൻ
16. രാജ്യസമാചാരം (1847 ജൂൺ) പശ്ചിമോദയം (1847 ഒക്ടോബർ)
17. തലശ്ശേരിയിൽ നിന്ന് ഹെർമൻ ഗുണ്ടർട്ട് (ബാസൽ മിഷൻ)
18. റാണി ഗൗരിപാർവതീഭായി- 1817-ൽ കേണൽ മൺറോയുടെ സഹായത്തോടെ
19. ശ്രീരംഗപട്ടണം ഉടമ്പടി (1790-ൽ)
20. ഹെർമ്മൻ ഗുണ്ടർട്ട്
21. സി.എം.എസ് കോളേജ് (ആദ്യം ഇംഗ്ലീഷ് സ്കൂൾ ആയിരുന്നു)
22. വിദ്യാസംഗ്രഹം
23. കേരളവർമ്മ വലിയകോയിത്തമ്പുരാൻ

## Assignments

1. പോർച്ചുഗീസുകാരുടെ അധിനിവേശവും പരിണിതഫലങ്ങളും ചർച്ച ചെയ്യുക
2. ഡച്ചുകാരുടെ കടന്നുവരവും സ്വാധീനവും തകർച്ചയും വിലയിരുത്തുക
3. ബ്രിട്ടീഷ് ആധിപത്യത്തിന്റെ ഗുണദോഷഫലങ്ങളെ വിലയിരുത്തുക
4. കുഞ്ഞാലി മരയ്ക്കാരുടെ പ്രതിരോധങ്ങളെക്കുറിച്ച് വിവരിക്കുക
5. വൈദേശികാധിപത്യത്തിന്റ പൊതുവായ സാംസ്കാരിക ഫലങ്ങളെപ്പറ്റി അപഗ്രഥിക്കുക
6. പാശ്ചാത്യ മിഷണറിമാർ വൈജ്ഞാനിക വിദ്യാഭ്യാസ മണ്ഡലങ്ങൾക്കു നൽകിയ സംഭാവനകൾ വിശകലനം ചെയ്യുക
7. ഹെർമൻ ഗുണ്ടർട്ടിന്റെ സംഭാവനകൾ വിലയിർത്തുക.

SGOU

## Reference


1. എം.ആർ. രാഘവവാര്യർ, മധ്യകാല കേരളം സ്വരൂപനീതിയുടെ ചരിത്രപാഠങ്ങൾ, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം.
2. കെ.എൻ. ഗണേശ്, കേരളത്തിന്റെ ഇന്നലെകൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. തിരുവനന്തപുരം
3. എ. ശ്രീധരമേനോൻ, കേരള സംസ്കാരം, ഡി.സി. ബുക്സ്, കോട്ടയം.


## Suggested Reading


1. ഉള്ളൂർ എസ്. പരമേശ്വരയ്യർ, കേരളസാഹിത്യ ചരിത്രം - ഒന്നാം വാല്യം, കേരള സർവകലാശാല, തിരുവനന്തപുരം
2. പി.കെ. ഗോപാലകൃഷ്ണൻ, കേരളത്തിന്റെ സാംസ്കാരിക ചരിത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. എസ്.കെ. വസന്തൻ, നമ്മൾ നടന്ന വഴികൾ, മലയാള പഠന ഗവേഷണകേന്ദ്രം, തൃശ്ശൂർ.


SGOU

BLOCK - 03

# വൈദേശികാ-
# ധിപത്യത്തിനെതിരെ

SGOU

# വൈദേശികാധിപത്യത്തിനെതിരെ

## Learning Outcomes

- ▶ വൈദേശികാധിപത്യത്തിനെതിരെ കേരളത്തിലുണ്ടായ സംഘടിതമായ ചെറുത്തുനിൽപ്പുകളെക്കുറിച്ചുള്ള ധാരണ ലഭിക്കുന്നു
- ▶ നാട്ടുരാജാക്കന്മാർക്ക് വിദേശികളോടുള്ള നയം തിരിച്ചറിയുന്നു
- ▶ വിദേശികൾ കേരളത്തിൽ ആധിപത്യമുറപ്പിച്ച രീതി എങ്ങനെയാണെന്ന് മനസ്സിലാക്കുന്നു
- ▶ കുഞ്ഞാലിമരയ്ക്കാർ, വേലുത്തമ്പി, പഴശ്ശിരാജ തുടങ്ങിയവരുടെ പ്രതിരോധ സമരങ്ങളെ പറ്റി ധാരണ നേടുന്നു
- ▶ മൈസൂർ സുൽത്താന്മാർ കേരളത്തിന്റെ ആധിപത്യം നേടിയത് ഗ്രഹിക്കുന്നു

## Prerequisite

പതിനഞ്ചാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടി കേരളത്തിന്റെ ചരിത്രം ഒരു പുതിയ വഴിത്തിരിവിലേയ്ക്ക് പ്രവേശിക്കുകയുണ്ടായി. കേരളജനതയുടെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും അടിസ്ഥാനപരമായ മാറ്റങ്ങൾ വരുത്തിയ യൂറോപ്യൻശക്തികളുടെ കൊളോണിയൽ മേധാവിത്വത്തിന് വഴിയൊരുക്കപ്പെട്ടത് 15-ാംനൂറ്റാണ്ടിന്റെ അവസാനത്തിൽ കോഴിക്കോടിനടുത്ത് കാപ്പാട് കടൽത്തീരത്ത് പോർച്ചുഗീസുകാർ വന്നിറങ്ങുന്നതോടെയാണ്.

ലോകചരിത്രത്തിൽതന്നെ മാറ്റങ്ങൾ വരുത്തിയ, വാണിജ്യവികസനം ലക്ഷ്യമാക്കിയുള്ള യൂറോപ്യന്മാരുടെ പതിനഞ്ചാം നൂറ്റാണ്ടിലെ സമുദ്രാന്തര യാത്രകളുടെ പരിണതഫലങ്ങളിലൊന്നാണ് കേരളത്തിലെ പോർച്ചുഗീസുകാരുടെ ആഗമനം. അതുവരെ ഒറ്റപ്പെട്ട് നിൽക്കുകയായിരുന്ന ലോകത്തിലെ വിവിധ വൻകരകൾ പരസ്പരം ബന്ധപ്പെട്ട് തുടങ്ങിയതും, ചില വൻകരകൾക്കുമേൽ യൂറോപ്യൻ രാഷ്ട്രങ്ങളുടെ മേധാവിത്വം ഉറപ്പിക്കപ്പെട്ടതും, അതുവഴി ഒരു ആഗോള വാണിജ്യസമ്പദ്‌വ്യവസ്ഥ ക്കും കമ്പോളരീതിക്കും വഴിയൊരുക്കപ്പെട്ടതും സമുദ്രാന്തരയാത്രകളാണ്. അങ്ങനെ കേരളമുൾപ്പെടുന്ന ഇന്ത്യൻ ഉപഭൂഖണ്ഡവും ലോകകമ്പോളത്തിന്റെ പ്രധാനപ്പെട്ട ഒരു ഘടകമായി മാറി.

യൂറോപ്യൻശക്തികളുടെ ഇടപെടലിന്റെഭാഗമായി പിൽക്കാലത്ത് കേരളത്തിൽ രാഷ്ട്രീയമായ അനിശ്ചിതത്വവും സാമൂഹിക സമ്പ്രദായത്തിലെ പിൻനീക്കവും സാമ്പത്തിക മുരടിപ്പും സംജാതമായി. വിദേശശക്തികൾ പ്രാദേശിക നാടുവാഴികളുമായി നിരന്തരം ഗൂഢാലോചനകളിൽ ഏർപ്പെടുകയും നാടുവാഴികളെ മാറിമാറി സഹായിച്ച് അവർക്കുള്ളിൽ പരസ്പര സ്പർധ വർധിപ്പിക്കുകയും ചെയ്തു. നൂറ്റാണ്ടുകളായി നിലനിൽക്കുന്ന സാംസ്കാരിക പാരമ്പര്യത്തെ യൂറോപ്യന്മാർ പുച്ഛത്തോടെ വീക്ഷിക്കുകയും, മതസ്പർധ വളർത്താൻ ശ്രമിക്കുകയും ചെയ്തു. നിർബന്ധപൂർവം നടത്തപ്പെട്ട മതപരിവർത്തനങ്ങൾ സമൂഹത്തിൽ വിള്ളലുകൾ സൃഷ്ടിച്ചു. കൂടാതെ

SGOU

കേരളത്തിന്റെ സാമ്പത്തികാവസ്ഥ തകർച്ചയെ നേരിട്ടു. സാധാരണജനജീവിതം ദുരിതപൂർണ്ണമാകാൻ തുടങ്ങി. ഈ പശ്ചാത്തലത്തിലാണ് കേരളത്തിൽ വിദേശാധിപത്യത്തിനെതിരെയുള്ള ചെറുത്തുനിൽപ്പുകളും സംഘട്ടനങ്ങളും ആരംഭിക്കുന്നത്.

## Key Themes

ആറ്റിങ്ങൽ കലാപം (അഞ്ചുതെങ്ങ് കലാപം) - കുഞ്ഞാലി മരയ്ക്കാർ - പഴശ്ശിരാജ- വേലുത്തമ്പിദളവ - പാലിയത്തച്ചൻ - ഹൈദരാലി - ടിപ്പുസുൽത്താൻ - മലബാർ ആക്രമണങ്ങൾ

## Discussion

## 3.1 വൈദേശികാധിപത്യത്തിനെതിരെ

പതിനഞ്ചാം നൂറ്റാണ്ടുമുതൽ കേരളത്തിൽ നിലനിന്നിരുന്ന വൈദേശികാധിപത്യം കേരളത്തിലെ ജനങ്ങളുടെ ജീവിതത്തെ ദുരിതപൂർണ്ണമാക്കി. നാടുവാഴികളുടെ സൗഹൃദം സമ്പാദിച്ച യൂറോപ്യന്മാർ അവർക്കിടയിൽ അന്തഃച്ഛിദ്രങ്ങളും ഉണ്ടാക്കാൻ തുടങ്ങി. പരസ്പരകലഹങ്ങളിലേർപ്പെട്ടിരുന്ന നാടുവാഴികൾ വിദേശീയരുടെ സഹായങ്ങൾ സ്വീകരിച്ചതോടൊപ്പം അവർക്ക് സ്ഥലസൗകര്യങ്ങൾ നൽകുകയും ചെയ്തു. കാലക്രമേണ കുരുമുളകിന്റെ കുത്തകാവകാശം പിടിച്ചെടുത്ത യൂറോപ്യന്മാർ കേരളത്തിലെ മുഴുവൻ വ്യാപാരത്തിന്റെയും അധികാരാവകാശങ്ങളും കൈക്കലാക്കി. സാവധാനം ഓരോ പ്രദേശങ്ങളുടെയും ഭരണകാര്യങ്ങളിൽ ഇടപെടാനും ജനങ്ങളുടെമേൽ നികുതി ഈടാക്കാനും തുടങ്ങിയപ്പോൾ ആദ്യം സൗഹാർദത്തിലായിരുന്ന നാടുവാഴികളും രാജാക്കന്മാരും ജനങ്ങളും യൂറോപ്യന്മാർക്കെതിരെ തിരിയാൻ തുടങ്ങി. അവർ സായുധകലാപങ്ങൾ സംഘടിപ്പിച്ചു. പതിനേഴാം നൂറ്റാണ്ടുമുതൽ വിദേശാധിപത്യത്തിനെതിരെയുള്ള കലാപങ്ങളും യുദ്ധങ്ങളും സംഘർഷങ്ങളും കേരളത്തിലുടനീളം പൊട്ടിപ്പുറപ്പെട്ടു. കേരളചരിത്രത്തിൽ മറക്കാനാകാത്ത ഒന്നായിരുന്നു വിദേശാധിപത്യവും അവയ്ക്കെതിരെയുള്ള പോരാട്ടങ്ങളും.

### 3.1 .1 അഞ്ചുതെങ്ങ് കലാപം (ആറ്റിങ്ങൽ കലാപം)

വേണാടിനകത്ത് രാജകുടുംബവുമായി ബന്ധമുള്ള ഒരു സ്വതന്ത്ര രാജകുടുംബമായിരുന്നു ആറ്റിങ്ങൽ. തൃപ്പാപ്പൂർ വംശത്തിന്റെ ശാഖക്കാരാണ് ഇവർ. പതിനാലാം നൂറ്റാണ്ടിന്റെ ആദ്യത്തിൽ കോലത്തുനാട്ടിൽനിന്ന് ദത്തുവന്ന രണ്ടു തമ്പുരാട്ടിമാരുടെ പിന്മുറക്കാരാണ് ആറ്റിങ്ങൽ റാണിമാർ. ആറ്റിങ്ങൽ തമ്പുരാക്കന്മാർക്ക് വിദേശവ്യാപാരികളുമായി സ്വന്തം നിലയ്ക്ക് കരാറിലേർപ്പെടാൻ മുൻകാലങ്ങളിൽ അവകാശം ഉണ്ടായിരുന്നു. ആറ്റിങ്ങൽ തമ്പുരാൻ എന്നാണ് ആ വംശത്തിലെ സ്ത്രീകളെയും വിളിച്ചിരുന്നത്. അഞ്ചുതെങ്ങ് കലാപം ആറ്റിങ്ങൽ കലാപം എന്നും അറിയപ്പെടുന്നു.

1684-ൽ ഒരു വ്യവസായശാലയും കോട്ടയും നിർമ്മിക്കാൻ അഞ്ചുതെങ്ങിൽ 251 ഏക്കർ ഭൂമി ആറ്റിങ്ങൽ റാണി ബ്രിട്ടീഷുകാർക്ക് നൽകി. 1695-ൽ കോട്ടയുടെ പണിതീർന്നു. അഞ്ചുതെങ്ങ് കിട്ടിയത് ബ്രിട്ടീഷുകാർക്ക് ഒരു വലിയ നേട്ടമായിരുന്നു. വടക്കോട്ടുള്ള ജലഗതാഗതത്തിന്, ആ സ്ഥലം സൗകര്യപ്രദമായിരുന്നതുകൊണ്ട് വാണിജ്യം അഭിവൃദ്ധിപ്പെടാൻ അതു പകരിച്ചു. സൈനികസാമഗ്രികൾ സംഭരിക്കുന്ന ഒരു കേന്ദ്രവും അവർ അവിടെ തുറന്നു. ദക്ഷിണകേരളത്തിലും മധ്യകേരളത്തിലും ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ സ്വാധീനശക്തി വർധിപ്പിക്കാനുള്ള ഇടമായി അഞ്ചുതെങ്ങ് മാറി. ആറ്റിങ്ങൽ റാണി അഞ്ചുതെങ്ങിൽ ബ്രിട്ടീഷു

SGOU

കാർക്ക് സൗജന്യങ്ങളനുവദിച്ചത് നാട്ടുകാരിൽ ചിലരെ രോഷാകുലരാക്കി. ഇംഗ്ലീഷുകാർ നിശ്ച യിക്കുന്ന വിലയ്ക്ക് കർഷകർ അവർക്ക് കുരുമു ളക് വിൽക്കണമെന്ന നിബന്ധനയും നാട്ടുകാരെ അസ്വസ്ഥരാക്കി. അവർ 1697-ൽ അഞ്ചുതെങ്ങി ലെ ഇംഗ്ലീഷ് ഫാക്ടറി ആക്രമിച്ചെങ്കിലും അത് പരാജയപ്പെട്ടു.

അഞ്ചുതെങ്ങിലെ ഇംഗ്ലീഷ് വ്യാപാരികൾ, കലുഷപ്രവൃത്തികളാലും ക്രൂരമായ പെരുമാ റ്റത്താലും ജനങ്ങളെ ശത്രുക്കളാക്കി. അതേ സമയം അവർ വർഷംതോറും വിലപ്പെട്ട പാരിതോഷികങ്ങൾ നൽകി റാണിയെ സന്തോ ഷിപ്പിക്കുകയും ചെയ്തിരുന്നു. ആ പ്രദേശങ്ങ ളിൽ അധികാരം നടത്തിയിരുന്ന പിള്ളമാരുടെ പ്രതിനിധികൾ ഇംഗ്ലീഷുകാർ റാണിക്കു കൊ ടുക്കാനുള്ള സമ്മാനങ്ങൾ തങ്ങൾ മുഖേന വേ ണം സമർപ്പിക്കേണ്ടതെന്ന് ആവശ്യപ്പെട്ടു. ഇംഗ്ലീ ഷുകാർ ഇത് നിരസിച്ചു. അവർ റാണിക്ക് നേരിട്ട് സമ്മാനം നൽകാൻ പുറപ്പെട്ടു. കോപാകുലരായ നാട്ടുകാർ ഇംഗ്ലീഷുകാരുടെ സംഘത്തെ ആക്ര മിച്ച് മുഴുവൻ ആളുകളെയും വധിച്ചു. അതിനു ശേഷം അഞ്ചുതെങ്ങിൽ ചെന്ന് കോട്ട വളഞ്ഞു. ആ ഉപരോധം ആറുമാസത്തോളം നീണ്ടുനിന്നു. തലശ്ശേരിയിൽനിന്ന് ഇംഗ്ലീഷുകാരുടെ ഒരു സേ ന എത്തിയതിനുശേഷമാണ് ആ പ്രതിരോധം അവസാനിച്ചത്. 1721 ഏപ്രിൽ 15-നാണ് ആറ്റി ങ്ങൽ കലാപം അവസാനിച്ചത്. കേരളത്തിൽ ബ്രിട്ടീഷുകാർക്കെതിരെ നടന്ന ആദ്യത്തെ സം ഘടിതപ്രക്ഷോഭമാണ് ആറ്റിങ്ങൽ കലാപം. ഈ കലാപത്തിന്റെ പരാജയത്തെത്തുടർന്ന് ആറ്റി ങ്ങലിൽ ഏത് ഭാഗത്തും പണ്ടകശാല കെട്ടാമെ ന്ന് റാണി ബ്രിട്ടീഷുകാർക്ക് വാക്ക് നൽകേണ്ടി വന്നു. കുരുമുളകിന്റെ വ്യാപാരക്കുത്തകയും ഇതുവഴി അവർ നേടി.

### 3.1.2 കുഞ്ഞാലിമരയ്ക്കാർ

സാമൂതിരിയും പോർച്ചുഗീസുകാരും തമ്മിൽ നടന്ന യുദ്ധങ്ങളിൽ സാമൂതിരിയുടെ നാവിക സേനയുടെ മേധാവിത്വം വഹിച്ചിരുന്നവരാണ് കുഞ്ഞാലിമരയ്ക്കാർമാർ. നാവികസാമർഥ്യവും ധൈര്യവും ഒത്തിണങ്ങിയ കുഞ്ഞാലിമാർ കേര ളത്തിന്റെ നാവികപാരമ്പര്യത്തിലെ ശക്തമായ ഒരു കാലഘട്ടത്തെ പ്രതിനിധീകരിക്കുന്നവരാ ണ്. കുഞ്ഞാലി എന്ന പദത്തിന് വിശ്വസ്തൻ എന്നർഥമുണ്ട്. കുഞ്ഞാലിമാരുടെ ഉത്ഭവത്തെ ക്കുറിച്ച് വ്യത്യസ്ത അഭിപ്രായങ്ങൾ നിലനിൽ ക്കുന്നുണ്ട്. ഇവർ അരയന്മാരായിരുന്നുവെന്നും പിന്നീട് ഇസ്ലാംമതം സ്വീകരിച്ചവരാണെന്നും ഒരഭിപ്രായമുണ്ട്. കൊച്ചിയിൽ വ്യാപാരികളായി രുന്നു ഇവരെന്നും പോർച്ചുഗീസുകാരുടെ അധി നിവേശത്തെത്തുടർന്ന് പൊന്നാനിയിലേയ്ക്കും പിന്നെ കോട്ടയ്ക്കലിലേക്കും താമസം മാറ്റിയ താണ് എന്നും ചില ചരിത്രകാരന്മാർ കരുതുന്നു. കുഞ്ഞാലി എന്നത് സാമൂതിരി നൽകിയ സ്ഥാന പ്പേരാണ് എന്ന് കരുതുന്നവരുമുണ്ട്. ഇവർ അറ ബി വംശജരാണെന്നും പട്ടുതലപ്പാവ് ധരിക്കാൻ അവകാശമുള്ളവരായിരുന്നുവെന്നും പൊതു വെ വിശ്വസിക്കപ്പെടുന്നു. സാമൂതിരി 'കുഞ്ഞാ ലി' എന്ന സ്ഥാനപ്പേര് നൽകുന്നതുവരെ ഇവർ അരയന്മാരായിരുന്നുവത്രെ. പൊതുവെ സമുദ്ര സഞ്ചാരവും സമുദ്രവ്യാപാരവുമായി ബന്ധപ്പെ ട്ടവരായിരുന്നു കുഞ്ഞാലിമാർ. കുഞ്ഞാലി ഒന്നുമുതൽ നാലുവരെയുള്ളവരാണ് കേരളചരി ത്രത്തിൽ പ്രാധാന്യമർഹിക്കുന്നവർ.

എ. ഡി. 1507-ൽ കുട്ടി ആലി എന്ന കുഞ്ഞാ ലി ഒന്നാമൻ സാമൂതിരിയുടെ നാവിക സൈ ന്യാധിപനായി നിയമിക്കപ്പെടുന്നതോടെയാണ് കുഞ്ഞാലിമാരുടെ ചരിത്രം ആരംഭിയ്ക്കുന്നത്. പോർച്ചുഗീസുകാരുടെ വൻകപ്പൽസൈന്യത്തി നെതിരെ പോരാടാനായി മുപ്പതോ, നാൽപ്പതോ ആളുകൾക്ക് കയറാനാകുന്ന വഞ്ചികൾ ഉണ്ടാ ക്കി നദീമുഖങ്ങളിൽ നിർത്തി, അടുത്തുള്ള കു ന്നിൻമുകളിലെ കാവൽക്കാരുടെ സൂചനകൾ അനുസരിച്ച് പറങ്കിക്കപ്പലുകളെ ആക്രമിക്കുന്ന രീതിയാണ് കുട്ടി ആലി സ്വീകരിച്ചത്. ഒപ്പം പോർച്ചുഗീസുകാരുമായി നേരിട്ടൊരു യുദ്ധത്തി ന് തയ്യാറാകാതെ പെട്ടെന്ന് ആക്രമിച്ച് കടന്നു കളയുക എന്ന യുദ്ധതന്ത്രവും പയറ്റി. കൂടാ തെ സമുദ്രത്തിൽ എളുപ്പം സഞ്ചരിച്ചുകൊണ്ട് പോർച്ചുഗീസ് നാവികസൈന്യത്തിന് കനത്ത നാശനഷ്ടങ്ങൾ ഏൽപ്പിച്ചു. എന്നാൽ 1528-ൽ പോർച്ചുഗീസ് ഗവർണ്ണറായിരുന്ന ലോപ്പോസ് ഡി. സമ്പായോവിന്റെ കാലത്ത് പോർച്ചുഗീസ് നാവികസൈന്യം കുഞ്ഞാലി ഒന്നാമനെ പരാജ

SGOU

യപ്പെടുത്തി.

കുഞ്ഞാലിഒന്നാമനുശേഷം സാമൂതിരിയുടെ സൈന്യത്തിന്റെ മേധാവിത്വം ഏറ്റെടുത്ത കുഞ്ഞാലി രണ്ടാമൻ പാച്ചാച്ചി മരയ്ക്കാരുടെ സഹായത്തോടെ സൈന്യം പുനഃസംഘടിപ്പിച്ചു. 1529-ൽ പോർച്ചുഗീസുകാർ സാമൂതിരിയുടെ അനുവാദത്തോടെ ചാലിയത്ത് ഒരു കോട്ട പണി കഴിപ്പിച്ചു. പോർച്ചുഗീസ് സൈനികകേന്ദ്രമായിരുന്ന ചാലിയംകോട്ട, എപ്പോൾ വേണമെങ്കിലും സാമൂതിരിയുടെ സൈന്യത്തെ ആക്രമിയ്ക്കാൻ കഴിയുന്ന തന്ത്രപ്രധാനമായ ഒരു സ്ഥലത്താണ് സ്ഥിതിചെയ്തിരുന്നത്. കുഞ്ഞാലി രണ്ടാമനും പാച്ചാച്ചി മരയ്ക്കാരും ചേർന്ന് ഗോവ മുതൽ സിലോൺവരെ പോർച്ചുഗീസ് നാവികപ്പടയുമായി യുദ്ധം ചെയ്ത് അവരുടെ കപ്പലുകൾ കൊള്ളയടിച്ചു. കുഞ്ഞാലിയുമായുള്ള യുദ്ധത്തിൽ, ഒരൊറ്റവർഷം മാത്രം പോർച്ചുഗീസുകാർക്ക് അമ്പതോളം കപ്പലുകൾ നഷ്ടമായി. ഇടപ്പള്ളി ആക്രമിച്ച പോർച്ചുഗീസുകാരെ സാമൂതിരിയുടെ നിർദ്ദേശപ്രകാരം നേരിട്ടത് കുഞ്ഞാലി രണ്ടാമനാണ്. 1578-ൽ കുഞ്ഞാലി രണ്ടാമൻ മരിയ്ക്കുന്നതുവരെ പോർച്ചുഗീസുകാർക്ക് ഒരു പേടിസ്വപ്നമായിരുന്നു.

കുഞ്ഞാലി മൂന്നാമൻ പടമരയ്ക്കാർ, പട്ടുമരയ്ക്കാർ എന്നീ പേരുകളിലും അറിയപ്പെട്ടിരുന്നു. പുതുപ്പണം കോട്ടയാണ് മരയ്ക്കാർ കോട്ട എന്നറിയപ്പെടുന്നത്. 1571-ൽ മരുമകനായ ഖ്വാജാമൂസയുടെ സഹായത്തോടെ കുഞ്ഞാലിമൂന്നാമൻ ചാലിയം കോട്ട ആക്രമിച്ച് തകർത്തു. ചാലിയം കോട്ടയുടെ പതനത്തോടെ പോർച്ചുഗീസ് മേധാവിത്വത്തിന്റെ തകർച്ചയും ആരംഭിച്ചു. സാമൂതിരിയുടെ നിർദ്ദേശത്തോടെ ഇയാൾ 1572-ൽ അകലാപ്പുഴയുടെ തീരത്ത് പുതുപ്പണത്ത് ഒരു കോട്ട പണിതു. സാമൂതിരിയുടെ നാവികപ്പടയെ യൂറോപ്യൻരീതിയിൽ പരിഷ്കരിച്ചത് കുഞ്ഞാലി മൂന്നാമനാണ്. 1595-ൽ കുഞ്ഞാലി മൂന്നാമൻ മരിച്ചു.

കുഞ്ഞാലി മൂന്നാമനെത്തുടർന്ന് പുതുപ്പണം കോട്ടയുടെ അധിപനായത് കുഞ്ഞാലി നാലാമനാണ്. പോർച്ചുഗീസുകാരുമായി സാമൂതിരി സൗഹൃദം സ്ഥാപിക്കുന്നതിന് കുഞ്ഞാലി എതിരായിരുന്നു. ഒരു സ്വതന്ത്രഭരണാധികാരിയെപ്പോലെ ഉയർന്നുവരാൻ ശ്രമിച്ച കുഞ്ഞാലി 'ഇന്ത്യൻ സമുദ്രങ്ങളുടെ അധിനായകൻ' എന്ന ബിരുദം സ്വീകരിച്ചു. കുഞ്ഞാലിയുടെ ഇത്തരം പ്രവൃത്തികൾ സാമൂതിരിയെ പ്രകോപിതനാക്കുകയാണുണ്ടായത്.

കുഞ്ഞാലിമരയ്ക്കാരുടെ ഉയർച്ച സ്വന്തം നിലനിൽപ്പിന് ഭീഷണിയായിത്തീരുമെന്ന് മനസ്സിലാക്കിയ സാമൂതിരി പോർച്ചുഗീസുകാരുമായി ചേർന്ന് പുതുപ്പണം കോട്ട ആക്രമിച്ചു. തന്റെ അനുയായികളോടൊപ്പം സാമൂതിരിക്ക് കീഴടങ്ങാൻ കുഞ്ഞാലി തയ്യാറായെങ്കിലും പോർച്ചുഗീസുകാരുടെ പെട്ടെന്നുണ്ടായ ആക്രമണത്തിൽ കുഞ്ഞാലി കോട്ടയിലേക്ക് രക്ഷപ്പെട്ടു. 1599-ൽ സാമൂതിരിയുടെയും പോർച്ചുഗീസുകാരുടെയും സംയുക്തസൈന്യം വീണ്ടും പുതുപ്പണംകോട്ട ആക്രമിച്ചെങ്കിലും പരാജയപ്പെടുകയാണുണ്ടായത്. 1600-ൽ സാമൂതിരി വീണ്ടും പുതുപ്പണം കോട്ട ആക്രമിച്ചു. കുഞ്ഞാലിയും അനുചരന്മാരും കീഴടങ്ങി. കീഴടങ്ങിയവരെ സാമൂതിരി പോർച്ചുഗീസുകാർക്ക് വിട്ടുകൊടുത്തു. പോർച്ചുഗീസുകാർ കുഞ്ഞാലിയെ ഗോവയിലെ ജയിലിൽ തടവിലിടുകയും പിന്നീട് പരസ്യമായി തൂക്കിക്കൊല്ലുകയും ചെയ്തു. കുഞ്ഞാലിയുടെ തലവെട്ടി പോർച്ചുഗീസുകാർ കണ്ണൂരിൽ പരസ്യമായി മുളങ്കാലിൽ കുത്തിനിർത്തി.

പോർച്ചുഗീസുകാരുടെ ശക്തി തകർക്കുന്നതിൽ നിർണ്ണായകമായ പങ്കാണ് കുഞ്ഞാലിമരയ്ക്കാർ നിർവഹിച്ചിട്ടുള്ളത്. പോർച്ചുഗീസുകാരിൽ നിന്നും പിടിച്ചെടുത്ത ഒരു സിംഹാസനം ഇവർ കോട്ടയ്ക്കൽ പള്ളിയിൽ പ്രാർഥനയ്ക്കുള്ള പീഠം ആക്കി. കുഞ്ഞാലിമാരുടെ വീട് ഇന്നും ഒരു ചരിത്രസ്മാരകമായി സൂക്ഷിക്കുന്നു. പോർപറവകൾ എന്ന പേരിൽ പ്രത്യേക പരിശീലനം ലഭിച്ച സേനാവിഭാഗം കുഞ്ഞാലിമാർക്കുണ്ടായിരുന്നു.

### 3.1.3 പഴശ്ശിസമരങ്ങൾ

പത്തൊമ്പതാം നൂറ്റാണ്ടുവരെയുള്ള കേരളത്തിന്റെ രാഷ്ട്രീയചരിത്രത്തിൽ പ്രസ്താവിക്കപ്പെടേണ്ട ഒരു കാര്യം ബ്രിട്ടീഷ് ഭരണത്തിനെതിരായി പഴശ്ശിരാജയും അനുയായികളും നടത്തിയ

SGOU

സ്വാതന്ത്ര്യസമരങ്ങളാണ്. ഇംഗ്ലീഷ് ഈസ്റ്റി ന്ത്യാകമ്പനിയുടെ ഭരണത്തിനെതിരായി ഇന്ത്യ യിൽ ആദ്യമായി കലാപം നടത്തിയ രാജാക്ക ന്മാരിൽ ഒരാളാണ് കേരളവർമ്മ പഴശ്ശിരാജ. 12 വർഷക്കാലം ബ്രിട്ടീഷ് ഭരണത്തെ അദ്ദേഹം വെല്ലുവിളിച്ചു. വടക്കേമലബാറിൽ കോട്ടയം രാജകുടുംബത്തിലെ അംഗമായിരുന്നു അദ്ദേ ഹം. മലബാറിലെ മൈസൂർ ആധിപത്യത്തിനെ തിരെ പഴശ്ശിരാജ ബ്രിട്ടീഷുകാരെ സഹായിച്ചി രുന്നു. മൈസൂർ സുൽത്താന്മാരെ മലബാറിൽ നിന്നും ഓടിച്ചു കഴിഞ്ഞാൽ രാജ്യം തിരിച്ചു കൊടുക്കാമെന്ന വ്യവസ്ഥയിലാണ് കോട്ടയം രാ ജാവ് ബ്രിട്ടീഷുകാരെ സഹായിച്ചത്.

കമ്പനിരേഖകളിൽ 'പൈച്ചി രാജ'യെന്നും 'കെട്ട്യോട്ട് രാജ'യെന്നുമാണ് പഴശ്ശിരാജയെ വിശേഷിപ്പിച്ചിട്ടുള്ളത്. എന്നാൽ 1792-ലെ ശ്രീരംഗപട്ടണം സന്ധിയെത്തുടർന്ന് മലബാർ ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാകമ്പനിക്ക് അധീനമായ പ്പോൾ, രാജാക്കന്മാരും പ്രജകളും കമ്പനിയുടെ പ്രജകളാണെന്ന് അവർ പ്രഖ്യാപിച്ചു. കോട്ടയം രാജാവിന്റെ അവകാശങ്ങളെ തള്ളിക്കളഞ്ഞു കൊണ്ട് കുറുമ്പ്രനാട്ട് രാജാവിനെ കോട്ടയത്തെ നികുതിപിരിവിന്റെ ചുമതല ഏൽപ്പിച്ചു. കേര ളവർമ്മയോട് കാണിച്ച ഈ അവഗണനയാണ് പഴശ്ശികലാപങ്ങൾക്ക് വഴിവെച്ചത്. കോട്ടയത്തെ സാധാരണജനങ്ങളുടെ സ്നേഹബഹുമാനങ്ങൾ ലഭിച്ചിരുന്ന കേരളവർമ്മ, കമ്പനിയും കുറുമ്പ്ര നാട്ട് രാജാവുമായുണ്ടാക്കിയ ഒത്തുതീർപ്പിനെ ബ്രിട്ടീഷുകാർക്കെതിരെ നിരാകരിക്കുകയും സമ രം തുടങ്ങുകയും ചെയ്തു. കേരളവർമ്മയുടെ എതിർപ്പിനുമുമ്പിൽ കോട്ടയത്ത് നികുതിപ്പിരി വ് അസാധുവായി. പഴശ്ശിയാകട്ടെ നേരിട്ട് നികു തിപിരിയ്ക്കുവാനും തുടങ്ങി. പഴശ്ശിയുമായുള്ള സംഘട്ടനം ഒഴിവാക്കുന്നതാണ് നല്ലതെന്ന് മന സ്സിലാക്കിയ കമ്പനിയുടെ ഉദ്യോഗസ്ഥന്മാർ 1793 - ഡിസംബറിൽ കേരളവർമ്മയുമായി ഒരു കരാ റുണ്ടാക്കി. അതിൻപ്രകാരം ദേവസ്വം ഭൂമിയിൽ നിന്ന് ഒരു കൊല്ലത്തേക്ക് നികുതി പിരിക്കുന്നത ല്ലെന്നും, മൊത്തം നികുതിയുടെ അഞ്ചിലൊന്ന് കോട്ടയം രാജാവിന്റെ ചെലവിനു കൊടുക്കാമെ ന്നും വ്യവസ്ഥ ചെയ്തു. ഇതോടെ കോട്ടയത്ത് താല്കാലികമായി സമാധാനം കൈവന്നു.

എന്നാൽ ഗവർണർജനറൽ ഈ കരാർ തള്ളി ക്കളയുകയും 1794-ൽ കുറുമ്പ്രനാട് രാജാവിന് കോട്ടയം പാട്ടത്തിന് കൊടുക്കുകയും ചെയ്തു. ഇത് സംഘർഷത്തിടയാക്കി. പഴശ്ശിരാജ കമ്പനി യുടെ തീരുമാനത്തെ ധിക്കരിച്ച് നാട്ടിൽ ഭരണം നടത്താൻ തുടങ്ങി. കമ്പനിക്ക് നികുതിയൊന്നും പിരിഞ്ഞു കിട്ടിയതുമില്ല. ഇതിനിടയിൽ ഇരവി നാട്ടിലെ നാരങ്ങോളി നമ്പ്യാരെ കമ്പനി കലാ പകാരിയായി പ്രഖ്യാപിച്ചപ്പോൾ അദ്ദേഹത്തിന് പഴശ്ശി അഭയം നൽകി. ഇത് പഴശ്ശിയും കമ്പനി യും തമ്മിലുണ്ടായിരുന്ന സംഘർഷത്തെ വർധി പ്പിക്കുകയാണുണ്ടായത്.

പഴശ്ശിയെ അറസ്റ്റ് ചെയ്യാതെ കോട്ടയത്ത് അധികാരം സ്ഥാപിക്കാനോ, നികുതി പിരിയ് ക്കാനോ കഴിയില്ലെന്ന് മനസ്സിലാക്കിയ കമ്പനി അധികാരികൾ പഴശ്ശിയെ അറസ്റ്റ് ചെയ്യാൻ ഉത്ത രവിട്ടു. 1796-ൽ 300 പട്ടാളക്കാരുമായി ജയിംസ് ഹോർഡൻ കേരളവർമ്മയുടെ പഴശ്ശിക്കോട്ട വള ഞ്ഞു. പക്ഷേ നേരത്തെ വിവരം കിട്ടിയിരുന്ന രാജാവും കുടുംബവും കോട്ടയിൽനിന്നും രക്ഷ പ്പെട്ടിട്ടുണ്ടായിരുന്നു. വയനാടൻ കാടുകളിൽ അഭയംതേടിയ രാജാവിന് കുറിച്യർ, കുറുമ്പർ തുടങ്ങിയ ആദിവാസികളുടെ സഹായവും ലഭി ച്ചു. വില്ലാളികളായ കുറിച്യന്മാർ ഗറില്ലായുദ്ധരീ തിയിൽ ബ്രിട്ടീഷ് സൈന്യത്തെ എതിരിട്ടു.

പലയിടത്തുവെച്ചും ബ്രിട്ടീഷ് പട്ടാളത്തിന് കനത്ത നാശനഷ്ടങ്ങൾ സംഭവിച്ചു. 1797-ൽ വലിയൊരു സൈന്യം കേണൽ ഡൗവിന്റെ നേതൃത്വത്തിൽ പഴശ്ശിയെ പിടിയ്ക്കാൻ താമര ശ്ശേരി ചുരം കടന്ന് വയനാട്ടിലെ പെരിയവരെ യെത്തി. ലഫ്റ്റനന്റ് മീലിയുടെ നേതൃത്വത്തിൽ മറ്റൊരു സൈന്യവിഭാഗം കാർക്കൂർ ചുരം വഴി യും വയനാട്ടിലെത്തി. പഴശ്ശിയുടെ അനുയായി ആയ കൈതേരി അമ്പുവിന്റെ നേതൃത്വത്തി ലുള്ള ഒരു പ്രാദേശിക സൈന്യം വയനാട്ടിലെ ത്തിയ കമ്പനി പട്ടാളത്തെ പരാജയപ്പെടുത്തി. കേണൽ ഡൗവിന്റെ നേതൃത്വത്തിൽ വയനാട്ടി ലെത്തിയ സൈന്യത്തെ കുറിച്യപടയാളികളും നായർ പടയാളികളും ചേർന്ന് തോല്പ്പിച്ചു. മേ ജർ കാമറോണിന്റെ നേതൃത്വത്തിലുള്ള ആയി രത്തിലധികം വരുന്ന കമ്പനിസൈന്യത്തെ പെ



SGOU

രിയ ചുരത്തിൽവെച്ച് പഴശ്ശിയുടെ പടയാളികൾ ആക്രമിക്കുകയും കൊന്നൊടുക്കുകയും ചെയ്തു.

ഈ പരാജയത്തെത്തുടർന്ന് ഇംഗ്ലീഷുകാർ പഴശ്ശിയുമായി സന്ധിക്കൊരുങ്ങി. 1797 ജൂലായിൽ ആണ് കമ്പനിയും പഴശ്ശിയും തമ്മിൽ കരാർ ഉണ്ടാക്കിയത്. ചിറയ്ക്കൽ രാജാവിന്റെ സഹായത്തോടെ പഴശ്ശിരാജയുമായി ഇംഗ്ലീഷുകാർ കരാറുണ്ടാക്കി. പ്രതിവർഷം 8000 രൂപ പഴശ്ശിക്കു നൽകാമെന്നും പഴശ്ശിക്കോവിലകത്തുനിന്നും പിടിച്ചെടുത്തിരുന്ന സ്വത്തുക്കളും പണവും തിരിച്ചുകൊടുക്കാമെന്നും രാജാവിനെ പഴശ്ശിയിൽതന്നെ താമസിക്കാൻ അനുവദിക്കാമെന്നും കരാർപ്രകാരം കമ്പനി സമ്മതിച്ചു.

ഈ സമാധാനം അധികനാൾ നീണ്ടുനിന്നില്ല. 1799-ൽ ശ്രീരംഗപട്ടണത്തിന്റെ പതനത്തോടുകൂടി വയനാട് കമ്പനിയുടെ പ്രദേശമായിത്തീർന്നു. പക്ഷേ, പഴശ്ശിരാജ വയനാടിന്റെ മേൽ അവകാശവാദം ഉന്നയിച്ചു. മാനന്തവാടിയിൽ താമസിച്ചുകൊണ്ട്, മാപ്പിളമാർ, നായന്മാർ, ആദിവാസികൾ തുടങ്ങി നിരവധി ജനവിഭാഗങ്ങളെ ഉൾക്കൊള്ളിച്ച് ശക്തമായൊരു സൈന്യം രൂപീകരിച്ചു. ഉണ്ണിമൂസ കാപ്പൻ, അത്തൻ കുരിക്കൾ, ചെമ്പൻപോക്കർ, കാമ്പ്രത്ത് നമ്പ്യാർ, കണ്ണവത്ത് നമ്പ്യാർ തുടങ്ങിയ ഭൂവുടമകളുടെ സഹായം പഴശ്ശിക്ക് പുതിയതായി ലഭിച്ചു. ടിപ്പുവിന്റെ സൈന്യത്തിൽനിന്ന് പിരിച്ചുവിടപ്പെട്ട മാപ്പിളമാരും പഴശ്ശിയുടെ സഹായത്തിനുണ്ടായിരുന്നു. പഴശ്ശിയെ നേരിടാനായി ബ്രിട്ടീഷുകാർ പിന്നീട് നിയോഗിച്ചത് ആർതർ വെല്ലസ്ലിയെയാണ്. തലശ്ശേരിയിലെത്തിയ വെല്ലസ്ലി വയനാടിന്റെ ഭൂമിശാസ്ത്രം മനസ്സിലാക്കുകയും അതനുസരിച്ച് സൈനികതന്ത്രങ്ങൾ ആവിഷ്കരിക്കുകയും ചെയ്തു. തന്ത്രപ്രധാനമായ കേന്ദ്രങ്ങളിൽ താവളങ്ങൾ സ്ഥാപിക്കുകയും പുതിയ റോഡുകൾ നിർമ്മിക്കുകയും ചെയ്തു.

വനങ്ങളും മലയിടുക്കുകളും നിറഞ്ഞ വയനാട്ടിൽ ജനങ്ങളുടെ പിന്തുണയോടെ യുദ്ധം ചെയ്യുന്ന പഴശ്ശിയെ പരാജയപ്പെടുത്തുക എളുപ്പമല്ലെന്ന് അറിയാമായിരുന്ന വെല്ലസ്ലി വയനാട്ടിലേക്കുള്ള അരിവിതരണം നിരോധിക്കുകയും സാമ്പത്തിക ഉപരോധം ഏർപ്പെടുത്തുകയും ചെയ്തു.

വനങ്ങളും മലയിടുക്കുകളും നിറഞ്ഞ വയനാട്ടിൽ ജനങ്ങളുടെ പിന്തുണയോടെ യുദ്ധം ചെയ്യുന്ന പഴശ്ശിയെ പരാജയപ്പെടുത്തുക എളുപ്പമല്ലെന്ന് അറിയാമായിരുന്ന വെല്ലസ്ലി വയനാട്ടിലേക്കുള്ള അരിവിതരണം നിരോധിക്കുകയും സാമ്പത്തിക ഉപരോധം ഏർപ്പെടുത്തുകയും ചെയ്തു. വയനാടിന്റെ ഇരുഭാഗങ്ങളിൽനിന്നും ആക്രമിക്കുക എന്നതായിരുന്നു വെല്ലസ്ലിയുടെ ലക്ഷ്യം. പഴശ്ശിയുടെ ഒരു താവളമായിരുന്ന പെരിയചുരം കേണൽ സ്റ്റീവൻസൺ പിടിച്ചെടുത്തു. എന്നാൽ ഒളിയുദ്ധങ്ങളിലൂടെ പഴശ്ശിയുടെ സൈന്യം കമ്പനി സൈന്യത്തിന് കനത്ത ആഘാതങ്ങൾ ഏൽപ്പിച്ചുതുടങ്ങി. പഴശ്ശിയുടെ പല സഹായികളെയും പിടികൂടി വധിക്കാൻ കമ്പനിസൈന്യത്തിന് കഴിഞ്ഞു. പഴശ്ശിയുടെ ഒരു പ്രധാന പടനായകനായ കണ്ണവത്ത് ശങ്കരൻ നമ്പ്യാരെ 1801- നവംബറിൽ ബ്രിട്ടീഷ് പട്ടാളം പിടികൂടി വധിച്ചു.

1802-ൽ മലബാർ കളക്ടറായിരുന്ന മേജർ മക്ലിയോഡ്, ജില്ലയ്ക്കകത്ത് ആയുധം കൈവശം വെക്കുന്നത് കുറ്റകരമായി പ്രഖ്യാപിച്ചു. ഇത് പഴശ്ശിക്ക് കൂടുതൽ അനുയായികളെ ഉണ്ടാക്കിക്കൊടുക്കയാണ് ചെയ്തത്. 1802 - ഒക്ടോബറിൽ പനമരത്ത് ക്യാമ്പ് ചെയ്തിരുന്ന കമ്പനിസൈന്യത്തെ, കുറിച്യനായ തലയ്ക്കൽ ചന്തുവിന്റയും എടച്ചേന കുങ്കന്റെയും നേതൃത്വത്തിലുള്ള പഴശ്ശിയുടെ പട്ടാളക്കാർ പതിയിരുന്ന് വധിക്കുകയും പനമരം കോട്ട പിടിച്ചെടുക്കുകയും ചെയ്തു. പനമരം വിജയത്തെത്തുടർന്ന് എടച്ചേന കുങ്കൻ പുൽപ്പള്ളി ക്ഷേത്രത്തിൽവെച്ച് തുറന്ന സമരത്തിന് ജനങ്ങളെ ആഹ്വാനം ചെയ്തു. മാനന്തവാടിക്കടുത്ത വള്ളിയൂർക്കാവ് ക്ഷേത്രത്തിൽ മൂവായിരത്തോളം ആളുകൾ ആയുധങ്ങളുമായി പഴശ്ശിയുടെ പട്ടാളത്തോടുചേർന്നു. അധികം താമസിയാതെ വയനാട് മുഴുവൻ പഴശ്ശി സൈന്യത്തിന്റെ നിയന്ത്രണത്തിലായി. ഇതോടുകൂടി മേജർ മക്ലിയോഡ് കളക്ടർ സ്ഥാനം രാജിവെച്ചു.



SGOU

1803-ൽ മലബാറിലെ കളക്ടറായി തോമസ് വാർഡനും വടക്കേ മലബാറിലെ സബ് കളക്ടറായി ഹാർവെബാബറും എത്തിച്ചേർന്നതോടെ പഴശ്ശിക്കെതിരായി പുതിയ തന്ത്രങ്ങൾ ആവിഷ്കരിക്കപ്പെട്ടു. കലാപകാരികളെ നേരിടാനായി ബാബർ നാടൻപടയാളികളായ കോൽക്കാരന്മാരെ നിയോഗിച്ചു. പഴശ്ശിക്ക് ആയുധസഹായം നൽകിയിരുന്ന മാപ്പിളമാരെ പിടികൂടി എല്ലാ മാർഗങ്ങളും അടച്ച് പഴശ്ശിയെ വയനാട്ടിൽ ഒതുക്കിനിർത്തി. അതിനുശേഷം ബാബറും സൈന്യവും പഴശ്ശിയെ നേരിടാനായി വയനാട്ടിലെത്തി. പല സ്ഥലങ്ങളിലുംവെച്ച് ഏറ്റുമുട്ടലുകൾ നടന്നു. പഴശ്ശിയുടെ പ്രധാന സഹായിയും കുറിച്യനേതാവുമായ തലയ്ക്കൽ ചന്തുവിനെ കമ്പനി സൈന്യം പിടികൂടി വധിച്ചത് പഴശ്ശിക്കേറ്റ ഒരു കനത്ത പ്രഹരമായിരുന്നു.

ബാബർ പുൽപ്പള്ളിയിൽ താവളമടിച്ചു. പഴശ്ശിയുടെ താവളത്തെക്കുറിച്ച് വിവരം ലഭിച്ചതിനെത്തുടർന്ന് 1805-നവംബർ 30-ന് അൻമ്പതു ബ്രിട്ടീഷുകാരും നൂറ് കോൽക്കാരന്മാരുമായി ബാബർ മൈസൂർ അതിർത്തിയിലേക്ക് നീങ്ങി. അവിടെ മാവിലത്തോടിൽ കഴിയുകയായിരുന്ന പഴശ്ശിയേയും അനുചരന്മാരേയും ബ്രിട്ടീഷ് സൈന്യം അപ്രതീക്ഷിതമായി ആക്രമിച്ചു. യുദ്ധത്തിൽ പഴശ്ശി വധിക്കപ്പെട്ടു. പഴശ്ശിരാജാവിന്റെ ശവശരീരം ബാബറുടെ നേതൃത്വത്തിൽ മാനന്തവാടിയിലേയ്ക്ക് കൊണ്ടുവന്ന് പരമ്പരാഗത ബഹുമതികളോടെ സംസ്കരിച്ചു. പഴശ്ശിയുടെ മരണത്തെത്തുടർന്ന് മറ്റ് കലാപകാരികൾ കീഴടങ്ങുകയോ, കൊല്ലപ്പെടുകയോ ചെയ്തു. 1806-ന്റെ ആദ്യത്തോടെ കലാപം പൂർണ്ണമായും അടിച്ചമർത്തപ്പെട്ടു. കേരളത്തിലെ ബ്രിട്ടീഷ് ആധിപത്യത്തിനെതിരെ നടന്ന ആദ്യത്തെ വ്യാപകവും ശക്തവുമായ സമരമായിരുന്നു പഴശ്ശിയുടേത്. ജന്മിമാരും കർഷകരും ആദിവാസികളും വ്യാപാരികളും പങ്കെടുത്ത ജനകീയ പ്രക്ഷോഭങ്ങളായിരുന്നു പഴശ്ശിക്കലാപങ്ങൾ. പരമ്പരാഗതമായ ഭരണസമ്പ്രദായം നിലനിർത്തുന്നതിനുവേണ്ടിയാണ് അദ്ദേഹം കലാപമുയർത്തിയതെങ്കിലും, ബ്രിട്ടീഷ് മേധാവിത്വത്തിനെതിരെ നടന്ന ജനകീയ പ്രക്ഷോഭങ്ങൾക്ക് നേതൃത്വം നൽകാൻ പഴശ്ശിക്ക് കഴിഞ്ഞു.

## വേലുത്തമ്പിദളവ



Fig:3.1.1 വേലുത്തമ്പിദളവ സ്മാരകം, മണ്ണടി

കേരളത്തിലെ മൈസൂർ ആധിപത്യകാലത്ത് തന്നെ കൊച്ചിയും തിരുവിതാംകൂറും ബ്രിട്ടീഷുകാരുമായി സൗഹൃദത്തിലായിരുന്നു. ടിപ്പുവിന്റെ മരണശേഷം 1800-ൽ ഒപ്പുവെയ്ക്കപ്പെട്ട ഒരു ഉടമ്പടിയെത്തുടർന്ന് കൊച്ചി, ഈസ്റ്റിന്ത്യാ കമ്പനിയുടെ മേൽക്കോയ്മ അംഗീകരിച്ചു. ബാലരാമവർമ്മ മഹാരാജാവിന്റെ കാലത്ത് തിരുവിതാംകൂറിലെ ദളവയായിരുന്നു വേലുത്തമ്പി. 1795-108 തിരുവിതാംകൂറും കമ്പനിയും തമ്മിൽ ഒരു ഉടമ്പടി ഒപ്പുവെയ്ക്കപ്പെട്ടിരുന്നു. ഇതോടെ ഒരു സുഹൃദ് രാജ്യമെന്ന നിലയിൽനിന്ന് കമ്പനിയുടെ മേധാവിത്വം അംഗീകരിച്ച രാജ്യമായി തിരുവിതാംകൂർ മാറി. അവിടത്തെ കുരുമുളകിന്റെ വ്യാപാരം കമ്പനിയുടെ കുത്തകയാക്കപ്പെട്ടതോടെ ആ രാജ്യത്തിന്റെ സാമ്പത്തികരംഗം തകരാൻ തുടങ്ങി. 1805-ൽ കമ്പനിയുടെ നിർബന്ധപ്രകാരം പുതിയ ഒരു കരാറിൽ ഒപ്പുവെയ്ക്കാൻ തിരുവിതാംകൂർ രാജാവ് നിർബന്ധിതനായി. 1805-ൽ കരാർ ഒപ്പുവെക്കുമ്പോൾ തിരുവിതാംകൂറിലെ ദളവ വേലുത്തമ്പിയും ബ്രിട്ടീഷ് റസിഡൻറ് മെക്കാളെയും ആയിരുന്നു.

ഇതോടെ തിരുവിതാംകൂറിന്റെ രാഷ്ട്രീയ സ്വാതന്ത്ര്യം നഷ്ടപ്പെടുകയും യഥാർഥഭരണം ബ്രിട്ടീഷ് റസിഡന്റിന്റെ കൈകളിൽ ഒതുങ്ങുകയും ചെയ്തു. 1805-ലെ ഉടമ്പടിയുടെ തിക്തഫലങ്ങൾ വേലുത്തമ്പിക്ക് ക്രമേണ അനുഭവപ്പെട്ടുതുടങ്ങി. വേലുത്തമ്പിയുടെ ഉത്തരവുകളിൽ ചിലത് റസിഡന്റ് മെക്കാളെ റദ്ദാക്കി. കൂടാതെ, മെക്കാളെ തിരുവിതാംകൂറിന്റെ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടാനും തുടങ്ങി. വേലുത്തമ്പിയുടെ പ്രതിഷേധം ഉയർന്നപ്പോൾ തിരുവിതാംകൂറിന്റെ കപ്പം തീർത്തടയ്ക്കാൻ റസിഡന്റ് ആവശ്യപ്പെട്ടു. ഇത് വേലുത്തമ്പിയെ കുപിതനാക്കി. അദ്ദേഹം ബ്രിട്ടീഷുകാർക്കെതിരെ പോരാടാൻ തീരുമാനിച്ചു. ഇതേ അവസരത്തിലാണ് കൊച്ചിയിലെ ദളവയായ പാലിയത്തച്ഛന്റെ ശത്രുവിന് മെക്കാളെ അഭയം നൽകിയത്. ഇത് പാലിയത്തച്ഛനെ പ്രകോപിതനാക്കി. മെക്കാളെക്കും ബ്രിട്ടീഷുകാർക്കും എതിരെ പാലിയത്തച്ഛനും വേലുത്തമ്പിയും ഒരുമിച്ച് ചേർന്ന് ഒരു പദ്ധതി രൂപീകരിക്കുകയും ഇരു രാജ്യങ്ങളിലും ബ്രിട്ടീഷുകാർക്കെതിരെ പോരാടാൻ സൈന്യങ്ങളെ രൂപീകരിക്കാൻ തുടങ്ങുകയും ചെയ്തു. മൗറീഷ്യസിലെ ഫ്രഞ്ചുകാരുടെ സഹായവും വേലുത്തമ്പി അഭ്യർഥിച്ചിരുന്നു.

സൈന്യങ്ങളെ രൂപീകരിച്ചതിനുശേഷം വേലുത്തമ്പിയും പാലിയത്തച്ഛനും 600 സൈനികരുമായി 1806 ഡിസംബറിൽ മെക്കാളെയുടെ കൊച്ചിയിലെ താവളം ആക്രമിച്ചു. മെക്കാളെ രക്ഷപ്പെട്ടു. കലാപകാരികൾ കൊച്ചിയിലെ ജയിൽ തുറന്ന് തടവുകാരെ സ്വതന്ത്രരാക്കി. 1809 ജനുവരിയിൽ തമ്പിയുടെയും പാലിയത്തച്ഛന്റെയും സൈന്യം കൊച്ചി ആക്രമിച്ചെങ്കിലും പരാജയപ്പെട്ടു. തുടർന്ന് കുണ്ടറയിലേക്ക് പിൻവാങ്ങിയ വേലുത്തമ്പി 1809 ജനുവരി 11-ന് ബ്രിട്ടീഷുകാർക്കെതിരെയുള്ള സമരത്തിൽ പങ്കുചേരാൻ ജനങ്ങളെ ആഹ്വാനം ചെയ്തു. ഇതാണ് പ്രസിദ്ധമായ 'കുണ്ടറവിളംബരം' എന്നറിയപ്പെടുന്നത്. ഈ വിളംബരം ജനങ്ങളിൽ വ്യാപകമായ ആവേശം ഉയർത്തി. കൊല്ലത്തുവെച്ച് ബ്രിട്ടീഷ് പട്ടാളക്കാരും തിരുവിതാംകൂർ സേനയും തമ്മിൽ ഏറ്റുമുട്ടി. യുദ്ധത്തിൽ തിരുവിതാംകൂർ സൈന്യം പരാജയപ്പെട്ടു. കൊച്ചിയിലും ബ്രിട്ടീഷ് സേന ചില ജയങ്ങൾ നേടി. പാലിയത്തച്ഛൻ ഇതോടെ ചേരിമാറി ബ്രിട്ടീഷുകാർക്കൊപ്പം ചേർന്നു.

ബ്രിട്ടീഷുകാർ അവരുടെ ആക്രമണം തിരുവിതാംകൂറിൽ കേന്ദ്രീകരിച്ചു. ആരുവാമൊഴി വഴി അവർ ആക്രമണം നടത്തി. പത്മനാഭപുരം കോട്ട പിടിച്ചശേഷം ബ്രിട്ടീഷ് പട്ടാളം തിരുവനന്തപുരത്തേക്ക് നീങ്ങി. ഇതിനിടയിൽ മഹാരാജാവ് വേലുത്തമ്പിയെ സ്ഥാനത്തുനിന്ന് നീക്കി. ഉമ്മിണിത്തമ്പിയെ ദളവയായി നിയമിച്ചു. പുതിയ ദളവ ബ്രിട്ടീഷുകാരുമായി കൂടിയാലോചനനടത്തുകയും തിരുവിതാംകൂർ സൈന്യത്തെ പിരിച്ചുവിടുകയും ചെയ്തു. വേലുത്തമ്പിയെ കാണിച്ചു കൊടുക്കുന്നവർക്ക് 50,000 രൂപ പാരിതോഷികം പ്രഖ്യാപിക്കപ്പെട്ടു. വേലുത്തമ്പി കിളിമാനൂർ കോയിത്തമ്പുരാനെ സന്ദർശിച്ച് തന്റെ വാൾ അദ്ദേഹത്തിന് സമ്മാനിച്ചതിനുശേഷം മണ്ണടിയിൽ ഒരു പോറ്റിയുടെ വീട്ടിൽ അഭയംപ്രാപിച്ചു. ശത്രുക്കൾ വിവരം അറിഞ്ഞതായി മനസ്സിലാക്കിയ വേലുത്തമ്പി ആത്മഹത്യ ചെയ്തു. 1809 മാർച്ച് 29-നാണ് വേലുത്തമ്പി ആത്മഹത്യ ചെയ്തത്. അദ്ദേഹത്തിന്റെ മൃതദേഹം ശത്രുക്കൾ തിരുവനന്തപുരത്ത് കണ്ണമ്മൂലയിൽ കൊണ്ടുവന്ന് പരസ്യമായി പ്രദർശനത്തിനുവെച്ചു. അദ്ദേഹത്തിന്റെ വീട് ഇടിച്ചു നിരത്തുകയും ബന്ധുക്കളെ മാലിദ്വീപിലേക്ക് നാടുകടത്തുകയും ചെയ്തു. വേലുത്തമ്പിയുടെ കലാപം പരാജയപ്പെട്ടുവെങ്കിലും ബ്രിട്ടീഷ് സാമ്രാജ്യത്തിനെതിരായി ഇന്ത്യയിൽ നടന്ന ആദ്യകാല കലാപങ്ങളിൽ ഒന്നായി അത് ആദരിക്കപ്പെടുന്നു. രാജ്യസ്നേഹത്തിന്റെ പ്രതീകമായി വേലുത്തമ്പി ജനമനസ്സുകളിൽ സ്ഥാനം പിടിക്കുകയും ചെയ്തു.

### 3.1.5 പാലിയത്തച്ഛൻ

പാലിയത്തച്ഛൻ എന്നത് പാലിയം രാജകുടുംബത്തിലെ പുരുഷഅംഗങ്ങൾക്ക് നൽകിയിട്ടുള്ള പേരാണ്. 1632 മുതൽ 1809 വരെ കൊച്ചിരാജാക്കന്മാരുടെ പ്രധാനമന്ത്രി എന്ന പദവി വഹിച്ചിരുന്നവരാണ് പാലിയത്തച്ഛന്മാർ. ചേന്ദമംഗലം, ഗോതുരുത്ത്, ചാത്തേടം, കല്ലൂർ, തൃക്കൂർ, മുളവുകാട്, നായരമ്പലം, പള്ളിപ്പുറം, വൈപ്പിൻ, തൃശ്ശൂർ ജില്ലയിലെ ചില ഭാഗങ്ങൾ എന്നിവ

SGOU

യുൾപ്പെട്ട പഴയ വില്ലാർവട്ടത്തിന്റെ കീഴിലായിരുന്ന പ്രദേശങ്ങൾ ഭരിച്ചിരുന്നത് പാലിയത്തച്ചന്മാരായിരുന്നു. പ്രദേശങ്ങളിൽ കുടുംബത്തിന് കൊട്ടാരങ്ങളും കോട്ടകളും ഉണ്ടായിരുന്നുവെങ്കിലും അവർ താമസിച്ചിരുന്നത് ചേന്ദമംഗലത്തു തന്നെയായിരുന്നു. കൊച്ചിരാജാവ് കഴിഞ്ഞാൽ ആ പ്രദേശത്തെ അധികാരവും പദവിയും സമ്പത്തുമുള്ള ആളുകളായിരുന്നു പാലിയത്തച്ചന്മാർ. 1681-ലാണ് കൊച്ചിരാജാവ് പാലിയത്തച്ചന്മാർക്ക് സർവാധ്യക്ഷസ്ഥാനം നൽകിയത്. രാജാവ് കഴിഞ്ഞാൽ തൊട്ടടുത്ത സ്ഥാനവും അധികാരവും പാലിയത്തച്ചന്മാർക്കായിരുന്നു.

പോർച്ചുഗീസുകാരുടെ വരവിനുശേഷം ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ നിർണ്ണായക പങ്ക് വഹിച്ചവരാണ് പാലിയത്തച്ചന്മാർ. അവരുടെ സേവനങ്ങൾ മാനിച്ച് കൊച്ചി രാജാവ് അവർക്ക് വൈപ്പിൻ ദ്വീപ് സമ്മാനമായി നൽകിയിരുന്നു. ശക്തൻതമ്പുരാന്റെ കാലത്ത് കൊച്ചിയുടെ ദളവസ്ഥാനം അലങ്കരിച്ചിരുന്നത് പാലിയത്തച്ചനായിരുന്നു. കൊച്ചിയിലെ അവസാനത്തെ പാലിയത്തച്ചനായ ഗോവിന്ദനച്ചൻ ബ്രിട്ടീഷുകാരുമായി ശത്രുതയിലായിരുന്ന സമയത്ത് തിരുവിതാംകൂർ ദളവയായിരുന്ന വേലുത്തമ്പിയുമായി ചേർന്ന് ബ്രിട്ടീഷ് സൈന്യത്തെ തുരത്താനുള്ള സഖ്യമുണ്ടാക്കി. തുടർന്ന് അവർ മൗറീഷ്യസ്സിലുള്ള ഫ്രഞ്ചുകാരുടെയും കോഴിക്കോട് സാമൂതിരിയുടെയും സഹായം തേടി. 1808-ൽ വിശ്വസ്തരായ കുറച്ച് സൈനികരോടൊപ്പം ബ്രിട്ടീഷ് റസിഡൻസി ആക്രമിച്ചു. എന്നാൽ അവിടെയുണ്ടായിരുന്ന മെക്കാളെ ചാരന്മാർ വഴി ആക്രമണവിവരം മുൻകൂട്ടി അറിഞ്ഞ് രക്ഷപ്പെട്ടു. ബ്രിട്ടീഷുകാർ കൊച്ചി ആക്രമിച്ചു. യുദ്ധത്തിൽ പരാജയപ്പെട്ട പാലിയത്തച്ചനെ അവർ പിടികൂടി നാടുകടത്തി. ഇതോടെ കൊച്ചിയുടെ പ്രധാനമന്ത്രി പദം പാലിയത്തച്ചന്മാർക്ക് നഷ്ടമായി.

## 3.2 മൈസൂർ ആക്രമണങ്ങൾ

പതിനെട്ടാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തിൽ ഹൈദരലിയുടെയും ടിപ്പുസുൽത്താന്റെയും നേതൃത്വത്തിൽ നടന്ന മൈസൂർ ആക്രമണങ്ങൾ കേരളചരിത്രത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തിയ ചരിത്രസംഭവമാണ്. ഇംഗ്ലീഷുകാരെ പരാജയപ്പെടുത്തി ദക്ഷിണേന്ത്യയിൽ ആധിപത്യം സ്ഥാപിക്കുകയായിരുന്നു ഈ ആക്രമണങ്ങളുടെ പ്രധാനലക്ഷ്യം. ഫ്രഞ്ചുകാരുമായി സൗഹൃദത്തിലായിരുന്ന മൈസൂർ ഭരണാധികാരികൾക്ക് മലബാറിലെ ഫ്രഞ്ച് അധീനപ്രദേശമായ മാഹിയുമായി നേരിട്ട് ബന്ധം പുലർത്താൻ മലബാർ കീഴടക്കണമായിരുന്നു. കർണ്ണാടകത്തിൽ ആധിപത്യം സ്ഥാപിച്ചു കഴിഞ്ഞിരുന്ന ബ്രിട്ടീഷുകാരെ പുറത്താക്കാൻ കേരളത്തിൽനിന്നും മൈസൂരിൽനിന്നും ഒരു ദ്വിമുഖാക്രമണം നടത്തണമെന്ന കാര്യവും ഹൈദരലി കണക്കുകൂട്ടിയിരുന്നു. കേരളത്തിലെ സുഗന്ധദ്രവ്യങ്ങളുടെ കയറ്റുമതിയും, പടിഞ്ഞാറൻതീരത്തെ തുറമുഖങ്ങളിലൂടെയുള്ള ആയുധസംഭരണവും ഇന്ത്യയിൽ ബ്രിട്ടീഷുകാരുടെ അടിസ്ഥാന സ്രോതസ്സുകളായിരുന്നു. കേരളത്തിൽനിന്നും അവരെ തുരത്തിയാൽ ദക്ഷിണേന്ത്യയിൽ ആധിപത്യം സ്ഥാപിക്കുക എളുപ്പമാകുമെന്ന് മൈസൂർ ഭരണാധികാരികൾ മനസ്സിലാക്കി.

പതിനെട്ടാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ കേരളത്തിൽ പ്രത്യേകിച്ചും മലബാറിൽ നിലനിന്നിരുന്ന രാഷ്ട്രീയമായ അരാജകത്വവും കേരളത്തിലെ രാജാക്കന്മാരുടെ പരസ്പരസഹകരണമില്ലായ്മയും അനൈക്യവും മൈസൂർ ആക്രമണകാരികളെ സഹായിച്ച ഘടകങ്ങളായിരുന്നു. സാമൂതിരിയുടെ രാജ്യവികസന നയങ്ങൾ കോഴിക്കോടും അയൽരാജ്യങ്ങളും തമ്മിലുള്ള സംഘട്ടനങ്ങൾക്ക് വഴി തെളിച്ചു. കോലത്തിരിയും കണ്ണൂരെ ആലിരാജാവും തമ്മിലുണ്ടായ മത്സരവും മലബാർ ആക്രമണത്തിന് അവസരമുണ്ടാക്കിയ പ്രധാനഘടകമാണ്. തദ്ദേശീയരായ രാജാക്കന്മാരും പ്രഭുക്കന്മാരും തമ്മിൽ കലഹിച്ചുകൊണ്ടിരുന്നപ്പോൾ, യൂറോപ്യൻ ശക്തികൾ തങ്ങളുടെ വാണിജ്യതാല്പര്യങ്ങൾ വളർത്തിയെടുക്കാൻ അവരുമായി ഉപജാപങ്ങളിലേർപ്പെട്ടു. കേരളത്തിന്റെ രാഷ്ട്രീയകാര്യങ്ങളിൽ ഇടപെടാനും സ്വന്തം രാജ്യം വിപുലീകരിക്കാനും ഹൈദരലി ഈ സ്ഥിതിഗതികൾ സുവർണ്ണാവസരമായി കണ്ടു.

### 3.2.1 ഹൈദരലിയുടെ ആക്രമണങ്ങൾ

1761-ൽ ഹൈദരലി മൈസൂറിന്റെ ഭരണാധികാരമേറ്റപ്പോൾ തന്റെ രാജ്യം വിപുലീകരിക്കു

SGOU

ന്നതിന്റെ ഭാഗമായി കേരളം പിടിച്ചടക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചു. മൈസൂരിലെ ഭരണാധികാരിയാകുന്നതിനു മുമ്പുതന്നെ ഹൈദരലി കേരളത്തിന്റെ നേർക്ക് ആക്രമണപരമായ ശ്രദ്ധ തിരിച്ചിരുന്നു. 1759-ൽ സാമൂതിരി പാലക്കാട്ടു രാജാവിന്റെ നടുവട്ടം എന്ന പ്രദേശം പിടിച്ചടക്കിയപ്പോൾ, പാലക്കാട് രാജാവായിരുന്ന കോമു അച്ചൻ, അന്ന് ഡിണ്ടിക്കലിലെ ഫൗജ്ദാർ ആയിരുന്ന ഹൈദരലിയോട് സഹായാഭ്യർഥന നടത്തി. ഹൈദരലിയുടെ സ്യാലനായ മഖ്ദൂം അലിയുടെ നേതൃത്വത്തിൽ ഒരു മൈസൂർ സൈന്യം പാലക്കാട് എത്തി. മൈസൂരിന്റെയും പാലക്കാടിന്റെയും സംയുക്തസൈന്യം സാമൂതിരിയുടെ സൈന്യത്തെ പരാജയപ്പെടുത്തി. പാലക്കാട് നിന്ന് പിടിച്ചെടുത്ത പ്രദേശങ്ങൾ തിരിച്ചേൽപ്പിക്കുവാനും യുദ്ധച്ചെലവിലേയ്ക്ക് പന്ത്രണ്ടുലക്ഷം രൂപ മൈസൂറിനു കൊടുക്കുവാനും സാമൂതിരി സമ്മതിച്ചു. എന്നാൽ ഈ തുക സാമൂതിരി നൽകിയില്ല. ഈ തുകയ്ക്കുവേണ്ടിയാണെന്ന ഭാവത്തിലാണ് ഹൈദരലി പിൽക്കാലത്ത് മലബാർ ആക്രമിച്ചത്. മൈസൂരിൽ അധികാരമേറ്റെടുത്ത ഹൈദരലി 1763-ൽ ബദനോർ കീഴടക്കി. കോലത്തിരിയുമായി ശത്രുതയിൽ കഴിഞ്ഞിരുന്ന ആലിരാജാവ് മംഗലാപുരത്തു ചെന്ന് ഹൈദരലിയെ കാണുകയും മലബാർ ആക്രമിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിക്കുകയും ചെയ്തു. റീജന്റായി കോലത്തുനാട് ഭരിച്ചുകൊണ്ടിരുന്ന ഇളമുറത്തമ്പുരാന്റെ അധികാരത്തെ ചോദ്യം ചെയ്തുകൊണ്ട് കപ്പുത്തമ്പാനെന്ന ഒരിളമുറ രാജാവ് കലാപമുണ്ടാക്കുന്ന കാലമായിരുന്നു അത്. തമ്പാനും ആലിരാജാവിന്റെ പ്രേരണക്ക് വശംവദനായി ഹൈദരലിയോട് സഹായാഭ്യർഥന നടത്തി. 1766 ഫെബ്രുവരിയിൽ ഹൈദരലി ഉത്തരകേരളത്തെ ആക്രമിച്ചു. ആലിരാജാവിന്റെ സൈന്യവും മൈസൂറിനോടൊപ്പം ചേർന്നു. കോലത്തിരിയുടെ ദുർബലമായ ചെറുത്തുനിൽപ്പിനെ അതിജീവിച്ച് മൈസൂർ സൈന്യം ചിറയ്ക്കലും കോട്ടയവും കീഴടക്കി. ചിറയ്ക്കലിലെ ഭരണം ഹൈദർ ആലിരാജാവിനെ ഏൽപ്പിച്ചു. കോലത്തിരിയുടെ കുടുംബം തലശ്ശേരിയിലെ തിരുവങ്ങാട്ടുക്ഷേത്രത്തിൽ അഭയം തേടി.

കോലത്തുനാട് കീഴടക്കിയതിനുശേഷം മൈസൂർ സൈന്യം കോട്ടയത്തേക്ക് പുറപ്പെട്ടു. ദുർബലമായ ചെറുത്തുനിൽപ്പിനുശേഷം കോട്ടയം രാജാവ് കീഴടങ്ങി. പിന്നീട് ഹൈദരലിയും സൈന്യവും കടത്തനാട്ടേക്ക് കടന്നു. ഹൈദർക്ക് അവിടെ കഠിനമായ എതിർപ്പ് നേരിടേണ്ടിവന്നു. പക്ഷേ ഹൈദരുടെ യുദ്ധതന്ത്രത്തിനുമുമ്പിൽ കടത്തനാട്ട് രാജാവിന് അവിടെനിന്നും ഓടിപ്പോകേണ്ടിവന്നു. ഹൈദർ അവിടെനിന്ന് കോഴിക്കോട്ടേക്കു പട നയിച്ചു. പാരിതോഷികങ്ങളും സമ്പത്തും നൽകാമെന്ന സാമൂതിരിയുടെ വാഗ്ദാനം ഹൈദരലി തള്ളിക്കളഞ്ഞു. 1766 ഏപ്രിൽ 20-ന് സാമൂതിരി കീഴടങ്ങി. മൈസൂർ സൈന്യത്തെ പരാജയപ്പെടുത്താൻ കഴിയാത്ത വിഷമത്തിൽ, കുടുംബാംഗങ്ങളെ പൊന്നാനിയിലേക്കയച്ച്, കൊട്ടാരത്തിന് തീ കൊളുത്തി സാമൂതിരി ആത്മഹത്യ ചെയ്തു. മലബാറിന്റെ സൈനികചുമതല റാസാ അലിയെയും സിവിൽ ഭരണചുമതല മദ്ദണ്ണയെയും ഏൽപ്പിച്ച് ഹൈദരലി കോയമ്പത്തൂരിലേയ്ക്ക് പോയി.

മഴക്കാലം ആരംഭിച്ചതോടെ സാമൂതിരി കുടുംബത്തിലെ അംഗങ്ങളുടെ പ്രേരണയോടെ കോഴിക്കോട്ടെയും കടത്തനാട്ടെയും കോട്ടയത്തെയും നായർ പടയാളികൾ മലബാറിലെ മൈസൂർ സൈന്യത്തിനെതിരെ വ്യാപകവും ശക്തവുമായ കലാപമുയർത്തി. പൊന്നാനിപ്പുഴയുടെ തീരത്തായിരുന്ന റാസാ അലിയ്ക്കും സൈന്യത്തിനും ഒരു ഭാഗത്ത് കലാപകാരികളും മറുഭാഗത്ത് നിറഞ്ഞുകവിഞ്ഞ പുഴയും ഉപരോധമേർപ്പെടുത്തി. മലബാറിലെ കലാപങ്ങളെക്കുറിച്ചറിഞ്ഞ ഹൈദർ കോയമ്പത്തൂരിൽനിന്ന് സൈന്യവുമായി മലബാറിലെത്തുകയും അതിനിഷ്ഠൂരമായി കലാപത്തെ അടിച്ചമർത്തുകയും ചെയ്തു.

ഹൈദർക്ക് നേരിട്ട ബുദ്ധിമുട്ടുകൾ വീണ്ടുമൊരു പ്രക്ഷോഭണത്തിന് കേരളത്തിലെ പ്രഭുക്കന്മാർക്ക് ധൈര്യം നൽകി. കോട്ടയമായിരുന്നു മുന്നണിയിൽ. നാലായിരം ഭടന്മാരുള്ള മൈസൂർ സൈന്യത്തെ അവർ തുരത്തിയോടിച്ചു. കലാപക്കാർ കോഴിക്കോട്ടെ മൈസൂർ സൈന്യത്തെ തകർക്കാൻ ശ്രമിച്ചെങ്കിലും മദ്ദണ്ണയുടെ നയതന്ത്രജ്ഞത മൈസൂറിനെ ആ വിനാശത്തിൽനിന്നും രക്ഷപ്പെടുത്തി. പരാജയത്തിന്റെ വക്കോളമെത്തിയ മൈസൂർ സൈ

SGOU

ന്യം നായർപ്രഭുക്കന്മാരിൽനിന്ന് നഷ്ടപരിഹാരം വാങ്ങിക്കൊണ്ട് പിൻവാങ്ങി. ഹൈദർക്ക് വർഷംതോറും കപ്പം കൊടുത്തുകൊള്ളാമെന്ന് പുതിയ സാമൂതിരി സമ്മതിച്ചു. ഹൈദർ വടക്കേ മലബാറിലെ നായർ പ്രഭുക്കന്മാരുമായും കൂടിയാലോചന നടത്തി. യുദ്ധത്തിന് നഷ്ടപരിഹാരം കൊടുക്കുക, ആലിരാജാവിന് ഉപദ്രവമുണ്ടാക്കാതിരിക്കുക, പാലക്കാടും അവിടത്തെ കോട്ടയും ഹൈദരലിയുടെ കൈവശം തന്നെയായിരിക്കുക എന്നീ മൂന്നു വ്യവസ്ഥകളിൽ തന്റെ പട്ടാളത്തെ പിൻവലിയ്ക്കാൻ ഹൈദരലി സമ്മതിച്ചു. അതനുസരിച്ച് മൈസൂർസൈന്യം 1768-ൽ കേരളത്തിൽനിന്നും പിന്മാറി.

മലബാർ ഭരണാധികാരികൾ വ്യവസ്ഥപ്രകാരം ഹൈദറിന് കപ്പം കൊടുത്തിരുന്നില്ല. 1773-ൽ കൂർഗ് കീഴടക്കിയതോടെ വയനാടിനെ ആക്രമിക്കുക ഹൈദറിന് എളുപ്പമായി മാറി, ഡിസംബറിൽ സയ്യിദ് സാഹിബിന്റെ നേതൃത്വത്തിൽ താമരശ്ശേരി ചുരം വഴിയും ശ്രീനിവാസറാവുവിന്റെ നേതൃത്വത്തിൽ പാലക്കാട് വഴിയും മൈസൂർ സൈന്യം മലബാറിലെത്തി. കേരളത്തിലെ നാടുവാഴികൾ ഈ ആക്രമണത്തെ ചെറുത്തില്ല. അങ്ങനെ മലബാറിൽ മൈസൂരിന്റെ ആധിപത്യം ഒരിയ്ക്കൽകൂടി സ്ഥാപിതമായി. ശ്രീനിവാസറാവു സിവിൽ ഗവർണ്ണറായും സർദാർഖാൻ പ്രധാന സൈന്യാധിപനായും നിയമിക്കപ്പെട്ടു.

ഹൈദരലിയുടെ ശ്രദ്ധ കൊച്ചിയിലേയ്ക്കു തിരിഞ്ഞു. യുദ്ധച്ചെലവിലേയ്ക്ക് കൊച്ചി രാജാവിനോട് രണ്ടുലക്ഷം ആവശ്യപ്പെട്ടു. രാജാവ്, തിരുവിതാംകൂറിനോട് ആലോചിച്ച് ഹൈദറിന് പണം നൽകി. 1776-ൽ യുദ്ധച്ചെലവിലേക്കായി സർദാർഖാൻ കൊച്ചിയിൽനിന്ന് വീണ്ടും പണം ആവശ്യപ്പെട്ടു. ഈ ആവശ്യം കൊച്ചീരാജാവ് നിരാകരിച്ചു. തുടർന്ന് മൈസൂർ സൈന്യം കൊച്ചി ആക്രമിച്ചു. ഇതിനിടയിൽ കൊച്ചി രാജാവ് ദൂതന്മാരെ ശ്രീരംഗപട്ടണത്തേക്ക് അയച്ച്, മൈസൂറിന് വർഷംതോറും കപ്പം കൊടുത്തുകൊള്ളാമെന്ന വിവരം ഹൈദരലിയെ അറിയിക്കുകയും അങ്ങനെ 1776 ഒക്ടോബറിൽ കൊച്ചിയിൽനിന്ന് മൈസൂർ സൈന്യം പിന്മാറാനുള്ള അന്തരീക്ഷം സൃഷ്ടിച്ചെടുക്കുകയും ചെയ്തു. ഇതിനിടയിൽ തിരുവിതാംകൂറിന്റെ നേർക്ക് ആക്രമണം നടത്തുന്നതിന് ഡച്ചുകാരുടെ നിയന്ത്രണത്തിലുള്ള പ്രദേശങ്ങളിൽക്കൂടി തന്റെ സൈന്യങ്ങൾ കടന്നുപോകാൻ അനുവദിക്കണമെന്ന ഹൈദരലിയുടെ അപേക്ഷ ഡച്ചുകാർ തള്ളിക്കളഞ്ഞു. മൈസൂർ സൈന്യം സർദാർഖാന്റെ നേതൃത്വത്തിൽ ഡച്ചുകാരുടെ വകയായ ചേറ്റുവായിലേയ്ക്ക് നീങ്ങി. അവർ ചേറ്റുവ കോട്ടയും പാപ്പിനിവട്ടവും പിടിച്ചെടുത്തു. തുടർന്ന് കൊടുങ്ങല്ലൂർ രാജാവിന്റെ ദേശങ്ങളും കീഴടക്കി. തിരുവിതാംകൂറിലെ നെടുങ്കോട്ട ഒരു പ്രതിബന്ധമായതുകൊണ്ട് സർദാർഖാന് തന്റെ ആക്രമണം തെക്കോട്ടു വ്യാപിപ്പിക്കാൻ കഴിഞ്ഞില്ല.

1780-ൽ ഇംഗ്ലീഷുകാരും മൈസൂരും തമ്മിൽ യുദ്ധം ആരംഭിച്ചു. സർദാർഖാന്റെ നേതൃത്വത്തിലുള്ള ഒരു സൈന്യം, ഇംഗ്ലീഷുകാരുടെ കീഴിലായിരുന്ന തലശ്ശേരി വളഞ്ഞു. തലശ്ശേരി കീഴടക്കാൻ കഴിഞ്ഞില്ലെങ്കിലും മൈസൂർ സൈന്യത്തിന്റെ ഉപരോധം ദീർഘനാൾ നീണ്ടുനിന്നു. 1781-ൽ മൈസൂർ സൈന്യവും ബ്രിട്ടീഷ് സൈന്യവും തമ്മിൽ നടന്ന യുദ്ധത്തിൽ സർദാർഖാന് മുറിവേറ്റതിനെത്തുടർന്ന് മൈസൂർ സൈന്യം കീഴടങ്ങി. തുടർന്ന് ഉത്തര മലബാർ മുഴുവനായും കമ്പനി സൈന്യം മൈസൂർ ആധിപത്യത്തിൽനിന്ന് സ്വതന്ത്രമാക്കി. കമ്പനിയുമായി സൗഹൃദത്തിലായിരുന്ന രാജാക്കന്മാർ അധികാരങ്ങളിൽ പുനഃസ്ഥാപിക്കപ്പെട്ടു. സാമൂതിരിയുടെ സൈന്യം ഒരിക്കൽ കൂടി ശക്തി പ്രാപിക്കുകയും മൈസൂർ സൈന്യത്തെ ദക്ഷിണമലബാറിൽനിന്ന് തുരത്തുകയും ചെയ്തു. ഇതൊടെ മലബാറിലെ മൈസൂർ ആധിപത്യം പാലക്കാട് മാത്രമായി ചുരുങ്ങി. മലബാറിൽ വീണ്ടും ആധിപത്യം സ്ഥാപിക്കാൻ ഹൈദർ, പുത്രനായ ടിപ്പുവിനെ നിയോഗിച്ചു. ഇതിനിടയിൽ 1782 ഡിസംബറിൽ ഹൈദർ അന്തരിച്ചു.

### 3.2.2 ടിപ്പു സുൽത്താൻ

1782 ഹൈദരലിയുടെ നിർദ്ദേശപ്രകാരം നവംബറിൽ ഒരു വൻസൈന്യവുമായി മലബാറിലെത്തിയ ടിപ്പു പൊന്നാനിയിൽവെച്ച് ഇംഗ്ലീഷുകാരുമായി ഏറ്റുമുട്ടി. വിപുലമായ യുദ്ധത്തിന് തയ്യാറെടുക്കുന്നതിനിടയിൽ പിതാവിന്റെ മരണവാർത്തയറിഞ്ഞ് മൈസൂരിലേയ്ക്ക് തിരിച്ചുപോ

യി. ഈ അവസരത്തിൽ ഇംഗ്ലീഷുകാർ പാലക്കാട്ടു കോട്ട പിടിച്ചെടുത്തു. കോട്ടക്കു ചുറ്റുമുള്ള പ്രദേശം സാമൂതിരിയുടെ മേൽനോട്ടത്തിലാക്കി. 1784 മാർച്ചിലെ മംഗലാപുരം സന്ധിപ്രകാരം രണ്ടാം ആംഗ്ലോ-മൈസൂർ യുദ്ധം അവസാനിച്ചു. ഈ സന്ധിപ്രകാരം മലബാറിന്റെ മേൽ ഉണ്ടായിരുന്ന ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ എല്ലാ അവകാശങ്ങളും ഉപേക്ഷിക്കപ്പെട്ടു. മലബാർ വീണ്ടും മൈസൂരിന്റെ ആധിപത്യത്തിലേയ്ക്ക് വന്നു.

ഹൈദരലി മരിക്കുന്നതിനുമുമ്പ് അർഷദ് ഖാൻ എന്ന കഴിവുറ്റ ഒരുദ്യോഗസ്ഥനെ മലബാർ ഗവർണറായി നിയമിച്ചിരുന്നു. അയാളുടെ പേരിൽ അഴിമതി ആരോപണം ഉയർന്നതിന്റെ പേരിൽ ഇബ്രാഹിം എന്നൊരാൾ മലബാറിലെ പുതിയ റവന്യൂ ഉദ്യോഗസ്ഥനായി നിയമിക്കപ്പെട്ടു. ഇബ്രാഹിം മലബാറിൽ നികുതി വർധിപ്പിച്ചതിനെത്തുടർന്ന് 1885-86-ൽ മലബാറിലുടനീളം കലാപങ്ങൾ ഉയർന്നു. കലാപത്തെ അടിച്ചമർത്താൻ കഴിയാതെ വന്നപ്പോൾ അർഷദ്ഖാൻ ടിപ്പുവിനോട് മലബാറിലേക്ക് വരാൻ ആവശ്യപ്പെട്ടു. മലബാറിലെത്തിയ ടിപ്പു അർഷദ്ഖാനെയും ഇബ്രാഹിമിനെയും അധികാരത്തിൽനിന്ന് നീക്കം ചെയ്തു. ടിപ്പു മലബാറിലുണ്ടായിരുന്ന കാലത്ത് അവിടത്തെ ഭരണരീതിയിലും സാമൂഹികാചാരത്തിലും മാറ്റം വരുത്താൻ ശ്രമിച്ചു. കോഴിക്കോടുനിന്നും ഫറൂക്കിലേക്ക് തലസ്ഥാനം മാറ്റി. ഇത് പരാജയമായി കലാശിച്ചു. ടിപ്പുവിന്റെ റവന്യൂപരിഷ്കരണവും, ബഹുഭർതൃത്വത്തിനെതിരെ അദ്ദേഹം നടത്തിയ ആക്ഷേപങ്ങളും മലബാറിലെ ജനങ്ങളെ വീണ്ടും കലാപത്തിന് പ്രേരിപ്പിച്ചു. ടിപ്പുവിന്റെ ഇത്തരം പ്രവൃത്തികൾക്കെതിരായി മലബാറിലെ രാജാക്കന്മാർ ഈസ്റ്റിന്ത്യാക്കമ്പനിയുടെ സഹായം തേടി. പടിഞ്ഞാറെക്കോവിലകത്തെ രവിവർമ്മയുടെയും മറ്റു രാജാക്കന്മാരുടെയും നേതൃത്വത്തിൽ നായന്മാർ കോഴിക്കോടുള്ള മൈസൂർകേന്ദ്രം ആക്രമിച്ചു. ഈ ഉപരോധത്തെ ചെറുക്കാൻ ലാലിയുടെയും കമറുദ്ദീൻഖാന്റെയും നേതൃത്വത്തിൽ ഒരു പുതിയ മൈസൂർ സൈന്യം കോഴിക്കോട്ടെത്തിയെങ്കിലും കലാപം പൂർണ്ണമായും അടിച്ചമർത്താൻ അവർക്ക് കഴിഞ്ഞില്ല.

കോഴിക്കോട്ടെ കലാപകാരികളെ അടിച്ചമർത്താൻ ടിപ്പു വലിയൊരു സൈന്യവുമായി കോഴിക്കോട്ടെത്തി. ഒരു വിഭാഗം സൈന്യത്തെ അവിടെ നിർത്തിയിട്ട് ടിപ്പു ഉത്തരമലബാറിലേക്കു നീങ്ങി. കലാപകാരികളായ പലരും തലശ്ശേരിയിൽ ഇംഗ്ലീഷുകാരുടെ കീഴിൽ അഭയംതേടി. പ്രഭുക്കന്മാർക്ക് അഭയം നൽകിയതിൽ പ്രതിഷേധിച്ചുകൊണ്ട് ടിപ്പു ഇംഗ്ലീഷുകാർക്ക് 1789 ഏപ്രിലിൽ ഒരു സന്ദേശമയച്ചു. പിന്നീട് അദ്ദേഹം കണ്ണൂരിലേക്ക് പോയി. അവിടെവെച്ച് ടിപ്പു തന്റെ മകൻ അബ്ദുൾ ഖാലിക്കിനെക്കൊണ്ട് അറയ്ക്കൽ ബീവിയുടെ മകളെ വിവാഹം കഴിപ്പിച്ചു. ചിറയ്ക്കൽ താലൂക്കിന്റെ ചില പ്രദേശങ്ങൾ ബീവിക്ക് വിട്ടുകൊടുക്കുകയും ചെയ്തു. തിരുവിതാംകൂർ ആയിരുന്നു ടിപ്പുവിന്റെ അടുത്ത ലക്ഷ്യം. മലബാറിൽനിന്നും പോന്ന സാമൂതിരിയ്ക്കും മറ്റു രാജാക്കന്മാർക്കും അഭയം നൽകിയ ധർമ്മരാജാവിനോട് ടിപ്പുവിന് കടുത്ത എതിർപ്പുണ്ടായി. ധർമ്മരാജാവ് ഡച്ചുകാരിൽനിന്ന് കൊടുങ്ങല്ലൂർ കോട്ടയും പള്ളിപ്പുറം കോട്ടയും വിലക്കുവാങ്ങുകയും നെടുങ്കോട്ട കെട്ടി ബലപ്പെടുത്തുകയും ചെയ്തു. ഇതും ടിപ്പുവിനെ കോപാകുലനാക്കി. അദ്ദേഹം 1789 നവംബറിൽ കൊച്ചീപ്രദേശത്തേക്ക് പ്രവേശിക്കുകയും കടന്നുപോന്ന പ്രദേശങ്ങളെ വിജനമാക്കിക്കൊണ്ടുള്ള ദീർഘമായ സൈനികയാത്രക്കുശേഷം 1789 ഡിസംബർ 4-ന് തൃശൂർ എത്തിച്ചേരുകയും ചെയ്തു. ഒരു മാസത്തോളം അവിടെ താമസിച്ച് തൃശൂർനഗരത്തെ ഒരു പുതിയ ജില്ലയുടെ ആസ്ഥാനമാക്കി. 1790-ഏപ്രിൽ 15-ന് ടിപ്പു നെടുങ്കോട്ട ഭേദിക്കുകയും തിരുവിതാംകൂർ സൈന്യത്തെ പരാജയപ്പെടുത്തുകയും ചെയ്തു. പിന്നീട് കൊടുങ്ങല്ലൂർ കോട്ട, ആലങ്ങാട്, പറവൂർ എന്നിവ കീഴടക്കിയശേഷം ആലുവയിൽ തമ്പടിച്ചു. ഇതിനിടയിൽ ബ്രിട്ടീഷുകാർ മൈസൂരിനെതിരെ ആക്രമണമാരംഭിക്കുമെന്ന വാർത്ത ലഭിച്ചതിനെത്തുടർന്ന് ടിപ്പു സ്വന്തം രാജ്യം രക്ഷിക്കാനായി മൈസൂരിലേക്ക് തിരിച്ചുപോയി.

ടിപ്പു പിൻവാങ്ങിയതിനെത്തുടർന്ന് ഇംഗ്ലീഷുകാരുടെ സഹായവാഗ്ദാനത്തിന്റെ പിൻബലത്തിൽ മലബാറിലെ ഭരണാധികാരികൾ മൈസൂർ ആധിപത്യം അവസാനിപ്പിക്കാൻ തുടങ്ങി.

SGOU

കുറുമ്പ്രനാട്, കടത്തനാട്, കോട്ടയം എന്നിവ സ്വതന്ത്രമാക്കപ്പെട്ടു. അറയ്ക്കൽ ബീവി നേരിയ എതിർപ്പ് പ്രകടിപ്പിച്ചെങ്കിലും അവരും കമ്പനിയുടെ മേധാവിത്വം അംഗീകരിച്ചു. 1790 സെപ്തംബർ 22-ന് കേണൽ സ്റ്റുവർട്ട് പാലക്കാട് കീഴടക്കി. വൈപ്പിൻ, കൊടുങ്ങല്ലൂർ തുടങ്ങിയ പ്രദേശങ്ങൾ കേണൽ ഹാർട്ട്ലിയും കീഴടക്കി. മൈസൂർ യുദ്ധത്തിൽ പൂർണ്ണമായും പരാജയപ്പെട്ട ടിപ്പു സമാധാനത്തിനപേക്ഷിക്കുകയും ശ്രീരംഗപട്ടണം ഉടമ്പടിയിൽ ഒപ്പുവെയ്ക്കുകയും ചെയ്തു. 1792 മാർച്ച് 18-ന് ഒപ്പുവെക്കപ്പെട്ട ഉടമ്പടിപ്രകാരം മലബാർ ഔപചാരികമായി ഇംഗ്ലീഷുകാർക്കു ലഭിച്ചു.

## Recap

- അഞ്ചുതെങ്ങ് കലാപം ആറ്റിങ്ങൽ കലാപം എന്നും അറിയപ്പെടുന്നു
- ആറ്റിങ്ങൽ തമ്പുരാൻ എന്നാണ് ആ രാജവംശത്തിലെ സ്ത്രീകളെയും വിളിക്കുക
- 1684-ൽ അഞ്ചുതെങ്ങിൽ ഒരു കോട്ട കെട്ടാൻ ബ്രിട്ടീഷുകാർക്ക് ആറ്റിങ്ങൽ റാണി അനുവാദം നൽകി
- ദക്ഷിണ - മധ്യകേരളത്തിൽ ബ്രിട്ടീഷുകാരുടെ സ്വാധീനത വർധിപ്പിക്കാൻ ഇത് കാരണമായി
- ബ്രിട്ടീഷുകാർക്ക് അഞ്ചുതെങ്ങിൽ നൽകിയ സൗജന്യങ്ങൾ നാട്ടുകാരെ രോഷാകുലരാക്കി
- 1721 ഏപ്രിൽ 15-നാണ് ആറ്റിങ്ങൽ കലാപം നടന്നത്
- കേരളത്തിൽ ബ്രിട്ടീഷുകാർക്കെതിരെ നടന്ന ആദ്യത്തെ സംഘടിത പ്രക്ഷോഭമാണ് ആറ്റിങ്ങൽ കലാപം
- ആറ്റിങ്ങൽ കലാപം പരാജയപ്പെട്ടു
- സാമൂതിരിയുടെ നാവികസേനയുടെ മേധാവികളായിരുന്നു കുഞ്ഞാലി മരയ്ക്കാർമാർ
- കുഞ്ഞാലി എന്ന പദത്തിന് വിശ്വസ്തൻ എന്നർഥമുണ്ട്
- കുഞ്ഞാലി ഒന്നു മുതൽ നാല് വരെയുള്ളവരാണ് കേരളചരിത്രത്തിൽ പ്രാധാന്യമുള്ളവർ.
- കുഞ്ഞാലി ഒന്നാമൻ - കുട്ടി ആലി
- 1529-ൽ ചാലിയം കോട്ട പോർച്ചുഗീസുകാർ നിർമ്മിച്ചു
- കുഞ്ഞാലി മൂന്നാമൻ - പട്ടുമരയ്ക്കാർ, പടമരയ്ക്കാർ എന്നീ പേരുകളിൽ അറിയപ്പെട്ടിരുന്നു
- പുതുപ്പണ്ണം കോട്ട മരയ്ക്കാർ കോട്ട എന്നറിയപ്പെടുന്നു
- കുഞ്ഞാലി മൂന്നാമനാണ് മരയ്ക്കാർ കോട്ട നിർമ്മിച്ചത്
- കുഞ്ഞാലി നാലാമൻ ഇന്ത്യൻ സമുദ്രങ്ങളുടെ അധിനായകൻ എന്ന ബിരുദം സ്വീകരിച്ചു
- പോർപറവകൾ എന്ന പേരിൽ പരിശീലനം നേടിയ സേനാവിഭാഗം കുഞ്ഞാലിമാർക്കുണ്ടായിരുന്നു
- ഈസ്റ്റ് ഇന്ത്യാകമ്പനിയുടെ രേഖകളിൽ പൈച്ചിരാജയെന്നും കെട്ട്യോട്ട് രാജയെന്നുമാണ് പഴശ്ശിരാജയെ വിശേഷിപ്പിച്ചിട്ടുള്ളത്
- വടക്കേ മലബാറിൽ കോട്ടയം രാജകുടുംബത്തിലെ അംഗമായിരുന്നു പഴശ്ശിരാജ
- ശ്രീരംഗപട്ടണം സന്ധി 1792-ൽ
- 1797-ൽ ഈസ്റ്റ് ഇന്ത്യാകമ്പനിയും പഴശ്ശിയും തമ്മിൽ ഒരു കരാറുണ്ടാക്കി

SGOU

- പഴശ്ശിയുമായി ഉണ്ടാക്കിയ കരാർ-പ്രതിവർഷം 8000 രൂപ പഴശ്ശിക്ക് നൽകുക, കോവിലകത്തുനിന്നും പിടിച്ചെടുത്ത സ്വത്തുക്കളും മറ്റും തിരിച്ചുനൽകുക, രാജാവിനെ പഴശ്ശിയിൽ തുടരാൻ അനുവദിക്കുക
- ശ്രീരംഗപട്ടണത്തിന്റെ പതനത്തോടെ വയനാട് കമ്പനിയുടേതായി
- പഴശ്ശി വയനാടിനുമേൽ അവകാശം ഉന്നയിച്ചു
- നാട്ടുകാരുടെയും മാപ്പിളമാരുടെയും ആദിവാസികളുടെയും സഹായത്തോടെ പഴശ്ശി സൈന്യം ഉണ്ടാക്കി
- പഴശ്ശിയെ നേരിടാൻ ബ്രിട്ടീഷുകാർ ആദ്യം നിയോഗിച്ചത് ആർതർ വെല്ലസ്ലിയെയാണ്.
- മാവിലത്തോടിൽവെച്ച് നടന്ന യുദ്ധത്തിൽ പഴശ്ശി വധിക്കപ്പെട്ടു
- കേരളത്തിലെ ബ്രിട്ടീഷ് ആധിപത്യത്തിനെതിരെ നടന്ന ആദ്യത്തെ ശക്തവും വ്യാപകവുമായിരുന്ന സമരമായിരുന്നു പഴശ്ശിയുടേത്
- ടിപ്പുവിന്റെ മരണശേഷം 1800-ൽ ഉണ്ടാക്കിയ സന്ധിപ്രകാരം കൊച്ചി ഈസ്റ്റിന്ത്യാ കമ്പനിയുടെ മേൽക്കോയ്മ അംഗീകരിച്ചു
- ബാലരാമവർമ്മയുടെ കാലത്ത് തിരുവിതാംകൂറിലെ ദളവയായിരുന്നു വേലുത്തമ്പി
- 1805-ൽ തിരുവിതാംകൂർ ബ്രിട്ടീഷുകാരുമായി സന്ധിയിലേർപ്പെട്ടു
- ആ സമയത്ത് ദളവ വേലുത്തമ്പിയും ബ്രിട്ടീഷ് റസിഡന്റ് മെക്കാളെയുമായിരുന്നു
- 1805ലെ സന്ധിക്കുശേഷം ബ്രിട്ടീഷുകാർ തിരുവിതാംകൂറിന്റെ രാഷ്ട്രീയകാര്യങ്ങളിൽ ഇടപെടാൻ തുടങ്ങി.
- 1806-ൽ വേലുത്തമ്പിയും പാലിയത്തച്ചനും കൂടി കൊച്ചിയിലെ മെക്കാളെയുടെ താവളം ആക്രമിച്ചു.
- കുണ്ടറ വിളംബരം 1809 ജനുവരി 11-നാണ് നടന്നത്
- 1809 മാർച്ച് 29-ന് വേലുത്തമ്പി ആത്മഹത്യ ചെയ്തു
- പാലിയം കുടുംബത്തിലെ പുരുഷാംഗങ്ങൾക്ക് നൽകിയിട്ടുള്ള പേരാണ് പാലിയത്തച്ചൻ എന്നത്
- കൊച്ചിരാജാക്കന്മാരുടെ മന്ത്രിമുഖ്യന്മാരായിരുന്നു പാലിയത്തച്ചന്മാർ
- പാലിയത്തച്ചന്മാരുടെ സേവനങ്ങൾ മാനിച്ച് വൈപ്പിൻ ദ്വീപ് കൊച്ചിരാജാവ് അവർക്ക് സമ്മാനിച്ചു
- 1761-ൽ ഹൈദരലി മൈസൂരിന്റെ ഭരണാധികാരിയായി
- 1763-ൽ ഹൈദരലി ബദനോർ കോട്ട കീഴടക്കി
- ദക്ഷിണേന്ത്യയിൽ ആധിപത്യം സ്ഥാപിക്കുവാൻ ഹൈദരലി തീരുമാനിച്ചു
- പാലക്കാട് സാമൂതിരിയിൽനിന്നും പിടിച്ചെടുത്തു
- മലബാർ ആക്രമിക്കാൻ ആലിരാജാവ് ഹൈദരലിയോട് അഭ്യർഥിച്ചു
- 1766-ൽ ഹൈദരലി ഉത്തരകേരളം ആക്രമിച്ചു
- മൈസൂർ സൈന്യം ചിറയ്ക്കലും കോട്ടയവും കീഴടക്കി
- ചിറയ്ക്കലിലെ ഭരണം ആലിരാജാവിനെ ഏൽപ്പിച്ചു
- 1766-ൽ കോഴിക്കോട് ആക്രമിച്ചു. സാമൂതിരി ഹൈദരലിക്ക് കീഴടങ്ങി
- വടക്കേ മലബാറിലെ പ്രഭുക്കന്മാരുമായുണ്ടാക്കിയ വ്യവസ്ഥപ്രകാരം 1768-ൽ മൈസൂർ സൈന്യം കേരളത്തിൽനിന്നും പിന്മാറി
- 1776-ൽ മൈസൂർ സൈന്യം കൊച്ചി കീഴടക്കി

SGOU



SREENARAYANAGURU OPEN UNIVERSITY

- 1782-ൽ ഹൈദരലി അന്തരിച്ചു
- 1784-ലെ മംഗലാപുരം സന്ധിപ്രകാരം രണ്ടാം ആംഗ്ലോ- മൈസൂർ യുദ്ധം അവസാനിച്ചു
- ടിപ്പുവിന്റെ ഭരണപരിഷ്കാരങ്ങൾ പരാജയപ്പെട്ടു
- 1790-ൽ ടിപ്പു തിരുവിതാംകൂർ ആക്രമിച്ച് കീഴടക്കി
- 1792 മാർച്ച് 18-നാണ് ശ്രീരംഗപട്ടണം ഉടമ്പടി തയ്യാറാക്കിയത്

## Objective Type Questions

1. ആറ്റിങ്ങൽ കലാപത്തിന്റെ മറ്റൊരു പേര്?
2. ആറ്റിങ്ങൽ കലാപം നടന്നത് ഏത് വർഷമാണ്?
3. കേരളത്തിൽ ബ്രിട്ടീഷുകാർക്കെതിരെ നടന്ന ആദ്യത്തെ സംഘടിത പ്രക്ഷോഭം ഏത്?
4. സാമൂതിരിയുടെ കപ്പൽപ്പടയുടെ സൈന്യാധിപൻ ആര്?
5. കുഞ്ഞാലി ഒന്നാമന്റെ യഥാർഥ പേരെന്ത്?
6. കുഞ്ഞാലി ഒന്നാമനെ പരാജയപ്പെടുത്തിയ പോർച്ചുഗീസ് ഗവർണർ ആര്?
7. പുതുപ്പണം കോട്ട അറിയപ്പെടുന്നത് ഏത് പേരിലാണ്?
8. 'ഇന്ത്യൻ സമുദ്രങ്ങളുടെ അധിനായകൻ' എന്ന ബിരുദം സ്വീകരിച്ചത് ആര്?
9. കുഞ്ഞാലിമാരുടെ സൈന്യം അറിയപ്പെടുന്നത് ഏത് പേരിലാണ്?
10. ഏത് വർഷമാണ് ശ്രീരംഗപ്പട്ടണം സന്ധിയുണ്ടായത്?
11. പഴശ്ശിരാജയുടെ യഥാർഥ നാമമെന്ത്?
12. പഴശ്ശിയുടെ യുദ്ധമുറയെങ്ങനെയുള്ളതായിരുന്നു?
13. ഏത് മഹാരാജാവിന്റെ ദളവയായിരുന്നു വേലുത്തമ്പി?
14. എന്നാണ് കുണ്ടറവിളംബരം നടന്നത്?
15. പാലിയം കുടുംബത്തിലെ പുരുഷാംഗങ്ങൾക്ക് നൽകിയിട്ടുള്ള പേരെന്ത?
16. കൊച്ചി രാജാക്കന്മാരുടെ പ്രധാനമന്ത്രിമാർ അറിയപ്പെട്ടിരുന്നത് ഏത് പേരിലാണ്?
17. ശ്രീരംഗപട്ടണം ഉടമ്പടി എന്നാണ്?
18. ഹൈദരലി മൈസൂറിന്റെ ഭരണാധികാരിയായി ചുമതലയേറ്റത് എന്ന്?
19. കോഴിക്കോടുനിന്നും ഫാറൂഖിലേക്ക് തലസ്ഥാനം മാറ്റിയ മൈസൂർ ഭരണാധികാരി ആര്?
20. കുണ്ടറ വിളംബരം നടത്തിയതാര്?

## Answers

1. അഞ്ചുതെങ്ങ് കലാപം
2. 1721 ഏപ്രിൽ 15
3. ആറ്റിങ്ങൽ കലാപം
4. കുഞ്ഞാലി മരയ്ക്കാർ
5. കുട്ടി ആലി
6. ലോപ്പോസ് ഡി സമ്പായോ
7. മരയ്ക്കാർ കോട്ട
8. കുഞ്ഞാലി നാലാമൻ
9. പോർപറവകൾ
10. 1792-ൽ



SGOU

11. കേരളവർമ്മ പഴശ്ശിരാജ
12. ഗറില്ലാ രീതി
13. ബാലരാമവർമ്മ
14. 1809 ജനുവരി 11
15. പാലിയത്തച്ചൻ
16. പാലിയത്തച്ചൻ
17. 1792 മാർച്ച് 18-ന്
18. 1761-ൽ
19. ടിപ്പു സുൽത്താൻ
20. വേലുത്തമ്പി ദളവ

## Assignments

1. കുഞ്ഞാലിമരയ്ക്കാർമാരുടെ സമരങ്ങളെക്കുറിച്ച് സംഗ്രഹിക്കുക.
2. പഴശ്ശിസമരങ്ങളെക്കുറിച്ച് ഉപന്യസിക്കുക
3. മൈസൂർ ആക്രമണങ്ങളെക്കുറിച്ച് ഒരുപന്യാസം തയ്യാറാക്കുക
4. ബ്രിട്ടീഷുകാർക്കെതിരെ വേലുത്തമ്പിയും പാലിയത്തച്ചനും നടത്തിയ യുദ്ധങ്ങളെക്കുറിച്ച് വിശകലനം ചെയ്യുക.
5. കേരളത്തിൽ ബ്രിട്ടീഷുകാർക്കെതിരെ നടന്ന സമരങ്ങളെക്കുറിച്ച് വിലയിരുത്തുക

SGOU

## Reference


1. കെ.എൻ. ഗണേഷ്, കേരളത്തിന്റെ ഇന്നലെകൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം. 1990.
2. പി.കെ. ഗോപാലകൃഷ്ണൻ, കേരളത്തിന്റെ സാംസ്കാരികചരിത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം. 1994.
3. ടി.കെ. ഗംഗാധരൻ, കേരളചരിത്രം, കോപ്പറേറ്റീവ് സൊസൈറ്റി, കോഴിക്കോട് സർവകലാശാല, കോഴിക്കോട്, 2021.
4. എ. ശ്രീധരമേനോൻ, കേരളചരിത്രം, ഡി. സി. ബുക്സ്, കോട്ടയം. 2015.


## Suggested Reading


1. എൻ.എം. നമ്പൂതിരി, കേരളസംസ്കാരം: അകവും പുറവും, കാലിക്കറ്റ് യൂണിവേഴ്സിറ്റി കോപ്പറേറ്റീവ് സൊസൈറ്റി, കോഴിക്കോട്, 2005.
2. മലബാർ പഠനങ്ങൾ - സാമൂതിരി നാട്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2008.
3. എസ്.കെ. വസന്തൻ, നമ്മൾ നടന്ന വഴികൾ, മലയാള പഠന ഗവേഷണകേന്ദ്രം, തൃശ്ശൂർ. 2011.

BLOCK - 04

# പാശ്ചാത്യ സാംസ്കാരിക നവോത്ഥാനം കേരളത്തിൽ

SGOU

# മിഷണറിമാർ, നവോത്ഥാനനായകർ

## Learning Outcomes

- 18 ഉം, 19 ഉം നൂറ്റാണ്ടിലെ കേരളത്തിന്റെ സാമൂഹിക വ്യവസ്ഥിതിയെപ്പറ്റി മനസ്സിലാക്കുന്നു
- വിദേശമിഷണറിമാരുടെ ആഗമനം വരുത്തിയ മാറ്റങ്ങൾ തിരിച്ചറിയുന്നു
- വിദ്യാഭ്യാസം, ഭാഷാഗദ്യം എന്നിവയിൽ മിഷീണറിമാരുടെ സംഭാവനകൾ തിരിച്ചറിയുന്നു
- ആയിത്തോച്ചാടനാവുമായി ബന്ധപ്പെട്ട് മിഷണറിമാർ നടത്തിയ ഇടപെടലുകൾ മനസ്സിലാക്കുന്നു
- നവോത്ഥാനപ്രക്രിയയിൽ ആത്മീയാചാര്യന്മാർ എങ്ങനെ പ്രവർത്തിച്ചിരുന്നു എന്ന് മനസ്സിലാക്കുന്നു
- നവോത്ഥാനനായകർ സാമൂഹിക പരിവർത്തനത്തിൽ വഹിച്ച പങ്കെന്തെന്ന് തിരിച്ചറിയുന്നു

## Prerequisite

"തൊട്ടുകൂടാത്തവർ തീണ്ടിക്കൂടാത്തവർ
ദൃഷ്ടിയിൽ പെട്ടാലും ദോഷമുള്ളോർ" എന്ന് കുമാരനാശാന് ഒരു കാലഘട്ടത്തെ വിലയിരുത്തികൊണ്ട് എഴുതേണ്ടിവന്നു. തൊട്ടുകൂടാൻ പാടില്ലാത്ത, തീണ്ടുവാൻ പാടില്ലാത്ത, മാറുമറയ്ക്കാനും, വിദ്യ അഭ്യസിക്കാനും, ആഭരണമണിയുവാനും, വ്യത്യസ്ത ജാതിയിൽപ്പെട്ടവർക്ക് ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കാനും അനുവാദമില്ലാത്ത, ഒരു കാലഘട്ടത്തിലൂടെയാണ് നമ്മൾ കടന്നുവന്നത്. 'കൊല്ലവർഷം 1031 (1856) വരെ പുലയരെ സ്ഥാവരവസ്തുക്കളെ പോലെ വില്പന നടത്തിയിരുന്നു. ഒരു രാജകീയ വിളംബരം കൊണ്ട് ആ വർഷത്തിൽ അടിമത്തം നിർത്തൽ ചെയ്തു. പിന്നീട് കൊല്ലവർഷം 1040-ൽ (1865) സർ ടി. മാധവറാവു ദിവാൻ ആയിരുന്നപ്പോൾ ഞങ്ങൾക്ക് പൊതുനിരത്തുകളിൽ നടക്കാൻ അവകാശം ലഭിച്ചു. എന്നാൽ ആ വിളംബരവും വളരെ നാൾ ഏട്ടിൽ കിടക്കുന്നതേയുള്ളൂ'. എന്ന് പുലയരുടെ സംഘടനയായ സാധുജന പരിപാലനസംഘം 1914-ൽ ദിവാൻ പി. രാജഗോപാലാചാരിക്ക് സമർപ്പിച്ച മെമ്മോറാണ്ടത്തിൽ സൂചിപ്പിക്കുന്നു. അന്ന് കേരളത്തിൽ നിലവിലിരുന്ന ഒരു അവസ്ഥയുടെ ഏകദേശരൂപം ഇവിടെ കാണാം.

അങ്ങനെയുള്ള കേരളത്തിലേക്ക് കച്ചവടത്തിനും മതപ്രചാരണത്തിനുമായി കടന്നുവന്ന വിദേശശക്തികൾക്ക് മറ്റു താല്പര്യങ്ങളുണ്ടായിരുന്നെങ്കിലും ജാതിമത പരിഗണനയില്ലാതെ, എല്ലാവർക്കും വിദ്യാഭ്യാസം നൽകുക എന്ന ഒരു ലക്ഷ്യവും ഉണ്ടായിരുന്നു. പതിനാറാം നൂറ്റാണ്ടു മുതൽ മിഷണറിമാരുടെ പ്രവർത്തനങ്ങളുണ്ടായിരുന്നെങ്കിലും പതിനെട്ടും പത്തൊമ്പതും നൂറ്റാണ്ടുകളിലാണ് അത് ജനകീയമായ അനേകം നേട്ടങ്ങൾ കൈവരിച്ചത്. കേരളത്തിൽ വിദ്യാഭ്യാസസ്ഥാപനങ്ങൾ മിഷണറിമാർ സ്ഥാപിച്ചതിനുശേഷം എഴുത്തും വായനയും അറിയാവുന്ന യുവതലമുറ രൂപപ്പെട്ടുവന്നു.



SGOU

'ഒരു ജാതി ഒരു മതം ഒരു ദൈവം, മതമേതായാലും മനുഷ്യൻ നന്നായാൽ മതി" തൊട്ടുകൂടാത്തവർ തീണ്ടികൂടാത്തവർ ദൃഷ്ടിയിൽ പെട്ടാലും ദോഷമുള്ളവർ എന്ന മനോഭാവത്താൽ മനുഷ്യരെ അകറ്റിനിർത്തിയിരുന്ന ഒരു കാലഘട്ടത്തെപ്പറ്റി എല്ലാവരും കേട്ടിട്ടുണ്ടാവുമല്ലോ. ആ കാലഘട്ടത്തിൽ മനുഷ്യരെ പുരോഗതിയിലേക്ക് നയിക്കുന്ന പ്രസ്ഥാനങ്ങളൊന്നും ഉണ്ടായിരുന്നില്ല. വിദേശികൾ സാമ്രാജ്യമോഹവുമായി കടന്നുവന്ന നാളുകളായിരുന്നു അത്. ജാതിസമ്പ്രദായം അന്ന് ഉണ്ടായിരുന്നതിനാൽ ഒരുകൂട്ടം ജനങ്ങളെ അസ്പൃശ്യരും അപ്രാപ്യരുമാക്കി മാറ്റി നിർത്തിയിരുന്നു. സർക്കാർ ജോലികളിൽ താഴ്ന്നജാതിക്കാർക്ക് പ്രവേശനം ഉണ്ടായിരുന്നില്ല. ഈ പശ്ചാത്തലത്തിലാണ് തെക്കൻ കേരളത്തിൽ ജനകീയപ്രസ്ഥാനങ്ങൾ രൂപംകൊണ്ടത്. സാമൂഹ്യപരിഷ്കരണങ്ങൾക്കായി നിലകൊണ്ട ജനകീയപ്രസ്ഥാനങ്ങളോട് ബ്രിട്ടീഷുകാർ അനുഭാവപൂർവമായിട്ടായിരുന്നു പെരുമാറിയിരുന്നത്. അയിത്തം നിറഞ്ഞിരുന്ന ഈ കാലഘട്ടത്തിലാണ് വൈകുണ്ഠസ്വാമി, അയ്യാവ് സ്വാമി, ശ്രീനാരായണഗുരു, ചട്ടമ്പിസ്വാമി, സഹോദരൻ അയ്യപ്പൻ തുടങ്ങിയ സാമൂഹിക പരിഷ്കർത്താക്കൾ രംഗപ്രവേശം ചെയ്തത്.

## Key Themes

മിഷണറി പ്രവർത്തനങ്ങൾ - കേരളസമൂഹത്തലെ പരിവർത്തനം -അച്ചടി - വർത്തമാനപുസ്തകം - ബെഞ്ചമിൻ ബെയ്‌ലി - ബാസൽ മിഷൻ - ഹെർമൻ ഗുണ്ടർട്ട് - രാജ്യസമാചാരം ജ്ഞാനിക്ഷേപം - സി. എം. എസ്സ് - എൽ. എം. എസ്സ് - ആത്മീയാചാര്യന്മാർ - പ്രവർത്തനങ്ങൾ - അയ്യാവൈകുണ്ഠസ്വാമികൾ - ശ്രീനാരായണഗുരു - ചട്ടമ്പിസ്വാമികൾ- ബ്രഹ്മാനന്ദശിവയോഗി - വാഗ്ഭടാനന്ദൻ - ആനന്ദതീർത്ഥൻ

## Discussion

### 4.1 മിഷണറി പ്രവർത്തനങ്ങൾ

എ. ഡി. പതിനാറു മുതൽ പത്തൊമ്പതു വരെയുള്ള കാലഘട്ടത്തിലാണ് മിഷണറിമാരുടെ പ്രവർത്തനം കേരളത്തിലുണ്ടായിരുന്നത്. പോർച്ചുഗീസുകാർ, ഡച്ചുകാർ, ഇംഗ്ലീഷുകാർ എന്നീ വിദേശികളായിരുന്നു അവർ. മതപരിവർത്തനം പ്രധാന ലക്ഷ്യമായി കണ്ട വിദേശ മിഷണറിമാർ അത് സാക്ഷാത്കരിക്കുന്നതിനു വേണ്ടി വിദ്യാഭ്യാസസ്ഥാപനങ്ങളും അച്ചുകൂടങ്ങളും, അനേകം ദേവാലയങ്ങളും, മതപാഠശാലകളും സ്ഥാപിച്ചു. വിദേശത്ത് പഠിച്ച് അറിവു നേടിയ ഉന്നതരായ വൈദിക പ്രമുഖരുടെ നേതൃത്വത്തിലായിരുന്നു മിഷണറി പ്രവർത്തനങ്ങൾ ആരംഭിച്ചത്. കൊടുങ്ങല്ലൂർ, വാരാപ്പുഴ, അമ്പഴക്കാട്, കൊച്ചി, വൈപ്പിൻകോട്ട മുതലായ സ്ഥലങ്ങളിൽ സ്ഥാപിച്ച വൈദികപഠനകേന്ദ്രങ്ങളിൽ പ്രവർത്തിച്ചവർ പാശ്ചാത്യമായ ആശയങ്ങൾ വിതരണം ചെയ്യുന്നതിനു വേണ്ടി മലയാളഭാഷയോടൊപ്പം സംസ്കൃതം, തമിഴ്, തുടങ്ങിയ ഭാഷകളും പഠിച്ചു. അർണ്ണോസ് പാതിരി, ആഞ്ചലോസ് ഫ്രാൻസിസ്, ക്ലമെന്റ് പാതിരി, എന്നിവരായിരുന്നു ആ മതപഠനശാലയിലെ പ്രമുഖർ. 1699-ൽ അമ്പഴക്കാട്ടെത്തിയ അർണോസ് പാതിരി മലയാളത്തിൽ ഏതാനും ഭക്തികാവ്യങ്ങൾ രചിച്ചു. 'പുത്തൻപാന'യാണ് അതിൽ പ്രധാനപ്പെട്ട കൃതി. ഇത് കൂടാതെ ഒരു നിഘണ്ടുവും വ്യാകരണഗ്രന്ഥവും അദ്ദേഹം തയ്യാറാക്കി. 1700-ൽ വരാപ്പുഴ ബിഷപ്പ് ആയിരുന്ന ഡോ. ആഞ്ചലോ ഫ്രാൻസിസാണ് ആദ്യത്തെ മലയാളവ്യാകരണഗ്രന്ഥം രചിച്ചത്.

പോർച്ചുഗീസുകാർക്ക് ശേഷം ഡച്ചുകാരും അതിനുശേഷം ഇംഗ്ലീഷുകാരും അവരോടൊപ്പം പ്രൊട്ടസ്റ്റന്റ് മിഷണറിമാരും കേരളത്തിൽ പ്രവർത്തനം ആരംഭിച്ചു. ഈ കാലഘട്ടത്തിലാണ് ഇംഗ്ലീഷ് വിദ്യാഭ്യാസം കേരളത്തിൽ അഭിവൃദ്ധി പ്രാപിക്കാൻ തുടങ്ങിയത്. കേരളത്തിന്റെ സാമൂഹികവും, സാംസ്കാരികവും, ഭാഷാപരവും, വിദ്യാഭ്യാസപരവുമായ മേഖലകളിൽ ഈ

SGOU

കാലഘട്ടം ചൈതന്യം പ്രസരിപ്പിച്ചു. സമൂഹിക ജീവിതത്തിന്റെ എല്ലാ മേഖലകളെയും നവീക രിക്കുന്ന പ്രവർത്തനങ്ങളായിരുന്നു മിഷണറിമാ രുടേത്. വിദേശമിഷണറിമാരുടെ സഹകരണം കൊണ്ട് വ്യവഹാരഭാഷയ്ക്കാണ് വളരെ വികാ സമുണ്ടായത്. മലയാളഗദ്യഭാഷയെ വളർത്തി ഒരു ബഹുജന മാധ്യമമാക്കിയെടുത്തത് അവ രാണ്. അതിനുവേണ്ടി പദകോശനിർമ്മാണവും പദവാക്യവ്യവസ്ഥാപനവും കൈക്കൊണ്ടു. ഇത് ത്വരിതപ്പെടുത്താൻ വേണ്ടി അച്ചടിശാലകളും നിർമ്മിച്ചു. നിസ്സംഗമായ ആഖ്യാനം നിർവഹിച്ചി രുന്ന പൂർവഗദ്യരൂപങ്ങളിൽ നിന്ന് വ്യത്യസ്തമാ യി ആത്മസ്പർശമുള്ള ഗദ്യമായിരുന്നു അവർ നൽകിയത്.

മിഷണറിമലയാളഗദ്യത്തിന്റെ വികാസപരി ണാമ ചരിത്രം സ്വയം പ്രകാശിപ്പിക്കുന്ന അനേ കം ഗദ്യകൃതികൾ അക്കാലത്തുണ്ടായി. മിഷ ണറിമാരെ പിന്തുടർന്ന്, ആ ഭാഷാരീതിയോടു സാദൃശ്യം പുലർത്തുന്ന ഭാഷയിൽ നാട്ടുകാ രായ പുരോഹിതന്മാരും കൃതികൾ രചിച്ചു. മലയാളത്തിലെ ആദ്യത്തെ യാത്രാവിവരണ ഗ്രന്ഥമായ പാറേമ്മാക്കൽ തോമാക്കത്തനാരുടെ 'വർത്തമാനപുസ്തകം' മിഷണറിമലയാളത്തിൽ ഉൾപ്പെടുന്ന ഒരു കൃതിയാണ്. ഡോ. കരിയാറ്റിൽ യൗസേപ്പു മല്പാന്റെ 'വേദതർക്ക'മാണ് (1768) മറ്റൊരു മിഷണറിമലയാളകൃതി.

### 4.1.1 മിഷണറിവിദ്യാഭ്യാസ പ്രവർത്തനങ്ങൾ

പോർച്ചുഗീസുകാർക്ക് ശേഷം ഡച്ചുകാരും അതിനുശേഷം ഇംഗ്ലീഷുകാരും അവരോടൊപ്പം വന്ന പ്രൊട്ടസ്റ്റന്റ് മിഷണറിമാരും കേരളത്തിൽ പ്രവർത്തനം ആരംഭിച്ചു. ഈ കാലഘട്ടത്തിലാ ണ് ഇംഗ്ലീഷ് വിദ്യാഭ്യാസം കേരളത്തിൽ അഭി വൃദ്ധി പ്രാപിക്കാൻ തുടങ്ങിയത്. ക്രിസ്ത്യൻ മിഷണറിമാരുടെ പ്രവർത്തനങ്ങളിലൂടെ കേര ളത്തിലുണ്ടായ പരിവർത്തനങ്ങൾ പ്രകടമായി കണ്ടു തുടങ്ങിയത് പതിനെട്ടാം നൂറ്റാണ്ട് മു തലാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം പ്രേഷിതപ്രവർത്തനത്തിന്റെ മഹത്തായയുഗം എന്ന് വിശേഷിപ്പിക്കാവുന്ന കാലഘട്ടമായിരു ന്നു പത്തൊമ്പതാം നൂറ്റാണ്ട്. ലണ്ടൻ മിഷൻ സൊസൈറ്റിയും, ബാസൽ മിഷനും പ്രേഷിത പ്രവർത്തനങ്ങളോടൊപ്പം ഭാഷയുടെയും വിദ്യാ ഭ്യാസത്തിന്റെയും വിജ്ഞാനത്തിന്റെയും മേഖ ലകളിലും വ്യാപരിച്ചു. ക്രിസ്ത്യൻ മിഷണറിമാ രുടെ പ്രവർത്തനഫലമായിട്ടാണ് കേരളത്തിൽ പാശ്ചാത്യ വിദ്യാഭ്യാസം ആരംഭിക്കുന്നത്. പ്രൊ ട്ടസ്റ്റന്റ് മിഷണറിമാരാണ് അതിന് തുടക്കം കുറി ച്ചത്.

കേരളത്തിലെ വിദ്യാഭ്യാസപ്രവർത്തനങ്ങ ളിൽ ആദ്യമായി ശ്രദ്ധചെലുത്തിയത് 1885-ൽ പ്രവർത്തനമാരംഭിച്ച ലണ്ടൻ മിഷൻ സൊസൈ റ്റിയിലെ (LMS) റവ. ചാൾസ്മീഡ് ആയിരു ന്നു. 1800 മുതൽ 1816 വരെ ദക്ഷിണേന്ത്യയിൽ ഉണ്ടായിരുന്ന റിങ്കിൾ ടാബ് (Ringle Tab) എന്ന സ്പാനിഷ് മിഷണറി തിരുവനന്തപുരം മുതൽ നാഗർകോവിൽ വരെ ധാരാളം സ്കൂളുകൾ സ്ഥാ പിക്കുകയും ജാതി പരിഗണനയില്ലാതെ എല്ലാ കുട്ടികൾക്കും പഠിക്കാൻ അവസരം നൽകുന്ന സൗജന്യ വിദ്യാഭ്യാസപദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കുകയും ചെയ്തു. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനും ഊന്നൽ നൽകിയായിരു ന്നു അന്ന് പാഠ്യപദ്ധതി തയ്യാറാക്കിയിരുന്നത്. കേരളത്തിൽ സ്ത്രീവിദ്യാഭ്യാസത്തിന് അടി ത്തറയിട്ടതും അദ്ദേഹമാണ്. ക്രിസ്ത്യൻ മിഷ ണറിമാരുടെ വിദ്യാഭ്യാസപ്രവർത്തനങ്ങൾ മാ തൃകയാക്കി വിദ്യാഭ്യാസസ്ഥാപനങ്ങളുമായി സർക്കാരും മുന്നോട്ടുവന്നു. 1817-ൽ കേണൽ മൺട്രോ ദിവാനായിരിക്കുമ്പോൾ റാണി ഗൗരി പാർവതിഭായി സൗജന്യവിദ്യാഭ്യാസത്തിന് തുട ക്കമിട്ടു. കോട്ടയം കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്ന സി. എം. എസ്സ്. മിഷണറിമാരാണ് ആദ്യമായി മതേതര വിഷയങ്ങൾ പഠിപ്പിക്കാൻ തുടങ്ങിയത്. അവർ 1821 ൽ കോട്ടയത്ത് ഒരു ഗ്രാമർ സ്കൂളും സ്ഥാപിച്ചു. കോട്ടയം കേന്ദ്രമാക്കി പ്രവർത്തിച്ച മിഷണറിമാരിൽ ബെഞ്ചമിൻ ബെയ്ലി, ഹെൻ ട്രി ബേക്കർ, ഫെൻ തുടങ്ങിയവരുടെ സംഭാവന കൾ വിലമതിക്കാനാവാത്തതായിരുന്നു. 1818-ൽ ഫാദർ ജെ. ഡാസൻ എന്ന മിഷണറി മട്ടാഞ്ചേരി യിൽ ഒരു ഇംഗ്ലീഷ് സ്കൂൾ സ്ഥാപിച്ചു. 1848-ൽ കോഴിക്കോട്ടും 1886 തലശ്ശേരിയിലും മിഷണറി മാർ സ്കൂളുകൾ സ്ഥാപിച്ചു.



SGOU

### 4.1.2 അച്ചടിയുടേയും പത്രപ്രവർത്തനത്തിന്റേയും ആരംഭം

കേരളത്തിൽ അച്ചടി ആരംഭിച്ചത് മിഷണറിമാരാണ്. പത്രമാസികളുടെ പ്രസാധനം ഗദ്യഭാഷയുടെ വികാസം തുടങ്ങിയവ അച്ചടിയിലൂടെയാണ് വളർന്നുവന്നത്. 1578 ഒക്ടോബർ ഇരുപതാം തീയതി കൊല്ലം തങ്കശ്ശേരിയിൽ നിന്നു തമിഴ് ലിപിയിൽ പ്രസിദ്ധീകരിച്ച 'ഡോക്ട്രീന ക്രിസ്റ്റം അഥവാ തമ്പുരാൻ വണക്കം' എന്ന പതിനാറുപുറമുള്ള കൃതിയാണ് കേരളത്തിൽ അച്ചടിച്ച ആദ്യ പ്രാദേശിക ഭാഷാഗ്രന്ഥം. ആദ്യമായി മലയാളലിപി അച്ചടിച്ച കൃതി 'ഹോർത്തൂസ് മലബാറിക്കസ്' ആണ്. ഇതിന്റെ അച്ചടി നടന്നത് നെതർലാൻഡിലെ ആംസ്റ്റർഡാമിലാണ്. 1678 മുതൽ 1703 വരെയുള്ള കാലഘട്ടത്തിൽ, പന്ത്രണ്ടു വോളിയങ്ങളിലായി പ്രസിദ്ധീകരിച്ച ഈ ഗ്രന്ഥം കേരളത്തിലെ സസ്യങ്ങളെ ലോകത്തിന് പരിചയപ്പെടുത്തിയ ആദ്യ കൃതിയാണ്. പൂർണ്ണമായും മലയാളത്തിൽ അച്ചടിച്ച ആദ്യഗ്രന്ഥം 1772-ൽ ഇറ്റലിക്കാരനായ ഫാ. ക്ലമന്റ് പിയാനിയസ് രചിച്ച 'സംക്ഷേപവേദാർത്ഥ'മാണ്.

19, 20 നൂറ്റാണ്ടുകളിൽ കേരളത്തിന്റെ സാംസ്കാരിക വൈജ്ഞാനിക മണ്ഡലങ്ങളിൽ വലിയ വളർച്ചയുണ്ടായി. 1821-ൽ റാണി ഗൗരി പാർവതിഭായിയുടെ ഭരണകാലത്ത് കേണൽ മൺറോയുടെ സഹായത്തോടെ ബെഞ്ചമിൻ ബെയ്‌ലി കോട്ടയത്ത് സി. എം. എസ്സ്. പ്രസ്സ് സ്ഥാപിച്ചു. അദ്ദേഹമാണ് കേരളത്തിൽ അച്ചടിക്ക് അടിത്തറ ഇട്ടത്. 1829-ൽ ബൈബിൾ പുതിയ നിയമവും 1842-ൽ സമ്പൂർണ്ണ ബൈബിളും അവിടെ നിന്ന് പ്രസിദ്ധീകരിച്ചു. സി. എം. എസ്സ്. പ്രസ് പത്രമാസികാപ്രവർത്തനമുൾപ്പെടെയുള്ള മറ്റു മേഖലകളിലും വളരെ സജീവമായിരുന്നു. ബെയ്‌ലിയുടെ ബൈബിൾ വിവർത്തനത്തിന് ശേഷം ഗുണ്ടർട്ടും ബൈബിൾ വിവർത്തനം ചെയ്തിരുന്നു. അദ്ദേഹം നിഘണ്ടു, വ്യാകരണകൃതികൾ, പ്രാചീനകൃതികളെക്കുറിച്ചുള്ള പഠനങ്ങൾ, പഴഞ്ചൊൽമാല തുടങ്ങിയവയും മലയാളഭാഷയ്ക്ക് സംഭാവന ചെയ്ത വിദേശമിഷണറിയാണ്.

പത്തൊമ്പതാം നൂറ്റാണ്ടിൽ കേരളനവോത്ഥാനത്തിന് ശക്തിപകർന്ന മറ്റൊന്നായിരുന്നു പത്രപ്രവർത്തനം. അച്ചടി വികാസംപ്രാപിച്ചതോടുകൂടി പത്രപ്രവർത്തനത്തിനും വിദേശ മിഷണറിമാർ തുടക്കം കുറിച്ചു. മിഷണറി പ്രവർത്തനത്തിന് വേണ്ടിയായിരുന്നു തുടക്കമെങ്കിലും ബാസൽ മിഷന്റെ നേതൃത്വത്തിൽ വന്ന പത്രങ്ങൾ മതപ്രചരണത്തിനപ്പുറം കേരളത്തിൽ അന്നുണ്ടായിരുന്ന അനാചാരങ്ങളെ ചോദ്യം ചെയ്തു കൊണ്ട് സാംസ്കാരിക പുരോഗതിക്കും തുടക്കം കുറിച്ചു. മലയാളത്തിൽ 'രാജ്യസമാചാരം' എന്ന് പത്രം ആദ്യമായി പുറത്തുവന്നു. 1847-ൽ തലശ്ശേരിയിലെ ഇല്ലിക്കുന്ന് പ്രസ്സിലാണ് ഗുണ്ടർട്ടിന്റെ നേതൃത്വത്തിൽ രാജ്യസമാചാരം പ്രസിദ്ധീകരിച്ചത്. മാസത്തിലൊരിക്കൽ ഒരു പത്രമാണ് അന്ന് പ്രസിദ്ധീകരിച്ചത്. 1850 വരെ എല്ലാ മാസവും 'രാജ്യസമാചാരം' പ്രസിദ്ധീകരിച്ചിരുന്നു. 1847-ൽ ഗുണ്ടർട്ടിന്റെ ചുമതലയിൽ തലശ്ശേരിയിലെ ഇല്ലിക്കുന്ന് പ്രസ്സിൽ നിന്നും പ്രസിദ്ധീകരിച്ച മറ്റൊരു പത്രമാണ് 'പശ്ചിമോദയം'. 1948-ൽ ബെഞ്ചമിൻ ബയ്‌ലിയുടെ നേതൃത്വത്തിൽ കോട്ടയം സി. എം. എസ്സ്. പ്രസ്സിൽ നിന്നും പ്രസിദ്ധീകരിച്ച 'ജ്ഞാനനിക്ഷേപം' മലയാളത്തിലെ മൂന്നാമത്തെ പത്രമാസികയായിരുന്നു. ജോർജ് മാത്തനും ആർച്ച് ഡീക്കൻ കോശിയും ഈ പത്രത്തിൽ പ്രവർത്തിച്ചിരുന്നു.

അവർണ്ണർക്കും മേൽമുണ്ട് ധരിക്കാനുള്ള അവകാശം ലഭിച്ചതിലും മിഷണറിമാർക്ക് പങ്കുണ്ട്. അന്ന് സവർണഹിന്ദുക്കൾക്ക് മാത്രമേ മേൽമുണ്ട് ധരിക്കാൻ അവകാശമുണ്ടായിരുന്നുള്ളൂ. അതിനെതിരെ സമരം നയിച്ച അവർണ്ണർക്ക് പിന്തുണ നൽകിയത് മിഷണറിമാരായിരുന്നു. അവർണ്ണരിൽ ഒരു വിഭാഗം മതപരിവർത്തനത്തിലൂടെ സമ്പൂർണ്ണവസ്ത്രം ധരിക്കാനുള്ള സ്വാതന്ത്ര്യം നേടിയപ്പോൾ 1822-ൽ കൽക്കുളം ഇരണിയൽ ഭാഗങ്ങളിലെ നാടാർസ്ത്രീകളും ജാക്കറ്റും മേൽമുണ്ടും ധരിക്കാൻ തുടങ്ങി. നായന്മാർ ഉൾപ്പെടെയുള്ള സവർണ്ണർ അതിനെ ചോദ്യം ചെയ്തപ്പോൾ അതൊരു ലഹളയായി മാറി. സമരം ശക്തിപ്രാപിച്ചതോടെ 1865 എല്ലാ ജാതിയിലുള്ളവർക്കും മാറുമറയ്ക്കാനുള്ള അവകാശം രാജവിളംബരത്തിലൂടെ ലഭിച്ചു.

SGOU

## 4.2 നവോത്ഥാനനായകർ

### 4.2.1 അയ്യാവൈകുണ്ഠസ്വാമികൾ (1809   1851 )



തെക്കൻ തിരുവിതാംകൂറിലെ പ്രക്ഷോഭങ്ങൾക്കെല്ലാം പ്രേരകനായി ഭവിച്ച ഒരു യോഗിവര്യനായിരുന്നു വൈകുണ്ഠസ്വാമികൾ. തെക്കൻ പ്രദേശങ്ങളിലെ അധഃസ്ഥിത വിഭാഗങ്ങളുടെ ശബ്ദം ഉയർന്നുതുടങ്ങിയത് വൈകുണ്ഠസ്വാമികളുടെ പ്രവർത്തനങ്ങളുടെ ഫലമായാണ്. 1809-ലാണ് സ്വാമികളുടെ ജനനം. നാടാർ സമുദായത്തിലാണ് അദ്ദേഹം ജനിച്ചത്. മുത്തുക്കുട്ടി എന്നായിരുന്നു വൈകുണ്ഠസ്വാമികളുടെ ബാല്യത്തിലെ വിളിപ്പേര്. കേരളീയ നവോത്ഥാനചരിത്രത്തിൽ അറിയപ്പെട്ടിടത്തോളം ആദ്യ പേരുകാരനാണ് വൈകുണ്ഠസ്വാമി. കീഴാളജനതയുടെ മോചനമായിരുന്നു സ്വാമികളുടെ ജീവിതലക്ഷ്യം. നീണ്ടകാലത്തെ തപസ്സിനും അധ്യാത്മിക ശിക്ഷണത്തിനും ശേഷം മാനവസമത്വത്തിനായി പ്രവർത്തിക്കുവാനാണ് മുത്തുക്കുട്ടി തീരുമാനിച്ചത്. വൈകുണ്ഠസ്വാമികൾ എന്ന പേര് സ്വയം സ്വീകരിക്കുകയായിരുന്നു. 1836 ൽ 'സമത്വസമാജം' എന്ന ഒരു സംഘടന രൂപീകരിച്ചു. അധഃസ്ഥിതരിൽ സ്വാഭിമാനം ഉണർത്തുകയെന്നതായിരുന്നു സംഘടനയുടെ ലക്ഷ്യം.

ഹിന്ദുസമുദായത്തിലെ അനാചാരങ്ങളായ അയിത്തത്തിനും തീണ്ടലിനുമെതിരെ 'സമപന്തിഭോജനം' നടത്തിക്കൊണ്ടാണ് വർണ്ണവ്യവസ്ഥയെ അദ്ദേഹം വെല്ലുവിളിച്ചത്. നിർബന്ധിത അടിമവേലയ്ക്കെതിരെയും ശബ്ദമുയർത്തി. "വേലയ്ക്ക് കൂലിവേണം" എന്നായിരുന്നു അദ്ദേഹം ആവശ്യപ്പെട്ടത്. പൊതുക്കിണറുകൾ കുഴിച്ച് എല്ലാവർക്കും വെള്ളമെടുക്കാനുള്ള സൗകര്യമൊരുക്കി. താൻ വിഷ്ണുവിന്റെ അവതാരമാണെന്ന് പ്രഖ്യാപിച്ച് എല്ലാ ജനവിഭാഗങ്ങളെയും പ്രവേശിപ്പിക്കുന്നതിനായി ക്ഷേത്രങ്ങൾ പണികഴിപ്പിച്ചു. സ്വജനങ്ങളെ മോടിയിൽ വസ്ത്രം ധരിക്കാൻ ആഹ്വാനം ചെയ്തു. തോൾശീലയും തലയിൽക്കെട്ടും ധരിച്ച് കണ്ണാടിയുടെ മുമ്പിൽ തൊഴുന്നതിന് അദ്ദേഹം സ്വാമിത്തോപ്പിൽ കണ്ണാടിപ്രതിഷ്ഠ നടത്തിയിരുന്നു. മനുഷ്യരെല്ലാം ഒരു ജാതിയും ഒരു കുലവുമാണെന്ന് അരുളുകയും അധഃകൃതവിഭാഗങ്ങളെ ഒന്നടങ്കം സംഘടിപ്പിച്ച് ശുചീന്ദ്രം ക്ഷേത്രത്തിലെ തേരോട്ടത്തിൽ പങ്കെടുപ്പിക്കുകയും ചെയ്തു. തേരിന്റെ കയറിൽ കീഴ്ജാതിക്കാരെക്കൊണ്ട് പിടിപ്പിച്ചതിന്റെ പേരിൽ തിരുവിതാംകൂറിന്റെ ഭരണാധികാരികൾ സ്വാമികളെ ജയിലിലടച്ചു. സ്വാതിതിരുനാളിന്റെ കാലഘട്ടത്തിലായിരുന്നു ഈ അനീതി അരങ്ങേറിയത്. ജയിലിൽവച്ച് കൊടിയ മർദ്ദനത്തിന് അദ്ദേഹം വിധേയനായി. അന്നത്തെ ജയിലറായിരുന്ന പി. സുബ്ബരായൻ എന്ന തൈക്കാട്ട് അയ്യാവ് പിന്നീട് വൈകുണ്ഠസ്വാമികളുടെ ശിഷ്യനായി മാറി. ശ്രീനാരായണഗുരുവിന്റെയും ചട്ടമ്പിസ്വാമികളുടെയും അയ്യങ്കാളിയുടെയും ഗുരുവായിട്ടാണ് തൈക്കാട്ട് അയ്യാവിനെ ഇന്ന് അറിയുന്നത്. നാല്പത്തിരണ്ടാമത്തെ വയസ്സിൽ വൈകുണ്ഠസ്വാമികൾ നിര്യാതനായി.

ജനാധിപത്യം നിലനിൽക്കുന്ന ഇക്കാലത്തായിരുന്നെങ്കിൽ മതമേലധ്യക്ഷന്മാർ, സന്യാസിമാർ തുടങ്ങിയവർക്കുനേരെ നിയമത്തിന്റെ ചെറുവിരൽ പോലും പ്രയോഗിക്കുവാൻ ഭരണകൂടത്തിന് സാധിക്കില്ലായിരുന്നു. "അനന്തപുരിയിലെ നീചനും, വെൺനീചനും" എന്നാണ് വൈകുണ്ഠസ്വാമികൾ യഥാക്രമം സ്വാതിതിരുനാളിനെയും ബ്രിട്ടീഷുഭരണാധികാരിയെയും വിളിച്ചിരുന്നത്. ഒരേ സമയം രണ്ടു ഭരണസംവിധാനത്തെയും എതിർത്തുതുകൊണ്ടാകാം വൈകുണ്ഠസ്വാമികൾക്ക് ജയിലിൽ

SGOU

പോകേണ്ടി വന്നത്. നാടാർ സമുദായത്തിന്റെയും ചാന്നാർ സമുദായത്തിന്റെയും തെക്കൻ കേരളത്തിലെ ഉണർവിന്റെ പ്രാരംഭകൻ വൈകുണ്ഠസ്വാമികൾ തന്നെയായിരുന്നു. മതം മാറാതെ തന്നെ മനുഷ്യൻ ഒരുജാതിയാണെന്നു ബോധ്യപ്പെടുത്തുകയായിരുന്നു വൈകുണ്ഠസ്വാമികൾ ചെയ്തത്. വൈകുണ്ഠസ്വാമികളുടെ ദർശനത്തിന്റെ തുടർച്ച തൈക്കാട്ട് അയ്യാവിലും ചട്ടമ്പിസ്വാമിയിലും ശ്രീനാരായണഗുരുവിലും അയ്യൻകാളിയിലും കൂടെയാണ് പിന്നീട് ലക്ഷ്യത്തിലെത്തിയത്.

### 4.2.2 തൈക്കാട്ട് അയ്യാവ് (സുബ്ബരായപ്പണിക്കർ) 1814 -1909



കേരളീയ നവോത്ഥാനത്തിന് വിശിഷ്ടരായ ശിഷ്യന്മാരെ സംഭാവനചെയ്ത യോഗിവര്യനായിരുന്നു തൈക്കാട്ട് അയ്യാവെന്ന അയ്യാഗുരു. അദ്ദേഹം 1814-ൽ മദ്രാസിൽ ജനിച്ചു. 1909-ൽ സമാധിയായി. തമിഴ്, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ പ്രാവീണ്യം നേടി. സച്ചിദാനന്ദസ്വാമി, ചട്ടമ്പിപരദേശി എന്നീ യോഗികളുടെ ശിക്ഷണത്തിൽ മൂന്നുകൊല്ലക്കാലം തമിഴ്നാട്ടിൽ പലയിടങ്ങളിലായി താമസിച്ചു. യോഗവിദ്യയിൽ പ്രാവീണ്യം നേടുകയും പല ദേവീക്ഷേത്രങ്ങളിലും ഭജനമിരിക്കുകയും ചെയ്തു.


തമിഴ് ഭാഷയിലും ഇംഗ്ലീഷ്ഭാഷയിലുമുണ്ടായിരുന്ന അവഗാഹം സുബ്ബരായരെ ബ്രിട്ടീഷ് റെസിഡന്റുമായി അടുപ്പിച്ചു. അതുവഴി തിരുവിതാംകൂർ രാജഭരണത്തിന്റെ ഭാഗമാകാനും അദ്ദേഹത്തിന് കഴിഞ്ഞു. സ്വാതിതിരുനാളിന്റെ കാലത്തു വൈകുണ്ഠസ്വാമികളെ ജയിലിലടച്ചപ്പോൾ ജയിലറായിരുന്ന സുബ്ബരായർ പിന്നീട് വൈകുണ്ഠസ്വാമിയുടെ ശിഷ്യത്വം സ്വീകരിച്ചിരുന്നു. സ്വാതിതിരുനാൾ, ഉത്രംതിരുനാൾ, മാർത്താണ്ഡവർമ്മ. ആയില്യം തിരുനാൾ, വിശാഖംതിരുനാൾ, ശ്രീമൂലംതിരുനാൾ എന്നീ രാജാക്കന്മാരുടെ കാലത്ത് വിവിധ തസ്തികകളിൽ ജോലിനോക്കിയിരുന്നു അദ്ദേഹം. ഔദ്യോഗികവും ഗാർഹികവുമായ ജീവിതത്തിനിടയിലും ആത്മീയമാർഗത്തിൽ അയ്യാഗുരു ബദ്ധശ്രദ്ധനായിരുന്നു. ധാരാളം ശിഷ്യന്മാർ ഇക്കാലത്ത് അദ്ദേഹത്തെ ശരണം പ്രാപിച്ചിരുന്നു. ചട്ടമ്പിസ്വാമികൾ, ശ്രീനാരായണഗുരു, അയ്യങ്കാളി, സ്വാതിതിരുനാൾ, രാജരാജവർമ്മ, മനോന്മണീയം സുന്ദരംപിള്ള തക്കല പീർമുഹമ്മദ് തുടങ്ങിയവർ അക്കൂട്ടത്തിൽപെടുന്നു.

ജ്ഞാനം, യോഗം, ഭക്തി എന്നിവയിലൂടെ ഒരാൾക്ക് ആധ്യാത്മികമായി ഉയരാമെന്ന് അയ്യാഗുരു വിശ്വസിച്ചിരുന്നു. സിദ്ധിയും മുക്തിയും ശിവരാജയോഗംകൊണ്ട് നേടാമെന്ന് ശിഷ്യന്മാരെ അദ്ദേഹം ഉദ്ബോധിപ്പിച്ചു. പഴനിവൈഭവം, ബ്രഹ്മോത്തരകാണ്ഡം, രാമായണംപാട്ട് എന്നീ കൃതികൾ അയ്യാഗുരുവിന്റേതായി അറിയപ്പെടുന്നു. കേരളീയ നവോത്ഥാനത്തിന്റെ രാസത്വരകമായി വർത്തിച്ച രണ്ടാമത്തെ യോഗിവര്യനായി അയ്യാവുസ്വാമിയെ വിലയിരുത്തുന്നതിൽ തെറ്റില്ല. 'അനന്തപുരത്തുനീചൻ' എന്ന് സ്വാതിതിരുനാളിനെ സംബോധന ചെയ്ത വൈകുണ്ഠസ്വാമിയുടെ തുടർച്ചക്കാരനെ സ്വാതിതിരുനാൾ ഗുരുതുല്യനായി കരുതിയിരുന്നുവെന്നത് ചരിത്രഗതിയിലെ മറ്റൊരു പ്രതിഭാസമായി കണ്ടാൽ മതി. എല്ലാവിധ രാജകീയ ബഹുമതികളോടെയുമായിരുന്നു 1909-ൽ അയ്യാഗുരുവിനെ തൈക്കാട്ട് ശ്മശാനത്തിൽ സമാധിയിരുത്തിയത്.

SGOU

### 4.2.3 ശ്രീനാരായണഗുരു (1856 - 1928)

തിരുവനന്തപുരത്തിനടുത്തുള്ള ചെമ്പഴന്തിയിൽ വയൽവാരം വീട്ടിലാണ് നാരായണൻ എന്ന ശ്രീനാരായണഗുരു ജനിച്ചത്. വൈദ്യ



വും, കൃഷിയും പാരമ്പര്യമായി സ്വീകരിച്ചു പോന്ന ഒരു കുടുംബമായിരുന്നു വയൽവാരം. മാടനാശാൻ ആയിരുന്നു അച്ഛൻ. കുട്ടിയമ്മ എന്നായിരുന്നു മാതാവിന്റെ നാമം. 1859-ൽ അധഃകൃതരായ ഏവർക്കും മാറുമറയ്ക്കുന്നതിനുള്ള വിളംബരം പുറപ്പെടുവിക്കുമ്പോൾ നാരായണഗുരുവിന് നാലോ അഞ്ചോ വയസ്സ് മാത്രമേ പ്രായം ഉണ്ടായിരുന്നുള്ളൂ. മാർത്താണ്ഡവർമ്മയുടെ തിരുവിതാംകൂർ അപ്പോഴേക്കും ശ്രീപത്മനാഭന്റേതായി മാറിയിട്ട് നൂറുകൊല്ലം കഴിഞ്ഞിരുന്നു. രാജാധികാരത്തെക്കാൾ കീഴ്നടപ്പുകൾക്ക് പ്രാധാന്യമേറിയിരുന്നു. ജാതിമതമേധാവികളെ ഭയക്കാതെ രാജ്യം ഭരിക്കുവാൻ രാജാക്കന്മാർക്കുപോലും കഴിയാതെ വന്നിരുന്നു. നായർ മേധാവിത്വത്തിന്റെ നൂറ്റാണ്ടായിരുന്നു പത്തൊമ്പതാം നൂറ്റാണ്ട് എന്നു മേൽപ്പറഞ്ഞ ലഹളകൾ സൂചിപ്പിക്കുന്നു. കേരളത്തിൽ ജാതിജീവിതം അതിന്റെ രൂക്ഷതയിലെത്തിയിരുന്ന നൂറ്റാണ്ടും അതുതന്നെയായിരുന്നു.

ജാതിയുടെ അടിക്കല്ലിളക്കുക എന്നതായിരുന്നു ശ്രീനാരായണഗുരുവിന്റെ ജീവതലക്ഷ്യം. പൗരോഹിത്യവുമായി ബന്ധപ്പെട്ടാണ് ജാതിബോധം നിലനിന്നിരുന്നത്. ക്രമബദ്ധവും ശ്രേണീബദ്ധവുമായി ജാതിയെ ചിട്ടപ്പെടുത്തിയിരുന്നത് പുരോഹിതവിഭാഗങ്ങളാണ്. പുരോഹിതവർഗത്തിൽ നിന്നും താഴോട്ട് താഴോട്ട് എന്ന ക്രമത്തിലാണ് ജാതിവിഭാഗങ്ങളെ നിശ്ചയിച്ചിരുന്നത്. ഈ ശ്രേണീബദ്ധത ഒരിക്കലും സാമൂഹികസമത്വം ലക്ഷ്യമാക്കിയിരുന്നില്ല. സാമൂഹികസമത്വം ഇല്ലാത്തിടത്ത് സാമൂഹികനീതിയ്ക്ക് സ്ഥാനമില്ലല്ലോ? കീഴ്വഴക്കങ്ങൾക്കും പൗരോഹിത്യകല്പനകൾക്കും എതിരെ കായികമായ വെല്ലുവിളികൾ ഫലപ്രദമല്ലെന്ന് പണ്ടേ തന്നെ വ്യക്തമായിട്ടുള്ളതാണ്. നിയമംകൊണ്ടു പോലും തകർക്കാൻ പറ്റാത്തത്ര രൂഢമായിരുന്നു വിവേചനം. അയ്യാവൈകുണ്ഠസ്വാമികളും ആറാട്ടുപുഴ വേലായുധപ്പണിക്കരും അതിനുദാഹരണങ്ങളാണ്. 1874-ൽ ആറാട്ടുപുഴ വേലായുധപ്പണിക്കർ കൊലചെയ്യപ്പെട്ടിരുന്നു.

തൈക്കാട്ട് അയ്യാവിൽനിന്നും യോഗമുറകളും സുബ്രഹ്മണ്യമന്ത്രങ്ങളും പഠിച്ച് ധ്യാനത്തിനായി മരുത്വാമലയിലേക്കും തമിഴ്നാട്ടിലേക്കും മറ്റും യാത്ര ചെയ്ത ഒരു പരിവ്രാജകൻ മാത്രമായിരുന്നു 1888 വരെയുള്ള നാണുയോഗി. പൗരോഹിത്യത്തിന് എതിരെയുള്ള ബൗദ്ധികമായ വെല്ലുവിളി ഉയർന്ന ഒരു വർഷമാണ് 1888. മരുത്വാമല വിട്ടിറങ്ങി അരുവിപ്പുറം എന്ന സ്ഥലത്ത് അസ്വസ്ഥതകൾക്കു വിടപറഞ്ഞുകൊണ്ട് നാണുയോഗി ഗുരുവായി പരിണമിച്ച് തുടങ്ങിയത് 1887-88 കാലത്തായിരുന്നു. താന്ത്രിക മേധാവിത്വത്തെ ചോദ്യംചെയ്ത അരുവിപ്പുറം ശിവപ്രതിഷ്ഠ കേവലമൊരു ക്ഷേത്രനിർമ്മിതി മാത്രമായിരുന്നില്ല. ഒരു പൊതുമണ്ഡലത്തിന് രൂപം കൊടുക്കലായിരുന്നു. അരുവിപ്പുറം പ്രതിഷ്ഠവരെ ക്ഷേത്രങ്ങളെന്നത് ഭേദകല്പനയുടെ ഇടങ്ങൾ ആയിരുന്നു. മനുഷ്യർ തമ്മിൽ ഭേദം കൽപ്പിക്കുന്നതിന് പ്രധാനമായും ക്ഷേത്രങ്ങൾ പങ്കുവഹിച്ചിരുന്നു. പ്രതിഷ്ഠ മുതൽ ആരാധനവരെയുള്ള കാര്യങ്ങൾ പരിശോധിച്ചാൽ സമത്വസങ്കൽല്പത്തിന് യാതൊരു സാധ്യതയും തുറന്നുതരാത്ത ഒരിടമായിട്ടാണ് ക്ഷേത്രങ്ങൾ നിലകൊണ്ടത്.

ജാതി, കൃത്യമായി പാലിക്കുന്നത് ക്ഷേത്രത്തിന്റെ നിലനിൽപ്പിനുതന്നെ ആവശ്യമായിട്ടാണ് അന്ന് കരുതിയിരുന്നത്. തന്ത്രിമാർക്ക് മാത്രമേ പ്രതിഷ്ഠാകർമ്മത്തിന് അവകാശമുള്ളൂ. നമ്പൂതിരിമാർക്ക് മാത്രമേ പൂജാരിയാകാൻ

SGOU



SREENARAYANAGURU OPEN UNIVERSITY

കഴിയൂ. എന്തിന് ദേവാലയം അടിച്ചുതളിക്കാനും പൂജാദ്രവ്യങ്ങൾ കൈകാര്യം ചെയ്യാനും പ്രത്യേകം പ്രത്യേകം ജാതികളാണന്നുണ്ടായിരുന്നത്. അങ്ങനെയൊരു കാലത്താണ് ശ്രീനാരായണ ഗുരു ശിവലിംഗം പ്രതിഷ്ഠിച്ചത്. പ്രത്യേകിച്ച് യാതൊരു മുഹൂർത്തവും നോക്കാതെ മുന്നൊരുക്കവുമില്ലാതെയാണ് ഗുരു അരുവിപ്പുറം പ്രതിഷ്ഠ നടത്തിയത്. എല്ലാ ഭേദങ്ങളുടെയും ഇടമായി വർത്തിച്ച ക്ഷേത്രത്തെത്തന്നെ യാതൊരു ഭേദചിന്തയുമില്ലാത്ത ഇടമാക്കിമാറ്റുന്ന അത്ഭുതകരമായ ഒരു പ്രവൃത്തിയായിരുന്നു ഗുരുവിന്റെ അരുവിപ്പുറം പ്രതിഷ്ഠ. മുള്ളിനെ മുള്ളുകൊണ്ട് എടുക്കുന്ന വിദ്യായായിട്ടാണ് നടരാജഗുരു അരുവിപ്പുറം പ്രതിഷ്ഠയെക്കുറിച്ച് വിശേഷിപ്പിച്ചിട്ടുള്ളത്. ഭേദചിന്തയുടെ ഇടത്തെ ഒട്ടും ഭേദചിന്തയില്ലാത്ത പൊതുമണ്ഡലമാക്കുകയായിരുന്നു ഗുരുവിന്റെ ലക്ഷ്യം.

'ജാതിഭേദം മതദ്വേഷം
ഏതുമില്ലാതെ സർവ്വരും
സോദരത്വേനവാഴുന്ന
മാതൃകാസ്ഥാനമാണിത്.'

അരുവിപ്പുറം പ്രതിഷ്ഠയ്ക്ക് ശേഷം ഗുരു കുറിച്ച വരികളാണിത്. മാതൃകാസ്ഥാനമായി ക്ഷേത്രങ്ങൾ മാറണമെന്ന ചിന്തയോളം വലിയ നവോത്ഥാനം അന്നുവരെ കേരളക്കരയിൽ ഉണ്ടായിട്ടില്ല. എല്ലാ ഭേദങ്ങളും, വിദ്വേഷങ്ങളും ഇല്ലാതാകുന്ന ഒരു പൊതുമണ്ഡലമായിരിക്കണം ക്ഷേത്രം. ഇന്നും ഈ ലക്ഷ്യത്തിൽ നമ്മുടെ ക്ഷേത്രങ്ങൾ എത്തിയിട്ടില്ല എന്നു കൂടി നാം ഓർക്കേണ്ടതുണ്ട്. 'സർവരും' എന്ന പ്രയോഗം ക്ഷേത്രസങ്കല്പത്തോട് ചേർത്തുവച്ചു ചിന്തിക്കുവാൻ അന്നുവരെ ഒരു തന്ത്രിക്കും സാധിക്കുമായിരുന്നില്ല. സോദരത്വേന ഏവരേയും കരുതണമെന്ന ചിന്തയും മനുഷ്യരെ ഭേദചിന്തകളോടെ കണ്ടിരുന്നവരിൽ നിന്നും ഉണ്ടാവുകയില്ലല്ലോ. മാതൃകാസ്ഥാനമായി പൊതുമണ്ഡലങ്ങൾ വികസിക്കണമെന്ന ചിന്തയും ശ്രീനാരായണഗുരുവിലൂടെയാണ് സഫലമായിത്തീർന്നത്. ക്ഷേത്രങ്ങൾ മാതൃകാസ്ഥാനമായാൽ തീരാവുന്ന പ്രശ്നങ്ങളേ കേരളീയ സമൂഹത്തിലുള്ളൂ എന്ന സന്ദേശമാണ് പ്രതിഷ്ഠയിലൂടെ ഗുരു വ്യക്തമാക്കിയത്.

തികഞ്ഞ യോഗിയും അദ്വൈതവാദിയുമായി ഇതിനകം ശ്രീനാരായണഗുരു പ്രസിദ്ധനായിത്തീർന്നു. ഭാരതീയ വേദാന്തചിന്തകളും തത്വചിന്തകളും സമ്യക്കായിച്ചേർന്ന സൗന്ദര്യാനുഭൂതികലർന്ന കൃതികൾ ഇക്കാലത്തിനിടയിൽ ശ്രീനാരായണഗുരുവിൽ നിന്ന് ലഭിക്കുന്നുണ്ട്. ആത്മോപദേശശതകം, ദർശനമാല, ശിവശതകം തുടങ്ങിയ കൃതികൾ പ്രസിദ്ധങ്ങളാണ്. "പലമതസാരവുമേകം", "ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്", "മനുഷ്യാണാം മനുഷ്യത്വം ജാതി" തുടങ്ങി മതത്തിന്റെ ഏകതയേയും ജാതിയുടെ നിരർഥകതയേയും കുറിച്ചുള്ള ഉദ്ബോധനങ്ങളാൽ സമ്പന്നമാണ് ഗുരുവിന്റെ കൃതികൾ. ഉൽകൃഷ്ടനായ യോഗി, ദാർശനികൻ, കവി, സാമൂഹിക പരിഷ്കർത്താവ് തുടങ്ങി ഏത് വിശേഷണവും നാരായണഗുരുവിന്റെ ജീവിതത്തിന് ഇണങ്ങുന്നവയാണ്. ജാതിരഹിതവും മതരഹിതവും ആയ ഒരു ലോകം സൃഷ്ടിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. 'ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്', 'ജാതി ചോദിക്കരുത് പറയരുത് പ്രവർത്തിക്കരുത്' 'മതമേതായാലും മനുഷ്യൻ നന്നായാൽ' മതി തുടങ്ങിയ സന്ദേശങ്ങളാണ് അദ്ദേഹം ലോകത്തിന് നൽകിയത്. ശ്രീനാരായണഗുരുവിന്റെ ആദർശങ്ങളും പ്രവർത്തനങ്ങളും മറ്റു പല സമുദായങ്ങൾക്കും പ്രചോദനവും മാർഗദർശകവുമായി മാറി.

### 4.2.4 ചട്ടമ്പിസ്വാമികൾ (18531924)



SGOU

1853 ആഗസ്ററ് 25-ന് ചട്ടമ്പിസ്വാമികൾ തിരുവനന്തപുരത്തിനടുത്തുള്ള കണ്ണമ്മൂല എന്ന സ്ഥലത്ത് ജനിച്ചു. അയ്യപ്പൻ എന്നു നാമകരണം ചെയ്തു. കുഞ്ഞൻ എന്ന് വിളിച്ചു. ക്രമേണ കുഞ്ഞൻപിള്ള എന്ന പേർ പതിഞ്ഞു. തികഞ്ഞ ദാരിദ്ര്യത്തിലായിരുന്നു ജീവിതം. ഉറച്ച ഈശ്വര വിശ്വാസം കുഞ്ഞന് കുഞ്ഞുന്നാൾ മുതൽ ഉണ്ടായിരുന്നു. ദാരിദ്ര്യം കൊടികുത്തിവാണിരുന്ന ബാല്യ - യൗവന ദശകളിൽ കൂലിപ്പണിക്കാരനായും, ആധാരമെഴുത്തുകാരനായും, കണക്കെഴുത്തുകാരനായും അദ്ദേഹം ജോലി ചെയ്തിരുന്നു.

കൊല്ലൂർ മഠത്തിനടുത്തായിരുന്നു കുന്നുംപാറ ഗൃഹം. കുഞ്ഞൻ മിക്കവാറും കൊല്ലൂർ മഠത്തിൽ തന്നെയുണ്ടായിരുന്നതുകൊണ്ട് അവിടെ ബ്രാഹ്മണക്കുട്ടികളെ പഠിപ്പിക്കുന്ന വേളയിൽ ദൂരെനിന്ന് കേട്ട് സംസ്കൃതം പഠിച്ചതായി ജീവചരിത്രകാരന്മാർ പറയുന്നു. പിന്നീട് പേട്ടയിൽ രാമൻപിള്ള ആശാന്റെ കളരിയിൽ നിന്നും വിദ്യ അഭ്യസിച്ചു. അവിടെവച്ചാണ് 'ചട്ടമ്പി' എന്ന വിശേഷണം കുഞ്ഞൻപിള്ളയ്ക്ക് ലഭിക്കുന്നത്. സംഗീതത്തിലും, കണക്കിലും, ഭാഷാപഠനത്തിലും അഗാധമായ അഭിരുചിയുണ്ടായിരുന്നു സ്വാമികൾക്ക്. രാമൻപിള്ള ആശാന്റെ കളരിയിൽ പഠിക്കുന്ന കാലത്തുതന്നെ കുഞ്ഞൻപിള്ള ജാതീയമായ ഭേദവിചാരത്തെ ചോദ്യം ചെയ്തു തുടങ്ങിയിരുന്നു. ആധ്യാത്മിക വിഷയങ്ങളിൽ കൂടുതൽ തല്പരനുമായിത്തീർന്നു. ഈയവസരത്തിൽ ഒരു സന്യാസിയുമായി ബന്ധപ്പെടുകയും അദ്ദേഹത്തിൽ നിന്നും ബാലസുബ്രഹ്മണ്യമന്ത്രം ഓതിക്കിട്ടിയെന്നും ഒരു വിശ്വാസം നിലനിൽക്കുന്നുണ്ട്. കുഞ്ഞൻപിള്ളയ്ക്ക് തൈക്കാട് അയ്യാവ് സ്വാമിയുടെ ശിഷ്യനാകുവാനുള്ള ഭാഗ്യവും സിദ്ധിച്ചു.

തൈക്കാട്ട് അയ്യാവുസ്വാമിയിൽ നിന്നും ദീക്ഷ സ്വീകരിച്ച് സന്യാസമാർഗത്തിൽ എത്തിച്ചേർന്ന കുഞ്ഞൻപിള്ളയാണ് പിന്നീട് ചട്ടമ്പിസ്വാമികൾ എന്നു പ്രസിദ്ധനായത്. അയ്യാഗുരുവിൽ നിന്നും ബാലസുബ്രഹ്മണ്യമന്ത്രോപദേശമാണ് അദ്ദേഹത്തിനു ലഭിച്ചിരുന്നത്. "വിദ്യാധിരാജപരമഭട്ടാകര ചട്ടമ്പിസ്വാമികൾ"എന്നായിരുന്നു പൂർണ്ണമായും സ്വീകരിച്ചിരുന്ന നാമധേയം. അനുഷ്ഠാനങ്ങളിൽ ബ്രാഹ്മണരുടെ സമ്പൂർണ്ണാധിപത്യത്തെ ചോദ്യം ചെയ്തുകൊണ്ടാണ് കുഞ്ഞൻപിള്ള സാമൂഹിക പരിഷ്കരണരംഗത്ത് കടന്നുവന്നത്. അയ്യാഗുരുവിന്റെ മാർഗം പിന്തുടർന്നുകൊണ്ട് യോഗമാർഗത്തിൽ ചരിക്കുന്നതിലായിരുന്നു ചട്ടമ്പിസ്വാമികൾക്ക് താല്പര്യമേറിയിരുന്നത്. ഏതു ശാസ്ത്രത്തിലും കലയിലും തികഞ്ഞ പ്രാവീണ്യം നേടിയിരുന്ന പണ്ഡിതനായിരുന്നു സ്വാമികൾ. വിവേകാനന്ദസ്വാമികൾക്ക് "ഖേചരീമുദ്ര" പരിചയിപ്പിച്ചു കൊടുത്തത് ചട്ടമ്പിസ്വാമികൾ ആയിരുന്നു.

ഹിന്ദുസമുദായത്തിന്റെ സമുൽക്കർഷത്തിലായിരുന്നു സ്വാമികൾ ശ്രദ്ധകൊടുത്തിരുന്നത്. ഹിന്ദുമതത്തിലെ അനാചാരങ്ങളെ ചോദ്യംചെയ്യുകയും പലതിനെയും പരിഷ്കരിക്കുകയും ചെയ്യുന്നതിൽ ചട്ടമ്പിസ്വാമികളും ശ്രീനാരായണഗുരുവിനൊപ്പം ഉണ്ടായിരുന്നു. "വേദാധികാര നിരൂപണം", "ക്രിസ്തുമതപരിച്ഛേദം" തുടങ്ങിയ കൃതികൾ സ്വാമികളുടെ താർക്കിക ബുദ്ധിയുടെ മകുടോദാഹരണങ്ങളാണ്. വേദാധികാരനിരൂപണം വേദങ്ങളിലും മറ്റുമുള്ള ബ്രാഹ്മണ്യാധിപത്യത്തെ ചോദ്യംചെയ്യുന്ന കൃതിയാണ്. ബ്രാഹ്മണർ ഉയർത്തിക്കെട്ടിയ ആശയസംഹിതകൾ തകർത്തു തരിപ്പണമാക്കുന്നതിന് വേണ്ടിയാണ് അദ്ദേഹം വേദാധികാരനിരൂപണം എഴുതിയത്. നായർ സമുദായം അക്കാലത്ത് പൊതുവേ ബ്രാഹ്മണരോട് വിധേയത്വത്തോടെയാണ് പെരുമാറിയിരുന്നത്. ബ്രാഹ്മണമേധാവിത്വത്തെ എതിർത്ത് നായർ സമുദായത്തിന് സ്വാഭിമാനം നേടിക്കൊടുത്തത് ചട്ടമ്പിസ്വാമികളായിരുന്നു.


സ്വന്തം സമുദായത്തെയും കേരളസമൂഹത്തെയും ഉന്നതിയിൽ എത്തിക്കണമെങ്കിൽ ബ്രാഹ്മണമേധാവിത്വത്തെ ഇല്ലാതാക്കണമെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. സംബന്ധമുറ, കൂട്ടുകുടുംബവ്യവസ്ഥ, ആളോഹരിസമ്പ്രദായം, മരുമക്കത്തായം എന്നിവമൂലം ബന്ധിതമായിരുന്നു നായന്മാരുടെ സാമൂഹികജീവിതം. നായർ സമുദായത്തിന്റെ പലവിധ പരിഷ്കാരങ്ങൾക്കുമിടയായത് സ്വാമിയുടെ പ്രവർത്തനം മൂലമായിരുന്നു. പരിവ്രാജകനും, സന്യാസിയുമൊക്കെ ആയിരുന്നിട്ടും കാഷായവേഷം അണിഞ്ഞിരുന്നില്ല. സ്വന്തമായി ആശ്രമങ്ങളും സ്ഥാപിച്ചിരു


SGOU

ന്നില്ല. സ്വാമികൾ 1924-ൽ കൊല്ലം ജില്ലയിലെ പന്മനയിൽ വെച്ച് സമാധിയടഞ്ഞു. ഇന്ന് സ്വാമികളുടെ പേരിൽ അവിടെ ഒരാശ്രമം സ്ഥിതി ചെയ്യുന്നു. കേരളം കണ്ട ജ്ഞാനതപസ്വികളിൽ പ്രമുഖനാണ് ചട്ടമ്പിസ്വാമികൾ.

### 4.2.5 ബ്രഹ്മാനന്ദ ശിവയോഗി (1852 - 1929)

പാലക്കാട് ജില്ലയിലെ കൊല്ലങ്കോട്ട്, കാരാട്ട് കുടുംബത്തിൽ 1852-ൽ ജനിച്ച ഗോവിന്ദൻകുട്ടിയാണ് പിൽക്കാലത്ത് ബ്രഹ്മാനന്ദ സ്വാമി ശിവയോഗി എന്ന പേരിൽ അറിയപ്പെട്ടത്. ചെറുപ്പ



ത്തിലേ സംസ്കൃതം, ഇംഗ്ലീഷ്, ശാസ്ത്രം തുടങ്ങിയവയിൽ അറിവ് നേടുകയും യുക്തിചിന്തയും ധ്യാനവും ശീലമാക്കുകയും ചെയ്തു. നാട്ടിലെ ഒരു സ്കൂളിൽ അധ്യാപകനായി ഔദ്യോഗിക ജീവിതമാരംഭിച്ചെങ്കിലും അത് തുടർന്നു പോകാൻ അദ്ദേഹം തയ്യാറായില്ല. കുടുംബ പാരമ്പര്യമനുസരിച്ച് അംശംമേനോൻ എന്ന ഉദ്യോഗം ഏറ്റെടുക്കാൻ നിർബന്ധിതനായെങ്കിലും മേലുദ്യോഗസ്ഥന്മാരെ അനുസരിക്കാനുള്ള വിമുഖത കാരണം ആ ജോലിയും അദ്ദേഹം ഉപേക്ഷിച്ചു. അതിനിടെ ബ്രഹ്മസമാജത്തിന്റെ പ്രവർത്തനങ്ങളിൽ ആകൃഷ്ടനായി രാജയോഗം ശീലിച്ചു.

ഹിന്ദുമതം വളരെ ഉത്കൃഷ്ടമാണെങ്കിലും അനാചാരങ്ങൾ ആ മതത്തെ ദുഷിപ്പിച്ചു കൊണ്ടിരിക്കുന്നുവെന്നാണ് ബ്രഹ്മാനന്ദ ശിവയോഗി അഭിപ്രായപ്പെട്ടിരുന്നത്. അനാചാരങ്ങൾ ഒഴിവാക്കി ഹിന്ദുമതത്തെ ശുദ്ധീകരിക്കണമെന്നായിരുന്നു ശിവയോഗിയുടെ നിലപാട്. വിഗ്രഹാരാധനയാണ് ഏറ്റവും വലിയ അനാചാരമെന്നും അദ്ദേഹം പ്രസംഗിച്ചു. അക്കാലത്തെ വ്യത്യസ്ത ചിന്താഗതിക്കാരെ ശിവയോഗിയുടെ ഗ്രന്ഥങ്ങളും പ്രഭാഷണങ്ങളും നല്ലതു പോലെ ആകർഷിച്ചു. വാഗ്ഭടാനന്ദൻ ഉൾപ്പെടെ ധാരാളം പേർ ശിവയോഗിയുടെ ശിഷ്യരായി മാറി. അദ്ദേഹത്തിന്റെ ആദർശങ്ങളെ പണ്ഡിറ്റ് കറുപ്പനും പിന്തുടർന്നിരുന്നു.

പില്ക്കാലത്ത് കേരളത്തിൽ ഉയർന്നുവന്ന നവോത്ഥാനചിന്തകളോടൊത്ത് ശിവയോഗി തന്റെ പ്രവർത്തനമണ്ഡലങ്ങൾ വിപുലീകരിച്ച് മുന്നോട്ടുപോയി. വിഗ്രഹാരാധനയെയും ബഹുദൈവവിശ്വാസത്തെയും യുക്തിപൂർവം ചോദ്യം ചെയ്യുന്ന ഒരു നിലപാട് ശിവയോഗി സ്വീകരിച്ചു. നിത്യേനയുള്ള ധ്യാനത്തിലൂടെയും പഠനഅന്വേഷണങ്ങളിലൂടെയും അദ്ദേഹം ലക്ഷ്യത്തിലേക്ക് നീങ്ങി. തന്റെ ചിന്തകളുടെ സാക്ഷാത്കാരത്തിന് വേണ്ടി ആനന്ദമതം എന്നൊരു പ്രസ്ഥാനം അദ്ദേഹം സ്ഥാപിച്ചു. അതിന്റെ ശാഖകൾ കേരളത്തിൽ അനേക സ്ഥലങ്ങളിൽ സ്ഥാപിച്ചുകൊണ്ടാണ് നവോത്ഥാനപ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരുന്നത്. ആനന്ദത്തിന്റെയും ഐക്യത്തിന്റെയും സന്ദേശം പ്രചരിപ്പിക്കുകയായിരുന്നു ശിവയോഗിയുടെ പ്രഥമലക്ഷ്യം അതിനു വേണ്ടി അദ്ദേഹം ആനന്ദമഹാസഭയും സ്ഥാപിച്ചു.

ബ്രഹ്മാനന്ദ ശിവയോഗി ബ്രഹ്മം എന്ന സങ്കല്പത്തെ 'തൈത്തിരിയോപനിഷത്തി'ന്റെ പിന്തുണയോടെ ആനന്ദം എന്ന ആശയത്തിലേക്ക് സംക്രമിപ്പിക്കുകയായിരുന്നു ചെയ്തത്. മനസ്സും ആത്മാവും ഒന്നാണെന്നും മനസ്സിനെ ജയിക്കുകയാണെങ്കിൽ മനുഷ്യൻ പൂർണ്ണനാകുമെന്നുമായിരുന്നു അദ്ദേഹത്തിന്റെ സിദ്ധാന്തം. ഹിംസാത്മകമായ മതകർമ്മങ്ങളെയും താലികെട്ട് കല്യാണം, പുളികുടി, പുലകുടി തുടങ്ങിയവയേയും അദ്ദേഹം എതിർത്തു. ശവസംസ്കാരത്തിനുൾപ്പെടെയുള്ള എല്ലാവിധ അനാവശ്യ ചെലവുകളും ഉപേക്ഷിക്കണമെന്നും ശിവയോഗി ആഹ്വാനം ചെയ്തു. ജാതിയുടെയും മതത്തിന്റെയും പേരിൽ മനുഷ്യനെ അകറ്റിനിർത്തരുതെന്നും പക്ഷിമൃഗാദികളെ കൊന്ന് തിന്നുകയോ ബലി നടത്തുകയോ ചെയ്യരുതെന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു. മനുഷ്യൻ നമ്പൂതിരി, നായർ,

SGOU

ഈഴവർ, പുലയർ, പറയർ തുടങ്ങിയ പല ജാതികളായി വ്യത്യസ്തരായി കഴിയേണ്ടവരല്ലെന്നും, ക്രിസ്തുമതം, ഇസ്ലാംമതം എന്നിങ്ങനെ വേർപെട്ട് പല ആചാരങ്ങൾ നടത്തേണ്ടവരല്ലെന്നും, സ്വദേശി, വിദേശി എന്ന വ്യത്യാസം പാടില്ലെന്നും, എല്ലാ മനുഷ്യരും ഒരേ ആനന്ദകുലജാതി മതദേശക്കാരാണെന്നുമായിരുന്നു ബ്രഹ്മാനന്ദ ശിവയോഗി പ്രഖ്യാപിച്ചത്. ഐക്യമത്യവും സാഹോദര്യവും വളർത്തണമെന്നും, ആലോചന, ജ്ഞാനം, പൗരുഷം, സത്യം, ക്ഷമ, ശാന്തി തുടങ്ങിയ സദ്ഗുണങ്ങൾ ശീലിക്കണമെന്നും ആനന്ദമതം നിർദ്ദേശിച്ചു. സ്വർഗം മനസിന്റെ സുസ്ഥിതിയും നരകം ദുസ്ഥിതിയുമാണെന്നാണ് ശിവയോഗി പറയാറുള്ളത്. 1929-ൽ ബ്രഹ്മാനന്ദ ശിവയോഗി അന്തരിച്ചു. അദ്ദേഹത്തിന്റെ ആദർശങ്ങളെ പിന്തുടർന്നത് മലബാറിലെ ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് ശക്തമായ അടിത്തറ നല്കി.

### 4.2.6 വാഗ്ഭടാനന്ദൻ (1887 - 1939 )



കേരളത്തിലെ നവോത്ഥാന നായകരിൽ പ്രമുഖ വ്യക്തിയാണ് വാഗ്ഭടാനന്ദൻ. 1885-ൽ തലശ്ശേരിയിലെ പാട്യം ഗ്രാമത്തിലാണ് ജനനം. കുഞ്ഞിക്കണ്ണൻ എന്നായിരുന്നു ആദ്യ പേര്. അധ്യാപകൻ, പ്രഭാഷകൻ, പത്രാധിപർ പണ്ഡിതൻ എന്നിങ്ങനെ വിവിധ തുറകളിൽ ശോഭിച്ച വ്യക്തിയായിരുന്നു വാഗ്ഭടാനന്ദൻ. ആത്മവിദ്യാസംഘത്തിന്റെ സ്ഥാപകൻ എന്ന നിലയിലാണ് അദ്ദേഹം ഏറെ പ്രഖ്യാതനായത്. കോഴിക്കോട് തത്വപ്രകാശികാ വിദ്യാലയത്തിന്റെയും ആശ്രമത്തിന്റെയും സ്ഥാപകനും വാഗ്ഭടാനന്ദനാണ്.

ശ്രീനാരായണഗുരു, ചട്ടമ്പിസ്വാമി, ആഗമാനന്ദ സ്വാമി തുടങ്ങിയവരുമായി നിരന്തരം ബന്ധം ഉണ്ടായിരുന്നെങ്കിലും വാഗ്ഭടാനന്ദൻ സന്യാസി ആയിരുന്നില്ല. ബ്രഹ്മാനന്ദ ശിവയോഗിയുടെ ശിഷ്യത്വം സ്വീകരിച്ച് ആത്മീയ ദർശനങ്ങളെയും അദ്വൈതവേദാന്ത സിദ്ധാന്തങ്ങളെയും കുറിച്ച് നിരന്തരമായി പ്രഭാഷണം നടത്തുകയുമാണ് അദ്ദേഹം ചെയ്തത്. ബ്രഹ്മാനന്ദ ശിവയോഗിയാണ് അദ്ദേഹത്തിന് വാഗ്ഭടാനന്ദൻ എന്ന പേര് നൽകിയത്. അതുവരെ വി. കെ. ഗുരുക്കൾ എന്ന പേരിലാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. കോഴിക്കോട്ടെ തത്വപ്രകാശിക വിദ്യാലയത്തിലെ അധ്യാപികയായ വാഗ്മയിദേവിയെ വിവാഹം കഴിച്ച് അദ്ദേഹം കുടുംബജീവിതം നയിച്ചുകൊണ്ടായിരുന്നു പ്രവർത്തനങ്ങളെല്ലാം നടത്തിയത്.

ബ്രഹ്മാനന്ദ ശിവയോഗിയുടെ ശിഷ്യനായതോടുകൂടി വിഗ്രഹാരാധനയെയും ദുരാചാരങ്ങളെയും എതിർക്കാനുള്ള കർമ്മശേഷി അദ്ദേഹത്തിൽ വളർന്നു. പില്കാലത്ത് വേദാന്തം, അദ്വൈതം തുടങ്ങിയ ചർച്ചകളിൽ ബ്രഹ്മാനന്ദ ശിവയോഗിയോട് വിയോജിപ്പ് പ്രകടിപ്പിക്കുകയും ശിവയോഗിയുടെ സിദ്ധാശ്രമം വിട്ടുപോവുകയും ചെയ്തു. അതിനുശേഷം സ്വതന്ത്രനായ പരിഷ്കർത്താവും പ്രഭാഷകനുമായി ജീവിതം നയിക്കുകയാണുണ്ടായത്. മതനവീകരണത്തിലും സാമൂഹികപരിഷ്കരണത്തിലും വാഗ്ഭടാനന്ദനെ ഏറെ സ്വാധീനിച്ചത് കേരളത്തിൽ ബംഗാളിലെ ബ്രഹ്മസമാജത്തിന്റെ ശാഖ സ്ഥാപിച്ച ഡോ. അയ്യത്താൻ ഗോപാലനായിരുന്നു. ബ്രഹ്മസമാജവുമായുള്ള സഹവാസം മൂലം വിഗ്രഹാരാധനയോടുള്ള എതിർപ്പും ഏകദൈവവിശ്വാസവും വാഗ്ഭടാനന്ദനിൽ ശക്തമായി.

വാഗ്ഭടാനന്ദന്റെ പ്രവർത്തനമണ്ഡലങ്ങളിൽ, ആത്മീയകാര്യങ്ങൾ മാത്രമല്ല ഉണ്ടായിരുന്നത് ജീവിതവുമായി ബന്ധപ്പെട്ട മിക്ക പ്രശ്നങ്ങളും അദ്ദേഹം ചിന്താവിഷയമാക്കി. 1929-ൽ വാഗ്ഭടാനന്ദൻ പ്രസിദ്ധീകരണമാരംഭിച്ച ആത്മവിദ്യാകാഹളവും നവീന ചിന്താസരണികളുടെതായിരു

SGOU

ന്നു. സാഹിത്യനിരൂപണത്തിലും കവിതയിലും അദ്ദേഹത്തിന്റെ പ്രതിഭാവിലാസങ്ങൾ കാണാം. വാഗ്ഭടാനന്ദന്റെ മതനവീകരണ പ്രഭാഷണങ്ങളോടൊപ്പം സാഹിത്യപ്രഭാഷണങ്ങൾക്കും ശ്രോതാക്കളേറെയുണ്ടായിരുന്നു. ആത്മീയ ചിന്തയും സാംസ്കാരികപ്രവർത്തനവും ആചാരാ പരിഷ്കരണവും ലോകത്തെ അറിയിക്കുവാൻ വേണ്ടി അദ്ദേഹം അഭിനവകേരളം എന്ന ഒരു മാസികയും നടത്തിയിരുന്നു. ആ മാസികയിൽ ചേർത്തിരിക്കുന്ന "ഉണരുവിൻ അഖിലേശനെ സ്മരിപ്പിൻ ക്ഷണമെഴുന്നേൽപ്പിൽ അനീതിയോടെതിർപ്പിൻ" എന്ന ആപ്തവാക്യം പ്രാവർത്തികമാക്കാനുള്ള യജ്ഞമാണ് അദ്ദേഹം എല്ലാ കാലത്തും നടത്തിക്കൊണ്ടിരുന്നത്. നവോത്ഥാന കേരളത്തിന് വാഗ്ഭടാനന്ദൻ നൽകിയ സംഭാവനകൾ വിലമതിക്കാനാവാത്തതാണെന്നതാണ് യാഥാർഥ്യം.

### 4.2.7 ആനന്ദതീർത്ഥൻ (1905 - 1987)



1905 - ജനുവരി രണ്ടിന് തലശ്ശേരിയിൽ ജനിച്ച അനന്തഷേണായിയാണ് പിൽക്കാലത്ത് ആനന്ദതീർത്ഥനായത്. അദ്ദേഹം 1928 – ൽ ശ്രീനാരായണഗുരുവിന്റെ ശിഷ്യനായപ്പോഴാണ് ആനന്ദതീർത്ഥൻ എന്ന പേര് സ്വീകരിച്ചത്. അദ്ദേഹം വർക്കല ശ്രീനാരായണ ധർമ്മസംഘം പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്. മദ്രാസ് സർവകലാശാലയിൽ നിന്നും എം. എ. ബിരുദം നേടിയ ശേഷമാണ് അദ്ദേഹം പൊതുരംഗത്തേക്ക് രംഗപ്രവേശം ചെയ്തത്. ജാതിനശീകരണ പ്രവർത്തനങ്ങളായിരുന്നു തുടക്കം. ഒലവക്കോടുള്ള ശബരി ആശ്രമമാണ് അദ്ദേഹത്തിന്റെ പ്രവർത്തനമണ്ഡലമായി തിരഞ്ഞെടുത്തത്. പാലക്കാടി നടുത്ത് നായാടികൾക്ക് വേണ്ടി ഒരു കോളനി തുടങ്ങിയത് ആനന്ദതീർത്ഥനാണ്. പയ്യന്നൂരിൽ അധ:സ്ഥിതർക്ക് വേണ്ടി ഒരു സ്കൂൾ ആരംഭിച്ചു. കാൽനടയായി സബർമതിയിലെത്തി ഗാന്ധിജിയെ സന്ദർശിച്ച ശേഷം ഗാന്ധിചിന്തകളിൽ ആകൃഷ്ടനായി. 1930-ൽ തമിഴ്നാട്ടിലെ വേദാരണ്യം എന്ന സ്ഥലത്തെത്തി ഉപ്പുസത്യാഗ്രഹത്തിലും പങ്കെടുത്തു.

കേളപ്പൻ പ്രസിഡന്റായിരുന്ന ജാതി നാശിനിസഭയുടെ സെക്രട്ടറിയായി പ്രവർത്തിച്ചുകൊണ്ടാണ് ജാതിനശീകരണ പ്രവർത്തനങ്ങളിൽ മുഴുകിയത്. ജാതി നശിപ്പിക്കൽ 'നവയുഗധർമ്മം' എന്ന മുദ്രാവാക്യത്തോടെ മിശ്രവിവാഹങ്ങൾക്കും പ്രേരണ നൽകുകയുണ്ടായി. പേരിനൊപ്പം ജാതി പാടില്ല എന്ന നിലപാടായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നത്. 1950 ജനുവരി ഒന്നാം തീയതി ഈഴവരെയും ഹരിജനങ്ങളെയും സംഘടിപ്പിച്ചുകൊണ്ട് കൊച്ചിയിലെ ഗൗഡ സാരസ്വത ക്ഷേത്രത്തിലെത്തിച്ചേർന്ന് അവിടെ സ്ഥാപിച്ചിരുന്ന തീണ്ടൽപ്പലക എടുത്തുമാറ്റി അകത്തു കയറുകയുണ്ടായി. ക്ഷേത്രഭാരവാഹികളുടെ എതിർപ്പ് ഉണ്ടായെങ്കിലും പോലീസ് പ്രതിരോധം നടത്തിയില്ല. അതേ തുടർന്നു ക്ഷേത്രഭാരവാഹികൾ അൻപതു ദിവസം ക്ഷേത്രം അടച്ചിട്ടു. അതിൽ പ്രതിഷേധിച്ച് ആനന്ദതീർത്ഥൻ നിരാഹാരസത്യാഗ്രഹം തുടങ്ങാനാരംഭിച്ചപ്പോൾ പോലീസ് കേസെടുക്കുകയും പറവൂർ കോടതി ആനന്ദതീർത്ഥനും കൂട്ടർക്കും അനുകൂലമായി വിധി പറഞ്ഞെങ്കിലും ഹൈക്കോടതി അത് റദ്ദാക്കുകയുമാണുണ്ടായത്. പിൽക്കാലത്ത് ഈ വിധി മറികടക്കാൻ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് കേരള ഹിന്ദു പൊതു ആരാധനാനിയമം കൊണ്ടുവന്നു. ഗുരുവായൂരിൽ ബ്രാഹ്മണർക്ക് മാത്രമായി നടത്തിയിരുന്ന സദ്യയെ 1982-ൽ ആനന്ദതീർത്ഥൻ എതിർക്കുകയുണ്ടായി. പലപ്പോഴും കഠിന മർദ്ദനത്തിനിരയാകേണ്ടി വന്ന അദ്ദേഹം 1987 നവംബറിൽ പയ്യന്നൂരിൽ വച്ച് അന്തരിച്ചു.

## Recap

- മിഷണറിമാരുടെ സംഭാവനകൾ കേരളീയപൊതുമണ്ഡലത്തിൽ വരുത്തിയ മാറ്റങ്ങൾ
- അച്ചടിയുടെ ആരംഭം
- മലയാളത്തിലെ പത്രപ്രവർത്തനത്തിന്റെ ആരംഭം
- ആദ്യകാല മാസികകൾ
- ഗുണ്ടർട്ടിന്റെ സംഭാവനകൾ
- സി. എം. എസ്സ് പ്രസ്സിന്റെ പ്രാധാന്യം
- ബഞ്ചമിൻ ബെയ്‌ലിയുടെ സംഭാവനകൾ
- ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ ആരംഭം
- ആയിത്തോച്ചാടന പ്രക്ഷോഭങ്ങൾ
- സമൂഹത്തിലെ ഉച്ചനീചത്വങ്ങൾക്കെതിരെ ഉണ്ടായ പ്രവർത്തങ്ങൾ
- കേരളത്തിലെ നവോത്ഥാന പ്രവർത്തകർ
- വൈകുണ്ഠസ്വാമികളുടെ പ്രവർത്തനങ്ങൾ
- മതനവീകരണശ്രമങ്ങൾ
- അയിത്തതിനെതിരെ നടന്ന കലാപങ്ങൾ
- ശ്രീനാരായണഗുരുവിന്റെ സംഭാവനകൾ
- എല്ലാ മനുഷ്യരും ഒന്നാണെന്ന ചിന്ത
- അരുവിപ്പുറം ക്ഷേത്രപ്രതിഷ്ഠ
- ബ്രഹ്മണാധിത്തിപത്യത്തിനോടുള്ള എതിർപ്പ്
- പുരോഗമന പ്രസ്ഥാനങ്ങളുടെ രൂപീകരണം

## Objective Type Questions

1. പുത്തൻപാന എന്ന കൃതി രചിച്ചത് ആര് ?
2. മലയാളത്തിലെ ആദ്യത്തെ യാത്രാവിവരണ ഗ്രന്ഥം ഏത്?
3. 'വർത്തമാനപുസ്തകം' രചിച്ചതാര് ?
4. ജാതി പരിഗണനയില്ലാതെ എല്ലാവർക്കും സൗജന്യ പഠനത്തിന് അവസരം നല്കിയ മിഷണറി പ്രവർത്തകൻ ആര്?
5. സി. എം. എസ്. മിഷണറിയിലെ പ്രധാനപ്രവർത്തകർ ആരെല്ലാം?
6. 'ഡോക്ട്രിന ക്രിസ്റ്റം' എന്ന കൃതി പ്രസിദ്ധീകരിച്ച വർഷം ഏത്?
7. 'ഡോക്ട്രിന ക്രിസ്റ്റം' പ്രസിദ്ധീകരിച്ചതെവിടെ നിന്ന്?
8. 'ഡോക്ട്രിന ക്രിസ്റ്റം' എന്ന കൃതിയുടെ പൂർണ്ണമായ പേരെന്ത്?
9. ആദ്യമായി മലയാളലിപി അച്ചടിച്ച ഗ്രന്ഥമേത്?
10. ഹോർത്തൂസ് മലബാറിക്കസ് പ്രസിദ്ധീകരിച്ച രാജ്യമേത്?
11. പൂർണ്ണമായും മലയാളത്തിൽ അച്ചടിച്ച ആദ്യ ഗ്രന്ഥം ഏത്?
12. ലഭ്യമായതിൽവച്ച് ആദ്യത്തെ മലയാളപത്രമേത്?
13. 1836-ൽ വൈകുണ്ഠസ്വാമികൾ സ്ഥാപിച്ച സംഘടനയുടെ പേരെന്ത്?
14. 'അന്തപുരിയിലെ നീചനും, വെൺനീചനും' എന്ന് യഥാക്രമം സ്വാതിതിരുനാളിനെയും



SGOU

ബ്രിട്ടീഷുകാരെയും വിശേഷിപ്പിച്ച പരിഷ്കർത്താവ് ആര് ?

15. സ്വാതിതിരുന്നാൾ വൈകുണ്ഠസ്വാമികളെ ജയിലിലടച്ചപ്പോൾ ജയിലറായിരുന്നതും പില്കാലത്ത് സ്വാമികളുടെ ശിഷ്യനായിതീർന്നതുമായ വ്യക്തി ആര് ?
16. അരുവിപ്പുറം ക്ഷേത്രപ്രതിഷ്ഠ നടന്ന വർഷമേത്?
17. വേദാധികാരനിരൂപണം, ക്രിസ്തുമതപരിഛേദനം എന്നിവ ആരുടെ കൃതികളാണ്?
18. ഹിന്ദുമതം ഉത്കൃഷ്ടമാണെങ്കിലും അനാചാരങ്ങൾ ആ മതത്തെ മുഷിപ്പിച്ചുകൊണ്ടിരിക്കുകയാണ് എന്നഭിപ്രായപ്പെട്ട പരിഷ്കർത്താവ് ആര്?
19. ആനന്ദമഹാസഭയുടെ സ്ഥാപകൻ ആരാണ് ?
20. അഭിനവകേരളം എന്ന മാസിക ആരംഭിച്ചത് ആര്?
21. 'നവയുഗ ധർമ്മം' എന്ന പേരിൽ മിശ്രവിവാഹത്തെ പ്രോത്സാഹിപ്പിച്ച പരിഷ്കർത്താവ്?
22. ജാതിനാശിനീസഭയുടെ പ്രസിഡന്റാരായിരുന്നു ?
23. ജാതിനാശിനീസഭയുടെ സെക്രട്ടറിയായ പ്രവർത്തിച്ചതാര്?
24. ഉണരുവിൻ അഖിലേശനെ സ്മരിപ്പിൻ, ക്ഷണമെഴുന്നേൽപ്പിൻ അനീതിയോടെതിർപ്പിൻ - എന്ന ആപ്തവാക്യം ആരുടേതാണ് ?
25. ചട്ടമ്പിസ്വാമികൾ പൂർണ്ണമായും സ്വീകരിച്ചിരുന്ന നാമധേയമെന്തായിരുന്നു?

## Answers

1. അർണോസ് പാതിരി
2. വർത്തമാന പുസ്തകം
3. പാറേമ്മാക്കൽ തോമാക്കത്തനാർ
4. റിങ്കിൾ ടാബ് (Ringle Tab)
5. ബെഞ്ചമിൻ ബെയ്‌ലി, ഹെൻട്രി ബേക്കർ, ഫെൻ
6. 1578
7. തങ്കശ്ശേരി
8. ഡോക്ട്രിന ക്രിസ്റ്റം അഥവാ തമ്പുരാൻ വണക്കം
9. ഹോർത്തൂസ് മലബാറിക്കസ്
10. നെതർലാൻഡ്
11. സംക്ഷേപവേദാർത്ഥം
12. രാജ്യസമാചാരം
13. സമത്വസമാജം
14. അയ്യാവൈകുണ്ഠസ്വാമികൾ
15. പി. സുബ്ബരായപ്പണിക്കർ- തൈക്കാട്ട് അയ്യാവ്
16. 1888
17. ചട്ടമ്പിസ്വാമികൾ
18. ബ്രഹ്മാനന്ദ ശിവയോഗി
19. ബ്രഹ്മാനന്ദ ശിവയോഗി
20. വാഗ്ഭടാനന്ദൻ
21. ആനന്ദതീർത്ഥൻ

SGOU

22. കെ. കേളപ്പൻ
23. ആനന്ദതീർത്ഥൻ
24. വാഗ്ഭടാനന്ദൻ
25. വിദ്യാധിരാജപരമഭട്ടാകര ചട്ടമ്പിസ്വാമികൾ

## Assignments

1. വിദേശമിഷണറിമാരുടെ ഭാഷാസേവനപ്രവർത്തനങ്ങളെപ്പറ്റി വിശകലനം ചെയ്യുക
2. വിദേശമിഷണറിമാർ കേരളീയവിദ്യാഭ്യാസത്തിനു നൽകിയ സംഭാവനകളെക്കുറിച്ച് വിവരിക്കുക
3. അച്ചടിയുടെ പ്രചാരത്തോടെ മലയാളത്തിനുണ്ടായ വികാസം ചർച്ചചെയ്യുക.
4. വൈകുണ്ഠസ്വാമികളുടെ സാമൂഹ്യപരിഷ്കരണശ്രമങ്ങൾ കേരളത്തിൽ ചെലുത്തിയ സ്വാധീനം വിവരിക്കുക
5. ശ്രീനാരായണഗുരു, അയ്യൻകാളി, ചട്ടമ്പിസ്വാമികൾ എന്നിവരുടെ സാമൂഹ്യ പരിഷ്കരണ പ്രവർത്തനങ്ങളെപ്പറ്റി വിവരിക്കുക
6. കേരളത്തിലെ നവോത്ഥാനപരിഷ്കർത്താക്കളുടെ പ്രധാന സംഭാവനകൾ വിവരിക്കുക

## Reference


1. എം.ആർ. രാഘവവാര്യർ, മധ്യകാലകേരളം സ്വരൂപനീതിയുടെ ചരിത്രപാഠങ്ങൾ, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം.
2. കെ.എൻ. ഗണേശ്, കേരളത്തിന്റെ ഇന്നലെകൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. തിരുവനന്തപുരം.
3. എ. ശ്രീധരമേനോൻ, കേരളചരിത്രം, ഡി. സി. ബുക്സ്, കോട്ടയം.
4. ടി.കെ. ഗംഗാധരൻ, കേരളചരിത്രം, കോപ്പറേറ്റീവ് സൊസൈറ്റി, കോഴിക്കോട് സർവകലാശാല, കോഴിക്കോട്.


## Suggested Reading


1. ഉള്ളൂർ എസ്. പരമേശ്വരയ്യർ, കേരളസാഹിത്യ ചരിത്രം ഒന്നാം വാല്യം, കേരള സർവകലാശാല, തിരുവനന്തപുരം
2. പി.കെ. ഗോപാലകൃഷ്ണൻ, കേരളത്തിന്റെ സാംസ്കാരിക ചരിത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. എസ്.കെ. വസന്തൻ, നമ്മൾ നടന്ന വഴികൾ, മലയാളപഠന ഗവേഷണകേന്ദ്രം,
4. എൻ.എം. നമ്പൂതിരി, കേരളസംസ്കാരം: അകവും പുറവും, കാലിക്കറ്റ് യൂണിവേഴ്സിറ്റി കോപ്പറേറ്റീവ് സൊസൈറ്റി, കോഴിക്കോട്.




SREENARAYANAGURU OPEN UNIVERSITY

SGOU

BLOCK - 05

# സാമൂഹികപരിഷ്കർത്താക്കൾ, പ്രസ്ഥാനങ്ങൾ, സമരങ്ങൾ

SGOU

# പരിഷ്കരണപ്രസ്ഥാനങ്ങൾ, സമരങ്ങൾ

## Learning Outcomes

- സാമൂഹ്യപരിഷ്കരണവുമായി കേരളത്തിലുണ്ടായ മുന്നേറ്റങ്ങൾ മനസ്സിലാക്കുന്നു
- എസ്.എൻ.ഡി.പി. കേരളത്തിലെ സാമൂഹ്യാന്തരീക്ഷത്തിൽ ചെലുത്തിയ സ്വാധീനം തിരിച്ചറിയുന്നു
- സാധുജന പരിപാലനയോഗത്തിന്റെ പ്രവർത്തനങ്ങളും സമൂഹത്തിൽ വരുത്തിയ മാറ്റങ്ങളും മനസ്സിലാക്കുന്നു
- ആധുനികകേരളത്തിന്റെ രൂപീകരണത്തെക്കുറിച്ച് അറിയുന്നു

## Prerequisite

അടിച്ചമർത്തപ്പെട്ടുകിടന്നവർക്ക് ഒന്നിച്ചു നിൽക്കാനോ അവകാശങ്ങൾക്ക് വേണ്ടി വാദിക്കാനോ കഴിയാത്ത ഒരു കാലഘട്ടം കേരളത്തിൽ ഉണ്ടായിരുന്നു. അവർണ്ണരായിയിട്ടുള്ള ആ ജന വിഭാഗങ്ങൾക്ക് സംഘടിക്കുവാനോ അവകാശങ്ങൾ സംരക്ഷിക്കുവാനോ കഴിഞ്ഞിരുന്നില്ല. ശ്രീനാരായണഗുരുവുൾപ്പെടെയുള്ള സാമൂഹിക പരിഷ്കർത്താക്കൾ രംഗത്തേക്ക് വന്നതോടുകൂടി ആ അവസ്ഥകൾക്ക് മാറ്റം വന്നുതുടങ്ങി. ചുറ്റുപാടുമുള്ള അവസ്ഥ തിരിച്ചറിഞ്ഞ നവോത്ഥാന നായകന്മാർ ആത്മീയനേതൃത്വത്തിലൂടെയും അല്ലാതെയും അവരുടെ പ്രവർത്തനമണ്ഡലം വികസിപ്പിക്കുവാൻ തുടങ്ങി. അതിന്റെ ഫലമായി അവശസമുദായങ്ങളുടെ ഉന്നമനത്തിനായി സംഘടനകൾ രൂപീകരിച്ച ചരിത്രമാണ് പിന്നീടുണ്ടായത്. അരുവിപ്പുറം പ്രതിഷ്ഠയുടെ പ്രതിഫലനമായിരുന്നു ഈ മാറ്റങ്ങൾക്കെല്ലാം കാരണം. സമുദായം സംഘടിച്ചു നിന്നാൽ സാമൂഹികമായ പുരോഗതി ഉണ്ടാകും എന്ന് തിരിച്ചറിവ് ഈ സംഘടനകൾ തെളിയിച്ചിട്ടുണ്ട്. ശ്രീനാരായണഗുരുവിനും ചട്ടമ്പിസ്വാമിയ്ക്കും ശേഷം മറ്റു ചില സമുദായ പരിഷ്കർത്താക്കളും രംഗത്തേക്ക് വന്നതിന്റെ ചരിത്രവും കേരളത്തിൽ കാണാൻ കഴിയും.

കേരളീയനവോത്ഥാനം പലവിധത്തിലുള്ള പുനരാലോചനകൾക്കു വിധേയമായിക്കൊണ്ടിരിക്കുന്ന ഒരു കാലമാണിത്. നവോത്ഥാനത്തിന്റെ പ്രതിസന്ധികൾ എന്തായിരുന്നെന്നും, വെല്ലുവിളികൾ എത്രത്തോളമുണ്ടായിരുന്നെന്നും, നവോത്ഥാനം ആരുടെയൊക്കെ ജീവിതത്തിലാണ് മാറ്റമുണ്ടാക്കാതിരുന്നതെന്നും അതിന്റെ പരിമിതികൾ എന്തെല്ലാമായിരുന്നെന്നുമുള്ള അന്വേഷണങ്ങൾ ഇന്നും തുടരുന്നു. ജാതിവ്യവസ്ഥയുടെ അന്ധതയിൽ ജീവിച്ച ഒരു സമൂഹമായിരുന്നു കേരളം. കേരളത്തെ അന്ധവിശ്വാസങ്ങളിൽനിന്നും, അനാചാരങ്ങളിൽനിന്നും മോചിപ്പിക്കാനാണ് നവോത്ഥാനവും, നവോത്ഥാനനായകരും ശ്രമിച്ചത്. 1988-ൽ ശ്രീനാരായണഗുരു നടത്തിയ അരുവിപ്പുറത്തെ ശിവപ്രതിഷ്ഠയാണ് കേരളീയ നവോത്ഥാനത്തിന് ആധികാരികമായ തുടക്കം കുറിച്ചത്. സമുദായങ്ങളെ പരിഷ്കരിക്കാൻ നവോത്ഥാനനായകർ ശ്രമിച്ചു. എസ്.എൻ.ഡി.പി, എൻ.എസ്.എസ്, യോഗക്ഷേമ സഭ, സാധുജനപരിപാലനസംഘം തുടങ്ങിയ സംഘടിതരൂപം പ്രാപിച്ച പ്രവർത്തനങ്ങൾ നാവോത്ഥാനത്തെ സഹായിച്ചു.



SREENARAYANAGURU OPEN UNIVERSITY

പാശ്ചാത്യബന്ധങ്ങൾ, ഇംഗ്ലീഷ് വിദ്യാഭ്യാസം എന്നിവ നവോത്ഥാനത്തിന് വളർച്ച നല്കി. ജാതി, ജന്മി, മതമേധാവിത്വത്തോടും അതിന്റെ ആശയലോകത്തോടും തിരുത്തലുകൾ പ്രഖ്യാപിച്ച നവോത്ഥാന പ്രസ്ഥാനമാണ് കേരളത്തെ പുതിയ ജനാധിപത്യമതനിരപേക്ഷ സമൂഹമായി വളർത്തിയത്. സ്വാതന്ത്ര്യത്തിൽ വിശ്വസിക്കുന്ന തൊഴിലാളികളുടെ ഉയർത്തെഴുന്നേൽപ്പും സാംസ്കാരിക മുന്നേറ്റങ്ങളും സമരങ്ങളും നവോത്ഥാന പ്രക്രിയയെ സ്വാധീനിച്ചു.

ശ്രീനാരായണഗുരു അയിത്തത്തിനും അന്ധവിശ്വാസങ്ങൾക്കും സാമൂഹിക അനാചാരങ്ങൾക്കുമെതിരെ ശബ്ദമുയർത്തി. എസ്.എൻ.ഡി.പി. സ്ഥാപിച്ചു. അനാചാരങ്ങളെ ഇല്ലാതാക്കുക, വിദ്യാഭ്യാസത്തിനു പ്രാധാന്യം നൽകുക എന്നിവയായിരുന്നു ഗുരുവിന്റെ ലക്ഷ്യം. അദ്വൈതദർശനത്തിലധിഷ്ഠിതമാണ് ഗുരുവിന്റെ ചിന്താപദ്ധതി. തിരുവിതാംകൂറിലെ ഏറ്റവും ശക്തനായ നവോത്ഥാനനായകനായിരുന്നു അയ്യങ്കാളി. അയിത്തത്തിനും അനാചാരത്തിനുമെതിരെ ആശയങ്ങൾക്കപ്പുറം ഏറ്റുമുട്ടലിന്റെ പാതകൂടി അദ്ദേഹം സ്വീകരിച്ചു. അധഃസ്ഥിതസമുദായങ്ങൾ അനുഭവിച്ചിരുന്ന അനീതിക്കെതിരെ അദ്ദേഹം ശക്തമായി ആഞ്ഞടിച്ചു. സാധുജനപരിപാലനസംഘം സ്ഥാപിച്ചു. പരിഷ്കൃതവേഷങ്ങൾ ധരിക്കാനും വിദ്യാഭ്യാസം നേടാനുമായി അദ്ദേഹം നടത്തിയ പോരാട്ടങ്ങൾ കേരളചരിത്രത്തിലെ മറക്കാനാവാത്ത സംഭവങ്ങളാണ്. 1914– ൽ ശ്രീമൂലം പ്രജാസഭയിൽ അംഗമായി. പൊയ്കയിൽ കുമാരഗുരു അഥവാ പൊയ്കയിൽ അപ്പച്ചൻ മറ്റൊരു നവോത്ഥാന നായകനായിരുന്നു. അദ്ദേഹം അധഃസ്ഥിതരുടെ പക്ഷത്തുനിന്നുകൊണ്ട് അവരുടെ ജീവിതാവസ്ഥകളെ വിലയിരുത്താൻ ശ്രമിച്ചു. പ്രത്യക്ഷരക്ഷാ ദൈവസഭയുടെ സ്ഥാപകൻ അദ്ദേഹമായിരുന്നു. ഈയൊരവസരത്തിൽ മുസ്ലീം സമുദായത്തെ സാമൂഹികമായും വിദ്യാഭ്യാമായും സാമ്പത്തികമായും പുനരുദ്ധരിക്കാർ മുന്നോട്ടുവന്ന നവോത്ഥാനനായകനാണ് മക്തി തങ്ങൾ. മുസ്ലീം സമുദായത്തിലെ അനാചാരങ്ങളും അന്ധവിശ്വാസങ്ങളും ഇല്ലായ്മ ചെയ്യാനും വിദ്യാഭ്യാസപരസപരമായി മുന്നേറാനും മക്തിതങ്ങൾ പ്രവർത്തിച്ചു. 'തുർക്കി സമാചാരം' എന്ന പത്രം പ്രസിദ്ധീകരിച്ചു. ചേരമർ മഹാസഭയുടെ സ്ഥാപകനാണ് പാമ്പാടി ജോൺ ജോസഫ്. 'ഗോത്രപരമായി സംഘടിക്കൂ മതപരമായി അല്ല' എന്നതാണ് ചേരമർ മഹാസഭയുടെ മുദ്രാവാക്യം, സാധുജനദൂതൻ എന്ന മാസികയും ആരംഭിച്ചു. 1921– ൽ ശ്രീമൂലം പ്രജാസഭയിൽ അംഗമായി. കുറുമ്പൻ ദൈവത്താൻ ദളിതരുടെ ഉന്നമനത്തിനു വേണ്ടി പ്രയത്നിച്ചു. ഹിന്ദു പുലയസമാജത്തിന്റെ സ്ഥാപകനായി രുന്നു

ഇന്നത്തെ കേരളസമൂഹത്തെ രൂപപ്പെടുത്തുന്നതിൽ ഈ നവോത്ഥാനനായകരും സാമൂഹ്യപരിഷ്കർത്താക്കളും നവോത്ഥാനപ്രസ്ഥാനങ്ങളും സമുദായസംഘടനകളും വളരെയേറെ പ്രയത്നിച്ചിട്ടുണ്ട്. അവരുടെ നിസ്തുലസേവനങ്ങളുടെ ആകെത്തുകയാണ് ഇന്നത്തെ കേരളം.

## Key Themes

ശ്രീനാരായണ ധർമ്മപരിപാലനയോഗം - അയ്യൻകാളി - സാധുജന പരിപാലന സംഘം - പൊയ്കയിൽ കുമാരഗുരു - പ്രത്യക്ഷ രക്ഷാദൈവസഭ - പണ്ഡിറ്റ് കെ. പി. കറുപ്പൻ - കുറുമ്പൻ ദൈവത്താൻ - സഹോദരൻ അയ്യപ്പൻ - മന്നത്തു പത്മനാഭൻ - എൻ. എസ്. എസ്. - വി.ടി. ഭട്ടതിരിപ്പാട് - യോഗക്ഷേമസഭ - വക്കം മൗലവി - മക്തിതങ്ങൾ

## Discussion

# 5.1 സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങൾ

### 5.1.1 സമത്വസമാജം

തെക്കൻ തിരുവിതാംകൂറിലെ പ്രക്ഷോഭങ്ങൾക്കെല്ലാം പ്രേരകനായി ഭവിച്ച ഒരു യോഗിവര്യനായിരുന്നു അയ്യാവൈകുണ്ഠസ്വാമികൾ. അദ്ദേഹം 1836 ൽ 'സമത്വസമാജം' എന്ന ഒരു സംഘടന രൂപീകരിച്ചു. അധഃസ്ഥിതരിൽ സ്വാഭിമാനം ഉണർത്തുകയെന്നതായിരുന്നു സംഘടനയുടെ ലക്ഷ്യം. ഹിന്ദുസമുദായത്തിലെ അനാചാരങ്ങളായ അയിത്തത്തിനും തീണ്ടലിനുമെതിരെ 'സമപന്തിഭോജനം' നടത്തിക്കൊണ്ടാണ് വർണ്ണവ്യവസ്ഥയെ അദ്ദേഹം വെല്ലുവിളിച്ചത്. ജാതിവ്യവസ്ഥയ്ക്കും സാമൂഹിക അസമത്വങ്ങൾക്കുമെതിരെ പോരാടുന്നതിനായാണ് 'സമത്വസമാജം' സ്ഥാപിച്ചത്. തെക്കൻ തിരുവിതാംകൂറിലായിരുന്നു ഇതിന്റെ പ്രവർത്തനം പ്രധാനമായും കേന്ദ്രീകരിച്ചിരുന്നത്. സമപന്തിഭോജനം നടപ്പാക്കി. ജാതിമത ഭേദമന്യേ എല്ലാവർക്കും ഒന്നിച്ച് ഇരുന്ന് ഭക്ഷണം കഴിക്കാനുള്ള സാഹചര്യം ഒരുക്കി. വ്യത്യസ്ത ജാതിക്കാരുടെ വീടുകളിൽ നിന്ന് സാധനങ്ങൾ ശേഖരിച്ച് ഒരുമിച്ച് പാചകം ചെയ്ത് കഴിക്കുന്ന രീതി (തുവയൽപന്തി) നടപ്പിലാക്കി. അടിമവേലയ്ക്കെതിരെയുള്ള പോരാട്ടമെന്ന നിലയിൽ ജന്മിമാർക്ക് കൂലിയില്ലാതെ വേല ചെയ്യരുതെന്ന് (ഊഴിയവേല) ജനങ്ങളെ ഉപദേശിച്ചു. അവർണ്ണസ്ത്രീകൾക്ക് മേൽമുണ്ട് ധരിക്കാനും, എല്ലാവർക്കും ഇഷ്ടമുള്ള വസ്ത്രങ്ങൾ ധരിക്കാനുമുള്ള അവകാശത്തിനായി നിലകൊണ്ടു. എല്ലാവരും തുല്യരാണെന്ന ബോധം വളർത്തുന്നതിനായി ആരാധനാലയങ്ങളിൽ 'തലപ്പാവ്' ധരിക്കാൻ അനുയായികളോട് നിർദ്ദേശിച്ചു. കേരളത്തിലെ ആദ്യകാല സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങളിലൊന്നാണ് സമത്വസമാജം.

### 5.1.2 ശ്രീനാരായണ ധർമ്മപരിപാലന യോഗം- 1903

'സംഘടനകൊണ്ട് ശക്തരാവുക', 'വിദ്യകൊണ്ട് സ്വതന്ത്രരാവുക' എന്നീ ആഹ്വാനങ്ങളോടെ മുന്നോട്ട് വന്ന ആദ്യത്തെ കേരളീയസമൂഹം ഈഴവസമുദായമായിരുന്നു. മാറുമറയ്ക്കാനുള്ള അവകാശത്തിൽ തുടങ്ങി, വഴിനടക്കാനുള്ള അവകാശത്തിലേക്കുകടന്ന് ആഭരണം അണിയാനും ഉപേക്ഷിക്കുവാനുമുള്ള സമരമുറകളിൽ ക്കൂടി തങ്ങളുടെ സ്വാതന്ത്ര്യാവകാശങ്ങൾക്ക് ചടുലാവിഷ്കരണം കൊടുത്തുകൊണ്ട് ഒരു സമൂഹം ഒന്നാകെ ചലിച്ച കാലഘട്ടമായിരുന്നു 19-ാം നൂറ്റാണ്ട് . നിഷേധിക്കപ്പെട്ട പലതും നിയമം മൂലം നേടുകയും, സംഘബലംകൊണ്ട് നേരിട്ടെടുക്കുകയും ചെയ്തു. എല്ലാ വിധിനിഷേധങ്ങൾക്കും കാരണം ജാതിയാണെന്നത് പകൽപോലെ വ്യക്തമായിരുന്നു. ഒരർഥത്തിൽ പത്തൊമ്പതാം നൂറ്റാണ്ട് ജാതിക്കെതിരേയുള്ള പോരാട്ടകാലമായിരുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ പൂർവാർധവും അതിന്റെ തുടർച്ച തന്നെയായിരുന്നു. ഉറച്ചുപോയ ഒന്നിനെ ഇളക്കി മാറ്റുവാൻ ലഘുവായ അധ്വാനം കൊണ്ട് സാധ്യമല്ലല്ലോ? ആത്മീയാചാര്യന്മാരും, സമുദായോദ്ധാരകരും, ഒത്തുചേർന്നാണ് സാമൂഹികനീതിക്കുവേണ്ടി പ്രവർത്തിച്ചത്. ആത്മീയ ഗുരുക്കന്മാരുടെ സാമൂഹികോദ്ധാരണം അതിന്റെ പരകോടിയിൽ എത്തിയ ഒരു മഹാസംഭവമായിരുന്നു അരുവിപ്പുറം പ്രതിഷ്ഠ (1888). ആരാധനാസ്വാതന്ത്ര്യം ഒരു ജനതയുടെ അവകാശമാണെന്നും ക്ഷേത്രാരാധനയ്ക്ക് ബ്രാഹ്മണരല്ലാത്തവർക്കും അവകാശമുണ്ടെന്നും ഈ സംഭവം വിളംബരം ചെയ്തു. ഒരു സമൂഹം എങ്ങനെയായിരിക്കണം എന്ന് വിഭാവനം ചെയ്തുറപ്പിച്ച കർമ്മപദ്ധതിയായിരുന്നു അത്. മഹാവാക്യങ്ങളേക്കാൾ മഹത്തരമായതും, ലളിതമായതും, ലക്ഷ്യബോധത്തോടെ ആമന്ത്രണം ചെയ്തതുമായ ഒരു സന്ദേശമായിരുന്നു അത്.

അരുവിപ്പുറത്തെ ശിവക്ഷേത്രത്തിൽ ഗുരുവിന്റെ സാമീപ്യം ആഗ്രഹിച്ച് ഭക്തജനങ്ങൾ എത്തിച്ചേർന്നുകൊണ്ടേയിരുന്നു. പലരും ഗുരുവിൽ അകമഴിഞ്ഞ ഭക്തരായിരുന്നു. ആത്മീയ കാര്യങ്ങളിൽ അഭയസ്ഥാനമായി അവർ കണ്ടത് അരുവിപ്പുറം ക്ഷേത്രത്തെയായിരുന്നു. ക്രമേണ ഭക്തർ എത്തിച്ചേർന്ന് പൂജാദികാര്യങ്ങളിൽ ഏർപ്പെട്ടു. 'വാവൂട്ടുയോഗം' എന്ന് അത് അറിയപ്പെട്ടു. അരുവിപ്പുറം ക്ഷേത്രത്തിന് ഒരു ചട്ടക്കൂടും സഭാംഗങ്ങളും ഉണ്ടായി. സ്വാമി വിവേകാനന്ദനു

SGOU



SREENARAYANAGURU OPEN UNIVERSITY

മായി പരിചയമായതുകൊണ്ടും പൽപ്പുവിന്റെ അന്തർദാഹംകൊണ്ടും തന്നെ തിരസ്കരിച്ച തിരുവിതാംകൂറിൽത്തന്നെ സമുദായപരിഷ്കരണ പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കുവാൻ ഡോക്ടർ പൽപ്പുവിന് കഴിഞ്ഞു. അരുവിപ്പുറത്ത് വിശ്രമിച്ചിരുന്ന ശ്രീനാരായണഗുരുവിനെ ഡോക്ടർ പൽപ്പു കാണുകയും അധഃകൃതരുടെ പ്രശ്ങ്ങൾ ചർച്ചചെയ്യുകയുമുണ്ടായി. അവയ്ക്ക് പരിഹാരം കാണുവാൻ ഒരുസംഘടന രൂപീകരിക്കാനും തീരുമാനിച്ചു. അരുവിപ്പുറം ക്ഷേത്രത്തിലുണ്ടായിരുന്ന,'വാവൂട്ട്യോഗം' രൂപാന്തരപ്പെട്ട് 'അരുവിപ്പുറംക്ഷേത്രയോഗ'മായും, പിന്നീട് 1903-ൽ ശ്രീനാരായണ ധർമ്മപരിപാലനയോഗമായും രജിസ്റ്റർ ചെയ്തു.

ജാതിവ്യവസ്ഥയ്ക്കെതിരായി പോരാടുന്നതിനായി സ്ഥാപിച്ചതായിരുന്നു എസ്.എൻ.ഡി.പി. യോഗം. മുള്ളിനെ മുള്ളുകൊണ്ടെടുക്കുന്നതുപോലെ, ക്ഷേത്രാചാരങ്ങളെ ക്ഷേത്രം സ്ഥാപിച്ചുകൊണ്ടുതന്നെ ലംഘിക്കുന്നതു പോലെ, ജാതീയമായ അവശതകളെ ജാതിസമുദായ സംഘടനകൾകൊണ്ടുതന്നെ നേരിടുന്ന ഒരു പ്രവണത ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ഒന്നരപ്പതിറ്റാണ്ടിൽ സജീവമായിരുന്നു. 1903-ൽ തിരുവനന്തപുരത്ത് കുന്നുകുഴിയിലുള്ള കമലാലയം ബംഗ്ലാവിൽ, അരുവിപ്പുറം ക്ഷേത്രയോഗാംഗങ്ങളും തിരുവനന്തപുരത്തുള്ള ചില പ്രമാണിമാരും യോഗം ചേർന്നു. അവിടെവച്ച് എടുത്ത തീരുമാനമാണ് എസ്. എൻ. ഡി. പി. യോഗസ്ഥാപനത്തിലേക്ക് നയിച്ചത്. യോഗത്തിന് 1903-മെയ് 15 ന് രജിസ്ട്രേഷൻ ലഭിച്ചു. ശ്രീനാരായണ ഗുരു ആയുഷ്ക്കാല അധ്യക്ഷനും, ഡോക്ടർ പൽപ്പു വൈസ് പ്രസിഡന്റും, കുമാരനാശാൻ ജനറൽ സെക്രട്ടറിയുമായിട്ടുള്ള കമ്മറ്റി രൂപീകരിച്ചു പ്രവർത്തനം തുടങ്ങി. കുമാരനാശാൻ 1919 വരെ യോഗം സെക്രട്ടറി സ്ഥാനത്ത് തുടർന്നു. 1904-ൽ യോഗത്തിന്റെ മുഖപത്രമായി 'വിവേകോദയം' ദ്വൈമാസികയായി പ്രസിദ്ധീകരിച്ചുതുടങ്ങി. ഈഴവസമൂഹത്തിന്റെ ഉന്നതിയെന്നതായിരുന്നു സംഘടനയുടെ ലക്ഷ്യം. അധഃകൃതരായ ഏവരുടേയും ഉന്നതിക്കായുള്ള സംഘടനയെന്ന് 1917 ലെ പൊതുയോഗ പ്രമേയത്തിലൂടെ മാറ്റംവരുത്തി. 1920 മുതൽ എസ്. എൻ. ഡി. പി. യിൽ ഏതൊരാൾക്കും അംഗമാകാമെന്ന് നിയമഭേദഗതി വരുത്തിയിട്ടുണ്ട്.

ക്ഷേത്രപ്രവേശനം, വിദ്യാലയപ്രവേശനം തുടങ്ങി സാമൂഹികനീതിക്കുവേണ്ടി പോരാടുവാനുള്ള ഊർജകേന്ദ്രമായി എസ്. എൻ. ഡി. പി. യോഗം നിലകൊണ്ടു. അനാചാരങ്ങളെ ഇല്ലാതാക്കുന്നതിന്റെ ആദ്യപടിയായി 'താലികെട്ട്' എന്ന അനാവശ്യചടങ്ങ് നിർത്തലാക്കുവാൻ യോഗം ആഹ്വാനം ചെയ്തു. ആചാരപരിഷ്കരണത്തിനായി ധർമ്മഭടന്മാരെ നാടുനീളെ നിയോഗിച്ചു. ഗുരുവിന്റെ നിർദ്ദേശപ്രകാരം മതം, സദാചാരം, വിദ്യാഭ്യാസം, വ്യവസായം എന്നീ വിഷയങ്ങളെക്കുറിച്ച് സമുദായാംഗങ്ങളിൽ പുതിയ അവബോധം വരുത്തുവാൻ വേണ്ട ചുമതലകൾ എസ്.എൻ.ഡി.പി. യോഗം ഏറ്റെടുത്തു. ഈഴവരുടെ ഇടയിലുണ്ടായിരുന്ന വിവാഹം പോലുള്ള ആചാരരീതികൾക്ക് ഐക്യരൂപം കൊടുക്കുവാൻ ഗുരു ശ്രദ്ധിച്ചിരുന്നു. ഇന്ന് കേരളത്തിൽ കാണുന്ന ഐക്യരൂപമുള്ള വിവാഹസമ്പ്രദായം ശ്രീനാരായണഗുരു നിർദ്ദേശിച്ച രീതിയിലാണ് നടക്കുന്നത്. യോഗം സ്ഥാപിച്ചു താമസിയാതെതന്നെ മറ്റു സമുദായങ്ങളും സാമുദായിക പരിഷ്കരണത്തിനായി സംഘടനകൾ രൂപീകരിച്ചു. കേരളത്തിന്റെ സാമൂഹികഘടനയുടെ അലകുംപിടിയും മാറ്റിയതിൽ എസ്. എൻ. ഡി. പി. യോഗത്തിന്റെ സംഭാവന അതിരറ്റതാണ്.

സംഘടനകൊണ്ട് ശക്തരാവുക എന്ന ഗുരൂപദേശം കേരളമൊട്ടാകെ ഏറ്റെടുക്കുവാൻ എസ്. എൻ. ഡി. പി. യുടെ വളർച്ച സഹായിച്ചിട്ടുണ്ട്. കേരളം ഉഴുതുമറിച്ച് പരിഷ്കരണത്തിന്റെയും നവോത്ഥാനത്തിന്റെയും വിത്ത് വിതച്ചതിൽ എസ്. എൻ. ഡി. പി. യോഗത്തിനുള്ള പങ്ക് നിസ്തുലമാണ്. നിവർത്തനപ്രക്ഷോഭം, പൗരസമത്വപ്രക്ഷോഭം, ഉത്തരവാദഭരണപ്രക്ഷോഭം തുടങ്ങിയ നവീനമായ രാഷ്ട്രീയ പ്രശ്നങ്ങളിൽ യോഗംപ്രവർത്തകർ മുൻനിരയിലെപ്പോഴുമുണ്ടായിരുന്നു. ആർ. ശങ്കർ എസ്. എൻ. ഡി. പി. യുടെ നേതൃസ്ഥാനത്ത് വന്നതോടെ വിദ്യാഭ്യാസസ്ഥാപനങ്ങൾ ആരംഭിയ്ക്കുകയും ഗുരുവിന്റെ ആഗ്രഹത്തെ സഫലമാക്കുകയും ചെയ്തു.

SGOU

### 5.1.3 ആറാട്ടുപുഴ വേലായുധപ്പണിക്കർ ( 1825 - 1874)

കേരളനവോത്ഥാനചരിത്രത്തിലെ ആദ്യകാല സാമൂഹ്യപരിഷ്കർത്താവായിരുന്നു ആറാട്ടുപുഴ വേലായുധപ്പണിക്കർ (കല്ലിശ്ശേരി വേലായുധ പെരുമാൾ). പത്തൊമ്പതാം നൂറ്റാണ്ടിൽ ആലപ്പുഴ, ഹരിപ്പാടിനടുത്ത് മംഗലം എന്ന ദേശത്തെ കല്ലിശ്ശേരിൽ എന്ന കുടുംബത്തിലായിരുന്നു അദ്ദേഹത്തിന്റെ ജനനം. മംഗലം വേലായുധപ്പെരുമാൾ എന്നും ഇദ്ദേഹം അറിയപ്പെട്ടിരുന്നു. ചരിത്രത്തിന്റെ മറവിയിലാണ്ടുപോയ പേരാണ് ആറാട്ടുപുഴ വേലായുധപ്പണിക്കർ. ഇതിഹാസതുല്യമായ ജീവിതം നയിച്ചിട്ടും ചരിത്രഗ്രന്ഥങ്ങളിൽ ഈ പേരു രേഖപ്പെടുത്തിയിട്ടില്ല. പത്തൊമ്പതാം നൂറ്റാണ്ടിലെ അനാചാരങ്ങൾക്കെതിരേ അദ്ദേഹം നയിച്ച പോരാട്ടങ്ങൾ വേണ്ടത്ര വിലയിരുത്തപ്പെട്ടിട്ടുമില്ല. തന്റെ സമ്പന്നതയിൽ അഭിരമിക്കാതെ പാവപ്പെട്ട അവർണരുടെ ഉന്നമനത്തിനും അവരുടെ സാമൂഹിക പുരോഗതിക്കും ആശയംകൊണ്ടും ആയുധംകൊണ്ടും മുന്നിട്ടിറങ്ങിയ പണിക്കരെ കാലം വേണ്ടത്ര പരിഗണന നൽകിയിട്ടില്ല.



ആറാട്ടുപുഴ വേലായുധ പണിക്കർ (1825 - 1874), ആറാട്ടുപുഴ വേലായുധ ചേകവർ സ്മാരകം, മംഗലം ശിവക്ഷേത്രം, ആറാട്ടുപുഴ, കാർത്തികപ്പള്ളി താലൂക്, ആലപ്പുഴ ജില്ല, കേരളം

ഈഴവർ അടക്കം പിന്നാക്കസ്ത്രീകൾക്ക് മൂക്കുത്തി ധരിക്കാൻ അവസരം ലഭിക്കുന്നതിന് വേണ്ടി നടത്തിയ പ്രശസ്തമായ മൂക്കുത്തി വിളംബരം നടത്തിയത് അദ്ദേഹമാണ്. ശ്രീനാരായണഗുരു 1888 ൽ അരുവിപ്പുറത്ത് ശിവപ്രതിഷ്ഠ നടത്തുന്നതിന് 36 വർഷം മുമ്പ്, 1852 ൽ വേലായുധപ്പണിക്കർ അവർണർക്കായി ക്ഷേത്രം പണിത് ശിവനെ പ്രതിഷ്ഠിച്ചിരുന്നു.കേരളനവോത്ഥാന ചരിത്രത്തിലെ ആദ്യ രക്തസാക്ഷിയായി വിശേഷിപ്പിക്കപ്പെടുന്നതും ഇദ്ദേഹത്തെയാണ്. കേരളചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ട ആദ്യത്തെ കർഷകത്തൊഴിലാളി സമരത്തിന് നേതൃത്വം നൽകിയതും അദ്ദേഹമാണ്.

### 5.1.4 അയ്യൻകാളി (1863-1941)



ആധുനികകാലത്തെ പ്രധാനപ്പെട്ട സാമൂഹിക പരിഷ്കർത്താവാണ് അയ്യൻകാളി ആശയങ്ങൾ കൊണ്ടു മാത്രമല്ല. ഏറ്റുമുട്ടലുകളുടെ ഒരു നീണ്ട ചരിത്രം സൃഷ്ടിച്ചാണ് അയ്യൻകാളി നവോത്ഥാനപ്രവർത്തനങ്ങളിൽ ഏർപ്പെട്ടത്. രക്തരൂഷിതമായിരുന്നു പലപ്പോഴും ആ ഏറ്റുമുട്ടൽ. പട്ടിണിക്കാരായ ജനങ്ങളെ പോരാളികളാക്കിമാറ്റാൻ അദ്ദേഹത്തിനു കഴിഞ്ഞു. വഴി നടക്കാനുള്ള അവകാശത്തിനു വേണ്ടി 1893-ൽ നടത്തിയ വില്ലുവണ്ടി സമരം അയ്യൻകാളിയുടെ നേതൃത്വത്തിലായിരുന്നു. വിദ്യാഭ്യാസത്തിലൂടെ മാത്രമേ ഇനി അധഃസ്ഥിതരായ ജനങ്ങളുടെ ഉന്നമനം സാധിക്കൂ എന്നു മനസിലാക്കിയ അയ്യൻകാളി, വിദ്യാഭ്യാസം നേടാനുള്ള അവകാശം നേടിയെടുത്തെങ്കിലും

അദ്ദേഹം സ്ഥാപിച്ച സ്കൂളുകൾ സവർണ്ണർ തീ വെച്ച് നശിപ്പിച്ചു. കഴക്കൂട്ടം, ചെന്നിത്തല, കണി യാപുരം, ബാലരാമപുരം തുടങ്ങിയ ദലിത് വി ദ്യാലയങ്ങളിൽ ചെന്ന് വിദ്യാർഥികളെ അവർ ഭീഷണിപ്പെടുത്തുകയും മർദ്ദിക്കുകയും ചെയ് തു. പുലയപെൺകുട്ടികൾക്കുള്ള പള്ളിക്കൂടം സവർണ്ണർ ആക്രമിക്കുകയും തീവെച്ച് നശിപ്പി ക്കുകയും ചെയ്തു. ഈ കറുത്തദിനങ്ങൾ 90-ാം മാണ്ട് വിപ്ലവമെന്നാണ് അറിയപ്പെടുന്നത്. ഈ ധിക്കാരങ്ങൾക്കെതിരെ പോരാടിയാണ് അയ്യൻ കാളി ചരിത്രത്തിലിടം നേടിയത്.

1907-ൽ സാധുജന പരിപാലനസംഘം സ്ഥാപിച്ച അയ്യൻകാളി തന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തി. അധഃസ്ഥിതസമുദായങ്ങൾ അനുഭവിച്ചിരുന്ന അനീതിക്കെതിരെ അദ്ദേഹം പ്രവർത്തിച്ചു. ദലിതർക്ക് സ്വാതന്ത്ര്യത്തോടെ വഴി നടക്കാനും, കല്ലുമാല പോലുള്ള പ്രാകൃതാ ഭരണങ്ങൾ ഉപേക്ഷിക്കാനും (കല്ലുമാല സമരം) പരിഷ്കൃത വേഷങ്ങൾ ധരിക്കാനും വിദ്യാഭ്യാ സം നേടാനുമായി അയ്യൻകാളി നടത്തിയ പോ രാട്ടങ്ങൾ കേരളചരിത്രത്തിലെ മറക്കാനാവാത്ത സംഭവങ്ങളാണ്. കാർഷികജോലി ബഹിഷ്ക രണങ്ങൾ നടപ്പിലാക്കിയ അയ്യൻകാളി ദലിത് വിദ്യാർഥികളെ സ്കൂളിൽ പ്രവേശിപ്പിക്കുന്നത് വരെ ഒരു വർഷത്തിൽ കൂടുതൽ കാലം സവർ ണ്ണരുടെ പാടത്ത് പണിയെടുക്കാതെ സമരം ചെയ്തു. സവർണ്ണർ ഒത്തുതീർപ്പിനു തയ്യാറാവു കയും സമരം വിജയിക്കുകയും ചെയ്തു. ശ്രീമൂ ലം പ്രജാസഭയിൽ അദ്ദേഹം അംഗമായിരുന്നു. ക്ഷേത്രപ്രവേശനവിളംബരത്തിനനുകൂലമായ അന്തരീക്ഷം രൂപപ്പെടുത്തുന്നതിലും, ഉദ്യോ ഗസ്ഥ നിയമനത്തിനും നിയമസഭാപ്രാതിനിധ്യ ത്തിനും ആനുപാതികവ്യവസ്ഥ അനുവദിപ്പിക്കു ന്നതിലും അയ്യൻകാളിയുടെ പ്രവർത്തനങ്ങൾ വിജയിച്ചു. ആരുടെ മുന്നിലും തലകുനിക്കാത്ത നേതാവായിരുന്നു അയ്യൻകാളി. അധഃസ്ഥിതവർ ഗത്തിന്റെ ഉയർച്ച സാധ്യമായത് അദ്ദേഹത്തിന്റെ വിപ്ലവകരമായ പ്രവർത്തനങ്ങൾ മൂലമാണ്.

ജാത്യാഭിമാനത്തിന്റെ സൂചകമായിട്ടല്ല കീ ഴാളജനതകൾ സംഘടിച്ചത്. മനുഷ്യരുടെ തുല്യത സ്ഥാപിക്കുന്നതിനായിട്ടായിരുന്നു. ജാതി പറഞ്ഞുകൊണ്ട് മാത്രമേ ജാതി നിർമ്മാർ ജനം സാധ്യമാകൂ എന്ന അടിസ്ഥാനത്തിലാണ് കീഴാളവിഭാഗങ്ങളുടെ സംഘങ്ങൾ രൂപീകരിക്ക പ്പെട്ടത്. ജാതിയെ സ്ഥായിയായി നിലനിർത്തുക എന്ന ലക്ഷ്യം അത്തരം സംഘടനകൾക്കില്ലാ യിരുന്നു. പുലയർ മുതൽക്കുള്ള കീഴാളരെന്നു പറയപ്പെടുന്ന ജനതയെ ഒന്നിച്ചു ചേർത്തു കൊ ണ്ടായിരുന്നു അയ്യൻകാളിസംഘടനയ്ക്ക് നേതൃ ത്വം കൊടുത്തത്. കേരളം ഒരു ഭ്രാന്താലയമാണ് എന്ന് സ്വാമി വിവേകാനന്ദനു പറയേണ്ടി വന്നത് ഇവിടെ നിലനിന്ന ജാത്യാചാരങ്ങളുടെ തീവ്രത കണ്ടിട്ടായിരുന്നു. പൊതുവഴിയിലൂടെ നടക്കാൻ അനുവാദമില്ലാത്ത ജനത കൂക്കിവിളിച്ചും ഓടി മറഞ്ഞും ജീവിതം തള്ളിനീക്കുന്ന കാലമായി രുന്നു അത്. അങ്ങനെ ഓടിമറഞ്ഞവർക്കല്ലായി രുന്നു ഭ്രാന്ത്. ഓടിച്ചവർക്കായിരുന്നു. അത്തരം ഭ്രാന്തന്മാരെ നേരിടാൻ വേണ്ടിയായിരുന്നു 'അയ്യ ൻകാളിപ്പട' രൂപീകരിച്ചത്.

കാലോചിതമായി കാര്യങ്ങളെ ഉൾക്കൊ ള്ളുവാനുള്ള അയ്യൻകാളിയുടെ ദീർഘവീക്ഷ ണമാണ് സാധുജന പരിപാലനസംഘത്തിന്റെ രൂപീകരണത്തിനിടയാക്കിയത്. വിദ്യാഭ്യാസം ചെയ്യുന്നതിനും, പൊതുവഴികൾ ഉപയോഗി ക്കുന്നതിനും, ആചാരങ്ങൾ പരിഷ്കരിക്കുന്ന തിനും, സമുദായാംഗങ്ങളുടെ കുടുംബപരമായ സാമ്പത്തികോന്നമനത്തിനും, തൊഴിൽഭദ്രതയ് ക്കുമാണ് സംഘം പ്രവർത്തിച്ചത് അധഃകൃതജന തയുടെ പ്രതിനിധികൾ ശ്രീമൂലം പ്രജാസഭയിൽ എത്തിച്ചേരുന്നതിനും പ്രശ്ങ്ങൾ അവതരിപ്പിക്കു ന്നതിനും മറ്റും കഴിഞ്ഞത് സംഘം രൂപീകരിച്ച തുകൊണ്ട് മാത്രമായിരുന്നു.

### 5.1.4.1 സാധുജന പരിപാലനസംഘം (1905)

ജാതീയമായ അവശതകൾ പരിഹരിക്കുന്ന തിന് സംഘടനകൾ രൂപീകൃതമായിത്തുടങ്ങിയ ദശകങ്ങളായിരുന്നല്ലോ ഇരുപതാം നൂറ്റാണ്ടിന്റെ പ്രാരംഭകാലം. 1905 - ൽ മഹാത്മാഅയ്യൻകാ ളിയാൽ സ്ഥാപിതമായ സംഘടനയാണ് സാ ധുജന പരിപാലനസംഘം. അധഃസ്ഥിതരായ എല്ലാ ജനങ്ങളെയും പ്രതിനിധീകരിച്ചു കൊ ണ്ടാണ് സംഘം രൂപീകൃതമായത്. 1907 ലാണ് അയ്യൻകാളി എസ്. എൻ. ഡി. പി. യോഗത്തി

ന്റെ മാതൃകയിൽ സാധുജന പരിപാലനസംഘം ആരംഭിച്ചത്. സാധുജനപരിപാലനസംഘത്തിന്റെ പ്രവർത്തനപരിപാടിയിലെ മുഖ്യയിനം വിദ്യാലയപ്രവേശനസ്വാതന്ത്ര്യമായിരുന്നു. 'അധഃസ്ഥിതർക്കും വിദ്യാഭ്യാസം പ്രാപ്തമാക്കുക' എന്നതായിരുന്നു അയ്യൻകാളിയുടെ മുഖ്യമുദ്രാവാക്യം. സാധുജനപരിപാലനസംഘത്തിന്റെ മുഖപത്രമാണ് 'സാധുജന പരിപാലിനി'. 1938-ൽ സാധുജനസംഘത്തിന്റെ പേര് 'പുലയമഹാസഭ' എന്നാക്കി മാറ്റി.

ക്ഷേത്രപ്രവേശന വിളംബരത്തിനനുകൂലമായ അന്തരീക്ഷം രൂപപ്പെടുത്തുന്നതിനും ഉദ്യോഗസ്ഥനിയമനത്തിനും നിയമസഭാപ്രാതിനിധ്യത്തിനും അയ്യൻകാളിയും സാധുജന പരിപാലനസംഘവും നൽകിയ സംഭാവന നിസ്തുലമാണ്. 1905-ൽ അയ്യൻകാളിയുടെ നേതൃത്വത്തിൽ രൂപീകൃതമായ സംഘടനയുടെ പ്രവർത്തനകേന്ദ്രം വെങ്ങാനൂർ ആയിരുന്നു. പുരുഷന്മാരിൽ നിന്നു പ്രതിമാസം അരചക്രവും സ്ത്രീകളിൽനിന്നു കാൽച്ചക്രവും മാസവരിയായി ഈടാക്കിയിരുന്നു. ആ തുകകൊണ്ട് സ്വന്തം സ്ഥലം വാങ്ങി ഇവർ സമാന്തര കോടതികൾ സ്ഥാപിച്ചു. ഇത് കോടതികളുടെ എല്ലാ ചിട്ടകളും പാലിച്ചുകൊണ്ടു സമുദായാംഗങ്ങൾക്കിടയിലെ തർക്കങ്ങൾ പരിഹരിച്ചു.

സമാന്തരപള്ളിക്കൂടങ്ങൾ നടത്തി. പത്തുകൊല്ലത്തെ പ്രവർത്തനം കൊണ്ട് പതിനേഴായിരം കുട്ടികളെ സ്കൂളിൽ ചേർത്തു. പുലയസ്ത്രീകൾ കല്ലും മാലയും അറുക്കാനുള്ള പ്രക്ഷോഭണത്തിന് നേതൃത്വം നൽകി. തിരുവനന്തപുരത്തെ വി. ജെ. ടി ഹാളിൽ വെച്ച് നടത്തിയിരുന്ന വാർഷിക സമ്മേളനങ്ങളിൽ ദിവാൻജി തുടങ്ങിയ പ്രമുഖരെ ക്ഷണിച്ചിരുന്നു. സാധുജന പരിപാലന സംഘത്തിന്റെ യോഗങ്ങൾ അന്ന് കൂടിയിരുന്നത് വി. ജെ. ടി ഹാളിൽ വച്ചായിരുന്നു. അതേ ഹാൾ ഇന്ന് അയ്യകാളിയുടെ നാമധേയത്തിൽ അറിയപ്പെടുന്നു. 'സാധുജനപരിപാലിക' എന്നൊരു മുഖപത്രം ഏറെനാൾ സംഘത്തിന്റെ ചുമതലയിൽ പ്രസിദ്ധീകരിച്ചിരുന്നു. തിരുവിതാംകൂറിന്റെ പലഭാഗത്തും ശാഖകൾ സ്ഥാപിച്ചു പ്രവർത്തനം വ്യാപിപ്പിച്ചു. ശാഖാസെക്രട്ടറി കണക്കൻ എന്നറിയപ്പെട്ടിരുന്നു. ഇയാൾക്ക് പുറമെ ഓരോ ശാഖയിലും ഖജാൻജി, മാനേജർ, കരനാഥൻ എന്നിവർ ഭാരവാഹികൾ ആയിട്ടുണ്ടായിരുന്നു. ശാഖകളിൽ ഞായറാഴ്ച തോറും പൊതുയോഗവും ഭജനയും നടത്തിയിരുന്നു. ഓരോ ശാഖയ്ക്കും സന്നദ്ധസേന ഉണ്ടായിരുന്നു. മാനേജർമാർ ആയിരുന്നു സന്നദ്ധസേനയുടെ ക്യാപ്റ്റന്മാർ, പ്രധാന പിരിവിനങ്ങളിൽ ഒന്നു പിടിയരി ആയിരുന്നു. 1922-ൽ ചങ്ങനാശ്ശേരിയിൽ രണ്ട് ഏക്കർ സ്ഥലം പതിപ്പിച്ചെടുക്കാൻ സംഘത്തിനായി. സംഘത്തിന്റെ പ്രവർത്തകരിൽ ഒരാളായിരുന്ന പാമ്പാടി ജോൺ - പുലയരിൽ നിന്നു ക്രിസ്തുമതം സ്വീകരിച്ചവരിൽ ഒരാൾ, ഇദ്ദേഹം പ്രജാസഭാംഗം-ചീഫ് അക്കൗണ്ടന്റ് ഓഫീസറായിരുന്ന ജ്ഞാന ജോഷ്വയുടെ സഹായത്തോടെ, ഇരവിപേരൂരിൽ പൊടിപ്പാറ എന്ന സ്ഥലത്തുവച്ചു ക്രിസ്തുമതം സ്വീകരിച്ച പുലയരുടെ സഭ രൂപീകരിച്ചു.

ചങ്ങനാശ്ശേരി പരമേശ്വരൻപിള്ളയുടെയും മൂലൂരിന്റെയും സ്തുത്യർഹമായ സഹായങ്ങളും സംഘടനയ്ക്കും മുഖപത്രത്തിനും ലഭിച്ചിരുന്നു. സാധുജന പരിപാലന സംഘത്തിന്റെ യോഗങ്ങളിൽ പാടുന്നതിനായി മൂലൂർ 'പുലവൃത്ത'ത്തിൽ പാട്ടുകൾ രചിച്ചു കൊടുത്തു. വ്യത്യസ്തമായ സമുദായസംഘടനകളാണ് അന്നുണ്ടായിരുന്നതെങ്കിലും പരസ്പരം പോഷണം മാത്രമായിരുന്നു ഏവരുടെയും ലക്ഷ്യം. കാലം ചെന്നപ്പോൾ സംഘത്തിൽ ജാതീയമായ വിള്ളലുകളുണ്ടായി. സാധുജനങ്ങൾ എന്ന സാമാന്യനാമം കൊഴിഞ്ഞുപോവുകയും ക്രിസ്തുമതം സ്വീകരിച്ചവർ 'ചേരമർ' എന്ന പേരിൽ പാമ്പാടി ജോണിന്റെ നേതൃത്വത്തിൽ 'ചേരമർസഭ' എന്ന സംഘടന രൂപീകരിക്കുകയും ചെയ്തു. തുടർന്ന് സാംബവർ, കുറവർ ഇത്യാദി വിഭാഗങ്ങളും വേർപെട്ടു പോയി. എങ്കിലും അയ്യകാളിയുടെ ജീവിതകാലം തീരുംവരെ സാധുജനപരിപാലനസംഘം നിലനിന്നു. ക്രമേണ പുലയരുടെ സംഘടന മാത്രമെന്ന നിലവന്നപ്പോൾ കേശവൻ ശാസ്ത്രിയുടെ നേതൃത്വത്തിൽ 1942-ൽ തിരുവിതാംകൂർ പുലയമഹാസഭ സ്ഥാപിതമായി. ഇപ്പോൾ ഇത് കേരളപുലയർമഹാസഭ എന്നായിമാറിയിട്ടുണ്ട്. വിദ്യാഭ്യാസമേഖലയിൽ എസ്. എൻ. ഡി. പി. യോ എൻ. എസ്. എസ്സോ നേടിയതുപോലുള്ള നേട്ടം കൈവരിയ്ക്കുവാൻ സാധുജനങ്ങൾക്കു

കഴിഞ്ഞിട്ടില്ല എന്നതു വസ്തുതയായി അവശേഷിയ്ക്കുന്നു.

### 5.1.4.2 കല്ലുമാല സമരം

കേരളത്തിലെ സാമൂഹിക പരിഷ്കരണ ചരിത്രത്തിലെ നാഴികക്കല്ലായ ഒരു വിപ്ലവമുന്നേറ്റമാണ് കല്ലുമാല സമരം (1915). സ്ത്രീകളുടെ, പ്രത്യേകിച്ച് അധ:സ്ഥിത സമുദായത്തിൽപ്പെട്ട സ്ത്രീകളുടെ പോരാട്ടങ്ങളിൽ ശ്രദ്ധേയമായ ഒന്നാണിത്. പുലയർ, പറയർ തുടങ്ങിയ ദളിത് വിഭാഗങ്ങളിലെ സ്ത്രീകളെ സവർണ്ണരിൽ നിന്നും വേർതിരിച്ചറിയാനാണ് കല്ലും ചില്ലുകഷണങ്ങളും അടങ്ങിയ 'കല്ലുമാല'കൾ ധരിപ്പിച്ചിരുന്നത്. ഇത് അടിമത്തത്തിന്റെ പ്രതീകമായിരുന്നു. അധഃസ്ഥിതവിഭാഗങ്ങളിലെ സ്ത്രീകൾ ജാതിവ്യവസ്ഥയുടെ ഭാഗമായി കഴുത്തിൽ അണിയാൻ നിർബന്ധിതരായിരുന്ന കല്ലും മരക്കഷണങ്ങളും ചേർത്തുള്ള മാലകൾ (കല്ലുമാല) പൊട്ടിച്ചെറിഞ്ഞ്, സ്വാതന്ത്ര്യം പ്രഖ്യാപിച്ച ചരിത്രപ്രസിദ്ധമായ സമരമാണിത്. ഇതിനെതിരെ അയ്യൻകാളി നടത്തിയ ആഹ്വാനം ഉൾക്കൊണ്ട് സ്ത്രീകൾ കല്ലുമാലകൾ ഉപേക്ഷിച്ചു. ഇതിൽ പ്രകോപിതരായ സവർണ്ണ ജന്മിമാർ സ്ത്രീകളെ ആക്രമിക്കുകയും, അത് വലിയ സംഘർഷങ്ങൾക്ക് (പെരിനാട് കലാപം) വഴിവെക്കുകയും ചെയ്തു. തുടർന്ന്, അയ്യൻകാളിയുടെ നേതൃത്വത്തിൽ കൊല്ലം പീരങ്കി മൈതാനത്ത് നടന്ന സമ്മേളനത്തിൽ പങ്കെടുത്ത ആയിരക്കണക്കിന് സ്ത്രീകൾ ജാതിയുടെ അടയാളമായ ആ മാലകൾ പൊട്ടിച്ചെറിഞ്ഞു.



പീരങ്കിമൈതാനത്തെ സ്മാരകം

കല്ലുമാല ബഹിഷ്കരിക്കുന്നത് ജാത്യാചാര ലംഘനമാണെന്നും പുലയസ്ത്രീകൾ വീണ്ടും കല്ലുമാല ധരിക്കണമെന്നാവശ്യപ്പെട്ടു. സവർണർ സമരക്കാരെ ആക്രമിക്കുക പതിവായിരുന്നു. പെരിനാട് കലാപത്തെത്തുടർന്ന് കല്ലുമാല ബഹിഷ്കരണസമരം രക്തരൂക്ഷിതമായിക്കൊണ്ടിരിക്കെ, 1915 ൽ കൊല്ലം പീരങ്കിമൈതാനിയിൽ തലശ്ശേരിക്കാരി രത്നാഭായിയുടെ ഉടമസ്ഥതയിൽ നടന്നുകൊണ്ടിരുന്ന സർക്കസ് കൂടാരത്തിൽ വച്ച് അയ്യൻകാളിയുടെ നേതൃത്വത്തിൽ വിപുലമായ സമ്മേളനം നടന്നു. സവർണ്ണരുടെ അക്രമത്തെതുടർന്ന് വീടുപേക്ഷിച്ചുപോയവരടക്കം ആയിരക്കണക്കിന് പുലയസ്ത്രീകൾ ഈ സമ്മേളനത്തിൽ ഒത്തുചേർന്നു. ജാതീയതയുടെ അടയാളമായ കല്ലുമാല അറുത്തെറിയുവാൻ അദ്ദേഹം ആഹ്വാനം ചെയ്തു. സാധുജനങ്ങളുടെ ഈ സ്വാതന്ത്ര്യ പ്രഖ്യാപനത്തെ ഉയർന്ന ജാതിക്കാർ മാനിക്കണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. സമ്മേളനത്തിനെത്തിയ സ്ത്രീകൾ തങ്ങളുടെ കഴുത്തിലെ കല്ലുമാലകൾ പൊട്ടിച്ചെറിഞ്ഞു. തെക്കൻ തിരുവിതാംകൂറിൽ സാമൂഹിക-സാമുദായിക -രാഷ്ട്രീയ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾക്കു തുടക്കം കുറിച്ച ചാന്നാർ സ്ത്രീകളുടെ മേൽമുണ്ട് കലാപത്തിന്റെ പിന്തുടർച്ചയായിരുന്നു പുലയസ്ത്രീകളുടെ കല്ലുമാല സമരം.

## 5.1.5 പൊയ്കയിൽ അപ്പച്ചൻ (പൊയ്കയിൽ കുമാരഗുരു) (1879-1939)




SGOU

ഇരവിപേരൂരിൽ ജനിച്ച കുമാരൻ എന്ന ബാലൻ ക്രിസ്തുമതം സ്വീകരിച്ച് യോഹന്നാൻ ആയി മാർത്തോമസഭാംഗമായിരുന്ന അദ്ദേഹം മികച്ച പ്രാസംഗികനും സഭാസംഘാടകനുമായിരുന്നു. ദ്രാവിഡദലിതൻ എന്ന ആശയം ആവിഷ്കരിച്ച് അദ്ദേഹം ദലിതർക്കുവേണ്ടി ഒരു പള്ളി പണിയുന്നതിനു ശ്രമിച്ചു. പിന്നീട് സർക്കാർ അനുമതിയോടെ ദളിതർക്കു വേണ്ടി ഒരു ഇംഗ്ലീഷ് മീഡിയം സ്കൂൾ സ്ഥാപിച്ചു. 1909 ലാണ് പ്രത്യക്ഷരക്ഷാദൈവസഭ (പി.ആർ.ഡി.എസ്.) അദ്ദേഹം സ്ഥാപിക്കുന്നത്. പി.ആർ.ഡി.എസ്സിനുവേണ്ടി ഗുരുക്കന്മാരേയും ഉപദേഷ്ടാക്കളേയും അദ്ദേഹം നിയമിച്ചു. കേരളത്തിലുടലെടുത്ത നവോത്ഥാനപ്രവർത്തനങ്ങളെ അതേപടി പിന്തുടരാതെ സാമൂഹിക വ്യതിയാനങ്ങളെ അധഃസ്ഥിതരുടെ പക്ഷത്തുനിന്നു കാണാനും വിലയിരുത്താനുമാണ് അദ്ദേഹം ശ്രമിച്ചത്. സുഖസമൃദ്ധമായ ഒരു ഇടമുണ്ടെന്ന പ്രസ്താവനകളിലൂടെയല്ല അദ്ദേഹം മുന്നോട്ടുപോയത്. പകരം തലമുറകളായി അടിമകളാക്കപ്പെട്ട അധഃസ്ഥിതജനതയുടെ യാഥാർഥ്യങ്ങളെയും ജീവിതാവസ്ഥകളെയുമാണ് അഭിസംബോധന ചെയ്തത്. ശ്രീമൂലം അസംബ്ലിയിലും പ്രജാസഭയിലും അദ്ദേഹം അംഗമായിരുന്നു.

### 5.1.5.1 പ്രത്യക്ഷ രക്ഷാദൈവസഭ

പൊയ്കയിൽ കുമാരഗുരുദേവൻ ആണ് പ്രത്യക്ഷരക്ഷാ ദൈവസഭയുടെ പിതാവ്. അടിമത്തത്തിനെതിരെയുള്ള പോരാട്ടത്തിൽ മുൻപന്തിയിൽ നിന്നിരുന്ന പൊയ്ക്കയിൽ യോഹന്നാൻ പി.ആർ.ഡി.എസ്. (PRDS) സ്ഥാപിച്ചത് 1909 ലാണ്. ഈ മതപ്രസ്ഥാനത്തിലെ അനുയായികളും വിശ്വാസികളും കുമാരഗുരുദേവനെ ദൈവമായി വിശ്വസിക്കുന്നു. പി. ആർ. ഡി. എസിന്റെ ആസ്ഥാനം ഇരവിപേരൂർ ആണ്. പി. ആർ. ഡി. എസിന്റെ പ്രാർഥനകളും, ആരാധനകളും നടത്തുന്ന ആലയങ്ങളെ മന്ദിരങ്ങൾ എന്നാണ് വിളിക്കുന്നത്. പ്രത്യക്ഷ രക്ഷാദൈവസഭയുടെ മാസികയാണ് 'ആദിയാർദീപം'. കൊല്ലവർഷം 1083 വൃശ്ചികം 22ന് കുമാരഗുരു കോട്ടയത്തിനടുത്തുള്ള വാകത്താനത്തെ ദലിത് അധിവാസ മേഖലയായ മുക്കാലിക്കുന്നിൽ വലിയ യോഗങ്ങൾ ആരംഭിച്ചു. ഇതിന്റെ ഓർമയ്ക്കായി പി. ആർ. ഡി. എസ് വാകത്താനം ശാഖ കൊല്ലം തോറും യോഗങ്ങൾ നടത്തിവരാറുണ്ട്. കേരളത്തിലുണ്ടായ നവോത്ഥാന പ്രവർത്തനങ്ങളെ അതേപടി പിന്തുടരുന്ന സാമൂഹികവ്യതിയാനങ്ങളെ അധഃസ്ഥിതരുടെ പക്ഷത്തുനിന്നു കാണാനും വിലയിരുത്താനും ശ്രമിച്ചു എന്നതാണ് കുമാരഗുരുവിന്റെ നേട്ടം. കേരളത്തിലെ പൊതുനിരത്തുകളിൽ സഞ്ചാരസ്വാതന്ത്ര്യം പോലും കീഴാളർക്ക് നിഷേധിക്കപ്പെട്ട കാലത്ത് 1914-ൽ ലോകസമാധാനയാത്ര നടത്താൻ പ്രത്യക്ഷരക്ഷാദൈവസഭയ്ക്ക് കഴിഞ്ഞത് അവർ വിശ്വമാനവികതയിൽ അടിയുറച്ചു നിന്നതു കൊണ്ടാണ്.

### 5.1.6 പണ്ഡിറ്റ് കെ.പി. കറുപ്പൻ (1885 1938)



1885-ൽ കൊച്ചിയിലെ ചേരാനല്ലൂർ ഗ്രാമത്തിൽ ജനിച്ച, വാല (അരയ)സമുദായാംഗമായിരുന്നു പണ്ഡിറ്റ് കറുപ്പൻ. അക്കാലത്തെ ജീവിതസാഹചര്യങ്ങൾ കറുപ്പനെ സാമുദായിക വിഷയങ്ങളിൽ ഇടപെടാൻ പ്രേരിപ്പിച്ചു. ചുറ്റുപാടും കണ്ടുവന്നിരുന്ന ജാതീയമായ പ്രശ്നങ്ങളും താൻതന്നെ നേരിടേണ്ടിവന്ന ചില വിവേചനങ്ങളും സ്വന്തം സമുദായത്തിലുള്ള അന്ധവിശ്വാസങ്ങളും അനാചാരങ്ങളുമാണ് സാമൂഹിക പരിഷ്കരണ രംഗത്ത് ഇടപെടുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. സമർഥനായ വിദ്യാർഥിയായിരുന്നു കെ.പി. കറുപ്പൻ. പാരമ്പര്യരീതിയിലുള്ള വിദ്യാഭ്യാസം ഗുരുമുഖത്തുനിന്നും നേടി

SGOU

യതിനുശേഷം കൊടുങ്ങല്ലൂർ ഗുരുകുലത്തിൽ പഠിക്കുവാനുള്ള ഭാഗ്യം അദ്ദേഹത്തിന് സിദ്ധിച്ചു. അധഃകൃതസമുദായാംഗമായിരുന്നെങ്കിലും കൊടുങ്ങല്ലൂർ ഗുരുകുലത്തിൽ അദ്ദേഹത്തിനു ലഭിച്ചത് മറ്റാർക്കും ലഭിച്ചിട്ടില്ലാത്ത തരത്തിലുള്ള സ്വീകരണമായിരുന്നു.

സംസ്കൃതത്തിലും മലയാളത്തിലും പണ്ഡിറ്റ് പരീക്ഷ പാസായ അദ്ദേഹത്തിന് എറണാകുളത്തെ സെന്റ്തെരേസാസ് സ്കൂളിൽ അധ്യാപക ജോലി ലഭിച്ചു. അവിടെ അധ്യാപകനായിരിക്കെ 'ലങ്കാമർദ്ദനം' എന്ന കൃതിയെഴുതി പ്രസിദ്ധനായിത്തീർന്നു. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ അഭിനന്ദനം ലഭിച്ച കൃതിയായിരുന്നു 'ലങ്കാമർദ്ദനം'. കവിയെന്ന നിലയിൽ പ്രസിദ്ധനായി മാറിയ കെ. പി. കറുപ്പൻ തുടർന്ന് 'ജാതിക്കുമ്മി', 'ബാലാകലേശം', 'ഉദ്യാനവിരുന്ന്' തുടങ്ങിയ പ്രസിദ്ധങ്ങളായ സാഹിത്യകൃതികൾ രചിച്ചു. അദ്ദേഹത്തിന്റെ കവിതകൾ പൊതുവേ തന്റെ സമുദായവും താനും അനുഭവിച്ചുപോന്ന ജാതിജീവിതത്തിന്റെ നേരനുഭവങ്ങളുടെ ആവിഷ്കരണമായിരുന്നു. 'ജാതിക്കുമ്മിയും', 'ഉദ്യാനവിരുന്നും'പ്രത്യക്ഷത്തിൽ തന്നെ ജാതിക്കെതിരെയുള്ള ആഹ്വാനങ്ങളായിരുന്നു. അക്കാലത്തെ മറ്റെല്ലാ സാമുദായിക നേതാക്കളെയുംപോലെ തന്റെ വംശത്തെക്കുറിച്ചുള്ള ഉത്കണ്ഠയും, അഭിമാനവും കെ.പി. കറുപ്പനുമുണ്ടായിരുന്നു. ഉദ്യാനവിരുന്നിലെ ഒരു ശ്ലോകം കറുപ്പന്റെ അഭിമാനബോധത്തിന് വ്യക്തമായ ഒരു തെളിവാണ്.

"മാലോകർക്കു മതിപ്രമോദമരുളും ശ്രീമത് മഹാഭാരതം
ചേലോലും തദുപജ്ഞമായിവിലസും
ശാകുന്തളം നാടകം-
ഈ ലോകോത്തര സൃഷ്ടിരണ്ടുമതുലം
ചേലൊത്തവാലത്തിതന്നാലോലാമല
നീലനീരജമിഴിത്തുമ്പിന്റെ വമ്പല്ലയോ?"

വ്യാസഭഗവാന്റെ ജനത്തിനുപോലും കാരണക്കാരിയായിരുന്ന വാലത്തി സത്യവതിയുടെ കുലത്തിന്റെ മഹത്വം പ്രതിപാദിക്കുന്ന മനോഹരമായ ശ്ലോകമാണിത്. ഈ ഒരു ശ്ലോകം മതി കറുപ്പനിലെ സമർഥനായ കവിയെയും സാമൂഹികപരിഷ്കർത്താവിനെയും വിലയിരുത്താൻ. സാമൂഹികപരിഷ്കരണത്തിന് കവിതയെ ഒരായുധമായിത്തന്നെയാണ് കറുപ്പൻ കണ്ടിരുന്നത്. 'ബാലാകലേശം' നാടകവും അന്ന് ഏറെ ചർച്ച ചെയ്യപ്പെട്ട കൃതിയായിരുന്നു. ഒരു സാഹിത്യവിവാദമായിത്തന്നെ ഈ നാടകത്തെക്കുറിച്ചുള്ള ഖണ്ഡനമണ്ഡന വിമർശനങ്ങൾ കുറേനാൾ നിലനിന്നിരുന്നു.

'പണ്ഡിറ്റ്', 'കവിതിലകൻ' എന്നെല്ലാമുള്ള വിശേഷണങ്ങൾക്ക് തികച്ചും അർഹനായിരുന്ന അദ്ദേഹം 1924-ൽ കൊച്ചി നിയമസഭയിലെ അംഗമായിരുന്നു. അധഃകൃതവിഭാഗങ്ങളുടെ അവകാശങ്ങൾക്കുവേണ്ടിയായിരുന്നു നിയമസഭയിൽ അദ്ദേഹം പോരാടിയിരുന്നത്. അധഃകൃതരുടെ വിദ്യാഭ്യാസപ്രയാസങ്ങളും ഹോസ്റ്റലുകളിലെ ജാതിവ്യത്യാസവും, സംബന്ധിച്ചുള്ള അദ്ദേഹത്തിന്റെ സഭാപ്രസംഗങ്ങൾ ഏറെ ശ്രദ്ധനേടിയിരുന്നു. മുപ്പതിലധികം കൃതികൾ അദ്ദേഹം രചിച്ചിട്ടുണ്ട്. കൃതികളിലേറെയും സാമൂഹിക നവോത്ഥാനം ലക്ഷ്യമിട്ടെഴുതിയതായിരുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ സ്ഥാപിച്ച സാമുദായിക സംഘടനയായിരുന്നു വാലപരിഷ്കരണിസഭ. അരയസമുദായത്തിന്റ ഉന്നമനത്തിനു വേണ്ടി 1907 – ൽ അരയസമാജവും, ആലപ്പുഴയിൽ കല്യാണദായനിസഭയും, വടക്കൻ പറവൂരിൽ പ്രബോധചന്ദ്രോദയംസഭയും കെ. പി. കറുപ്പന്റെ നേതൃത്വത്തിൽ സ്ഥാപിച്ചു.

### 5.1.7 മന്നത്ത് പത്മനാഭൻ (1878 - 1970).

കേരളത്തിലെ സാമൂഹിക സാമുദായിക നവോത്ഥാനത്തിൽ പ്രധാന പങ്കുവഹിച്ച വ്യക്തിയാണ് മന്നത്ത് പത്മനാഭൻ തിരുവിതാംകൂറിലെ കോട്ടയം ജില്ലയിലെ ചങ്ങനാശേരിയിലെ പെരുന്ന ഗ്രാമത്തിൽ 1878 ജനുവരി 2 ന് നിലവന ഇല്ലത്ത് ഈശ്വരൻ നമ്പൂതിരിയുടെയും മന്നത്തു പാർവതി അമ്മയുടെയും മകനായാണ് മന്നത്തു പത്മനാഭൻ ജനിച്ചത്. 1893-ൽ ഒരു സർക്കാർ പ്രൈമറി സ്കൂളിൽ അദ്ധ്യാപകനായി അദ്ദേഹം തന്റെ ഔദ്യോഗിക ജീവിതം ആരംഭിച്ചു. വടക്കൻ മഴുവന്നൂരിലെ ഒരു സർക്കാർ ഉന്നതവിദ്യാഭ്യാസ സ്ഥാപനത്തിന്റെ ഹെഡ്മാസ്റ്ററായിരുന്നു അദ്ദേഹം. കുറച്ച് വർഷങ്ങൾക്ക് ശേഷം, 1905 മുതൽ അദ്ദേഹം തന്റെ തൊഴിൽ മാറ്റി മജിസ്ട്രേറ്റ്

SGOU

കോടതികളിൽ അഭിഭാഷകനായി പ്രാക്ടീസ് ചെയ്യാൻ തുടങ്ങി.

1914 ഒക്ടോബർ 31-ന്, മറ്റു ചിലരുടെ സഹായത്തോടെ അദ്ദേഹം നായർ സർവീസ് സൊസൈറ്റി സ്ഥാപിച്ചു. നായർ സമുദായത്തിന്റെ നിലവാരം ഉയർത്തുക എന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രധാന അഭിലാഷം. കേരളത്തിലെ ഏറ്റവും സാമ്പത്തികമായും സാമൂഹികമായും പ്രബലമായ സമൂഹമായിരുന്നു നായർ. 1915 മുതൽ അദ്ദേഹം അഭിഭാഷകവൃത്തി ഉപേക്ഷിച്ച് നായർ സർവീസ് സൊസൈറ്റിയുടെ സെക്രട്ടറിയായി. കുടുംബത്തിന്റെയും ഗ്രാമജീവിതത്തിന്റെയും ഗതി പ്രായോഗികമായി നിശ്ചയിച്ച കരയോഗങ്ങൾ എന്ന പഴയ ഗ്രാമസമൂഹസങ്കല്പത്തെ മന്നം പുനരുജ്ജീവിപ്പിക്കുകയും പുനർനിർമ്മിക്കുകയും ചെയ്തു. 1924-25-ൽ എൻഎസ്.എസ്. തിരുവിതാംകൂർ സർക്കാരിനെ നായർ നിയന്ത്രണം നടപ്പിലാക്കാൻ പ്രേരിപ്പിച്ചു, ഇത് എല്ലാ കുട്ടികൾക്കും പിതൃ-മാതൃ സ്വത്ത് വിഭജിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്ന മാതൃാധിപത്യ സംയുക്ത കുടുംബത്തെ തകർത്തു.



സാമൂഹിക സമത്വത്തിനായി അദ്ദേഹം പോരാടി, ആദ്യഘട്ടം വൈക്കം സത്യാഗ്രഹമായിരുന്നു. വൈക്കം (1924), ഗുരുവായൂർ (1931) ക്ഷേത്രപ്രവേശനസത്യാഗ്രഹങ്ങളിലും, തൊട്ടുകൂടായ്മ വിരുദ്ധപ്രക്ഷോഭങ്ങളിലും അദ്ദേഹം പങ്കെടുത്തു. 1946-ൽ അദ്ദേഹം ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ അംഗമായി, തിരുവിതാംകൂറിലെ സർ സി.പി. രാമസ്വാമി അയ്യരുടെ ഭരണത്തിനെതിരായ പ്രക്ഷോഭത്തിൽ പങ്കെടുത്തു. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ആദ്യ പ്രസിഡന്റെന്ന നിലയിൽ പ്രവർത്തനം ഏതാണ്ട് നിലച്ചുപോയ നിരവധി ക്ഷേത്രങ്ങളെ അദ്ദേഹം പുനരുജ്ജീവിപ്പിച്ചു. 1947 മെയ് 25-ന് പത്മനാഭൻ ആലപ്പുഴയിലെ മുതുകുളത്ത് തന്റെ പ്രസിദ്ധമായ മുതുകുളപ്രസംഗം നടത്തി . 1947 ജൂൺ 14-ന് ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ പേരിൽ അദ്ദേഹം അറസ്റ്റിലായി .

1949-ൽ പത്മനാഭൻ തിരുവിതാംകൂർ നിയമസഭയിൽ അംഗമായി. 1959-ൽ, ക്രിസ്ത്യൻസഭകളോടൊപ്പം അദ്ദേഹം സംസ്ഥാന കമ്മ്യൂണിസ്റ്റ് മന്ത്രിസഭയ്ക്കെതിരെ ഒരു സംയുക്തപ്രതിപക്ഷത്തിന് നേതൃത്വം നൽകി, വിമോചനസമരത്തിന്റെ ഭാഗമായി. 1964-ൽ ഇന്ത്യയിലെ ആദ്യത്തെ പ്രാദേശിക പാർട്ടിയായ കേരള കോൺഗ്രസ് രൂപീകരിക്കുന്നതിൽ അദ്ദേഹം നിർണായക പങ്ക് വഹിച്ചു. നായർ സർവീസ് സൊസൈറ്റിയുടെ സെക്രട്ടറിയായി 31 വർഷവും അതിന്റെ പ്രസിഡന്റായി മൂന്ന് വർഷവും പത്മനാഭൻ പ്രവർത്തിച്ചു. ഇന്ത്യൻ രാഷ്ട്രപതി അദ്ദേഹത്തിന് ഭാരത കേസരി പദവി നൽകി ആദരിച്ചു. 1966-ൽ അദ്ദേഹത്തിന് പത്മഭൂഷൺ ലഭിച്ചു. കേരളത്തിലെ മദൻമോഹൻ മാളവ്യ എന്നും അദ്ദേഹത്തെ അറിയപ്പെടുന്നു

### 5.1.7.1 എൻ. എസ്. എസ്.

മന്നത്തു പത്മനാഭനും അദ്ദേഹത്തിന്റെ നേതൃത്വത്തിലുണ്ടായിരുന്ന ഉത്സാഹശാലികളായ ഒരു സംഘം യുവാക്കന്മാരും ചേർന്ന് 1914 ഒക്ടോബർ 31-ാം തീയതി സ്ഥാപിച്ചതാണ് നായർ സർവീസ് സൊസൈറ്റി. ഗോപാലകൃഷ്ണ ഗോഖലെയുടെ 'സെർവെന്റസ് ഓഫ് ഇന്ത്യാ സൊസൈറ്റി' യുടെ മാതൃകയിലാണ് എൻ.എസ്.എസ്. സംഘടിപ്പിക്കപ്പെട്ടത്. കേരളീയസമൂഹത്തെ, പ്രത്യേകിച്ച് നായർസമുദായത്തെ പ്രത്യേകമായി സേവിക്കുക എന്നതായിരുന്നു ഇതിന്റെ പ്രധാനലക്ഷ്യം. തിരണ്ടുകുളി, താലികെട്ട് കല്യാണം, സംബന്ധവിവാഹം, മരു


SGOU



SREENARAYANAGURU OPEN UNIVERSITY

മക്കത്തായം മുതലായ ജീർണമായ ആചാരങ്ങൾ അവസാനിപ്പിക്കുക, കുടുംബസമ്പ്രദായത്തിന്റെ ദോഷങ്ങളിൽനിന്നു സമുദായത്തെ മോചിപ്പിക്കുക തുടങ്ങി അനേകം സാമൂഹികപരിഷ്കാരങ്ങൾക്ക് സൊസൈറ്റി ഫലപ്രദമായ നേതൃത്വം നൽകി. അയിത്തോച്ചാടനം തുടങ്ങി ഒട്ടേറെ കാര്യങ്ങളിൽ എൻ. എസ്. എസ് സജീവമായ പ്രവർത്തനം നടത്തി.

### 5.1.8 സഹോദരൻ അയ്യപ്പൻ ( 1890 - 1968 )



കേരളീയ നവോത്ഥാനചരിത്രത്തിൽ അയ്യപ്പനോളം ത്യാഗിയായ ഒരു വ്യക്തിയെ കണ്ടുകിട്ടില്ല. ഭരണാധികാരിയായിരുന്നപ്പോഴും, സമുദായ പ്രവർത്തകനായി രുന്നപ്പോഴും വ്യക്തിമുദ്ര തെളിയിച്ചുകൊണ്ടാണ് കർമ്മരംഗങ്ങളിൽ അയ്യപ്പൻ ഇടപെട്ടത് . ശ്രീനാരായണ ഗുരുവിനെ ഗുരുതുല്യം സ്നേഹിക്കുമ്പോഴും അദ്ദേഹത്തിന്റെ ആസ്തിക്യബോധം അയ്യപ്പൻ പിന്തുടർന്നില്ല. തികഞ്ഞ യുക്തിവാദിയായിട്ടാണ് നിലകൊണ്ടത്. 1890 ആഗസ്റ്റ് 21-ന് ചെറായി ദേശത്ത് വൈദ്യപാരമ്പര്യമുള്ള കുടുംബത്തിൽ ജനിച്ചു. അച്ഛന്റെ പേര് കൊച്ചാവു വൈദ്യൻ. അയ്യപ്പന് രണ്ടു വയസ്സുള്ളപ്പോൾ അമ്മ ഉണ്ണൂലി മരിച്ചു. ആശാൻ കളരിയിലെ നിലത്തെഴുത്ത് കഴിഞ്ഞ് സംസ്കൃതപഠനം നടത്തി. ഇന്റർമീഡിയറ്റിനുശേഷം മദിരാശിയിലെ പ്രസിദ്ധങ്ങളായ താമ്രം ക്രിസ്ത്യൻ കോളേജിലും, പ്രസിഡൻസി കോളേജിലും പഠിച്ചു. പഠനം പൂർത്തിയാക്കാതെ നാട്ടിലെത്തിച്ചേർന്നു.

അയ്യപ്പന്റെ ജ്യേഷ്ഠൻ നാരായണഗുരുവിന്റെ ഭക്തനായിരുന്നു. അദ്ദേഹം ഒരു സന്ന്യാസിയും ആയിരുന്നു. അതുകൊണ്ട് അയ്യപ്പൻ നാരായണ ഗുരുവിലേക്ക് ആകർഷിക്കപ്പെട്ടു. ഗുരുനിർദ്ദേശത്താൽ ബിരുദപഠനം പൂർത്തിയാക്കി. ഇതിനിടയിൽ കുമാരനാശാനുമായി ദൃഢബന്ധം സ്ഥാപിച്ചു. സ്വാഭാവികമായും എസ്. എൻ. ഡി. പി.യുടെ പ്രവർത്തനങ്ങളിൽ അയ്യപ്പനും ഇടപെട്ടു പ്രവർത്തിച്ചു. മഹാകവിയുടെ കൂടെ കഴിഞ്ഞതിനാൽ അയ്യപ്പനു തന്നിൽ സിദ്ധമായ്ക്കിടന്നിരുന്ന കവിത്വം തേച്ചുമിനുക്കുവാൻ കഴിഞ്ഞു. ഗുരുവിന്റെ ഉറ്റ അനുയായിയായിരിക്കുമ്പോഴും, ഗുരുവിന്റെ ദൈവസങ്കല്പത്തെ അയ്യപ്പൻ ഉൾക്കൊണ്ടിരുന്നില്ല. ഗുരുവിന്റെ 'ദൈവദശക'ത്തെ അനുകരിച്ചെന്നോ അതിനോട് വിയോജിച്ചെന്നോ പറയാവുന്നതരത്തിൽ അയ്യപ്പൻ ഒരു കവിതയെഴുതി. 'സയൻസുദശകം'. അയ്യപ്പന്റെ എല്ലാ കൃതികളും അന്ധവിശ്വാസങ്ങൾക്കും ജാത്യാചാരങ്ങൾക്കും എതിരെ ഉള്ളതായിരുന്നു. സുബ്രഹ്മണ്യകീർത്തനം എഴുതുന്ന ശ്രീനാരായണഗുരുവിനെ ആദരിക്കുമ്പോൾതന്നെ സഹോദരൻ അയ്യപ്പൻ 'പഴനിക്കു പോകല്ലേ സോദരരേ'എന്ന കവിതയെഴുതി. അയ്യപ്പന്റെ പ്രവർത്തികളിൽ ദൈവം ഉണ്ടെന്നായിരുന്നു ഗുരു അതിനോട് പ്രതികരിച്ചത്.

നിയമപഠനം കഴിഞ്ഞെങ്കിലും അധ്യാപകവൃത്തിയിലേർപ്പെട്ടെങ്കിലും, അയ്യപ്പൻ കർമ്മോന്മുഖനായിരുന്നത് സാമൂഹികപരിഷ്കരണശ്രമങ്ങളിലായിരുന്നു. 1917-ൽ സഹോദരസംഘം രൂപീകരിച്ചു. 'സഹോദരൻ' എന്ന മാസികയും പ്രസിദ്ധീകരിച്ചു. അതോടുകൂടി സഹോദരനയ്യപ്പനായി മാറി. 1917-ൽ മിശ്രഭോജനവും, 1918-ൽ 'ജാതിരാക്ഷസദഹന'വും നടത്തി ഏറെ ശ്രദ്ധേയനായി. 1925-ൽ കൊച്ചീപ്രജാസഭയിലേക്ക് മത്സരിച്ചുതോറ്റു. 1928, 1931 എന്നീ വർഷങ്ങളിൽ അദ്ദേഹം നിയമസഭയിലേക്ക് മത്സരിച്ച് ജയിച്ചു. 1948-ൽ കൊച്ചിയിലെ പൊതുമരാമത്ത് വകുപ്പ് മന്ത്രിയായി. തിരുക്കൊച്ചി സംയോജനത്തിനു ശേഷം 1949-ലും അദ്ദേഹം സഭാംഗമായിരുന്നു. സജീവരാഷ്ട്രീയത്തിൽ നിന്നും പിൻവാങ്ങിയ അദ്ദേഹം 1968 മാർച്ച് 6-ന് അന്തരിച്ചു.


SGOU

### 5.1.9 കുറുമ്പൻ ദൈവത്താൻ (1880-1927)




ചെങ്ങന്നൂരിലെ ഇടയാറന്മുളയിലാണ് കേരളത്തിലെ സാമൂഹ്യ നവോത്ഥാനനായകനും പ്രജാസഭാംഗവുമായിരുന്ന കുറുമ്പൻ ദൈവത്താൻ ജനിച്ചത്. നടുവത്തമ്മൻ എന്നതാണ് ബാല്യകാല നാമം. 'പുലയഗീതങ്ങളുടെ പ്രവാചകൻ' എന്നാണ് അദ്ദേഹം അറിയപ്പെടുന്നത്. പത്തൊൻപതാം നൂറ്റാണ്ടിൽ ആറന്മുളയുടെയും തിരുവിതാംകൂറിന്റെയും സാമൂഹ്യമുന്നേറ്റത്തിനുവേണ്ടി പ്രയത്നിച്ചു. അക്കാലത്ത് ദലിതർക്ക് വിദ്യ അഭ്യസിക്കാൻ മാർഗ്ഗമുണ്ടായിരുന്നില്ല. നാട്ടിലുണ്ടായിരുന്ന കുടിപ്പള്ളിക്കൂടത്തിൽ പുലയർക്ക് മാത്രമല്ല ഈഴവാദികൾക്കും പ്രവേശനമുണ്ടായിരുന്നില്ല. അവരെ പഠിപ്പിക്കാൻ ആശാൻമാർക്കും ധൈര്യമുണ്ടായിരുന്നില്ല. കൊച്ചുകുഞ്ഞാശാൻ എന്ന ക്രിസ്ത്യാനി പണ്ഡിതൻ കുറുമ്പനെ പഠിപ്പിക്കാൻ തയ്യാറായി. ഇതറിയാനിടയായ സവർണ്ണർ കുറുമ്പനെയും കുടുംബത്തെയും കൈയേറ്റം ചെയ്യുകയും അദ്ദേഹത്തിനു നാടുവിടേണ്ടി വരികയും ചെയ്തു. എങ്കിലും പഠനം അദ്ദേഹം തുടർന്നു. പുലയസമുദായത്തിന്റെ തനതു കലാരൂപമായിരുന്ന കോലടിയിൽ അദ്ദേഹം നിപുണനായിരുന്നു. അയ്യങ്കാളിയുടെയും വെള്ളിക്കര ചോതിയുടെയും സമുദായ പ്രവർത്തനങ്ങളിൽ ആകൃഷ്ടനായി. സംസ്ഥാനത്ത് ആദ്യമായി ചുവരെഴുതിയതിന് ഇദ്ദേഹത്തിന് ആറുമാസം ഒളിവിൽ കഴിയേണ്ടി വന്നു. അയ്യങ്കാളിക്കൊപ്പം അദ്ദേഹത്തിന്റെ മാനേജരായി ദൈവത്താൻ പ്രവർത്തിച്ചു. ദൈവത്താന്റെ ഗുരുതുല്യനായ സഹായിയായിരുന്നു മൂലൂർ എസ്. പത്മനാഭപണിക്കർ. സവർണ്ണാധിപത്യത്തിനെതിരെ പൊരുതി വിദ്യ അഭ്യസിച്ച ഇദ്ദേഹം അധഃസ്ഥിത സമൂഹത്തിനുവേണ്ടി നിരവധി സമരങ്ങളേറ്റെടുത്തു നടത്തി. ക്ഷേത്രപ്രവേശന വിളംബരത്തിന് ഒരു വ്യാഴവട്ടംമുമ്പ് ചെങ്ങന്നൂർ, ആറന്മുള ക്ഷേത്രങ്ങളിലേക്ക് ജാഥ നയിച്ച് അധഃസ്ഥിതർക്ക് ക്ഷേത്രപ്രവേശനം നേടിയത് ഇദ്ദേഹമായിരുന്നു. ലംസംഗ്രാന്റിന്റെ മുൻരൂപമായ സ്റ്റൈപ്പന്റ് പുലയസമുദായത്തിലെ കുട്ടികൾക്ക് നേടിക്കൊടുത്തത് ദൈവത്താനാണ്. കോളനി എന്ന ആശയം കേരളത്തിൽ ആദ്യമായി ഉയർത്തിയത് ദൈവത്താനാണ്. 1917-ൽ കുറുമ്പൻ ദൈവത്താൻ ഹിന്ദു പുലയസമാജം സ്ഥാപിച്ചു. 1917-ൽ അദ്ദേഹം ശ്രീമൂലം പ്രജാസഭയിൽ അംഗമായി. 1924-ൽ ചെങ്ങന്നൂർ മഹാക്ഷേത്രത്തിൽ കുറുമ്പൻ ദൈവത്താന്റെ നേതൃത്വത്തിൽ ദളിതർ ആരാധന നടത്തി. തിരുവിതാംകൂർ ഹിന്ദു പുലയസമാജത്തിന്റെ പ്രസിഡന്റായിരുന്ന കുഞ്ഞൻ ദൈവത്താൻ 1929-ൽ ചെങ്ങന്നൂരിലെ ജോൺ മെമ്മോറിയൽ പ്രസ്സിൽ നിന്ന് കുറുമ്പൻ ദൈവത്താന്റെ ജീവചരിത്രം പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2005-ൽ ബാബു തോമസ് അദ്ദേഹത്തെപ്പറ്റി രചിച്ച ജീവചരിത്രമാണ് നവോത്ഥാനത്തിന്റെ സൂര്യതേജസ്സ്. കുറുമ്പൻ ദൈവത്താന്റെ അന്ത്യവിശ്രമസ്ഥലത്ത് ആറന്മുള ഗ്രാമപഞ്ചായത്ത് സ്മാരകം നിർമ്മിച്ചിട്ടുണ്ട്. ആറന്മുള പഞ്ചായത്തിലെ എരുമക്കാട്ട് ഗുരുക്കൻകുന്നിലെ ഹരിജൻ വെൽഫയർ എൽപി സ്കൂൾ സ്മൃതിയിടമായി പ്രഖ്യാപിച്ചിട്ടുണ്ട്.

### 5.1.10 വി. ടി. ഭട്ടതിരിപ്പാട്





SGOU
SREENARAYANAGURU OPEN UNIVERSITY

സാമുദായികമായ അഭിവൃദ്ധി ലക്ഷ്യമിട്ടുകൊണ്ടായിരുന്നു എല്ലാ സംഘടനകളും അക്കാലത്ത് (ഇരുപതാം നൂറ്റാണ്ടാരംഭം) രൂപീകൃതമായത്. അധഃസ്ഥിതർക്ക് അവരനുഭവിച്ചുകൊണ്ടിരുന്ന ദു:സ്ഥിതിയിൽ നിന്നും മോചനം നേടേണ്ടതുണ്ടായിരുന്നു. പ്രതിയോഗികളായി സവർണ്ണമേൽകോയ്മ വഹിക്കുന്നവർ ഒരു വശത്തുണ്ടായിരുന്നു. പ്രതിയോഗികൾ മറുവശത്തുണ്ടെന്നതിനാൽ അവരുടെ പ്രവർത്തനങ്ങളെ പോരാട്ടം എന്ന നിലയിൽ കാണുവാൻ കഴിഞ്ഞു. എന്നാൽ നമ്പൂതിരിമാർക്ക് പ്രതിയോഗികളില്ലായിരുന്നു. പ്രതിയോഗികളാരുമില്ലാതെ സ്വയംനവീകരണത്തിനായുള്ള പരിശ്രമമായിരുന്നു നമ്പൂതിരിക്ക് വേണ്ടിയിരുന്നത്. പുഴുക്കുത്തുകൾ അകത്തുതന്നെയായിരുന്നു. താംബൂലചർവണം ചെയ്തു പൂമുഖത്തിരുന്നു നീട്ടിത്തുപ്പി വാസന്തീമധുവാർന്ന വാക്കുകൾ കൊണ്ട് വിലാസവതികളെ സ്തുതിച്ചിരുന്നാൽ പോരാ എന്ന ചിന്ത നമ്പൂതിരിമാരിലും സ്ഫുരിച്ചുവന്നു. "നമ്പൂതിരിമാർക്ക് വിദ്യാഭ്യാസസംബന്ധമായും, ധർമ്മാചാരസംബന്ധമായും, രാജനീതിസംബന്ധമായും, ധനസംബന്ധമായും ഉള്ള അഭിവൃദ്ധി" ലക്ഷ്യമാക്കിയായിരുന്നു യോഗക്ഷേമസഭ രൂപീകരിച്ചത്. ദേശമംഗലത്ത് ശങ്കരൻ നമ്പൂതിരിപ്പാടായിരുന്നു സഭയുടെ പ്രഥമാധ്യക്ഷൻ. 1083 കുംഭം 18 (1908)-ന് ചെറുമുക്ക് വൈദികഗൃഹത്തിൽ വച്ചാണ് സഭ ചേർന്നത്. ഒളപ്പമണ്ണ, കുറൂർ, ദേശമംഗലം തുടങ്ങിയ മനകളാണ് സഭാസ്ഥാപനത്തിൽ മുൻകൈയെടുത്തിരുന്നത്.

1907-ലെ പുതിയ ഭൂനിയമം തങ്ങളുടെ നിലനിൽപ്പിനെ ബാധിക്കുമെന്ന് മനസ്സിലാക്കി അതിനെ ഉപരോധിക്കുവാൻ വേണ്ടിയാണ് യോഗക്ഷേമസഭ സ്ഥാപിച്ചത്. കാലവും, നിയമങ്ങളും മാറുമ്പോൾ നമ്പൂതിരിയും മാറേണ്ടതാണെന്നും യാഥാസ്ഥിതികങ്ങളായ ചര്യകളിൽ നിന്നും സ്വയം വിടുതൽ നേടേണ്ടത് നമ്പൂതിരിയുടെ ആവശ്യമാണെന്നും വന്നുചേർന്നു. യോഗക്ഷേമസഭയുടെ ആദ്യകാലപ്രവർത്തനങ്ങളിൽ ഈ ആവശ്യങ്ങളെല്ലാം നിഴലിച്ചു കാണുന്നുണ്ട്. 1915 മുതൽ സഭയുടെ പ്രവർത്തനം അഭിവൃദ്ധമാകുന്നുണ്ട്. ഇംഗ്ലീഷുപഠനവും സ്ത്രീവിദ്യാഭ്യാസവും നമ്പൂതിരിമാരുടെയിടയിൽ പ്രചരിപ്പിച്ചു. വിധവാവിവാഹം, വൃദ്ധവിവാഹനിരോധനം,ഘോഷാബഹിഷ്കരണം,അഫൻമാർക്ക് സ്വസമുദായത്തിൽ നിന്നും വേളികഴിക്കൽ (പരിവേദനം) ഒന്നിലധികം വേളിയുടെ നിരോധനം എന്ന് തുടങ്ങി ആചരിച്ചുപോന്ന ശീലങ്ങളെയും അനുഷ്ഠാനമുറകളെയും പരിഷ്കരിക്കുന്നതിൽ യോഗക്ഷേമസഭ ശ്രദ്ധകൊടുത്തു.

ആചാരങ്ങൾ പലതും മാറ്റാനുള്ളതാണെന്ന് അന്ന് പലർക്കും ബോധ്യമായിരുന്നു. വി. ടി. ഭട്ടതിരിപ്പാട്, ഒ. എം. സി, എം. ആർ. ബി, എം. പി. ഭട്ടതിരിപ്പാട്, ഇ. എം. എസ്. തുടങ്ങിയവർ നേതൃനിരയിൽ എത്തിയതോടെ സഭയുടെ പ്രവർത്തനം കൂടുതൽ ചടുലമായിത്തീർന്നു. 1945-ലാണ് നമ്പൂതിരിയെ മനുഷ്യനാക്കുക എന്ന ആഹ്വാനം ഉണ്ടായത്. നമ്പൂതിരിമാർക്കും ആധുനികവിദ്യാഭ്യാസം വേണം എന്ന ആശയവും ചർച്ചയായി.

വി.ടി.യുടെ ഭാര്യാസഹോദരി ഉമാദേവി അന്തർജ്ജനത്തെ എം.ആർ.ബി.യായിരുന്നു വിവാഹം ചെയ്തത്. 1934 സെപ്റ്റംബർ 13-നു നടന്ന ആ വിവാഹമാണ് നമ്പൂതിരിസമുദായത്തിലെ ആദ്യത്തെ വിധവാവിവാഹം. ആയിരം കൊല്ലം കൂടിയിട്ട് നമ്പൂതിരിമാർ ഒരു നല്ല കാര്യം ചെയ്തു എന്ന് കുട്ടികൃഷ്ണമാരാർ പ്രസ്താവിച്ചത് ഈ വിവാഹത്തെക്കുറിച്ചായിരുന്നു. യാചനായാത്രയിലൂടെ പണശേഖരണം ചെയ്യാനാണ് വി.ടി. യും കൂട്ടരും സഭാപ്രവർത്തനം ഉണർവുള്ളതാക്കിയത്. പ്രവർത്തനത്തിന്റെ ഭാഗമായി 1911- ൽ 'യോഗക്ഷേമം മാസികയും', 1920-ൽ 'ഉണ്ണിനമ്പൂരി മാസികയും' പ്രസിദ്ധീകരിച്ചു. പുറമേനിന്നുള്ള പ്രശ്നങ്ങളല്ല അകമേയുള്ള പ്രശ്നങ്ങളാണ് തങ്ങളുടെ ശത്രുക്കൾ എന്ന തിരിച്ചറിവോടെയാണ് സഭാപ്രവർത്തനം മുന്നോട്ടു പോയത്. അതിനായി സ്വസമുദായബോധവല്കരണം ലക്ഷ്യമിട്ട അനേകം നാടകങ്ങളും മറ്റു സാഹിത്യസൃഷ്ടികളും രചിച്ചു അവതരിപ്പിച്ചിട്ടുണ്ട്. 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്', 'മറക്കുടയ്ക്കുള്ളിലെ മഹാനരകം', 'ഋതുമതി' തുടങ്ങിയ കൃതികൾ സ്ത്രീകളുടെ സാമൂഹിക പദവി ഉയർത്തുന്നതിൽ മുഖ്യപങ്കുവഹിച്ചു. സ്ത്രീകൾ അന്തർജ്ജനങ്ങളായിരുന്നതുകൊണ്ടാകാം സ്ത്രീകളുടെ പ്രശ്നങ്ങളെ ഗൗരവത്തിലെടുത്തുകൊണ്ട് യോഗക്ഷേമസഭാ


നേതൃത്വം വിവിധ കർമ്മപരിപാടികൾ സ്ത്രീകൾക്കുവേണ്ടി സമാരംഭിച്ചത്.

### 5.1.10.1 യോഗക്ഷേമസഭ

കേരളത്തിലെ നമ്പൂതിരി സമുദായത്തിന്റെ ഉന്നമനത്തിനായി 1908-ൽ സ്ഥാപിതമായ ഒരു സാമൂഹിക-സാംസ്കാരിക സംഘടനയാണ് യോഗക്ഷേമസഭ. നമ്പൂതിരിമാർക്ക് വിദ്യാഭ്യാസസംബന്ധമായും, ധർമാചാരസംബന്ധമായും, രാജനീതി സംബന്ധമായും, ധനസംബന്ധമായും ഉള്ള അഭിവൃദ്ധിക്ക് പരിശ്രമിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച സഭ ആധുനിക വിദ്യാഭ്യാസം, സാമൂഹികപരിഷ്കരണം, അനാചാരങ്ങൾക്കെതിരെയുള്ള പോരാട്ടം എന്നിവയിലൂടെ കേരളത്തിന്റെ നവോത്ഥാനചരിത്രത്തിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്. 1908-ലെ (1083 കുംഭം 18) ശിവരാത്രി ദിവസം ആലുവ പെരിയാറിന്റെ തീരത്ത് ചെറുമുക്ക് വൈദികന്റെ ഇല്ലത്ത് ദേശമംഗലം വലിയ ശങ്കരൻ നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ നടന്ന ഒരു യോഗത്തിലാണ് യോഗക്ഷേമ സഭയ്ക്ക് രൂപംനൽകിയത്. വടക്കില്ലത്ത് ജാതവേദൻ നമ്പൂതിരി, കപ്ലിങ്ങാട് വൈദികൻ നീലകണ്ഠൻ നമ്പൂതിരി, കിരാങ്ങാട് കുഞ്ഞനുജൻ നമ്പൂതിരിപ്പാട് തുടങ്ങി ഒമ്പതുപേരാണ് യോഗം വിളിച്ചുകൂട്ടിയത്. പന്തൽ വൈദികൻ വലിയ കൃഷ്ണൻനമ്പൂതിരി അധ്യക്ഷനായി. കുറൂർ ഉണ്ണിനമ്പൂതിരിപ്പാട്, ചിറ്റൂർ നാരായണൻ നമ്പൂതിരിപ്പാട് എന്നിവരാണ് സ്ഥാപകനേതാക്കൾ. ആദ്യകാലങ്ങളിൽ സഭ നിർജ്ജീവമായിരുന്നു. യോഗക്ഷേമ സഭ സജീവമായത് കുറൂർ ഉണ്ണി നമ്പൂതിരിപ്പാട് സഭയുടെ നേതൃസ്ഥാനത്തെത്തിയപ്പോഴാണ്. ഈ കാലഘട്ടത്തിൽ നമ്പൂതിരി സമുദായത്തിൽ നിലനിന്നിരുന്ന നിരവധി ദുരാചാരങ്ങൾക്കെതിരെ വളരെ ഫലപ്രദമായി ഇടപെടുവാൻ സഭക്ക് സാധിച്ചു. സമുദായത്തിലെ അനാചാരങ്ങൾ അവസാനിപ്പിക്കാനും, സ്ത്രീവിദ്യാഭ്യാസം, വിധവാവിവാഹം, ലളിതവിവാഹം തുടങ്ങിയ പുരോഗമന ആശയങ്ങൾ നടപ്പിലാക്കാനും സഭ മുന്നിട്ടിറങ്ങി. പ്രധാന നേതാക്കളായ വി.ടി. ഭട്ടതിരിപ്പാട്, കുറൂർ ഉണ്ണിനമ്പൂതിരിപ്പാട്, എം.ആർ.ബി., ഇ.എം.എസ്. നമ്പൂതിരിപ്പാട് തുടങ്ങിയവർ സഭയുടെ നവോത്ഥാന പ്രവർത്തനങ്ങളിൽ സജീവമായി പ്രവർത്തിച്ചിരുന്നു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇന്നും സജീവമായ ജില്ലാ കമ്മറ്റികളും യുവജന വിഭാഗങ്ങളും സഭയ്ക്കുണ്ട്.

### 5.1.11 വക്കം മൗലവി (1873 - 1932 )



1873 ചിറയിൻകീഴ് താലൂക്കിലുള്ള വക്കത്താണ് അബ്ദുൽ ഖാദർ എന്ന വക്കം മൗലവി ജനിച്ചത്. മുസ്ലീംസമുദായത്തിൽ ഉണ്ടായിരുന്ന യാഥാസ്ഥിതികമനോഭാവങ്ങളെയും അനാചാരങ്ങളെയും എതിർത്തുകൊണ്ട് മുസ്ലീം നവോത്ഥാനത്തിനു വേണ്ടി രംഗത്തെത്തിയ വ്യക്തിയാണ് വക്കം മൗലവി. പത്തൊമ്പതാം നൂറ്റാണ്ടിൽ കേരളത്തിൽ ആകമാനമലയടിച്ച നവോത്ഥാനപ്രസ്ഥാനങ്ങളുടെ ചുവടുപിടിച്ചായിരുന്നു അദ്ദേഹവും രംഗത്തെത്തിയത്. സാമ്പത്തികമായും സാമൂഹികമായും വിദ്യാഭ്യാസപരമായും വളരെ താഴ്ന്നനിലയിലുള്ള മുസ്ലീം ജനജീവിതത്തെ ഉയർത്തിക്കൊണ്ടുവരികയെന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. മുസ്ലീം സമുദായത്തിലെ മതപരമായ അജ്ഞതയും അന്ധവിശ്വാസവുമാണ് സാമൂഹികപുരോഗതിക്ക് തടസ്സമായി നിൽക്കുന്നതെന്ന് അദ്ദേഹം കണ്ടറിഞ്ഞു. ആധുനിക വിദ്യാഭ്യാസം നേടിയാൽ മാത്രമേ ഏതൊരാളും വളർച്ച പ്രാപിക്കുകയുള്ളൂ എന്ന് അദ്ദേഹം സ്വസമുദായത്തെ ബോധിപ്പിച്ചു കൊണ്ടിരുന്നു. ജനങ്ങളെ ഉദ്ബുദ്ധരാക്കുവാൻ അദ്ദേഹം മാസികയും പത്രവും പുസ്തകങ്ങളും പ്രസിദ്ധീകരിച്ചു.

1905-ൽ അദ്ദേഹം 'സ്വദേശാഭിമാനി' എന്ന പത്രം തുടങ്ങി. അതിന്റെ പത്രാധിപരായി രാമ

SGOU



SREENARAYANAGURU OPEN UNIVERSITY

കൃഷ്ണപിള്ളയെ നിയോഗിച്ചു. രാമകൃഷ്ണ പിള്ള തിരുവിതാംകൂർ ദുർഭരണത്തിനെതിരായി 'സ്വദേശാഭിമാനി' പത്രത്തിലൂടെ ശക്തമായി പ്രതികരിച്ചു കൊണ്ടിരുന്നു. തിരുവിതാംകൂറിലെ ഭരണസമ്പ്രദായത്തിലെ അഴിമതിയ്ക്കെതിരെ വക്കം മൗലവിയും രാമകൃഷ്ണപിള്ളയും ചേർന്ന് കുരിശുയുദ്ധം പ്രഖ്യാപിച്ചു കൊണ്ട് അന്നത്തെ തിരുവിതാംകൂർ ദിവാൻ സി. രാജഗോപാലാചാരിക്കെതിരെ നിരന്തരം ശബ്ദമുയർത്തി. എതിർപ്പിനു വിധേയരായ ഭരണകർത്താക്കൾ 1910 സെപ്റ്റംബറിൽ സ്വദേശാഭിമാനി പത്രം നിരോധിക്കുകയും, രാമകൃഷ്ണപിള്ളയെ ആൻഡമാനിലേക്ക് നാടുകടത്തുകയും ചെയ്തു. പിന്നീട് വക്കം മൗലവിയുടെ പ്രവർത്തനമണ്ഡലം സമുദായപരിഷ്കരണം മാത്രമായിരുന്നു. അതിനുവേണ്ടി അദ്ദേഹത്തിന്റെ നേതൃത്വത്തിൽ 'ഇസ്ലാം ധർമ്മപരിപാലന സംഘം' രൂപീകരിക്കുകയും 'അൽ ഇസ്ലാം' എന്ന പേരിൽ ഒരു അറബി മലയാളം പത്രിക പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

1922-23 കാലഘട്ടത്തിൽ മുസ്ലീം ഐക്യസംഘം രൂപീകരിക്കുകയും അതിന്റെ കീഴിൽ വിദ്യാഭ്യാസസ്ഥാപനങ്ങൾ ആരംഭിക്കുകയും ചെയ്തു. മുസ്ലീംജനങ്ങളെ അന്ധവിശ്വാസങ്ങളിൽ നിന്നും അനാചാരങ്ങളിൽ നിന്നും മോചിപ്പിക്കാൻ വേണ്ടി ലഘുലേഖകൾ ഉണ്ടാക്കി വിതരണം ചെയ്തു. മതപരിഷ്കരണത്തിനു വേണ്ടി ഇസ്ലാഹിപ്രസ്ഥാനവും ആരംഭിച്ചു. അതിന്റെ ആശയങ്ങൾ കേരളത്തിലാകമാനം പകർന്നു കൊടുക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. സ്വന്തം സമുദായത്തിൽ നിന്ന് ധാരാളം എതിർപ്പുകളും വിമർശനങ്ങളും നേരിടേണ്ടി വന്നെങ്കിലും അദ്ദേഹം പിന്മാറാതെ നവോത്ഥാനപ്രവർത്തനങ്ങളിൽ സദാ വ്യാപൃതനാകുകയാണുണ്ടായത്. ചിറയിൻകീഴ് താലൂക്ക് മുസ്ലീം സമാജം, ആലപ്പുഴയിലെ ലജ്നത്തുൽ മുഹമ്മദീയ സംഘം, കൊടുങ്ങല്ലൂരിലെ മുസ്ലീം ഐക്യസംഘം തുടങ്ങിയവ വക്കം മൗലവി തുടങ്ങിവച്ച ഇസ്ലാഹിപ്രസ്ഥാനത്തിന്റെ ആശയങ്ങൾ പ്രചരിപ്പിച്ചു കൊണ്ടേയിരുന്നു. 1932 -ൽ അന്തരിക്കും വരെ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ സജീവമായിരുന്നു.

### 5.1.12 മക്തിതങ്ങൾ (1847-1912)




മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്കിൽ വെളിയംകോട് ദേശത്താണ് മക്തിതങ്ങൾ ജനിച്ചത്. സയ്യിദ് സനാവുള്ള മക്തി തങ്ങൾ എന്നാണ് പൂർണ്ണനാമം. മലയാളം, തമിഴ്, ഉർദു, അറബി, പേർഷ്യൻ, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ പാണ്ഡിത്യം നേടിയ അദ്ദേഹം ബ്രിട്ടീഷ് ഗവൺമെന്റിന്റെ കീഴിൽ എക്സൈസ് ഇൻസ്പെക്ടറായി ജോലി ചെയ്തു. മലപ്പുറത്തെ മഞ്ചേരി, പൊന്നാനി പ്രദേശങ്ങൾ കേന്ദ്രീകരിച്ചായിരുന്നു അദ്ദേഹത്തിന്റെ സാമൂഹിക നവോത്ഥാനപ്രവർത്തനങ്ങൾ. അക്കാലത്തെ മുസ്ലീംനേതാക്കൾ ബ്രിട്ടീഷുകാരുടെ നികുതി പിരിവിൽ പ്രതിഷേധിച്ച് സർക്കാരിനോടു ശത്രുതാമനോഭാവം വച്ചുപുലർത്തിയിരുന്നു. അതുകൊണ്ടുതന്നെ ഇംഗ്ലീഷ് പിശാചിന്റെ ഭാഷയാണെന്ന് വിശ്വസിക്കുകയും അത് ഒഴിവാക്കുകയും ചെയ്തു. മലയാളവും പഠിക്കാൻ തയ്യാറായില്ല. അറബി മലയാളം മാത്രമായിരുന്നു അവർ പഠിച്ച ഭാഷ. അതുകൊണ്ടു തന്നെ മുസ്ലീം മതസ്ഥർക്ക് മറ്റുള്ളവരെ പോലെ തൊഴിലവസരങ്ങൾ ലഭിച്ചില്ല. ഇത് അവരെ സാമൂഹികവും സാമ്പത്തികവുമായി പിന്നോട്ടു നയിച്ചു.

ഈയൊരവസരത്തിൽ മുസ്ലീംസമുദായത്തെ സാമൂഹികവും വിദ്യാഭ്യാസപരവും സാമ്പത്തികമായും പുനരുദ്ധരിക്കാർ മുന്നോട്ടുവന്ന നവോത്ഥാനനായകനാണ് മക്തിതങ്ങൾ. മലയാളഭാഷ പഠിക്കാനും ഇംഗ്ലീഷ് ഭാഷയോടുള്ള എതിർപ്പ്

SGOU

ഇല്ലാതാക്കാനും ഈ രണ്ടു ഭാഷകൾ പഠിക്കുകവഴി പുതിയ അവസരങ്ങൾ ലഭിക്കുമെന്ന് ബോധ്യപ്പെടുത്താനും അദ്ദേഹത്തിന് കഴിഞ്ഞു. ഇസ്ലാമിൽ നിലനിന്നിരുന്ന അന്ധവിശ്വാസങ്ങളിൽനിന്നും അനാചാരങ്ങളിൽനിന്നും സമുദായത്തെ രക്ഷപ്പെടുത്താൻ അദ്ദേഹം ആഹ്വാനം ചെയ്തു. ആ ശ്രമമാണ് പിന്നീട് മലപ്പുറം ജില്ലയിലെ മുസ്ലീം ജനവിഭാഗത്തിന് ഉണർവും പുരോഗതിയും ഉണ്ടാവാൻ കാരണമായത്. ബഹുഭാഷാപണ്ഡിതൻ, മുസ്ലീം നവോത്ഥാനനായകൻ, അറബിമലയാളം ലിപി പരിഷ്കർത്താവ് തുടങ്ങിയ നിലകളിൽ ശ്രദ്ധേയനായ മക്തിതങ്ങൾ പ്രസാധകൻ എന്ന നിലയിലും വ്യക്തിമുദ്ര പതിപ്പിച്ചു. 'നബിനയനം' പ്രധാനകൃതിയാണ്. 'തുർക്കിസമാചാരം' എന്ന പത്രവും, 'പരോപകാരി' എന്ന മാസികയും അദ്ദേഹം പ്രസിദ്ധം ചെയ്തവയാണ്.

### 5.1.13 പാമ്പാടി ജോൺ ജോസഫ് (1887-1940)

ചേരമർ മഹാസഭയുടെ സ്ഥാപകൻ കോട്ടയത്തെ പാമ്പാടിയിലാണ് അദ്ദേഹം ജനിച്ചത്. തിരുവിതാംകൂറിൽ ചേരമർ മഹാസഭ (1921) സ്ഥാപിച്ചത് ഇദ്ദേഹമാണ്. ചേരമർ മഹാസഭയുടെ സ്ഥാപക ജനറൽ സെക്രട്ടറിയാണ് ഇദ്ദേഹം. ദലിതരുടെ ഉന്നമനമായിരുന്നു ലക്ഷ്യം. 'ഗോത്രപരമായി സംഘടിക്കൂ, മതപരമായി അല്ല' എന്നതാണ് ചേരമർ മഹാസഭയുടെ മുദ്രാവാക്യം. 'സാധുജനദൂതൻ' എന്ന മാസിക ആരംഭിച്ചത് പാമ്പാടി ജോൺ ജോസഫാണ്. 1931 ലാണ് അദ്ദേഹം ശ്രീമൂലം പ്രജാസഭയിൽ അംഗമാകുന്നത്. 'സവർണക്രിസ്ത്യാനികളും അവർണ ക്രിസ്ത്യാനികളും' എന്ന കൃതി എഴുതിയത് ഇദ്ദേഹമാണ്.

### 5.1.14 കുര്യാക്കോസ് ഏലിയാസ് ചാവറ(ചാവറയച്ചൻ)

കേരളത്തിലെ ആദ്യത്തെ വിശുദ്ധനും കേരള സാക്ഷരതയുടെ പിതാവും, പ്രമുഖ സാമൂഹിക പരിഷ്കർത്താവും, സീറോ-മലബാർ കത്തോലിക്കാ പുരോഹിതനും തത്ത്വചിന്തകനും വിദ്യാഭ്യാസ വിചക്ഷണനുമായിരുന്നു വിശുദ്ധ കുര്യാക്കോസ് ഏലിയാസ് ചാവറ (ചാവറയച്ചൻ). കേരളത്തിന്റെ നവോത്ഥാനനായകരിൽ ഒരാളായ അദ്ദേഹം, സമുദായനന്മയ്ക്കും വിദ്യാഭ്യാസ പുരോഗതിക്കും വേണ്ടി അക്ഷീണം



പ്രയത്നിച്ചു. കേരളത്തിലെ നവോത്ഥാനപ്രക്രിയയ്ക്ക് നേതൃത്വം നൽകിയ പ്രമുഖരിൽ ഒരാളാണ്. സാധാരണക്കാർക്ക് വേണ്ടി സ്കൂളുകളിൽ ഉച്ചക്കഞ്ഞി നൽകാൻ അദ്ദേഹം കണ്ടെത്തിയ മാർഗ്ഗമായിരുന്നു പിടിയരി സമ്പ്രദായം. ഓരോ നേരവും ഭക്ഷണത്തിനുള്ള അരി അളന്ന് പാത്രത്തിലിടുമ്പോൾ ഒരു പിടി മറ്റൊരു പാത്രത്തിലിട്ട് സൂക്ഷിച്ചുവയ്ക്കാൻ പ്രേരിപ്പിച്ചു. ആഴ്ചയുടെ അവസാനം ഈ അരി ആശ്രമത്തിൽ എത്തിച്ച് പാവപ്പെട്ട വിദ്യാർഥികൾക്ക് നൽകി. ഇങ്ങനെ നൽകാൻ ജനങ്ങളെ പ്രേരിപ്പിക്കുകയുംചെയ്തു. ഇതാണ് ഇന്ന് സർക്കാർ ഉച്ചഭക്ഷണ പരിപാടിയിലൂടെ തുടരുന്നത്. 'ഒരു പള്ളിക്ക് ഒരു പള്ളിക്കൂടം' എന്ന ആശയം നടപ്പിലാക്കി. സാധാരണക്കാർക്കും സംസ്കൃതം പഠിക്കാൻ അവസരമൊരുക്കി. സ്കൂളുകൾക്കൊപ്പം ഉച്ചഭക്ഷണവും അദ്ദേഹം ആരംഭിച്ചു.

വിദേശികളുടെ സഹായമില്ലാതെ കോട്ടയം മാന്നാനത്ത് ആദ്യമായി അച്ചടിശാല (സെന്റ് ജോസഫ് പ്രസ്സ്) സ്ഥാപിച്ചു. മലയാളത്തിലെ ആദ്യദിനപത്രമായ 'നസ്രാണി ദീപിക' (ഇപ്പോഴത്തെ ദീപിക) അച്ചടിച്ചത് ഇവിടെ നിന്നായിരുന്നു. ആദ്യകാല മലയാള സാഹിത്യരൂപങ്ങളായ ഇടയലേഖനങ്ങൾ, സംസ്കൃത വ്യാകരണഗ്രന്ഥങ്ങൾ, ആത്മകഥ (നാൾവഴി) എന്നിവ രചിച്ചു.

SGOU

ക്രിസ്തീയപുരോഹിതൻ എന്ന നിലയിൽ മാത്ര മല്ല സാമുദായ പരിഷ്കർത്താവ് വിദ്യാഭ്യാസപ്ര വർത്തകൻ, ജീവകാരുണ്യ പ്രവർത്തകൻ എന്നീ നിലകളിലും ശ്രദ്ധനേടിയിട്ടുണ്ട്. 1986 ഫെബ്രുവ രി 8-ന് രണ്ടാം ജോൺ പോൾ മാർപാപ്പ അദ്ദേ ഹത്തെ കോട്ടയത്തു വച്ച് വാഴ്ത്തപ്പെട്ടവൻ ആയി പ്രഖ്യാപിച്ചു. 2014 നവംബർ 23-ന് ഫ്രാൻ സിസ് മാർപ്പാപ്പ അദ്ദേഹത്തെ വിശുദ്ധനായി പ്രഖ്യാപിച്ചു.

## Recap

- ശ്രീനാരായണഗുരുവിന്റെ സാമൂഹ്യപരിഷ്കരണ ശ്രമങ്ങൾ
- ശ്രീനാരായണ ധർമ്മപരിപാലനയോഗത്തിന്റെ രൂപീകരണം
- 'സംഘടനകൊണ്ട് ശക്തരാകുക', 'വിദ്യകൊണ്ട് സ്വതന്ത്രരാകുക' എന്ന ഗുരുവാക്യത്തിന്റെ പ്രസക്തി
- വഴിനടക്കാനും മാറുമറയ്ക്കാനുമുള്ള അവകാശം നേടാനായി നടന്ന സമരങ്ങൾ
- അരുവിപ്പുറം ശിവപ്രതിഷ്ഠയുടെ പ്രസക്തിയും പ്രാധാന്യവും
- വാവൂട്ട് യോഗത്തിന്റെ ആരംഭം
- വിവേകോദയം മാസികയുടെ ആരംഭവും പ്രാധാന്യവും
- സാധുജനപരിപാലന സംഘത്തിന്റെ പ്രാധാന്യം
- അയ്യൻകാളിയുടെ പോരാട്ടങ്ങളും അവകാശസമരങ്ങളും
- പുലയ മഹാസഭയുടെ ആരംഭവും പ്രാധാന്യവും
- പണ്ഡിറ്റ് കെ. പി. കറുപ്പന്റെ സാമൂഹ്യപരിഷ്കരണശ്രമങ്ങൾ
- ജാതികുമ്മി, ബാലാകലേശം എന്നീ കൃതികളുടെ പ്രാധാന്യം
- വാലപരിഷ്കരണ സഭ, അരയസമാജം, കല്യാണദായിനിസഭ, പ്രബോധചന്ദ്രോദയം സഭ എന്നിവയുടെ സാമൂഹ്യ ഇടപെടലുകൾ
- 1914 ഒക്ടോബർ 31-ാം തീയതി സ്ഥാപിച്ച നായർ സർവീസ് സൊസൈറ്റി
- സഹോദരൻ അയ്യപ്പനും സാമൂഹ്യനവോത്ഥാനവും
- യുക്തിവാദിസംഘത്തിന്റെ പ്രവർത്തനങ്ങൾ
- 'സയൻസുദശകം' എന്ന കൃതിയുടെ സവിശേഷതകൾ
- മിശ്രഭോജനത്തിന്റെ സാമൂഹികപ്രാധാന്യം
- 'സഹോദരൻ' മാസികയുടെ ആരംഭം
- വി. ടി. ഭട്ടതിരിപ്പാടും നമ്പൂതിരിസമുദായത്തിന്റെ നവീകരണവും
- യോഗക്ഷേമസഭയും നമ്പൂതിരിസമുദായത്തിന്റെ പരിഷ്കരണശ്രമങ്ങളും
- നമ്പൂതിരിമാർക്ക് ആധുനിക വിദ്യാഭ്യാസം എന്ന ആശയം
- വിധവാവിവാഹം നമ്പൂതിരിസമുദായത്തിൽ
- ഋതുമതി, അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്, മറക്കുടയ്ക്കുള്ളിലെ മഹാനരകം എന്നീ പരിഷ്കരണനാടകങ്ങളുടെ പ്രാധാന്യം
- വക്കം മൗലവിയുടെ സാമൂഹ്യപരിഷ്കരണശ്രമങ്ങൾ
- മുസ്ലീംസമുദായത്തിലെ പരിഷ്കരണശ്രമങ്ങൾ
- സ്വദേശാഭിമാനി എന്ന പത്രത്തിന്റെ ആരംഭവും പ്രാധാന്യവും
- ഇസ്ലാംധർമ്മ പരിപാലനസംഘത്തിന്റെ പ്രസക്തി
- 'തുർക്കിസമാചാരം' എന്ന പത്രവും, 'പരോപകാരി' എന്ന മാസികയും
- അയ്യൻകാളിയുടെ നേതൃത്വത്തിലെ 1893-ൽ നടത്തിയ വില്ലുവണ്ടി സമരം

SGOU

## Objective Type Questions

1. 'വാവൂട്ട് യോഗം' എന്നാലെന്ത് ?
2. എസ്.എൻ.ഡി.പി. യോഗത്തിന്റെ ആദ്യരൂപം എന്തായിരുന്നു?
3. എസ്.എൻ.ഡി.പി. രൂപീകരിച്ച വർഷമേത്?
4. എസ്.എൻ.ഡി.പി. യോഗത്തിന്റെ മുഖപത്രമേത്?
5. എസ്.എൻ.ഡി.പി. യോഗത്തിന്റെ ആദ്യസെക്രട്ടറി ആര്?
6. സാധുജന പരിപാലന യോഗം സ്ഥാപിതമായ വർഷമേത്?
7. പുലയ മഹാസഭ സ്ഥാപിച്ചതാര്? എന്ന്?
8. ജാതികുമ്മി, ബാലാകലേശം എന്നീ കൃതികൾ രചിച്ചത് ആര്?
9. അരയസമാജം സ്ഥാപിച്ചതാര്? എന്ന്?
10. സയൻസുദശകം എന്ന കൃതി രചിച്ചത് ആര്?
11. സഹോദരസംഘം രൂപീകരിച്ച വർഷമേത്?
12. മിശ്രഭോജനം (പന്തിഭോജനം ) സംഘടിപ്പിച്ച നവോത്ഥാന നേതാവാര്?
13. നമ്പൂതിരി സമുദായത്തിന്റെ ആദ്യ വിധവാവിവാഹം നടന്നത് ആരൊക്കെ തമ്മിലായിരുന്നു?
14. നമ്പൂതിരി സമുദായത്തിലെ ആദ്യത്തെ വിധവാവിവാഹം നടന്ന വർഷമേത്?
15. സ്വദേശാഭിമാനി എന്ന പത്രം ആരംഭിച്ചത് ആര്? വർഷമേത്?
16. മക്തിതങ്ങൾ പ്രസിദ്ധം ചെയ്ത പത്രവും മാസികയും ഏതെല്ലാം ?
17. 'സ്വദേശാഭിമാനി' പത്രത്തിന്റെ പത്രാധിപർ ആരായിരുന്നു ?
18. 1893-ൽ വില്ലുവണ്ടിസമരം നടത്തിയത് ആരുടെ നേതൃത്വത്തിലായിരുന്നു ?
19. പ്രത്യക്ഷരക്ഷാ ദൈവസഭയുടെ പിതാവ് എന്നറിയപ്പെടുന്നതാരെ?
20. നായർ സർവീസ് സൊസൈറ്റി സ്ഥാപിതമായതെന്ന്? ആരുടെ നേതൃത്വത്തിൽ ?

## Answers

1. അരുവിപ്പുറം ക്ഷേത്രത്തിലെ പൂജാദികാര്യങ്ങൾ
2. വാവൂട്ട് യോഗം (അരുവിപ്പുറം ക്ഷേത്രയോഗം)
3. 1903
4. വിവേകോദയം (1904)
5. എൻ. കുമാരനാശാൻ
6. 1905
7. 1942
8. പണ്ഡിറ്റ് കെ.പി. കറുപ്പൻ
9. പണ്ഡിറ്റ് കെ.പി . കറുപ്പൻ
10. സഹോദരൻ അയ്യപ്പൻ
11. 1917
12. സഹോദരൻ അയ്യപ്പൻ (1917)

SGOU



SREENARAYANAGURU OPEN UNIVERSITY

13. ഉമാദേവി അന്തർജനത്തെ എം.ആർ. ബി. വിവാഹം കഴിച്ചു
14. 1934
15. വക്കം മൗലവി –1905
16. 'തുർക്കിസമാചാരം' എന്ന പത്രവും, 'പരോപകാരി' എന്ന മാസികയും
17. 'സ്വദേശാഭിമാനി' രാമകൃഷ്ണപിള്ള
18. അയ്യൻകാളിയുടെ നേതൃത്വത്തിൽ
19. പൊയ്കയിൽ കുമാരഗുരു
20. 1914 ഒക്ടോബർ 31-ാം തീയതി, മന്നത്തുപത്മനാഭന്റെ നേതൃത്വത്തിൽ

## Assignments

1. ശ്രീനാരായണധർമ്മ പരിപാലനയോഗത്തിന്റെ സംഭാവനകൾ വിശകലനം ചെയ്യുക.
2. സാധുജന പരിപാലന സംഘത്തിന്റെ സംഭാവനകൾ വിവരിക്കുക.
3. പണ്ഡിറ്റ് കെ. പി. കറുപ്പൻ, സഹോദരൻ അയ്യപ്പൻ, വി. ടി. ഭട്ടതിരിപ്പാട്, വക്കം മൗലവി എന്നിവരുടെ സംഭാവനകൾ വിലയിരുത്തുക.
4. കേരളത്തിലെ ആത്മീയാചാര്യന്മാരുടെ പ്രവർത്തനങ്ങൾ അപഗ്രഥിക്കുക
5. കേരളത്തിലെ സമുദായ സംഘടനകളുടെ മുന്നേറ്റം ചർച്ചചെയ്യുക.

SGOU

## Reference

1. എ. ശ്രീധരമേനോൻ, കേരളചരിത്രം, ഡി.സി.ബുക്സ്. കോട്ടയം
2. പി.കെ. ഗോപാലകൃഷ്ണൻ, കേരളത്തിന്റെ സാംസ്കാരിക ചരിത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
3. ടി.കെ. ഗംഗാധരൻ, കേരളചരിത്രം, കോപ്പറേറ്റീവ് സൊസൈറ്റി, കോഴിക്കോട് സർവ്വകലാശാല, കോഴിക്കോട്
4. കെ.എൻ ഗണേഷ്., കേരളത്തിന്റെ ഇന്നലെകൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം

## Suggested Reading

1. എൻ.എം. നമ്പൂതിരി, കേരളസംസ്കാരം: അകവും പുറവും, കാലിക്കറ്റ് യൂണിവേഴ്സിറ്റി കോപ്പറേറ്റീവ് സൊസൈറ്റി, കോഴിക്കോട്.
2. മലബാർ പഠനങ്ങൾ-സാമൂതിരി നാട്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. തിരുവനന്തപുരം.
3. എസ്.കെ. വസന്തൻ, നമ്മൾ നടന്ന വഴികൾ, മലയാള പഠന ഗവേഷണകേന്ദ്രം, തൃശ്ശൂർ.

BLOCK - 06

# ആധുനിക കേരള ത്തിന്റെ സൃഷ്ടി

SGOU

# ആധുനിക കേരളത്തിന്റെ സൃഷ്ടി

## Learning Outcomes

- മലയാളി മെമ്മൊറിയലിന്റെ പ്രസക്തി തിരിച്ചറിയുന്നു
- ഈഴവ മെമ്മൊറിയലിന്റെ പ്രസക്തിയും പ്രാധാന്യവും മനസ്സിലാക്കുന്നു
- കർഷകസമരങ്ങളെക്കുറിച്ചും പ്രസ്ഥാനങ്ങളെക്കുറിച്ചും അറിവ് നേടുന്നു.
- നിവർത്തനപ്രക്ഷോഭണത്തെക്കുറിച്ചുള്ള അറിവ് നേടുന്നു
- വൈക്കം സത്യാഗ്രഹം, ക്ഷേത്രപ്രവേശന വിളംബരം എന്നിവയെക്കുറിച്ച് മനസ്സിലാക്കുന്നു
- ഐക്യകേരളപ്രസ്ഥാനം, കേരളപ്പിറവി എന്നിവയെപ്പറ്റി ധാരണ ലഭിക്കുന്നു
- ഫ്രഞ്ച് വിമോചനപ്രസ്ഥാനവും മയ്യഴിയുടെ സ്വാതന്ത്ര്യവും സംബന്ധിച്ച് ധാരണ നേടുന്നു

## Prerequisite

തിരുവിതാംകൂർ സർക്കാർ സർവീസിൽ ഉയർന്ന തസ്തികയിൽ വിദ്യാഭ്യാസയോഗ്യതയുള്ള നാട്ടുകാരെ നിയമിക്കാതിരുന്നതിനെതിരെയും ഈഴവർക്ക് ഉദ്യോഗങ്ങളിൽ അവസരം ലഭിക്കണമെന്നുള്ള ആവശ്യം ഉന്നയിച്ചും ഉത്തരവാദമുള്ള ഭരണം വേണമെന്നാവശ്യപ്പെട്ടും തിരുവിതാംകൂർ ഉൾപ്പെടെയുള്ള പ്രദേശങ്ങൾ പ്രക്ഷുപ്തമാകാൻ തുടങ്ങി. നാട്ടുരാജ്യങ്ങളുടെ ഭരണപരമായ പരാജയം ഇല്ലാതാക്കുവാനും ദിവാന്റെ സ്വേച്ഛാധിപത്യ പ്രവണതകൾ ഒഴിവാക്കുവാൻ വേണ്ടിയും സമരങ്ങൾ ഉണ്ടായി. ഈ പ്രക്ഷോഭണങ്ങൾ തിരുവിതാംകൂർ ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ ജനകീയ മുന്നേറ്റത്തിന്റെ തുടക്കമായി മാറി.

1930 – കൾ മുതൽ കേരള സംസ്ഥാനരൂപീകരണം വരെയുള്ള ചരിത്രമാണ് ഇവിടെ ചർച്ചാവിഷയമാവുന്നത്. തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിങ്ങനെ മൂന്ന് നാട്ടുരാജ്യങ്ങളായാണ് ഇക്കാലത്ത് കേരളം വിഭജിക്കപ്പെട്ടിരുന്നത്. നാട്ടുരാജാക്കൻമാരുടെയും നാടുവാഴിത്തത്തിന്റെയും ജന്മിത്തത്തിന്റെയും ഫ്യൂഡലിസത്തിന്റെയും ഇരകളാക്കപ്പെട്ട സാധാരണക്കാരായ ജനങ്ങൾ സംഘടനാശക്തി തിരിച്ചറിയുകയും തങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി ഒത്തുചേർന്ന് പോരാടാനും തുടങ്ങിയ കാലമാണ് 1930 – കൾ. ഭരണസംവിധാനത്തിനകത്തെ ക്രമക്കേടുകൾ ചൂണ്ടിക്കാണിക്കുന്ന ലേഖനങ്ങൾ ഉൾക്കൊള്ളുന്ന പത്രമാസികകളും ഇക്കാലത്തുണ്ടാകാൻ തുടങ്ങി. നിവർത്തനപ്രക്ഷോഭം ഉണ്ടാക്കിയ അലയൊലികൾ സംഘടനാശക്തിയുടെ വില മനസ്സിലാക്കാൻ സഹായിക്കുന്ന ഒന്നായിരുന്നു. തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് ആയിരുന്നു അക്കാലത്തെ പ്രധാന രാഷ്ട്രീയസംഘടന. ദിവാന്റെ ഭരണപരിഷ്കാരങ്ങളോടുള്ള പ്രതിഷേധങ്ങളായാണ് പ്രക്ഷോഭങ്ങൾ ആരംഭിക്കുന്നത്. സർ സി.പിക്ക് എതിരായി മെമ്മോറാണ്ടം സമർപ്പിക്കുകയും പ്രക്ഷോഭങ്ങൾ ആരംഭിക്കുകയും ചെയ്തത് പ്രധാന ചരിത്ര സംഭവമാണ്.

SGOU

1920 കളിലും രണ്ടാം ലോകമഹായുദ്ധകാലത്തും ലോകത്തെ ബാധിച്ച സാമ്പത്തികമാന്ദ്യം തൊഴിലാളികളുടെ ജീവിതത്തെയും ബാധിച്ചു. കുറഞ്ഞ വേതനവും ഉയർന്ന വിലയും സാമാന്യജനത്തെ ഞെരുക്കിക്കൊണ്ടിരുന്നു. അനൗദ്യോഗിക കണക്ക് പ്രകാരം നോക്കിയാൽ ഇരുപതിനായിരത്തിലധികം ജനങ്ങൾ പട്ടിണി മരണത്തിനിരയായി. ഒരു വശത്ത് പട്ടിണിയും മറുവശത്തു ജന്മിമുതലാളികളുടെ ഗുണ്ടകളും പോലീസും ചേർന്ന് നടത്തിയ പീഡനവും പിടിച്ചുപറിയും തൊഴിലാളികളെ നട്ടംതിരിച്ചു. തങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി പോരാടാൻ തയ്യാറായ ഒരു ജനതയെയാണ് ഇക്കാലത്ത് നമുക്ക് കാണാനാവുക.

പട്ടിണി അല്ലെങ്കിൽ അവകാശങ്ങൾക്കുവേണ്ടിയുള്ള സമരം എന്ന അവസ്ഥയിലേക്ക് രൂപപ്പെട്ടു പോയവരായിത്തീർന്നു സാധാരണക്കാരായ കർഷകതൊഴിലാളികൾ. ഇവരുടെ ഇടയിലേക്ക് പുത്തൻ ആശയങ്ങളുടെ വെളിച്ചവുമായി വന്നത് സോഷ്യലിസ്റ്റ് ആശയങ്ങളെ പ്രചരിപ്പിക്കുന്ന സോഷ്യലിസ്റ്റ് കോൺഗ്രസ് എന്ന സംഘടനയാണ്. ഈ സംഘടനയുടെ കീഴിലാണ് കർഷക തൊഴിലാളിസംഘങ്ങൾ രൂപീകരിക്കപ്പെട്ടത്. നിരവധിയായ കർഷകസമരങ്ങൾ മൂന്നു നാട്ടുരാജ്യങ്ങളിലും സംഘടിപ്പിക്കപ്പെട്ടു. മലബാറിലാണ് കർഷകസംഘം ശക്തമായത്. ഉത്തരകേരളത്തിൽ തൊഴിലാളി പ്രസ്ഥാനമാണ് കരുത്താർജിച്ചത്, കർഷക തൊഴിലാളി പ്രസ്ഥാനത്തിലൂടെ കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ രൂപീകരണവും നടന്നു.

തിരുവിതാംകൂറിലെയും കൊച്ചിയിലെയും ഉത്തരവാദഭരണ പ്രക്ഷോഭങ്ങളും ഇക്കാലയളവിൽ നടക്കുന്നുണ്ടായിരുന്നു. ഭരണരംഗത്തെ മാറ്റത്തിനു വേണ്ടി 1934 കൾ മുതൽ കൊച്ചിയിൽ പ്രക്ഷോഭങ്ങൾ നടന്നു വന്നു. കൊച്ചിയിൽ ഇലക്ട്രിസിറ്റിസമരത്തോടെയാണ് ഇതിന് തുടക്കം കുറിച്ചത്. പ്രജാമണ്ഡലത്തിന്റെ പ്രവർത്തനങ്ങൾ ജനകീയമന്ത്രിസഭ എന്ന ആശയത്തിലേക്ക് എത്തിച്ചു. സ്വാതന്ത്ര്യസമരത്തിന്റെ പ്രവർത്തനങ്ങൾക്കൊപ്പം ലയിച്ചു ചേർന്ന ഈ രാഷ്ട്രീയപാർട്ടികൾ പിന്നീട് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ കീഴിൽ നിന്നു കൊണ്ട് രാജ്യത്തിന്റെ സ്വാതന്ത്ര്യലബ്ധിക്കു വേണ്ടി പോരാടാൻ തുടങ്ങി. കൂട്ടായ പ്രവർത്തനങ്ങൾ സ്വാതന്ത്ര്യലബ്ധിക്ക് കളമൊരുക്കി. സ്വാതന്ത്ര്യലബ്ധിക്കു ശേഷം ഭാഷയുടെ അടിസ്ഥാനത്തിൽ സംസ്ഥാന രൂപീകരണമെന്ന ആശയം പ്രബലമാവുകയും അതിനായി സർദാർ വല്ലഭായി പട്ടേലിന്റെ നേതൃത്വത്തിൽ നാട്ടുരാജ്യങ്ങളുടെ ലയനത്തിനും സംയോജനത്തിനും വേണ്ടി സ്വീകരിച്ച നയങ്ങൾ മൂന്നു നാട്ടുരാജ്യങ്ങളെയും ഒന്നാക്കിത്തീർക്കുകയും ചെയ്തു. സർ. സി.പിക്ക് എതിരായി നൽകിയ മെമ്മോറാണ്ടം പിൻവലിക്കാനും നിയമലംഘനസമരം നിർത്തലാക്കാനും ഗാന്ധിജി നൽകിയ നിർദ്ദേശം കോൺഗ്രസിൽ അഭിപ്രായഭിന്നതകൾ സൃഷ്ടിച്ചു. സോഷ്യലിസ്റ്റ് ആശയങ്ങളോട് താല്പര്യമുള്ള ഒരു ഗ്രൂപ്പ് വളർന്നു വരുന്ന കാലഘട്ടമായിരുന്നു അത്. കോൺഗ്രസ്സിന്റെ ഇത്തരം നേതൃത്വനയങ്ങളോടുള്ള പ്രതിഷേധമായിട്ടാണ് ഇടതുപക്ഷ പാർട്ടി കോൺഗ്രസ്സിനുള്ളിൽ ശക്തമാകുന്നത്.

SGOU

## Key Themes

മലയാളിമെമ്മോറിയൽ - ഈഴവമെമ്മോറിയൽ - വൈക്കം സത്യാഗ്രഹം - ക്ഷേത്രപ്രവേശന വിളംബരം - കർഷസമരങ്ങൾ - കർഷകതൊഴിലാളിസംഘടനകൾ - കമ്മ്യൂണിസ്റ്റു പാർട്ടി - പുന്നപ്ര വയലാർ സമരങ്ങൾ - കയ്യൂർ - കരിവെള്ളൂർ - ഉത്തരവാദഭരണ പ്രക്ഷോഭം - തിരുവിതാംകൂർ കൊച്ചിസംയോജനം -ദേശീയപ്രസ്ഥാനം- ഐക്യകേരളപ്രസ്ഥാനം -കേരള സംസ്ഥാനരൂപീകരണം- കേരളപ്പിറവി - ഫ്രഞ്ച് ഇന്ത്യൻ വിമോചന പ്രസ്ഥാനം - മയ്യഴിയിലെ മലയാളിസമൂഹം

## Discussion

## 6.1 സാമൂഹ്യപരിഷ്കരണ പ്രവർത്തനങ്ങൾ, സമരങ്ങൾ കലാപങ്ങൾ

19-ാം നൂറ്റാണ്ടിന്റെ അന്ത്യദശകങ്ങളിൽ കേരളത്തിൽ സാമൂഹികവും മതപരവുമായ പരിഷ്കരണ പ്രവർത്തനങ്ങൾ ശക്തിപ്പെട്ടു വന്നു. അയിത്തനിവാരണം. ജാതിനശീകരണം, മരുമക്കത്തായപരിഷ്കരണം, താലികെട്ടു കല്യാണം, തിരണ്ടുകുളി തുടങ്ങിയ പാഴ്ചെലവു വരുത്തിവയ്ക്കുന്ന ആചാരങ്ങളുടെ നിഷ്കാസനമായിരുന്നു അത്തരം പരിഷ്കരണ സംരംഭങ്ങളുടെ ലക്ഷ്യങ്ങൾ. രാമകൃഷ്ണമിഷൻ, ആര്യസമാജം, തിയോസഫിക്കൽ സൊസൈറ്റി തുടങ്ങിയ അഖിലേന്ത്യാസംഘടനകൾക്ക് കേരളത്തിലും ശാഖകൾ ഉണ്ടായെങ്കിലും അവ സമൂഹതലത്തിലെ ചില പ്രത്യേക വിഭാഗങ്ങളിൽ ഒതുങ്ങി നിന്നതുകൊണ്ട് അവയുടെ സ്വാധീനത പരിമിതമായിരുന്നു. മതപരിഷ്കരണ സംരംഭങ്ങൾ ഏറിയ കൂറും കേരളത്തിൽ തന്നെ ഉടലെടുത്തവയാണ്. ചില വ്യക്തികളോ ചില പ്രാദേശിക സംഘടനകളോ ആണ് അവയ്ക്ക് നേതൃത്വം കൊടുത്തത്. ഇന്ത്യൻ നാഷണൽ കോൺഗ്രസ് തുടങ്ങിയ അഖിലേന്ത്യാരാഷ്ട്രീയകക്ഷികളും അവയുടെ പ്രാദേശികഘടകങ്ങളിലൂടെ ആ പ്രസ്ഥാനങ്ങളുടെ വിജയത്തിന് സഹായിച്ചിട്ടുണ്ട്. അത്തരം സംഘടനകളുടെ പ്രാദേശികനേതൃത്വം ആദർശശാലികളായ സമുന്നത വ്യക്തികളിൽ നിക്ഷിപ്തമായിരുന്നു എന്ന വസ്തുതയും ശ്രദ്ധേയമാണ്.

കേരളത്തിലെ സാമൂഹിക പരിഷ്കരണ പ്രവർത്തനങ്ങളിൽ പ്രധാന പങ്ക് വഹിച്ചത് വിവിധ സാമുദായിക സംഘടനകളാണ്. സാമൂഹിക പരിഷ്കരണപ്രസ്ഥാനത്തോടനുബന്ധിച്ച് നടന്ന സമരങ്ങളിൽ പ്രധാനമാണ് അയിത്തോച്ചാടന പ്രക്ഷോഭ സമുദായങ്ങളെ പരിഷ്കരിക്കാൻ നവോത്ഥാനനായകർ ശ്രമിച്ചു. അയ്യാവൈകുണ്ഠസ്വാമികൾ, ശ്രീനാരായണഗുരു, ചട്ടമ്പിസ്വാമികൾ എന്നിവരാണ് എടുത്തു പറയേണ്ട ആശയപ്രചാരകർ. 'ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്' എന്ന ഗുരുവചനം കേരളത്തിലെ ജനങ്ങളിൽ വലിയ സ്വാധീനം ചെലുത്തി. പൗരോഹിത്യത്തിനും അന്ധവിശ്വാസങ്ങൾക്കും ധൂർത്തിനും അയിത്തത്തിനും ചൂഷണത്തിനുമെതിരെയുള്ള ഈ നവോത്ഥാന നായകരുടെ പരിശ്രമങ്ങൾ കേരളത്തിലെ സാമൂഹ്യ സാംസ്കാരിക നവോത്ഥാനത്തിന് തുടക്കമിട്ടു.

### 6.1.1. ചാന്നാർ ലഹള

സവർണ്ണഹിന്ദുസ്ത്രീകളെ പോലെ വസ്ത്രധാരണം ചെയ്യാനുള്ള അവകാശം ചാന്നാർ സ്ത്രീകൾക്കും ലഭിക്കാൻ വേണ്ടി തെക്കൻ തിരുവിതാംകൂറിലെ ചാന്നാർ സമുദായക്കാർ നടത്തിയ സമരം ശ്രദ്ധേയമാണ്. 'മേൽമുണ്ട് സമരം' (ശീലകലാപം) എന്നുമിതിനെ വിശേഷിപ്പിക്കുന്നു. ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ട നാടാർസ്ത്രീകൾക്ക് കുപ്പായം ധരിക്കാനുള്ള അനുവാദം നൽകിക്കൊണ്ടുള്ള ഒരുത്തരവ് കേണൽ മൺറോ നൽകിയിരുന്നു. ഇതേ തുടർന്ന് ഹിന്ദുനാടാർസ്ത്രീകൾ ഹിന്ദുസമുദായത്തിലെ സവർണ്ണസ്ത്രീകളെപ്പോലെ വസ്ത്രം ധരിച്ച് പൊതുരംഗത്ത് പ്രത്യക്ഷപ്പെടുകയും ഉയർന്ന ജാതിക്കാർ ഇവരെ ആക്രമിക്കുകയും ചെയ്തു. ആക്രമണങ്ങളും പ്രത്യാക്രമണങ്ങളും തെക്കൻ തിരുവിതാംകൂറിൽ നിയമ, സമാധാന പ്രശ്നമുണ്ടാക്കിയപ്പോൾ ഗവൺമെന്റിന് പട്ടാളത്തേയും, പോലീസിനേയും അയക്കേണ്ടി വന്നു.

SGOU

1859 ജൂലൈ 26ന് ചാന്നാർസ്ത്രീകൾക്ക് മാറുമറയ്ക്കുന്നതിനുള്ള സ്വാതന്ത്ര്യം നൽകിക്കൊണ്ട് ഗവൺമെന്റ് ഒരു രാജകീയ വിളംബരം പ്രസിദ്ധപ്പെടുത്തി. എന്നാൽ വേഷവിധാനത്തിൽ സവർണ്ണസ്ത്രീകളെ അനുകരിക്കരുതെന്നും വിളംബരത്തിൽ വിലക്കിയിരുന്നു. പിന്നീട് ബ്രിട്ടീഷ് സർക്കാർ ഈ വിലക്ക് പിൻവലിച്ചു.

### 6.1.2 മലയാളിമെമ്മോറിയൽ (1891)

തിരുവിതാംകൂറിന്റെ ഭരണസിരാകേന്ദ്രങ്ങളുടെ സാരഥ്യം പരദേശിബ്രാഹ്മണരിൽ നിക്ഷിപ്തമായിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. സർക്കാർ ജോലി പരദേശിബ്രാഹ്മണർക്ക് മാത്രമായി നിജപ്പെടുത്തിയിരുന്നു. തങ്ങളുടെ അവസരം കവർന്നെടുക്കുന്നുവെന്ന ചിന്ത ഇംഗ്ലീഷ് വിദ്യാഭ്യാസം സിദ്ധിച്ച നായർയുവാക്കളിൽ രൂഢമായിത്തീർന്നു. അതിന്റെ പ്രതിഫലനമായിരുന്നു 'മലയാളി മെമ്മോറിയൽ'. ഉയർന്ന സർക്കാർ ജോലികളിൽ മലയാളിക്ക് വേണ്ടത്ര പ്രാതിനിധ്യം ലഭിക്കുന്നില്ല എന്നതായിരുന്നു മെമ്മോറിയലിന്റെ കാതൽ. രാജാകേശവദാസന്റെ കാലത്തിനു ശേഷം നായർവിഭാഗത്തിൽനിന്നും ആരും തന്നെ ദിവാനായിട്ടില്ല. നായന്മാർ അവഗണിക്കപ്പെടുന്നുവെന്ന തോന്നൽ വിദ്യാഭ്യാസം സിദ്ധിച്ച നായന്മാർക്കിടയിൽ ഉണ്ടായി. അയ്യർ, റാവു, രായർ തുടങ്ങിയ പരദേശികളെയാണ് തിരുവിതാംകൂറിന്റെ ദിവാന്മാരായി വാഴിച്ചത്. പക്ഷേ ഉയർന്നപദവികളിൽ മലയാളികളല്ലാത്തവർ വിരാജിക്കുന്നു. തമിഴാധിപത്യം തിരുവിതാംകൂറിനെ ചൂഴ്ന്നുനിൽക്കുന്നു. ഇതിനെതിരായി പ്രവർത്തിക്കേണ്ടത് തങ്ങളുടെ കടമയായി നായർ സമുദായത്തിൽപ്പെട്ട ചില യുവാക്കൾ കരുതി.

തിരുവനന്തപുരത്തെ വിദ്യാർഥികളുടെ കായികവിനോദത്തിനായി രൂപീകരിച്ച ഒരു സംഘടനയായിരുന്നു മലയാളി സോഷ്യൽ യൂണിയൻ. 1886-ൽ ഈ സംഘടനയെ 'തിരുവിതാംകൂർ മലയാളിസഭ' എന്നു നാമകരണം ചെയ്തു. സി. കൃഷ്ണപിള്ള, സി.വി രാമൻപിള്ള, പി. താണുപ്പിള്ള, കാവാലം നീലകണ്ഠപിള്ള, പി. അയ്യപ്പൻപിള്ള, അച്യുതൻപിള്ള, കുമാരമംഗലത്ത് നീലകണ്ഠൻ നമ്പൂതിരിപ്പാട് എന്നിവരുടെ നേതൃത്വത്തിൽ സഭ പ്രവർത്തിച്ചു പോന്നു. വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് നൽകുക ഹോസ്റ്റൽ സൗകര്യം കൊടുക്കുക, സ്ത്രീ വിദ്യാഭ്യാസത്തിന് പ്രോത്സാഹനം കൊടുക്കുക, തുടങ്ങിയ സേവനങ്ങൾ സംഘടന ഏറ്റെടുത്തു ചെയ്തുപോന്നു. യാതൊരുവിധത്തിലുള്ള സമരമുറകളും സംഘടനയുടെ മാർഗമല്ലായിരുന്നു. കണ്ടത്തിൽ വർഗീസുമാപ്പിള, ബാരിസ്റ്റർ ജി. പി. പിള്ള തുടങ്ങിയ പ്രമുഖരുടെ നേതൃത്വത്തിൽ കോട്ടയം പബ്ലിക് ലൈബ്രറിയിൽ കൂടിയ യോഗത്തിലാണ് മലയാളിയുടെ ഉദ്യോഗപ്രശ്നം രാജശ്രദ്ധയിൽപ്പെടുത്തുവാൻ മെമ്മോറിയൽ കൊടുക്കണമെന്ന് തീരുമാനിച്ചത്. 1891 – ജനുവരി 11ന് പതിനായിരത്തിമുപ്പത്തേഴുപേർ ഒപ്പിട്ട ഒരു നിവേദനം ശ്രീമൂലംതിരുനാളിന് സമർപ്പിച്ചു. കെ.പി. ശങ്കരമേനോൻ ആദ്യ ഒപ്പുകാരനായിരുന്നു. പ്രതിമാസം പത്തുരൂപ ശമ്പളമുള്ള ജോലിയിൽ മലയാളികൾ പരദേശികളെക്കാൾ പകുതിസ്ഥാനങ്ങളിലേയുള്ളൂവെന്ന് മെമ്മോറിയൽ രാജാവിനെ കണക്കുസഹിതം ബോധിപ്പിച്ചു. ഉള്ളപകുതിയിൽ ഒരാളുപോലും ഈഴവരിൽ താഴോട്ടുള്ള ജനങ്ങളിലുണ്ടായിരുന്നില്ല.

മലയാളി മെമ്മോറിയൽ എന്ന പേരിലെ മലയാളിയെന്ന പദംകൊണ്ട് സൂചിപ്പിച്ചത് അവർണ്ണരല്ലാത്ത മലയാളിയെയായിരുന്നുവെന്ന ശങ്കതോന്നും വിധമാണ് ആവലാതിക്കാർ രാജസമക്ഷം നിവേദനം സമർപ്പിച്ചത്. ഡോക്ടർ പൽപ്പു മൂന്നാം പേരായി ഒപ്പിട്ടിരുന്നുവെന്നുമാത്രമല്ല, നൂറുരൂപ ചെലവുകൾക്കായി സംഭാവനയും ചെയ്തിരുന്നു. അതൊഴിച്ചാൽ മറ്റൊരു പ്രയോജനവും ഈഴവരാദി അവർണ്ണജനതയ്ക്ക് മെമ്മോറിയലുകൊണ്ട് ലഭിച്ചില്ല. അതുകൊണ്ടാണ് മറ്റൊരു മെമ്മോറിയലുകൂടി രാജസമക്ഷം എത്തിച്ചേർന്നത്.

### 6.1.3 ഈഴവമെമ്മോറിയൽ

മലയാളിമെമ്മോറിയലിൽ നിന്ന് 'പുറവഴി'യിലായിപ്പോയ ഈഴവർ, ഡോക്ടർ പൽപ്പുവിന്റെ നേതൃത്വത്തിൽ 1896 സെപ്റ്റംബർ 3-ന് രാജാവിന് നൽകിയ മെമ്മോറാണ്ടമാണ് ഈഴവമെമ്മോറിയൽ എന്നറിയപ്പെടുന്നത്. ഈ ഭീമഹർജിയിൽ 13176 പേർ ഒപ്പിട്ടിരുന്നു. പലവിധ വിലക്കുകളാൽ അസ്വാതന്ത്രരായ തങ്ങൾക്കും തിരുവിതാംകൂറിൽ ജോലിയും, വിദ്യാഭ്യാസംചെയ്യുന്നതിനുള്ള

SGOU

അവകാശവും വേണമെന്ന് അവകാശമുന്നയിച്ചു. തിരുവിതാംകൂറിൽ മെഡിക്കൽ വിദ്യാഭ്യാസം ചെയ്യാനോ, മെഡിക്കൽ ഉദ്യോഗം വഹിക്കാനോ അനുവാദം ലഭിക്കാതിരുന്ന ഡോക്ടർ പൽപ്പുവായിരുന്നു മെമ്മോറിയലിന് നേതൃത്വം കൊടുത്തത്. യാതൊരുവിധ പ്രയോജനവും ഈഴവമെമ്മോറിയൽകൊണ്ട് ഉണ്ടായതുമില്ല. ഈഴവമെമ്മോറിയൽ കൂടാതെ മറ്റൊരു പത്രികയും കഴ്സൺ പ്രഭുവിന് ഈഴവർ നൽകിയിരുന്നു. നാട്ടുരാജ്യങ്ങളുടെ ഇത്തരം ചെറിയ കാര്യങ്ങളിൽ ഇടപെടില്ലെന്ന ഉത്തരമാണ് വൈസ്രോയിയിൽ നിന്നും ലഭിച്ചത്. ഇത്തരത്തിലുള്ള തിരസ്കാരങ്ങളാണ് ഡോക്ടർ പൽപ്പുവിനെ ശ്രീനാരായണഗുരുവിലേക്ക് അടുപ്പിച്ചത്. ഗുരുവിന്റെ നാമധേയത്തിൽ സംഘടന രൂപീകരിച്ച് അവശവിഭാഗങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം തേടുകയും നേടുകയും ചെയ്തു എന്നതാണ് പില്കാല ചരിത്രം.

### 6.1.4.വൈക്കം സത്യാഗ്രഹം-1924

വൈക്കം ക്ഷേത്രവുമായി ബന്ധപ്പെട്ട അധഃസ്ഥിതന്റെ അവകാശപ്പോരാട്ടചരിത്രമെടുത്താൽ വൈക്കം സത്യാഗ്രഹമെന്നത് അവർണ്ണവിഭാഗത്തിന്റെ നൂറ്റിഇരുപത്തഞ്ചു കൊല്ലത്തെ പുറകോട്ടുള്ള നടപ്പാണ്. എന്നു മാത്രമല്ല, ഉന്നയിച്ച അവകാശവാദത്തിന്റെ തീവ്രതകുറഞ്ഞ യജ്ഞവുംകൂടിയായിരുന്നു വൈക്കം സത്യഗ്രഹം എന്നുപറയേണ്ടിവരും. വൈക്കംസത്യാഗ്രഹത്തിന് ബീജാപാവം ചെയ്തത് ദേശാഭിമാനി ടി. കെ മാധവനായിരുന്നു. അഖിലേന്ത്യാതലത്തിൽ ശ്രദ്ധിക്കപ്പെടാനിടയായ ഒരു പ്രക്ഷോഭമായി വൈക്കം സത്യാഗ്രഹത്തെ പരിണമിപ്പിച്ചത് അദ്ദേഹമായിരുന്നു. 'അയിത്വം' ആയിരുന്നല്ലോ എല്ലാ പ്രക്ഷോഭങ്ങളുടെയും മൂലകാരണം. ആര്? ആർക്ക്? അയിത്തം എന്നൊക്കെ തത്ത്വകഥനം നടത്താമെങ്കിലും എന്നും അയിത്തക്കാരായിരുന്നവരെ തന്നെയായിരുന്നു സത്യാഗ്രഹകാലത്തും പൊതുവഴിയിൽനിന്നും മാറ്റിനിർത്തിയിരുന്നത്.

അയിത്തോച്ചാടനം കോൺഗ്രസ്സിന്റെ കർമ്മപരിപാടികളിൽ ഒന്നായി സ്വീകരിച്ചത് കാക്കിനാഡയിൽ വച്ചു നടന്ന കോൺഗ്രസ് സമ്മേളനത്തിലാണ്. ടി.കെ. മാധവനാണ് അയിത്തം കോൺഗ്രസ്സ് നേതാക്കളുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നത്. ഒരുപക്ഷേ ടി.കെ. മാധവന്റെ സ്വന്തം അനുഭവമാകാം അയിത്തത്തിനും വഴിവിലക്കിനുമെതിരെ പോരാടാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത് ഒരിക്കൽ കായംകുളം ചന്തയിലൂടെ ചെരിപ്പിട്ടുകൊണ്ട് അദ്ദേഹം നടന്നുപോയപ്പോൾ ജാതിപ്പേരുപറഞ്ഞു ആക്ഷേപിക്കുകയും ചെരിപ്പൂരിച്ചു നടത്തുകയും ചെയ്ത ഒരു ബാല്യകാല അനുഭവം അദ്ദേഹത്തിന് ഉണ്ടായിട്ടുണ്ട്. ഇത്തരം തിക്താനുഭവങ്ങളാണ് അവർണ്ണജാതിക്കാർ പൊതുവഴിയിൽ നേരിടേണ്ടി വന്നത്. തിരുവിതാംകൂറിൽ സ്വാതന്ത്ര്യസമരത്തിൽ ഭാഗഭാക്കായവരോ കോൺഗ്രസുകാരോ അധികമില്ലായിരുന്നു. വിശേഷിച്ച് അവർണ്ണരുടെയിടയിൽ. ബ്രിട്ടീഷുകാരോടല്ല, പൊന്നുതമ്പുരാന്റെ പാർശ്വവർത്തികളോടായിരുന്നു അവർണ്ണർ പ്രക്ഷോഭം നടത്തിയിരുന്നത്. കോൺഗ്രസ്സുകാർ അയിത്തോച്ചാടനം കർമ്മപരിപാടിയായി ഏറ്റെടുത്തപ്പോഴാണ് ടി.കെ. മാധവൻ, കേളപ്പൻ, കെ. പി. കേശവമേനോൻ, എ.കെ. പിള്ള തുടങ്ങിയവരുടെ നേതൃത്വത്തിൽ സത്യാഗ്രഹപരിപാടികൾ ആരംഭിച്ചത്.

കോട്ടയം പേഷ്ക്കാരായിരുന്ന കെ.പി. ശങ്കരമേനോൻ 1905-ൽ, അധഃകൃതർ ക്ഷേത്രത്തിനു മുന്നിലുള്ള റോഡുവഴി യാത്രചെയുന്നത് നിരോധിച്ചുകൊണ്ട് ഒരു തീണ്ടൽപലക റോഡിൽ സ്ഥാപിച്ചു. മലയാളി മെമ്മോറിയലിലെ ഒന്നാം പേരുകാരൻ ഇതിനിടയിൽ പേഷ്ക്കാരായി ത്തീർന്നു എന്നോർക്കണം. സത്യാഗ്രഹത്തിനും പത്തൊമ്പതുകൊല്ലം മുൻപുമുതൽ ആ ബോർഡ് അവിടെയുണ്ടായിരുന്നു. അന്ന് കോൺഗ്രസ് തിരുവിതാംകൂറിലെന്നല്ല വടക്കൻകേരളത്തിൽ പോലും ഒരു ശക്തിയായിരുന്നില്ല. 1924 ഫെബ്രുവരി 29-ന് കെ.പി. കേശവമേനോൻ അയിത്തോച്ചാടനക്കമ്മിറ്റിയെ പ്രതിനിധാനം ചെയ്തു കൊണ്ട് വൈക്കത്ത് എത്തിച്ചേർന്നു. അദ്ദേഹം അന്ന് വൈക്കത്തു നടന്ന സാധുജനപരിപാലന സംഘത്തിന്റെ യോഗത്തിലും പങ്കെടുത്തിരുന്നു. യോഗത്തിൽ വച്ച് തീണ്ടലിനെക്കുറിച്ചും അയിത്തത്തെക്കുറിച്ചും തീണ്ടൽപ്പലകയെക്കുറിച്ചുമൊക്കെ

SGOU

പ്രസംഗമധ്യേ പറഞ്ഞ കൂട്ടത്തിൽ നിരോധിത വഴിയിലൂടെ അവർണ്ണൻ നടക്കുമെന്ന് പ്രഖ്യാപനം ചെയ്തു. പക്ഷേ ക്ഷേത്രാധികാരികളുമായി ചർച്ചചെയ്തു പ്രശ്നം പരിഹരിക്കാമെന്നും പ്രത്യക്ഷസമരം വേണ്ടന്നും കോൺഗ്രസ് തീർച്ചയാക്കി. ചർച്ച ഫലം കണ്ടില്ല.

1924 - മാർച്ച് 30-ന് സത്യാഗ്രഹപരിപാടികൾ ആരംഭിച്ചു. ഗാന്ധിജിയുടെ നിർദ്ദേശമനുസരിച്ച് ഏപ്രിൽ ഒന്നിന് സത്യാഗ്രഹം താല്കാലികമായി നിർത്തിവച്ചു. ഏപ്രിൽ ഏഴിന് വീണ്ടും തുടങ്ങി. നേതാക്കളായ എ.കെ. പിള്ള, വേലായുധ മേനോൻ, കേളപ്പൻ എന്നിവരെ അറസ്റ്റുചെയ്തു. സത്യാഗ്രഹികളായ കുഞ്ഞാപ്പി, ബാഹുലേയൻ, ഗോവിന്ദപ്പണിക്കർ എന്നിവരെയും അറസ്റ്റുചെയ്തു. ആറുമാസം തടവിനു ശിക്ഷിച്ചു. അവരെക്കൂടാതെ, ടി.വി. ചാത്തുക്കുട്ടിനായർ, കൃഷ്ണൻ, പാച്ചൻ, നാരായണൻ എന്നിവർ മൂന്നുദിവസം തുടർച്ചയായി സത്യാഗ്രഹത്തിൽ ഏർപ്പെട്ടു. ഏപ്രിൽ 11-ന് ബാരിസ്റ്റർ ജോർജ് ജോസഫ് സത്യാഗ്രഹത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. ശ്രീനാരായണഗുരു സത്യാഗ്രഹപ്പന്തൽ സന്ദർശിച്ച് സംഭാവനയും അഭിനന്ദനവചസ്സുകളും നൽകി. തമിഴ്നാട്ടിൽ നിന്നും ഇ. വി. രാമസ്വാമിനായ്ക്കരും വന്നിരുന്നു. സത്യാഗ്രഹപ്പന്തലെന്നതിനുപരി അതൊരു ആശ്രമമായി മാറി. ഖാദിവസ്ത്രം നെയ്ത്തും ഹിന്ദിപഠനവും സത്യാഗ്രഹികൾ നടത്തിക്കൊണ്ടിരുന്നു. 1924-ലെ വെള്ളപ്പൊക്കകാലത്താണ് (തൊണ്ണൂറ്റൊമ്പതിലെ വെള്ളപ്പൊക്കം) വൈക്കം സത്യാഗ്രഹം നടന്നു കൊണ്ടിരുന്നത്. 1924 നവംബർ 1 ന് മഹാറാണിയെ കാണാൻ മന്നത്തുപത്മനാഭന്റെ നേതൃത്വത്തിൽ സവർണ്ണർ ജാഥയായി തിരുവനന്തപുരത്തേക്ക് തിരിച്ചു. ഇരുപത്തയ്യായിരം സവർണ്ണർ ഒപ്പിട്ട നിവേദനം റാണിക്ക് സമർപ്പിച്ചു. നിവേദനം നിയമസഭയ്ക്ക് വിട്ടുകൊണ്ട് റാണി തന്റെ ചുമതലയിൽ നിന്നും ഒഴിഞ്ഞു. സത്യഗ്രഹം തുടർന്നു. സത്യാഗ്രഹികൾക്ക് മർദ്ദനവും ശാരീരികപീഡകളും ഏൽക്കേണ്ടിവന്നു. സത്യാഗ്രഹികളെ ചുണ്ണാമ്പുകൊണ്ട് കണ്ണെഴുതിച്ചു. രാമൻഇളയത് എന്ന സത്യാഗ്രഹിയുടെ കണ്ണിന് കാഴ്ച നഷ്ടപ്പെട്ടു. ബഹുജന പങ്കാളിത്തത്തോടെയായിരുന്നു സത്യാഗ്രഹത്തിനുള്ള ധനം ശേഖരിച്ചിരുന്നത്.

നിയമസഭയുടെ ചർച്ചയ്ക്ക് വച്ച നിവേദനം ഒരുവോട്ടിന് തള്ളപ്പെട്ടു. ഏകദേശം ഒരു കൊല്ലം പിന്നിട്ടപ്പോൾ 1925 -മാർച്ച് ഒൻപതിന് ഗാന്ധിജി സത്യാഗ്രഹാശ്രമം സന്ദർശിച്ചു. ഇണ്ടംതുരുത്തി മനയിലെ നമ്പൂതിരിയുമായി ഗാന്ധിജി ആചാര പരിഷ്കരണ ചർച്ചയിലേർപ്പെട്ടു. ഗാന്ധിജിയെ മനയുടെ മുൻവശത്തൊരുക്കിയ പടിപ്പുരയിലാണ് ചർച്ചയ്ക്കിരുത്തിയത്. കാരണം ഗാന്ധിജി വൈശ്യനായിരുന്നല്ലോ. മാർച്ച് 12-ന് ഗാന്ധിജി ശിവഗിരിയിൽ വച്ച് ശ്രീനാരായണഗുരുവുമായി കണ്ടുമുട്ടി. മാർച്ച് 13-ന് അമ്മമഹാറാണിയെയും കണ്ട് വഴിനടക്കാനുള്ള അവകാശം അധഃകൃതർക്കു നൽകണമെന്നപേക്ഷിച്ചു. വഴിനടക്കാൻ അനുവാദം തന്നാൽ ഭാവിയിൽ ക്ഷേത്രപ്രവേശനം വേണമെന്ന് ആവശ്യപ്പെടരുതെന്ന് റാണിയും നിർദ്ദേശിച്ചു. ഒടുവിൽ അന്യമതസ്ഥർക്ക് സഞ്ചരിക്കാവുന്ന റോഡുകൾ അവണ്ണർക്കായി തുറന്നുകൊടുത്തു. സവർണ്ണർമാത്രം സഞ്ചരിക്കുന്ന റോഡുകളിൽ അവണ്ണർ പ്രവേശിച്ചുകൂടാ എന്നും തീരുമാനമായി. ഒത്തുതീർപ്പ് സംഭാഷണങ്ങളിൽ നിന്നും ടി.കെ. മാധവനെയും, പെരിയോരെയും മാറ്റി നിർത്തിയിരുന്നു. അയ്യൻകാളിയെ സമരസമിതിയിലേക്ക് ക്ഷണിക്കുകപോലും ചെയ്തിരുന്നില്ല. 1925 ജൂൺ 26-ന് ക്ഷേത്രത്തിന് തെക്കും, വടക്കും പടിഞ്ഞാറുമുള്ള റോഡുകളിൽ അവർണ്ണർക്ക് പ്രവേശനാനുമതി ലഭിച്ചു. വൈക്കം സത്യാഗ്രഹം പ്രത്യക്ഷത്തിൽ പൂർണ്ണവിജയമായിരുന്നില്ല. എങ്കിലും ചരിത്രത്തിലെ മായാത്ത അടയാളമായി വൈക്കം സത്യാഗ്രഹം നിലകൊണ്ടു.

### 6.1.5. ഗുരുവായൂർ സത്യാഗ്രഹം

അയിത്തത്തിനെതിരായി നടന്ന വലിയ സമരമായിരുന്നു ഗുരുവായൂർ സത്യാഗ്രഹം. ഗുരുവായൂർ ക്ഷേത്രം എല്ലാ ഹിന്ദുക്കൾക്കും തുറന്നു കൊടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേരള പ്രദേശ്കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ 1931 നവംബർ 1-ാം തീയതി സത്യാഗ്രഹം ആരംഭിച്ചു. സത്യാഗ്രഹത്തിന്റെ നേതാവ് കെ. കേളപ്പനും ക്യാപ്റ്റൻ എ.കെ. ഗോപാലനും ആയിരുന്നു. സത്യാഗ്രഹം ഭാരതശ്രദ്ധ ആകർഷിച്ചു. ഇന്ത്യയുടെ എല്ലാ ഭാഗത്തുനിന്നും രാഷ്ട്രീയ പ്രവർത്തകർ സത്യാഗ്രഹികളെ സഹായിക്കാൻ

SGOU

ഗുരുവായൂരെത്തി. ക്ഷേത്രത്തിന്റെ ട്രസ്റ്റിയായിരുന്ന സാമൂതിരി ക്ഷേത്രപ്രവേശനത്തിനെതിരായി വിട്ടുവീഴ്ചയില്ലാത്ത നിലപാടാണു സ്വീകരിച്ചത്. സത്യാഗ്രഹത്തിന്റെ എതിരാളികൾ ഡിസംബർ 26-ാം തീയതി എ.കെ. ഗോപാലന്റെ മേൽ നടത്തിയ കൈയ്യേറ്റം ജനങ്ങളെ പ്രകോപിപ്പിക്കുകയും അവർ ബലം പ്രയോഗിച്ച് ക്ഷേത്രത്തിൽ കടക്കാൻ ഒരുമ്പെടുകയും ചെയ്തു. ക്ഷേത്രം ഒരു മാസത്തോളം പൂജകളെല്ലാം നിർത്തി അടച്ചിട്ടു. സത്യാഗ്രഹം 10 മാസം പിന്നിട്ടപ്പോൾ കെ. കേളപ്പൻ 1932 സെപ്തംബർ 22 നു ക്ഷേത്രത്തിന്റെ മുമ്പിൽ അനിശ്ചിതകാലത്തേക്ക് നിരാഹാരം തുടങ്ങി. 1932 ഒക്ടോബർ 2 നു ഗാന്ധിജിയുടെ ഉപദേശപ്രകാരം അദ്ദേഹം ഉപവാസം അവസാനിപ്പിച്ചു. ക്ഷേത്രപ്രവേശനത്തെക്കുറിച്ച് പൊതുജനങ്ങളുടെ അഭിപ്രായമറിയാൻ പൊന്നാനി താലൂക്കിലെ ഹിന്ദുക്കൾക്കിടയിൽ കോൺഗ്രസ്സ് ഒരു ജനഹിത പരിശോധന നടത്തുകയും അതിൽ ഏഴുപതുശതമാനം പേർ ഹരിജനങ്ങൾക്കു ക്ഷേത്രപ്രവേശനം അനുവദിക്കുന്നതിനെ അനുകൂലിക്കുകയും ചെയ്തു. ഇങ്ങനെ അടിയന്തിരമായ ലക്ഷ്യം നേടുന്നതിൽ ഗുരുവായൂർ സത്യാഗ്രഹം പരാജയപ്പെട്ടെങ്കിലും അയിത്തോച്ചാടനത്തിനനുകൂലമായ ഒരു കാലാവസ്ഥ സൃഷ്ടിക്കുന്നതിനു സഹായകമായി.

### 6.1.6. ക്ഷേത്രപ്രവേശന വിളംബരം

തിരുവിതാംകൂർ ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള എല്ലാ ക്ഷേത്രങ്ങളിലും ജനനത്താലോ മതവിശ്വാസത്താലോ ഹിന്ദുവായ ഏതൊരാൾക്കും പ്രവേശനം അനുവദിച്ചുകൊണ്ട് ശ്രീചിത്തിര തിരുനാൾ ബാലരാമവർമ്മ മഹാരാജാവ് 1936 നവംബർ പന്ത്രണ്ടാം തീയതി പുറപ്പെടുവിച്ച ചരിത്രപ്രസിദ്ധമായ വിളംബരമാണ് ക്ഷേത്രപ്രവേശന വിളംബരം.

ശ്രീനാരായണഗുരുവുൾപ്പെടെയുള്ള നവോത്ഥാനനായകന്മാരുടെ നേതൃത്വത്തിൽ അധഃസ്ഥിതരായിട്ടുള്ളവരുടെ സാമൂഹ്യനീതിക്കു വേണ്ടി വൈക്കം സത്യഗ്രഹം, ഗുരുവായൂർ സത്യഗ്രഹം തുടങ്ങിയ അനേകം സമരങ്ങൾ ഉണ്ടായിട്ടുണ്ട്. ആ സമരങ്ങളുടെ എല്ലാം അനന്തരഫലമായിരുന്നു ക്ഷേത്രപ്രവേശന വിളംബരം. ഹിന്ദുമതത്തിൽ ഉൾപ്പെട്ടിട്ടുള്ള അവർണ്ണജാതിക്കാർക്ക് ക്ഷേത്രപ്രവേശനം അനുവദനീയമാണോ എന്നു പരിശോധിക്കുവാൻ ഹിന്ദുമതത്തിന്റെ ആചാരപദ്ധതികൾ ഉൾക്കൊള്ളുന്ന ആധികാരിക ഗ്രന്ഥങ്ങൾ പരിശോധിച്ച് അഭിപ്രായം സ്വരൂപിക്കുന്നതിന് വേണ്ടി ശ്രീചിത്തിരതിരുന്നാൾ മഹാരാജാവ് 1932 - ൽ ഒരു വിദഗ്ധസമിതിയെ നിയമിച്ചു. അതിനുശേഷം 1934 -ൽ, തിരുവിതാംകൂറിലെ എല്ലാ പൊതുവഴികളും വഴിക്കിണറുകളും സത്രങ്ങളും സകലജനങ്ങൾക്കും ഉപയോഗാർഹമാക്കിക്കൊണ്ട് അദ്ദേഹം ഉത്തരവിട്ടു. 1936 നവംബറിൽ ഗാന്ധിജിയുടെ നിർദ്ദേശമനുസരിച്ച് 50522 സവർണ ഹിന്ദുക്കൾ ഒപ്പിട്ട ഒരു നിവേദനം മഹാരാജാവിന് സമർപ്പിച്ചു. വിദഗ്ധസമിതിയുടെ നിർദ്ദേശങ്ങളും സവർണ്ണ ഹിന്ദുക്കളുടെ അനുകൂലമായ നിലപാടും ബോധ്യപ്പെട്ടതോടുകൂടി ചിത്തിരതിരുനാൾ മഹാരാജാവ് ക്ഷേത്രപ്രവേശന വിളംബരം പുറപ്പെടുവിച്ചു.

ഇന്ത്യയിലെ ഏറ്റവും വലിയ സംഭവമായിരുന്നു ക്ഷേത്രപ്രവേശന വിളംബരം. പുരോഗമനപരമായ ഇതുപോലൊരു നടപടി ഇന്ത്യയിലെ ഒരു രാജാക്കന്മാരും കൈക്കൊണ്ടിട്ടില്ല. ഇന്ത്യയുടെ ചരിത്രത്തിലെ അവിസ്മരണീയമായ ഒരു സംഭവമായിട്ടാണ് ചരിത്രകാരന്മാർ ക്ഷേത്രപ്രവേശന വിളംബരത്തെ വിലയിരുത്തുന്നത്. 'ജനങ്ങളുടെ ആധ്യാത്മിക വിമോചനത്തിന്റെ ആധികാരിക രേഖ' എന്ന് ഗാന്ധിജി ഈ വിളംബരത്തെ വിശേഷിപ്പിച്ചു. 'ഹരിജനങ്ങൾക്ക് ക്ഷേത്രപ്രവേശനമനുവദിച്ചിടത്തേക്ക് ഒരു തീർഥയാത്ര'എന്നു പറഞ്ഞുകൊണ്ടാണ് ആ പ്രാവശ്യം അദ്ദേഹം തിരുവതാംകൂർ സന്ദർശിച്ചത്. തിരുവിതാംകൂറിലെ രാജാവ് നടത്തിയ ഈ ഉത്തമമാതൃക ഭാരതത്തിലെ മറ്റു ഹിന്ദുരാജാക്കന്മാരും അനുകരിക്കണമെന്നാണ് ഗാന്ധിജി അനുമോദനപ്രസംഗത്തിൽ ആഹ്വാനം ചെയ്തത്. 'ഇന്ത്യയിൽ നവയുഗത്തിന്റെ ഉദ്ഘാടനമായിരുന്നു ആ പ്രഖ്യാപനം' എന്ന് സർദാർ വല്ലഭായിപട്ടേൽ അഭിപ്രായപ്പെട്ടു. ഇന്ത്യയിലാകമാനം തിരുവിതാംകൂർ രാജാവിനെ പ്രശംസിച്ചു കൊണ്ടുള്ള അനുമോദനയോഗങ്ങളും അക്കാലത്ത് നടന്നു. ആന്ധ്ര ബനാറസ് യൂണിവേഴ്സിറ്റികൾ രാജാവിന് ബഹുമതി ബിരുദങ്ങൾ നൽകുകയും ചെയ്തു. ആദരസൂചകമായി പലയിടത്തും ചിത്തിര തിരു

SGOU

നാൾ മഹാരാജാവിന് സ്മാരകങ്ങളും ഉണ്ടായി. അന്നുവരെഅധഃസ്ഥിതരായികഴിഞ്ഞിരുന്നഅവർണ്ണ ജനവിഭാഗത്തിന് ആത്മാഭിമാനവും ആത്മവിശ്വാസവും ഉണ്ടാകുന്ന ഒരു പ്രഖ്യാപനമായിരുന്നു ക്ഷേത്രപ്രവേശന വിളംബരം, തിരുവിതാംകൂറിലെ ഹിന്ദുക്കൾക്ക് പൊതുവേ ഈ പ്രഖ്യാപനം ഉത്സാഹം പകർന്നു. തിരുവിതാംകൂറിലെ ഹിന്ദുക്കൾക്കുണ്ടായ ഈ നേട്ടം 10 വർഷം കഴിഞ്ഞു മാത്രമേ കൊച്ചിയിലെ ജനങ്ങൾക്കുണ്ടായുള്ളൂ. അവിടെ ക്ഷേത്രപ്രവേശനം വിളംബരം ഉണ്ടായത് 1947 ഡിസംബർ 20-നാണ്. പിന്നീട് മദ്രാസ് സർക്കാർ 1947 ജൂൺ 12 -ന് ഗുരുവായൂർ ക്ഷേത്രം ഉൾപ്പെടെ മലബാറിലെ എല്ലാ പൊതുക്ഷേത്രങ്ങളിലും ഹിന്ദുക്കൾക്ക് പ്രവേശനം അനുവദിച്ചുകൊണ്ട് പ്രഖ്യാപനം നടത്തി.

### 6.1.7. ക്ഷേത്രപ്രവേശന വിളംബരം പൂർണ്ണരൂപം

'ശ്രീപത്മനാഭദാസ വഞ്ചിപാല, സർ രാമവർമ്മ കുലശേഖര കിരീടപതി മന്നേ സുൽത്താൻ മഹാരാജ രാജ രാമരാജ ബഹദൂർ ഷംഷെർ ജംഗ് നൈറ്റ് ഗ്രാൻഡ് കമാൻഡർ ഓഫ് ദി മോസ്റ്റ് എമിനന്റ് ആർഡർ ഓഫ് ദി ഇന്ത്യൻ എംബയർ ,തിരുവിതാംകൂർ മഹാരാജാവ് തിരുമനസ്സുകൊണ്ട് 1936 നവംബർ 12 തീയതിക്ക് ശരിയായ 1112 തുലാം 27ന് പ്രസിദ്ധപ്പെടുത്തിയ വിളംബരം' നമ്മുടെ മതത്തിന്റെയും പരമാർഥതയും സുപ്രമാണതയും ഗാഢമായി ബോധ്യപ്പെട്ടും, ആയത് ദൈവീകമായ അനുശാസനത്തിലും സർവ്വവ്യാപകമായ സഹിഷ്ണുതയിലുമാണ് അടിയുറച്ചിരിക്കുന്നതെന്നു വിശ്വസിച്ചും, അതിന്റെ പ്രവർത്തനത്തിൽ അത് ശതവർഷങ്ങളായി കാലപരിവർത്തനത്തിന് അനുയോജിച്ചുപോന്നുവെന്നു ധരിച്ചും, നമ്മുടെ ഹിന്ദുപ്രജകളിൽ ആർക്കും തന്നെ അവരുടെ ജനനമോ ജാതിയോ സമുദായമോ കാരണം ഹിന്ദുമതവിശ്വാസത്തിന്റെ ശാന്തിയും സാന്ത്വനവും നിഷേധിക്കപ്പെടാൻ പാടില്ലെന്നുള്ള ഉത്കണ്ഠയാലും നാം തീരുമാനിക്കുകയും ഇതിനാൽ പ്രഖ്യാപനം ചെയ്യുകയും നിയോഗിക്കുകയും, ആജ്ഞാപിക്കുകയും ചെയ്യുന്നതെന്തെന്നാൽ, സമുചിതമായ പരിതഃസ്ഥിതികൾ പരിരക്ഷിക്കുന്നതിനും ക്രിയാപദ്ധതികളും ആചാരങ്ങളും വെച്ച് നടത്തുന്നതിനും നാം നിശ്ചയിക്കുകയും ചുമത്തുകയും ചെയ്യാവുന്ന നിയമങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി ജനനാലോ മതത്താലോ ഹിന്ദുവായ യാതൊരാൾക്കും നമ്മുടെയും നമ്മുടെ ഗവൺമെന്റിന്റെയും നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങളിൽ പ്രവേശിക്കുന്നതിനോ ആരാധിക്കുന്നതിനോ ഇനിമേൽ യാതൊരു നിരോധനവും ഉണ്ടായിരിക്കുവാൻ പാടില്ലെന്നാകുന്നു'

## 6.2. കർഷകപ്രസ്ഥാനങ്ങൾ

കേരളത്തിലെ നാടുവാഴിത്ത - ഫ്യൂഡൽ ഭരണകൂടത്തിന്റെ ഇരകളായിരുന്നു കർഷകർ. കൊച്ചിയിലും തിരുവിതാംകൂറിലും മലബാറിലും വ്യത്യസ്തങ്ങളായ പേരുകളിൽ കുടിയായ്മകൾ നിലനിന്നു പോന്നതായി കാണാം. അടിമസമ്പ്രദായമുള്ള ഉത്തരകേരളത്തിലും കൊച്ചിയിലും മലബാറിലും വാരം, വെറുംപാട്ടം, കാണം, കുഴിക്കാണം, ഒറ്റിവാരം, പാതിവാരം, കാരാണ്മ, കുടികിടപ്പ് തുടങ്ങിയ പല സമ്പ്രദായങ്ങളും നിലനിന്നിരുന്നതായും കാണാം. ജന്മിമാർ, മാടമ്പികൾ, വാഴുന്നവർ, യജമാനൻ, തമ്പ്രാക്കൾ, ഉടയോർ, ഊരാളന്മാർ തുടങ്ങിയ പല പേരുകളിലാണ് പാട്ടം വാങ്ങുന്ന ഭൂപ്രഭുക്കൾ അറിയപ്പെട്ടിരുന്നത്. ഇതു കൂടാതെ ആറടിയന്തിരങ്ങൾ തിരുമുൽക്കാഴ്ച, അഷ്ടമിവാരം, കാലിപ്പണം, പൊലി, ശീലക്കാൾ, വാശി, നൂരി, കല്യാണവരി, കഥകളിപ്പണം. മുക്കാൽ എന്നിങ്ങനെയുള്ള പിരിവുകൾ വേറെയും കുടിയാന്മാർ നൽകേണ്ടതായുണ്ട്. നാടുവാഴിത്തചൂഷണത്തിനെതിരെ സംഘടിച്ചു നിന്ന് ചെറുതായിട്ടെങ്കിലും പൊരുതിയ ചരിത്രം കർഷകർക്കുണ്ട്. പാട്ടപ്രശ്നത്തിനും കാർഷികോൽപന്നങ്ങളുടെ വില വർധിപ്പിച്ചു ലഭിക്കാനും പ്രക്ഷോഭങ്ങൾ നടന്നിട്ടുണ്ട്. ഈ പ്രക്ഷോഭങ്ങൾ ഒരു പ്രസ്ഥാനതലത്തിലേക്ക് പോകുന്നത് കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയുടെ ശ്രമഫലമായാണ്. ഉത്തരകേരളത്തിൽ ശക്തിപ്രാപിച്ച് ക്രമേണ കൊച്ചിയിലേക്കും തിരുവിതാംകൂറിലേക്കും വ്യാപിക്കുകയായിരുന്നു കർഷകസംഘമെന്ന പേരിൽ അറിയപ്പെട്ട ഈ പ്രസ്ഥാനം.

സംഘടിതമായ കർഷകപ്രസ്ഥാനം രൂപം കൊണ്ടത് 1935-ൽ ആയിരുന്നു. 1935 ജൂലൈ

SGOU

യിൽ വി.എം. വിഷ്ണുഭാരതീയൻ പ്രസിഡന്റും കെ.എ. കേരളീയൻ സെക്രട്ടറിയുമായി കൊളച്ചേരി കർഷകസംഘം രൂപീകരിക്കപ്പെട്ടു. 1935 അവസാനത്തിൽ എ.വി. കുഞ്ഞമ്പു പ്രസിഡന്റായി കരിവെള്ളൂർ, പെരളം പ്രദേശങ്ങളിൽ ഒരു സംയുക്ത കർഷകസംഘം രൂപീകരിക്കപ്പെട്ടു. കേരളീയൻ, ടി.സി. നാരായണൻ നമ്പ്യാർ, അപ്പുമാസ്റ്റർ, വിഷ്ണുഭാരതീയൻ തുടങ്ങിയവരായിരുന്നു ഈ സംഘങ്ങളുടെ നേതാക്കൾ. ഈ പുതിയ പ്രസ്ഥാനത്തിന്റെ അലയൊലികൾ അതിവേഗത്തിൽ മറ്റു ഗ്രാമങ്ങളിലേക്കും മറ്റു താലൂക്കുകളിലേക്കും വ്യാപിച്ചു. 1936 നവംബറിൽ പറശ്ശിനിക്കടവിൽ വച്ചുചേർന്ന ഒന്നാമത്തെ ചിറക്കൽ താലൂക്ക് കർഷകസമ്മേളനത്തോടെ കർഷകസംഘം ശക്തിയേറിയ പ്രസ്ഥാനമായി മാറി. അളവും തൂക്കവും ക്രമപ്പെടുത്തുക, വാരം നെല്ലിന്റെ കോടതിവില കുറയ്ക്കുക, ഒഴിപ്പിക്കൽ നിരോധിക്കുക. പുനം കുടിയാന്മാർക്കും കുരുമുളകു കുടിയാന്മാർക്കും സംരക്ഷണം നൽകുക, പിരിവുകൾ നിർത്തുക, ജന്മിയുടെ നികുതി കുടിശികയ്ക്ക് കുടിയാന്റെ വിള ജപ്തി ചെയ്യുന്ന പതിവ് നിർത്തുക തുടങ്ങിയ ആവശ്യങ്ങളാണ് അന്ന് കർഷക സംഘങ്ങൾ മുന്നോട്ടുവച്ചത്.

കർഷക തൊഴിലാളിപ്രസ്ഥാനങ്ങൾ രൂപം കൊള്ളുന്നത് കർഷകരുടെ ദുരിതങ്ങൾക്ക് താല്കാലിക ആശ്വാസം പകരുന്ന ഒന്നാണ്. സോഷ്യലിസ്റ്റ് ആശയങ്ങൾ പ്രചരിപ്പിക്കുന്ന പാർട്ടിയാണ് ഇതിന് നേതൃത്വം നൽകിയത്. സോഷ്യലിസ്റ്റ് ആശയങ്ങളിൽ പ്രചോദിതരായ കർഷകതൊഴിലാളികൾ സംഘടിക്കുകയും തങ്ങളുടെ അവകാശങ്ങൾക്കായി സമരങ്ങൾ നയിക്കുകയും ചെയ്തു. പുന്നപ്ര - വയലാർ, മൊറാഴ, കയ്യൂർ, കരിവള്ളൂർ എന്നിങ്ങനെ നിരവധി കർഷക തൊഴിലാളിസമരങ്ങൾ വെടിവെയ്പുകളും രക്തച്ചൊരിച്ചിലുകളുമായി ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടു. അവകാശങ്ങൾക്കായി സമരങ്ങൾ നയിക്കാൻ സമൂഹത്തിലേക്കിറങ്ങിയ കർഷകർക്ക് നിരവധി സഹനങ്ങൾക്കൊടുവിൽ ഭൂപരിഷ്കരണം പോലുള്ള നയങ്ങൾ താല്കാലിക ആശ്വാസം നൽകി. സോഷ്യലിസ്റ്റ് ആശയങ്ങളുടെ പ്രചാരത്തിലൂടെയാണ് കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകൃതമായത്. നാട്ടുരാജ്യങ്ങളായി ചിതറിക്കിടന്നിരുന്ന ജനവിഭാഗങ്ങളെ ഒരൊറ്റ ആശയധാരയുടെ കീഴിൽ ഒന്നിച്ചു കൊണ്ടുവരാനവർക്കു കഴിഞ്ഞു എന്നത് വലിയ നേട്ടമാണ്. സാധാരണക്കാരായ ജനവിഭാഗങ്ങളുടെ പാർട്ടിയായാണ് കമ്മ്യൂണിസ്റ്റ് പാർട്ടി കേരളത്തിൽ വളർന്നു വികസിച്ചത്. നിരവധി സമരമുഖങ്ങളിലൂടെ കടന്നു പോയ പാർട്ടിക്ക് ഒന്നാം മന്ത്രിസഭയിലേക്ക് എത്താൻ കഴിഞ്ഞുവെങ്കിലും വിമോചനസമരത്തിലൂടെ മന്ത്രിസഭ കൈവിടേണ്ടതായി വന്നു.

സോഷ്യലിസ്റ്റാശയങ്ങളുടെ വളർച്ച സമൂഹത്തിൽ ഉണ്ടാവുന്ന കാലഘട്ടത്തിലാണ് പുന്നപ്ര വയലാർ, കയ്യൂർ, കരിവള്ളൂർ തുടങ്ങിയ സംഭവങ്ങൾ നടക്കുന്നത്. ഭരണപരിഷ്കാരങ്ങളുടെ പേരിലും കർഷകതൊഴിലാളി വർഗത്തോടുള്ള അനീതികളുടെ പേരിലും ആരംഭിച്ച സമരങ്ങൾ പോലീസുമായുണ്ടായ സംഘർഷങ്ങളിലാണ് അവസാനിച്ചത്. പുന്നപ്ര വയലാറിലും കയ്യൂരും കരിവള്ളൂരുമായി നിരവധി കർഷകർ കൊലചെയ്യപ്പെട്ടു. സമാധാനപരമായി നടത്താനാകുമായിരുന്ന ജാഥകളെ പോലീസുകാർ തന്നെ പ്രകോപിപ്പിച്ചാണ് പലയിടത്തും പ്രശ്നങ്ങൾ ഉണ്ടാക്കിയതെന്നു പറയപ്പെടുന്നുണ്ടെങ്കിലും അങ്ങനെ അല്ലാത്ത ജാഥകളും ഉണ്ടായിരുന്നു. കയ്യൂർകേസ് തന്നെ ഉദാഹരണം. പ്രശ്നഭരിതമായ വെടിവെയ്പുകൾ ഒഴിവാക്കാൻ കഴിഞ്ഞിരുന്നെങ്കിൽ കുറെ കർഷകർ ജീവനോടെ ബാക്കിയുണ്ടാകുമായിരുന്നു.

1936 ലക്നോവിൽ വച്ച് അഖിലേന്ത്യാ കിസാൻസഭ രൂപീകരിക്കപ്പെട്ടപ്പോൾ അത് കേരളത്തിലെ സംഘടിത കർഷകപ്രസ്ഥാനത്തിന് വൻതോതിൽ പ്രചോദനം നൽകി. 1937-ൽ പി. നാരായണൻനായർ പ്രസിഡന്റും കെ.എ. കേരളീയൻ സെക്രട്ടറിയുമായി അഖില മലബാർ കർഷക സംഘം രൂപീകരിക്കപ്പെട്ടു. ജാതിമർദ്ദനങ്ങൾക്കും ചൂഷണങ്ങൾക്കും എതിരായി മാത്രമല്ല. അന്നത്തെ അസഹ്യമായ ജാതിവ്യവസ്ഥക്കെതിരായും കർഷകപ്രസ്ഥാനം ധീരമായ സമരങ്ങൾ നടത്തുകയുണ്ടായി. 1938 ഡിസംബറിൽ അഖില മലബാർ കർഷകസംഘത്തിന്റെ രണ്ടാം സമ്മേളനം നടക്കുമ്പോൾ 150 ലധികം പ്രാദേശിക കർഷകസംഘങ്ങളും താലൂക്കുകളിൽ താലൂക്ക് സംഘങ്ങളും നിലവിൽ വന്നുക

SGOU

ഴിഞ്ഞിരുന്നു. 1938 മെയ് മാസത്തിലാണ് അഖില മലബാർ കർഷകസംഘം രൂപീകരിച്ചത്. സംഘടനാപരമായ കെട്ടുറപ്പും ഇതോടെ പ്രസ്ഥാനത്തിനുണ്ടായി. 1938 - 39 ആകുമ്പോഴേക്കും കർഷകപ്രസ്ഥാനം ശക്തിയേറിയ ഒന്നായി വികസിച്ചു കഴിഞ്ഞിട്ടുണ്ടായിരുന്നു. ആയിരക്കണക്കിന് കർഷകരെ പ്രസ്ഥാനത്തിനു കീഴിൽ അണിനിരത്താൻ സംഘടനയ്ക്ക് കഴിഞ്ഞു.

1939-ൽ ചേർന്ന താലൂക്ക് കർഷകസമ്മേളനത്തിൽ സമർപ്പിച്ച റിപ്പോർട്ടുകൾ പ്രകാരം ചിറക്കൽ താലൂക്കിൽ 83 പ്രാദേശിക സംഘങ്ങളും 9901 മെമ്പർമാരും കുറുമ്പ്രനാട് താലൂക്കിൽ 29 പ്രദേശികസംഘങ്ങളും 3619 മെമ്പർമാരും ഉള്ളതായി പ്രസ്താവിച്ചിട്ടുണ്ട്. ആദ്യം കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയിലും പിന്നീട് കമ്മ്യൂണിസ്റ്റ് പാർട്ടിയിലും പ്രവർത്തിച്ച ഇടതുപക്ഷ ചിന്താഗതിക്കാരാണ് സംഘടിത കർഷകപ്രസ്ഥാനത്തിന് നേതൃത്വം നൽകിയത് ഇതിനാൽ ജന്മിസമ്പ്രദായം അവസാനിപ്പിക്കുക എന്ന മൗലികമായ ലക്ഷ്യം അവരുടെ മുമ്പിൽ ഉണ്ടായിരുന്നു. സമരങ്ങൾ സംഘടിത കർഷക പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ നടന്നിട്ടുണ്ട്. മോറാഴ, കാവുമ്പായി, തോലമ്പ്ര, കയ്യൂർ, കൂത്താളി, തില്ലങ്കേരി, ഒഞ്ചിയം തുടങ്ങി നിരവധി സ്ഥലങ്ങളിൽ വിലവർധനവിനെതിരായും ഭൂമിക്കും ഭക്ഷണത്തിനും വേണ്ടിയും കൃഷിക്കാർ നടത്തിയ സമരങ്ങൾ നിരവധി ഏറ്റുമുട്ടലുകൾക്കും പോലീസ് മർദ്ദനങ്ങൾക്കും ഇടയാക്കിയ ഉജ്ജ്വല സമരങ്ങളാണ്. ദേശീയ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള സമരങ്ങളുടെ അവിഭാജ്യഘടകങ്ങളായും അവ പരിണമിച്ചു. ജന്മിയുടെ ചവിട്ടടിയിൽ കിടന്ന് നിർവീര്യരായി കഴിഞ്ഞിരുന്ന കർഷകലക്ഷങ്ങളെ ആത്മവീര്യവും നിശ്ചയദാർഢ്യവുമുള്ള ജനതയാക്കി രൂപാന്തരപ്പെടുത്തുവാനും ഈ സമരങ്ങൾക്ക് കഴിഞ്ഞു.

തിരുവിതാംകൂറിൽ കർഷകത്തൊഴിലാളി പ്രസ്ഥാനങ്ങളാണ് ശക്തിപ്രാപിച്ചത്. ദുസ്സഹമായ ദുരിതങ്ങളെ തരണം ചെയ്യുന്നതിനു വേണ്ടി ആലപ്പുഴയിലെ തൊഴിലാളികളാണ് ആദ്യമായി തൊഴിലാളി സംഘടനകൾ കേരളത്തിൽ സൃഷ്ടിച്ചത്. സി.കെ കേശവൻ, വി.എസ്. അച്യുതാനന്ദൻ, എസ്.കെ. ദാസ്, വർഗ്ഗീസ് വൈദ്യൻ മുതലായവർ ആലപ്പുഴ കേന്ദ്രീകരിച്ച് പ്രവർത്തിച്ചവരാണ്. ഇവരുടെ പ്രവർത്തനഫലമായാണ് കൂലിയാൻ എന്ന കള്ള അളവുപാത്രം ഉപയോഗിച്ചുള്ള നെല്ലളവ് മാറിയത്. സംഘടനയുടെ ശക്തിയറിഞ്ഞ് കർഷത്തൊഴിലാളികൾ സംഘടിക്കാൻ തുടങ്ങിയതോടെ ജന്മിമാരും പോലീസും തൊഴിലാളികളെ കൂട്ടത്തോടെ അറസ്റ്റ് ചെയ്യാനും പീഡിപ്പിക്കാനും മർദ്ദിക്കാനും തുടങ്ങി. സംഘടിതശക്തിയുടെ മൂല്യം തിരിച്ചറിഞ്ഞ കർഷകത്തൊഴിലാളികൾ പഞ്ചായത്ത് വാർഡ് തലത്തിൽ കമ്മിറ്റികളും യൂണിയനുമുണ്ടാക്കി. അവകാശങ്ങൾ നേടിയെടുക്കാനായി സമരങ്ങളുടെ വേലിയേറ്റങ്ങൾ തന്നെ പിന്നീട് ചരിത്രത്തിലുണ്ടായി. ഈ പശ്ചാത്തലത്തിലാണ് 1947-ൽ ഇന്ത്യ സ്വാതന്ത്ര്യം പ്രാപിച്ചത്.

### 6.2.1. പുന്നപ്ര വയലാർ

1920 - കളിലും രണ്ടാംലോകമഹായുദ്ധകാലത്തും ലോകത്തെ ബാധിച്ച സാമ്പത്തികമാന്ദ്യം തിരുവിതാംകൂറിലെ തൊഴിലാളി മേഖലകളിൽ രൂക്ഷമായി. കുറഞ്ഞ വേതനവും ഉയർന്ന വിലയും സാമാന്യജനത്തെ ഞെരുക്കിക്കൊണ്ടിരുന്നു. ഇരുപതിനായിരത്തിലധികം ജനങ്ങൾ പട്ടിണി മരണങ്ങൾക്കിരയായിക്കാണുമെന്നാണ് അനൗദ്യോഗിക കണക്ക്. ഒരു വശത്ത് പട്ടിണിയും, മറുവശത്തു ജന്മി - മുതലാളികളുടെ ഗുണ്ടകളും പോലീസും ചേർന്ന് നടത്തിയ പീഢനവും പിടിച്ചുപറിയും തൊഴിലാളികളെ നട്ടംതിരിച്ചു. ഇതേ സമയത്തു തന്നെയാണ് കേരളത്തിലെ സ്റ്റേറ്റ് കോൺഗ്രസ് നേതൃത്വത്തിന്റെ കീഴിൽ ഉത്തരവാദിത്വഭരണത്തിനു വേണ്ടിയുള്ള സമരം നടക്കുന്നത്. ഇത് ആലപ്പുഴയിലെ വയലാറിലും പുന്നപ്രയിലും ദിവാൻ സർ സി.പി. രാമസ്വാമി അയ്യരുടെ സ്വേച്ഛാധിപത്യത്തിനെതിരെ പൊതുജനവികാരം വളർത്തി. 1940 കളായപ്പോഴേക്കും കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടി തിരുവിതാംകൂറിൽ കമ്മ്യൂണിസ്റ്റു പാർട്ടിയായി പരിണമിച്ചു കഴിഞ്ഞിരുന്നു. 1942-ൽ തിരുവിതാംകൂർ ട്രേഡ് യൂണിയൻ നിലവിൽ വന്നു. അവകാശങ്ങൾക്കായി സംഘടിക്കുന്നതിനും ഗുണ്ടകളുടെ ആക്രമണങ്ങളെ ശാരീരികമായി നേരിടാനും തൊഴിലാളികൾ തയ്യാറായി ഭരണഘടന പരിഷ്കരിക്കാനുള്ള സർ, സി.പിയുടെ നിർദ്ദേശം 1946

SGOU



SREENARAYANAGURU OPEN UNIVERSITY

ജനുവരിയിൽ പ്രഖ്യാപിക്കപ്പെട്ടു. പ്രായപൂർത്തി വോട്ടവകാശവും അമേരിക്കൻ മാതൃകയിൽ നീക്കം ചെയ്യാൻ പാടില്ലാത്ത എക്സിക്യൂട്ടീവ് ഉൾക്കൊള്ളുന്ന ഒരു ഭരണസംവിധാനമായിരുന്നു ദിവാൻ ഉദ്ദേശിച്ചത്. സ്റ്റേറ്റ് കോൺഗ്രസ് ഈ പദ്ധതി അസ്വീകാര്യമെന്നു പറഞ്ഞു തള്ളിക്കളഞ്ഞു. 'അമേരിക്കൻ മോഡൽ അറബിക്കടലിൽ' എന്നതായിരുന്നു അന്ന് അലതല്ലിയ മുദ്രാവാക്യം. കമ്മ്യൂണിസ്റ്റുകാർ ദിവാന്റെ സ്വേച്ഛാധിപത്യം അവസാനിപ്പിച്ച് ഉത്തരവാദഭരണം സ്ഥാപിക്കാനുള്ള നിശ്ചയത്തോടെ ആലപ്പുഴ ജില്ലയിലെ തങ്ങളുടെ ശക്തികേന്ദ്രങ്ങളിൽ സമരങ്ങൾ സംഘടിപ്പിച്ചു.

ആലപ്പുഴ ചേർത്തല താലൂക്കുകളിലെ കയർ ഫാക്ടറി തൊഴിലാളികളും മത്സ്യബന്ധന തൊഴിലാളികളും വീടുനിർമ്മാണ തൊഴിലാളികളും കള്ളുചെത്തു തൊഴിലാളികളും ഉൾപ്പെടുന്ന വിപുലമായ തൊഴിലാളികളുടെ സാന്നിധ്യം ആലപ്പുഴയെ മറ്റു പ്രദേശങ്ങളിൽ നിന്ന് വിഭിന്നമാക്കി. അവരെ മർദകരായ തൊഴിലുടമകളിൽ നിന്നു രക്ഷപ്പെടുത്തുവാൻ വേണ്ടി തൊഴിലാളി സംഘടനകൾ കെട്ടിപ്പടുക്കുന്നതിന് കമ്മ്യൂണിസ്റ്റ് പാർട്ടിയാണ് നേതൃത്വം നൽകിയത്. പി. കൃഷ്ണപിള്ള, ആർ. സുഗതൻ, പി. കേശവദേവ് എന്നിവർ തൊഴിലാളികളെ ട്രേഡ് യൂണിയനുകളായി സംഘടിപ്പിച്ച് അവരുടെ ആവശ്യങ്ങൾക്കു വേണ്ടി പൊരുതുവാൻ സന്നദ്ധരാക്കി. സംഘടിതമായി വിലപേശുവാനും മർദനങ്ങൾക്കെതിരെ പ്രതിഷേധിക്കുവാനും തൊഴിലാളികൾ തുടങ്ങിയതോടു കൂടി അവരെ അടിച്ചമർത്തുവാൻ ജന്മിമാരും മുതലാളിമാരും തയ്യാറായി. അവർ തമ്മിലുള്ള ശക്തമായ മത്സരങ്ങൾ തൊഴിൽമേഖലയെ നിരന്തരം അസ്വസ്ഥമാക്കി. തൊഴിലാളിസമരങ്ങൾ ശക്തമായി തീർന്നതോടുകൂടി അവയെ അടിച്ചമർത്തുവാനായി വിപുലമായ ഒരു പോലീസ്സേനയെ ആലപ്പുഴയിലേക്ക് നിയോഗിച്ചു. പോലീസുകാരുടെ ആക്രമണങ്ങളെ ചെറുത്തുനിൽക്കാൻ കഴിവുള്ള കമ്മ്യൂണിസ്റ്റു പാർട്ടിയുടെ നേതൃത്വം തൊഴിലാളികൾക്ക് പരിശീലനം നൽകി. സന്നദ്ധസംഘടനയുടെ നേതൃത്വത്തിൽ ആലപ്പുഴയുടെ വിവിധ മേഖലകളിൽ പ്രതിരോധക്യാമ്പുകൾ (ഡിഫൻസ് ക്യാമ്പുകൾ) സംഘടിപ്പിച്ചു.

കമ്യൂണിസ്റ്റ് പാർട്ടി, തൊഴിലാളികളുടെ സമരത്തിന്റെ നേതൃത്വമേറ്റെടുത്തതോടു കൂടി സമരത്തിന്റെ സ്വഭാവം വ്യത്യസ്തമായി. ആർ. സുഗതൻ, വി.ടി. തോമസ്, എം.എൻ. ഗോവിന്ദൻ നായർ, വി.എസ്. അച്യുതാനന്ദൻ തുടങ്ങിയ നേതാക്കൾ മുന്നണിപ്പോരാളികളായതോടെ ആലപ്പുഴ തൊഴിലാളികളുടെ അവകാശസമരങ്ങളുടെ കേന്ദ്രമായി തീർന്നു. 1946 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ തൊഴിലാളികൾ തുടർച്ചയായി പണിമുടക്കി. ഈ അവസരത്തിൽ ഗവൺമെന്റ് തൊഴിലാളി സംഘടനകളെയെല്ലാം നിയമവിരുദ്ധമായി പ്രഖ്യാപിക്കുകയും നേതാക്കളെ തടവിലാക്കുകയും ചെയ്തു. ആലപ്പുഴയിലെ കടലോരഗ്രാമമായ പുന്നപ്ര - വയലാറിലായിരുന്നു ആദ്യം സമരം തുടങ്ങിയത്. 1946 - ഒക്ടോബർ 21 - നാണ് സമരത്തിന് തുടക്കം കുറിച്ചത്. സമരത്തെ അടിച്ചൊതുക്കാൻ എത്തിയ പോലീസ്സേനയെ ശക്തരായ പൊതുജനജാഥകൾ പ്രതിരോധിക്കുകയും പിൻവലിയുവാൻ നിർബന്ധിക്കുകയും ചെയ്തു. തൊഴിലാളി യൂണിയന്റെ ആഹ്വാനത്തെത്തുടർന്ന് തിരുവിതാംകൂറിലുണ്ടായ പണിമുടക്കം വിജയിച്ചതോടുകൂടി സർക്കാരിന്റെ നിലപാടിനെ ജനങ്ങൾ എതിർക്കുന്നതായി തെളിഞ്ഞു. ജനങ്ങൾ പുന്നപ്രയിലേക്ക് ജാഥകളായി എത്തിച്ചേർന്നു. പോലീസും തൊഴിലാളികളുമായുള്ള സംഘർഷത്തെ തുടർന്നുണ്ടായ വെടിവെയ്പ്പിൽ 200-ൽപ്പരം ജനങ്ങൾ കൊല്ലപ്പെട്ടതായി കണക്കാക്കപ്പെടുന്നു.

പുന്നപ്രസംഭവത്തെത്തുടർന്ന് ആലപ്പുഴയിൽ പല ഭാഗങ്ങളിലായി പോലീസും തൊഴിലാളികളും തമ്മിൽ ഏറ്റുമുട്ടലുകളുണ്ടായി. വയലാറിലാണ് തൊഴിലാളികളുടെയും ജനങ്ങളുടെയും ശക്തമായ പ്രതികരണങ്ങളുണ്ടായത്. പോലീസ് സേനയെ നേരിടുവാൻ പരിശീലനം സിദ്ധിച്ച തൊഴിലാളികൾ വയലാറിൽ കേന്ദ്രീകരിച്ചു. ഒക്ടോബർ 26 ന് സി.പി. രാമസ്വാമിഅയ്യരുടെ നിർദ്ദേശപ്രകാരം ആയുധധാരികളായ പോലീസേന വയലാറിലേക്ക് മാർച്ച് ചെയ്തു. പോലീസ്സേനയെ ചെറുത്ത് തോല്പിക്കുവാൻ ശ്രമിച്ച തൊഴിലാളികൾക്ക് നേരെ പോലീസ് നിറയൊഴിച്ചു. ആയിരക്കണക്കിന് തൊഴിലാളികൾ അവരുടെ കൈയ്യിലുണ്ടായിരുന്ന ആയുധങ്ങളായ വാരിക്കുന്തങ്ങളും കല്ലുകളുമായിട്ടാണ്



SGOU

പോലീസിനെ നേരിട്ടത്. ഒക്ടോബർ 27 ന് വയലാറിൽ വച്ച് പിടഞ്ഞു മരിച്ച തൊഴിലാളികൾ 200 ലേറെയായിരുന്നു. ഒക്ടോബർ 28 ന് പൊതു പണിമുടക്ക് പിൻവലിച്ചു. നൂറിലേറെ തൊഴിലാളികൾ വെടിയേറ്റതിന്റെ ഫലമായി പിന്നീട് മരണപ്പെട്ടു.

പുന്നപ്രയിലും വയലാറിലും ഉണ്ടായ സംഭവം കേരളത്തിന്റെ ചരിത്രത്തിലെ ചോരപൊടിയുന്ന അധ്യായങ്ങളായി അന്തിമ വിശകലനത്തിൽ ആയിരത്തിലേറെ തൊഴിലാളികൾ കൊല്ലപ്പെടുകയും അതിലേറെ കുടുംബങ്ങൾ നിരാധാരരായി തീരുകയും ചെയ്തു. ഈ സമരം ഉടനടി വിജയം കണ്ടില്ലെങ്കിലും പിന്നീട് തിരുവിതാംകൂറിൽ ഉത്തരവാദഭരണം സ്ഥാപിക്കുന്നതിലേക്ക് വഴിതെളിച്ചു. ഒരു കൊല്ലത്തിനകം ദിവാൻഭരണം അവസാനിച്ചു. തിരുവിതാംകൂർ ഇന്ത്യൻ യൂണിയനിൽ ലയിക്കാനുള്ള തീരുമാനവുമുണ്ടായി. ദിവാനായിരുന്ന സർ സി. പി. രാമസ്വാമിഅയ്യരുടെ ഭരണപരിഷ്കാരങ്ങൾക്കെതിരെ നടന്ന സമരമായിരുന്നു പുന്നപ്രവയലാർ സമരം. ഈ സംഭവം പില്കാലത്ത് തൊഴിലാളികളുടെ സംഘടിതശക്തിയെ വളർത്തി. പിന്നീട് ഐക്യകേരളപ്പിറവിയ്ക്കു വേണ്ടി നിരവധിയാളുകൾ പ്രയത്നിക്കുകയും കെ. കേളപ്പന്റെ നേതൃത്വത്തിൽ ഐക്യകേരളസമ്മേളനം നടക്കുകയും ചെയ്തു. തിരുവിതാംകൂർ കൊച്ചി സംയോജനം നടപ്പിലാക്കി. രണ്ടു നാട്ടുരാജ്യങ്ങളെയും ഇന്ത്യൻ യൂണിയനിൽ ചേർക്കുകയും ഉത്തരവാദഭരണം സ്ഥാപിക്കുകയും ചെയ്തു. പുതിയ സംസ്ഥാനത്തിന്റെ ആസ്ഥാനം തിരുവനന്തപുരവും ഹൈക്കോടതി ആസ്ഥാനം എറണാകുളവുമായി അംഗീകരിക്കപ്പെട്ടു.

### 6.2.2. കയ്യൂർ

1939– ലെ ഒന്നാംലോകമഹായുദ്ധത്തിന്റെ പശ്ചാത്തലത്തിൽ അഖിലേന്ത്യാതലത്തിൽ ഉയർന്നു വന്ന തൊഴിലാളി – കർഷകസമരങ്ങളിൽ മലബാർ പ്രധാനപ്പെട്ട പങ്ക് വഹിച്ചിട്ടുണ്ട്. അക്രമപ്പിരിവുകൾക്കെതിരെയുള്ള കർഷകരുടെ മുന്നേറ്റങ്ങളോടൊപ്പം കൂലി വർധനയ്ക്കും സംഘടനാസ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള തൊഴിലാളി സമരങ്ങൾ മലബാറിലെ തൊഴിൽശാലകളിൽ അരങ്ങേറി. ദേശീയപ്രസ്ഥാനത്തിന്റെയും തൊഴിലാളിവർഗത്തിന്റെയും സ്വാധീനത്താൽ ഗ്രാമങ്ങൾ പോലും ഉണർന്നെണീറ്റു. നിർധനരും നിരക്ഷരരുമായ ഗ്രാമീണജനതയിൽ പോലും അവകാശബോധവും സ്വാതന്ത്ര്യവാഞ്ഛയും ഉണർത്താൻ തൊഴിലാളിവർഗരാഷ്ട്രീയത്തിന് കഴിഞ്ഞു. മുതലാളിത്ത ചൂഷണത്തിനെതിരായ ചെറുത്തുനിൽപ്പിനോടൊപ്പം സാമ്രാജ്യത്വ മേൽക്കോയ്മക്കെതിരായ രാഷ്ട്രീയസമരവും ഇഴചേർക്കപ്പെടുകയായിരുന്നു. ആധുനിക രാഷ്ട്രീയബോധത്തിന്റെയും കൊളോണിയൽ ചൂഷണത്തിനെതിരെയുള്ള സംഘടനാമുന്നേറ്റത്തിന്റെയും ഉജ്ജ്വലമായ ഉദാഹരണമാണ് മൊറാഴ സംഭവം.

1940 സെപ്തംബർ 15ന് വടക്കേ മലബാർ ഒരു യുദ്ധക്കളം പോലെയായിരുന്നു. വിവിധസ്ഥലങ്ങളിൽ പോലീസും കൃഷിക്കാരും തൊഴിലാളികളും ഏറ്റുമുട്ടി. വെടിവയ്പും ലാത്തിചാർജും മർദനങ്ങളും ഉണ്ടായി. മൊറാഴ, മട്ടന്നൂർ, തലശ്ശേരി, കൂത്തുപറമ്പ് എന്നീ പ്രധാന കേന്ദ്രങ്ങൾ പോർക്കളമായി. മൊറാഴ കേസിൽ കെ.പി.ആർ. ഗോപാലനെ ഒന്നാം പ്രതിയായി കൊലക്കേസ് ചാർജ് ചെയ്തു. കണ്ണിൽക്കണ്ടവരെയെല്ലാം മർദ്ദിക്കുകയും അറസ്റ്റു ചെയ്യുകയും ചെയ്തു. സമാനസംഭവങ്ങൾ തലശ്ശേരി, മട്ടന്നൂർ, കൂത്തുപറമ്പ് എന്നീ സ്ഥലങ്ങളിൽ അതേ ദിവസം ആവർത്തിക്കുകയുണ്ടായി. മൊറാഴ, മട്ടന്നൂർ തുടങ്ങി, മലബാറിലെ വിവിധ സമരങ്ങളിൽ പങ്കെടുത്ത കമ്മ്യൂണിസ്റ്റ് – കർഷകപ്രസ്ഥാനത്തിന്റെ നേതാക്കളെ കണ്ടെത്താനെന്ന പേരിൽ കാസർഗോഡ് താലൂക്കിന്റെ വിവിധ ഭാഗങ്ങളിൽ പോലീസ് റെയ്ഡ് നടത്തുകയും ഗ്രാമവാസികളെ ഭീഷണിപ്പെടുത്തുകയും ചെയ്തുകൊണ്ടിരുന്നു. ഈ മർദന നടപടികൾക്കെതിരെയും യുദ്ധകാല സർക്കാർ നടപടികൾക്കെതിരെയും കയ്യൂരിലും പരിസരപ്രദേശങ്ങളിലും സമരങ്ങളും പ്രക്ഷോഭങ്ങളും നടന്നുകൊണ്ടിരുന്നു. അത്തരത്തിൽ ഒരു പ്രധാനപ്പെട്ട ജാഥയാണ് 1941 മാർച്ച് 12 – ന് കയ്യൂരിൽ നടന്നത്.

ജാഥകൾക്കെതിരെ 'ഡിഫൻസ് ഓഫ് ഇന്ത്യ റൂൾ' പ്രകാരം അറസ്റ്റ് വാറണ്ടുകൾ പുറപ്പെടുവിച്ചു. അറസ്റ്റിനെ തുടർന്ന് മർദ്ദനവും റെയ്ഡും നടന്നു. പോലീസുകാർ പലതവണ ഈ

SGOU

ഗ്രാമത്തിൽ വരുകയും പലരെയും ഭീഷണിപ്പെടുത്തുകയും ചെയ്തു. ശക്തമായി ചെറുത്തു നിൽക്കാൻ തീരുമാനിച്ചുകൊണ്ട് കമ്മ്യൂണിസ്റ്റ് പാർട്ടിയും കർഷകസംഘവും മാർച്ച് 28 ന് ഒരു പ്രതിഷേധപ്രകടനം സംഘടിപ്പിച്ചു. ശക്തമായ പ്രകടനം മുന്നോട്ടു നീങ്ങിയപ്പോൾ കയ്യൂരിൽ വന്ന് ജനങ്ങളെ ദ്രോഹിച്ചിരുന്ന സുബ്ബരായൻ എന്ന പോലീസുകാരൻ പ്രകടനക്കാരുടെ മുന്നിൽപ്പെടുകയും പ്രകടനം കണ്ട് ഭയന്നുവിറച്ച് അയാൾ രക്ഷപ്പെടാൻ ശ്രമം നടത്തുകയും ചെയ്തു. പ്രകടനക്കാരിൽ ചിലർ പോലീസുകാരനെ പിന്തുടർന്നു. പ്രാണരക്ഷാർഥം ഓടിയ പോലീസുകാരൻ രക്ഷപ്പെടാൻ കാര്യങ്കോട് പുഴയിൽ ചാടിയെങ്കിലും മുങ്ങിമരിക്കുകയാണ് ഉണ്ടായത്. പോലീസുകാരന്റെ മരണം കയ്യൂരിലും പരിസരപ്രദേശങ്ങളിലും വീണ്ടും സംഘർഷത്തിന്റെ അന്തരീക്ഷം സംജാതമാക്കി.

ഭീകരമായ പോലീസ് മർദനവും അറസ്റ്റും റെയ്ഡും യാത്രപോലും അസാധ്യമാക്കുന്ന ഭീഷണികളും കൊണ്ട് ഗ്രാമവാസികൾ പൊറുതിമുട്ടി. കർഷകസംഘത്തിന്റെയും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും പ്രധാന പ്രവർത്തകരെ പ്രതികളാക്കി ചാർജ് ചെയ്യപ്പെട്ട കേസിൽ മംഗലാപുരം സെഷൻസ് ജഡ്ജി നാലുപേരെ തൂക്കിലേറ്റാൻ വിധിച്ചു. പ്രായപൂർത്തിയാകാത്തതിനാൽ ചൂരിക്കാടൻ കൃഷ്ണൻ നായർ എന്ന 15 കാരനെ ദുർഗുണപരിഹാരപാഠശാലയിലേക്ക് അയച്ചു. കോയിത്താറ്റിൽ ചിരുകണ്ടൻ, മഠത്തിൽ അപ്പു, പൊടവര കുഞ്ഞമ്പുനായർ, അബൂബക്കർ എന്നിവർക്കാണ് മരണശിക്ഷ നൽകിയത്. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നിരോധനം നീക്കിയതിനു ശേഷം ഈ മരണശിക്ഷക്കെതിരെ ബഹുജനാഭിപ്രായം സ്വരൂപിക്കാൻ കയ്യൂർ ദിനാചരണവും മറ്റും പ്രസ്ഥാനങ്ങൾ സംഘടിപ്പിച്ചെങ്കിലും ബ്രിട്ടീഷ് ഭരണാധികാരികൾ ഇവയൊന്നും ചെവിക്കൊണ്ടില്ല. ഇംഗ്ലണ്ടിൽ പ്രശസ്ത അഭിഭാഷകനായ ഡി.എൻ. പ്രിറ്റിന്റെ സഹായത്തോടെ പ്രിവി കൗൺസിലിന്റെ ജുഡീഷ്യൽ കമ്മിറ്റി മുമ്പാകെ കേസ് ഫയൽ ചെയ്തിട്ടും ഫലമുണ്ടായില്ല. ബ്രിട്ടീഷ് പാർലമെന്റിലെ ലിബറൽ അംഗങ്ങൾ ഇന്ത്യാ സെക്രട്ടറിയെ സന്ദർശിക്കാൻ നടത്തിയ ശ്രമവും വിഫലമായി. ഇത്തരം ശ്രമങ്ങളെല്ലാം നിഷ്ഫലമായ പശ്ചാത്തലത്തിൽ 1943 മാർച്ച് 29 – ന് കയ്യൂരിലെ 4 സഖാക്കൾ കണ്ണൂർ സെൻട്രൽ ജയിലിൽ തൂക്കിലേറ്റപ്പെട്ടു. ഈ ഗ്രാമീണയുവാക്കളുടെ ആത്മത്യാഗം കീഴാളവർഗ വിമോചനപോരാട്ടങ്ങൾക്ക് പ്രചോദനമായിരുന്നു.

### 6.2.3. കരിവള്ളൂർ

രണ്ടാം ലോകമഹായുദ്ധത്തെ തുടർന്നുണ്ടായ ക്ഷാമവും ദുരിതവും പട്ടിണിയും ഇന്ത്യയിലെല്ലായിടത്തുമെന്നതുപോലെ മലബാറിലും കൊടുമ്പിരിക്കൊള്ളുന്ന കാലമായിരുന്നു 1945–46 വർഷങ്ങൾ. ജീവിതദുരിതം നിമിത്തം കർഷകരും സാധാരണജനങ്ങളും പട്ടിണിയുടെയും പകർച്ചാവ്യാധിയുടെയും നടുവിൽ ജനങ്ങൾക്ക് ഭക്ഷണമെത്തിക്കാനുള്ള പ്രയത്നങ്ങളിൽ വ്യാപൃതരായി. കരിഞ്ചന്തയ്ക്കും പൂഴ്ത്തിവെയ്പിനുമെതിരെ ശക്തമായ ബഹുജന പ്രക്ഷോഭങ്ങൾ നാടെങ്ങും വളർന്നു വന്നു. മാത്രമല്ല, കൂടുതൽ ഭക്ഷ്യോല്പാദനമെന്ന മുദ്രാവാക്യവുമായി തരിശുനിലങ്ങൾ കൃഷിചെയ്യാനും ചെയ്യിക്കാനുമുള്ള ശ്രമങ്ങളിൽ കർഷസംഘം മുന്നിൽ നിന്നു പ്രവർത്തിച്ചു. കോഴിക്കോടു ചേർന്ന കർഷസംഘം പ്രവർത്തക സമിതിയോഗം കരിഞ്ചന്തക്കും പൂഴ്ത്തിവെയ്പിനുമെതിരായ പ്രതിഷേധയോഗങ്ങൾ നടത്തി, ഇതിനെ ശക്തമായി ചെറുക്കാനുള്ള തീരുമാനവുമായി മുന്നോട്ടു പോയി.

മലബാറിന്റെ വടക്കേയറ്റത്തെ ഗ്രാമമാണ് കരിവള്ളൂർ. എ.വി. കുഞ്ഞമ്പു, വി.വി. കുഞ്ഞമ്പു തുടങ്ങിയ രാഷ്ട്രീയപ്രവർത്തകരുടെ നേതൃത്വത്തിലുള്ള അഭിനവഭാരത യുവക് സംഘം സാമ്രാജ്യത്വവിരുദ്ധ പ്രക്ഷോഭങ്ങളിൽ ഈ ഗ്രാമത്തെ വ്യാപകമായി രാഷ്ട്രീയവല്കരിച്ചിരുന്നു. സാമ്രാജ്യത്വത്തിനും ഭൂപ്രഭുത്വത്തിനും എതിരായി ഇവിടത്തെ കർഷകർ വേണ്ടത്ര സംഘടിപ്പിക്കപ്പെട്ടവരായിരുന്നു. ഈ പ്രദേശത്തിന്റെ ജന്മികൂടിയായ ചിറക്കൽത്തമ്പുരാൻ തന്റെ കുടിയാന്മാരിൽ നിന്നും ശേഖരിച്ച ഒരു ലക്ഷത്തോളം, 'സേർ' (ഒരളവ്) നെല്ല് എല്ലാ ഭക്ഷ്യധാന്യച്ചട്ടങ്ങളും ലംഘിച്ചുകൊണ്ട് കോവിലകത്തേക്ക് കൊണ്ടു പോകാൻ ശ്രമിച്ചു. എ.വി. കുഞ്ഞമ്പു, കെ. കൃഷ്ണൻമാസ്റ്റർ തുടങ്ങിയവരുടെ നേതൃ

ത്വത്തിലുള്ള കർഷകസംഘം ഈ നെല്ല് മുഴുവൻ കരിവള്ളൂരിലെ ഗ്രാമവാസികൾക്കിടയിൽ നിശ്ചിതവിലയ്ക്ക് സഹകരണസംഘത്തിലൂടെ വിതരണം ചെയ്യാൻ രാജാവിനോട് ആവശ്യപ്പെട്ടു.

കരിവള്ളൂർ ഭക്ഷ്യവസ്തുക്കൾ കുറവുള്ള പ്രദേശമാണെന്നും പ്രാദേശികമായ ആവശ്യം നിറവേറ്റാതെ മറ്റൊരിടത്തേക്ക് ധാന്യം കൊണ്ടുപോകാൻ പാടില്ലെന്നായിരുന്നു സംഘത്തിന്റെ വാദമുഖം. ജനങ്ങൾ പട്ടിണി കിടക്കുമ്പോൾ നെല്ല് കടത്തികൊണ്ടു പോകുന്നത് തടയാൻ എ.വി. കുഞ്ഞമ്പു, കെ. കൃഷ്ണൻ മാസ്റ്റർ തുടങ്ങിയവരുടെ നേതൃത്വത്തിൽ ജനങ്ങൾ ശക്തമായി സംഘടിക്കുകയും ചെറുത്തു നിൽക്കുകയും ചെയ്തു. പോലീസിന്റെ സഹായത്തോടെ നടത്തുന്ന നെല്ലുകടത്തൽ ശ്രമം എന്തു വില കൊടുത്തും തടയുമെന്ന് അവർ അധികാരികളെ അറിയിച്ചു. 1946 ഡിസംബർ 20 - ന് പോലീസ് നേതാക്കളെ അറസ്റ്റ് ചെയ്തപ്പോൾ അവരെ വിട്ടു കിട്ടണമെന്ന ആവശ്യവുമായി ജനങ്ങൾ മുന്നോട്ടുവന്നു.

പോലീസ് ജനക്കൂട്ടത്തെ പിരിച്ചുവിടാൻ 303 റൈഫിളും യന്ത്രത്തോക്കും ഉപയോഗിച്ചു. തിടിൽ കണ്ണൻ, കിനേരി കുഞ്ഞിക്കണ്ണൻ എന്നിവർ തൽക്ഷണം മരിച്ചു വീണു. നിരവധിപ്പേർക്ക് പരിക്കേറ്റു. തുടർന്നും കരിവള്ളൂരിൽ ഭീകരതയുടെ നാളുകളായിരുന്നു. സംഭവവുമായി പുലബന്ധം പോലുമില്ലാത്തവരെപ്പോലും ഭീകരമർദനത്തിനും പീഡനത്തിനും ഇരയാക്കി. 197 പേരുടെ പേരിൽ കേസ് ചാർജ് ചെയ്യുകയും ആളുകളെ അറസ്റ്റു ചെയ്യാനെന്ന പേരിൽ നാട്ടിലാകമാനം ഭീതി പരത്തുകയും ചെയ്തു. കരിവള്ളൂരും പരിസരങ്ങളിലും ക്യാമ്പ് ചെയ്ത് എം.എസ്. പിക്കാർ എല്ലാ പൗരസ്വാതന്ത്ര്യവും അടിച്ചമർത്തി. ഈ കേസിൽ 1947 സെപ്തംബർ 25 - ന് പ്രസ്താവിച്ച വിധിയിൽ എ.വി. കുഞ്ഞമ്പുവിന് 5 വർഷവും കെ. കൃഷ്ണൻ മാസ്റ്റർക്ക് മൂന്നു വർഷവും കഠിനതടവു വിധിച്ചു. പ്രതികളിൽ എട്ടുപേരെ വെറുതെ വിടുകയും മറ്റുള്ളവരെ വിവിധ കാലത്തേക്കു ശിക്ഷിക്കുകയും ചെയ്തു.

## 6.3. സ്വാതന്ത്ര്യസമരപശ്ചാത്തലം, സാമൂഹ്യ പരിഷ്കരണ പ്രവർത്തനങ്ങൾ

ബ്രിട്ടീഷ് അധിനിവേശം ഇന്ത്യയെ എല്ലാനിലയിലും കീഴ്പ്പെടുത്തുകയും എല്ലാ വിഭാഗം ജനങ്ങളുടെയും ജീവിതം ദുസ്സഹമാക്കി തീർക്കുകയും ചെയ്തു ഇതിന്റെ ഭാഗമായി രൂപപ്പെട്ട അസംതൃപ്തികൾ പലനിലകളിൽ പ്രകടിപ്പിക്കപ്പെട്ടു കൊണ്ടിരുന്നു. 1885-ൽ കോൺഗ്രസ് രൂപപ്പെടുന്നതോടെ സമരങ്ങൾക്ക് ലക്ഷ്യബോധം കൈവരുകയും സമരം തീക്ഷ്ണമാവുകയും ചെയ്തു. കേരളത്തിലും സ്വാതന്ത്ര്യസമരത്തിന്റെ അലയൊലികൾ അധികം വൈകാതെ എത്തിച്ചേർന്നു. ദേശീയതലത്തിൽ കോൺഗ്രസ്സ് ശക്തിയാർജിക്കുകയും ബ്രിട്ടീഷുഭരണത്തിനെതിരെയുള്ള നീക്കങ്ങൾ കരുത്താർജിക്കുകയും ചെയ്തതോടെ കേരളത്തിലും സ്വാതന്ത്ര്യസമരത്തിന്റെ മറ്റൊരുഘട്ടം ആരംഭിച്ചു. ബ്രിട്ടീഷ് ഭരണത്തിനെതിരെയുള്ള പ്രതിഷേധങ്ങൾക്കു ഈ ഘട്ടത്തിൽ ജനകീയസ്വഭാവം കൈവന്നത് ശ്രദ്ധേയമാണ്. കേരളത്തിൽ ബ്രിട്ടീഷുകാർ നേരിട്ടു ഭരിച്ചിരുന്നത് മലബാർ പ്രവിശ്യയായിരുന്നതിനാൽ അവിടെ കോൺഗ്രസിന്റെയും തൊഴിലാളിപ്രസ്ഥാനങ്ങളുടെയും ആഭിമുഖ്യത്തിൽ പലവിധ പ്രക്ഷോഭങ്ങളും നടന്നു. നാട്ടുരാജ്യങ്ങളായിരുന്ന തിരുവിതാംകൂറിലും കൊച്ചിയിലും കർഷക തൊഴിലാളിപ്രസ്ഥാനങ്ങളുടെയും സാമൂഹ്യപരിഷ്കരണ പ്രവർത്തനങ്ങളുടെയും വളർച്ച പെട്ടെന്നായിരുന്നു. ജനാധിപത്യത്തിനും സാമൂഹ്യനീതിക്കും വേണ്ടിയുള്ള സമരങ്ങൾ തീക്ഷ്ണമായിത്തീർന്നു. ബ്രിട്ടീഷുകാർക്കെതിരെ അക്കാലയളവിൽ പന്ത്രണ്ടോളം കലാപങ്ങൾ ഉണ്ടായി. നിസ്സഹകരണ പ്രസ്ഥാനം, ഖിലാഫത്ത് പ്രസ്ഥാനം. ദക്ഷിണേന്ത്യൻ നാട്ടുരാജ്യ പ്രജാസമ്മേളനം. ഉത്തരവാദിത്വപ്രക്ഷോഭം, നിവർത്തനപ്രക്ഷോഭം തുടങ്ങിയവ ആ കാലഘട്ടത്തിൽ നടന്ന പരിഷ്കരണ നടപടികളാണ്.

SGOU

### 6.3.1. നിസ്സഹകരണ പ്രസ്ഥാനം

മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ 1920 മുതൽ 1922 വരെ നീണ്ടു നിന്ന സമരമാർഗമായിരുന്നു നിസ്സഹകരണ സമരം. അഹിംസയുടെ മാർഗത്തിൽ ബ്രിട്ടീഷ് നിയമങ്ങൾക്കെതിരെ സമരം ചെയ്യുകയായിരുന്നു ഇതിന്റെ പ്രധാനലക്ഷ്യം. ബ്രിട്ടീഷ് ഉല്പന്നങ്ങൾ ബഹിഷ്കരിക്കുക. മദ്യവില്പനശാലകളും മറ്റും ഉപരോധിക്കുക തുടങ്ങിയവയായിരുന്നു പ്രധാന സമരമുറകൾ. മഹാത്മാഗാന്ധിയുടെ ആശയങ്ങൾ ഏറ്റെടുത്ത് ഇന്ത്യയിലെ മിക്കയിടത്തും റാലിയും സമ്മേളനങ്ങളും ഇതിന്റെ ഭാഗമായി സംഘടിപ്പിച്ചു. കൊളോണിയൽ അധികാരത്തിന്റെ സാമ്പത്തിക ഘടനയെത്തന്നെ വെല്ലുവിളിക്കുകയായിരുന്നു നിസ്സഹകരണപ്രസ്ഥാനം കൊണ്ട് ഗാന്ധിജി ഉദ്ദേശിച്ചത്. അതുകൊണ്ട് സമരങ്ങളെ നിസ്സാരമായി അവഗണിച്ചിരുന്ന ബ്രിട്ടീഷ് നേതൃത്വത്തിന് നിസ്സഹകരണ പ്രസ്ഥാനത്തെ കണ്ടില്ല എന്നു നടിക്കാനായില്ല.

1920 ആഗസ്റ്റ്18 – ന് നിസ്സഹകരണപ്രസ്ഥാനം പ്രചരിപ്പിക്കുവാൻ വേണ്ടിയുള്ള ഇന്ത്യാപര്യടനത്തിനിടയിൽ ഗാന്ധിജിയും ഷൗക്കത്തലിയും കോഴിക്കോട് സന്ദർശിച്ചു. വെള്ളയിൽ കടപ്പുറത്ത് ജനക്കൂട്ടത്തോട് അവർ പ്രസംഗിക്കുകയുണ്ടായി. കൊളോണിയൽ ഭരണകൂടത്തിന്റെ തെറ്റുകൾക്കു നാം പ്രതിവിധി കണ്ടെത്തേണ്ടതുണ്ട്. ജനങ്ങൾക്ക് താൻ നിർദേശിച്ചുകൊടുക്കുന്ന പ്രതിവിധി നിസ്സഹകരണമാണ് എന്ന് ഗാന്ധിജി പ്രഖ്യാപിച്ചു. സർക്കാർ തരുന്ന ആദരസൂചകമായ എല്ലാ പദവികളും രാജിവയ്ക്കുകയും, വക്കീലന്മാർ അഭിഭാഷകവൃത്തി നിർത്തിവയ്ക്കുകയും ഗവൺമെന്റിന്റെ സഹായമോ നിയന്ത്രണമോ ഉള്ള വിദ്യാലയങ്ങൾ ബഹിഷ്കരിക്കുകയും സ്വദേശിപ്രസ്ഥാനം സ്വീകരിക്കുകയും ചെയ്യുന്നതടക്കമുള്ള നിസ്സഹകരണത്തിന്റെ ആദ്യഘട്ടം ആത്മാർഥമായി ആരംഭിക്കണമെന്ന് ഗാന്ധിജി നിർദേശിച്ചു.

തുടർന്ന് 1920 ഒക്ടോബർ 20 – ന് മദ്രാസ്സിലെ നിസ്സഹകരണപ്രസ്ഥാനത്തിന്റെ നേതാക്കളായ സി. രാജഗോപാലാചാരി, മൂർത്തസാഹിബ്, ടി.എസ്. രാജൻ എന്നിവർ കോഴിക്കോട്ട് വരികയും കടപ്പുറത്ത് നടന്ന ഒരു പൊതുയോഗത്തിൽ പ്രസംഗിക്കുകയും ചെയ്തു. 1919 – ലെ ഇന്ത്യാ ആക്ടിലെ വ്യവസ്ഥകളനുസരിച്ച് ലെജിസ്ലേറ്റീവ് കൗൺസിലിലേക്ക് നടക്കുന്ന തിരഞ്ഞെടുപ്പ് ബഹിഷ്കരിക്കുന്നതിനെക്കുറിച്ചായിരുന്നു അവർ പ്രസംഗിച്ചത്. നിസ്സഹകരണ പ്രസ്ഥാനത്തിന്റെ ആവശ്യമായിരുന്നു അത്. പക്ഷേ, നിസ്സഹകരണ പ്രസ്ഥാനത്തിന്റെ നേതാക്കൾ നിഷ്കർഷിച്ചതു പോലെ അഹിംസാമാർഗങ്ങൾ അതേപടി സ്വീകരിക്കുക. കടുത്ത നടപടികൾ ഒഴിവാക്കുക എന്നീ ആശയങ്ങളൊന്നും ഉൾപ്രദേശങ്ങളിൽ ഫലപ്രദമായി നടപ്പിൽ വരുത്താനായില്ല. 1920 ഡിസംബർ മാസത്തിൽ നാഗ്പൂരിൽ ചേർന്ന അഖിലേന്ത്യാ കോൺഗ്രസിന്റെ വാർഷികയോഗത്തിൽ സംബന്ധിച്ച പ്രതിനിധികളുടെ പതിവില്ലാത്ത ബാഹുല്യം ദേശീയപ്രസ്ഥാനത്തിന് പുതിയ ഉണർവ് പകർന്നു. അതേത്തുടർന്ന് നിസ്സഹകരണ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളിലുണ്ടായ ആധിക്യം കേരളത്തിൽ ദേശീയപ്രസ്ഥാനത്തെ കൂടുതൽ ജനകീയവും ശക്തവുമാക്കി. എന്നാൽ 1922 – ലെ ചൗരിചൗരാ സംഭവത്തെത്തുടർന്ന് നിരാശനായ ഗാന്ധിജി നിസ്സഹകരണപ്രസ്ഥാനം പിൻവലിക്കാൻ തീരുമാനിക്കുകയായിരുന്നു. തന്റെ അപക്വമായ ആവേശം മൂലമാണ് ഗവണ്മെന്റിനെതിരെ കലാപം നടത്താൻ ജനങ്ങളെ പ്രേരിപ്പിച്ചതെന്ന് ഗാന്ധിജി വിചാരിച്ചു. അഞ്ചുദിവസത്തെ നിരാഹാരത്തെത്തുടർന്ന് ഏതാണ്ട് വിജയത്തിന്റെ അരികിലായിരുന്ന നിസ്സഹകരണസമരം പിൻവലിച്ചതായി അദ്ദേഹം പ്രഖ്യാപിച്ചു.

### 6.3.2. ഖിലാഫത്ത് പ്രസ്ഥാനം

ഖിലാഫത്ത് പ്രസ്ഥാനം (1919-1920) ഇന്ത്യയിൽ മുസ്ലീം സമൂഹത്തിനിടയിൽ പ്രവർത്തിച്ചിരുന്ന ഒരു പ്രസ്ഥാനമായിരുന്നു. 1919 സെപ്റ്റംബർ 21ന് ആദ്യത്തെ അഖിലേന്ത്യ ഖിലാഫത്ത് കോൺഫറൻസ് ലഖ്നൗവിൽ നടന്നു. മുഹമ്മദ് ആലി, ഷൗക്കത്ത് ആലി (ആലി സഹോദരന്മാർ), മൗലാനാ അബ്ദുൾകലാം ആസാദ് എന്നിവരായിരുന്നു അതിന്റെ പ്രധാന നേതാക്കന്മാർ. ഖിലാഫത്ത് പ്രസ്ഥാനം മുന്നോട്ടുവെച്ച പ്രാധാന ആവശ്യങ്ങൾ ഒട്ടോമൻ സാമ്രാജ്യത്തിലെ മുസ്ലീങ്ങളുടെ പുണ്യസ്ഥലങ്ങളുടെ നിയന്ത്രണം തുർക്കി

SGOU

സുൽത്താന് അഥവാ ഖലീഫയ്ക്ക് വിട്ടുകൊടുക്കണം. അറേബ്യ, സിറിയ, ഇറാക്ക്, പലസ്തീൻ എന്നിവ മുസ്ലീങ്ങളുടെ പരമാധികാരത്തിനു കീഴിൽ നിലനിർത്തണം, ഇസ്ലാമിക വിശ്വാസം സംരക്ഷിക്കുവാൻ ആവശ്യമായ പ്രദേശങ്ങൾ ഖലീഫയ്ക്ക് വിട്ടുകൊടുക്കണം എന്നിവയായിരുന്നു. 1919 ഒക്ടോബർ 17 അഖിലേന്ത്യ ഖിലാഫത്ത് ദിനമായി ആചരിക്കുവാൻ അഖിലേന്ത്യ ഖിലാഫത്ത് കോൺഫറൻസ് തീരുമാനമെടുത്തു.

കോൺഗ്രസിന്റെ ആദ്യത്തെ അഖിലകേരള സമ്മേളനം നടന്നത് 1921 ഏപ്രിൽ 22 മുതൽ 26 വരെ ഒറ്റപ്പാലത്ത് വെച്ചാണ്. ടി. പ്രകാശം അധ്യക്ഷത വഹിച്ച ആ സമ്മേളനത്തിൽ ഒരു കുടിയാൻ സമ്മേളനം, വിദ്യാർഥി സമ്മേളനം, ഖിലാഫത്ത് സമ്മേളനം എന്നിവയും നടത്തിയിരുന്നു. എന്നാൽ ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ കേരളത്തിലെ വളർച്ചയ്ക്ക് നിർണ്ണായകമായത് ഒറ്റപ്പാലം സമ്മേളനത്തിനു ശേഷം മലബാർ ജില്ലാ ഖിലാഫത്ത് കമ്മിറ്റിയുടെ തെരഞ്ഞെടുപ്പാണ്. മുഹമ്മദ് അബ്ദുറഹിമാൻ കമ്മിറ്റിയുടെ ജനറൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു. നിസ്സഹകരണപ്രസ്ഥാനത്തിൽ ചേരുന്നതിനായി കോളേജ് വിദ്യാഭ്യാസം പാതിവഴിയിൽ ഉപേക്ഷിച്ച് ഇറങ്ങി വന്നയാളാണ് അബ്ദുറഹിമാൻ. എം.വി. മുഹമ്മദ് മൗലവി പ്രസിഡന്റും ടി. ഹസ്സൻകോയ മുല്ല ഖജാൻജിയുമായി കമ്മിറ്റി നിലവിൽ വന്നു. പുതിയ കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രസ്ഥാനത്തിനുണ്ടായ വളർച്ച അസാമാന്യ വേഗതയിലായിരുന്നു.

കേന്ദ്ര ഖിലാഫത്ത് കമ്മറ്റിയുടെ സമ്മതത്തോടെ കേരളത്തിൽ ജില്ലാ താലൂക്ക് കമ്മിറ്റികൾ രൂപീകരിക്കുകയും പ്രവർത്തകരെ നിയോഗിക്കുകയും ചെയ്തു. കേരളത്തിന്റെ എല്ലാ ഭാഗങ്ങളിലും ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ പ്രവർത്തനം നടന്നു. 1921 മെയ് മാസത്തിൽ കോൺഗ്രസ് - ഖിലാഫത്ത് പ്രചരണത്തിനായി കേരള ഖിലാഫത്ത് കമ്മറ്റിയുടെ പുതിയ പ്രസിഡന്റായ മുഹമ്മദ് മുസ്ല്യാരും, എം. പി. നാരായണമേനോനും ഏറനാട്-വള്ളുവനാട് താലൂക്കുകളിൽ സഞ്ചരിച്ച് കമ്മിറ്റികളുടെ പ്രവർത്തനത്തിന് വേണ്ട സഹായങ്ങൾ നല്കി. കാര്യക്ഷമമായ ഒരു സംഘമായി ഖിലാഫത്ത് മാറികഴിഞ്ഞിരുന്നു. ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ പ്രവർത്തനം ഉൾനാടുകളിലേയ്ക്ക് ഇറങ്ങിച്ചെല്ലാൻ തുടങ്ങിയതോടെ നിസ്സഹകരണപ്രസ്ഥാനത്തിന്റെ വളർച്ചയിലും പ്രകടമായ മാറ്റങ്ങളുണ്ടായി. അധികാരികളിൽ നിന്നുണ്ടായ അടിച്ചമർത്തലുകൾ ഖിലാഫത്ത് പ്രവർത്തകരിൽ അമർഷങ്ങളുണ്ടാക്കി. ഗാന്ധിജി ഖിലാഫത്ത് പ്രസ്ഥാനത്തെ പിന്തുണച്ചു. ഓൾ ഇന്ത്യ ഖിലാഫത്ത് കമ്മറ്റിയുടെ പ്രസിഡന്റായി അദ്ദേഹത്തെ തിരഞ്ഞെടുത്തു. ഹിന്ദു-മുസ്ലീം ഐക്യം അരക്കിട്ടുറപ്പിക്കാനുള്ള ഒരു സുവർണ്ണാവസരമായാണ് അദ്ദേഹം ഖിലാഫത്ത് പ്രസ്ഥാനത്തെ കണ്ടത്. നിസ്സഹരണപ്രസ്ഥാനത്തെ ഖിലാഫത്തുമായി ബന്ധിപ്പിച്ചാൽ ഇന്ത്യയിലെ രണ്ടു മതസമുദായങ്ങളായ ഹിന്ദുക്കൾക്കും മുസ്ലീങ്ങൾക്കും ഒത്തൊരുമിച്ച് നിന്ന് കൊളോണിയൽ ഭരണം അവസാനിപ്പിക്കാൻ കഴിയുമെന്ന് അദ്ദേഹം പ്രതീക്ഷിച്ചു.

### 6.3.3. മലബാർകലാപം

മലബാർ ലഹള, ഖിലാഫത്ത്സമരം, മാപ്പിള ലഹള എന്നെല്ലാം വിളിക്കപ്പെട്ട മലബാർകലാപം ഇന്ത്യയുടെ സ്വാതന്ത്ര്യസമരചരിത്രത്തിൽ കാർഷിക കലാപമായും വർഗീയ കലാപമായും മാറി മാറി വ്യാഖ്യാനിക്കപ്പെട്ടുപോന്ന ഒന്നാണ്. 1921 ആഗസ്റ് മാസം മുതൽ 1922 ഫെബ്രുവരി വരെ മലബാറിലെ ഏറനാട്, വള്ളുവനാട്, പൊന്നാനി, കോഴിക്കോട് താലൂക്കുകൾ കേന്ദ്രീകരിച്ചു മലബാർ മേഖലയിലെ മാപ്പിളമാർ ബ്രിട്ടീഷുകാർക്കെതിരായി നടത്തിയ കലാപമാണിത്.

മലബാർ പ്രവിശ്യയിലെ ഏറനാട് താലൂക്ക് കേന്ദ്രീകരിച്ചു നടന്ന പ്രക്ഷോഭം പിന്നീട് ജില്ലയുടെ പല ഭാഗങ്ങളിലേക്കും വ്യാപിക്കുകയായിരുന്നു. ബ്രിട്ടിഷുകാർക്കു നേരെ ആരംഭിച്ച ലഹള അവസാനഘട്ടത്തിൽ മാപ്പിളമാർ തങ്ങളുടെ ലഹളയെ അടിച്ചമർത്താൻ ബ്രിട്ടീഷ് സൈന്യത്തെ സഹായിക്കുന്നു എന്ന് ആരോപിച്ച് ജന്മികൾക്കും പ്രമാണികൾക്കും നേരെ കലാപം അഴിച്ചുവിട്ടു. ഈ ലഹളയുടെ ഭാഗമായി നിരവധിപേർ വധിക്കപ്പെടുകയോ, പലായനം ചെയ്യപ്പെടുകയോ ഉണ്ടായെന്നും ഒരു ലക്ഷത്തിലധികം പേരെ ഇത് ബാധിച്ചുവെന്നും ബ്രിട്ടീഷ് രേഖകൾ പറയുന്നുണ്ട്. പത്തൊൻപതാം നൂറ്റാണ്ടിലെ കർഷകകലാപങ്ങളിൽ ഭൂരിഭാഗവും

SGOU

മലബാറിലെ തെക്കൻ താലൂക്കുകളായ ഏറനാട്ടിലും വള്ളുവനാട്ടിലുമാണ് നടന്നത്. കുടിയാൻമാരുടെ ജീവിതസാഹചര്യങ്ങൾ ഒട്ടും മെച്ചപ്പെട്ടതായിരുന്നില്ല. മാത്രമല്ല അടിക്കടി നേരിടേണ്ടി വന്ന കുടിയൊഴിപ്പിക്കൽ, അന്യായമായ നികുതി പിരിവ്, ഉയർന്ന പാട്ടം തുടങ്ങിയവ ഇവരുടെ ബുദ്ധിമുട്ടുകൾ വർധിപ്പിച്ചു. അസംതൃപ്തരായ മാപ്പിള കുടിയാന്മാർ ഭൂവുടമകൾക്കും ബ്രിട്ടീഷുകാർക്കുമെതിരെ കലാപങ്ങൾ ആരംഭിച്ചു.

1921 ഏപ്രിൽ മാസത്തിൽ ഒറ്റപ്പാലത്തു ചേർന്ന കോൺഗ്രസ് സംസ്ഥാനസമ്മേളനത്തോടെ മലബാർ പ്രവിശ്യയിൽ ഖിലാഫത്ത് പ്രസ്ഥാനം ശക്തിപ്പെട്ടു. അതിനിടയിൽ നിലമ്പൂർ രാജാവിന്റെ തോക്കു മോഷ്ടിച്ചു എന്ന കുറ്റം ചുമത്തി പൂക്കോട്ടൂർ ഖിലാഫത്ത് കമ്മിറ്റി സെക്രട്ടറി വടക്കേവീട്ടിൽ മുഹമ്മദിനെ അറസ്റ്റ് ചെയ്യാൻ നടത്തിയ ശ്രമം ജനങ്ങളെ ക്ഷോഭിപ്പിച്ചു. വാരിയൻകുന്നത്തു കുഞ്ഞഹമ്മദ് ഹാജി, കുമാരൻ പുത്തൂർ സീതിക്കോയതങ്ങൾ, ആലി മുസലിയാർ മുതലായ നേതാക്കളുടെ കീഴിൽ മാപ്പിളമാർ ആയുധങ്ങളുമേന്തി ഗവൺമെന്റിനെതിരെ കലാപാഹ്വാനം നടത്തി. കലാപകാരികളെ തിരയാൻ തിരൂരങ്ങാടി പള്ളിയിൽ പോലീസ് പ്രവേശിച്ചത് മാപ്പിളമാരെ കൂടുതൽ ക്ഷുഭിതരാക്കുകയും, അവർ പോലീസ് സ്റ്റേഷനുകൾ ആക്രമിക്കുവാനും ഗവണ്മെന്റ് സ്ഥാപനങ്ങൾ നശിപ്പിക്കാനും ആരംഭിച്ചു. കലാപം ഏറനാട്, വള്ളുവനാട് താലൂക്കുകളിലും അയൽപ്രദേശങ്ങളിലും അതിവേഗം പരന്നു. തിരൂരങ്ങാടി, പൂക്കോട്ടൂർ, മലപ്പുറം, മഞ്ചേരി, പെരിന്തൽമണ്ണ തുടങ്ങിയ സ്ഥലങ്ങളിലേയ്ക്ക് വ്യാപിച്ചു.

പൂക്കോട്ടൂരിൽ 1921 ആഗസ്റ്റ് 26ന് പട്ടാളവും ലഹളക്കാരും തമ്മിൽ നടന്ന ഏറ്റുമുട്ടലിൽ ലഹളക്കാരിൽ മൂന്നൂറോളം പേർ മൃതിയടഞ്ഞു. ബ്രിട്ടീഷ് ഭരണത്തിനെതിരായ ഒരു തുറന്ന യുദ്ധം തന്നെയായിരുന്നു മലബാർകലാപം എന്നതിന്റെ പ്രത്യക്ഷമായ തെളിവാണു പൂക്കോട്ടൂർ സംഭവം. ഒക്ടോബർ മധ്യമായപ്പോഴേക്കും ലഹളയുടെ സ്വഭാവത്തിൽ ചില മാറ്റങ്ങൾ വന്നു. അതുവരെയും ഗവണ്മെന്റിനെതിരായി മാത്രം ആളിക്കത്തിയിരുന്ന സമരത്തിൽ മതവിരോധവും കടന്നുകൂടി. ഗൂർഖപട്ടാളത്തിന്റെയും, മികച്ച ആയുധങ്ങളുടെയും സഹായത്തോടെ ബ്രിട്ടീഷ് സാമ്രാജ്യവാദികൾ കലാപത്തെ അടിച്ചമർത്തി. ധാരാളം മാപ്പിളമാരെ വേട്ടയാടിക്കൊന്നു. അനേകായിരം ആളുകളെ നാടുകടത്തി. കണ്ണിൽ ചോരയില്ലാത്ത അനേകം കൊടുംക്രിയകൾ പട്ടാളം ചെയ്തു. ഇതിന്റെ പ്രത്യക്ഷോദാഹരണമാണ് കുപ്രസിദ്ധമായ വാഗൺ ട്രാജഡി, 1921 നവംബർ 10ന് അടച്ചുപൂട്ടിയ ഒരു റെയിൽവേ ഗുഡ്സ് വാഗണിൽ 90-ൽപരം ലഹളക്കാരെ തിരൂരിൽനിന്നു കോയമ്പത്തൂർക്കയച്ചു. പോത്തന്നൂരിൽ എത്തിയപ്പോഴേക്കും ശ്വാസം മുട്ടി, ദാഹജലം കിട്ടാതെ അന്യോന്യം കടിച്ചുകീറി ഒട്ടുമുക്കാൽ പേരും മരിച്ചു. അങ്ങനെ മനുഷ്യത്വഹീനമായ നിലയിൽ മലബാറിലെ രാഷ്ട്രീയകലാപം അടിച്ചമർത്തപ്പെട്ടു.

1921 – ലെ മലബാർ കലാപം ഒരു രാഷ്ട്രീയ കലാപമായിരുന്നുവെങ്കിലും, ലക്ഷക്കണക്കിനു മാപ്പിളമാരെ ഈ സമരത്തിൽ ആവേശഭരിതരാക്കിയ വികാരം ജന്മിമർദനത്തിനെതിരായ അവരുടെ നീറിപ്പുകയുന്ന അമർഷവും ആ ജന്മിമർദനത്തിൽ താങ്ങും തണലുമായി പ്രവർത്തിച്ച ബ്രിട്ടീഷ് ഭരണത്തോടുള്ള ഒടുങ്ങാത്ത വെറുപ്പമായിരുന്നു. കാർഷിക വിമോചനത്തിന്റെ ഉള്ളടക്കത്തോടുകൂടിയ ഒരു രാഷ്ട്രീയ സ്വാതന്ത്ര്യസമരമായിരുന്നു, മതകലാപമായിരുന്നില്ല അതെന്നുപറയാം. ആദ്യഘട്ടത്തിൽ അത് ലക്ഷ്യം വെച്ചത്, ഹിന്ദുക്കളായ ജന്മിമാരേയും ട്രഷറികൾ, കച്ചേരികൾ, പോലീസ് സ്റ്റേഷനുകൾ തുടങ്ങിയ ബ്രിട്ടീഷ് അധികാരത്തിന്റെ പ്രതീകങ്ങളെയുമായിരുന്നു. പിന്നീട് ഇതിൽ മതം കലരുകയും നിരപരാധികളായ ഹിന്ദുക്കൾപോലും വേട്ടയാടപ്പെടുകയും കൊലചെയ്യപ്പെടുകയും ഉണ്ടായി. പരസ്പരം സപർദ്ധയും പ്രതികാരവും ഇരുകൂട്ടരിലും ഉണ്ടാവുകയും ആക്രമണാസക്തമാവുകയും ചെയ്തു. (ഡോ.കെ.എൻ. പണിക്കർ, മലബാർ കലാപം, ചരിത്രം രാഷ്ട്രീയം, പ്രത്യയശാസ്ത്രം)

### 6.3.4. നിയമലംഘനപ്രസ്ഥാനം

ഗാന്ധിജിയുടെ നേതൃത്വത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് നടത്തിയ പ്രക്ഷോഭ

മായിരുന്നു നിയമലംഘനസമരം. തോറോയുടെയും ടോൾസ്റ്റോയിയുടെയും ആശയങ്ങളാണ് 'സത്യഗ്രഹ'മെന്ന പേരിൽ നിയമലംഘനത്തെ പുനരാവിഷ്കരിക്കാൻ ഗാന്ധിജിക്ക് പ്രചോദനമായത്. രാഷ്ട്രീയവും സാമൂഹികവുമായ ബഹിർമുഖത്വത്തെ നിരാകരിച്ച ഗാന്ധിജി, നിയമലംഘനത്തെ വ്യക്തിയുടെ ആന്തരികമായ സത്യാന്വേഷണധർമ്മമായി പുനർവ്യാഖ്യാനിച്ചു. 1922-ൽ നിസ്സഹകരണ പ്രസ്ഥാനം പിൻവലിക്കപ്പെട്ടതിനെത്തുടർന്നു രാജ്യത്തെ ഗ്രസിച്ച രാഷ്ട്രീയ നിർവികാരതയ്ക്കു വിരാമമിട്ടത് സൈമൺ കമ്മീഷന്റെ രൂപീകരണമായിരുന്നു. ഇന്ത്യയുടെ ഭരണഘടനയിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് അന്വേഷിക്കാൻ 10 കൊല്ലത്തിനുള്ളിൽ ഒരു പാർലമെന്ററി കമ്മീഷനെ നിയമിക്കണമെന്ന് 1919 ലെ ഗവൺമെന്റ് ഒഫ് ഇന്ത്യ ആക്റ്റിലെ 84-ാം വകുപ്പ് വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ ബ്രിട്ടനിലെ രാഷ്ട്രീയ സാഹചര്യങ്ങളുടെ സമ്മർദം മൂലം പത്തുവർഷമെന്ന കാലാവധി തികയുംമുൻപുതന്നെ ഒരു പാർലമെന്ററി കമ്മീഷനെ നിയമിക്കാൻ കൺസർവേറ്റീവ് ഗവൺമെന്റ് തയ്യാറായി. കമ്മീഷൻ അതിന്റെ ചെയർമാനായ സർ ജോൺ സൈമണിന്റെ പേരിലാണ് പ്രസിദ്ധമായത്.

ഇന്ത്യയുടെ ഭരണഘടനയിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് അന്വേഷിക്കാൻ നിയമിക്കപ്പെട്ട സൈമൺ കമ്മീഷനിലെ അംഗങ്ങളായിരുന്ന ഏഴുപേരും ബ്രിട്ടീഷുകാരായിരുന്നു. ബ്രിട്ടീഷ് പാർലമെന്ററി കമ്മീഷനുകളിൽ പാർലമെന്റ് അംഗങ്ങളെ മാത്രം ഉൾക്കൊള്ളിക്കുന്ന കീഴ്വഴക്കം. ഇന്ത്യാക്കാർക്ക് പ്രാതിനിധ്യം നിഷേധിക്കുന്നതിനുള്ള ഔദ്യോഗിക ന്യായീകരണമായി ഉയർത്തപ്പെട്ടെങ്കിലും പാർലമെന്റ് അംഗവും ഇന്ത്യാക്കാരനുമായ സിൻഹയെ തഴഞ്ഞത് ബ്രിട്ടന്റെ ന്യായീകരണത്തിന്റെ പൊള്ളത്തരത്തെയാണ് അനാവൃതമാക്കിയത്. സൈമൺ കമ്മീഷനിൽ അംഗമാകാൻ ഒരു ഇന്ത്യാക്കാരനും യോഗ്യനല്ല എന്ന ബ്രിട്ടീഷ് നിലപാട് ഇന്ത്യയിലെ രാഷ്ട്രീയസ്ഥിതിയെ പ്രക്ഷുബ്ധമാക്കി. 1927 ഡിസംബറിൽ മദ്രാസിൽ കൂടിയ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ സമ്മേളനം സൈമൺ കമ്മീഷനെ എല്ലാരൂപത്തിലും ബഹിഷ്കരിക്കുവാൻ തീരുമാനിച്ചു. സാമ്രാജ്യത്വവിരുദ്ധ തരംഗത്തിന്റെ ആവേശത്തിൽ പൂർണ്ണ സ്വാതന്ത്ര്യം കോൺഗ്രസിന്റെ ലക്ഷ്യമായി പ്രഖ്യാപിക്കുന്ന അടിയന്തരപ്രമേയം ഈ സമ്മേളനത്തിൽ പാസ്സാക്കുന്നതിൽ ജവഹർലാൽ നെഹ്റു വിജയിച്ചു.

ഇന്ത്യയിലെ വിവിധവിഭാഗങ്ങൾക്കു സ്വീകാര്യമായ ഒരു ഭരണഘടന ആവിഷ്കരിക്കാൻ ദേശീയനേതാക്കൾക്കു കഴിയില്ല എന്ന ബിർക്കിൻഹെഡിന്റെ വെല്ലുവിളിക്ക് മറുപടിയെന്നോണം ഇന്ത്യയ്ക്ക് ഇന്ത്യാക്കാർതന്നെ എഴുതിയുണ്ടാക്കുന്ന ഒരു ഭരണഘടന വേണമെന്ന ഉദ്ദേശ്യത്തോടെ ഒരു സർവകക്ഷി സമ്മേളനം വിളിച്ചുകൂട്ടാൻ മദ്രാസ് സമ്മേളനം കോൺഗ്രസ് വർക്കിങ് കമ്മറ്റിയെ ചുമതലപ്പെടുത്തി. ഡോ. അൻസാരിയുടെ അധ്യക്ഷതയിൽ ചേർന്ന സർവകക്ഷി സമ്മേളനം എല്ലാപാർട്ടികൾക്കും പൊതുവിൽ സ്വീകാര്യമായ ഭരണസംവിധാനത്തിന്റെ രൂപരേഖ തയ്യാറാക്കാൻ എല്ലാ പാർട്ടികളുടെയും പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് മോത്തിലാൽ നെഹ്റു അധ്യക്ഷനായ ഒരു കമ്മറ്റിയെ നിയമിച്ചു. അങ്ങനെ ഇന്ത്യയ്ക്ക് ഭരണ ഘടന തയ്യാറാക്കാനായി രണ്ട് കമ്മീഷനുകൾ, സൈമൺ കമ്മീഷനും നെഹ്റുക്കമ്മറ്റിയും ഒരേകാലത്ത് ഇന്ത്യയിൽ പ്രവർത്തിച്ചു. നെഹ്റുക്കമ്മറ്റി സമർപ്പിച്ച റിപ്പോർട്ട് അതിന്റെ അധ്യക്ഷനായ മോത്തിലാൽ നെഹ്റുവിന്റെ പേരിലാണ് അറിയപ്പെട്ടത്. 1929 ഡിസംബർ 31-നു മുമ്പ് ബ്രിട്ടീഷ് പാർലമെന്റ് നെഹ്റു റിപ്പോർട്ട് അംഗീകരിക്കാത്ത പക്ഷം, കോൺഗ്രസ് 'പൂർണ്ണസ്വാതന്ത്ര്യം' ദേശീയലക്ഷ്യമായി അംഗീകരിക്കുമെന്നും അതിനുവേണ്ടി നിയമലംഘന പ്രക്ഷോഭം ആരംഭിക്കുമെന്നും തീരുമാനമായി.

### 6.3.5 നിവർത്തനപ്രക്ഷോഭം

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തിരുവിതാംകൂറിൽ ജനാധിപത്യാവകാശങ്ങൾക്കു വേണ്ടിയുള്ള പ്രക്ഷോഭണങ്ങൾ ആരംഭിച്ചു. തിരുവിതാംകൂറിൽ 1930-38 കാലത്ത് നടന്ന രാഷ്ട്രീയപ്രക്ഷോഭമാണ് നിവർത്തന (ബഹിഷ്കരണ) പ്രക്ഷോഭം എന്ന പേരിൽ അറിയപ്പെടുന്നത്. ഇതിന് പ്രേരണയായത് 1932-ലെ ഭരണഘടന

SGOU

പരിഷ്കാരമാണ്. സവർണ്ണ സമുദായക്കാർക്ക് ആവശ്യത്തിലേറെയും ന്യൂനപക്ഷ പിന്നാക്ക ജനവിഭാഗങ്ങൾക്ക് പ്രാതിനിധ്യം ഇല്ലാതാക്കുന്നതുമായ വിവേചനപരമായ വ്യവസ്ഥകൾ പുതിയ പരിഷ്കാരത്തിൽ ഉൾപ്പെട്ടിരുന്നു. ഇതു പ്രകാരം രണ്ടുതരം പൗരൻമാരെ സൃഷ്ടിക്കുകയാണുണ്ടായത്. 73 അംഗങ്ങൾ ഉള്ള നിയമസഭയിൽ ഈഴവ - ക്രിസ്ത്യാനി - മുസ്ലീം തുടങ്ങിയ പിന്നാക്കജാതിക്കാർക്ക് ജനസംഖ്യാനുപാതികമായി പ്രാതിനിധ്യം ലഭിക്കുമായിരുന്നില്ല. മൂന്നര ലക്ഷത്തിലധികം വരുന്ന മുസ്ലീങ്ങൾക്ക് ഒരു സീറ്റു പോലും കിട്ടുമെന്ന് ഉറപ്പില്ലായിരുന്നു. ഈ അനീതിക്കെതിരായി 1933 ജനുവരി 25 ന് ഇ.ജെ. ജോണിന്റെ അധ്യക്ഷതയിൽ തിരുവനന്തപുരത്തവച്ച് ഈഴവ, ക്രൈസ്തവ - മുസ്ലീം സമുദായപ്രമാണിമാരോടൊപ്പം ഒരു യോഗം ചേർന്നു. ഈ യോഗത്തിൽ 1932 -ലെ പരിഷ്കാരത്തെ തുടർന്നുള്ള തെരഞ്ഞെടുപ്പ് ഉൾപ്പെടെയുള്ള എല്ലാ കാര്യങ്ങളും ബഹിഷ്കരിക്കാൻ തീരുമാനിച്ചു.

നിവർത്തനം എന്ന വാക്ക് 'വിട്ടുനിൽക്കൽ' എന്ന അർഥത്തിൽ ഐ.സി. ചാക്കോ ആണ് പ്രക്ഷോഭപരിപാടികൾക്ക് നൽകിയത്. നിവർത്തനപ്രക്ഷോഭത്തിലേയ്ക്ക് പോകും മുമ്പ് കേരളരാഷ്ട്രീയത്തിൽ പ്രക്ഷോഭത്തിനു മുമ്പുണ്ടായിരുന്ന ഒന്നു രണ്ട് ദശകങ്ങളിലേക്ക് പോകേണ്ടതുണ്ട്. മൂലംതിരുനാളിന്റെ മരണത്തെ പിൻപറ്റി തിരുവിതാംകൂറിൽ റീജൻസി ഭരണമാണുണ്ടായത്. 1925 മുതൽ 1933 - വരെ അമ്മമഹാറാണിയാണ് റീജന്റായി രാജ്യം ഭരിച്ചത്. ദിവാൻ രാഘവയ്യയെ പിൻപറ്റി മിസ്റ്റർ വാട്സ് ദിവാനായി അവരോധിതനായി. പല വിധ ഭരണപരിഷ്കാരങ്ങളും അദ്ദേഹം നടപ്പിലാക്കി. അതിൽ ഏറ്റവും പ്രധാനം റവന്യൂവകുപ്പിനെയും ദേവസ്വംവകുപ്പിനെയും വിഭജിച്ചു എന്നതാണ്. ദേവസ്വം കൂടി ഉൾപ്പെട്ടിരുന്നപ്പോൾ പല ഉദ്യോഗങ്ങളിലും താഴ്ന്ന ജാതിക്കാർക്ക് കയറിപ്പറ്റാൻ ദേവന്റെ കൂടി അനുവാദം വേണ്ടിയിരുന്നു. ദേവനെ പരിചയാക്കിക്കൊണ്ടാണ് അധഃകൃതന്റെ പല ആവശ്യങ്ങളെയും ഭരണകൂടം തടഞ്ഞു നിർത്തിയിരുന്നത്. റവന്യൂവും ദേവസ്വവും രണ്ടായപ്പോൾ റവന്യൂ വകുപ്പിൽ മറ്റുള്ളവർക്ക് കൂടി ജോലിചെയ്യാമെന്ന് വന്നുചേർന്നു. പക്ഷേ ഉദ്യോഗത്തിൽ മറ്റുള്ള കീഴ്ജാതിക്കാർ എണ്ണത്തിൽ കുറവായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം സർക്കാർ ജോലികളിൽ വേണമെന്ന് ഈഴവരും ക്രിസ്ത്യാനികളും മുസ്ലീങ്ങളും ആവശ്യപ്പെട്ടു. നിയമസഭയിൽ ഇവരുടെ പ്രാതിനിധ്യം ഇല്ലായിരുന്നു. ഭൂരിപക്ഷ സീറ്റുകളും നായന്മാരോ മറ്റുള്ള സവർണ്ണരോ കൈക്കലാക്കിയിരുന്നു.

സംയുക്ത രാഷ്ട്രീയ സമിതിയുടെ നേതാക്കൾ ക്രിസ്ത്യൻ, മുസ്ലീം, ഈഴവവിഭാഗങ്ങളെ പ്രതിനിധീകരിച്ച് യഥാക്രമം എൻ.വി. ജോസഫ്, ടി.എം. വർഗീസ്, സി. കേശവൻ, പി.കെ. കുഞ്ഞ് എന്നിവരുടെ നേതൃത്വത്തിൽ നിവർത്തനപ്രക്ഷോഭം തുടങ്ങിയത്.

ജനസംഖ്യാനുപാതികമായി പ്രാധാന്യം വേണമെന്ന ആശയം പുതിയതല്ലായിരുന്നു. കുമാരനാശാൻ 1906 മുതൽ തന്നെ ആനുപാതിക പ്രാതിനിധ്യം വേണമെന്ന് ആവശ്യപ്പെട്ടിരുന്നു. 1934 എത്തിയപ്പോഴേക്കും നിവർത്തനപ്രക്ഷോഭം എന്ന പേരുമാറ്റി പൗരസമത്വപ്രക്ഷോഭം എന്ന പേരു സ്വീകരിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ സംയുക്ത രാഷ്ട്രീയസമിതി രൂപീകരിക്കപ്പെട്ടു. ഈഴവർ, ലത്തീൻ കത്തോലിക്കർ, മുസ്ലീങ്ങൾ എന്നിവർക്ക് നിയമസഭയിലേക്ക് സീറ്റുകൾ സംവരണം ചെയ്തു കിട്ടി. സർക്കാർ ജോലിയിലും സംവരണം ലഭിച്ചു. 1936 - ൽ പബ്ലിക് സർവീസ് കമ്മീഷൻ രൂപീകരിച്ചു. ഉദ്യോഗങ്ങളിൽ അറുപത് ശതമാനം, നാൽപത് ശതമാനം എന്നിങ്ങനെ തരംതിരിവുണ്ടായി. കാര്യക്ഷമതയുള്ള ഉദ്യോഗം. കാര്യക്ഷമത വേണ്ടാത്ത ഉദ്യോഗം എന്നിങ്ങനെയും വിഭജനം ഉണ്ടായി. സംവരണം മൂലം കാര്യക്ഷമതയില്ലാത്തവർ കടന്നുകൂടുന്നു എന്നവാദം 1936-ൽ ത്തന്നെ ഉണ്ടായി. ഇതിനിടയിൽ സി. കേശവൻ ജയിലിലായി.

1936 നവംബർ പന്ത്രണ്ടാം തീയതി ചിത്തിര തിരുനാൾ ബാലരാമവർമ്മ മഹാരാജാവ് ക്ഷേത്രപ്രവേശനവിളംബരം പുറപ്പെടുവിച്ചു. നിയമസഭയിലും ശ്രീചിത്രാസഭയിലും ഇവർക്ക് അംഗങ്ങളുണ്ടായി. പിന്നീട് സംയുക്ത രാഷ്ട്രീയ സമിതി എന്നത് സ്റ്റേറ്റ് കോൺഗ്രസ്സായിമാറി. സി. വി. കുഞ്ഞിരാമന്റെ നേതൃത്വത്തിലായിരുന്നു

SGOU

ആ മാറ്റം. കേരളരാഷ്ട്രീയത്തിൽ നിർണ്ണായക മായ മാററം കൊണ്ടുവന്ന ഒന്നായിരുന്നു നിവർ ത്തനപ്രക്ഷോഭം. അതിന്റെ തുടർച്ചയായിരുന്നു പൗരസമത്വപ്രക്ഷോഭം, ഉത്തരവാദിത്വഭരണപ്ര ക്ഷോഭം എന്നിവ. ഇന്ത്യ സ്വതന്ത്രയാകുന്നതിന് ഒരു ദശകം മുമ്പ് തന്നെ തിരുവിതാംകൂറിലെ രാ ഷ്ട്രീയ സാമുദായിക പ്രശ്നങ്ങളെ സംബോധന ചെയ്തിരുന്നു എന്നതു തന്നെയാണ് നിവർത്തന പ്രക്ഷോഭത്തിന്റെ പ്രാധാന്യം. സമുദായപ്രാതി നിധ്യം എന്ന പരിമിത രാഷ്ട്രീയലക്ഷ്യം മാത്രമേ ഇതിന് ഉണ്ടായിരുന്നുള്ളൂ. സമരത്തിന്റെ വിഭാ ഗീയ സ്വഭാവം തുടക്കത്തിൽ സമരനായകനായ സി. കേശവനെ ആശയക്കുഴപ്പത്തിൽ എത്തി ക്കാതിരുന്നില്ല, എന്നാൽ കേസരി. എ. ബാലകൃ ഷ്ണപിള്ളയുടെ നിവർത്തനത്തെ അനുകൂലി ച്ചുള്ള അഭിപ്രായം ഈ ആശയക്കുഴപ്പം മാറ്റി. ആ അഭിപ്രായങ്ങൾ:

- നിയമസഭാ പ്രാതിനിധ്യക്കുറവുള്ള ഈഴ വർ അസമത്വം അനുഭവിക്കുന്ന മറ്റു സമു ദായങ്ങളുമായി ചേർന്ന് സമരം ചെയ്യുന്ന തിൽ തെറ്റില്ല.
- അയിത്തോച്ചാടനത്തിന് നായന്മാരുമാ യി ചേർന്ന് പ്രവർത്തിച്ച ഈഴവർക്ക് രാ ഷ്ട്രീയ അവകാശങ്ങൾ നേടുന്നതിന് മറ്റു സമുദായങ്ങളുമായി സഖ്യത്തിൽ ഏർപ്പെ ടാം.
- പ്രാതിനിധ്യം കൂടുതലുള്ള നായന്മാർ ഈഴവർക്കും മറ്റും സ്ഥാനാർഥിത്വം ഒഴി ഞ്ഞു നൽകിക്കൊണ്ട് കൂടുതൽ അധി കാരങ്ങൾ ജനങ്ങളിലേക്ക് കൈമാറാൻ അവരോടൊപ്പം നിന്ന് പ്രവർത്തിക്കണം എന്നിങ്ങനെയായിരുന്നു.

സി. കേശവനടക്കമുള്ളവരെ ഈ വാക്കു കൾ വർധിതവീര്യരാക്കിത്തീർത്തു. കേരള കേ സരിയായിരുന്നു നിവർത്തനപ്രക്ഷോഭത്തിന്റെ ജിഹ്വയായ പത്രം. 1934 ജനുവരി 30 - ന് തിരു വല്ലയിൽ ടി.എം. വർഗീസിന്റെ നേതൃത്വത്തിൽ ചേർന്ന യോഗം 'നിവർത്തനം' എന്ന പദം ഉപേ ക്ഷിച്ചു പകരം 'പൗരസമത്വപ്രസ്ഥാനം' എന്ന പേര് സ്വീകരിച്ച് പ്രക്ഷോഭം തുടർന്നു. നിവർ ത്തന പ്രക്ഷോഭത്തിനിടയിലെ വളരെ ശ്രദ്ധേയ മായ ഒരു സംഭവം സി. കേശവന്റെ കോഴഞ്ചേ രി പ്രസംഗമാണ് (1935 മെയ്). ഇതിനെത്തുടർന്ന് രാജ്യദ്രോഹക്കുറ്റം ചുമത്തി സി. കേശവനെ ജയിലിലാക്കിയെങ്കിലും അത് പ്രക്ഷോഭത്തിന് ആക്കം കൂട്ടിയതേയുള്ളൂ. പരിമിതമായ പ്രാതി നിധ്യം മാത്രമായിരുന്നു നിവർത്തനത്തിന്റെ ഉദ്ദേശമെങ്കിലും പ്രായപൂർത്തി വോട്ടവകാശത്തി ലധിഷ്ഠിതമായ ഉത്തരവാദഭരണം വേണമെന്ന് ശക്തിയായി ആവശ്യപ്പെട്ടത് ഈ പ്രസംഗത്തി ലാണ്. ഇതുയർത്തി വിട്ട പ്രകമ്പനം വളരെ വർ ഷങ്ങൾക്കുശേഷവും തിരുവിതാംകൂറിലെ രാ ഷ്ട്രീയാന്തരീക്ഷത്തിൽ നിറഞ്ഞു നിന്നു.

നിവർത്തനപ്രക്ഷോഭം 1936-ൽ സർക്കാ രിന്റെ സമ്മതിദാനാവകാശം വിപുലീകരിച്ചു കൊണ്ടുള്ള ഉത്തരവിനെ തുടർന്ന് പിൻവലി ക്കപ്പെട്ടു. നിവർത്തനപ്രക്ഷോഭണത്തിനായി രൂപീകരിക്കപ്പെട്ട സംയുക്ത രാഷ്ട്രീയസമിതി പിന്നീട് തിരുവതാംകൂർ സ്റ്റേറ്റ് കോൺഗ്രസി ന്റെ ഭാഗമായി മാറി. നിവർത്തന പ്രക്ഷോഭക രുടെ ആവശ്യങ്ങൾ പരിമിതമായിട്ടാണെങ്കിലും അംഗീകരിക്കാൻ സർക്കാർ നിർബന്ധിതരായി. ജനസംഖ്യാനുപാതികമായി ജോലി എന്നതാ യിരുന്നു നിവർത്തനത്തിന്റെ മറ്റൊരു ആവശ്യം. ഇതിന്റെ പരിഹാരത്തിനായി സർവീസിലെ നിയ മനങ്ങൾക്ക് പബ്ലിക് സർവീസ് കമ്മീഷണറെ നിയമിച്ചു. പ്രതിയോജകമണ്ഡലങ്ങൾ പുനർ നിർണ്ണയം ചെയ്തു ദ്വയാംഗമണ്ഡലങ്ങളുണ്ടാ ക്കി ന്യൂനപക്ഷ പിന്നാക്കവിഭാഗങ്ങൾക്കായി സംവരണംചെയ്തും വോട്ടവകാശം വിപുലീക രിക്കാനായി കരംതീരുവയുടെ പരിധി കുറച്ചും വോട്ടവകാശം വിപുലപ്പെടുത്തി. നിയമസഭയി ലെ നിശ്ചിത ശതമാനം സീറ്റുകൾ ഈഴവ, ക്രി സ്ത്യൻ, മുസ്ലീം വിഭാഗങ്ങൾക്കായി നീക്കിവച്ചു. 1936-ൽ ക്ഷേത്രപ്രവേശന വിളംബരവും ഇതിന നുബന്ധമായി ഉണ്ടായി.

1937-ൽ നിയമസഭയിലേക്കു നടന്ന തെ രഞ്ഞെടുപ്പിൽ എസ്.എൻ.ഡി.പി. യോഗം നിർത്തിയ ഈഴവരും സംയുക്ത രാഷ്ട്രീയ കോൺഗ്രസ് നിർത്തിയ ക്രിസ്ത്യൻ - മുസ്ലീം സ്ഥാനാർഥികളും വിജയിച്ചു. പത്തനംതിട്ട നിയോജകമണ്ഡലത്തിൽ നിന്നു ജയിച്ച ടി.എം. വർഗീസ് ശ്രീമൂലം അസംബ്ലി ഡെപ്യൂട്ടി സ്പീ ക്കറായി തെരഞ്ഞെടുക്കപ്പെടുക്കയും ചെയ്തു. സവർണ്ണ മേധാവികളുടെ കുത്തക അവസാനി

SGOU

പ്പിച്ചുകൊണ്ട് ഇതര സമുദായങ്ങൾക്ക് സഭയിൽ പ്രാതിനിധ്യം ഉറപ്പാക്കപ്പെടുകയും വിപുലമായ ജനപങ്കാളിത്തം ഉണ്ടാകുകയും ചെ യ്തെങ്കിലും സാമാന്യജനങ്ങൾക്ക് അധികാരം ലഭ്യമാക്കുന്നതിലേക്ക് വളരാൻ നിവർത്തനപ്രക്ഷോഭത്തിന് കഴിഞ്ഞില്ല. ഇതൊരു രാഷ്ട്രീയ സംഘടനയുടെ അഭാവത്തിലാണെന്ന് ബോധ്യപ്പെട്ട നേതാക്കളുടെ പരിശ്രമത്തിലാണ് തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് രൂപീകൃതമായത്.

### 6.3.6. തിരുവിതാംകൂർ - സ്റ്റേറ്റ് കോൺഗ്രസും ഉത്തരവാദിത്ത പ്രക്ഷോഭവും

സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി തിരുവിതാംകൂറിലും കൊച്ചിയിലും നടന്ന പ്രക്ഷോഭണമാണ് ഉത്തരവാദപ്രക്ഷോഭണം. 1937 നവംബർ 27ന് ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ തിരുവിതാംകൂർ ഘടകം സംഘടിപ്പിച്ച ഒരു സമ്മേളനത്തിൽ തിരുവിതാംകൂറിൽ ഉത്തരവാദഭരണം വേണമെന്ന ആവശ്യം മുന്നോട്ടുവെച്ചു. 1938 - ൽ സംയുക്ത രാഷ്ട്രീയ സമിതിയിലുൾപ്പെടെയുള്ളവർ പങ്കെടുത്ത് ഒരു യോഗം തിരുവനന്തപുരത്ത് കൂടുകയുണ്ടായി. സി.വി. കുഞ്ഞുരാമനായിരുന്നു യോഗത്തിനു നേതൃത്വം വഹിച്ചത്. പട്ടം താണുപിള്ള, എ. നാരായണപിള്ള, പി.എസ്. നടരാജപിള്ള, ആനിമസ്ക്രീൻ, ടി.എം. വർഗീസ് തുടങ്ങിയ നേതാക്കൾ ഈ യോഗത്തിൽ പങ്കെടുത്തു. തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് രൂപീകരിക്കുവാനും, സമാധാനപരമായി ഉത്തരവാദഭരണം ആവശ്യപ്പെടാനും ഈ യോഗത്തിൽ തീരുമാനമായി.

1938 ഫെബ്രുവരി രണ്ടിന് തിരുവിതാംകൂർ നിയമസഭയിൽ ടി.എം. വർഗീസ് ആണ് ഉത്തരവാദപ്രക്ഷോഭണം എന്ന ആശയം അവതരിപ്പിച്ചത്. അതിനുവേണ്ടി തിരുവനന്തപുരത്ത് പട്ടം താണുപിള്ളയെ പ്രസിഡൻറ്റും നടരാജപിള്ളയെ സെക്രട്ടറിയുമാക്കി ഒരു താല്കാലിക കമ്മറ്റി സ്റ്റേറ്റ് കോൺഗ്രസ് രൂപീകരിച്ചു. എം.ആർ. മാധവവാര്യർ, ടി.എം. വർഗീസ്, സി. കേശവൻ, ജോൺ ഫിലിപ്പോസ്, പി.കെ. കുഞ്ഞ് തുടങ്ങിയവരും അംഗങ്ങളായി സ്റ്റേറ്റ് കോൺഗ്രസ് നിലവിൽ വന്നു. ദിവാനായിരുന്ന സർ സി. പി. യെക്കുറിച്ചുള്ള ആരോപണങ്ങൾ ഉൾക്കൊള്ളുന്ന നിവേദനം മഹാരാജാവിന് നൽകി. അതിനെത്തുടർന്ന് സ്റ്റേറ്റ് കോൺഗ്രസും യൂത്ത് ലീഗും നിയമവിരുദ്ധമായി പ്രഖ്യാപിക്കപ്പെട്ടു. 1938 ഓഗസ്റ്റ് 26 മുതൽ നിയമലംഘന പ്രക്ഷോഭണം തുടങ്ങി. നിവർത്തനപ്രക്ഷോഭണത്തെ തുടർന്നുണ്ടായ ജനശക്തിയാണ് ഉത്തരവാദഭരണത്തെക്കുറിച്ച് ചിന്തിക്കാൻ പ്രേരണ നൽകിയത്.

തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സിന്റെ ജനപിന്തുണയിൽ ദിവാൻ സി.പി. രാമസ്വാമി അയ്യർ കോപാകുലനായിരുന്നു. അതിനെ ഏതു വിധേനയെങ്കിലും തകർക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ചിന്ത. ഇതിനായി പല പദ്ധതികളും ദിവാൻ ആസൂത്രണം ചെയ്തു. ജാതിമത സ്പർധകൾ ഉണ്ടാക്കാനായിരുന്നു ആദ്യം ശ്രമിച്ചത്. തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസിനെ തിരുവിതാംകൂർ ക്രിസ്ത്യൻ കോൺഗ്രസ് എന്നു പറഞ്ഞ് കളിയാക്കി പ്രചാരണം നടത്തി. തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സിന് അനുകൂലമായി ലേഖനങ്ങൾ എഴുതിയിരുന്ന പ്രമുഖപത്രങ്ങളായ മലയാളമനോരമ, കൗമുദി തുടങ്ങിയ പത്രങ്ങളുടെ പ്രവർത്തനാനുമതി സി.പി. റദ്ദാക്കി. തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സിനെയും, അതിന്റെ യുവജനസംഘടനയായ തിരുവിതാംകൂർ യൂത്ത് ലീഗിനെയും നിരോധിക്കപ്പെട്ട സംഘടനകളാക്കി പ്രഖ്യാപിക്കാൻ സി.പി. നിയമ ഭേദഗതി ചെയ്തു. ദിവാന്റെ അക്രമഭരണത്തിനെതിരെ സ്റ്റേറ്റ് കോൺഗ്രസ് രാജാവിന് ഒരു പരാതി സമർപ്പിച്ചു. സി.പി. രാമസ്വാമി അയ്യരെ തൽസ്ഥാനത്ത് നിന്നും നീക്കം ചെയ്ത് ഉത്തരവാദഭരണം നടപ്പിലാക്കണമെന്നും ഈ പരാതിയിലൂടെ കോൺഗ്രസ് രാജാവിനോട് ആവശ്യപ്പെട്ടു. നേതാവായി അക്കാമ്മ ചെറിയാനെ തിരഞ്ഞെടുക്കുകയും ചെയ്തു. കാര്യങ്ങളുടെ ഗൗരവം മനസ്സിലാക്കിയ സർക്കാർ തിരുവിതാംകൂർ സ്റ്റേറ്റുകോൺഗ്രസ്സിന്റെയും, യൂത്ത് ലീഗിന്റെയും നിയന്ത്രണങ്ങൾ എടുത്തു കളയുകയും നേതാക്കളെ തടവിൽ നിന്നും മോചിപ്പിക്കുകയും ചെയ്തു. എന്നാൽ ഇതുകൊണ്ടൊന്നും തങ്ങൾ തൃപ്തരല്ലെന്ന്, തടവിൽ നിന്നും മോചിതരായവർക്ക് നൽകിയ സ്വീകരണത്തിൽ പങ്കെടുത്തുകൊണ്ട് പട്ടം താണുപിള്ള പ്രഖ്യാപിച്ചു.

പ്രക്ഷോഭം കൂടുതൽ ശക്തമാക്കാനായിരുന്നു സ്റ്റേറ്റ് കോൺഗ്രസ് തീരുമാനം. തുടർന്ന് തിരു

SGOU

വനന്തപുരത്തു നടത്തിയ ഒരു സമ്മേളനം പോലീസ് ഇടപെട്ട് പിരിച്ചുവിടുകയും നേതാക്കളുൾപ്പെടെയുള്ളവരെ തടവിലാക്കുകയും ചെയ്തു. ഇവരെ വിട്ടയക്കണമെന്ന് ഗാന്ധിജി ദിവാനോട് ആവശ്യപ്പെട്ടെങ്കിലും, തനിക്കെതിരെ നടത്തിയിട്ടുള്ള ആരോപണങ്ങൾ പിൻവലിക്കണമെന്നാണ് ദിവാൻ മറുപടി നൽകിയത്. ഗാന്ധിജിയുടെ നിർദ്ദേശത്തെത്തുടർന്ന് ദിവാനെതിരെയുള്ള പരാതി പിൻവലിക്കണമെന്ന് കോൺഗ്രസ്സിലെ ഒരുകൂട്ടം നേതാക്കൾ ആവശ്യപ്പെട്ടപ്പോൾ, കുറേപ്പേർ അതിനെ എതിർത്തു. അതോടെ കോൺഗ്രസിൽ ഒരു പിളർപ്പിനുള്ള സാധ്യത ഉടലെടുത്തു. അവസാനം ദിവാനെതിരേയുള്ള മെമ്മോറാണ്ടം പിൻവലിക്കാൻ കോൺഗ്രസ്സ് തീരുമാനമെടുത്തു, ഇത് പ്രവർത്തകരുടെ മനോവീര്യം കെടുത്താൻ കാരണമായി. ഈ തീരുമാനം ദിവാന് അനുഗ്രഹമായിത്തീർന്നു. തന്റെ കൂടെ നിന്ന കോൺഗ്രസ്സിലെ നേതാക്കൾക്ക് ദിവാൻ സർക്കാർ ജോലി നൽകാമെന്ന് വാഗ്ദാനം ചെയ്തു. പ്രക്ഷോഭത്തിന്റെ പാരമ്യത്തിൽ കോൺഗ്രസ് എടുത്ത ഈ തീരുമാനം മറ്റു ഘടകകക്ഷികളെക്കൂടി നിരാശരാക്കി. എസ്.എൻ.ഡി.പി. യോഗം സ്റ്റേറ്റ് കോൺഗ്രസിനുള്ള പിന്തുണ പിൻവലിക്കുകയാണെന്ന് പ്രഖ്യാപിച്ചു. തൊട്ടു പിന്നാലെ സ്റ്റേറ്റ് കോൺഗ്രസ് നിയമലംഘന പ്രസ്ഥാനം പുനരാരംഭിക്കുകയാണെന്ന് ഗാന്ധിജിയുടെ ആശീർവാദത്തോടെ അറിയിച്ചു. 1939-105 രണ്ടാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടു. 1942-ൽ ക്വിറ്റ് ഇന്ത്യാസമരം ആരംഭിച്ചു. സ്റ്റേറ്റ് കോൺഗ്രസ്സിന്റേതുൾപ്പടെയുള്ള നേതാക്കൾ ജയിലിലായി. ഇതോടെ ഉത്തരവാദപ്രക്ഷോഭം ഒരു ജഡാവസ്ഥയിലെത്തിച്ചേർന്നു.

ഭരണഘടനാപരമായ പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യണമെങ്കിൽ സി.പി. ക്കെതിരായി നൽകിയ പരാതി പിൻവലിക്കണമെന്ന് സർക്കാർ ആവശ്യപ്പെട്ടപ്പോൾ സ്റ്റേറ്റ് കോൺഗ്രസ് അതംഗീകരിച്ചു. സ്റ്റേറ്റ് കോൺഗ്രസിലെ തീവ്രവാദികളായ ചിലർ ഇതിനോട് യോജിക്കാതെ പുതിയൊരു പാർട്ടി - കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകരിച്ചു. ദിവാൻഭരണമവസാനിപ്പിച്ച് ഉത്തരവാദഭരണം ഏർപ്പെടുത്തണമെന്ന ആവശ്യവുമായി അക്രമാസക്തമായ ജനം സമരം തുടങ്ങി. സർ സി.പി. യുടെ പോലീസും സമരക്കാരും തമ്മിൽ പലയിടത്തും ഏറ്റുമുട്ടി. അമേരിക്കൻ മാതൃകയിലുള്ള ഈ ഭരണപരിഷ്കാരമനുസരിച്ച് തെരഞ്ഞെടുക്കപ്പെട്ട നിയമസഭയോട് ഉത്തരവാദിത്തമില്ലാത്തതും രാജാവ് നിയമിക്കുന്നതുമായ ഒരു എക്സിക്യൂട്ടീവിലാണ് അധികാരം നിക്ഷിപ്തമായിരുന്നത്. സ്റ്റേറ്റ് കോൺഗ്രസ് ഇതിനെ എതിർത്തു. ദിവാൻ നീക്കത്തിനെതിരെ പൊതു പണിമുടക്കുകൾ ആരംഭിച്ചു. 1948-ൽ പുന്നപ്രയിലും വയലാറിലും നടന്ന വെടിവെപ്പുകൾക്ക് ഈ പ്രക്ഷോഭണങ്ങളുമായി ബന്ധമുണ്ട്. ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണം അവസാനിക്കുമ്പോൾ തിരുവിതാംകൂർ സ്വതന്ത്രരാജ്യമാവും എന്ന് 1947 ജൂൺ 11 - ന് സർ സി.പി. പ്രഖ്യാപിച്ചു. ഇതിനിടയിൽ 1947 ജൂലൈ 25ന് സി.പി. വെട്ടേല്ക്കുകയും അദ്ദേഹം ദിവാൻ സ്ഥാനം രാജിവെച്ച് മദ്രാസിലേക്ക് തിരികെ പോവുകയും ചെയ്തു. തിരുവിതാംകൂർ ഇന്ത്യാ യൂണിയനിൽ ചേരുമെന്ന് മഹാരാജാവ് മൗണ്ട് ബാറ്റൺ പ്രഭുവിനെ അറിയിച്ചു. 1946 ഓഗസ്റ്റ് 17-ന് ഉത്തരവാദിത്തഭരണം കൊച്ചിയിലും ഉറപ്പായി. തിരുവിതാംകൂറിൽ 1947 സെപ്റ്റംബർ 4-നാണ് മഹാരാജാവ് ഉത്തരവാദഭരണ വിളംബരം പ്രസിദ്ധപ്പെടുത്തിയത്. ഇതനുസരിച്ച് 1948 തിരുവതാംകൂറിൽ പ്രായപൂർത്തി വോട്ടവകാശത്തെ അടിസ്ഥാനമാക്കി പൊതു തെരഞ്ഞെടുപ്പും നടന്നു.

രണ്ടാം ലോകമഹായുദ്ധത്തിന്റെ അവസാനത്തോടെ 1946-ൽ ദിവാൻ സി.പി. രാമസ്വാമി അയ്യർ കുപ്രസിദ്ധമായ അമേരിക്കൻ മോഡൽ ഭരണപരിഷ്കാരങ്ങൾ നടപ്പിൽവരുത്തി. പ്രായപൂർത്തി വോട്ടവകാശവും, മുഖ്യഭരണാധികാരിയുടെ അധികാരവുമായിരുന്നു പ്രധാന നിർദ്ദേശങ്ങൾ. മുഖ്യഭരണാധികാരിയെ നീക്കംചെയ്യാൻ നിയമസഭക്ക് അധികാരം ഉണ്ടാവില്ല. മാത്രവുമല്ല ഇദ്ദേഹത്തിന് രാജാവിനോടു മാത്രമേ ഉത്തരവാദിത്തം ഉണ്ടായിരിക്കുകയുമുള്ളു. നിയമസഭയിലെ അംഗങ്ങളുടെ എണ്ണം 150 ആയി ഉയർത്തി. എല്ലാവരും തന്നെ തിരഞ്ഞെടുക്കപ്പെടുന്നവരായിരിക്കും. എന്നാൽ ഈ ഭരണപരിഷ്കാരങ്ങളെ തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്, കമ്മ്യൂണിസ്റ്റ് പാർട്ടി, തൊഴിലാളി സംഘടനകൾ എന്നിവർ 'അമേരിക്കൻ മോഡൽ അറബിക്കടലിൽ' എന്ന

SGOU

മുദ്രാവാക്യത്തോടെ തള്ളിക്കളഞ്ഞു. ഉത്തര വാദപ്രക്ഷോഭം കൂടുതൽ ശക്തമായി തുടരാൻ തൊഴിലാളി സംഘടനകളുൾപ്പടെയുള്ളവർ തീരുമാനിച്ചു. ഇതിന്റെ ഭാഗമായി പുന്നപ്ര-വയലാറിൽ നടന്ന വെടിവെപ്പിൽ ആയിരക്കണക്കിനാളുകൾ കൊല്ലപ്പെട്ടു.

തിരുവിതാംകൂർ ഒരു സ്വതന്ത്രരാജ്യമായി നിലനിൽക്കുമെന്ന് ദിവാൻ പ്രഖ്യാപിച്ചു. തന്റെ അധികാരം നഷ്ടപ്പെട്ടുപോകാതിരിക്കാനുള്ള അവസാന അടവായിരുന്നു ഇത്. എന്നാൽ തിരുവിതാംകൂർ സ്വതന്ത്ര ഇന്ത്യയുടെ ഭാഗമായിരിക്കുമെന്ന് രാജാവ് ഒരു റേഡിയോ പ്രക്ഷേപണത്തിലൂടെ ജനങ്ങളെ അറിയിച്ചു. ദിവാന്റെ തീരുമാനത്തെ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് തിരസ്കരിച്ചു. ഉത്തരവാദപ്രക്ഷോഭം ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് ഏറ്റെടുക്കുകയാണെന്ന് പ്രഖ്യാപിച്ചു. വീണ്ടും സമരങ്ങൾ അരങ്ങേറി. 1947 ജൂലൈ 25ന് സ്വാതിതിരുനാൾ സംഗീത അക്കാദമിയിൽ ഒരു കച്ചേരിയിൽ പങ്കുകൊണ്ടിരിക്കെ സി.പി. രാമസ്വാമിഅയ്യരെ കെ.സി.എസ്. മണി എന്നയാൾ വധിക്കാൻ ശ്രമിച്ചു. ഭയചകിതനായ ദിവാൻ സി.പി. രാമസ്വാമി അയ്യർ തന്റെ സ്ഥാനം രാജിവെച്ച് തിരുവിതാംകൂർ വിട്ടു. ഇന്ത്യൻ യൂണിയനിൽ ചേരുവാൻ സമ്മതമാണെന്നു കാണിച്ചുകൊണ്ട് രാജാവ് നേതൃത്വത്തിനു കത്തെഴുതി. അങ്ങനെ തിരുവിതാംകൂറിനെ ഇന്ത്യൻ യൂണിയനിൽ കൂട്ടിച്ചേർത്തു.

## 6.4. നവോത്ഥാനവും മലയാള ദേശീയതയും

യൂറോപ്യൻ നവോത്ഥാനത്തിനുശേഷം നൂറ്റാണ്ട് തികയുമ്പോഴാണ് ഇന്ത്യയിൽ നവോത്ഥാന ചലനങ്ങളാരംഭിച്ചത്. രാഷ്ട്രീയമായി അത് ദേശീയ ഭരണകൂടത്തിനും, സാമ്പത്തികമായി വ്യവസായവത്കരണത്തിനും വഴിതെളിച്ചു. കച്ചവടത്തിനെത്തി ഒടുവിൽ ഇവിടം അടക്കി ഭരിക്കാൻ തുടങ്ങിയ ബ്രിട്ടീഷുകാർക്കെതിരായ ദേശീയ സമരത്തിന്റെ ഭാഗം കൂടിയായിരുന്നു ഈ നവോത്ഥാനം. ഇന്ത്യയിൽ വെച്ച് ഏറ്റവും ശക്തമായ നവോത്ഥാനശ്രമങ്ങൾ കേരളത്തിൽ നിന്നാണ് ഉറവപൊട്ടിയതെന്ന് സംസ്കാര ചരിത്രകാരന്മാർ വിലയിരുത്തിയിട്ടുണ്ട്. കേരളീയ നവോത്ഥാനത്തിന്റെ ഒരു പരിമിതി അത് ജാതിയിലധിഷ്ഠിതമായിരുന്നു എന്നതാണ്. എന്നാൽ അത്തരം പരിമിതികളെ മറികടക്കാൻ പോന്നതായിരുന്നു അവയുണ്ടാക്കിയ ജാതിയിലധിഷ്ഠിതമായ ചലനങ്ങൾ. ആചാരങ്ങൾ പരിഷ്കരിക്കാനും മനുഷ്യന് വില കല്പിക്കാനുമാണ് നവോത്ഥാനനായകർ മുന്നോട്ടുവന്നത്. മാനവികത, യുക്തിചിന്ത, സമത്വം തുടങ്ങിയവ നവോത്ഥാനത്തിന്റെ മൂല്യങ്ങളാണ്.

മാതൃദേശത്തോടും മാതൃഭാഷയോടും മുമ്പില്ലാത്ത സ്നേഹവും, കേരളീയത, മലയാളിത്തം തുടങ്ങിയ അവബോധങ്ങളും ഉണ്ടായത് നവോത്ഥാനകാലത്താണ്. നവോത്ഥാനഫലമായുണ്ടായ പുതിയ ലോകബോധത്തിന്റെ ഉല്പന്നങ്ങളാണ് ദേശീയത, ദേശബോധം തുടങ്ങിയവ. ഒരു ദേശമെന്ന നിലയ്ക്ക് ജനങ്ങൾ ഐക്യപ്പെടാൻ തുടങ്ങുന്നതിന്റെ പ്രതിഫലനം എല്ലായിടത്തും ദൃശ്യമായി. ഏതെങ്കിലും ഒരു ജാതിക്കാരനെന്ന നിലയ്ക്കുമാത്രം നിലനിൽപ്പുണ്ടായിരുന്ന. മനുഷ്യൻ പല ജാതിമതസ്ഥർ താമസിക്കുന്ന ഒരു ദേശത്തിലെ അംഗമാണെന്നു ചിന്തിക്കുന്ന പുതിയ പൗരബോധം അതിനു മുൻപുണ്ടായിരുന്നില്ല. ഞാൻ പുലയനാണ്, ഈഴവനാണ് എന്നൊക്കെ ചിന്തിച്ചിരുന്നവർ ഞാൻ കേരളീയനാണ്, മലയാളിയാണ് എന്നു ചിന്തിച്ചു തുടങ്ങിയപ്പോൾ വലിയ മാറ്റമാണുണ്ടായത്. ഇങ്ങനെ ജീവിതത്തിന്റെ സമസ്തമണ്ഡലങ്ങളെയും പുതുക്കിപ്പണിയാൻ നവോത്ഥാനത്തിനു ഒരു പരിധിവരെ സാധിച്ചിട്ടുണ്ട്.

### 6.4.1. ദേശീയതയുടെയും ദേശീയ പ്രസ്ഥാനത്തിന്റെയും രൂപപ്പെടൽ

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനമായപ്പോഴേക്ക് ഇന്ത്യയിൽ ദേശീയബോധം വികാസം പ്രാപിച്ചതായി കാണാം. ബഹുമുഖമായ ആശയങ്ങളും സമരങ്ങളുമാണ് ഈ ധാരയെ നയിച്ചത്. കേരളത്തിലെ മൂന്ന് പ്രവിശ്യകളിലും സമരത്തിന്റെ സ്വഭാവവും രീതികളും വ്യത്യസ്തമായിരുന്നു എന്നതിനാലാണ് ഈ നിഗമനം. ബ്രിട്ടീഷ് ഭരണത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുണ്ടായിരുന്ന മലബാർ പ്രവിശ്യയിലെ

പോലെ തീവ്രമോ സംഘടിതമോ ആയിരുന്നില്ല ആദ്യഘട്ടത്തിൽ നാട്ടുരാജ്യങ്ങളായ കൊച്ചിയിലെയും തിരുവിതാംകൂറിലെയും സമരങ്ങൾ. ഇവിടെ സാമൂഹ്യനവീകരണപ്രസ്ഥാനങ്ങൾ ശക്തിയാർജിച്ചപ്പോൾ മലബാർ പ്രവിശ്യയിൽ ദേശീയതാപ്രസ്ഥാനം അതിന്റെ രാഷ്ട്രീയസമരമുഖങ്ങൾ പ്രകടിപ്പിച്ചു തുടങ്ങി.

ബ്രിട്ടീഷ്ഭരണത്തിലുള്ള പ്രവിശ്യകളിലാണ് പ്രധാനമായും സാമ്രാജ്യത്വ വിരുദ്ധപ്രക്ഷോഭങ്ങൾ ശക്തിപ്രാപിച്ചത്. ആധുനിക വിദ്യാഭ്യാസം നേടിയ പുതിയ തലമുറയായിരുന്നു അതിന് ആശയപരമായ നേതൃത്വം നൽകിയത്. സാമൂഹ്യപരിഷ്കരണം, ഭരണപങ്കാളിത്തം തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാരംഭിച്ച പ്രക്ഷോഭങ്ങൾ ഏകീകൃതമായ ഒരു സ്വഭാവം കൈവരിക്കുന്നത് 1885-ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് രൂപീകരിക്കുന്നതോടെയാണ്. ഒരു മധ്യവർഗത്തിന്റെ നിയന്ത്രണമുണ്ടായിരുന്ന കോൺഗ്രസ് ആദ്യഘട്ടത്തിൽ സാമ്രാജ്യത്വത്തോട് നേരിട്ട് ഏറ്റുമുട്ടുന്നില്ലെങ്കിലും പിന്നീടുള്ള പ്രഖ്യാപിതലക്ഷ്യമായി സാമ്രാജ്യത്വത്തിൽ നിന്ന് ഇന്ത്യയെ മോചിപ്പിക്കുക എന്നതിലേയ്ക്ക് മാറുന്നു. അതോടു കൂടി ഇന്ത്യൻ ദേശീയസമരത്തിന്റെ മുന്നണിപ്പോരാളിയായി കോൺഗ്രസ്സ് മാറി. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ വിപ്ലവകാരികൾ കോൺഗ്രസിന്റെ സമരരീതികളിൽ മാറ്റം വരുത്തണം എന്ന് വാദിച്ചു. എന്നാൽ ഗാന്ധിജിയുടെ അഭിപ്രായം അഹിംസയുടെ പാതയിൽ സമരം നടത്തണം എന്നതായിരുന്നു.

ഇത്തരം സംഘർഷങ്ങളുടെ അലയൊലികൾ കേരളത്തിലും പ്രകടമായി. ജി.പി പിള്ള, സർ സി. ശങ്കരൻനായർ, ദൈരുനമ്പ്യാർ തുടങ്ങി ചുരുക്കം ചിലർ ആദ്യകാല കോൺഗ്രസുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചവരാണ്. 1887-ൽ അമരാവതിയിൽ നടന്ന കോൺഗ്രസ് സമ്മേളത്തിൽ അധ്യക്ഷത വഹിച്ചത് ശങ്കരൻ നായരാണ്. ഇവരെല്ലാം സ്വന്തം നിലയിൽ കോൺഗ്രസിനെ പ്രതിനിധീകരിച്ചവരോ. കേരളത്തിനു പുറത്ത് ജീവിതം നയിച്ചവരോ ആയിരുന്നു. 1904-ൽ കോൺഗ്രസിന്റെ ഒരു സമ്മേളനം നടക്കുകയുണ്ടായി. 1908-ൽ മലബാറിൽ കോൺഗ്രസിന്റെ ജില്ലാസമിതി രൂപീകരിക്കപ്പെട്ടു. ഇതിനു ശേഷം കോൺഗ്രസിന്റെ നേതൃത്വത്തിൽ ദേശീയസമരം മലബാറിൽ ശക്തിപ്രാപിക്കാൻ ആരംഭിച്ചു.

മലയാളി മെമ്മോറിയലും ഈഴവമെമ്മോറിയലും സമർപ്പിക്കപ്പെടുകയുണ്ടായി. തങ്ങൾക്കും പൗരാവകാശങ്ങളും സർക്കാർ ജോലികളും ലഭ്യമാക്കണം എന്നതായിരുന്നു ഈ നിവേദനത്തിന്റെ താല്പര്യം. ഇതിനെ തുടർന്ന് ഒരു പുതിയ ഉണർവ് പ്രകടമായി. അത് ഭരണകൂടവിമർശനം എന്ന നിലയിൽ ശക്തിപ്രാപിച്ചു. സ്വദേശാഭിമാനി രാമകൃഷ്ണപിള്ള അതിന്റെ നേതൃത്വം ഏറ്റെടുക്കുകയും സ്വദേശാഭിമാനി എന്ന തന്റെ പത്രത്തിലൂടെ അഴിമതിയ്ക്കും സ്വജനപക്ഷപാതത്തിനും എതിരെ ലേഖനങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തുകൊണ്ടിരുന്നു. ദിവാൻ പി. രാജഗോപാലാചാരിയെ ശക്തമായി വിമർശിച്ചതിന്റെ പേരിൽ സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെ 1910-ൽ തിരുവിതാംകൂറിൽ നിന്നും നാടുകടത്തി. ജനങ്ങളിൽ പുതിയ അവകാശബോധം സൃഷ്ടിക്കുന്നതിനും മാറ്റത്തിന് വേണ്ടി പോരാടാനും പലനിലകളിൽ പ്രചോദനം ചെയ്ത ആളായിരുന്നു കെ. രാമകൃഷ്ണപിള്ള. സോഷ്യലിസ്റ്റ് ആശയങ്ങൾ തിരുവിതാംകൂറിൽ വേരുറപ്പിക്കാൻ തുടങ്ങിയതിന്റെ ആദ്യകണ്ണിയായി അദ്ദേഹത്തെ കാണാം.

ഹോംറൂൾ (ആഭ്യന്തരഭരണം) എന്ന ആശയം പ്രചരിക്കുകയും ജനപിന്തുണ ലഭിക്കുകയും ചെയ്തതോടെ കേരളത്തിൽ പ്രത്യേകിച്ച് മലബാറിലെ രാഷ്ട്രീയപ്രവർത്തനം പുതിയ ഒരു ഘട്ടത്തിലേക്ക് കടന്നു. 1916 - ലും 1917 - ലും നടന്ന മലബാർ ജില്ലാ രാഷ്ട്രീയസമ്മേളനത്തിൽ ഹോംറൂൾ ലീഗ് നേതാവ് ആനിബസന്റിനെ പോലുള്ള ദേശീയ നേതാക്കൾ വന്ന് പ്രസംഗിച്ചു. ഇന്ത്യയിൽ സ്വയംഭരണ സർക്കാർ എന്ന ആവശ്യം ഉന്നയിച്ച് സമരം ചെയ്ത രാഷ്ട്രീയത്തടവുകാരെ മോചിപ്പിക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയങ്ങൾ ഈ സമ്മേളനങ്ങളിൽ പാസ്സാക്കുകയും, സർക്കാരിനെ അറിയിക്കുകയും ചെയ്തു. എ.കെ. പിള്ളയെപോലെ ഉത്സാഹശാലികളായ യുവാക്കളുടെ ശ്രമഫലമായി തിരുവിതാംകൂറിലും കൊച്ചിയിലും കോൺഗ്രസ് കമ്മറ്റികൾ

SGOU

പ്രവർത്തനം ആരംഭിക്കുകയും ഇന്ത്യയുടെ സ്വയംഭരണമെന്ന ആശയം പ്രചരിപ്പിക്കുകയും ജനങ്ങളെ സമരസജ്ജരാക്കുകയും ചെയ്തു.

ദേശീയപ്രസ്ഥാനത്തെ സംബന്ധിച്ച് നിർണ്ണായകമായ മാറ്റങ്ങൾ കടന്നുവരുന്നത് കോൺഗ്രസ്സിന്റെ നേതൃത്വത്തിലേയ്ക്ക് ഗാന്ധിജി വരുന്നതോടെയാണ് ഇത് കേരളത്തിലെ ദേശീയ സമരങ്ങൾക്ക് പുതിയ ദിശാബോധം നൽകി. മധ്യവർഗത്തിന്റെ ഇടയിൽ നിന്നും സാധാരണക്കാരന്റെ കൂടി പങ്കാളിത്തം കൈവരുന്നത് ഈ ഘട്ടത്തിലാണ്. ബഹുജനപങ്കാളിത്തമുള്ള ഒന്നായി ദേശീയപ്രസ്ഥാനം മാറി. 1920–ലെ മഞ്ചേരി സമ്മേളനത്തോടെ മിതവാദികളും തീവ്രവാദികളും തമ്മിലുള്ള അകൽച്ച കൂടുതൽ വ്യക്തമായി. 1921–ലെ ഒറ്റപ്പാലം സമ്മേളനം കേരളത്തിലെ കോൺഗ്രസ്സ് പ്രസ്ഥാനത്തെ ഒറ്റപ്രസ്ഥാനമാക്കി കേരളപ്രദേശ് കോൺഗ്രസ്സ് കമ്മറ്റി എന്ന നിലയിലാണ് നടന്നത്. മലബാർ, കൊച്ചി, തിരുവിതാംകൂർ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുള്ള പ്രതിനിധികൾ സമ്മേളനത്തിനെത്തിചേർന്നു. ഐക്യകേരളം എന്ന ആശയത്തെ മുൻനിർത്തി പ്രവർത്തനങ്ങൾ നടത്താൻ ഈ സമ്മേളനത്തിലാണ് തീരുമാനിച്ചത്. നിസ്സഹരണപ്രസ്ഥാനവും ശക്തമായ കാലമായിരുന്നു അത്. ഗാന്ധിയൻ ആശയങ്ങൾക്ക് കേരളത്തിൽ പതിയെ സ്വീകാര്യത ലഭിച്ചു തുടങ്ങി. 1912 – ലെ ഗാന്ധിജിയുടെ കേരളസന്ദർശനം മലബാറിലെ കോൺഗ്രസ്സ് പ്രവർത്തനത്തെ ശക്തിപ്പെടുത്തി. ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ ശക്തിപ്പെടലും ഈ കാലത്ത് നടന്നു.

സാമ്രാജ്യത്വവിരുദ്ധസമരം തീവ്രമാകുന്നത് ഉപ്പുസത്യാഗ്രഹത്തോടുകൂടിയാണ്. സിവിൽ നിയമലംഘനപ്രസ്ഥാനവും ഈ കാലത്ത് ശക്തിയാർജിക്കുന്നുണ്ട്. കേരളത്തിന്റെ എല്ലാ ഭാഗത്തു നിന്നും ഇവയ്ക്ക്, പിന്തുണ ലഭിച്ചു. പയ്യന്നൂരിലും കോഴിക്കോട്ടും ഉപ്പുനിയമം ലംഘിക്കപ്പെട്ടു. കോൺഗ്രസ് പ്രവർത്തകർ പലരും ജയിലിലായി. കോൺഗ്രസ്സ് പ്രവർത്തനം ഈ കാലത്ത് നിരോധിക്കപ്പെട്ടു. പക്ഷെ സമരം തുടർന്നുകൊണ്ടിരുന്നു. വിദേശവസ്തുക്കളും സ്ഥാപനങ്ങളും ബഹിഷ്കരിക്കപ്പെട്ടു. ഈ പ്രവർത്തനങ്ങളുടെ ഭാഗമായിട്ടാണ് തിരുവിതാംകൂറിൽ യൂത്ത് ലീഗ് രൂപവല്കരിക്കപ്പെടുന്നത്. വിപ്ലവാവേശം ഉള്ളിലുണ്ടായിരുന്ന യുവാക്കളാണ് ഇതിന് നേതൃത്വം നൽകിയത്. 1920 – കളുടെ അവസാനത്തിലും 1930കളിലും കേരളത്തിന്റെ ദേശീയപ്രസ്ഥാനത്തിൽ കണ്ട സവിശേഷത കർഷകരുടെയും തൊഴിലാളികളുടെയും പങ്കാളിത്തത്തിലുണ്ടായ വർധനവായിരുന്നു. ജന്മി–കുടിയാൻ പ്രശ്നങ്ങളും ഭൂമിയുടെ അവകാശങ്ങളും ഈ ഘട്ടത്തിൽ ചർച്ചയാവുന്നുണ്ട്. അതിന്റെ ഭാഗമായി 1935–ൽ മലബാറിൽ ആദ്യത്തെ കർഷകസംഘം കൊളച്ചേരിയിൽ രൂപീകരിക്കപ്പെട്ടു. ജന്മികളുടെ അതിക്രമങ്ങൾ തടയുക എന്നതായിരുന്നു സംഘടനയുടെ ലക്ഷ്യം. ഇതിനെ പിന്തുടർന്ന് ധാരാളം കർഷകസംഘങ്ങൾ 1930 കളുടെ അവസാനമാവുമ്പോഴേക്കും മലബാറിൽ പ്രവർത്തനം ആരംഭിച്ചു. കർഷകരുടെയും തൊഴിലാളികളുടെയും നേതൃത്വത്തിൽ രൂപപ്പെട്ടു വന്ന പ്രസ്ഥാനങ്ങളാണ് കേരളത്തിൽ ശക്തമായ ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ വളർച്ചയ്ക്ക് കാരണമായത്. എന്നാൽ 1934–ൽ ഇ.എം.എസിന്റെയും പി. കൃഷ്ണപിളളയുടെയും നേതൃത്വത്തിൽ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിക്ക് രൂപംനൽകി. മലബാറിലെ പല ഭാഗങ്ങളിലും കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിക്ക് പിന്തുണ ലഭിച്ചു. കോൺഗ്രസിനകത്തെ സോഷ്യലിസ്റ്റ് വിഭാഗത്തിന്റെ ശക്തി വർധിച്ചു. രാഷ്ട്രീയസമരങ്ങൾക്ക് മറ്റൊരു ദിശാബോധം കൈവരുകയും ചെയ്തു. അത് ജന്മിത്വത്തിൽ നിന്നും അസമത്വത്തിൽ നിന്നുമുള്ള മോചനം കൂടി മുന്നോട്ട് വെച്ചു.

ദേശീയപ്രസ്ഥാനം ശക്തിപ്രാപിക്കുന്നത് ബഹുജനങ്ങളുടെ പിന്തുണ ആർജിക്കുന്നതോടെയാണ്. വൈദേശിക ഭരണത്തിൽ നിന്നും മോചനം ലഭിക്കുന്നതിനു വേണ്ടിയുള്ള പ്രക്ഷോഭം, ജന്മിത്തവിരുദ്ധപ്രക്ഷോഭം, അടിച്ചമർത്തപ്പെട്ടവരുടെ അവകാശങ്ങൾക്കു വേണ്ടിയുള്ള പോരാട്ടങ്ങൾ തുടങ്ങി സമഗ്രമായ മാറ്റത്തിനു വേണ്ടി ജനതയാകെ സമരരംഗത്തേയ്ക്ക് വന്ന ഒരു സംയോജിത പ്രക്ഷോഭമുന്നണിയായിരുന്നു ദേശീയപ്രസ്ഥാനം. ഇത് ഏതെങ്കിലും ഒരു പ്രത്യേക വിഭാഗത്തിന്റെ നേതൃത്വത്തിൽ അല്ല നടന്നത്. കർഷകരുടെയും, തൊഴിലാളികളുടെയും, അടി

SGOU

ച്ചമർത്തപ്പെട്ടവരുടെയും, അഭ്യസ്തവിദ്യരും ഉല്പതിഷ്ണുക്കളുമായ യുവാക്കളുടെയും ഒരു സംയുക്ത പ്രക്ഷോഭ മുന്നണിയായിരുന്നു കേരളത്തിലെ ദേശീയ സമരധാര.

ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിന്റെ സവിശേഷത അതിന്റെ ബഹുജനാടിത്തറയായിരുന്നു. ആദ്യഘട്ടത്തിൽ പ്രധാനമായും മധ്യവർഗങ്ങളിൽ ഒതുങ്ങിനിന്നിരുന്ന ദേശീയപ്രസ്ഥാനം പിന്നീടാണ് ഇന്ത്യയിലെ ബഹുജനവിഭാഗങ്ങളിലേക്ക് കൂടുതലായി വ്യാപിച്ചത്. ഇന്ത്യയിലെ ബഹുജനങ്ങളുടെ ഇടയിലുണ്ടായ സാമ്രാജ്യത്വ വിരുദ്ധമനോഭാവവും ദേശീയപ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് ആക്കം കൂട്ടി ബ്രിട്ടീഷ് ഗവൺമെന്റിന്റെ വാഗ്ദാനങ്ങളെക്കുറിച്ചുള്ള മിഥ്യാബോധവും ഗവൺമെന്റിന്റെ വൻതോതിലുള്ള അടിച്ചമർത്തലുകളും കർഷകരും തൊഴിലാളിവർഗവും ഉൾപ്പെടെയുള്ള ജനതയെ ഗുരുതരമായി ബാധിച്ചു. ഇത് ദേശീയപ്രസ്ഥാനത്തിന്റെ വളർച്ചയിൽ നിർണ്ണായകമായി. മാത്രമല്ല ഗാന്ധിജിയുടെ നേതൃത്വം ദേശീയപ്രസ്ഥാനത്തെയും കോൺഗ്രസ്സിനെയും കൂടുതൽ ജനങ്ങളോട് അടുപ്പിച്ചു. 1920 കളുടെ അവസാനത്തിലും 1930 കളിലും കേരളത്തിന്റെ ദേശീയപ്രസ്ഥാനത്തിൽ കണ്ട സവിശേഷത കർഷകരുടെയും തൊഴിലാളികളുടെയും പങ്കാളിത്തത്തിലുണ്ടായ വർധനവായിരുന്നു. ആശയപരമായി കമ്മ്യൂണിസം, സോഷ്യലിസം തുടങ്ങിയ ആശയങ്ങളിൽ ആകൃഷ്ടരായ യുവ കോൺഗ്രസ്സുകാർ ഭഗത്സിംഗ്, എം.എൻ. റോയ് എന്നിവരുടെ പ്രവർത്തനങ്ങളിലും ആശയങ്ങളിലും ആവേശഭരിതരായി. രാഷ്ട്രീയ സമരങ്ങൾക്ക് മറ്റൊരു ദിശാബോധം കൈവന്നു. അത് ജന്മിത്വത്തിൽ നിന്നും അസമത്വത്തിൽ നിന്നുമുള്ള മോചനം കൂടി മുന്നോട്ട് വെച്ചു.

ഈ ഘട്ടത്തിലെ മറ്റൊരു സംഭവവികാസം സോഷ്യലിസ്റ്റ് കമ്മ്യൂണിസ്റ്റ് ഗ്രൂപ്പുകളുടെ വളർച്ചയായിരുന്നു. തൊഴിലാളിവർഗത്തിന്റെ സ്വതന്ത്രമായ രാഷ്ട്രീയപ്രസ്ഥാനങ്ങളും ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളും വർഗസമരത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിച്ചു. 1926നു ശേഷം ഇന്ത്യൻ തൊഴിലാളിവർഗം ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിൽ ഒരു സ്വതന്ത്ര രാഷ്ട്രീയഘടകമെന്ന നിലയിൽ രംഗപ്രവേശം ചെയ്തു. ഇത് ദേശീയപ്രസ്ഥാനത്തിന്റെ ചരിത്രത്തിലെ നിർണ്ണായകമാറ്റമായിരുന്നു. കോൺഗ്രസ് അതിന്റെ രാഷ്ട്രീയലക്ഷ്യം സ്വരാജ് എന്ന പദത്തിൽ നിന്ന് സ്വാതന്ത്ര്യം എന്ന് നിർവചിച്ചത് ഇക്കാലത്തായിരുന്നു. രാജ്യത്ത് പൊന്തി വന്ന വിവിധ യുവജനസംഘടനകളും സ്വാതന്ത്ര്യം തങ്ങളുടെ രാഷ്ട്രീയലക്ഷ്യമായി അംഗീകരിച്ചു. ഗാന്ധിജിയുടെ നേതൃത്വത്തിൽ കോൺഗ്രസ് സിവിൽ നിയമലംഘന പ്രസ്ഥാനത്തിന് (1930-34) തുടക്കം കുറിച്ചു. ഈ ഘട്ടത്തിൽ ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിന്റെ മുഖ്യമായ നേട്ടം അത് ഒരു ബഹുജനാടിസ്ഥാനമായി മാറി എന്നതാണ്.

ഇത്തരം സംഘർഷങ്ങളുടെ അലയൊലികൾ കേരളത്തിലും പ്രകടമായി. ജി.പി. പിള്ള, സർ സി. ശങ്കരൻ നായർ, മൈരു നമ്പ്യാർ തുടങ്ങി ചുരുക്കം ചിലർ ആദ്യകാല കോൺഗ്രസുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചവരാണ്. 1887-ൽ അമരാവതിയിൽ നടന്ന കോൺഗ്രസ് സമ്മേളത്തിൽ അധ്യക്ഷത വഹിച്ചത് ശങ്കരൻ നായരാണ്. ഇവരെല്ലാം സ്വന്തം നിലയിൽ കോൺഗ്രസ്സിനെ പ്രതിനിധീകരിച്ചവരോ, കേരളത്തിനു പുറത്ത് ജീവിതം നയിച്ചവരോ ആയിരുന്നു. എന്നാൽ 1904-ൽ കോൺഗ്രസിന്റെ ഒരു സമ്മേളനം നടക്കുകയുണ്ടായി. 1908-ൽ മലബാറിൽ കോൺഗ്രസിന്റെ ജില്ലാസമിതി രൂപീകരിക്കപ്പെട്ടു. ഇതിനു ശേഷം കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ ദേശീയസമരം മലബാറിൽ പതിയെ ശക്തിപ്രാപിക്കാൻ ആരംഭിച്ചു.

## 6.5. കേരളസംസ്ഥാനത്തിന്റെ രൂപീകരണം

1930 കൾ മുതൽ കേരള സംസ്ഥാനരൂപീകരണം വരെയുള്ള ചരിത്രമാണ് ഇവിടെ ചർച്ചാവിഷയമാവുന്നത്. തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിങ്ങനെ മൂന്ന് നാട്ടുരാജ്യങ്ങളായാണ് ഇക്കാലത്ത് കേരളം വിഭജിക്കപ്പെട്ടിരുന്നത്. നാട്ടുരാജാക്കന്മാരുടെയും നാടുവാഴിത്തത്തിന്റെയും ജന്മിത്തത്തിന്റെയും ഫ്യൂഡലിസത്തിന്റെയും ഇരകളാക്കപ്പെട്ട സാധാരണക്കാരായ ജനങ്ങൾ സംഘടനാശക്തി തിരിച്ചറിയുകയും തങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി ഒത്തുചേർ

SGOU

ന്ന് പോരാടാനും തുടങ്ങിയ കാലമാണ് 1930 കൾ. ഭരണസംവിധാനത്തിനകത്തെ ക്രമക്കേടുകൾ ചൂണ്ടിക്കാണിക്കുന്ന ലേഖനങ്ങൾ ഉൾക്കൊള്ളുന്ന പത്രമാസികകളും ഇക്കാലത്തുണ്ടാകാൻ തുടങ്ങി. നിവർത്തനപ്രക്ഷോഭം ഉണ്ടാക്കിയ അലയൊലികൾ സംഘടനാശക്തിയുടെ വില മനസ്സിലാക്കാൻ സഹായിക്കുന്ന ഒന്നായിരുന്നു. തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് ആയിരുന്നു അക്കാലത്തെ പ്രധാന രാഷ്ട്രീയ സംഘടന. ദിവാന്റെ ഭരണപരിഷ്കാരങ്ങളോടുള്ള പ്രതിഷേധങ്ങളായാണ് പ്രക്ഷോഭങ്ങൾ ആരംഭിക്കുന്നത്. സർ സി.പിക്ക് എതിരായി മെമ്മോറാണ്ടം സമർപ്പിക്കുകയും പ്രക്ഷോഭങ്ങൾ ആരംഭിക്കുകയും ചെയ്തത് പ്രധാന ചരിത്രസംഭവമാണ്.

സർ. സി.പിക്ക് എതിരായി നൽകിയ മെമ്മോറാണ്ടം പിൻവലിക്കാനും നിയമലംഘന സമരം നിർത്തലാക്കാനും ഗാന്ധിജി നൽകിയ നിർദ്ദേശം കോൺഗ്രസിൽ അഭിപ്രായ ഭിന്നതകൾ സൃഷ്ടിച്ചു. സോഷ്യലിസ്റ്റ് ആശയങ്ങളോട് താല്പര്യമുള്ള ഒരു ഗ്രൂപ്പ് വളർന്നു വരുന്ന കാലഘട്ടമായിരുന്നു അത്. കോൺഗ്രസ്സിന്റെ ഇത്തരം നേതൃത്വനയങ്ങളോടുള്ള പ്രതിഷേധമായിട്ടാണ് ഇടതുപക്ഷ പാർട്ടി കോൺഗ്രസ്സിനുള്ളിൽ ശക്തമാകുന്നത്. 1920- കളിലും രണ്ടാം ലോകമഹായുദ്ധകാലത്തും ലോകത്തെ ബാധിച്ച സാമ്പത്തികമാന്ദ്യം തൊഴിലാളികളുടെ ജീവിതത്തെയും ബാധിച്ചു. കുറഞ്ഞ വേതനവും ഉയർന്ന വിലയും സാമാന്യജനത്തെ ഞെരുക്കിക്കൊണ്ടിരുന്നു. അനൗദ്യോഗിക കണക്ക് പ്രകാരം നോക്കിയാൽ ഇരുപതിനായിരത്തിലധികം ജനങ്ങൾ പട്ടിണി മരണത്തിനിരയായി. ഒരു വശത്ത് പട്ടിണിയും മറുവശത്തു ജന്മിമുതലാളികളുടെ ഗുണ്ടകളും പോലീസും ചേർന്ന് നടത്തിയ പീഡനവും പിടിച്ചുപറിയും തൊഴിലാളികളെ നട്ടംതിരിച്ചു. തങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി പോരാടാൻ തയ്യാറായ ഒരു ജനതയെയാണ് ഇക്കാലത്ത് നമുക്ക് കാണാനാവുക. പട്ടിണി അല്ലെങ്കിൽ അവകാശങ്ങൾക്കുവേണ്ടിയുള്ള സമരം എന്ന അവസ്ഥയിലേക്ക് രൂപപ്പെട്ടു പോയവരായിത്തീർന്നു സാധാരണക്കാരായ കർഷകതൊഴിലാളികൾ. ഇവരുടെ ഇടയിലേക്ക് പുത്തൻആശയങ്ങളുടെ വെളിച്ചവുമായി വന്നത് സോഷ്യലിസ്റ്റ് ആശയങ്ങളെ പ്രചരിപ്പിക്കുന്ന സോഷ്യലിസ്റ്റ് കോൺഗ്രസ് എന്ന സംഘടനയാണ്. ഈ സംഘടനയുടെ കീഴിലാണ് കർഷക തൊഴിലാളിസംഘങ്ങൾ രൂപീകരിക്കപ്പെട്ടത്. നിരവധിയായ കർഷകസമരങ്ങൾ മൂന്നു നാട്ടുരാജ്യങ്ങളിലും സംഘടിപ്പിക്കപ്പെട്ടു. മലബാറിലാണ് കർഷകസംഘം ശക്തമായത്. ഉത്തരകേരളത്തിൽ തൊഴിലാളി പ്രസ്ഥാനമാണ് കരുത്താർജിച്ചത്, കർഷക തൊഴിലാളിപ്രസ്ഥാനത്തിലൂടെ കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ രൂപീകരണവും നടന്നു.

ഒന്നാം ലോകമഹായുദ്ധാനന്തരം ഉണ്ടായ സാമ്പത്തികമാന്ദ്യവും അതുണ്ടാക്കിയ കഷ്ടനഷ്ടങ്ങളും ജനങ്ങളെ പ്രതിസന്ധിയിൽ എത്തിച്ച കാലഘട്ടമായിരുന്നു 1920 കൾ മുതലിങ്ങോട്ടുള്ള കാലഘട്ടം. നാടുവാഴിത്തത്തിന്റെയും ജന്മിത്തത്തിന്റെയും ചൂഷണത്തിന് ഇരകളായിരുന്നു സാധാരണക്കാരായ ജനവിഭാഗങ്ങൾ. രാജഭരണത്തിന്റെ കീഴിൽ അസ്വസ്ഥരായ ജനവിഭാഗങ്ങൾ ഉത്തരവാദഭരണത്തിനായുള്ള മുറവിളികൾ ഉയർത്താൻ തുടങ്ങുകയും ചെയ്ത കാലഘട്ടമായിരുന്നു അത്. ദേശീയതലത്തിൽ രൂപപ്പെട്ട കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അനുരണനമെന്നോണമാണ് തിരുവിതാംകൂറിൽ കമ്മ്യൂണിസ്റ്റ് ലീഗ് രൂപം കൊള്ളുന്നത്. കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി കമ്മ്യൂണിസ്റ്റ് ആശയങ്ങളെ പ്രചരിപ്പിക്കാൻ ലക്ഷ്യം വച്ചുള്ള സംഘടനയായിരുന്നിട്ടും വേണ്ടത്ര വികാസം പ്രാപിക്കാൻ ഈ സംഘടനക്ക് കഴിഞ്ഞില്ല. സ്റ്റേറ്റ് കോൺഗ്രസ്സിനൊപ്പം സഖ്യകക്ഷിയായാണ് ഈ സംഘടന പ്രവർത്തിച്ചു പോന്നത്. സ്റ്റേറ്റ് കോൺഗ്രസിനകത്തെ യോജിക്കാനാവാത്ത തീരുമാനങ്ങളോട് കലഹിച്ചു നിന്നുവെങ്കിലും വലിയ മാറ്റങ്ങൾ ഒന്നും ഉണ്ടാക്കാൻ ഈ സംഘടനക്ക് കഴിഞ്ഞില്ല. രാജാവിനെതിരെ ചുവരെഴുത്തുകൾ നടത്തുന്നതിലും മറ്റും ഈ സംഘടന ഒതുങ്ങിപ്പോവുകയും പിന്നീടത് സോഷ്യലിസ്റ്റ് കോൺഗ്രസ്സിൽ ലയിക്കുകയുമാണ്.

സ്റ്റേറ്റ് കോൺഗ്രസിനകത്തുണ്ടായ ആശയസംഘർഷങ്ങൾ മൂലം വലതുപക്ഷമെന്നും ഇടതുപക്ഷമെന്നും കോൺഗ്രസ് രണ്ടായി വേർതിരിഞ്ഞു. കമ്മ്യൂണിസ്റ്റ് പാർട്ടി കേരളത്തിൽ നിരോധിക്കപ്പെട്ടിരുന്നതു കൊണ്ട് കോൺഗ്ര

SGOU

സിനകത്തു നിന്നുകൊണ്ടു മാത്രമേ സോഷ്യ ലിസ്റ്റ് ആശയങ്ങളോട് താല്പര്യമുള്ളവർക്ക് പ്രവർത്തിക്കാൻ കഴിയുമായിരുന്നുള്ളൂ. സ്റ്റേറ്റ് കോൺഗ്രസ് എന്ന സംഘടനയ്ക്ക് അകത്തു നിന്നുകൊണ്ട് പ്രവർത്തിക്കുമ്പോൾ തന്നെ സംഘടനയുടെ ആശയങ്ങളോട് സോഷ്യലി സ്റ്റു പാർട്ടി കലഹിച്ചു കൊണ്ടേയിരുന്നു. കേര ളത്തിലുടനീളം സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിന്റെ കീഴിൽ ജനങ്ങളെ അണിനിരത്താൻ ഈ പ്രസ്ഥാനത്തിനു കഴിഞ്ഞു എന്നത് എടുത്തു പറയത്തക്ക നേട്ടം തന്നെയാണ്. കോൺഗ്രസ് പാർട്ടിയുടെ തിരഞ്ഞെടുപ്പിൽ ഭൂരിപക്ഷം നേ ടാനായി ദേശീയ മുസ്ലീങ്ങളുടെ സഹായം തേടി പാർട്ടിയുടെ ഭരണം പിടിച്ചെടുക്കുകയുണ്ടായെ ങ്കിലും ആ നിലയിൽ തുടരാതെ സോഷ്യലിസ്റ്റ് കോൺഗ്രസ്, കമ്മ്യൂണിസ്റ്റ് പാർട്ടിയിലേക്ക് ലയി ക്കുകയാണുണ്ടായത്.

തിരുവിതാംകൂർ - കൊച്ചിയുടെ സംയോജനം സാധ്യമായതു കൊണ്ടു മാത്രം കേരളമെന്ന പ്രദേ ശത്തിന്റെ ഏകീകരണം സാധ്യമായിരുന്നില്ല. മലയാളം സംസാരിക്കുന്ന മറ്റ് പ്രദേശങ്ങളെക്കൂ ടി ഉൾപ്പെടുത്തിക്കൊണ്ട് ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനം രൂപീകരിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിരുന്നു. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെ പുനഃസംഘടിപ്പിക്കാനുള്ള ഇന്ത്യാ ഗവൺമെന്റിന്റെ തീരുമാനമുണ്ടായിരുന്ന ഘട്ടത്തിലാണ് തിരുവിതാംകൂർ - കൊച്ചിയിൽ പ്രസിഡന്റുഭരണം നിലവിൽ വരുന്നത്. സയ്യദ് ഹസ്സൻ അലി ചെയർമാനും പണ്ഡിറ്റ് ഹൃദയ നാഥ കുൽസു, സർദാർ കെ.എം. പണിക്കർ അം ഗങ്ങളായുമുള്ള കമ്മീഷൻ ഐക്യകേരള രൂപീ കരണത്തിനു വേണ്ട അനുമതി നൽകി. 1956-ലെ സംസ്ഥാന പുന:സംഘടനാ നിയമപ്രകാരം മല ബാർ ജില്ലയും തെക്കൻ കന്നഡയിലെ കാസർ ഗോഡും തിരുകൊച്ചിയോട് ചേരുകയുണ്ടായി.

തമിഴ് സംസാരിക്കുന്ന പ്രദേശം എന്ന നിലയിൽ തിരുകൊച്ചിയിലെ തെക്കൻ താലൂ ക്കുകളായ തോവാള, അഗസ്തീശ്വരം, കൽ ക്കുളം, വിളവൻകോട് തുടങ്ങിയ സ്ഥലങ്ങ ളും ചെങ്കോട്ട താലൂക്കിന്റെ ഒരു ഭാഗവും മദ്രാസിനോട് ചേർന്നു. തുടർന്ന് മലയാളം സംസാരിക്കുന്ന വരുടെ പ്രദേശം എന്ന നില യിൽ തിരുവിതാംകൂർ, കൊച്ചി, മലബാർ പ്രദേ ശങ്ങൾ തമ്മിൽ സംയോജിപ്പിച്ചു കൊണ്ട് 1956 നവംബർ ഒന്നാം തീയതി ഐക്യകേരളം രൂപം കൊണ്ടു. രാജപ്രമുഖന്റെ ഉപദേഷ്ടാവായിരുന്ന പി. എസ്. റാവു ആക്ടിംഗ് ഗവർണറായി. പിന്നീ ട് ഡോ. ബി. രാമകൃഷ്ണറാവു ഗവർണ്ണറായി എത്തി. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ കേര ളത്തിലെ ആദ്യത്തെ തെരഞ്ഞെടുപ്പ് 1957 ഫെ ബ്രുവരി മുതൽ മാർച്ച് വരെ നടന്നു. ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിക്കും സ്വതന്ത്രന്മാർക്കുമായി രുന്നു ആയിരുന്നു ഭൂരിപക്ഷം. 1957 ഏപ്രിൽ 5 ന് ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തി ലുള്ള പതിനൊന്നംഗ മന്ത്രിസഭ അധികാരമേറ്റു.

കൊച്ചിയിലെ ഭരണപ്രക്ഷോഭങ്ങൾ ഉത്തരവാ ദിത്തഭരണത്തിനായുള്ള പ്രജാമണ്ഡലത്തിന്റെ പ്രവർത്തനങ്ങളിലേക്കാണ് എത്തിച്ചത്. ദിവാൻ ഭരണം അവസാനിപ്പിക്കപ്പെടുകയും ജനകീയഭ രണത്തിലേക്ക് കൊച്ചി പരുവപ്പെടുകയും ചെയ് തു. ഈ ജനകീയ മന്ത്രിസഭയുടെ കാലത്താണ് തിരുവിതാംകൂർ - കൊച്ചി സംയോജനം നടന്ന ത്. സ്വാതന്ത്ര്യലബ്ധിക്കു ശേഷം നേരിട്ട പ്രധാ ന വെല്ലുവിളി മൂന്നു നാട്ടുരാജ്യങ്ങളെ ഒന്നിച്ചു ചേർത്ത് സംസ്ഥാന രൂപീകരണം നടത്തുക എന്നതായിരുന്നു. ഐക്യകേരള രൂപീകരണ ത്തിനായി തിരുവിതാംകൂർ - കൊച്ചി - മലബാർ പ്രവിശ്യകളെ ഒന്നിച്ചു ചേർക്കുന്നതിൽ ഉണ്ടായ പ്രശ്നങ്ങളെ തരണം ചെയ്ത് കേരള രൂപീകര ണം നടത്തുന്നതിന്റെ ആദ്യപടിയായി തിരുവി താംകൂറും കൊച്ചിയും സംയോജിപ്പിച്ചു. 1951-52 ൽ പൊതുതെരഞ്ഞെടുപ്പും മന്ത്രിസഭയും ഉണ്ടാ യെങ്കിലും പിളർപ്പുകളാലും സംഘർഷങ്ങളാ ലും മന്ത്രിസഭ ഏറെക്കാലം നീണ്ടുനിന്നില്ല. ഐക്യകേരളത്തിന്റെ തുടക്കം അഞ്ച് ജില്ലകളും 46 താലൂക്കുകളുമായിരുന്നു. മലബാർ (10 താലൂ ക്ക്), തൃശ്ശൂർ (8 താലൂക്ക്), കോട്ടയം (9 താലൂക്ക്), കൊല്ലം (12 താലൂക്ക്), തിരുവനന്തപുരം (4 താ ലൂക്ക്) എന്നീ ജില്ലകളാണ് ആദ്യം ഉണ്ടായിരു ന്നത്. എന്നാൽ ഏറെ താമസിയാതെ 9 ജില്ലക ളും 55 താലൂക്കുകളുമായി പുനഃസംഘടിപ്പിച്ചു. നേരത്തെ ഉണ്ടായിരുന്നത് കൂടാതെ ആലപ്പുഴ, എറണാകുളം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നിവയായിരുന്നു പുതിയ ജില്ലകൾ.

SGOU

മലബാർ പ്രവിശ്യയെക്കൂടി കേരളത്തിന്റെ ഭാഗമാക്കാനുള്ള ചർച്ചകൾ നടക്കുകയും ഭാഷാടിസ്ഥാനത്തിൽ കേരള സംസ്ഥാനരൂപീകരണമെന്ന ആശയം പ്രാവർത്തികമാക്കാനുള്ള ശ്രമങ്ങൾ നടക്കുകയും ചെയ്യുന്ന കാലമായിരുന്നു അത്. മലയാളം സംസാരിക്കുന്നവരുടെ പ്രദേശം എന്ന നിലയിൽ തിരുവിതാംകൂർ കൊച്ചി, മലബാർ പ്രദേശങ്ങൾ സംയോജിപ്പിച്ചുകൊണ്ട് 1956 നവംബർ ഒന്നിന് ഐക്യകേരളം രൂപം കൊണ്ടു. കേരളത്തിലെ ആദ്യത്തെ തെരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലുള്ള പതിനൊന്നാംഗ മന്ത്രിസഭ 1957 ഏപ്രിൽ 5 - ന് ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ അധികാരമേറ്റു. വിമോചനസമരത്തിലൂടെ അധികം വൈകാതെ മന്ത്രിസഭ കൈവിടേണ്ടിവന്നെങ്കിലും അന്ന് തീരുമാനിക്കപ്പെട്ട ഭരണപരിഷ്കാരങ്ങൾ പില്കാലകേരളത്തെ രൂപപ്പെടുത്തുന്നതിൽ സഹായകമായിട്ടുണ്ട്.

തിരുവിതാംകൂറിലെയും കൊച്ചിയിലെയും ഉത്തരവാദഭരണ പ്രക്ഷോഭങ്ങളും ഇക്കാലയളവിൽ നടക്കുന്നുണ്ടായിരുന്നു. ഭരണരംഗത്തെ മാറ്റത്തിനു വേണ്ടി 1834 കൾ മുതൽ കൊച്ചിയിൽ പ്രക്ഷോഭങ്ങൾ നടന്നു വന്നു. കൊച്ചിയിൽ ഇലക്ട്രിസിറ്റിസമരത്തോടെയാണ് ഇതിന് തുടക്കം കുറിച്ചത്. പ്രജാമണ്ഡലത്തിന്റെ പ്രവർത്തനങ്ങൾ ജനകീയമന്ത്രിസഭ എന്ന ആശയത്തിലേക്ക് എത്തിച്ചു. സ്വാതന്ത്ര്യസമരത്തിന്റെ പ്രവർത്തനങ്ങൾക്കൊപ്പം ലയിച്ചു ചേർന്ന ഈ രാഷ്ട്രീയപാർട്ടികൾ പിന്നീട് ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ കീഴിൽ നിന്നു കൊണ്ട് രാജ്യത്തിന്റെ സ്വാതന്ത്ര്യലബ്ധിക്കുവേണ്ടിപോരാടാൻ തുടങ്ങി. കൂട്ടായ പ്രവർത്തനങ്ങൾ സ്വാതന്ത്ര്യലബ്ധിക്ക് കളമൊരുക്കി. സ്വാതന്ത്ര്യലബ്ധിക്കു ശേഷം ഭാഷയുടെ അടിസ്ഥാനത്തിൽ സംസ്ഥാന രൂപീകരണമെന്ന ആശയം പ്രബലമാവുകയും അതിനായി സർദാർ വല്ലഭായി പട്ടേലിന്റെ നേതൃത്വ ത്തിൽ നാട്ടുരാജ്യങ്ങളുടെ ലയനത്തിനും സംയോജനത്തിനും വേണ്ടി സ്വീകരിച്ച നയങ്ങൾ മൂന്നു നാട്ടുരാജ്യങ്ങളെയും ഒന്നാക്കി ത്തീർക്കുകയും ചെയ്തു.

### 6.5.1. ഐക്യകേരളപ്രസ്ഥാനം

തിരുവിതാംകൂറിലും കൊച്ചിയിലും മലബാറിലുമുള്ള, ഭാഷയിലും സംസ്കാരത്തിലും തനിമ പുലർത്തുന്ന മലയാളികൾ ഒരു ഭരണത്തിൻ കീഴിലെത്തണമെന്ന് പ്രബുദ്ധരായ ഒരു കൂട്ടം ജനങ്ങൾ ആഗ്രഹിച്ചതിന്റെ ഫലമായിട്ടായിരുന്നു ഐക്യകേരളം എന്ന ആശയം ഉണ്ടായത്. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ എല്ലാ വാർഷിക സമ്മേളനങ്ങളിലും ഐക്യകേരളം രൂപീകരിക്കണമെന്ന് പ്രമേയം ഉണ്ടാകുമായിരുന്നു. സംസ്ഥാന കോൺഗ്രസ് കമ്മിറ്റികൾ രൂപീകരിക്കേണ്ടത് ഭാഷാടിസ്ഥാനത്തിലായിരിക്കണമെന്ന് അന്ന് കോൺഗ്രസ് പ്രസിഡന്റായിരുന്ന ഗാന്ധിജിയും ആവശ്യപ്പെട്ടിരുന്നു. ഉത്തരവാദഭരണ പ്രക്ഷോഭണങ്ങൾ ശക്തമായപ്പോൾ ഐക്യകേരളമെന്ന ആശയവും ദൃഢമായി. സ്വതന്ത്ര ഇന്ത്യയിൽ നാട്ടുരാജ്യങ്ങൾ വേണ്ട എന്ന സ്വാതന്ത്ര്യ സമരസേനാനികളുടെ ആഗ്രഹവും ഐക്യകേരളമെന്ന താല്പര്യം വർധിപ്പിച്ചു. മലയാളികളുള്ള പ്രദേശങ്ങളെല്ലാം ചേർന്ന് ഒരു സംസ്ഥാനമാകണമെന്നും, അവിടെ നാട്ടുരാജാക്കന്മാർ ഉണ്ടാകരുതെന്നും കമ്മ്യൂണിസ്റ്റുകാരും അഭിപ്രായപ്പെട്ടു.

തിരുവിതാംകൂറും, ബ്രിട്ടീഷ് മലബാറും, കൊച്ചിയും അടങ്ങുന്ന ഒരു കേരളസംസ്ഥാനം ഉണ്ടാകണമെന്ന് പറഞ്ഞുകൊണ്ട് 1946-ജൂലൈ 29-ന് കൊച്ചി മഹാരാജാവ് കേരളവർമ്മ കൊച്ചി നിയമസഭയിൽ വായിക്കാൻ ഒരു സന്ദേശം അയച്ചു. ഐക്യകേരളമെന്ന ആശയത്തിന് ആദ്യമായി കിട്ടിയ വലിയ അംഗീകാരമായിരുന്നു ആ സന്ദേശം. 1949-ജൂലൈ ഒന്നിന് നടന്ന തിരുവിതാംകൂർ കൊച്ചി സംയോജനവും ഐക്യകേരളത്തിന്റെ ആദ്യപടിയായിരുന്നു.

ഇന്ത്യയിലാകെയും ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപീകരിക്കണമെന്ന പ്രക്ഷോഭണങ്ങൾ ശക്തിപ്രാപിച്ചപ്പോൾ സംസ്ഥാന പുനസംഘടനക്കുള്ള കേന്ദ്രത്തിന്റെ താല്പര്യം വർദ്ധിച്ചു. ജവഹർലാൽ നെഹ്റു പ്രധാനമന്ത്രിയായിരുന്നപ്പോൾ ആഭ്യന്തരമന്ത്രിയായിരുന്ന

SGOU

സർദാർ വല്ലഭായി പട്ടേൽ സംസ്ഥാന പുനഃസംഘടന കമ്മീഷൻ ജസ്റ്റിസ് ഫസൽ അലി അധ്യക്ഷനും, സർദാർ കെ.എം. പണിക്കർ, പണ്ഡിറ്റ് കുൻസ്രു എന്നിവർ അംഗങ്ങളുമായുള്ള ഒരു സംസ്ഥാന പുനസംഘടന കമ്മീഷൻ രൂപീകരിക്കുകയും പ്രാദേശിക ഭാഷാടിസ്ഥാനത്തിൽ സംസ്ഥാന പുനഃസംഘടന യാഥാർഥ്യമാക്കുകയും, 1956 നവംബർ ഒന്നാം തീയതി ഐക്യകേരളം നിലവിൽ വരികയും ചെയ്തു. ഐക്യകേരളം നിലവിൽ വന്നതോടുകൂടി സംസ്ഥാനത്തിന്റെ തലവനായി രാജപ്രമുഖന് പകരം ഗവർണ്ണർ നിയമിതനായി, അങ്ങനെ രാജവാഴ്ച അവസാനിച്ചു.

### 6.5.2. കേരളപ്പിറവി

മഹാത്മാഗാന്ധി കോൺഗ്രസ് പ്രസിഡന്റായപ്പോൾ സംസ്ഥാനങ്ങൾ ഭാഷാടിസ്ഥാനത്തിൽ രൂപീകരിക്കണമെന്ന് അഭിപ്രായപ്പെടുകയും. ഇന്ത്യയിൽ പലയിടത്തും ഭാഷാസംസ്ഥാനങ്ങൾക്കു വേണ്ടിയുള്ള പ്രക്ഷോഭണങ്ങൾ ഉണ്ടായിത്തുടങ്ങുകയും ചെയ്തപ്പോൾ, ഈ ആവശ്യത്തിന്റെ അനിവാര്യത ബോധ്യമായ കേന്ദ്രസർക്കാർ ഒരു സംസ്ഥാന പുനഃസംഘടന കമ്മീഷൻ രൂപീകരിച്ചു. അങ്ങനെ രൂപീകരിച്ച ധാർ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിന്റെയും ആന്ധ്രസംസ്ഥാനം രൂപീകരിക്കാനുള്ള തീരുമാനത്തിന്റെയും, 'രാജപ്രമുഖനില്ലാത്ത കേരളസംസ്ഥാനം' രൂപീകരിക്കണമെന്ന് അഭിപ്രായം പല മേഖലകളിൽ നിന്നും ഉണ്ടായതിന്റെയും, തിരുവിതാംകൂർ കൊച്ചി മലബാർ എന്നി വ്യത്യസ്തദേശങ്ങളിലെ ഭാഷ, സംസ്കാരം, ജീവിതരീതി, അനുഷ്ഠാനങ്ങൾ തുടങ്ങിയവയിൽ സമാനതയുള്ളതുകൊണ്ടും ഐക്യകേരളം ഉണ്ടാകണമെന്ന് അഭിപ്രായം ഉയർന്നുവന്നു, അതിന്റെ ഫലമായി 1956 നവംബർ ഒന്നാം തീയതി ഐക്യകേരളം നിലവിൽ വന്നു.

## 6.6. മയ്യഴിയിലെ മലയാളി സമൂഹവും ഫ്രഞ്ച് ഇന്ത്യൻ വിമോചനപ്രസ്ഥാനവും

1721 മുതൽ മയ്യഴി അഥവാ മാഹി ഫ്രഞ്ച് അധിനിവേശത്തിനു കീഴിലായിരുന്നു. 1954 നവംബർ ഒന്നാം തീയതി ഇന്ത്യാഗവൺമെന്റ് ഭരണമേറ്റെടുക്കുന്നതുവരെ ഈ പ്രദേശം ഫ്രഞ്ച് അധീനതയിലായിരുന്നു. കേരളത്തിനകത്തുള്ള മയ്യഴി പോണ്ടിച്ചേരിയുടെ ഭരണനിയന്ത്രണത്തിലാണുള്ളത്. 1947 ഓഗസ്റ്റ് 15-ന് ഇന്ത്യ സ്വതന്ത്രമായെങ്കിലും മയ്യഴി ഫ്രഞ്ചുകാരിൽ നിന്നും സ്വതന്ത്രമായിരുന്നില്ല. എന്നാൽ ഇന്ത്യയും ഫ്രാൻസും തമ്മിലുള്ള കരാർ പ്രകാരം 1948 ഒക്ടോബർ 24 - ന് മയ്യഴിയുടെ സ്വാതന്ത്ര്യത്തെ പറ്റിയുള്ള ഹിതപരിശോധനയുടെ ഭാഗമായി മുനിസിപ്പൽ തെരഞ്ഞെടുപ്പ് നടത്താനുള്ള തീരുമാനമുണ്ടായി. തെരഞ്ഞെടുക്കപ്പെടുന്ന കൗൺസിലർമാരുടെ ഭൂരിപക്ഷ അഭിപ്രായത്തെ മാനിച്ചു കൊണ്ട് ഹിതപരിശോധന നടത്തണമെന്നായിരുന്നു ധാരണ. സ്വാതന്ത്ര്യം ജനഹിതപരിശോധനയ്ക്ക് വിടുക എന്ന അഭിപ്രായത്തെ മയ്യഴിയുടെ സ്വാതന്ത്ര്യത്തിനായി 1938 -ൽ രൂപീകരിച്ച മയ്യഴി മഹാജനസഭയും സോഷ്യലിസ്റ്റുകാരും, മയ്യഴി സോഷ്യലിസ്റ്റ് പാർട്ടിയും എതിർക്കുകയാണുണ്ടായത്. കോൺഗ്രസുകാർ അനുകൂലിച്ചു. ഇതിനിടയിൽ ഫ്രഞ്ചുകാർ കമ്മ്യൂണിസ്റ്റുകാരുടെ സഹായം തേടി. സോഷ്യലിസ്റ്റുകാർ ഹിതപരിശോധനയിൽ നിന്നു വിട്ടുനിന്നാൽ അതിന്റെ ഗുണം ഫ്രഞ്ചുകാർക്കായിരിക്കും ഉണ്ടാവുക. അതു മനസ്സിലാക്കിയ സോഷ്യലിസ്റ്റുകാർ മംഗലാട്ടു രാഘവന്റെ നേതൃത്വത്തിൽ തെരഞ്ഞെടുപ്പിനെ അനുകൂലിക്കാൻ മുന്നോട്ടു വന്നു.

കള്ളത്തരത്തിലൂടെ തെരഞ്ഞെടുപ്പിൽ വിജയിക്കാൻ ശ്രമിച്ച ഫ്രഞ്ചുകാർ പലർക്കും തിരിച്ചറിയൽ കാർഡ് നൽകിയില്ല. ഈ നടപടിയെ എതിർത്തുകൊണ്ട് സോഷ്യലിസ്റ്റുകാർ ഫ്രഞ്ച് പക്ഷപാതിയായ മുൻസിപ്പൽ ചെയർമാന്റെ വീട്ടിലേക്ക് 1948 ഒക്ടോബർ ഇരുപത്തിയൊന്നിന് ജാഥ നടത്തി. തിരിച്ചറിയൽ കാർഡ് വിതരണവുമായി തനിക്ക് ബന്ധമില്ലെന്ന് അദ്ദേഹം അറിയിച്ചതിനെത്തുടർന്ന് ഐ.കെ. കുമാരന്റെ നേതൃത്വത്തിൽ മുൻസിപ്പൽ ഓഫീസിൽ എത്തിയെങ്കിലും കാർഡ് ലഭിച്ചില്ല. അവിടെ ധർണ്ണ നടത്തിയ സോഷ്യലിസ്റ്റുകളെ പോലീസ് ബലം പ്രയോഗിച്ച് ഒഴിവാക്കി. കോപിഷ്ഠരായ ജനങ്ങൾ മുനിസിപ്പൽ ഓഫീസ് നശിപ്പിച്ചു. ഫ്രഞ്ചുകാരെ എതിർക്കുന്ന ജനബാഹുല്യം കണ്ടു പോലീസുകാർക്ക് അവിടെ നിന്ന് പിൻവാങ്ങേണ്ടിവന്നു. കുമ്മായ

SGOU

രാഘവൻ എന്ന നേതാവിന്റെ നിർദ്ദേശപ്രകാരം പോലീസുകാർ കീഴടങ്ങുകയും സോഷ്യലിസ്റ്റു കാർ സ്റ്റേഷനിൽ നിന്ന് ആയുധം കരസ്ഥമാക്കു കയും ചെയ്തു. പിന്നീട് എല്ലാ ഫ്രഞ്ച് ഭരണകേ ന്ദ്രങ്ങളും സോഷ്യലിസ്റ്റുകാർ പിടിച്ചെടുത്തു.

ഒക്ടോബർ 22-ന് ഗവൺമെന്റ് ഹൗസിൽ ജനങ്ങൾ ദേശീയ പതാക ഉയർത്തി. തുടർന്ന് ഐ.കെ കുമാരൻ, പി. ശിശുപാലൻ പി.കെ. രാമൻ എന്നീ സോഷ്യലിസ്റ്റുകാരും മംഗലാട്ട് രാഘവൻ, കുമ്മായ രാഘവൻ എന്നീ കോൺ ഗ്രസുകാരും ചേർന്ന് അഞ്ചുപേരുള്ള കൗൺസി ലർമാരെ മയ്യഴിയുടെ ഭരണനിർവഹണത്തിനായി ഏർപ്പെടുത്തി. രണ്ട് കപ്പലുകളിൽ ഫ്രാൻസിൽ നിന്ന് പട്ടാളക്കാർ എത്തിയപ്പോൾ ഫ്രഞ്ച് അധി കാരികൾ, ഗവൺമെന്റ് ഹൗസിൽ ഉയർത്തിയ ഇന്ത്യൻ കൊടിതാഴ്ത്തുകയാണങ്കിൽ സന്ധി സംഭാഷണം നടത്താമെന്ന് ഉറപ്പു നൽകി. സമരരംഗത്തുള്ളവർ അതിനു തയ്യാറാകാതെ മയ്യഴി വിട്ടുപോയതോടെ സമരം പരാജയപ്പെട്ടു. 1951 മേയ് 20-ന് ബോംബെയിൽ ചേർന്ന ദേശീയ വാദികളുടെ യോഗത്തിൽ മംഗലാട്ട് രാഘവനും, സി.ഇ. ഭരതനും പങ്കെടുക്കുകയും ഫ്രഞ്ചുകാർ ഇന്ത്യൻപ്രദേശങ്ങളിലൂടെ ആയുധം കൊണ്ടു പോകുന്നത് നിരോധിക്കണമെന്ന് അഭിപ്രായ പ്പെടുകയും ചെയ്തു. 1954-ൽ വിമോചനസമരം വീണ്ടും തുടങ്ങി. മയ്യഴിയിലേക്കുള്ള ഭക്ഷ്യസാ ധനങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കൾക്ക് ഉപരോധം ഏർപ്പെടുത്തി സമരം ശക്തമാക്കിയ പ്പോൾ 1954 ജൂലൈ 16ന് മയ്യഴി സ്വതന്ത്രമായി. ഐ.കെ. കുമാരന്റെ നേതൃത്വത്തിൽ താല്കാ ലിക ഭരണം തുടർന്നെങ്കിലും 1954 നവംബർ ഒന്നു മുതൽ മയ്യഴി ഇന്ത്യാഗവൺമെന്റിന്റെ ഭരണത്തിൻ കീഴിലായി. തുടർന്ന് ജനങ്ങൾക്ക് ഫ്രഞ്ച് പൗരത്വമോ ഇന്ത്യൻ പൗരത്വമോ സ്വീക രിക്കാനുള്ള അവകാശം നൽകി. ധാരാളം പേർ ഫ്രഞ്ച് പൗരത്വം സ്വീകരിക്കുകയും മറ്റുള്ളവർ ഇന്ത്യൻ പൗരത്വം തുടരുകയും ചെയ്തു . മയ്യഴി കേന്ദ്രഗവൺമെന്റിന്റെ ഭരണത്തിൻ കീഴിലാണെ ങ്കിലും സംസ്കാരത്തിലും ഭാഷയിലും അവിടുത്ത ജനങ്ങൾ കേരളീയരായി തുടർന്നുകൊണ്ടിരി ക്കുന്നു. കേരളത്തിനകത്തുള്ള മറ്റൊരു കേര ളീയ സമൂഹമായിട്ടാണ് അവർ ജീവിക്കുന്നത്. ആചാരത്തിലും വിശ്വാസത്തിലും സംസ്കാര ത്തിലും മലയാളിയുടെ ജീവിതമാണ് അവർ പിന്തുടരുന്നത്.

## Recap

- ജീവിതത്തെ പുതുക്കിയ കേരളനവോത്ഥാനം
- സാമൂഹ്യ പ്രതിരോധസമരങ്ങൾ
- മലയാളിമെമ്മോറിയൽ
- ഈഴവമെമ്മോറിയൽ
- വൈക്കം സത്യാഗ്രഹം
- മലബാർ കലാപം
- സ്വാതന്ത്ര്യാനന്തര കേരളം
- നിവർത്തനപ്രക്ഷോഭം സമുദായപ്രാതിനിധ്യം രാഷ്ട്രീയലക്ഷ്യം
- ദേശീയപ്രസ്ഥാനരൂപീകരണം
- കർഷക - തൊഴിലാളി മുന്നേറ്റങ്ങൾ
- കർഷകസമരങ്ങൾ
- കർഷക പ്രസ്ഥാനരൂപീകരണം
- നാടുവാഴിത്ത - ഫ്യൂഡൽ ഭരണകൂടത്തിന്റെ ഇരകൾ-കർഷകർ
- അഖില മലബാർ കർഷകസംഘം
- ആലപ്പുഴയിൽ ആദ്യമായി തൊഴിലാളിസംഘടനകൾ രൂപീകൃതമായി
- സർ. സി.പി യ്ക്ക് എതിരെയുള്ള പ്രതിരോധസമരങ്ങൾ
- അമേരിക്കൻ മോഡൽ അറബിക്കടലിൽ
- പുന്നപ്ര - വയലാർ, കയ്യൂർ, കരിവെള്ളൂർ സമരങ്ങളുടെ സ്വാധീനം

SGOU

- 1946 ഒക്ടോബർ 21 -ൽ കർഷകസമരത്തിന് തുടക്കം
- സി. കേശവന്റെ കോഴഞ്ചേരിപ്രസംഗം (1935 മെയ് )
- കേരളത്തിലെ കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും അടിസ്ഥാനപ്രശ്നങ്ങൾ അറിയുന്നു
- കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഉത്ഭവ വികാസപരിണാമങ്ങൾ
- ഉത്തരവാദഭരണ വിളംബരം
- വൈക്കം സത്യാഗ്രഹത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ
- കൊച്ചിയിൽ ക്ഷേത്രപ്രവേശന വിളംബരം
- തിരു - കൊച്ചി സംയോജനം
- തിരു - കൊച്ചി - മലബാർ സംയോജനത്തിലൂടെ ഐക്യകേരളം രൂപീകരിക്കപ്പെട്ടു
- ഐക്യകേരള പ്രസ്ഥാനത്തിന്റെ ചരിത്രം
- 1956 നവംബർ ഒന്നാം തീയതി ഐക്യകേരളം രൂപംകൊണ്ടു.
- രാജപ്രമുഖന്റെ ഉപദേഷ്ടാവായിരുന്ന പി. എസ്. റാവു ആക്ടിംഗ് ഗവർണ്ണറായി.
- കേരളത്തിലെ ആദ്യത്തെ തെരഞ്ഞെടുപ്പ് 1957 ഫെബ്രുവരി മുതൽ മാർച്ച് വരെ നടന്നു.
- ആദ്യ തെരഞ്ഞെടുപ്പിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിക്കും സ്വതന്ത്രന്മാർക്കുമായിരുന്നു ആയിരുന്നു ഭൂരിപക്ഷം
- 1957 ഏപ്രിൽ 5 ന് ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള പതിനൊന്നംഗ മന്ത്രിസഭ അധികാരമേറ്റു
- കേരള സംസ്ഥാനരൂപീകരണ ചരിത്രം
- ഐക്യകേരളപ്പിറവി
- ഉപരോധം ഏർപ്പെടുത്തി സമരം ശക്തമാക്കിയപ്പോൾ 1954 ജൂലൈ 16ന് മയ്യഴി സ്വതന്ത്രമായി.
- ഐ. കെ. കുമാരന്റെ നേതൃത്വത്തിൽ താല്കാലിക ഭരണം തുടർന്നു
- 1954 നവംബർ ഒന്നു മുതൽ മയ്യഴി ഇന്ത്യാഗവൺമെന്റിന്റെ ഭരണത്തിൻ കീഴിലായി
- ഫ്രഞ്ച് ഇന്ത്യൻ വിമോചനപ്രസ്ഥാനം
- മയ്യഴിയിലെ മലയാളിസമൂഹം

## Objective Type Questions

1. മലയാളിമെമ്മോറിയലിന്റെ ഉദ്ദേശ്യമെന്തായിരുന്നു?
2. ഈഴവമെമ്മോറിയലിന്റെ ലക്ഷ്യമെന്തായിരുന്നു?
3. നിവർത്തനപ്രക്ഷോഭം എന്ന പേര് നല്കിയത് ആര്?
4. തിരുവിതാംകൂറിൽ ക്ഷേത്രപ്രവേശന വിളംബരം പുറപ്പെടുവിച്ച രാജാവാര്?
5. ചാന്നാർ ലഹളയുടെ ഉദ്ദേശ്യലക്ഷ്യമെന്തായിരുന്നു?
6. ശീലകലാപം, മേൽമുണ്ട് സമരം എന്നിങ്ങനെ അറിയപ്പെടുന്ന കലാപമേത്?
7. നിസ്സഹകരണ സമരത്തിന്റെ പ്രധാനലക്ഷ്യമെന്തായിരുന്നു?
8. നിയമലംഘനപ്രസ്ഥാന സമരസമയത്ത് ഇന്ത്യയുടെ ഭരണഘടനയിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് അന്വേഷിക്കാൻ നിയമിക്കപ്പെട്ട കമ്മീഷനേത്?
9. നിവർത്തനപ്രക്ഷോഭത്തിന്റെ പ്രധാനലക്ഷ്യമെന്ത്?
10. ഉത്തരവാദഭരണ വിളംബരം പ്രസിദ്ധീകരിച്ച വർഷമേത്?
11. വൈക്കം സത്യാഗ്രഹത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെന്തായിരുന്നു?



SGOU

12. കൊച്ചിയിൽ ക്ഷേത്രപ്രവേശന വിളംബരം നടന്ന വർഷമേത്?
13. തിരു - കൊച്ചി സംയോജനം നടന്ന വർഷമേത്?
14. തിരു - കൊച്ചി - മലബാർ സംയോജനത്തിലൂടെ ഐക്യകേരളം രൂപീകരിക്കപ്പെട്ട വർഷമേത്?
15. മയ്യഴി (മാഹി) ഏതു വിദേശശക്തിയുടെ അധീനതയിലായിരുന്നു?
16. മലബാറിൽ ആദ്യത്തെ കർഷകസംഘം രൂപീകരിക്കപ്പെട്ടതെന്ന്? എവിടെ?
17. ആദ്യത്തെ കർഷകസംഘം പ്രസിഡന്റും സെക്രട്ടറിയും ആരൊക്കെ ആയിരുന്നു?
18. മലബാറിൽ ആദ്യത്തെ കർഷക സംഘടനയുടെ ലക്ഷ്യമെന്തായിരുന്നു ?
19. ഐക്യകേരളം രൂപംകൊണ്ടത് എന്നാണ്?
20. ഐക്യകേരളം രൂപംകൊണ്ടപ്പോൾ ആരായിരുന്നു ആക്ടിംഗ് ഗവർണ്ണറായിരുന്നു?
21. കേരളത്തിലെ ആദ്യത്തെ തെരഞ്ഞെടുപ്പ് നടന്നതെന്ന്?
22. കേരളത്തിലെ ആദ്യ മന്ത്രിസഭ അധികാരമേറ്റതെന്ന്? മുഖ്യമന്ത്രി ആരായിരുന്നു ?
23. ബ്രിട്ടീഷ് ഭരണത്തിൽ നിന്നും മയ്യഴി സ്വതന്ത്രമായതെന്ന് ?
24. ആരുടെ നേതൃത്വത്തിലാണ് മയ്യഴിയിൽ താല്കാലിക ഭരണം തുടർന്നത്?
25. മയ്യഴി ഇന്ത്യാഗവൺമെന്റിന്റെ ഭരണത്തിൻ കീഴിലായതെന്ന്?

## Answers

1. സർക്കാർ ജോലിയിൽ തദ്ദേശീയരെ (മലയാളികൾ) ഉൾപ്പെടുത്തുന്നതിന് വേണ്ടി
2. സർക്കാർ ജോലിയിൽ ഈഴവരെ ഉൾപ്പെടുത്തുന്നതിന് വേണ്ടി
3. ഐ.സി. ചാക്കോ
4. ശ്രീ ചിത്തിര തിരുനാൾ ബാലരാമവർമ്മ
5. ചാന്നാർ സ്ത്രീകൾക്ക് മാറുമറയ്ക്കാനുള്ള അവകാശത്തിനു വേണ്ടി
6. ചാന്നാർലഹള
7. അഹിംസയുടെ മാർഗത്തിൽ ബ്രിട്ടീഷ് നിയമങ്ങൾക്കെതിരെ മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ 1920 മുതൽ 1922 വരെ നീണ്ടു നിന്ന സമരമാർഗമായിരുന്നു നിസ്സഹ കരണ സമരം
8. സൈമൺ കമ്മീഷൻ
9. സമുദായപ്രാതിനിധ്യം എന്ന രാഷ്ട്രീയ ലക്ഷ്യമേ ഉണ്ടായിരുന്നുള്ളൂ
10. 1947
11. അവർണ്ണർക്ക് സഞ്ചാരസ്വാതന്ത്ര്യത്തിനു വൈക്കം ക്ഷേത്രപാത തുറന്നുകിട്ടാൻ
12. 1947 ഡിസംബർ 20
13. 1949
14. 1956 നവംബർ 1
15. ഫ്രഞ്ചുകാരുടെ അധീനതയിൽ
16. 1935-ൽ കൊളച്ചേരിയിൽ രൂപീകരിക്കപ്പെട്ടു.
17. വിഷ്ണുഭാരതീയൻ പ്രസിഡന്റും കെ.എം. കേരളീയൻ സെക്രട്ടറിയുമായിരുന്നു.
18. ജന്മികളുടെ അതിക്രമങ്ങൾ തടയുക എന്നതായിരുന്നു സംഘടനയുടെ ലക്ഷ്യം

SGOU

19. 1956 നവംബർ ഒന്നാം തീയതി ഐക്യകേരളം രൂപംകൊണ്ടു.
20. രാജപ്രമുഖന്റെ ഉപദേഷ്ടാവായിരുന്ന പി. എസ്. റാവു ആക്ടിംഗ് ഗവർണ്ണറായി.
21. കേരളത്തിലെ ആദ്യത്തെ തെരഞ്ഞെടുപ്പ് 1957 ഫെബ്രുവരി മുതൽ മാർച്ച് വരെ നടന്നു.
22. ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിക്കും സ്വതന്ത്രന്മാർക്കുമായിരുന്നു ഭൂരിപക്ഷം. 1957 ഏപ്രിൽ 5 ന് ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള പതിനൊന്നംഗ മന്ത്രിസഭ അധികാരമേറ്റു.
23. ഉപരോധം ഏർപ്പെടുത്തി സമരം ശക്തമാക്കിയപ്പോൾ 1954 ജൂലൈ 16ന് മയ്യഴി സ്വതന്ത്രമായി.
24. ഐ. കെ കുമാരന്റെ നേതൃത്വത്തിൽ താല്കാലിക ഭരണം തുടർന്നു
25. 1954 നവംബർ ഒന്നു മുതൽ മയ്യഴി ഇന്ത്യാഗവൺമെന്റിന്റെ ഭരണത്തിൻ കീഴിലായി

## Assignments

1. മലയാളി മെമ്മോറിയൽ, ഈഴവ മെമ്മോറിയൽ എന്നിവയെപറ്റി - വിവരിക്കുക.
2. വൈക്കംസത്യാഗ്രഹം വിവരിക്കുക.
3. ക്ഷേത്രപ്രവേശന വിളംബരത്തിന്റെ ചരിത്രപ്രാധാന്യവും അതിനുവേണ്ടി നടന്ന പ്രക്ഷോഭങ്ങളും ക്രോഡീകരിക്കുക.
4. കേരളത്തിലെ ദേശീയപ്രസ്ഥാനത്തിന്റെ വളർച്ച വിവരിക്കുക.
5. ഖിലാഫത്ത് പ്രസ്ഥാനം രൂപംകൊള്ളാനിടയായ സംഭവങ്ങളെന്തെല്ലാം?
6. തിരുവിതാംകൂറിലെ ഭരണവിരുദ്ധപ്രക്ഷോഭങ്ങൾ ക്രോഡീകരിക്കുക.
7. കേരളത്തിൽ ശക്തമായ രാഷ്ട്രീയ ചലനങ്ങളുണ്ടാക്കിയ ഒരു ദേശീയ പ്രക്ഷോഭണമായിരുന്നു മലബാർ കലാപം - വിലയിരുത്തുക.
8. കേരളത്തിലെ കർഷകപ്രസ്ഥാനത്തെയും കർഷകസമരങ്ങളെയും പറ്റി ഉപന്യാസം തയ്യാറാക്കുക.
9. പുന്നപ്ര-വയലാർ സമരങ്ങൾക്ക് കേരളചരിത്രത്തിലുള്ള പ്രാധാന്യം ചർച്ച ചെയ്യുക.
10. ഐക്യകേരളപ്രസ്ഥാനവും കേരളസംസ്ഥാനത്തിന്റെ രൂപീകരണചരിത്രവും- ഉപന്യാസം തയ്യാറാക്കുക

SGOU

## Reference

1. പ്രൊഫ. എസ്സ്. അച്യുതവാര്യർ, കേരളസംസ്കാരം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
2. കെ.എൻ. ഗണേഷ്, കേരളത്തിന്റെ ഇന്നലെകൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം.
3. പി.കെ. ഗോപാലകൃഷ്ണൻ, കേരളത്തിന്റെ സാംസ്കാരികചരിത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. എ. ശ്രീധരമേനോൻ, കേരളചരിത്രം, ഡി.സി.ബുക്സ്, കോട്ടയം, 2015.

5. പി.കെ. ബാലകൃഷ്ണൻ, ജാതിവ്യവസ്ഥയും കേരളചരിത്രവും, ഡി.സി. ബുക്സ്, കോട്ടയം.
6. എസ്.കെ. വസന്തൻ, നമ്മൾ നടന്ന വഴികൾ, മലയാള പഠന ഗവേഷണകേന്ദ്രം, തൃശൂർ.

## Suggested Reading

1. ടി.കെ. ഗംഗാധരൻ, കേരളചരിത്രം, കോപ്പറേറ്റീവ് സൊസൈറ്റി, കോഴിക്കോട് സർവകലാശാല, കോഴിക്കോട്.
2. എൻ.എം. നമ്പൂതിരി, കേരളസംസ്കാരം: അകവും പുറവും, കാലിക്കറ്റ് യൂണിവേഴ്സിറ്റി കോപ്പറേറ്റീവ് സൊസൈറ്റി, കോഴിക്കോട്.
3. ഡോ.എം.ജി.എസ്സ്. നാരായണൻ, കേരളചരിത്രത്തിന്റെ അടിസ്ഥാനശിലകൾ, നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം,
4. കെ. മാധവൻനായർ, മലബാർ കലാപം, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
5. പി.കെ. ഗോപാലകൃഷ്ണൻ, കേരളത്തിന്റെ സാംസ്കാരികചരിത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
6. കെ. ദാമോദരൻ, കേരളചരിത്രം, പ്രഭാത് ബുക്ക് ഹൗസ്, തിരുവനന്തപുരം.

SGOU

# Model Question Paper Sets

SGOU

# SREENARAYANAGURU OPEN UNIVERSITY

QP CODE: ……… Reg. No : ………...............

Name : ………………...

**FIFTH SEMESTER B. A. (HONOURS) MALAYALAM LANGUAGE AND LITERATURE EXAMINATION**

**SGB24HS202MI കേരളചരിത്രം : ആധുനികം**

**MODEL QUESTION PAPER- SET- A**

2024-25 - **Admission Onwards**

Time: 3 Hours Max Marks: 70

## SECTION - A

**I. ഏതെങ്കിലും എട്ടു ചോദ്യത്തിന് ഒറ്റവാക്കിലോ വാചകത്തിലോ ഉത്തരമെഴുതുക.**

1. തിരുവിതാംകൂറിൽ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നടപ്പാക്കിയതാര്?
2. കൊച്ചിരാജാക്കന്മാരുടെ പ്രധാനമന്ത്രിമാർ അറിയപ്പെട്ടിരുന്നത് ഏത് പേരിലാണ്?
3. സാമൂതിരിയുടെ കപ്പൽപ്പടയുടെ സൈന്യാധിപന്മാരുടെ പേരെന്ത്?
4. ആദ്യത്തെ മലയാളം - ഇംഗ്ലീഷ് ഡിക്ഷണറി പ്രസിദ്ധപ്പെടുത്തിയ മിഷണറി ആര്?
5. ജാതികുമ്മി, ബാലാകലേശം എന്നീ കൃതികൾ രചിച്ചത് ആര്?
6. 1893-ൽ വില്ലുവണ്ടിസമരം നടത്തിയത് ആരുടെ നേതൃത്വത്തിലായിരുന്നു ?
7. മലയാളത്തിലെ ആദ്യത്തെ യാത്രാവിവരണ ഗ്രന്ഥമേത്?
8. തിരുവിതാംകൂറിലെ ആദ്യത്തെ പാഠപുസ്തകമ്മറ്റി അധ്യക്ഷൻ ആരായിരുന്നു?
9. അരുവിപ്പുറം ക്ഷേത്രപ്രതിഷ്ഠ നടന്ന വർഷമേത്?
10. കേരളത്തിലെ ആദ്യ കോളേജ് ഏതാണ്?

**(8×1 = 8 Marks)**

## SECTION - B

**II. ഏതെങ്കിലും ആറ് ചോദ്യത്തിന് രണ്ടോ മൂന്നോ വാചകത്തിൽ ഉത്തരമെഴുതുക.**

11. സഹോദരസംഘത്തിന്റെ പ്രവർത്തന ലക്ഷ്യങ്ങൾ വിശകലനം ചെയ്യുക
12. തൃപ്പടിദാനം - കുറിപ്പെഴുതുക
13. കടവല്ലൂർ അന്യോന്യത്തെപ്പറ്റി വിവരിക്കുക
14. ചാന്നാർ ലഹള (ശീലകലാപം) എന്തെന്നു വിശദമാക്കുക
15. വൈക്കം സത്യാഗ്രഹത്തിന്റെ ഉദ്ദേശ്യലക്ഷ്യമെന്തായിരുന്നു?



SGOU

16. യോഗക്ഷേമസഭയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നു?
17. എസ്.എൻ.ഡി.പി. യോഗത്തിന്റെ പ്രവർത്തനലക്ഷ്യങ്ങളെന്തായിരുന്നു?
18. പ്രമുഖശാസനങ്ങളിൽ പ്രതിപാദിക്കുന്ന വേണാട്ട് രാജാക്കന്മാരെപ്പറ്റി വിവരിക്കുക

**(6×2=12 Marks)**

## SECTION - C

**III. ഏതെങ്കിലും ആറ് ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക.**

19. കുനൻകുരിശു കലാപത്തിന്റെ പശ്ചാത്തലം വിവരിക്കുക
20. കേരളത്തിലെ ആദ്യകാല ആനുകാലികങ്ങളെയും പത്രങ്ങളെയുംപ്പറ്റി വിവരിക്കുക
21. കേരളത്തിലെ ഫ്രഞ്ച് ആധിപത്യവും അതിന്റെ പരിണിതഫലങ്ങളും വിവരിക്കുക
22. വൈദേശികാധിപത്യത്തിനെതിരെ കുഞ്ഞാലി മരയ്ക്കാർ, പാലിയത്തച്ചൻ തുടങ്ങിയവർ നടത്തിയ പോരാട്ടങ്ങളെപ്പറ്റി വിവരിക്കുക
23. ജാതീയമായ ഉച്ചനീചത്വങ്ങൾക്കെതിരെ അയ്യൻകാളി നടത്തിയ പോരാട്ടങ്ങളെയും സമരങ്ങളെയുംപ്പറ്റിയും വിവരിക്കുക
24. പുന്നപ്ര - വയലാർ സമരങ്ങൾക്ക് കേരളചരിത്രത്തിലുള്ള പ്രാധാന്യം ചർച്ച ചെയ്യുക.
25. വിദേശമിഷണറിമാർ കേരളീയ വിദ്യാഭ്യാസരംഗത്തും, ഭാഷാ സാഹിത്യരംഗത്തും നടത്തിയ പ്രവർത്തനങ്ങളെപ്പറ്റി വിശകലനം ചെയ്യുക
26. കേരളത്തിലെ ആദ്യകാല വിദേശ കച്ചവടബന്ധത്തെക്കുറിച്ച് അപഗ്രഥിക്കുക.

**(6×5=30Marks)**

## SECTION D

**IV. ഏതെങ്കിലും രണ്ട് ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരമെഴുതുക.**

27. കേരളത്തിൽ ജന്മിസമ്പ്രദായത്തിന്റെ ആവിർഭാവവും പരിണിതഫലങ്ങളും അപഗ്രഥിക്കുക
28. കേരളത്തിലെ നവോത്ഥാനനായകരുടെ സാമൂഹ്യപരിഷ്കരണ പ്രവർത്തനങ്ങളെപ്പറ്റി വിവരിക്കുക
29. പാശ്ചാത്യമിഷണറിമാർ വൈജ്ഞാനിക വിദ്യാഭ്യാസമണ്ഡലങ്ങൾക്കു നൽകിയ സംഭാവനകൾ വിശകലനം ചെയ്യുക.
30. തിരുവിതാംകൂറിലെ ഭരണവിരുദ്ധപ്രക്ഷോഭങ്ങൾ ക്രോഡീകരിക്കുക.

**(2×10=20Marks)**

SGOU

# SREENARAYANAGURU OPEN UNIVERSITY

QP CODE: ………  Reg. No : ……….............

Name : ………………...

**FIFTH SEMESTER B. A. (HONOURS) MALAYALAM LANGUAGE AND LITERATURE EXAMINATION**

**SGB24HS202MI കേരളചരിത്രം : ആധുനികം**

**MODEL QUESTION PAPER- SET- B**

2024-25 - **Admission Onwards**

Time: 3 Hours  Max Marks: 70

SGOU

## SECTION - A

**I. ഏതെങ്കിലും എട്ടു ചോദ്യത്തിന് ഒറ്റവാക്കിലോ വാചകത്തിലോ ഉത്തരമെഴുതുക**

1. 1836ൽ വൈകുണ്ഠസ്വാമികൾ സ്ഥാപിച്ച സംഘടന ഏതാണ് ?
2. പ്രത്യക്ഷരക്ഷാ ദൈവസഭയുടെ പിതാവ് എന്നറിയപ്പെടുന്നതാരെ?
3. സാധുജനപരിപാലന യോഗം സ്ഥാപിച്ചതാര്? വർഷമേത്?
4. ജാതി പരിഗണനയില്ലാതെ എല്ലാവർക്കും സൗജന്യമായി പഠിക്കാൻ അവസരം നല്കിയ മിഷണറി പ്രവർത്തകൻ ആര്?
5. കേരളചരിത്രം വിവരിക്കുന്ന കേരളപഴമ എന്ന ഗ്രന്ഥം രചിച്ചതാര്?
6. ആദ്യമായി മലയാളലിപി അച്ചടിച്ച ഗ്രന്ഥമേത്?
7. എസ്.എൻ.ഡി.പി. യോഗത്തിന്റെ ആദ്യരൂപം എന്തായിരുന്നു?
8. മിശ്രഭോജനം (പന്തിഭോജനം) സംഘടിപ്പിച്ച നവോത്ഥാന നേതാവാര്?
9. അറയ്ക്കൽ രാജകുടുംബത്തിലെ സ്ത്രീ ഭരണാധികാരിയെ വിളിച്ചിരുന്ന പേര്?
10. മയ്യഴി (മാഹി) ഏതു വിദേശശക്തിയുടെ അധീനതയിലായിരുന്നു?

**(8×1 = 8 Marks)**

## SECTION - B

**II. ഏതെങ്കിലും ആറ് ചോദ്യത്തിന് രണ്ടോ മൂന്നോ വാചകത്തിൽ ഉത്തരമെഴുതുക.**

11. തിരുവിതാംകൂറിലെ അതികഠിനമായ ശിക്ഷാരീതികളെപ്പറ്റി ചർച്ച ചെയ്യുക
12. ഉദയംപേരൂർ സുനഹദോസിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെന്തെല്ലാമായിരുന്നു?
13. രേവതി പട്ടത്താനം - കുറിപ്പെഴുതുക
14. മാമാങ്കത്തിന്റെ ചടങ്ങുകളും രീതികളും വിവരിക്കുക

15. മലബാർ കലാപം - കുറിപ്പെഴുതുക
16. കല്ലുമാലസമരം ഉണ്ടാകാനിടയായ പശ്ചാത്തലം വിവരിക്കുക
17. മലയാളിമെമ്മോറിയലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തായിരുന്നു?
18. കേരളത്തിലുണ്ടായ പ്രധാന കർഷകസമരങ്ങളെക്കുറിച്ച് ഉപന്യസിക്കുക.

**(6×2=12 Marks)**

## SECTION - C

**III. ഏതെങ്കിലും ആറ് ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക.**

19. കേരളത്തിലെ ദേശീയപ്രസ്ഥാനത്തിന്റെ വളർച്ച വിവരിക്കുക.
20. ശ്രീനാരായണഗുരു, അയ്യൻകാളി, ചട്ടമ്പിസ്വാമികൾ എന്നിവരുടെ സാമൂഹ്യ പരിഷ്കരണ പ്രവർത്തനങ്ങളെപ്പറ്റി വിവരിക്കുക
21. ഡച്ച് ആധിപത്യത്തിന്റെ ഫലങ്ങളെന്തെല്ലാമായിരുന്നു ?
22. കേരളത്തിൽ ബ്രിട്ടീഷുകാർക്കെതിരെ നടന്ന സമരങ്ങളെക്കുറിച്ച് വിലയിരുത്തുക
23. വൈദേശികാധിപത്യത്തിനെതിരെ പഴശ്ശിരാജ, വേലുത്തമ്പിദളവ എന്നിവർ നടത്തിയ പോരാട്ടങ്ങളെപ്പറ്റി വിവരിക്കുക.
24. വൈക്കം സത്യാഗ്രഹത്തിന്റെ ലക്ഷ്യവും പരിണിതഫലവും ചർച്ച ചെയ്യുക
25. ക്ഷേത്രപ്രവേശന വിളംബരത്തിന്റെ ചരിത്രപ്രാധാന്യവും അതിനുവേണ്ടി നടന്ന പ്രക്ഷോഭങ്ങളും ക്രോഡീകരിക്കുക.
26. വേണാടിന്റെ സ്വരൂപചരിത്രം അപഗ്രഥിക്കുക.

**(6×5=30Marks)**

## SECTION D

**IV. ഏതെങ്കിലും രണ്ട് ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരമെഴുതുക.**

27. സാമൂഹ്യപരിഷ്കർത്താക്കളും പ്രസ്ഥാനങ്ങളും അവയുടെ പ്രവർത്തങ്ങളും വിശകലനം ചെയ്യുക.
28. കേരളത്തിൽ ജാതികളും ഉപജാതികളും ആവിർഭവിച്ചതിന്റെ കാര്യകാരണങ്ങൾ ചർച്ച ചെയ്യുക.
29. വിദേശമിഷണറിമാർ കേരളീയ സാമൂഹ്യ, സാംസ്കാരിക, വിദ്യാഭ്യാസ, അച്ചടിരംഗങ്ങളിൽ നൽകിയ സംഭാവനകളെക്കുറിച്ച് വിവരിക്കുക.
30. കേരളത്തിലെ നവോത്ഥാനനായകർ, നവോത്ഥാനപ്രസ്ഥാനങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുക.

**(2×10=20Marks)**

SGOU

**സർവ്വകലാശാലാഗീതം**

---------------------

വിദ്യയാൽ സ്വതന്ത്രരാകണം
വിശ്വപൗരരായി മാറണം
ഗ്രഹപ്രസാദമായ് വിളങ്ങണം
ഗുരുപ്രകാശമേ നയിക്കണേ

കൂരിരുട്ടിൽ നിന്നു ഞങ്ങളെ
സൂര്യവീഥിയിൽ തെളിക്കണം
സ്നേഹദീപ്തിയായ് വിളങ്ങണം
നീതിവൈജയന്തി പാറണം

ശാസ്ത്രവ്യാപ്തിയെന്നുമേകണം
ജാതിഭേദമാകെ മാറണം
ബോധരശ്മിയിൽ തിളങ്ങുവാൻ
ജ്ഞാനകേന്ദ്രമേ ജ്വലിക്കണേ

**കുരീപ്പുഴ ശ്രീകുമാർ**

# SREENARAYANAGURU OPEN UNIVERSITY

SGOU

## Regional Centres



### Kozhikode
Govt. Arts and Science College
Meenchantha, Kozhikode,
Kerala, Pin: 673002
Ph: 04952920228
email: rckdirector@sgou.ac.in

### Thalassery
Govt. Brennen College
Dharmadam, Thalassery,
Kannur, Pin: 670106
Ph: 04902990494
email: rctdirector@sgou.ac.in

### Tripunithura
Govt. College
Tripunithura, Ernakulam,
Kerala, Pin: 682301
Ph: 04842927436
email: rcedirector@sgou.ac.in

### Pattambi
Sree Neelakanta Govt. Sanskrit College
Pattambi, Palakkad,
Kerala, Pin: 679303
Ph: 04662912009
email: rcpdirector@sgou.ac.in


SAY NO TO RAGGING
BEFORE YOU EVEN THINK OF RAGGING
Humiliation
Blacklisting
Ruined Career
Download
ANTI RAGGING
App
Don't just stand and watch. Stop Ragging! Show Character
Visit UGC Website i.e. www.ugc.Ac.in & www.antinaging.in to UGC Anti Ragging regulations.
Are You Being Ragged ?
Ministry of Education
Government of India
विश्वविद्यालय अनुदान आयोग
University Grants Commission
quality higher education for all


DON'T LET IT BE TOO LATE
SAY NO TO DRUGS
LOVE YOURSELF AND ALWAYS BE HEALTHY
SREENARAYANAGURU OPEN UNIVERSITY
The State University for Education, Training and Research in Blended Format, Kerala

SGOU

# കേരളചരിത്രം: ആധുനികം

COURSE CODE: SGB24HS212MI

SGOU

Sreenarayanaguru Open University
Kollam, Kerala Pin- 691601, email: info@sgou.ac.in, www.sgou.ac.in Ph: +91 474 2966841

ISBN 978-81-687084-5-7